
# മാർത്തോമ്മായും
# മാർ മണിയും



201
MAT-M

A READER IN EARLY
CHRISTIANITY AND
MANICHAEISM IN INDIA

www.malankaralibrary.com

# മാർത്തോമ്മായും
# മാർ മണിയും

(A READER IN EARLY CHRISTIANITY
AND MANICHAEISM IN INDIA)

DR JACOB KOLLAPARAMBIL EDUCATIONAL
JET LIBRARY & ARCHIVES
KADUTHURUTHY

P. V. MATHEW

ERNAKULAM

1977

www.malankaralibrary.com

www.knanayology.org

Malayalam.

MARTHOMAYUM MAR MANIYUM.

(A READER IN EARLY CHRISTIANITY AND MANICHAEISM IN INDIA).

First Print 500 copies January 1977

DR. JACOB KOLLAPARAMBIL EDUCATIONAL TRUST LIBRARY & ARCHIVES
Acc. No. 2709
Class No. 201
Book No. MAT/M


*Author and Publisher:*

**P. V. Mathew**
Jenny Villa, Banerji Road,
Cochin-682 018, Kerala State

Printed at M. G. Press, Banerji Road, Cochin-682 018

(All rights reserved)

www.malankaralibrary.com



*An excavated Tumuli at Bahrain (Ancient King's Tomb)*

*'And buried Judas in the Sepulchre in which the ancient kings were buried.'*

*- Acts of Thomas; by Bardaissan.*

DR. JACOB KOLLAPARAMBIL EDUCATIONAL TRUST LIBRARY & ARCHIVES
KADUTHURUTHY
www.malankaralibrary.com



*The small Persian Cross at Valiya Palli, Kottayam. A Nestorian (Plain) Cross*

www.malankaralibrary.com


Rev. Msgr Jacob Vellian



The Persian Cross at St. Thomas Mount Madras
with dove Symbol of Paraclete).


DR. JACOB KOLLAPARAMBIL EDUCATIONAL
KADUTHURUTHY
TRUST LIBRARY & ARCHIVES

www.malankaralibrary.com




*The big Persian Cross at Valiya Palli, Kottaym with dove (Symbol of Paraclete).*

www.malankaralibrary.com




*Ruins of the ancient Dilmum City in Bahrain.*

www.malankaralibrary.com




*One of the Tarissappally copper plates.*

www.malankaralibrary.com




www.malankaralibrary.com




www.malankaralibrary.com

DR. JACOB KOLLAPARAMBIL EDUCATIONAL TRUST
JET LIBRARY & ARCHIVES
KADUTHURUTHY

# ഉള്ളടക്കം

## ഒന്നാം ഭാഗം

അദ്ധ്യായം 1 പേജ് 1-19

മാർത്തോമ്മയും നമ്പൂതിരിയും-മാഗ്ഗികളും നമ്പൂതിരികളും—ഹോമങ്ങൾ—ആര്യാനാദേശങ്ങൾ-നഫ്ത്താലിഹ്ഗുണന്മാർ-നഫ്ത്താതിരികൾ-നമ്പൂതിരികൾ.

അദ്ധ്യായം 2 (20-26)

പേർഷ്യാ പാർത്ഥ്യ സാമ്രാജ്യങ്ങൾ-രാജകീയ വീഥികൾ.

അദ്ധ്യായം 3 (27-55)

ഏദേസ്സായിലെ ബർദേസ്സാൻ-ബർദേസ്സാന്റെ ഗ്രന്ഥങ്ങൾ—ഉത്തരൈ കുലവാണികൻ ചാത്തനാർ-ബർദേസ്സാൻ ചേരനാട്ടിൽ—തന്റെ ഉറച്ച നിലപാട്-ബർദേസ്സാന്റെ പ്രവചനം-വെളിപാട് പുസ്തകത്തിലെ പ്രവചനം-ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പ്രവാചകതുല്യമായ വ്യാഖ്യാനം-വരുവാനുള്ള ലോകത്തെപ്പററി യെശയ്യാ പ്രവാചകന്റെ പ്രവചനം—ഇളങ്കോവടികളുടെ സാമ്പത്തിക നിർദ്ദേശങ്ങൾ-പഴയ യുഗവും പുതിയ യുഗവും—മലങ്കരയിലെ ക്രിസ്തീയ സഭകളോട് ഒരു വാക്ക്-വിവിധ മതങ്ങളുടെ കാതലായ തത്വങ്ങൾ.

അദ്ധ്യായം 4 (56-75)

ശിഷ്യന്മാരുടെ യാത്രക്കുള്ള ഒരുക്കം-മാർത്തോമ്മായുടെ യാത്ര.

DR. JACOB KOLLAPARAMBIL EDUCATIONAL TRUST
KADUTHURUTHY
TRUST LIBRARY & ARCHIVES
www.malankaralibrary.com
www.knanayology.org

അദ്ധ്യായം 5 (76-82)

ആദ്യ യാത്ര കഴിഞ്ഞു് മടങ്ങിപ്പോക്ക്.

അദ്ധ്യായം 6 (83-102)

മാർത്തോമ്മായുടെ മലങ്കരയിലേക്കുള്ള യാത്ര മാർത്തോമ്മാ ചേരനാട്ടിൽ-ഉതിയൻ ചേരലാതൻ കണ്ണകിയുടെ പ്രതിമയും ചെലമ്പും-മുരുകന്റെ മലയിൽ കണ്ണകിയുടെ ചെലമ്പു് തിളങ്ങുന്നു-മണിമേഖല കാവ്യത്തിൽ ഈശാനുവാദികളെപ്പററിയുള്ള പരാമർശം-മേഥ്യയിലെയും പെർസ്സിസ്സിലെയും ആര്യന്മാർ-വൈദീക സംസ്ക്കരരായ നമ്പൂതിരികൾ മേഥ്യവംശജർ.

അദ്ധ്യായം 7 (103-115)

മാർത്തോമ്മായുടെ കേരളത്തിലെ പ്രവർത്തനം—നമ്പൂതിരികളിൽ-ആഢ്യന്മാർ-നമ്പൂതിരികളും മലങ്കര നസ്രാണികളും തമ്മിൽ ആചാരമര്യാദകളിലുള്ള സാമ്യങ്ങൾ-ആഢ്യനമ്പൂതിരികളുടെയും ക്നാനായക്കാരുടെയും ഇല്ലപേരുകൾ-മോക്ഷത്തിനുള്ള വെമ്പൻ പിറപ്പു്-മലങ്കര നസ്രാണികളിൽ കടി കൊണ്ടിരിക്കുന്ന അധമബോധം (Inferiority complex).

അദ്ധ്യായം 8 (116-128)

മാർത്തോമ്മാ നടത്തിയ മൂന്നാമത്തെ യാത്ര-മസ്ദായിയുടെ രാജ്യം-മസ്ദായി ആര്, കാലമീന എവിടെ?

അദ്ധ്യായം 9 (129-139)

കാലമീനയും തോമായുടെ ഖബറായും-കാലമീനയുടെ ഭൂമി ശാസ്ത്രപരമായ കിടപ്പ്.

അദ്ധ്യായം 10 (140-152)

കാലമീന എന്ന ബാററിൻ ദ്വീപ്-രക്തസാക്ഷിമരണം

www.malankaralibrary.com

## രണ്ടാം ഭാഗം

### അദ്ധ്യായം 1 (153-170)

മണിക്കയിസ്സം—മണിയുടെ തത്വങ്ങൾ.

### അദ്ധ്യായം 2 (171-178)

മണിക്കയ മതവും പേർഷ്യൻ കുരിശുകളും—ക്നാനായക്കാരും പേർഷ്യൻ കുരിശുകളും—ഇ. എം. ഫിലിപ്പിന്റെ താരതമ്യ പഠനം.

### അദ്ധ്യായം 3 (179-191)

മണിക്കയിസ്സം ഇൻഡ്യയിൽ- മണിയുടെ വസ്ത്രധാരണ രീതി.

### അദ്ധ്യായം 4 (192- 221)

സംഘപ്പുലവരായ ചിത്തലൈ ചാത്തനാർ- മണിമേഖലാ കാവ്യകൃത്ത് (മണി) -രണ്ട് ചാത്തനാരന്മാർ- മണിക്കയ മത തത്വങ്ങൾ, മണിമേഖലയിൽ- ഈ കാവ്യവും, മണിക്കയൻ സുവിശേഷവും തമ്മിലുള്ള രചനാസാമ്യം — അഞ്ച് എന്ന അക്കത്തിന് ഇവ രണ്ടിലും ഉള്ള പ്രാധാന്യം — മണിമേഖലയിലെ അത്ഭുത കഥകളും മണിയുടെ അത്ഭുത സിദ്ധിയും— ബർദേസ്സനും, മണിയും ചേരനാട്ടിൽ — ബർദേസ്സാനിസ്സത്തിന്റെ തത്വങ്ങൾ-മണിമേഖലാ കാവ്യത്തിൽ, ബർദേസ്സാനോടുള്ള എതിർപ്പ് — തോമായുടെ നടപടികളിൽ, മണിക്കയസ്സത്തോടുള്ള ബർദേസ്സാന്റെ അപലപനം- പാറക്ലീത്ത പേർഷ്യക്കാരൻ മണി — ബർദേസ്സാന്റെ അപലപനം, പുണ്യരൂപം- ഇവർ തമ്മിലുള്ള വാഗ്വാദം— മണിമേഖലയുടെ രചനാ കാലം- മണിക്കയ മതത്തിന്റെ ഈററില്ലം കാഞ്ചിപുരം- മണിയുടെ പ്രവചനങ്ങൾ— മഹാത്മാഗാന്ധി ശ്രീബുദ്ധന്റെ അവതാരം.

### അദ്ധ്യായം 5 (222- 232)

മൈലാപ്പൂർ കഥ — യേശുവിന്റെ കബറിടം കാശ്മീരിലോ?

DR. JACOB KOLLAPARAMBIL EDUCATIONAL TRUST LIBRARY & ARCHIVES KADUTHURUTHY
www.malankaralibrary.com
www.knanayology.org

## അദ്ധ്യായം 6 (233–260)

മണിഗ്രാമം— തിരുവാംകോട്ടെ തരിയാസ്സാ -72 എന്ന സംഖ്യയുള്ള പ്രാധാന്യം– സംഘങ്ങൾ– തേവലക്കര വൈദ്യന്മാർ– ബ്രഹ്മപെരുനാളും, തിരുവോണവും– ചേരരാജ്യവും വേണാടും– കളഭ്രർ,

കമ്പളർ— മന്നാക്കന്മാർ, പെരുമാക്കന്മാർ – വെള്ളാളചെട്ടികളുടെ കുടിയേററം– ആരുഭടൻ – വേണാട്, വെൺ പിറന്നവരുടെ നാട്– വേണാടും, പല്ലവ രാജ്യവുമായുള്ള ബന്ധം– പൈശാച്യരാഷ്ട്രം.

## അദ്ധ്യായം 7 (261–302)

ചെപ്പേടുകളും വിദേശ കുടിയേററക്കാരും— കൊച്ചങ്ങാടി–വിവിധ കുടിയേററക്കാർ– ഇരവികോർത്തൻ ചെപ്പേട്– പെരിയാർ തീരത്തെ വഞ്ചിയും, താമ്രവർണ്ണി നദീതീരത്തെ തെൻവഞ്ചിയും– വലിയ പ്രതിമയിരിക്കുന്ന വലിയ നഗരം– മധുരൈ– കൊടുങ്ങല്ലൂർ ഭഗവതി— മകോതൈയാർ പട്ടണം — നാനാ നിരീക്ഷണാലയ ഗോപുരം— ജ്യോതിശാസ്ത്രജ്ഞനായ മണി— മണിയുടെ ആശാൻ ബർദേസ്സാൻ— അഴിമുതൽ ഗോപുരം വരെ— ഇരവികോർത്തൻ ശാസനം തർജ്ജമ— ക്നായി തൊമ്മൻ ചെപ്പേട്– തരിയാസ്സാപ്പള്ളെപ്പററി, ഗീവറുഗ്ഗീസ്സ് റമ്പാനും, ഇട്ടൂപ്പ് റൈട്ടരും— പിള്ളയാർ കോവിൽ– തിരുവിതാംകൂർ ആധാരങ്ങളിൽ മകോതൈയപുരം, കുരക്കേണി കൊല്ലം നസ്രാണികൾ— ക്നാനായക്കാരുടെ കോട്ടകായലിലെ കുടിയേററം– സ്വീകരിച്ചതു തരിയാസ്സാ– ക്നായിതൊമ്മൻ ചെപ്പേട് തർജ്ജമ– തരിസ്സാപ്പള്ളി ചെപ്പേടുകൾ– ശാസ്താംകോട്ടകായൽ– അണുപ്രസര ധാതു മണൽ– അറനൂററവർ, അഞ്ചുവണ്ണം, മണിഗ്രാമ സംഘങ്ങൾ തരിസ്സാപ്പള്ളി ചെപ്പേടുകളിൽ— ജൂതപട്ടയം— യമനിൽനിന്നും കുടിയേറിയ യൂദർ— ക്നാനായക്കാർ കുട്ടനാട്ടിൽ— ക്നാനായക്കാർക്ക് നഷ്ടപ്പെട്ട അഞ്ചുവണ്ണ പദവി യൂദക്ക്.

www.malankaralibrary.com

# മാർത്തോമ്മായും മാർമണിയും

# A READER IN EARLY CHRISTIANITY AND MANICHAEISM IN INDIA

## മുഖവുര

മാർത്തോമ്മായും ഇൻഡ്യയുമായുള്ള ചരിത്രബന്ധങ്ങളെ ഒരു പുതിയ കാഴ്ചപ്പാടിലൂടെ സമീപിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്. ഇതിനു എനിക്കുള്ള പ്രചോദനം ഡാനിഷ് പുരാവസ്തു ശാസ്ത്രജ്ഞനായ മി ജിയോഫ്റി ബിബിയുടെ ഒരു പ്രസ്താവനയാണ്:

അദ്ദേഹം പറയുന്നു,

"ബഹറിൻ ഒരു വിശുദ്ധ നാടായി അറിയപ്പെടുന്നതിനുള്ള കാരണം ഭൂഗർഭ ഗവേഷണംകൊണ്ട് ഇനിയും തെളിയിക്കപ്പെടുവാൻ സാധിച്ചിട്ടില്ല അതേസമയം ബഹറിന്റെ പുരാണചരിത്രത്തിൽ പറയുന്നത് ഏഴാം നൂററാണ്ടിൽ മഹമ്മദീയർ ബഹറിനിൽ വന്നപ്പോൾ അവിടം ഭരിച്ചിരുന്നത് ഒരു അറബിക്രിസ്ത്യാനിയായിരുന്നുവെന്നും കൂടാതെ ഒരു നെസ്തോറിയൻ മെത്രാൻ ബഹറിനിൽ ഉണ്ടായിരുന്നുവെന്നും" ആണ്. മാർത്തോമ്മാ രക്തസാക്ഷിയായി മരിച്ച 'കൽമോൻ' അഥവാ കാലമീന അഥവാ കാലമീനി ശാസ്ത്രപരമായി നോക്കിയാൽ ബഹറിൻ ദ്വീപാണ് എന്നു കാണാവുന്നതാണ്. ഈ കാലമീന അഥവാ കരിംതുരുത്ത് (Black island) ബഹറിൻ ദ്വീപാണെന്ന് സംശയാതീതമായി തെളിയിക്കുവാനുള്ള ഒരുമ്പെടലിലാണ്, മററുപല അറിയപ്പെടാത്ത യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ ഇടയായതും, അങ്ങനെ ഈ പുസ്തകം തന്നെ എഴുതുവാൻ കാരണമായി തീർന്നതും.

www.malankaralibrary.com

മാർത്തോമ്മാ തന്റെ സുവിശേഷ പ്രചരണാർത്ഥം മൂന്നു യാത്രകൾ നടത്തേണ്ടിവന്നു. ഒന്നാമത്തേതു് വടക്കേ ഇൻഡ്യയിലേക്കും, രണ്ടാമത്തേതു് തെക്കേ ഇൻഡ്യയിലേക്കും, മൂന്നാമത്തേതു് മസ്ദായി രാജാവിന്റെ രാജ്യത്തിലേക്കും (അവിടെ രക്തസാക്ഷിയായി മരിക്കുന്നതിലേക്കു്) ആണു് ഉണ്ടായതു്.

മാർത്തോമ്മാ രക്തസാക്ഷിയായി മരണം അടഞ്ഞ 'കൽമോൻ' എന്നദേശം ഇൻഡ്യയുടെ കിഴക്കേതീരമായ ചോളമണ്ഡലത്തിലെ (Coromandel) മൈലാപ്പൂർ അല്ല, പ്രത്യുത ബഹറിൻ ദ്വീപാണെന്നു് തെളിയിക്കുകയും, കൂടാതെ മൈലാപ്പൂരിൽ മരണം അടഞ്ഞ അപ്പോസ്തോലൻ ഒരു മണിക്കയൻ (Manichaean) അപ്പോസ്തോലനായിരുന്നു എന്നുകൂടി സമർത്ഥിക്കുകയുമാണു് ഈ പുസ്തകംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്.

കഴിഞ്ഞ കുറെ നൂററാണ്ടുകളായി ഇൻഡ്യയിലെ ക്രിസ്ത്യാനികളും വിദേശിയ ചരിത്രകാരന്മാരും ഒരുപോലെ വിശ്വസിക്കുന്ന ഒരു സംഗതിയാണു്, മാർത്തോമ്മായുടെ മൈലാപ്പൂരിലെ രക്തസാക്ഷി മരണം. എന്നാൽ മാർത്തോമ്മാ തന്റെ മൂന്നാമത്തെ യാത്രയിൽ കിഴക്കേതീരത്തേക്കു് എപ്രകാരം പോയി എന്നും, ഏതുവഴിക്കു് പോയി എന്നും യാതൊരു രേഖയും ഇല്ല. മാർത്തോമ്മാ മലങ്കരയിൽ (കേരളത്തിൽ) എപ്രകാരം വന്നു എന്നും എവിടെയെല്ലാം പോയി എന്നും, ഏതെല്ലാം പള്ളികൾ സ്ഥാപിച്ചു എന്നും ആരെയെല്ലാം മാമോദീസാ മുക്കി എന്നുള്ളതിനു് വേണ്ടത്ര തെളിവുകൾ ഉണ്ടു്, അതിനുതക്കവണ്ണ വിശ്വാസവും ഉണ്ടു്. അതേസമയം 'പാറക്ലീത്താ' എന്നു് സ്വയം പറഞ്ഞു് നടന്നിരുന്നവനും, ക്രിസ്ത്യാനികൾക്കു് കള്ളപ്രവാചകനും ആയ, മണി എന്ന പേർഷ്യക്കാരൻ മൂന്നാം നൂററാണ്ടിൽ ഇൻഡ്യയുടെ കിഴക്കേതീരത്തു് മണിക്കയമതം പ്രചരിപ്പിച്ചിരുന്നു എന്നതിനു് എഴുതപ്പെട്ടതെളിവുകൾ ലഭ്യമാണു്. ഈ മണിയുടെ ശിഷ്യനും കിഴക്കിന്റെ അപ്പോസ്തോലൻ എന്നറിയപ്പെട്ടിരുന്നവനുമായ മാർ ആമ്മോൻ ആണു് മൈലാപ്പൂരിൽ മരണം അടഞ്ഞതും അവിടെ അടക്കപ്പെട്ടതും എന്നുള്ള സത്യം അറിയപ്പെടാത്ത ചരിത്രമായി ഇന്നും നിലനില്ക്കുന്നു

മാർത്തോമ്മായുടെ ജീവിതചരിത്രത്തെ സംബന്ധിച്ചിടത്തോളം പത്തൊൻപതു് നൂററാണ്ടുകളായി ഒരു ചരിത്രകാരനാലും വ്യക്തമായി

www.malankaralibrary.com

www.knanayology.org

എഴുതപ്പെടാത്ത നാല് വസ്തുതകൾ താഴെ കൊടുക്കുന്നു.

1. മാർത്തോമ്മായുടെ ഒന്നാമത്തെ യാത്രയിൽവടക്കേ ഇൻഡ്യയിലേക്കായിരുന്നു. ആയാത്രിൽ ഹാബാന്റെ കൂടെകപ്പൽയാത്ര നടത്തിയതു് കാസ്പിയൻ കടലിലാണ്.

2. തന്റെ രണ്ടാമത്തെ യാത്ര തെക്കേ ഇൻഡ്യയിലേക്കായിരുന്നു. ആ യാത്ര യെരുശലേമിൽ നിന്നും തുടങ്ങി പെത്ത്രവഴി ഏലാത്ത് തുറമുഖത്തു എത്തി, അവിടെ നിന്നും കപ്പലിൽ അഗ്ബ ഉൾക്കടലും, ചെങ്കടലും, അറബിക്കടലും കടന്ന് മലങ്കര എത്തിച്ചേർന്നു.

3 മാർത്തോമ്മാ രക്തസാക്ഷിയായി മരണം അടഞ്ഞതു് തന്റെ മൂന്നാമത്തെ യാത്രയിൽ ചെന്നെത്തിയ പേർഷ്യൻ ഉൾക്കടലിലെ ഒരു ദ്വീപായ ബഹറിനിൽ വെച്ചായിരുന്നു.

4. ഇൻഡ്യയുടെ കിഴക്കേ തീരമായ തൊണ്ടിനാട്ടിലെ തുറമുഖപട്ടണമായിരുന്ന മൈലാപ്പൂരിൽവെച്ച് മരണം അടഞ്ഞതും, അവിടെ അടക്കപ്പെട്ടതും ഒരു മണിക്കയൻ അപ്പോസ്തോലനായ മാർ ആദ്ദോൻ ആണ്.

എന്റെ പ്രധാന ഉദ്യമം മേൽപ്പറഞ്ഞ നാല് വസ്തുതകൾ വെറും സാങ്കല്പികമോ അനുമാനമോ അല്ല എന്ന് മാന്യ വായനക്കാരെ ബോദ്ധ്യപ്പെടുത്തുക എന്നുള്ളതാണ്. അതിനുവേണ്ടി മററു ഗ്രന്ഥങ്ങളിൽ നിന്നും കിട്ടാവുന്നത്ര തെളിവുകൾ ഈ പുസ്തകത്തിൽ അതാതു് അദ്ധ്യായങ്ങളോട് ചേർത്ത് കുറിപ്പുകളായി കൊടുത്തിട്ടുണ്ട്. ഈ സമ്പ്രദായം മാന്യ വായനക്കാർക്ക് കാര്യങ്ങൾ വ്യക്തമായി ഗ്രഹിക്കുവാൻ കൂടുതൽ സഹായകരമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

ഇൻഡ്യയിൽ ക്രിസ്തുമതം ആദ്യമായി പ്രചരിപ്പിച്ചതു് നാലാം നൂററാണ്ടിൽ പേർഷ്യയിൽ നിന്നും കേരളത്തിൽ കുടിയേറി പാർക്കാൻവന്ന വിദേശികളോ പതിനഞ്ചാം നൂററാണ്ടു മുതൽ ഇവിടെ വന്ന വിദേശമിഷനറിമാരോ അല്ല, പ്രത്യുത തോമസ്സ് അപ്പോസ്തോലൻ തന്നെയാണെന്നുള്ള സത്യത്തെ മുൻനിർത്തികൊണ്ടാണ് ഈ പുസ്തകം എഴുതുന്നതു്.

www.malankaralibrary.com

www.knanayology.org

മാർത്തോമ്മായ്ക്കു്ശേഷം എ. ഡി. 230-ൽ ചേരസാമ്രാജ്യത്തിന്റെ കിഴക്കേ തീരത്തു് പുഹാറിൽ വന്നിറങ്ങിയ മണി, മാർത്തോമ്മാ ഇൻഡ്യയിൽ വന്നിരുന്നു എന്നു് തന്റെ സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. കോപ്റ്റിക് ഭാഷയിൽ പാപ്പിറസ്സ് കടലാസ്സിൽ എഴുതിയ മണിക്കയൻ സങ്കീർത്തനം ലണ്ടനിൽ ബറോഡ ഹൗസ്സിൽ (Chester Beatty Collections)സൂക്ഷിച്ചിട്ടുണ്ടു്. മലങ്കര നസ്രാണികളെ സംബന്ധിച്ചിടത്തോളം പ്രാധാന്യം അർഹിക്കുന്ന ഒരു രേഖയാണു് അതു്.

ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളതും, എന്നാൽ മാർത്തോമ്മാ & അൽ-തോം എന്ന പുസ്തകത്തിൽ ചേർക്കാൻ സാധിക്കാതെ പോയതും ആയ ചരിത്രരേഖകളെപ്പററി ചുരുക്കമായി താഴെ കൊടുക്കുന്നു. എ ഡി. 230-നു മദ്ധ്യേ രചിച്ച 'മണിമേഖല' എന്ന മഹാകാവ്യത്തിൽ 27-ാം ഗാഥയിൽ, വഞ്ചിനഗരത്തിലെ, ഈശൻ തങ്ങളുടെ നാഥൻ ആണെന്നു് പറയുന്ന ശൈവവാദിയെപ്പററിയുള്ള പരാമർശം; സംഘംകാലം തുടങ്ങുന്നതിനുമുൻപുതന്നെ ഈശാനുവാദികൾ (നസ്രാണികൾ) ചേരനാട്ടിൽ ഉണ്ടായിരുന്നു എന്നു് തെളിയുന്നുണ്ടു്. ഈ ഈശാനുവാദികൾ മാർത്തോമ്മായിൽനിന്നും സുവിശേഷം സ്വീകരിക്കപ്പെട്ട ശൈവവാദികളുടെ (നമ്പൂതിരികളുടെ) സന്തതിപരമ്പരകൾ ആണെന്നുള്ളതിനു് സംശയമില്ല. ഒന്നാം ഭാഗം ഏഴാം അദ്ധ്യായത്തിൽ ഇതേപ്പററി വിവരിച്ചിട്ടുണ്ടു്.)

മണിമേഖലാ കാവ്യത്തിലെ കഥാനായികയെ വഞ്ചിനഗരത്തിൽനിന്നും തൊണ്ടിനാടിന്റെ തലസ്ഥാനപട്ടണമായിരുന്ന കാഞ്ചി (കാഞ്ചി) പുരത്തേയ്ക്കു് കൊണ്ടുപോകുന്ന കാവ്യക്രൂത്തു്, വഞ്ചിനാട്ടിലെ ഈശാനുവാദികളെപ്പററി പരാമർശിക്കുമ്പോൾ, തൊണ്ടിനാടിന്റെ തുറമുഖപട്ടണമായ മൈലാപ്പൂരിൽ ഒന്നാം നൂററാണ്ടുമുതൽ ഉണ്ടായിരുന്നതായി കരുതുന്ന നസ്രാണികളെ (ഈശാനുവാദികൾ) പ്പററിയോ, നേർച്ച കാഴ്ചകൾ വീഴുന്ന ഒരു കടീരത്തെപ്പററിയോ യാതൊന്നുംതന്നെ പറയുന്നില്ല, എന്നുള്ളതു് എടുത്തു് പറയേണ്ടിയിരിക്കുന്നു. മൈലാപ്പൂരിൽ ഒരു അപ്പോസ്തോലന്റെ കബറിടം ഉണ്ടായിട്ടുള്ളതു് ഈ കാവ്യം രചിച്ചതിനുശേഷം മാത്രമാണെന്നുള്ളതു് ഇതു് വ്യക്തമാക്കുന്നുണ്ടു്. പക്ഷെ മൂന്നാം നൂററാണ്ടിൽ ഉണ്ടായ

www.malankaralibrary.com

www.knanayology.org

ആ കമ്പറിടം ഒന്നാം നൂററാണ്ടിൽ മലങ്കരയിൽ വന്ന. മാർത്തോമ്മായുടെ ആയത്തു് എങ്ങനെയെന്നുള്ളതിനെപ്പററി രണ്ടാം ഭാഗം അഞ്ചാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്.

വേണാടിൻെറ ഉത്ഭവവും, ആയിനാട്ടും കാഞ്ചിപുരവുമായുള്ള ബന്ധവും; സോമവംശജരായ വേണാട്ടു് അടികളും, എട്ടുവീട്ടിൽ പിള്ളമാരും തമ്മിൽ ശത്രുക്കൾ ആകാനുള്ള കാരണവും രണ്ടാം ഭാഗം ആറാം അദ്ധ്യായത്തിൽ ചുരുക്കമായി കൊടുത്തിട്ടുണ്ടു്. ഈ പതിപ്പിൽ 'ചെപ്പേടുകളും വിദേശകുടിയേററക്കാരും' എന്നൊരു അദ്ധ്യായം അവസാനമായി ചേർത്തിട്ടുണ്ടു്. ഈ ചെപ്പേടുകൾ എല്ലാം തന്നെയും വിദേശ കുടിയേററക്കാർക്കു് ചേരനാട്ടുവാഴികൾ കൊടുത്തിട്ടുള്ളതാണു്. അതേസമയം മലങ്കരനസ്രാണികൾക്കു് ഇവ ഒന്നുംതന്നെ അവകാശപ്പെടുന്നതല്ല ഈ ചെപ്പേടുകളിൽ ആദ്യത്തേതു് (എ. ഡി. 230) മണിക്കമത സ്ഥാപകനായ മണിക്കു് ലഭിച്ച 'ഇരവികോത്തൻ ചെപ്പേടു്'' ആണു്. ഈ ചെപ്പേട്ടു പ്രകാരം മകോതൈപുരത്തു് സ്ഥാപിതമായ മണിക്കിരായ (മണിഗ്രാമ) സംഘം മുതലാണു് 'സംഘം കാലം' തമിഴ്നാട്ടിൽ ആരംഭിക്കുന്നതു്. മററു് ചെപ്പേടുകളിൽ, ക്നായിതൊമ്മൻ ചെപ്പേടു്, മകോതൈയപുരത്തു് കുടിയേറിയ, ക്നായിതൊമ്മനും കൂട്ടർക്കും; തരിസ്സാപ്പള്ളി ചെപ്പേടുകൾ കുരക്കേണികൊല്ലത്തു് കുടിയേറിയ വൈദ്യന്മാർക്കും; യൂദപട്ടയം യമനിൽനിന്നും മുസ്സരിക്കോട്ടു് കുടിയേറിയ യഹൂദന്മാർക്കും അവകാശപ്പെട്ടതാണു്.

പുരാണപട്ടണവും വാനനിരീക്ഷണാലയം സ്ഥിതിചെയ്തിരുന്നതും, ചേരസാമ്രാജ്യത്തിൻെറ തലസ്ഥാനവുമായിരുന്ന മകോതൈയപുരം, കൊടുങ്ങല്ലൂരിനു് സമീപം ആണു് സ്ഥിതിചെയ്തിരുന്നതു് എന്നു് ഒരു സങ്കല്പം കേരളചരിത്രകാരന്മാരുടെ ഇടയിൽ ഉണ്ടു്. എന്നാൽ തെൻപാണ്ഡിയിൽ കോതൈയാർ (താമ്രവർണ്ണി) തീരത്തു് സ്ഥിതിചെയ്തിരുന്ന പട്ടണം ആയിരുന്നു ഇതു്. മകോതൈയപുരത്തിൻെറ യഥാർത്ഥസ്ഥാനം എവിടെയായിരുന്നു എന്നു് രണ്ടാം ഭാഗം ഏഴാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്.

ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളതിൽ വെച്ചു് ഏററവും പ്രാധാന്യം അർഹിക്കുന്നതും, ചരിത്ര പണ്ഡിതന്മാരെ ചിന്താകുഴ

www.malankaralibrary.com

www.knanayology.org

പ്പത്തിൽ എത്തിക്കുന്നതുമായ വസ്തുത 'മണിമേഖലാ' കാവ്യത്തിന്റെ രചിതാവായ സംഘപ്പുലവരു് ചീത്തലൈ ചാത്തനാർ ഒരു വിദേശിയനാണെന്നുള്ള എന്റെ നിഗമനം ആണു്. സംഘം കൃതികളിൽ ഒന്നാമത്തെ കാവ്യമായി അറിയപ്പെടുന്ന 'ചിലപ്പതികാരം' ഒരു ദ്രാവിഡ അരചനായ (ജൈനൻ) ഇളങ്കോവടികൾ രചിച്ചതാണു്. ഈ കാവ്യത്തിൽ പറയുന്ന മധുരൈ കൂലവണികൻ ചാത്തനാർ 'തോമായുടെ നടപടി'കൾ എഴുതിയ ബർദേസ്സാൻ ആണെന്നുള്ളതാണു് എന്റെ മറെറാരു നിഗമനം. കാരണം തോമായുടെ നടപടികളിൽ ഏഴാം കാണ്ഡത്തിൽ പറയുന്ന കഥ, ചേരനാട്ടിൽ അന്നു നടപ്പുണ്ടായിരുന്ന ആചാരങ്ങൾ നേരിട്ടു് മനസ്സിലാക്കിയ ഒരു വ്യക്തിയ്ക്കു് മാത്രമേ രേഖപ്പെടുത്തുവാൻ സാധിക്കുകയുള്ളു. (ഒന്നാം ഭാഗം മൂന്നാം അദ്ധ്യായത്തിൽ വേണ്ടത്ര വിവരണം കൊടുത്തിട്ടുണ്ടു് ) എന്നാൽ ഈ കൂലവണികൻ കത്തനാരായ ബർദേസ്സാൻ അല്ല, ചിലപ്പതികാര കാവ്യത്തിന്റെ തുടർക്കഥയെന്നപോലെ എഴുതിയ മണിമേഖലാകാവ്യം രചിച്ചതു്. ഈ കാവ്യം കടൈച്ചങ്ക (സംഘം) ചീത്തലൈ ചാത്തനാർ എന്നറിയപ്പെട്ടിരുന്ന വ്യക്തിയാണു് രചിച്ചതു്. പക്ഷെ ഈ വ്യക്തി പേർഷ്യക്കാരനായ മണിയാണെന്നുള്ളതാണു് എന്റെ അഭിപ്രായം. തോമായുടെ നടപടികളും, ചിലപ്പതികാര്യം, മണിമേഖലാ കാവ്യങ്ങളും ഒരേ കാലഘട്ടത്തിൽ രചിച്ചിട്ടുള്ളതാണു്. ഇവകളുടെ രചനാ രീതിയും ഒന്നു തന്നെയാണു്. ഉപകഥകൾ കൊണ്ടു്, കഥാപാത്രങ്ങളെ പല സ്ഥലങ്ങളിലും കൊണ്ടുപോകുന്ന രീതി ഈ മൂന്നിലും കാണാവുന്നതാണു്. തോമായുടെ നടപടികൾ, പേർഷ്യയുടേയും വലിയ ഇൻഡ്യയുടെയും കിഴക്കു് ഒക്കെയുടെയും, നസ്രാണി അപ്പോസ്തലനായ മാർതോമ്മായുടെ നിത്യസ്മരണയ്ക്കായി, ഒരു കാലത്തു് എദേസ്സായിലെ മെത്രാൻ ആയിരുന്ന ബർദേസ്സാൻ എഴുതുന്നതെങ്കിൽ; ചിലപ്പതികാരകാവ്യം, വഞ്ചിനാട്ടു് അരചനായിരുന്ന ചേരൻ ചെങ്കുട്ടവന്റെ ഇളയസഹോദരനായ ഇളങ്കോവടികൾ; മാപത്നിയായ കണ്ണകിയുടെ സ്മാരകമായി രചിക്കുകയുണ്ടായി, എന്നാൽ മണി, ബൌദ്ധമതം, എല്ലാമതങ്ങളി

www.malankaralibrary.com

ല്യംവെച്ച്, ശ്രേഷ്ഠമായത് എന്ന് തെളിയിക്കുവാൻവേണ്ടിയാണ് മണിമേഖലാ കാവ്യം രചിച്ചത്. മണിസ്ഥാപിച്ചതും, ബുദ്ധമതത്തിന്റെ ഒരു കൊച്ചു പകർപ്പും ആയ മണിക്കേയമതത്തിന്റെ കാതലായ തത്വവും മേല്പറഞ്ഞതു തന്നെയാണ്. ഈ മതത്തിന്റെ ഈറ്റില്ലം തൊണ്ടിമണ്ഡലത്തിലെ കാഞ്ചിപുരം ആണ്. (രണ്ടാം ഭാഗം നാലാം അദ്ധ്യായത്തിൽ വളരെ വിശദമായി ഇവയെപ്പറ്റി വിവരിച്ചിട്ടുണ്ട്).

ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന നിഗമനങ്ങളും, കുറിപ്പുകളും വ്യക്തികളെയോ, സമുദായങ്ങളെയോ, സമൂഹങ്ങളെയോ, യാതൊരു വിധത്തിലും ഹനിക്കുകയില്ലെന്ന് വിശ്വസിക്കുന്നു.

അപ്പോസ്തോലിക കാലം മുതൽ ആറാം നൂറ്റാണ്ടുവരെയുള്ള ആകമാന ക്രിസ്തുസഭയുടെ ചരിത്രം എഴുതിയ ഹാർസ്സ് (W. P. Hares) പറയുന്നത്.

(Ref : A History of the Christian Church, page 200)

'He who sets out to write past history must put on record whatever occured, and not doctor the facts in order to please his readers.'

ഇൻഡ്യയിലെ നസ്രാണികളുടെയും, മണിക്കേയമതക്കാരുടെയും ആദ്യകാല ചരിത്രങ്ങളെ സംബന്ധിച്ചിടത്തോളം മേല്പറയുന്ന പ്രകാരം ഈ പുസ്തകം നീതിപുലർത്തിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ പുസ്തകം എഴുതിതീർത്തത് 1976 ഒക്ടോബർ മാസം പതിനേഴാം തീയതി ഞായറാഴ്ച ആകുന്നു.

പി. വി. മാത്യു

എറണാകുളം

www.malankaralibrary.com

www.knanayology.org

This book is dedicated

to

St. Thomas the Apostle

'Surely God chooses His servants at birth or perhaps even before birth'

-EPICETUS.

www.malankaralibrary.com

ഒന്നാം ഭാഗം

അദ്ധ്യായം 1

# മാർത്തോമ്മായും നമ്പൂതിരിയും

ക്രിസ്തു പന്ത്രണ്ടു ശ്ലീഹന്മാരെ സുവിശേഷ പ്രചരണത്തിനായി നിയോഗിച്ചശേഷം ആജ്ഞാപിച്ചതു് "ജാതികളുടെ അടുക്കൽ പോകാതെയും, ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും, യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ" എന്നാണു്. (മത്തായി 10:5-6). ക്രിസ്തുവിൻെറ ആജ്ഞ അക്ഷരംപ്രതി നടപ്പാക്കിയ ഒരു അപ്പോസ്തോലനാണ് മാർത്തോമ്മാ എന്നു് മലങ്കര നസ്രാണികളുടെ ചരിത്രം തന്നെ തെളിവാണു്. മാർത്തോമ്മാ മലങ്കരയിൽ വന്നു് നമ്പൂതിരി വർഗ്ഗത്തിൽപ്പെട്ടവരെ മാത്രമേ മാമ്മോദീസാ മുക്കിയിട്ടുള്ളു എന്നതു് ഒരു പരമസത്യമായി നിലകൊള്ളുന്നു. അതേപ്പററി മലങ്കരസഭാ ചരിത്രകാരനായ ഇസഡ്. എം. പാറേട്ട് ഇപ്രകാരം എഴുതിയിരിക്കുന്നു.

"മാർത്തോമ്മാ കേരളത്തിൽ സ്ഥാപിച്ച സഭയുടെ ആണിക്കല്ല് അദ്ദേഹം മതത്തിൽ ചേർത്ത നമ്പൂതിരി കുടുംബങ്ങൾ ആയിരുന്നു എന്നുള്ളതു് നസ്രാണികളുടെ പുരാവൃത്തത്തിൻെറ തറക്കല്ലുമാണു്." [1]

ഈ നമ്പൂതിരിവർഗ്ഗം നഷ്ടപ്പെട്ടുപോയ 'നപ്താലി' ഗോത്രക്കാർ ആണെന്നുള്ളതാണു പുരാണചരിത്രങ്ങൾ പഠിച്ചാൽ മനസ്സിലാകുന്നതു്.

യോശുവാ, യിസ്രായേൽ ഗോത്രങ്ങൾക്കായി (ബി. സി. 1200-1020) അന്നറിയപ്പെടുന്ന നാടുകൾ നറുക്കിട്ടു്[2] വിഭജിച്ചപ്പോൾ നപ്താലി ഗോത്രത്തിനു് സൂര്യൻ ഉദിക്കുന്ന നാടാണു് കിട്ടിയതു്. പേഷ്യരാജ്യത്തെ സൂര്യൻ ഉദിക്കുന്ന നാടും[3] പേർഷ്യൻ ഉൾക്കടലിനെ സൂര്യൻ ഉദിക്കുന്ന കടലുമായി അറിഞ്ഞിരുന്നതായി ബഹററിൻ ദ്വീപിൻെറ ചരിത്രത്തിൽ പറയുന്നുണ്ടു്. ബി. സി. അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഹെറോഡൊത്തോസ്സ് എന്ന ചരിത്രകാരനും സൂര്യൻ ഉദിക്കുന്ന നാടായി പേർഷ്യയ്ക്കു് കിഴക്കുള്ള നാടിനെ ചിത്രീക

www.malankaralibrary.com

www.knanayology.org

രിച്ചിട്ടുണ്ട്. ഈ നപ്താലി ഗോത്രക്കാർ കാലാന്തരത്തിൽ അവർ കുടിയേറിപാർത്ത രാജ്യങ്ങളിലും സ്ഥലങ്ങളിലും പെട്ട നാട്ടുകാരായി പിൽക്കാലങ്ങളിൽ അറിയപ്പെടുകയുണ്ടായി. മെഥ്യർ, പേർഷ്യക്കാർ, കർമ്മാനികൾ, ഹിർക്കാനികൾ, ബാക്ട്റേറിയർ, നഫ്താലിഹൂണന്മാർ മുതലായ പേരുകൾ ഇതിലുൾപ്പെടുന്നു.

ഗ്രീക്ക് ചരിത്രകാരന്മാർ പറയുന്നത് പത്ഥ്യയിൽ[4] സുവിശേഷം അറിയിച്ചത് മാർത്തോമ്മാ ആണെന്നത്രേ. സൊഫർണിയസ് എന്ന ചരിത്രകാരൻ പറയുന്നത് മാർത്തോമ്മാ മെഥ്യർ, പേർഷ്യക്കാർ, കർമ്മാനികൾ, ഹിർക്കാനികൾ, ബക്ട്റേറിയക്കാർ, മുതലായവരുടെയിടയ്ക്കും കൂടാതെ അടുത്തുള്ള രാജ്യങ്ങളിലും സുവിശേഷം അറിയിച്ചു എന്നാണ്. വടക്കെ ഇൻഡ്യയിൽ തക്ഷശില തലസ്ഥാനമായിരുന്ന ഗാന്ധഹാർ എന്ന ദേശത്ത് നഫ്താലി ഹൂണന്മാർ[5] എന്നറിയപ്പെടുന്ന വെളുത്ത ഇൻഡ്യക്കാരുടെ അടുക്കലേക്കും മാർത്തോമ്മാ സുവിശേഷം അറിയിക്കാൻ പോയിരുന്നു എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാത്ഥ്യക്കാർ[6] ഈ ദേശത്തേക്ക്, അതായത് സൂര്യൻ ഉദിക്കുന്ന ദേശത്തേക്ക്, നെബുക്കദ്നേസ്സർ രാജാവ്' (600 ബി. സി.) യഹൂദ്യയും യെരുശലേമും പിടിച്ചടക്കി, നാടു കടത്തപ്പെട്ട യിസ്രായേല്യരാണ്. ഈ യിസ്രായേല്യർ കാസ്പിയൻ കടലിനു തെക്കുഭാഗത്തു കുടിയേറി പാർക്കുകയും, പാത്ഥ്യർ അഥവാ നാടുകടത്തപ്പെട്ടവർ എന്നു പിൽക്കാലങ്ങളിൽ അറിയപ്പെടുകയും ചെയ്തിരുന്നു എന്നാൽ മെഥ്യർ പേർഷ്യക്കാരിൽനിന്നും വ്യത്യസ്തമായി, 'മഗ്ഗി' എന്ന ഗോത്രനാമത്തോടുകൂടി അവരുടേതായ വ്യക്തിത്വം നിലനിർത്തുകയുണ്ടായി.

ബി. സി. 2000-1000 ത്തോടുകൂടി സിന്ധുനദീതട (Indus valley) സംസ്കാരം നാമാവശേഷമായി ബി. സി. 1500നോടു കൂടി ഇൻഡോ ഇറാനികൾ എന്നറിയപ്പെടുന്ന ആര്യന്മാർ വടക്ക് പടിഞ്ഞാറെ ഇൻഡ്യയിലേക്ക് കടന്നുതുടങ്ങി. ആദ്യം അവർ ബക്റ്റേറിയായിലും പിന്നീട് ഇറാൻ സമതലത്തിലും പ്രവേശിച്ച് അവരുടേതായ സംസ്കാരം അവിടെ നിലനിർത്തിയശേഷം ആണ് ഹിന്ദുകുഷ്മലയിടുക്ക് വഴി പഞ്ചാബിലേക്ക് പ്രവേശിച്ചത്. പഞ്ചാബും, സിന്ധും അടങ്ങിയ സമതലപ്രദേശങ്ങളിൽ കന്നുകാലി വളർത്തും കൃഷിയുമായും പല ഗ്രാമങ്ങളിലായി അവർ ചിതറി

www.malankaralibrary.com
www.knanayology.org

പാർത്തു. ഈ കാലഘട്ടത്തിലാണ് ഋഗ്വേദം 7 എഴുതുകയുണ്ടായത്.

യിസ്രായേല്യർ നറുക്കിട്ട്, അന്ന് അറിയപ്പെടുന്ന ഫലഭൂയിഷ്ഠമായ രാജ്യങ്ങൾ പല ഗോത്രങ്ങൾക്കായി തിരിച്ചപ്പോൾ (ബി. സി. 1200) നഫ്താലിഗോത്രത്തിന് കിട്ടിയ സ്ഥലങ്ങൾ ആണ് പേർഷ്യയും അതിനോടു ചേർന്നു കിടക്കുന്ന സ്ഥലങ്ങളും. ഈ നഫ്താലിഗോത്രത്തിന്റെ കുടിയേററമാണ് ആര്യന്മാരുടെ കുടിയേററമായി ചരിത്രം കാണുന്നത്. പേർഷ്യക്കാർ എന്നറിയപ്പെടുന്ന ആര്യന്മാർ തോറസ്സ് (തുർക്കി) മലകളിൽനിന്നും തെക്കോട്ട് കുടിയേറി പാർത്തവർ എന്നാണ് പേർഷ്യയുടെ 8 ചരിത്രത്തിൽ കാണുന്നത്. ഇൻഡ്യയിൽ പ്രവേശിച്ചവർ കാലാന്തരത്തിൽ പുരോഹിതന്മാർ, പോരാളികൾ, സാധാരണ ജനങ്ങൾ എന്നീ മൂന്ന് ഗണങ്ങളായി തിരിഞ്ഞ് ഹിന്ദുമതത്തിന് അടിസ്ഥാനം ഉറപ്പിച്ചു. ആര്യന്മാർ പേർഷ്യയിലേക്കും, വടക്കേ ഇൻഡ്യയിലേക്കും കുടിയേറി കഴിഞ്ഞ് ഏകദേശം ആയിരം വർഷത്തിനുശേഷം, പേർഷ്യയുടെ ചക്രവർത്തിയായിരുന്ന സൈറസ്സ് (530 ബി. സി.) സിന്ധുനദീതലം പിടിച്ചെടുത്തു. വിദേശീയരെ മ്ലേഛരായി 9 കരുതുന്ന, ആര്യപുരോഹിതവർഗ്ഗത്തിൽപ്പെട്ടവരിൽ നല്ലൊരംശം, തക്ഷശില തുടങ്ങിയ ആര്യസംസ്ക്കാര കേന്ദ്രങ്ങളിൽനിന്നും തെക്കേ ഇൻഡ്യയിലേക്ക് കുടിയേറുകയുണ്ടായി. ഈ കൂട്ടത്തിൽ ഉൾപ്പെട്ട കുറച്ചുപേർ ഇൻഡ്യയുടെ പടിഞ്ഞാറെ തീരം വഴി, ഗോവ, തുളു മുതലായ സ്ഥലങ്ങൾ കഴിഞ്ഞ് കേരളത്തിൽ കുടിയേറി, അവരുടേതായ വ്യക്തിത്വവും സംസ്ക്കാരവും നിലനിർത്തുകയുണ്ടായി. കേരളത്തിൽ കുടിയേറിയ ആര്യന്മാർ അവർണ്ണരേയും, വിദേശിയരേയും മ്ളേഛരായി കരുതിയിരുന്നു. ദൂരദേശങ്ങളിലേക്ക് അവർ അക്കാരണത്താൽ യാത്ര ചെയ്തിരുന്നില്ല. കടൽയാത്ര പോലും നിഷിദ്ധമായിരുന്നു. കേരളത്തിലെ നമ്പൂതിരികൾ എന്നറിയപ്പെടുന്ന സവർണ്ണഹിന്ദുക്കളിൽ, ഈ മനോഭാവം പ്രകടമായി കാണാവുന്നതാണ്. ഒരു വിദേശിയനായ 'മാർത്തോമ്മാ' മലങ്കരയിൽ പാലയൂർ എന്ന ഗ്രാമത്തിൽ സുവിശേഷം പ്രസംഗിക്കവേ, അദ്ദേഹത്തിന്റെ ഉപദേശത്തിൽ വിശ്വസിക്കാഞ്ഞ ബ്രാഹ്മണ കുടുംബങ്ങൾ ആ സ്ഥലത്തെ ശപിച്ച് 'ഇനിയത്തെ കുളി വെമ്പനാട്ട്" എന്നുപറഞ്ഞ്" നാടുവിട്ടു പോകുകയുണ്ടായി. പിൻകാലങ്ങളിൽ പാലയൂർ ദേശത്തിന് 'ശാപക്കാട്" 10 എന്ന പേരുണ്ടായി. നമ്പൂതിരികൾക്ക് ആ ദേശം മ്ലേഛസ്ഥലമായി പിന്നീട് പരിണമിക്കു

www.malankaralibrary.com

www.knanayology.org

കയും ചെയ്തു.

ഈ 'മ്ലേഛ' മനോഭാവം ആര്യന്മാരിൽ പ്രത്യേകിച്ച് മാഗ്ഗികളിൽ കുടികൊണ്ടിരുന്നതിനാൽ വടക്ക് പടിഞ്ഞാറെ ഇൻഡ്യയിൽ നിന്നും, വിദേശിയരായ പേർഷ്യക്കാരുടേയും ഗ്രീക്കുകാരുടേയും ആധിപത്യത്തിൽനിന്നും, ഓടിപ്പോന്ന സവർണ്ണ പുരോഹിതവർഗ്ഗം ആണ് കേരളത്തിൽ കുടിയേറിപാർത്ത നമ്പൂതിരികൾ [11] എന്ന് ഉള്ളതിന് സംശയമില്ല. നപ്താലി എന്ന സംജ്ഞ, കാലം കടന്നതോടുകൂടി നമ്പൂതിരി എന്ന് ആകാൻ സാദ്ധ്യതയില്ലേ എന്ന് സംശയിക്കുന്നു. ഈ 'നമ്പൂതിരി' എന്ന ബഹുമാന്യമായ സംജ്ഞയാണ് അവരുടേതായ ഉന്നതവ്യക്തിത്വവും ആചാരങ്ങളും [12] ദ്രാവിഡരുമായുള്ള സങ്കലനത്തിൽപ്പോലും നിലനിർത്താൻ സാദ്ധ്യപ്രായമാക്കിയതു്.

നഷ്ടപ്പെട്ടുപോയ നപ്താലി ഗോത്രത്തിൻെറ സന്തതിപരമ്പരകളായ നമ്പൂതിരികളെ ആണ് എ. ഡി. 52-ൽ കേരളത്തിൽ വന്ന മർത്തോമ്മാ, കൃസ്ത്യാനികളായി മാമ്മോദീസാ മുക്കിയതു്. അങ്ങനെ ക്രിസ്തുവിൻെറ ആജ്ഞ അക്ഷരംപ്രതി പാലിച്ച ഒരു അപ്പോസ്തോലനാണ് യൂദാത്തോമാ (Judas the Twin) അഥവാ മർത്തോമ്മാ.

പേർഷ്യാ സാമ്രാജ്യത്തിലെ രാജകീയ മതമായിരുന്ന സൗരാഷ്ട്ര മതത്തിലെ പുരോഹിത വർഗ്ഗമായിരുന്ന 'മാഗ്ഗി'കളുടെ, പിൻതലമുറകളാണ് കേരളത്തിലെ നമ്പൂതിരി സമൂഹം എന്ന്, 1975 ഏപ്രിൽ 12-ാംനു-, തൃശ്ശൂരിനടുത്തു് പാഞ്ഞാൾ എന്ന ഗ്രാമത്തിൽ, നമ്പൂതിരി മതപണ്ഡിതന്മാരുടെ നേതൃത്വത്തിൽ നടത്തിയ 'അതിരാത്രം' എന്ന യജ്ഞം, വേണ്ടത്ര തെളിവാണ്. മാഗ്ഗികൾ അഥവാ മേഥൂർ നപ്താലി ഗോത്രത്തിൽപ്പെട്ടവരായിരുന്നുവെന്ന് ചരിത്രരേഖകൾ തെളിവ് നൽകുന്നുണ്ട്.

മാഗ്ഗികൾ ശ്വാനങ്ങളെയും മനുഷ്യരെയും ഒഴിച്ച്, ബാക്കിയുള്ള എല്ലാ ജീവജാലങ്ങളെയും കൈകൊണ്ട് ഞെക്കി കൊല്ലുക പതിവാണെന്ന് ഹെറൊഡോത്തസ്സ് എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സൗരാഷ്ട്രമതപുരോഹിതന്മാർ നടത്തിയിരുന്ന ഹോമങ്ങളും, കേരളത്തിലെ നമ്പൂതിരികൾ അനുഷ്ഠിക്കുന്ന 'അതിരാത്ര' യജ്ഞവുമായി എത്രമാത്രം സാമ്യമുണ്ടെന്ന് താഴെക്കൊടു

www.malankaralibrary.com

www.knanayology.org

ക്കുന്ന വസ്തുകളിൽ നിന്നും വ്യക്തമാകുന്നതാണ്.

'The magi are a peculiar race, differing entirelly from the Egyptian priests, and indeed from all other men whatsoever. The Egyptian priests make it a point of religion not to kill any live animals except those which they offer in sacrifice. The Magi on the contrary, kill animals of all kinds with their own hands, excepting dogs and men.'

Ref: Herodotus, Persian Wars, Book I, page 77.

'Haoma (HOM). Among the most striking of all deifications, and certainly one of the most prominent factors in the Zoroastrian ritual, is the personification of the sacred plant and drink Haoma, the Soma of the Hindus. The worship also dated back in both religions to a common Indo-Iranian time. It is certainly pre-Zoroastrian. So much has been written upon the subject of Haoma and Soma that a brief paragraph will here suffice. Mention will be made below of the ritual use of the plant in the sacrifices. There is likewise a special kind of White Hom made from the GAOKERENA tree, out of which is to be extracted the ambrosia that will bestow immortality at the Resurrection.

Ref: Zorosastrian Studies, by A. V. W. Jackson, page 62.

'With regard to the ritual the entire Yasna is a liturgical book, the chapters of which are devoted chiefly to the preparation and celebration of the Haoma sacrifice. The consecration of the sacred drink (White Hom or Soma) constitutes the central point of the sacrifice. In the matter of bloody sacrifices, Herodotus mentions the ceremonial slaughter of an animal which was after wards cooked and eaten by the sacrificer. Zoroaster, however, like Ahura Mazdah himself, offers only the bloodless sacrifices of pious thoughts and of thanksgiving.

Ref. Ibid 197–98.

ഈ യാഗം നടത്തിക്കുന്ന വ്യക്തി, സ്വന്തമായ അനുഗ്രഹത്തിനു വേണ്ടിയല്ല, പ്രത്യുത ഭരണകർത്താവിന്റെയും, പേർഷ്യക്കാരായ ജന

www.malankaralibrary.com

www.knanayology.org

ങ്ങളുടെയും പൊതു നന്മയ്ക്കുവേണ്ടിയാണ് നടത്തുന്നത്. ഒരു മാഗ്ഗി പുരോഹിതനാൽ മാത്രമേ ഈ യാഗം നടത്തപ്പെടുവാൻ പാടുള്ളൂ എന്നാണ് നിയമം. മേൽ പറഞ്ഞ സംഗതികൾ ഹെറൊഡോത്തസ്സ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ പാഞ്ഞാൾ ഗ്രാമത്തിൽ നടത്തിയ 'അതിരാത്ര' യജ്ഞത്തെപ്പററിയുള്ള പത്ര വാർത്തകൾ ചുരുക്കമായി താഴെ കൊടുക്കുന്നു.

ഈ യജ്ഞം നമ്പൂതിരികളാൽ മാത്രം നടത്തപ്പെടുന്ന ഒരു കർമ്മമാണ്. പ്രധാന കർമ്മം ഹോമം ആണ്. സോമലത എന്നറിയപ്പെടുന്ന പ്രത്യേകതരം വള്ളിയുടെ ലഹരിനീരുപയോഗിച്ചാണ് ഈ ഹോമം നടത്തുന്നത്. ഈ ഹോമത്തിനു മുൻപായി നടത്തുന്ന ജന്തുബലിയിൽ ആടുകളെ ശ്വാസം മുട്ടിച്ച് കൊല്ലുന്നുണ്ട്. (പക്ഷെ പൊതു ജനങ്ങളുടെ എതിരഭിപ്രായം കാരണം ജന്തുബലി വിധി പ്രകാരം പാഞ്ഞാളിൽ നടത്തുകയുണ്ടായില്ല). അഗ്നികുണ്ഡത്തിൽ ശ്വാസം മുട്ടിച്ച് കൊല്ലുന്ന ആടുകളുടെ പതിമൂന്ന് അംഗങ്ങളിലെ മാംസം ഹോമിക്കും. ഇവ കർമ്മികൾ ഭക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ ഒരു കൃഷ്ണമൃഗത്തെയും (തോലിനുവേണ്ടി), ഒരു ആമയേയും (ഹോമകുണ്ഡത്തിനു താഴെ ജീവനോടെ കുഴിച്ചിട്ട്) ബലികഴിക്കുന്നുണ്ട്. ജീവനുള്ള ആമയ്ക്കു പകരം സ്വർണ്ണം കൊണ്ടുള്ള അതിന്റെ രൂപം ആണ് പാഞ്ഞാളിൽ കുഴിച്ചിട്ടത്.

അന്തർദ്ദേശീയ അഗ്നിചയന കമ്മററിയുടെ പ്രസിഡണ്ട് ഡോ. എഫ്. എസ്സ്. സ്റ്റേൾ അഭിപ്രായപ്പെട്ടിരിക്കുന്നത് മദ്ധ്യേഷ്യയിൽ നിന്ന് പാമീറും, കാരാക്കോറവും പിന്നിട്ട് ഇൻഡ്യയുടെ ദക്ഷിണ പ്രദേശങ്ങളിലേയ്ക്ക് വ്യാപിച്ച ഈ ജനതയുടെ സവിശേഷമായ സംസ്കാരം യജ്ഞാധിഷ്ഠിതമായ ഒന്നായിരുന്നുവെന്നാണ്.

ശ്ലീഹന്മാരോടുള്ള ക്രിസ്തുവിന്റെ ആജ്ഞപ്രകാരം (മത്തായി 10:5-6), മാർത്തോമ്മാ യിസ്രായേലിലെ കാണാതെപോയ ആടുകളിൽ നപ്താലി ഗോത്രത്തിൽപ്പെടുന്ന 'മാഗ്ഗി'[13] പുരോഹിതന്മാരുടെ നാടായ മെഡ്യയിൽ ഉറമിയാ നഗരത്തിലും, വടക്കേ ഇൻഡ്യയിൽ ആര്യജനതയുടെ സംസ്കാരിക കേന്ദ്രമായിരുന്ന തക്ഷശിലയിൽ (ഗോണ്ഡാഫോറസ്സിന്റെ രാജ്യത്ത്) നപ്താലിഹൂണർ എന്നറിയപ്പെടുന്ന വെളുത്ത ഇൻഡ്യക്കാരുടെ ഇടയിലും, കേരളത്തിൽ നപ്താലി ഗോത്രപിൻതുടർച്ചക്കാർ ആയ നമ്പൂതിരി (നഫ്താതിരി)കളെയും

www.malankaralibrary.com

മാത്രമേ മാർത്തോമ്മാ നേരിട്ട് സുവിശേഷം അറിയിച്ച് മാമോദീസ്സാ മുക്കിയിട്ടുള്ളു.

കേരളത്തിലെ നമ്പൂതിരികൾ നഷ്ടപ്പെട്ടുപോയ യിസ്രായേലി ഗോത്രത്തിലെ പിൻതലമുറക്കാരാണ് എന്നുള്ളതിന് പ്രത്യക്ഷത്തിൽ കാണുന്ന ഒരു തെളിവ് ഇവിടെ രേഖപ്പെടുത്തുന്നു. യഹോവ, യിസ്രായേൽ ഗോത്രങ്ങളുടെ പിതാവായ അബ്രാഹിമിന് കൊടുത്ത വാഗ്ദത്തം "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും, നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും" എന്നി പ്രകാരമാണ്. (ഉല്പത്തി 12:2—3) ബി. സി. അഞ്ചാം നൂററാണ്ടുമുതൽ കേരളത്തിൽ കുടിയേറി തുടങ്ങിയ നമ്പൂതിരി വംശം ചേരനാട്ടിൽ ഒരു പ്രബലസമൂഹം ആയിരുന്ന കാലത്ത് ചേരസാമ്രാജ്യം അതിന്റെ അത്യുന്നതി[14] യിൽ എത്തിയിരുന്നു. കാലം കടന്നതോടുകൂടി അവരുടെ ശക്തി ക്ഷയിച്ചു, ഇന്ന് നമ്പൂതിരികൾ ഒരു അവശസമുദായം ആയിതീർന്നിരിക്കുകയാണ്. ഇന്നത്തെ ചേരനാടും (കേരളം) തഥൈവ എന്ന് എടുത്ത് പറയേണ്ടതില്ലല്ലോ! എന്നാൽ യിസ്രായേലുർ സെമററിക് വർഗ്ഗവും കേരളത്തിലെ നമ്പൂതിരികൾ ആര്യവർഗ്ഗവും ആകുമ്പോൾ, നമ്പൂതിരികൾ യിസ്രായേല്യവംശജർ എന്ന് പറയാൻസാധിക്കുമോ? എന്നൊരു സംശയം ന്യായമായി ഉദിക്കാം.

പക്ഷെ ആര്യന്മാരെ ഒരു വർഗ്ഗമായി കരുതുന്നതിന് പകരം ആര്യനാട്ടുകാരായോ, ദേശക്കാരായോ കരുതുന്നതാണ് ഉചിതം എന്ന് തോന്നുന്നു. സൗരാഷ്ട്രമത സിദ്ധാന്ത പ്രകാരം നമ്മുടെ ദൈവം സൃഷ്ടിച്ച പതിനാറ് ദേശങ്ങളിൽ, ആദ്യത്തെ ഫലഭൂയിഷ്ഠമായ ദേശമാണ് ആര്യദേശം (Airyana Vaego). ഇറാൻ എന്ന പേരുതന്നെ ആര്യന എന്ന വാക്കിന്റെ പര്യായം ആണ്.

ആര്യനദേശത്തെപ്പററിയുള്ള വിവരണം, സാരതുസ്ത്ര മതഗ്രന്ഥത്തിൽനിന്നും താഴെ കൊടുക്കുന്നു.

'The first of the goods lands and countries which Ahura Mazda (the good God), created was the Airyana Vaego.'

'It was originally the abode of YIMA and of the righteous, that is to say, a particular form of Paradise.'

www.malankaralibrary.com

'It is known that (in the ordinary course of nature) thereare seven months of summer and five of winter in the Airyana Vaego.'

'There upon came Angra Mainyu (the evil God) who is all death and he counter created by his witch craft the serpent in the river, a work of the Daevas.'

'There are ten winter months and two summer months Which falls there, with the worst of the plagues.'

Ref: Vendidad Fargard 1;3-4 and notes.
The Sacred Books of the East, by Max Mueller,
Vol. IV page 5.

തിന്മയുടെ ദൈവത്തിന്റെ പൈശാചിക പ്രവൃത്തികൾ മൂലം, പറദീസ്സാ ആയിരുന്ന ആര്യനാടിനെ, മനുഷ്യക്ക് വസിക്കാൻ കൊള്ളരുതാത്ത നാടാക്കിതീർത്തു. അവിടെനിന്നും ജനങ്ങൾ, ഹിമാലയത്തിന്റെ അടിവാരങ്ങളിൽ കൂടുതൽ ചൂടും, കുറച്ച് തണുപ്പും ഉള്ള സമതല പ്രദേശങ്ങളിലേക്ക് കുടിയേറി എന്നാണ് ചരിത്രം പറയുന്നത്.

ഈ ആര്യാന പ്രദേശത്തെ രണ്ട് പുരാണരാജ്യങ്ങളായിരുന്നു മേഥ്യയും, പെർസ്സിസ്സും (പേർഷ്യാ). ഈ രണ്ട് രാജ്യങ്ങളിൽനിന്നും ഇൻഡ്യയിലേക്ക് കുടിയേറിയവരെ പൊതുവെ ആര്യന്മാർ എന്നാണ് വിളിക്കുന്നത്. ഇവരിൽ പെർസ്സിസ്സിലെ ആര്യന്മാർ വടക്കേ ഇൻഡ്യയിൽ ഗംഗാതടത്തിലേക്ക് കുടിയേറി വൈഷ്ണവർ ആയി അറിയപ്പെടുന്നു. എന്നാൽ മേഥ്യയിലെ ആര്യന്മാർ ശൈവവാദികളായി ഇൻഡ്യയിൽ അറിയപ്പെടുന്നു. ഈ മേഥ്യരിൽ, ആര്യദേശത്ത് സാരതുസ്ത്ര മതക്കാരുടെ യമ[15]ലോകമായ മസാന്തരൻ മലകളിൽ ഹോമം അർപ്പിക്കുന്ന പുരോഹിതന്മാരിൽ ചേരനാട്ടിൽ കുടിയേറിയവരെയാണ് ശൈവ[16] (ഇന്ദ്രൻ) വാദികളായി 'മണിമേഖലാ' കാവ്യത്തിൽ പരാമർശിക്കുന്നത്. ഈ ശൈവ വാദികളിൽ, മാർത്തോമ്മായുടെ സുവിശേഷാ പ്രവർത്തനങ്ങളാൽ 'ഈശാനുവാദി'കളായവരെപ്പററിയും ഇതേ കാവ്യത്തിൽ പ്രതിപാദിക്കുന്നുണ്ട്.

യിസ്രായേല്യരിൽ (സെമററിക്), നഫ്താലിഗോത്രത്തിൽ

www.malankaralibrary.com

പ്പെട്ടവരായ ഈ ശൈവവാദികൾ, നഫ്താലിഹ്ഗന്മാരായി വടക്കേ ഇൻഡ്യയിലും, നഫ്താതിരി(നമ്പൂതിരി)മാരായി ചേര നാട്ടിലും അറിയപ്പെട്ടിരുന്നു.

## Notes

1. Malankara Nazranikal, by Z. M. Paret, Vol. 1, page 184.

2. Old Testment (King James Version) Joshua 19:32–34.

   "The sixth lot came out to the children of Naphtali given for the children of Naphtali according to their families. And then the coast turneth westward to Aznoth-Tabor, and goeth out from thence to Hakkok and reac-heth to Zebulon on the south side and reacheth to Asher on the west side & to Judah upon Jordan to ward Sun rising.

3. (1) See: 'Welcome to Bahrain' by James H. D. Belgrave page 2.

   (2) 'Now the Massagetae are saide to be a great and war like nation, dwellieg eastward, towards the rising of the Sun, beyond the river Araxes and opposite the Issedonians By many they are regarded as a Scythian race.'

   Ref; Herodotus, Persian Wars Book I, translated by George Rawlinson, page 108.

   (3) 'Aisa is bounded on the south by Red Sea and on the north by the Caspian and the river Araxes (river Oxes), which flows towards the rising Sun.'

   Ref: Ibid, 305.

   The translator has noted on Page 121 'Red Sea is applied to the Persian Gulf' and Herodotus some-times give it to the Arabian Gulf, and even the western branch between mount Sinai and Egypt.'

www.malankaralibrary.com

4 See; *The article "Where did the twelve Apostles go," published by Plain Truth, Ambassdor College, England.*

5. "The Rajuput clans were either decended from the Huns, settled in Northern and Western India."

Ref; A History of India by Romila Tapor, page 227.

6. 'The word Parthians meane Exile. The only exiles in this land were the ten tribes of Isreal. The Parthians were none other than the exiled Lost Ten Tribes who remained in the land of the captivity.'

Ref. 'Where did the twelve Apostles go?' published by Plain Truith, Ambassador College, St. Albans, England.

7. 'It is widely accepted that some where about the middle of the 2nd millenium occured the Aryan invasion which is reflected in the earliest literature of India, the hymns of Rig Veda.'

Ref: 'Early India and Pakistan' by Sir. Mortimer Wheeler, page 113.

8. 'The natural inference is that these Aryan tribes who were subse quently called Persians had not yet descended so far to the south but were still clinging to the steps of Taurus.'

Ref: Ancient History of Persia, by Vaux, page 15.

9. (a) 'Orthodox Arynaism had spread eastwards leaving the northwest open to contact with the foreigners who were regarded as impure (Mlechcha)'

Ref: A History of India, by Romila Tapor, page 60.

(b) 'The Brahmins came as keepers of the Vedic tradition. The Vedic tradition of Aryan culture had to be preserved from too much contamination with mlechchas–the Shakas, Kushanas and later the Huns.' Ibid, 184.

www.malankaralibrary.com

www.knanayology.org

(c) 'The Greco-Roman yavanas are called Mlechchas.'

Ref: 'Sangam Age' by K. A. Nilakanta Sastri, page 114.

10. See: a) A History of Christianity in Kerala, by Dr. C. V. Cherian. page 41-42.

b) The Orthodox Church of India, by David Daniel

c) Malankara Nazranikel, Vol. 1. by Z. M. Paret

11. 'Nambudiris are believed to be descendants of Aryan settlers from the North. Legend has it that their home land Kerala was gifted to them by Parasurama who reclaimed it from the sea by a throw of his axe It is probable that the Aryan, advent in this land took place in the fourth or fifth century B. C.

Ref: From the article 'Nambudiris' published in 'The Illustrated Weekly of India' of 5.3. 1972.

12 'Aryan penetration into the south were more cultural than racial. The resulting culture. was a real blend of the Aryan and Dravidian elements. Ref; Pandyan Kingdom, by K. A. Nilakanta Sastri page 2.

13. പരിശുദ്ധറൂഹായുടെ നൽവരത്തിനുശേഷം ഇദ്ദേഹം(മാർത്തോമ്മാ) ആദ്യമായി പലസ്തീൻ ദേശങ്ങളിൽ സുവിശേഷം അറിയിച്ചു;........മശിഹായ്ക്കു് കാഴ്ച സമർപ്പിച്ച മ്ഗുശേന്മാരെ (മാഗ്ഗികരം അഥവാ വിദ്വാന്മാർ) ഇദ്ദേഹം പേർഷ്യയിൽവെച്ചു് കണ്ടെത്തി. സത്യവഴിയിലേക്കു് താൻ അവരെ തിരിപ്പിക്കുകയുംസഹായിക്കുകയും ചെയ്തതായി പറയപ്പെടുന്നു......

*Ref*: അബ്ദൽ ആഹാദ് റമ്പാന്റെ (ഇപ്പോഴത്തെ യാക്കബത്തതിയൻ പാത്രിയർക്കീസ്സ്) സുറിയാനി സഭാചരിത്രം പേജ് 161

14. ചോള-ചേര (എ. ഡി. 1000—1120 വരെ) മൽസരത്തിനിടയിൽ കേരള രാജ വംശം നശിച്ചു അന്യോന്യം മത്സരിക്കുന്ന

www.malankaralibrary.com

www.knanayology.org

അനേകം നാട്ടുവാഴികൾ പ്രബലരായിത്തീർന്നു. എങ്കിലും ബ്രാഹ്മണ (നമ്പൂതിരി) മതത്തിന്റെ സ്വാധീനം നിമിത്തം കേരളത്തിന്റെ സാംസ്കാരികമായ ഐക്യം നിലനിന്നു.

ഈ കാലഘട്ടത്തിൽ കേരളത്തിന്റെ വ്യാപാരം അഭിവൃദ്ധിപ്പെട്ടു. പല നദീമുഖങ്ങളും തുറമുഖങ്ങളായി വികസിച്ചു. നഗരം, മണിഗ്രാമം, അഞ്ചുവണ്ണം, വളഞ്ചിയാർ, നാനാദേശി, ആയിരത്തിഅയ്ന്നൂററവർ, തുടങ്ങിയ വ്യാപാര സംഘങ്ങളും, അറബിമുസ്ലീംകൾ, ക്രിസ്ത്യാനികൾ, ജൂതന്മാർ, ചൈനാക്കാർ, എന്നിവരും ഇവിടെ സമുദ്രവ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു.

Ref: കേരള ചരിത്രം, വാല്യം 1, പേജ് 68.

15. Yama had once the same right as his Indian brother (Indra) to the title of a founder of religion; he lost it as in the course of the development of Mazdeism, Zarathusth, ra become the titular law giver.

Ref; The Zend Avesta, Part I, by James Darmesteter, page 12

16. Ref: 'മണിമേഖല' 27-ാം ഗാഥ 86–95 വരികൾ

★

www.malankaralibrary.com

## അദ്ധ്യായം 2

# പേർഷ്യാ, പാർത്ഥ്യാ സാമ്രാജ്യങ്ങൾ

തെക്ക് പേർഷ്യാ ഉൾക്കടലിന്റേയും, വടക്ക് കാസ്പിയൻ കടലിന്റെയും, പടിഞ്ഞാറ് യൂഫ്രട്ടീസ് നദിയുടെയും, കിഴക്ക് സിന്ധുനദിയുടെയും മദ്ധ്യേ ഉള്ള സ്ഥലങ്ങളിലേക്കാണ്, നപ്താലി ഗോത്രം ബി. സി. 12-ാം നൂററാണ്ടിൽ കുടിയേറിയത്. ഇവർ കുടിയേറിയ സ്ഥലങ്ങളിൽ ചെറിയ ചെറിയ ഗ്രാമപ്രദേശങ്ങളിലെ നിവാസികളായി പിൽക്കാലത്ത് അറിയപ്പെടുകയുണ്ടായി. അതായത് പേർഷ്യക്കാർ, മെഥ്യർ, പാർഥ്യർ, ബാക്ടറിയർ ഗന്ധറാരികൾ, സൊഗധിയർ ഇങ്ങനെ ഇരുപത്തിനാലിൽ കൂടുതൽ വർഗ്ഗങ്ങളായി ഇവർ തിരിഞ്ഞു. ബി. സി. 530 ൽ പേർഷ്യക്കാരനായ സൈറസ്സ് (Cyrus the Great) നപ്താലിഗോത്രം ചിതറി പാർത്ത ദേശങ്ങൾ ഏകോപിച്ച് പേർഷ്യാ സാമ്രാജ്യം സ്ഥാപിതമാക്കി. അന്നറിയപ്പെടുന്ന ലോകത്തിലെ ഏററവും വലിയ സാമ്രാജ്യം പേർഷ്യയും, ഈ സാമ്രാജ്യത്തിന്റെ രാജകീയ മതം സൗരാഷ്ട്രമതവും ആയിരുന്നു സൗരാഷ്ട്രമത സ്ഥാപകനായ സാരതുഷ്ട്ര ജനിച്ച ഉർമിയാ നഗരം സ്ഥിതിചെയ്യുന്ന മെഥ്യാ പ്രവശ്യയിലെ ജനങ്ങൾ 'മാഗ്ഗി' കൾ എന്ന ബാഹ്യമാന്യമായ നാമത്തിലാണ് അറിയപ്പെട്ടിരുന്നത്. സൗരാഷ്ട്രമതത്തിലെ പുരോഹിതന്മാർ ആകാനുള്ള ജന്മാവകാശം മാഗ്ഗികൾക്ക് മാത്രമുള്ളതാണ്. കേരളത്തിലെ നമ്പൂതിരി ശ്രേഷ്ഠന്മാരുമായി അവർക്ക് ഈ കാര്യത്തിൽ വളരെ അധികം ഐക്യരൂപ്യം ഉണ്ട് എന്ന് പറയേണ്ടിയിരിക്കുന്നു.

സൈറസ്സ് ചക്രവർത്തിക്ക് ശേഷം ദാരിയോവോസ്സ് ഒന്നാമൻ പേർഷ്യാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായി രാജ്യഭാരം ഏററു. അദ്ദേഹം തന്നെ, സാമ്രാജ്യത്തെ, ഭരണ സൗകര്യാർത്ഥം, പല പ്രവിശ്യകളായി തിരിച്ച ഉപഭരണാധിപന്മാരുടെ (Satrapys) കീഴിൽ ആക്കി. പ്രവിശ്യകളുടെ പേരുകൾ താഴെ പറയുന്നവയാണ്.

www.malankaralibrary.com

'These are the countries which belong to me, by the grace of Ormuzd. I have become king of them, Persia, Susiana, Babylonia, Assyria, Arabia, Egypt, Sparta, Ionia, Media, Armenia, Cappadocia, Parthia, Zarangia, Aria, Chorasmia, Bactra, Sogdiana Gandhara, (Hindi) the Sacae of Sattagydes, Arachosia and Mercia.'

Ref: Ancient History of Persia, by Vaux page 89.

മേൽപറഞ്ഞ പ്രവിശ്യകളിൽ ഏററവും സമ്പൽ സമൃദ്ധവും, ജനനിബിഡവുമായിരുന്ന രാജ്യം ഗാന്ധഹാര ആയിരുന്നു. ഭാരതീയ സാംസ്കാരിക കലയുടെ ഉറവിടമായിരുന്ന 'തക്ഷശില' ആയിരുന്നു ഈ പ്രവിശ്യയുടെ തലസ്ഥാനം.

ദാരിയാവാസ്സ് മൂന്നാമന്റെ കാലത്ത്, ബി. സി. 330 ൽ ഗ്രീക്കുകാരനായ അലക്സാണ്ടർ പേർഷ്യാ സാമ്രാജ്യം പിടിച്ചെടുത്ത്, പേർഷ്യയുടെ രാജാധിരാജാവായി വിളംബരം ചെയ്തു. അദ്ദേഹത്തിന്റെ ആകസ്മികമായ നിര്യാണശേഷം, പേർഷ്യ ഉൾപ്പെട്ട കിഴക്കൻ രാജ്യങ്ങൾ അദ്ദേഹത്തിന്റെ അനന്തരവകാശികളായ നാലുപേരിൽ ഒരാളായ സെലൂക്കസ്സ് നിക്കാത്തോറിന് പിട്ടു വീണു കിട്ടുകയുണ്ടായി. നിക്കാത്തോർ 312-280 ബി. സി. വരെ പേർഷ്യ ഭരിച്ചു. ഇദ്ദേഹം അലക്സാണ്ടറെപ്പോലെ ഗ്രീക്ക് സംസ്കാരം പേർഷ്യയിലും, വടക്കെ ഇൻഡ്യയിലും വ്യാപിപ്പിക്കാൻ പരമാവധി ശ്രമിച്ചു. ഇതുമൂലം ഗ്രീക്ക് കാലാഗണനം വളരെ അധികം കാലം നിലനില്ക്കുകയുണ്ടായി. കൂടാതെ സ്ഥലനാമങ്ങളിലും കാര്യമായ വ്യത്യാസം വന്നു. ഉദാഹരണമായി തക്ഷശില, താക്സില ആയി മാറി. ഗാന്ധഹാർ ഗോണ്ഡഫോറസ്സ് (ഗോണ്ഡഫോർണസ്സ്) ആയിത്തീർന്നു. സെലൂക്കസ്സ് നിക്കാത്തോറിന്റെ കാലശേഷം തന്റെ പിൻഗാമികൾ കലഹിക്കാൻ തുടങ്ങി അതുമൂലം സാമ്രാജ്യത്തിന്റെ നിലനില്പിന് തന്നെ ഭദ്രത ഇല്ലാതായിതീർന്നു ബാക്ററാ പ്രവിശ്യ സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. പിന്നീട് പാർത്ഥ്യക്കാരും അവരെ അനുകരിച്ച് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ബാക്ററിയ ഭരണകൂടം കാബൂളും, വടക്കെ ഇൻഡ്യയും ബി. സി. 126 വരെ ഭരിക്കുകയുണ്ടായി. പാർത്ഥ്യസാമ്രാജ്യാധിപനായ മിത്രദത്തസ്സ് ഒന്നാമൻ (ബി. സി. 194) മെഥ്യാ ഹിർക്കാനിയാ, ഏലാമിയ, പേർഷ്യാ

www.malankaralibrary.com

ബാബിലോണിയാ തുടങ്ങിയ പ്രവിശ്യകൾ പിടിച്ചടക്കി തന്റെ രാജ്യത്തോട് ചേർത്തു. പാർത്ഥ്യാ സാമ്രാജ്യത്തിന്റെ വിസ്തൃതി പടിഞ്ഞാറ് യൂഫ്രട്ടീസ് നദി മുതൽ കിഴക്ക് ഹിന്ദുക്കുഷ് മലകൾ വരെ വ്യാപിച്ച് കിടന്നിരുന്നു. പേർഷ്യാ സാമ്രാജ്യം മാഗ്ഗികളെ (മെഥ്യർ) മതകർമ്മാനുഷ്ഠാനങ്ങൾ നടത്തുവാനുള്ള പുരോഹിതന്മാരായി കരുതിയെങ്കിൽ, പാർത്ഥ്യർ ഒരു പിടികൂടി മുന്നോട്ട് പോയി മാഗ്ഗികളെ ഭരണാധിപന്മാരായും നിയമിക്കാൻ തുടങ്ങി. ഇപ്രകാരം പാർത്ഥ്യാസാമ്രാജ്യത്തിൽ മെഥ്യർ, പേർഷ്യാക്കാരെ ക്കാളും ബഹുമാന്യരായി തീർന്നു. ഈ നടപടി പേർഷ്യക്കാരോടുള്ള, പാർത്ഥ്യരുടെ ഒരു പകപോക്കലായിരുന്നു. പേർഷ്യക്കാർ എപ്പോഴും മാഗ്ഗികളെയും പാർത്ഥ്യാക്കാരേയും ചവിട്ടി താഴ്ത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. പാർത്ഥ്യാ സാമ്രാജ്യത്തിന്റെ തലവനായ രാജാധിരാജാവ് ഒഴിച്ച് മററ് പ്രവിശ്യാ തലവന്മാരും ഭരണാധികാരികളും മാഗ്ഗി ഗോത്രത്തിൽ നിന്നും നിയമിക്കപ്പെട്ടവരായിരുന്നു. ഇപ്രകാരം നിയമിക്കപ്പെട്ടവരെ മസ്ദേവ്യസ്സ് അഥവാ മസ്ദായി എന്നാണ് സംബോധന ചെയ്തിരുന്നത്, അതായത് ഭരണാധിപൻ. മാർത്തോമ്മാ, മാഗ്ഗി ഗോത്രത്തിൽ നിന്നും ഇപ്രകാരം നിയമിക്കപ്പെട്ട ഒരു മസ്ദായിയാലാണ് കൊല്ലപ്പെട്ടത്.

പാർത്ഥ്യർ സൗരാഷ്ട്രമതാനുയായികൾ ആയിരുന്നെങ്കിലും സൂര്യനെ വന്ദിക്കുന്നവർ കൂടിയായിരുന്നു. സൂര്യനെ 'മിത്ത്റാ' എന്നാണ് വിളിച്ചിരുന്നത്. കൂടാതെ പാപപരിഹാരത്തിനായി കാളക്കുട്ടികളുടെ കഴുത്തിലെ ഞരമ്പ് മുറിച്ച് ചുടു രക്തം തലയിൽ കൂടി ഒഴുക്കി ശുദ്ധിവരുത്തുന്ന കർമ്മവും പാർത്ഥ്യർ നടത്തിയിരുന്നു.

പാർത്ഥ്യാ സാമ്രാജ്യം എ. ഡി. 226 വരെ നിലനിന്നിരുന്നു. ബി. സി. രണ്ടാം നൂററാണ്ടിൽ സീതിയർ എന്നു വിശേഷിപ്പിക്കുന്ന കിരാത വർഗ്ഗക്കാർ ഇൻഡോ-ബാക്ററാ സാമ്രാജ്യം പിടിച്ചെടുത്തു. എന്നാൽ പാർത്ഥ്യാ സാമ്രാജ്യവും പിടിച്ചെടുക്കുവാനുള്ള അവരുടെ ശ്രമം ഫലവത്തായില്ല. സീതിയർ ഗത്യന്തരം ഇല്ലാതെ ബാക്ററിയായിൽ തന്നെ അവരുടേതായ രാജ്യം പടുത്തുയർത്തി. ഇൻഡോ-സീത്യാ സാമ്രാജ്യം എന്നാണ് ചരിത്രകാരന്മാർ ഈ രാജ്യത്തിനു പേരു കൊടുത്തത്. ഈ രാജ്യത്തിന്റെ ആദ്യത്തെ അധിപൻ മോഗ (Moga) രാജാവായിരുന്നു അദ്ദേഹം തക്ഷശില

www.malankaralibrary.com

തലസ്ഥാനമാക്കി ബി. സി. 80 മുതൽ രാജ്യഭരണം തുടങ്ങി. അദ്ദേഹത്തിന്റെ പിൻതുടർച്ചാവകാശി അസ്സസ്സ് (Azes) എന്ന രാജാവായിരുന്നു. ഇദ്ദേഹം വടക്കേ ഇന്ത്യയിൽ നിന്നും ഗ്രീക്കുകാരുടെ അവശേഷിച്ചിരുന്ന സകല ശക്തിയേയും നിഷ്കാസനം ചെയ്തു. അസ്സസ്സിന്റെ ഒരു പിൻഗാമിയായിരുന്ന ഗുണ്ടഫറിന്റെ രാജധാനിയിലേക്കാണ് മാർത്തോമ്മാ[4] അബ്ബാനസ്സ് എന്ന കച്ചവടക്കാരന്റെ അടിമയായി എ. ഡി. 40-ാം ആണ്ടിനോട് അടുത്തു വന്നുചേർന്നത്.

ഇൻഡോ-സീത്യാ എന്നറിയപ്പെട്ടിരുന്ന സാമ്രാജ്യം കുഷാൻ എന്ന വംശജരുടെ (എ. ഡി. 78-144) ആക്രമണം മൂലം നാമാവശേഷമായി എന്നാൽ സീതിയർ അവരുടേതായ വ്യക്തിത്വം നിലനിർത്താൻ വേണ്ടി 'ശക' കാലഗണനം, ഗ്രീക്ക് കാലഗണനത്തിനു പകരമായി തുടങ്ങിയിരുന്നു. ഈ കാലഗണനം ആണ് ഇപ്പോഴും ഇൻഡ്യ ഗവണ്മെന്റ് ഔദ്യോഗിക കലണ്ടർ ആയി സ്വീകരിച്ചിരിക്കുന്നത്.

പാർത്ഥ്യ സാമ്രാജ്യത്തിൽ കൂടിപോയിരുന്ന രാജകീയ വീഥികളിൽ ഏററവും പ്രധാനപ്പെട്ടവ, വടക്കേ അതിർത്തികളിൽക്കൂടി കടന്നു പോകുന്ന വീഥിയാണ്. ഈ രാജവീഥി തക്ഷശിലയിൽ നിന്നും തുടങ്ങി, ബക്ററിയാ പ്രവിശ്യയിൽ കടന്ന്, ഓക്സസ്സ്, നദിയുടെ തീരത്തോട് ചേർന്ന് കാസ്പിയൻ കടലിൽ സാർദകർത്താ (Zarda Kurta) അഥവാ സാന്തക്ക എന്ന തുറമുഖത്ത് എത്തിച്ചേരുന്നു. അവിടെനിന്നും കാസ്പിയൻകടൽ കുറുകെ കപ്പലിൽ കടന്ന് കോക്കസ്സസ്സ് മലയിടുക്കുകളിൽകൂടി കരിങ്കടൽ (Black Sea) തീരത്ത് എത്തുന്നു. മററൊരു വീഥി തക്ഷശിലയിൽ നിന്നും, സിന്ധു നദീതീരത്ത് കൂടി അതിന്റെ പതന തുറമുഖമായ പട്ടാലായിൽ എത്തിച്ചേരുന്നു. അവിടെനിന്നും ഗെദ്രോസിയാ, കർമാനിയാ, പഴ്സാപ്പോലിസ്സ്, സൂസാ, ബാബിലോൺ എന്നീ പ്രവിശ്യകൾ കടന്ന് അർബേലായിൽ എത്തുന്നു. അവിടെനിന്നും ഈ വീഥി മദ്ധ്യതരണ്യാഴിയിലെ പ്രധാന തുറമുഖമായ ററയറിൽ (Tyre) എത്തിച്ചേരുന്നു.

പാർത്ഥ്യ സാമ്രാജ്യത്തിന്, പേർഷ്യൻ ഉൾക്കടലിലെ ഒരു നാവിക ശക്തിയായി ഉയരാൻ സാധിക്കാതെ പോയതിനാൽ[5] കടൽക്കൊള്ളക്കാരുടെ ഉപദ്രവം കച്ചവടക്കപ്പലുകൾക്ക് ഉണ്ടായിക്കൊണ്ടി

www.malankaralibrary.com

രുന്നു. ഇതിന് ഒരു അറുതി വന്നത് സസ്സാനിദ് പേർഷ്യാ സാമ്രാജ്യം ഉടലെടുത്തതോടുകൂടി മാത്രമാണ് ഇൻഡ്യയും മദ്ധ്യപൂർവ്വദേശവുമായുള്ള കപ്പൽ ഗതാഗതം കടൽക്കൊള്ളക്കാരുടെ ഉപദ്രവം മൂലം പേർഷ്യാ ഉൾക്കടലിന് പകരം ചെങ്കടൽ വഴിയാണ്, ക്രിസ്തുവിന് പിൻപുള്ള രണ്ടു നൂററാണ്ടുകാലം നടന്നുകൊണ്ടിരുന്നത്: തെക്കേ ഇൻഡ്യയിലെ മുസ്സിരീസ്സും, കോർക്കൈയും, മദ്ധ്യപൂർവ്വദേശത്ത് പെത്രയും ആയിരുന്നു അക്കാലത്തെ ഏററവും പ്രധാനപ്പെട്ട കച്ചവട കേന്ദ്രങ്ങൾ.

അന്തിയോക്കസ്സ്[6] തിദയാസ്സ് എന്ന ഗ്രീക്ക പടയാളി യൂഫ്രത്തീസ്സ്, തിഗ്രീസ്സ് നദികളുടെ പതന സ്ഥലമായ ചാറക്സ് സ്പാസീനിയിൽ, മെസ്സീൻ എന്ന ഒരു ചെറിയ രാജ്യം സ്വതന്ത്രമായി പടുത്തുയർത്തി ഈ മെസ്സീനിലെ ഭരണാധിപന്മാർ, റോമാസാമ്രാജ്യവും, പാർത്ഥ്യാസാമ്രാജ്യവും തമ്മിലുള്ള യുദ്ധങ്ങളിൽ നിക്ഷ്പക്ഷമായ നിലപാടാണ് സ്വീകരിച്ചിരുന്നത്. ഇതിനുള്ള പ്രധാന കാരണം, പേർഷ്യൻ ഉൾക്കടലിൽ കൂടിയുള്ള കപ്പൽഗതാഗതം മെസ്സീൻരാജ്യമാണ് നിയന്ത്രിച്ചുകൊണ്ടിരുന്നുവെന്നുള്ളതായിരുന്നു. ഇവരുടെ നിയന്ത്രണത്തിൽ നടത്തിയിരുന്ന കപ്പൽകൊള്ളയിൽനിന്നും ധാരാളം ധനം ഇവർ ആർജ്ജിച്ചിരുന്നതിനാൽ, ഇതര സാമ്രാജ്യങ്ങളെ ആശ്രയിക്കേണ്ട ആവശ്യം ഇവക്ക് ഇല്ലായിരുന്നു ഒന്നാം നൂററാണ്ടിൽ പേർഷ്യാ ഉൾക്കടലിൽ കൂടിയുള്ള യാത്ര ദുരിതപൂർണ്ണമാണെന്ന് അറിയാവുന്ന അബനസ്സ് കച്ചവടക്കാരൻ, മാർത്തോമ്മായെയും കൂട്ടി പേർഷ്യ ഉൾക്കടലിൽകൂടി യാത്രചെയ്താണ് വടക്കേ ഇൻഡ്യയിൽ എത്തിയതെന്ന് കരുതാൻ പ്രയാസമാണ്. എന്നാൽ കാസ്പിയൻ കടലിന് തൊട്ട് പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന മെഥിയാ പ്രവിശ്യയിലെ, സൗരാഷ്ട്രമതക്കാരുടെ പുണ്യസ്ഥലമായ ഉർമിയായിലെ ക്രിസ്ത്യാനികൾ, മാർത്തോമ്മാ ആണ്[7] അവിടെ സുവിശേഷം അറിയിച്ചതെന്ന് തീവ്രമായി വിശ്വസിക്കുന്ന ഒരു സംഗതിയാണ്. പാർത്ഥ്യസാമ്രാജ്യത്തിൽ ഉടനീളം കിടക്കുന്ന വടക്കേ രാജ്യവീഥി ഉർമിയായിൽ കൂടിയാണ് കടന്നുപോകുന്നത്. ഈ രാജവീഥിയിൽകൂടിയാണ് മാർത്തോമ്മായും അബനസ്സും വടക്കേ ഇൻഡ്യയിലേക്ക് പോയത്.

മെസ്സീനും, ബഹറീനും[8] പേർഷ്യാ ഉൾക്കടലിലെ അതിപുരാതനങ്ങളായ രണ്ടു പ്രധാന വ്യാപാരകേന്ദ്രങ്ങൾ ആയിരുന്നു. ബഹ

www.malankaralibrary.com

റിൻ, ഈ ഉൾക്കടലിന്റെ മദ്ധ്യേ സ്ഥിതിചെയ്യുന്ന ഒരു ദ്വീപും, വ്യാപാരികളുടെ ഒരു വിശ്രമസങ്കേതവും കൂടിയായിരുന്നു. അവിടെ സുലഭമായി കിട്ടുന്ന ശുദ്ധജലവും, ഈന്തപ്പഴവും ഇൻഡ്യയിൽനിന്നും മെസ്സപ്പൊത്തോമ്യായിൽനിന്നും ഉള്ള കച്ചവടക്കാരെ ആകർഷിച്ചിരുന്നു എന്നുള്ളതിന് വേണ്ടത്ര രേഖകൾ ഇപ്പോൾ കിട്ടാനുണ്ട്.

## Notes

1. 'There had been for years a tendency on the part of the Parthian tribes to separate themselves from the Persians, a tendency fostered doubtless in no small degree by the ancient enemity between the Magians and Zoroastrians.'

   Ref: Ancient History of Persia, by Vaux, page 118.

2. 'Magi were a tribe of priests or shamans who were leaders of the non-aryan population of Media.

   Ref: Zoroastrian Studies, by Jackson page 208.

3. Mazda-ad-moi are for the right coming on the share of Chieftain ships, the house ruler: the Village ruler the tribe ruler. the province ruler, the Supreme Zarathust.'

   Ref: Pahlavi Texts, Vol. V. page 358.

4. a) See; A History of India, by Romila Tapor, page 96.

   b) See; A History of Christianity, in Kerala, by Dr. C. V. Cherian, page 22.

5. See: Ancient History of Persia, by Vaux, page 152.

6. Ibid.

7. On his way to India, they say St. Thomas stopped by the Lake of Urumiyah and converted the people there'

DR JACOB KOLLAPARAMBIL EDUCATIONAL TRUST
JET LIBRARY & ARCHIVES
KADUTHURUTHY

www.malankaralibrary.com

www.knanayology.org

Ref: Nestorians and their Muslim Neighbours, by Dr. John Joseph page 24.

8. (a) In 1820 B. C. a king of Larsa, in Southern Mesoptomia sent a trading expedition to Bahrain, obtaining there stones. metals, wood, and ivory materials probably brought to Bahrain from India.'

Ref: Welcome to Bahrain, by James Belgrave, page 92.

(b) Sailors returning at that time from Telmun or Dilmun that is with little doubut the Island of Bahrain in the Persian Gulf offered a share of their cargoes at the temple of the goddess Ningal. But in this period Telmun was a mere intermediate market at which the Ur suppliers bartered their stocks for goods brought to the island from Makkan and Meluha (North India).

Ref: Early India & Pakistan, by Sir Martimer Wheeler, page 109.

★

Zeal leads to holiness; holiness leads to humility; humility leads to the fear of sin; the fear of sin leads to saintliness; saintliness leads to the holy spirit; the holy spirit leads to the resurrection of the dead; the resurrection of the dead leads to Elijah the prophet.

Phinehas bin Jair

www.malankaralibrary.com

# എദ്ദേസ്സായിലെ ബർദേസ്സാൻ

മാർത്തോമ്മായുടെ ഇൻഡ്യയിലേക്കുള്ള യാത്രയെപ്പററി വിശദമായി ആദ്യം എഴുതിയ ഗ്രന്ഥം 'തോമായുടെ നടപടികൾ' ആണ്. ഈ ഗ്രന്ഥം എഴുതിയത് എദ്ദേസ്സാനിലെ ഒരു ചരിത്രക്കാരനും, യോദ്ധാവും, ജോതിശ്ശാസ്ത്രജ്ഞനും, ആയിരുന്ന ബർദേസ്സാനാണ്. എ. ഡി. 154-മുതൽ 222-വരെ ജീവിച്ചിരുന്ന അദ്ദേഹം 68-ാമത്തെ വയസ്സിൽ അർമീനിയായിൽ 'ആനി' എന്ന നഗരത്തിലെ കോട്ടയിൽ ഒരു സത്യക്രിസ്ത്യാനിയായി മരണം അടഞ്ഞു.

അദ്ദേഹം എഴുതിയ തോമായുടെ നടപടികളെപ്പററി വിശദീകരിക്കുന്നതിനു മുൻപ് ബർദേസ്സാൻെറ ജീവചരിത്രം ചുരുക്കമായി താഴെ കൊടുക്കുന്നു.

പേർഷ്യക്കാരനായ നുഹാമയും ഭാര്യ നഹസിറാമും ഗ്രീക്കവർഷം 466-ൽ (154 എ. ഡി.) പേർഷ്യയിലെ രാജകുമാരനായിരുന്ന (Suhug) സുഹിക്കിനെ ഭയന്നു എദ്ദേസ്സായിലേക്ക് ഓടിപ്പോയി. അക്കാലത്തു എദ്ദേസ്സാ ഭരിച്ചിരുന്നതു അക്ബാർ എട്ടാമനായിരുന്നു. റോമാസാമ്രാജ്യത്തിൻേറയും പേർഷ്യയുടേയും ഇടയ്ക്കു സ്ഥിതിചെയ്യുന്ന ഒരു സ്വതന്ത്ര രാജ്യമായിരുന്നു എദ്ദേസ്സാ അഥവാ ഉറഹാ എന്ന രാജ്യം. എദ്ദേസ്സാ നഗരത്തിലും നുഹാമായ്ക്കും, നഹസിറാമിനും സ്വസ്ഥത കിട്ടിയില്ല, അതിനാൽ അവർ അവിടംവിട്ടു ദേയിസ്സാൻ നദീതീരത്തുകൂടെ പോകുമ്പോൾ, പൂർണ്ണ ഗർഭിണിയായിരുന്ന നഹസിറാം നദിയുടെ തീരത്തു ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. ആ കുഞ്ഞിനു അവർ ദേസ്സാൻെറ മകൻ എന്നു അർത്ഥം വരുന്ന ബർദേസ്സാൻ എന്ന പേരു വിളിച്ചു. അവർ ഹിരാപ്പോലിസ്സിൽ പോയി താമസമാക്കി, കുഞ്ഞിനെ വളർത്തിക്കൊണ്ടുവന്നു. എദ്ദേസ്സായിൽ സാധാരണ വരാറുണ്ടായിരുന്ന ബർദേസ്സാൻ, ഹിസ്റ്റാസ്പ്പസ്സ് എന്ന മെത്രാൻെറ പ്രസംഗം കേൾക്കുകയും അദ്ദേഹ

www.malankaralibrary.com

www.knanayology.org

ത്തിന്റെ ഉപദേശപ്രകാരം ഒരു ക്രിസ്ത്യാനി ആകുകയും, കൂടാതെ ശെമ്മാശൻ എന്ന പട്ടം സ്വീകരിക്കുകയും ചെയ്തു. ഏറെത്താമസിയാതെ തന്നെ അദ്ദേഹം എദേസ്സായിലെ മെത്രാൻപദവിയിലേക്ക് ഉയർത്തപ്പെട്ടു എന്നാൽ കാലാന്തരത്തിൽ 'വാലന്റെയിൻ' എന്ന അന്ധവിശ്വാസികളുടെകൂടെ ചേരുകയും, പിന്നീട് സ്വന്തമായി ഒരു സമൂഹംതന്നെ സൃഷ്ടിക്കുകയും ചെയ്തു. സ്ത്രീകളുമായിട്ടുള്ള വേഴ്ച അഭികാമ്യമായിട്ടുള്ളതാണെന്നാണ് വാലന്റെയിൻ സമൂഹം പഠിപ്പിച്ചിരുന്നത്. എദേസ്സായിലെ എപ്പിസ്കോപ്പാ (ബിഷപ്പ്) പദവിയിൽ നിന്നും നീക്കം ചെയ്തതോടുകൂടി ബർദേസ്സാൻ സ്വന്തമായി സ്ഥാപിച്ച 'ബെർദേസ്സനിസ്സം' എന്ന സമൂഹത്തിനുവേണ്ടി പ്രചാരവേല ചെയ്ത് ഒരു മികച്ച സ്ഥാനം അദ്ദേഹം നേടുകയുണ്ടായി പേർഷ്യാക്കാരനായ മണി സ്ഥാപിച്ച മാണിക്കയേസ്സത്തിന്റെ മുന്നോടിയായിരുന്നു ബർദേസ്സിനിസ്സം. ഏ. ഡി. 216-ൽ റോമാചക്രവർത്തിയായിരുന്ന കാരകല്ല (Antonious) എദേസ്സാ പിടിച്ചെടുത്തതോടുകൂടി സ്വാതന്ത്ര്യകാംക്ഷിയായ ബർദേസ്സാൻ ആദ്യം ഇൻഡ്യയിലേക്ക് ഓടിപ്പോയി. ഇൻഡ്യയിൽ എദേസ്സായിലെ എളകംബലൂസ്സ് രാജാവുമായോ രാജാവിന്റെ പ്രതിനിധിയുമായോ ബന്ധം പുലർത്തി (ഏ. ഡി 218-ൽ) ബുദ്ധമത തത്വങ്ങൾ പഠിച്ചു എന്നു മാത്രമേ ജീവചരിത്രത്തിൽ കൊടുത്തിട്ടുള്ളു. എന്നാൽ അദ്ദേഹം എഴുതിയ ദിഗംബര സന്യാസികളെപ്പറ്റിയുള്ള ഗ്രന്ഥത്തിൽനിന്നും മനസ്സിലാകുന്നത് അദ്ദേഹം ഇൻഡ്യയിൽ വന്ന് ബുദ്ധമതതത്വം അല്ല, ജൈനമതതത്വം ആണ് പഠിച്ചത് എന്നത്രേ. ഇൻഡ്യയിലെ ഗംഗാനദിയെപ്പറ്റിയും, ഗംഗാനദിയുടെ തീരത്ത് തപസ്സ് ചെയ്യുന്ന സന്യാസിമാരെപ്പറ്റിയും, വിവരിക്കുന്നതിനാൽ, ബർദേസ്സാൻ മദ്ധ്യ ഇൻഡ്യയോ, ബനാറീസ്സ് തുടങ്ങിയ ഹിന്ദു പുണ്യസ്ഥലങ്ങളോ സന്ദർശിച്ചിരിക്കണം. പിന്നീട് അർമീനിയായിലേക്ക് പോയി സ്വയം നാടുകടത്തപ്പെട്ടവനെപ്പോലെ ചുററിത്തിരിഞ്ഞ്, ആനി കോട്ടയിൽ അഭയംതേടി.

പത്തൊമ്പതാം നൂററാണ്ടിലെ ഒരു ചരിത്രകാരനായ മസൂദിയുടെ അഭിപ്രായപ്രകാരം ബർദേസ്സൻ ഒരുകാലത്ത് എദേസ്സാസഭയുടെ മെത്രാൻ ആയിരുന്നു. എന്നാൽ അദ്ദേഹം സ്വന്തമായി ഒരു സമൂഹം പടുത്തുയർത്തിയപ്പോൾ വേദപുസ്തകത്തിന്റെ കൂടെ സൗരാഷ്ട്രമത (പാഴ്സി) ഗ്രന്ഥങ്ങൾക്കും തന്റെ സമൂഹത്തിൽ തുല്യസ്ഥാനം കൊടുത്തു.

www.malankaralibrary.com

അദ്ദേഹം എഴുതിയ പ്രധാന ഗ്രന്ഥങ്ങൾ Odes of Solomon The Acts of Thomas, The Hymns of the Soul (in the Acts) എന്നിവയാണ്. അദ്ദേഹം ഇൻഡ്യയിൽ കുറെക്കാലം പാറിക്കറങ്ങിയതിനാൽ ഒരു ബുദ്ധമതാനുയായിയുടെ കെട്ടുകഥയാണ് 'തോമായുടെ നടപടികൾ' എന്നു തെററിദ്ധരിക്കപ്പെട്ടിരുന്നു ബർദേസ്സാൻെറ കാലടികളെ പിൻതുടർന്ന 'മണിക്കെയിസ്സം' 'തോമായുടെ നടപടികൾ' അവരുടെ ആരാധനയിൽ ഉപയോഗിച്ചിരുന്നു. ഇതു് ചരിത്രകാരന്മാരുടെ ഇടയിൽ വളരെ അധികം ചിന്താകുഴപ്പത്തിനു് കാരണം നൽകി

ബർദേസ്സാൻ ഒരു ചരിത്രഗവേഷകനും ഗ്രന്ഥരചയിതാവും ജോതി ശാസ്ത്രജ്ഞനും, കൂടാതെ അക്ബാർ എട്ടാമൻ (179-214 എ. ഡി) രാജാവിൻെറ കൊട്ടാര സേവകരിൽ അഗ്രഗണ്യനായിരുന്ന ഒരു വില്ലാളി വീരനും ആയിരുന്നു. ബർദേസ്സാൻെറ പ്രധാന തത്വം, നന്മയുടെ ദൈവവും, തിന്മയുടെ ദൈവവും എന്നു രണ്ടു ദൈവങ്ങൾ ലോകത്തിൽ ഉണ്ടെന്നുള്ളതാണ് (Dualism) നന്മയുടെ ദൈവത്വത്തിൽ ആത്മാവ്, ശക്തി, മനസ്സ് എന്നീ മൂന്നു പ്രധാന ധാതുക്കൾ അടങ്ങിയിരിക്കുന്നു. എന്നാൽ തിന്മയുടെ ദൈവത്വത്തിൽ അഗ്നി, പ്രകാശം, ജലം, വായു എന്നീ ധാതുക്കൾ അടങ്ങിയിരിക്കുന്നതായും ബർദേസ്സാൻ പഠിപ്പിച്ചു. മനുഷ്യൻെറ സൃഷ്ടി തന്നെ ഈ ഏഴു ധാതുക്കളിൽകൂടി ആണെന്നാണ് അദ്ദേഹത്തിൻെറ മതം ആദ്യത്തെ മൂന്നും ക്രിസ്തീയതത്വവും രണ്ടാമത്തെ നാലു ധാതുക്കൾ സൗരാഷ്ട്രമതതത്വവും ആണ് പ്രതിഫലിപ്പിക്കുന്നതു്.

എ ഡി. 863 ൽ നിസ്ബസ്സിൽ നിന്നും എദേസ്സായിൽ കുടിയേറിയ എഫ്രേം എന്ന സന്യാസി പറയുന്നതു് 'അക്കാലത്തു് ക്രിസ്ത്യാനികൾ എദേസ്സായിൽ ഒരു ന്യൂനപക്ഷം മാത്രമായിരുന്നു ബർദേസ്സിനസ്സും, മണിക്കെയിസ്സം, മാർസ്സിയാനിസ്സം ഇവയായിരുന്നു പ്രബല സമൂഹങ്ങൾ. അദ്ദേഹത്തിനു് ക്രിസ്തീയ വിശ്വാസം നിലനിർത്താൻ വേണ്ടി മേൽപറഞ്ഞ അന്ധവിശ്വാസികളുമായി വളരെയധികം പടവെട്ടേണ്ടിവന്നു.

ബർദേസ്സാൻ ജനനാൽ ഒരു സൗരാഷ്ട്രമതക്കാരനായിരുന്നെങ്കിലും വിശ്വാസത്തിൽ ഒരു ക്രിസ്ത്യാനി ആയിരുന്നു എ. ഡി. 218 മുതൽ അർമീനിയായിൽ ആനി എന്ന കോട്ടയിൽ വായനയും

www.malankaralibrary.com

ഗ്രന്ഥരചനയും ആയി കഴിച്ചുകൂട്ടിയ ബർദേസ്സൻ 222 എ. ഡി. യിൽ 78-ാമത്തെ വയസ്സിൽ മരണം അടഞ്ഞു. അദ്ദേഹത്തിനു അബ്ഗാരുൻ, ഹസ്ഉ, ഹർമോണിയസ്സ്. എന്ന മൂന്നു മക്കൾ ഉണ്ടായിരുന്നു.

എ. ഡി. 218നും 222 നും ഇടയ്ക്കാണ് അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചതു്. എദ്ദേസ്സായിലെ മെത്രാൻ ആയിരിക്കുമ്പോൾ, മാർത്തോമ്മായുടെ ഭൌതികാവശിഷ്ടം അടക്കം ചെയ്തിരുന്ന എദേസ്സായിലെ വലിയ പള്ളിയിലെ ഗ്രന്ഥശാലയിൽ ഉണ്ടായിരുന്ന കയ്യെഴുത്തു ഗ്രന്ഥങ്ങളിൽ നിന്നും മാർത്തോമായുടെ വടക്കേ ഇൻഡ്യയിലെ പ്രേഷിത പ്രവൃത്തിയെ പററിയുള്ള ചരിത്രം അദ്ദേഹം ഗ്രഹിച്ചിരിക്കും. കൂടാതെ സൊക്കോട്രാ വരെയുള്ള മാർത്തോമായുടെ യാത്രാവിവരണവും മസ്ദായി രാജാവിനാൽ രക്തസാക്ഷിയായ വിവരവും കിട്ടിയിട്ടുണ്ട് എന്നുള്ളതും വ്യക്തമാണ്. ബർദേസ്സാന്റെ അവസാന കാലം ഒരു ക്രിസ്തീയാനിയായി കഴിയുകയാൽ നാലു വർഷംകൊണ്ട് എല്ലാ ഗ്രന്ഥങ്ങളും പണ്ഡിതനായ അദ്ദേഹം[4] സുറിയാനിയിൽ എഴുതി തന്റെ കർത്തവ്യം നിർവഹിക്കുകയാണ് ചെയ്തതു്. കുറച്ചു സമയംകൊണ്ട് വളരെയധികം ഗ്രന്ഥങ്ങൾ എഴുതാൻ ഒരുമ്പെട്ടതിനാൽ ഒരു ചിട്ടയില്ലാതെ സ്ഥലനാമങ്ങളോ വ്യക്തികളുടെ പേരുകൾ തന്നേയോ ശരിയായി എഴുതുവാനോ കാലഘട്ടത്തെപ്പററി വിവരിക്കുവാനോ കഴിവില്ലാതെയും വന്നു. ഒരു ശാസ്ത്രജ്ഞനും സുറിയാനി പണ്ഡിതനുമായ അദ്ദേഹത്തിനു ഇതു കഴിയാതെ പോയതു മൂലം മാർത്തോമായുടെ നടപടികൾ കെട്ടുകഥയാണെന്നുപോലും ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ സുറിയാനിയിൽ ഈ ഗ്രന്ഥം എഴുതിയിരിക്കുന്നതുകൊണ്ടുമാത്രമാണ് ബർദേസ്സാനുമായി ഈ ഗ്രന്ഥം ബന്ധപ്പെട്ടിരിക്കുന്നു എന്നു് അനുമാനിക്കുന്നതു്. കാരണം എദേസ്സായിൽ ഒരു സുറിയാനി പണ്ഡിതൻ അന്നു് ഉണ്ടായിരുന്നെങ്കിൽ, അതു് ഇദ്ദേഹം മാത്രമായിരുന്നു. സുറിയാനി ഭാഷ[5]യുടെപിതാവ് എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നതു്. ബർദേസ്സാൻ വ്യക്തമായി നടപടിയിൽ സമർത്ഥിച്ചിട്ടുള്ള ഒരു സംഗതി, മാർത്തോമാ ഇന്ത്യയിൽ[6] സുവിശേഷാർത്ഥം പോയിരുന്നു എന്നുള്ളതാണ്.

മാർത്തോമായുടെ ദൌത്യനിർവ്വഹണത്തിൽ കൂടെക്കൊണ്ടു പോയിരുന്ന 72 അറിയിപ്പുകാരിൽപ്പെട്ട ആദായിയെ എദേസ്സാ

www.malankaralibrary.com

www.knanayology.org

യിലും തഥായിയെ മെഥുറയിലും, സാന്തിപ്പാസിനെ തക്ഷശിലയിലും തന്റെ ജോലികൾ തുടർന്നു നടത്തിക്കൊണ്ടുപോകാൻ ചുമതലപ്പെടുത്തിയിരുന്നു. മാർത്തോമ്മാ തന്റെ ഇന്ത്യയിലെ സുവിശേഷവേലയെപ്പററിയുള്ള വിവരങ്ങൾ അടങ്ങിയ ലേഖനങ്ങൾ [7] യെരുശലേമിലേക്ക് എഴുതി അയച്ചിരുന്നവ പള്ളികളിൽ വായിച്ചിരുന്നതായി ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ആദായിയും, തഥായിയും സാന്തിപ്പാസും അയച്ചിരുന്ന കത്തുകൾ എദേസ്സായിൽ സൂക്ഷിച്ചിരുന്നിരിക്കും. ബർദേസ്സാൻ എദേസ്സായിലെ എപ്പിസ്കോപ്പാ ആയപ്പോൾ ഒരു ചരിത്രകാരനും ഗവേഷകനുമായ അദ്ദേഹം ഇവയെല്ലാം ഏദിസ്ഥമാക്കിയിരിക്കും. അങ്ങനെ കിട്ടിയ അറിവുകൾ വെച്ചുകൊണ്ടാണ്, അർമീനിയായിൽ വെച്ച് ബർദേസ്സാൻ തോമായുടെ നടപടികൾ എഴുതിയത്.

മററിടങ്ങളിൽ മാർത്തോമ്മ 72 അറിയിപ്പുകാരിൽപ്പെട്ടവരെ പിൻഗാമികളായി ഏർപ്പെടുത്തിയതുപോലെ മലങ്കരയിൽ ഏർപ്പെടുത്തിയതായി രേഖയോ, പാരമ്പര്യവിശ്വാസമോ ഇല്ല. എങ്കിലും ഏഴാം നടപടിയിൽ പറയുന്ന സംഭവം കേരളത്തിൽ 18-ാം നൂററാണ്ടുവരെ ഉണ്ടായിരുന്ന ഒരു ആചാരത്തെപ്പററിയാണ് പ്രതിപാദിക്കുന്നത് എന്നു മനസിലാക്കാൻ പ്രയാസമില്ല. ബർദേസ്സാന്, ചേരസാമ്രാജ്യത്തിലെ നസ്രാണികളുടെ ചരിത്രം പഠിക്കാൻ സാധിക്കാതെ പോയതിനാൽ ഏഴാം നടപടിയിലെ സംഭവം എവിടെ നടന്നു എന്നു വ്യക്തമായി എഴുതാൻ സാധിക്കാതെ പോയി. കാളയെ കെട്ടി വണ്ടി ഓടിക്കുന്ന നാട്ടിൽ വെച്ച് ആ സംഭവം നടന്നെങ്കിൽ കഴുതയെ കെട്ടി വണ്ടി ഓടിക്കുന്ന നാട്ടിൽ വെച്ച് മാർത്തോമ്മ രക്തസാക്ഷിയായി മരണം അടഞ്ഞു എന്ന് മാത്രമേ, ബർദേസ്സാൻ എഴുതിയ 'തോമായുടെ നടപടികൾ' വായിക്കുന്നവർക്ക് മനസിലാക്കാൻ സാധിക്കുകയുള്ളു.

ജൈനമതവുമായുള്ള ബർദേസ്സാന്റെ ബന്ധം സൂചിപ്പിക്കുന്നത്, ഇദ്ദേഹം വടക്കേ മലബാറിൽ ഏഴിമലയും അതിനോട് ചേർന്ന പ്രദേശങ്ങളിലുമായിരിക്കും എദേസ്സായിൽനിന്നും ഓടിവന്ന് അഭയം പ്രാപിച്ചത് എന്നാണ്. 'സംഘം' കാലത്ത് ചേരസാമ്രാജ്യത്തിന്റെ ഒരു കീഴ്ഘടകമായിരുന്ന 'ഏഴിമല' [8] എന്ന ചെറുരാജ്യം. കണ്ണൂരിനടുത്തുള്ള 'ഗാന്തെ' [9] തലസ്ഥാനമാക്കി ചേരസാമ്രാജ്യം വാണിരുന്ന

www.malankaralibrary.com

ന്നെടുംഞ്ചേരലാതന്റെ, രണ്ടാമത്തെ മകനായ ഇളങ്കോവടികൾ, രാജാവകാശം ശ്രേഷ്ഠനായ ചെങ്കുട്ടവനു് കൊടുത്തശേഷം ഒരു ജൈനമുനിയായും, തത്വചിന്തകനും, മതാചാര്യനും ആയി 'കണവയിൽ കോട്ടം എന്ന സ്ഥലത്തു് ഒരു സന്യാസാശ്രമം സ്ഥാപിച്ചു് ജീവിതം കഴിക്കുകയായിരുന്ന ഇളങ്കോവടികളാണു് 'ചിലപ്പതികാരം' എന്ന കാവ്യത്തിന്റെ കർത്താവു്. ഇദ്ദേഹമാണോ ബർദേസ്സാൻ പറയുന്ന' എദ്ദേസ്സായിലെ എളങ്കബാലൂസ്സ് എന്ന സംശയം ഇല്ലാതില്ല. വളരെ കുറഞ്ഞ കാലംകൊണ്ടു് ദിഗംബര സന്യാസികളെപ്പററി പഠിച്ചു് ഒരു ഗ്രന്ഥം രചിക്കണമെങ്കിൽ അതിൽ പരിജ്ഞാനമുള്ള ഒരുവ്യക്തിയുമായി വിദേശിയനായ ബർദേസ്സാൻ ബന്ധം പുലർത്തിയിരിക്കണം എന്നു് ന്യായമായി ചിന്തിക്കാവുന്നതാണു്.

## മതുരൈക്കുല വണികൻ ചാത്തനാർ

ചിലപ്പതികാരം എന്ന മഹാകാവ്യത്തിൽ ഒരു മതുരൈ കുല വണികൻ ചാത്തനാരെപ്പററി പ്രതിപാദിക്കുന്നുണ്ടു്. ഈ ചാത്തനാരിൽ നിന്നും കണ്ണകിയുടെ ദുരന്തകഥ അറിഞ്ഞ ഇളങ്കോവടികൾ അവളുടെ സ്മാരകമായി എഴുതുന്ന കാവ്യമാണു് ചിലപ്പതികാരം. ഇളങ്കോവടികളുടെ സന്തതസഹചാരിയായിരുന്ന ഈ കത്തനാർ മതുരൈയിൽ വെച്ചാണു് കണ്ണകിയുടെ കഥ അറിയുന്നതു്. ഇടത്തെസ്തനം പറിച്ചെറിഞ്ഞു് തന്റെ പാതിവ്രത്യശക്തിയാൽ മധുരൈ പട്ടണത്തെ അഗ്നിക്കിരയാക്കി, തന്റെ ഭർത്താവായ കോവലനുവേണ്ടി വിലപിച്ചുകൊണ്ടു് ഊടാടി നടന്നു് ചേര നാട്ടിൽ വന്ന കണ്ണകിയുടെ ചരിത്രം, പെരിയാർ തീരത്തു് ഇളങ്കോവടികളോടും പരിവാരങ്ങളോടും കൂടി വിശ്രമിച്ചുകൊണ്ടിരുന്ന ചേര ചക്രവർത്തി ചെങ്കുട്ടവൻ ആരായുമ്പോൾ, ഈ കുലവണികൻ ചാത്തനാരാണു്, അവരുടെ കഥ ചക്രവർത്തിയോടും കൂടി പറയുന്നതു് 'ചിലപ്പതികാരം (മലയാള വിവർത്തനം) വ്യാഖ്യാനത്തിന്റെ അവതാരികയിൽ പറയുന്നതു് 'ചിലപ്പതികാരകഥനടന്ന കാലത്തു് ജീവിച്ചിരുന്നവനാകയാൽ ഇളങ്കോവടികളും കുലവണികൻ ചാത്തനാരും പലതിനും ദൃക്സാക്ഷികൾ ആയിരുന്നു' എന്നാണു്.

'തോമായുടെ നടപടി'കൾ എഴുതിയ ബർദേസ്സാൻ അല്ലേ ഈ ചാത്തനാർ എന്നു് ഞാൻ അനുമാനിക്കുന്നു. ദിഗംബര ജൈനമുനികളെപ്പററിയുള്ള ബർദേസ്സാന്റെ കൃതി ജൈനരുമായുള്ള തന്റെ ബന്ധത്തെയാണു് കാണിക്കുന്നതു്. ഇളങ്കോവടികൾ എഴുതിയ ചിലപ്പ

www.malankaralibrary.com

തികാരകാവ്യവും ജൈനമതത്തെയാണ് പ്രകീർത്തിക്കുന്നത്. എന്നാൽ ഈ കാവ്യത്തിന്റെ തുടർക്കഥയെന്നപോലെ എഴുതിയ മണിമേഖല എന്ന മഹാകാവ്യം, ചിലപ്പതികാര കാവ്യവുമായി ബന്ധപ്പെട്ട മതുരൈ കൂലവണികൻ ചാത്തനാരാണ് എഴുതിയത് എന്നൊരു ധാരണ സംഘംകാല കൃതികളുടെ ചരിത്രത്തിൽ കാണാം. പക്ഷേ അത് ശരിയാണോ എന്ന് ഞാൻ സംശയിക്കുന്നു. ഈ രണ്ടാമത്തെ കൃതിയുടെ കർത്താവ്, ഇരവി കോർത്തൻ ചെപ്പേടിന് അവകാശിയും സംഘങ്ങളുടെ സ്ഥാപകനേതാവും ലോക പെരുഞ്ചെട്ടിയും ആയ മണി (ചങ്കൈപ്പുലവരു ചീത്തലൈ ചാത്തനാർ) ആണെന്നുള്ളതാണ് എന്റെ നിഗമനം ഇതേപ്പറ്റി വളരെ വിശദമായി രണ്ടാം ഭാഗം നാലാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

പേർഷ്യാക്കാരനായ മണി ചേരനാട്ടിൽ വന്ന് ബുദ്ധമതവും ആയിട്ടാണ് ബന്ധപ്പെടുന്നത്. മണി, നിർവ്വാണം, പരിനിർവ്വാണം എന്നീ ബുദ്ധമതതത്വങ്ങൾ തന്റെ മതത്തിലേക്ക് പകർത്തിയെടുത്തിരുന്നു. മറ്റെല്ലാ മതത്തേക്കാളും ഉന്നതമായ മതം ബുദ്ധമതമാണെന്ന് സമർത്ഥിക്കുന്ന ഒരു കാവ്യമാണ് മണിമേഖല.

'തോമായുടെ നടപടി'കളിൽ, ബർദേസ്സാൻ വിവരിക്കുന്നതും, ചേരനാട്ടിൽ നിലവിലുണ്ടായിരുന്നതുമായ 'മണ്ണാപ്പേടി, പറപ്പേടി, പുലപ്പേടി' എന്ന ആചാരത്തെ ആസ്പദമാക്കിയുള്ള കഥ ബർദേസ്സാന്റെ സാന്നിദ്ധ്യം ചേരനാട്ടിൽ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്. (ഒൻപതാം അദ്ധ്യായം കാണുക) മേൽപറഞ്ഞ ആചാരത്തെപ്പറ്റി. ബർദേസ്സാൻ തോമായുടെ നടപടികളിൽ ഏഴാം കാണ്ഡത്തിൽ വിവരിക്കുന്നെങ്കിൽ, എട്ടാം കാണ്ഡത്തിൽ 'പാറക്ലീത്താ' എന്ന് സ്വയം വിളിച്ചിരുന്ന മണിയെയും, മണിക്കയ മതതത്വങ്ങളെയും നിശിതമായി അപലപിക്കുന്നുണ്ട്. ഇതുപോലെ തന്നെ 'മണിമേഖല'യിൽ മണി, ബർദേസ്സാനെയും ബർദേസ്സാൻ സ്ഥാപിച്ച ബർദേസ്സനിസ്സത്തിന്റെ തത്വങ്ങളെയും നിശിതമായി എതിർക്കുന്നുണ്ട്. ബർദേസ്സിനിസ്സം, മണിക്കയിസ്സം എന്നീ പാഷാണ്ഡ (gnostic) മതങ്ങളുടെ തത്വങ്ങളും; മണിമേഖല എന്ന കാവ്യവും തോമായുടെ നടപടികളും തമ്മിലുള്ള ബന്ധവും; മണിയേയും ബർദേസ്സാനെയും സംബാധിക്കുന്ന ചരിത്രങ്ങളും രണ്ടാം ഭാഗം നാലാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

www.malankaralibrary.com

ബർദേസ്സാനും, മണിയും ഈ ചേരനാടിന്റെ തലസ്ഥാനമായിരുന്ന വഞ്ചി നഗരത്തിൽ വെച്ച് കണ്ടുമുട്ടുന്നുണ്ട്. ആദ്യം ഒക്കെ ബർദേസ്സാൻ മണിയുടെ വാക്ചാതുര്യത്തിൽ മതിമറന്ന് മണിയെ കുറെ ഒക്കെ വിശ്വസിച്ചിരുന്നു. പക്ഷേ പ്രവൃത്തിയിൽ മണി, ആടിന്റെ തോൽ ധരിച്ച ചെന്നായ് ആണെന്ന് ബർദേസ്സാന് ബോധ്യമായപ്പോൾ താൻ പിന്നീട് മണിയെ നിശിതമായി വിമർശിക്കുകയാണ് ചെയ്യുന്നത്. കള്ളപ്രവാചകനിൽ വിശ്വസിക്കാതെ ക്രൂശിക്കപ്പെട്ട (tried) ക്രിസ്തുവിന്റെ അപ്പോസ്തോലനിൽ (മാർത്തോമ്മായിൽ) വിശ്വസിക്ക എന്ന് എട്ടാം കാണ്ഡത്തിൽ പറയുന്നതിൽ നിന്നും, ബർദേസ്സാൻ പാഷാണ്ഡതയിൽ നിന്നും വിമുക്തനായി ഒരു സത്യ ക്രിസ്ത്യാനിയായി തീരുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും.

ബർദേസ്സാന്റെ മലങ്കരയിലെ ഈ സാന്നിധ്യം മൂലം, മൂന്നാം നൂറ്റാണ്ടിൽ ചേരനാട്ടിൽ വളർന്ന് തുടങ്ങിയ മണിക്കയിസ്സം (തരിയാസ്സാം, മണിഗ്രാമക്കാർ), അക്കാലത്ത് ഈശാനവാദികൾ എന്ന് അറിയപ്പെട്ടിരുന്ന മലങ്കരനസ്രാണികളിലേക്ക് കടന്ന് ചെല്ലാൻ സാധ്യമാകാതെ പോയി. മലങ്കരനസ്രാണികൾ അധികമായി പാർത്തിരുന്ന കുട്ടനാട്ടിലും, കുടനാട്ടിലും, ഒമ്പതാം നൂറ്റാണ്ടുവരെ മണിക്കേയമതം ഉണ്ടായിരുന്നതായി ചരിത്രരേഖകൾ ഇല്ല. മണിക്കേയ മതത്തിന്റെ ശക്തികേന്ദ്രീകരിച്ചിരുന്നത്, ചോളസാമ്രാജ്യത്തിൽ വടക്ക് തൊണ്ടിനാട്ടിലും, (കാഞ്ചിപുരമാണ് ഈ മതത്തിന്റെ ഈറ്റില്ലം, സോമവംശത്തിന്റെ തുടക്കം ഇവിടെ നിന്നും ആണ്.) തെക്ക് ആയിനാട്ടിലും മാത്രം ആയിരുന്നു. വടക്ക് പല്ലവരാജ്യവും, തെക്ക് വേണാടും ഇവരുടെ ശക്തിപ്രഭാവത്തിന്റെ മകുടോദാഹരണങ്ങളാണ്.

മണിക്കേയ മതസ്ഥാപകനായ മണി ക്രിസ്തു പ്രവചിച്ച 'കള്ളപ്രവാചകൻ' ആണെന്ന് ബർദേസ്സാന് ബോദ്ധ്യമാകയാലാണ് 'തോമായുടെ നടപടി'കളിൽ മണിയുടെ തത്വങ്ങളെ അപലപിച്ച് താൻ എഴുതാനുണ്ടായ കാരണം. തോമായുടെ നടപടിയിൽ തന്നെ കഥാപാത്രമായ മാർത്തോമ്മായെ എല്ലാ കഥകളിലും വിവരണങ്ങളിലും ഉൾപ്പെടുത്തി ബർദേസ്സാൻ നടപടികൾ എഴുതിയെങ്കിലും, അതിൽ കുറെയൊക്കെ തന്റെ തന്നെ കഥകളും ആണ്. ഏഴും എട്ടും കാണ്ഡങ്ങൾ (നടപടികൾ) ഇതിന് ഉദാഹരണമാണ്.

www.malankaralibrary.com

ഒരു കാലത്ത് എദേസ്സായിലെ എപ്പിസ്കോപ്പാ ആയിരുന്നവനും, മലങ്കരനസ്രാണികളെ മൂന്നാം നൂററാണ്ടിൽ ക്രിസ്തുവിശ്വാസത്തിൽ സ്ഥിരതയുള്ളവരാക്കി തീർത്തവനും ആയ, ബർദേസ്സാനെ ഒരു പരിശുദ്ധനായി മലങ്കരസഭ അംഗീകരിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഇതിനു് അവകാശമുണ്ട്.

അതിരു കവിഞ്ഞു് വിനീതനായ (കാലം ചെയ്ത) മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട്, രോഗസമയത്ത് പാറപോലെ ഉറച്ചുനിന്നു്, മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തെയും പൗരോഹിത്യത്തെയും, എ.ഡി. 1970-ലെ പ്രതിസന്ധിയിൽ ഏതു പ്രകാരം സംരക്ഷിച്ചുവോ; അതേ ഗൗരവത്തിൽ തന്നെ, ബർദേസ്സാന്റെ മൂന്നാം നൂററാണ്ടിലെ നിലപാടിനെ മലങ്കരസഭ കണക്കിൽ എടുക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. ബർദേസ്സാന്റെ ഉറച്ച നിലപാട് മൂലം ആദിമ മലങ്കരനസ്രാണികളുടെ ഇടയിലേക്ക് 'മണിക്കയിസ്സം' കടന്നു് ചെല്ലാൻ ഇടയാകാതെ പോയി. നാലാം നൂററാണ്ടിൽ പേർഷ്യയിൽ പടർന്നു് പന്തലിച്ച നെസ്തോറിയനിസ്സം, മണിക്കയിസ്സത്തിൽ നിന്നും ഉടലെടുത്തതാണെന്നും പ്രത്യേകം പറഞ്ഞുകൊള്ളട്ടെ.

അഞ്ചാം നൂററാണ്ടിൽ, ഒൻപതു് വർഷം ഒരു മണിക്കയൻ പുരോഹിതനായിരുന്ന ശേഷം, മാനസാന്തരപ്പെട്ട് ക്രിസ്ത്യാനിയായി, പിന്നീട് പടിഞ്ഞാറൻ സഭയുടെ ബിഷപ്പായി സേവനം അനുഷ്ഠിച്ച മാർ അഗസ്തീനോസ്സിനെ (St. Augustine) ഒരു വിശുദ്ധനായി റോമാസഭ അംഗീകരിക്കാമെങ്കിൽ; ബർദേസ്സാനെ മലങ്കരസഭ ഒരു വിശുദ്ധനായി അംഗീകരിക്കുന്നതിൽ യാതൊരു തെററും കാണുന്നില്ല. അപ്രകാരം ഈ വൈകിയവേളയിലെങ്കിലും പ്രവർത്തിക്കുന്നെങ്കിൽ, ആ പ്രവൃത്തി, മലങ്കരനസ്രാണികൾ അദ്ദേഹത്തോട് കാണിക്കുന്ന ആദരവും, ബഹുമാനവും നന്ദിയും മാത്രം ആയിരിക്കും.

ജീവിതരീതി ക്രമങ്ങൾ 'അനുസരിച്ചു്, ഇൻഡ്യയിൽ മൂന്നു് വിഭാഗം ജനങ്ങൾ' ഉണ്ടെന്നു് ബർദേസ്സാൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നാമത്തെ കൂട്ടർ യാതൊരുവിധ ഹിംസ ചെയ്യാത്തവരും ബിംബ

www.malankaralibrary.com

ങ്ങളെ വന്ദിക്കാത്തവരും, മത്സ്യവും മാംസവും ഭക്ഷിക്കാത്തവരും ആകുന്നു. (ഈ വിഭാഗം ബുദ്ധ- ജൈനമതാനുയായികൾ ആണെന്നുള്ളതിനു് സംശയമില്ല). രണ്ടാമത്തെ വിഭാഗക്കാർ, ബുദ്ധ-ജൈനമതതത്വങ്ങൾ സ്വീകരിക്കാത്തവരും, ബിംബങ്ങളെ വന്ദിക്കുന്നവരും, അശുദ്ധ ജീവിതം നയിക്കുന്നവരും, ഹിംസ ചെയ്യുന്നവരും ആണു്. (ഇവർ പേർഷ്യനിൽനിന്നും ഇൻഡ്യയിലേക്കു് കുടിയേറിയ ആദ്യകാല ആര്യന്മാർ ആയിരുന്നിരിക്കും). മൂന്നാമത്തെ കൂട്ടർ നരഭോജികൾ ആണു്, ഇവർ മൃഗങ്ങളെ കൊന്നു് തിന്നുന്നതുപോലെ മനുഷ്യരെ കൊന്നു് തിന്നുന്നു. [10] ഇവർ കിഴക്കേ എത്യോപ്യക്കാർ എന്നാണു് ബാഹ്യലോകത്തു് അറിയപ്പെടുന്നതു്. [11] (ഇവർ പാണ്ഡ്യദേശത്തെ നരിക്കുറവരോ, ആദിമ ദ്രാവിഡരോ ആയിരിക്കും). ഈ നരഭോജികൾ എത്യോപ്യാക്കാരെപ്പോലെ എല്ലാവിധത്തിലും സാമ്യമുള്ളവരും എന്നാൽ മുടിമാത്രം നീണ്ടവരും ആണു് എന്നു് ഹെരോദൊത്തസ്സ് എന്ന ചരിത്രകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

മാർത്തോമ്മാസ്സ് ഇൻഡ്യയിലേയ്ക്കു് പോകാൻ ചീട്ടുവീണപ്പോൾ "മററു് എവിടെയെങ്കിലും എന്നെ അയക്കു്, പക്ഷെ ഇരുണ്ടദേശത്തേക്കു് എന്നെ അയക്കരുതേ" എന്നു് താൻ അപേക്ഷിക്കാനുള്ള കാരണം, മേൽപ്പറഞ്ഞ നരഭോജികളുടെ കഥ കേട്ടിട്ടുള്ളതുകൊണ്ടായിരിക്കും.

## ബർദേസ്സാന്റെ പ്രവചനം

ജോതിശാസ്ത്രജ്ഞനും, ഗ്രഹനകാരനുമായ ബർദേസ്സാൻ ഈ ലോകത്തിന്റെ നിലനില്പ് 6000 [12] വർഷമാണെന്നു് പ്രവചിച്ചിട്ടുണ്ടു്. ഈ ലോകമെന്നു് ഇവിടെ പറയുന്നതു് മനുഷ്യരാശിയുടെ ഈ ലോകത്തിലെ നിലനില്പിനെ ഉദ്ദേശിച്ചാണു്. അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഹെറോദത്തസ്സ് എന്ന ചരിത്രകാരൻ "കഴിഞ്ഞ 11340 വർഷങ്ങൾക്കുള്ളിൽ സൂര്യൻ രണ്ടു പ്രാവശ്യം പടിഞ്ഞാറു് നിന്നു് ഉദിച്ചു് കിഴക്കു് അസ്തമിക്കുകയും, രണ്ടു പ്രാവശ്യം കിഴക്കു് നിന്നു് ഉദിച്ചു് പടിഞ്ഞാറു് അസ്തമിക്കുകയും ചെയ്തിട്ടുള്ളതായി" [13] രേഖപ്പെടുത്തിയിട്ടുണ്ടു്. ആധുനിക ശാസ്ത്രജ്ഞന്മാർ ഭൂമി 12,000 വർഷം കൂടുംതോറും 'ഹിമയുഗ'(Ice age) ത്തിലേക്കു് കടക്കുന്നു എന്നു് അഭിപ്രായം ഉന്നയിച്ചിട്ടുണ്ടു് സൗരാഷ്ട്രമത സിദ്ധാന്ത പ്രകാരം

JACOB KOLLAPARAMBIL EDUCATIONAL
KADUTHURUTHY
www.malankaralibrary.com

12,000 വർഷം ഹിമയുഗവും, അടുത്ത 12,000 വർഷം വസന്തയുഗത്തിലേക്കും ലോകം കടന്നു പോകുന്നുവെന്നാണ് വിശ്വസിക്കുന്നത്.

**ജൂൺ 11, 1976-ലെ ഒരു പത്രവാർത്ത താഴെ[14] കൊടുക്കുന്നു**

New Ice age round the corner?

Geneva June 11 (Reuter)

More scientists believe anew ice age is coming, but none can agree when or howhard it is going to hit us.

Some climate Specialists studying clues as varied as volcanic dust, the earth's wobble, tree rings and sunshine have concluded the world is about due for a big freeze after 10,000 years of comparative warmth.

A United Nations study conference of Climatologists in stockholm, Sweden two years ago reported that on the world's past record, another dip into the cold age is due.

ഒരു യുഗത്തിൽനിന്നും മറെറാരു യുഗത്തിലേക്കുള്ള ലോകത്തിന്റെ ഈ പ്രയാണം, പെട്ടെന്നുണ്ടാകുന്ന ഭൂമിയുടെ തിരിവുകൊണ്ടോ, ചലന വ്യത്യാസം കൊണ്ടോ ആണ് സംഭവിക്കുന്നത് എന്ന് സൂചിപ്പിക്കുന്ന ചില തെളിവുകൾ ഈ അടുത്ത കാലത്ത് ശാസ്ത്രജ്ഞന്മാർ വെളിച്ചത്ത് കൊണ്ടുവന്നിട്ടുണ്ട്. 5000-10,000 വർഷങ്ങൾക്കു മുമ്പ് വടക്കേ സൈബീരിയായിൽ ജീവിച്ചിരുന്ന ഒരു ഐരാവതത്തിന്റെ പരിപൂർണ്ണ ജഡം, വായിലെ നേർത്ത ചർമ്മങ്ങൾക്കോ, നാക്കിനോ യാതൊരു വിധ മലിനീകരണത്തിനും ഇടം വരാത്തവിധത്തിൽ എ.ഡി. 1914-നോട് അടുത്ത് കണ്ടുകിട്ടുകയുണ്ടായി. നിബിഡമായ രോമങ്ങൾകൊണ്ടും, ശരീരത്തിലെ കൊഴുപ്പുകൊണ്ടും എപ്പോഴും ചൂടായിരിക്കുന്ന ശരീരത്തിലെ മൃദുലഭാഗങ്ങൾക്ക് പോലും കേട് സംഭവിക്കാതെ, പെട്ടെന്ന് തണുത്ത് ഉറയ്ക്കണമെങ്കിൽ, ഭൂമിക്ക് (പ്രത്യേകിച്ച ഭൂമിയുടെ പുറം തോടിന്) എത്രയോ പെട്ടെന്നുള്ള വ്യതിയാനം സംഭവിച്ചിരുന്നിരിക്കണം എന്നാണ് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

'Astronomers and geophysicists concur in the opinion that the axis of the Earth itself cannot have suddenly shifted,

www.malankaralibrary.com

because the Earth is like a huge spinning gyroscope. Even if we assume a force great enough to cause a sudden shift in the Earth's axis of rotation, the resulting stresses would tear the planet to pieces It is possible. though that the Earth's crust alone might have shifted.'

Ref: Marvels and Mysteries of the Worlds Around Us, by Reader's Digest, pages 35-36.

മേൽ സൂചിപ്പിച്ചതുപോലെ പെട്ടെന്നു് ഭൂമിയുടെ പുറംതോടിനു് (Crust) വന്ന വ്യതിയാനം മൂലം ഉപ്പുവെള്ളത്തിൽ കഴിയേണ്ട കടൽ പശുക്കൾ (Seals) സൈബീരിയായിലെ ബൈയ്ക്കാൽ തടാകത്തിൽ കുടുങ്ങിപ്പോകുകയുണ്ടായി. ഒരു കാലത്തു് ഈ തടാകം ഉത്തരധ്രുവ മേഖലയിൽപ്പെട്ടിരുന്നതായി അനുമാനിക്കപ്പെടുന്നു പെട്ടെന്നുണ്ടായ ഭൂമിയുടെ വ്യതിയാനം മൂലം ധ്രുവമേഖലാ പ്രദേശമായിരുന്ന സൈബീരിയാ, ഉഷ്ണമേഖലാ (Temperate Zone) പ്രദേശം ആയിത്തീരുകയും അതിനാൽ അവിടെയുള്ള മഞ്ഞു് ഉരുകി ശുദ്ധജലതടാകം രൂപീകൃതമാകുകയും ചെയ്തു അതോടുകൂടി കടൽ ജീവികളായ കടൽ പശുക്കൾ അവിടെ ശുദ്ധജല ജീവികളായി മാറുകയും ചെയ്തു.

'Unique to Baikal too, are its 40,000 seals. How did seals get there 1600 kms. from salt water? One can only speculate that they must have been trapped when pre-historic Baikal was in some way connected with the Arctic Ocean."

Ref: Reader's Digest of September 1974, page 110.

ക്രിസ്തുവിന്റെ വചനപ്രകാരം നോക്കിയാൽത്തന്നെയും ഭൂമിയ്ക്കു് ഏറ്റം 'വലിയ കഷ്ടം' (Great tribulation) വന്നശേഷമേ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവു് ഉണ്ടാകയുള്ളു എന്നു് വ്യക്തമാകുന്നുണ്ടു്.

'ആകാശത്തിലെ കഷ്ടങ്ങൾ കഴിഞ്ഞയുടനെ സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും. നക്ഷത്രങ്ങൾ ആകാശത്തു് നിന്നു വീഴും, ആകാശത്തിലെ ശക്തികൾ ഇളകിപോകും.'' (മത്തായി 24: 29-30)

''സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും, കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ

www.malankaralibrary.com

ജാതികൾക്കു് നിരാശയോടുകൂടി പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു് എന്തു ഭവിപ്പാൻ പോകുന്നു എന്നു് പേടിച്ചു് നോക്കിപ്പാർത്തും കൊണ്ടു് മനുഷ്യർ നിർജീവന്മാർ ആകും." (ലൂക്കോസ് 21: 25-26)

മേൽപ്പറഞ്ഞ സുവിശേഷ ഭാഗങ്ങളിൽ പറയുന്ന ആകാശത്തിലെ കഷ്ടങ്ങൾ എന്താണു്? ഭൂമിയിൽ പലയിടങ്ങളിൽ പലവിധത്തിൽ പെട്ടെന്നു് ഉണ്ടാകുന്ന ശീതോഷ്ണാവസ്ഥയിലെ മാററം ആണു് ഈ കഷ്ടങ്ങൾ എന്നുള്ളതു് വ്യക്തമാണു്. ഭൂമിയുടെ പുറം തോടിനു് (Crust) ഉണ്ടാകുന്ന ചലന വ്യതിയാനം കൊണ്ടേ ഈ മാററം സാധ്യമാകൂ എന്നു ശാസ്ത്രജ്ഞന്മാർ "ഐരാവതത്തിന്റെ അന്ത്യം എങ്ങനെയുണ്ടായി" എന്നുള്ള ഗവേഷണത്തിൽ തെളിയിച്ചിട്ടുണ്ടു്. ഭൂമിയിലുണ്ടാകുന്ന മേല്പറഞ്ഞ മാററത്തോടു കൂടി ധൂളിപടലങ്ങൾകൊണ്ടു് സൂര്യനും ചന്ദ്രനും മാഷ്ടപ്പെടുകയും, സമുദ്രങ്ങളിൽ വലിയ ക്ഷോഭം ഉണ്ടാകയും ചെയ്യുക പ്രകൃതിയുടെ ഒരു വികൃതി സ്വഭാവം മാത്രമാണു്.

പഴയ നിയമത്തിൽ വിവരിക്കുന്ന പല അത്ഭുത സംഭവങ്ങളുടെയും പുറകിൽ ആ കാലഘട്ടത്തിൽ സംഭവിച്ച ഭൂകമ്പങ്ങളുടെയും, അഗ്നി പർവത പൊട്ടലുകളുടെയും കഥകൾ, ഭൂഗർഭ ഗവേഷകർ ഈ ആധുനിക കാലത്തു് തെളിവു സഹിതം വ്യക്തമാക്കിയിട്ടുണ്ടു്. ഇസ്രായേല്യർ മിസ്രയിമിലെ അടിമത്വത്തിൽ നിന്നും രക്ഷപെടാനുള്ള പ്രധാന കാരണം, മിസ്രേം ദേശത്തു് യഹോവ അയച്ച പത്തു് ബാധകൾ ആണെന്നു് വി. വേദപുസ്തകം പറയുമ്പോൾ, ശാസ്ത്രജ്ഞന്മാർ, അതേകാലത്തു് (ബി. സി. 15-ാം നൂററാണ്ടിൽ) മദ്ധ്യധരണ്യാഴി കടലിൽ സാന്റോറിനി (Santorini or Atlantis) ദ്വീപിന്റെ പതനത്തിന്റെ കഥയാണു് പറയുന്നതു്. ഈ ദ്വീപിലെ 4900 അടി പൊക്കമുണ്ടായിരുന്ന അഗ്നി പർവതം പൊട്ടിത്തെറിക്കുകയുണ്ടായി. 32 ചതുരശ്ര മൈൽ വിസ്തീർണ്ണമുള്ള നടു ഭാഗം കടലിൽ 1300 അടി താണുപോയി. മരുഭൂമിയിൽ കൂടി യാത്ര ചെയ്തിരുന്ന ഇസ്രായേല്യർക്കു്, ഇതിൽ നിന്നും ഉണ്ടായ പൊടി പടലങ്ങൾ ആകാശത്തിൽ അനേകം മൈൽ ഉയരത്തിൽ തങ്ങിനിന്നതു്, പകൽ മേഘസ്തംഭമായും; അഗ്നി പർവതത്തിൽ നിന്നും വമിച്ചു കൊണ്ടിരുന്ന തീ, രാത്രിയിൽ ദീപ സ്തംഭമായും അനുഭവപ്പെട്ടു. നൂറു അടിപൊക്കത്തിൽ 200 മൈൽ വേഗതയിൽ 20 മിനിട്ടു് ഇടവിട്ടു് ആഞ്ഞ

www.malankaralibrary.com

ടിച്ചുകൊണ്ടിരുന്ന കടൽ തിരകളും കടൽ ഭിത്തികളായും അനുഭവപ്പെട്ടു. ഈ അഗ്നി പർവതത്തിന്റെ പൊട്ടിത്തെറി മൂലം, മിസ്രേമിൽ ഉണ്ടായ ബാധകളെപ്പറ്റി ഗവേഷകരുടെ അഭിപ്രായം താഴെ കൊടുക്കുന്നു.

The ten plagues produced similar phenomena. The waters of Egypt turned red as blood, killing fish and driving frogs on shore. Darkness covered the land for the three days. The heavens roared and poured down a fiery volcanic hail. Strong winds brought locusts which bred in the rotting bodies and swamps, so rampant as to amount to the killing of the first born of every family.

Ref: Marvels and Mysteries of the World Around Us. R. D., page 67.

പഴയനിയമകാലത്തെ രണ്ട് നഗരങ്ങളായ സോദോമും ഗോമോറയും നശിച്ച് ഇന്നത്തെ ചാവുകടൽ (Dead Sea) ഉണ്ടായതും, ഇതുപോലെയുള്ള ഒരു അഗ്നി പർവത്തിന്റെ പൊട്ടിത്തെറി കൊണ്ട് മാത്രമാണ്. എ. ഡി. 1883 ൽ ഇൻഡോനേഷ്യയിലെ ക്രാക്കറ്റോവാ അഗ്നിപർവ്വതം (1490 അടി) സാന്റോറിനിയായേപ്പോലെ പൊട്ടിത്തെറിക്കുകയാണ് ഉണ്ടായത്. അന്നുയർന്ന പൊടിപടലം 33 മൈൽ ഉയരത്തിൽ പൊങ്ങി ലോകം മുഴുവനും ചുറ്റിക്കറങ്ങിയെന്നാണ് ചരിത്രം പറയുന്നത്. യഹോവായുടെ തിരഞ്ഞെടുക്കപ്പെട്ട ജാതിയായ യിസ്രായേല്യർ മിസ്രേമിലെ അടിമത്വത്തിൽ നിന്നും രക്ഷപെടാൻ ഒരു പ്രകൃതി ക്ഷോഭം കാരണം ആയെങ്കിൽ, മറ്റൊരു പ്രകൃതിക്ഷോഭം ആയിരിക്കും ക്രിസ്തു പ്രവചിച്ച 'വലിയ കഷ്ടപ്പാട്'' (Great Tribulation) എന്നു വിചാരിക്കുന്നതിൽ തെറ്റു കാണുന്നില്ല.

ബർദേസ്സാന്റെ പ്രവചനം ശരിയാണെങ്കിൽ ആ 'വലിയ കഷ്ടം' ഈ 20-ാം നൂറ്റാണ്ടിൽ തന്നെ നടക്കേണ്ടിയിരിക്കുന്നു. എബ്രായ തത്വചിന്തകന്മാരുടെ കണക്കുകൾ പ്രകാരം ആദാം മുതൽ മനുഷ്യരാശിയുടെ ആയുസ്സ് 3761 ബി. സി. യിലാണ് തുടങ്ങിയത് എന്ന് നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ എ. ഡി. 1654 ൽ ഐർലണ്ടിലെ ബിഷപ്പായിരുന്ന ഉഷർ, പഴയനിയമപ്രകാരം

www.malankaralibrary.com

കണക്ക് കൂട്ടി മനുഷ്യരാശി (ആദാം മുതൽ) 4004 ബി. സി. യിലാണ് തുടങ്ങിയത്, എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. മേല്പറഞ്ഞ കണക്കുകൾ പ്രകാരം മനുഷ്യരാശിയുടെ ആയുസ്സ് ആറായിരം വർഷം തികയ്ക്കാൻ വളരെ അധികകാലം ഇനിയും ഇല്ലാ എന്നുള്ള പരമാർത്ഥം നിഷേധിക്കുവാൻ സാധിക്കുകയില്ല.

പഴയനിയമത്തിലെ നീതിമാന്മാരായ പ്രവാചകന്മാരുടെ പ്രവചനങ്ങളും, പുതിയ നിയമത്തിലെ ക്രിസ്തുവിൻെറ വചനങ്ങളും വെളിപാട് പുസ്തകത്തിലെ പ്രവചനങ്ങളും മിക്കവാറും എല്ലാം തന്നെയും നിവൃത്തിക്കപ്പെട്ട് കഴിഞ്ഞിരിക്കുകയാണ്. നിവൃത്തിക്കപ്പെടാത്ത രണ്ട് സംഗതികൾ പ്രധാനമായി ഉണ്ടെങ്കിൽ അവകൾ 'വലിയ കഷ്ടം' (Great Tribulation) മത്തായി 24: 29–30; ലൂക്കോസ് 21: 24–28; "ക്രിസ്തുവിൻെറ രണ്ടാമത്തെ വരവ്" (വെളിപ്പാട് 19: 11–16; മത്തായി 24:30) എന്നിവയാണ്.

പഴയ നിയമപ്രകാരം യഹോവയുടെ തിരഞ്ഞെടുക്കപ്പെട്ട ജാതിയായ ഇസ്രായേല്യരെ അവരുടെ അതിക്രമം കാരണം ദൈവം വാഗ്ദത്തദേശത്തുനിന്നും ഓടിച്ച്, അന്യദേശങ്ങളിൽ ചിതറിച്ച് പാർക്കുന്നവരാക്കി ഇതു ആവർത്തന പുസ്തകം 28: 63–ാം വാക്യത്തിൽ പറയുന്ന പ്രവചനത്തിൻെറ നടത്തിപ്പാണ്. ബി. സി. 700–ാം മാണ്ടിനോടടുത്ത് ഇസ്രായേല്യരായ പത്ത് ഗോത്രങ്ങളെ അസ്സീറിയാക്കാർ ആക്രമിച്ച അടിമകളായികൊണ്ടുപോയി ബി. സി. 600–ാം മാണ്ട് നെബൂക്കദ്നേസർ യഹൂദ്യായിലെ രണ്ടു ഗോത്രങ്ങളെ അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോയി. എന്നാൽ ബി. സി. 536 ലും അതിനു ശേഷവും പല കൂട്ടങ്ങളിലായി ഇസ്റായേല്യർ യഹൂദ്യായിലേക്ക് തിരികെ വന്നു. ക്രിസ്തുവിൻെറ വചനപ്രകാരം (ലൂക്കോസ് 21: 24) എ. ഡി. 70–ൽ റോമാ സൈന്യാധിപനായ റൈറ്റസ് യരുശലേം നശിപ്പിച്ച് യഹൂദന്മാരെ ഇസ്റായേൽ ദേശത്തുനിന്നും റോമാ സാമ്രാജ്യത്തിൻെറ നാനാ ദേശങ്ങളിലേക്കും നാടുകടത്തി. 1900 വർഷങ്ങൾക്കുശേഷം "ജാതികളുടെ കാലം തികയുവോളം യരുശലേം ചവിട്ടിക്കളയും" എന്ന ക്രിസ്തുവിൻെറ വാക്കുകൾ പൂർത്തിയായശേഷം എ ഡി. 1967–ൽ യരുശലേം പരിപൂർണ്ണമായി യഹൂദ ജനതയുടെ കൈയിൽ വന്നുചേർന്നു. റോമാക്കാർ, അറബികൾ,

www.malankaralibrary.com

തുർക്കികൾ, ജോർദ്ദാന്യർ, പെലസ്തീന്യർ, ബ്രിട്ടീഷുകാർ തുടങ്ങിയ ജാതികൾ യെരുശലേമിനെ ഇക്കാലം അത്രയും കൈയ്യടക്കി വെച്ചിരുന്നു. യാഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേല്യരെ ലോകത്തിന്റെ നാനാദേശങ്ങളിൽ നിന്നും കൂട്ടിച്ചേർത്ത് വാഗ്ദത്ത ദേശത്ത് കൊണ്ടു വരുമെന്നുള്ള നീതിമാന്മാരായ ഏശയ്യ, (11: 11–12); യരമ്യാ (16: 14—16) എസക്കേൽ (11:17); ഹോശായാ, ആമോസ്സ്, മീഖാ തുടങ്ങിയ പ്രവാചകന്മാരുടെ പ്രവചനങ്ങൾ നിവൃത്തിക്കപ്പെട്ട് കഴിഞ്ഞിരിക്കുകയാണ്. അത്തിയാകുന്ന ഇസ്രായേൽ രാജ്യം പൂത്തു കായ്ക്കുമ്പോൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന് കാലമായി എന്നുള്ളത് മറ്റൊരു പ്രവചന സത്യമാണ്.

പുതിയ നിയമപ്രകാരം നോക്കിയാൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനു മുൻപായി ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും എല്ലാ ജാതികളുടെ ഇടയിലും സുവിശേഷം അറിയിക്കണം എന്ന ക്രിസ്തുവിന്റെ ആജ്ഞ മിക്കവാറും നിവൃത്തിക്കപ്പെട്ട കഴിഞ്ഞിരിക്കുകയാണ്. ചന്ദ്രനിൽ പോലും സുവിശേഷത്തിന്റെ വിത്ത് വിതറിക്കഴിഞ്ഞു. ക്രിസ്തു ഉയർത്തെഴുന്നേററ ശേഷം ഗലീലാ കടൽ തീരത്തു വെച്ച് മീൻ പിടിത്തത്തിൽ ഏർപ്പെട്ടിരുന്ന ശിഷ്യന്മാർക്ക് മൂന്നാമതും ക്രിസ്തു പ്രത്യക്ഷനായി. അന്നു പത്രോസ് ക്രിസ്തുവിന്റെ ആജ്ഞപ്രകാരം നൂററമ്പത്തിമൂന്ന് വലിയ മീൻ നിറഞ്ഞ വല കരയ്ക്ക് വലിച്ചു കയററി, എന്നാണ് വേദപുസ്തകത്തിൽ (യോഹന്നാൻ 21: 11, എഴുതിയിരിക്കുന്നത്. ക്രിസ്തുവിന്റെ സുവിശേഷം അറിയപ്പെട്ടിട്ടുള്ള ഏകദേശം 145 രാഷ്ട്രങ്ങൾ, ഐക്യരാഷ്ട്ര സംഘടനയിൽ അംഗങ്ങൾ ആയി ഇപ്പോൾ ഉണ്ട്, ആ സംഘടനയിൽ 153 എണ്ണം തികയാൻ വളരെ കാലം കാത്തിരിക്കേണ്ട ആവശ്യം ഇല്ല. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അടുത്തു എന്ന് ഒരു സൂചന ഇവിടെ നൽകുന്നില്ലേ?.

ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ 'വലിയ കഷ്ടത്തിന്റെ നാൾ' അത്ര വിദൂരമല്ലാത്ത ഭാവിയിൽ തന്നെ നമ്മുടെ മേൽ വന്നു ചേരുന്നതാണ് എന്നു കാണാം. ഈ വലിയ കഷ്ടം (Great Tribulation) എങ്ങനെ സംഭവിക്കും എന്നു നോക്കാം. ഈ നൂററാണ്ട് അവസാനിക്കുന്നതിനു മുമ്പായി, ഭൂമിയെ ഒററപ്പെടുത്തികൊണ്ട്

www.malankaralibrary.com

മററു ഗോളങ്ങൾ സൂര്യന്റെ പിന്നിൽ ഒരുമിച്ച് വരുന്നതാണ് എന്നു ജ്യോതിശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട് അങ്ങനെ വന്നാൽ ഭൂമിയുടെ ഒരു ഭാഗം തന്നെ കടലിൽ താണു പോകാൻ സാധ്യതയുണ്ടെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട് ഭൂമിയെക്കാളും അനേക മടങ്ങ് വലിപ്പമുള്ള Jupiter, Saturn, Uranus, Ncptune തുടങ്ങിയ ഗോളങ്ങൾ ഒത്തുചേർന്നു അവയുടെ ആകർഷണ ശക്തികൊണ്ട് ഭൂമിയുടെ ഘനീഭവിച്ച പുറം തോടിനു (Solid Crust) പെട്ടെന്ന് ഒരു തിരിവ് ഉണ്ടാകുകയില്ലെന്ന് പറയാൻ സാധിക്കുകയില്ല. സാധ്യതകൾ ആണ് കൂടുതൽ അങ്ങനെ സംഭവിച്ചാൽ മനുഷ്യ രാശിക്ക് ആ 'വലിയ കഷ്ടപ്പാട്'' അനുഭവപ്പെടുന്നതാണ്. പക്ഷെ വൃതന്മാർ മുഖാന്തിരം ആ നാളുകൾ ചുരുങ്ങും എന്നു ക്രിസ്തു തന്നെ പറയുന്നുണ്ട് മനുഷ്യരാശി മുഴുവനും വൃതന്മാരായാൽ ചിലപ്പോൾ ആ നാളുകൾ തന്നെ വന്നില്ലെന്നും വരാം കാരണം ''ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടി അറിയുന്നില്ല'', (മത്തായി 24:36) എന്നാണ് ക്രിസ്തു പറയുന്നത് ഈ വചനം മറന്ന് ആരൊക്കെ എന്തൊക്കെ പ്രവചിച്ചാലും അത് നടപ്പാകാൻ പോകുന്നില്ല. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ കാലം 1881—ൽ ആണെന്ന്, മദ്ധ്യതിരുവിതാംകൂറിൽ ഒരു നൂററാണ്ട് കാലം മുൻപ് (എ. ഡി. 1875) വളരെ ഒച്ചപ്പാട് ഉണ്ടാക്കിയ യുയോമയം എന്ന സഭയുടെ സ്ഥാപകനായിരുന്ന യുസ്തൂസ് യൗസേഫ് പ്രവചിക്കുകയുണ്ടായി പക്ഷെ അന്ന് ഒന്നും നടന്നില്ല. അമേരിക്കയിൽ അഡ്വന്റിസ്റ്റ് സഭാ സ്ഥാപകനായ വില്ല്യം മില്ല്യർ, 1843—44ൽ ക്രിസ്തുവിന്റെ രാജവാഴ്ച ആരംഭിക്കുമെന്ന് കണക്ക് കൂട്ടി പ്രവചിച്ചു. വില്ലരുടെ കണക്ക് കൂട്ടലും തെററുകയാണ് ഉണ്ടായത്. പക്ഷെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യ പുത്രൻ വരുന്നതു കൊണ്ട്, നിങ്ങളും ഒരുങ്ങിയിരിപ്പിൻ'' (മത്തായി 24:44) എന്ന രക്ഷയുടെ മാർഗ്ഗം അനുസരിപ്പാൻ ക്രിസ്ത്യാനികളായ ഏവരും ബാദ്ധ്യസ്ഥരാണ്. ഇതൊക്കെയായാലും വലിയ പ്രളയത്തിൽ നിന്നും രക്ഷപ്രാപിച്ച തെരഞ്ഞെടുക്കപ്പെട്ട നോഹയും കുടുംബവും പോലെ തെരഞ്ഞെടുക്കപ്പെട്ടവർ മാത്രമേ 'വലിയ കഷ്ടം' Great Tribulation കഴിഞ്ഞ്, 'ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും, തേജസ്സോടും കൂടെ' (മത്തായി 24: 30) മനുഷ്യപുത്രൻ വരുന്നതു കാണ്മാൻ അവ

www.malankaralibrary.com

www.knanayology.org

ശേഷിക്കുകയുള്ളു എന്നതു് മറെറാരു സത്യം ആണു്.

## വെളിപാടു് പുസ്തകത്തിലെ പ്രവചനം.

1976, സെപ്തംബർ 27—ാം കാലം ചെയ്ത ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ടു് എഴുതിയ വെളിപ്പാടു് പുസ്തകം (ഒരു പഠനം) എന്ന ഗ്രന്ഥത്തിൽ, മൂന്നാം പേജിൽ പറയുന്ന ദൈവത്തിന്റെ വാഗ്ദത്തെപ്പററിയുള്ള പ്രവാചക തുല്യമായ വ്യാഖ്യാനം അതേപടി ഇവിടെ കുറിക്കുന്നു.

"മാനസാന്തരപ്പെടുന്നതിനുവേണ്ടി പ്രവാചകന്മാർ ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ഈ ലോകത്തിൽ നീതി നടക്കണം. ഇവിടെ നിർമ്മലമായ ആരാധന നടക്കണം. ദൈവ രാജ്യം വരണം. അതിനുവേണ്ടി നാമും പ്രവർത്തിക്കണം. ഇപ്രകാരമാണു് പ്രവാചകരുടു്. എന്നാൽ വെളിപ്പാടിൽ (അപ്പൊക്കാലിപ്റ്റിക്കു് സാഹിത്യത്തിൽ) ഇതിനല്ല ഊന്നൽ നൽകിയിരിക്കുന്നതു്. രണ്ടു് യുഗങ്ങൾ (aeons) ഉണ്ടെന്നു് വെളിപാടു് ചൂണ്ടികാണിക്കുന്നു. നാം ജീവിക്കുന്നതു് സാത്താൻ വാഴുന്ന യുഗത്തിലാണു്. ദുഷ്ടത നിറഞ്ഞു് വരുമ്പോൾ ദൈവം പ്രവേശിക്കുകയും ദൈവം അത്ഭുതങ്ങൾ പ്രവൃത്തിക്കുകയും ചെയ്യും. എന്നാലും സാത്താന്റെ വാഴ്ചയുടെ കാലമാണിതു്. ഇന്നത്തെ വ്യവസ്ഥിതി ദൈവം പരിപൂർണ്ണമായി മാററും. പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ സ്വർഗ്ഗീയ യെരുശലേം സ്വർഗ്ഗത്തിൽ നിന്നു് വരും. കുഞ്ഞാടു് മനുഷ്യരോടുകൂടി വാഴും, സാത്താനും മഹാസർപ്പവും എന്നേക്കും നരകത്തിലേക്കു് പോകും. മനുഷ്യർ ദൈവത്തിങ്കലേക്കു് തിരിഞ്ഞു് പുതുക്കപ്പെടുന്ന ഒരു ജീവിതമല്ല ഇവിടെ സൂചിക്കപ്പെടുന്നതു് പിന്നെയോ ഒരു യുഗത്തിന്റെ അവസാനവും ഒരു നവയുഗത്തിന്റെ ആവിർഭാവവുമത്രെ. അതിനുവേണ്ടി നാം കാത്തിരിക്കണം. സഭ ദൈവത്തിന്റെ കൈയ്യിലാണു് സ്ഥിതി ചെയ്യുന്നതു്. യഹോവ—മനുഷ്യ പുത്രൻ—സഭയാകുന്ന കവര വിളക്കുകളുടെ നടുവിൽ നടക്കുന്നു എങ്കിലും ഇതു് ദുഷ്ടതയുടെ യുഗം. ഒരു പുതിയ യുഗം പിറക്കും. കണ്ടാലും ഞാൻ സകലവും പുതുതാക്കുന്നു. ഇതത്രേ വെളിപാടിൽ ദൈവത്തിന്റെ വാഗ്ദത്തം."

ഈ വാഗ്ദത്തിൽ രണ്ടു യുഗങ്ങൾ ഉണ്ടെന്നു് വ്യക്തമാകുന്നുണ്ടു്.

www.malankaralibrary.com

ഒന്നു് ഇപ്പോഴത്തെ യുഗം, രണ്ടാമത്തേതു് വരുവാനുള്ള യുഗം. സാരതുസ്ത്രമതഗ്രന്ഥ പ്രകാരം ഒരു യുഗത്തിന്റെ കാലം 12,000 വർഷം ആണു്. അതുപ്രകാരം ഇപ്പോൾ നിലവിലിരിക്കുന്ന യുഗത്തിന്റെ അന്തിമകാലം അടുത്തു എന്നും, അടുത്ത യുഗം തുടങ്ങാറായി എന്നും ആണു് ആധുനിക ശാസ്ത്രജ്ഞന്മാർ ശാസ്ത്രീയമായി അപഗ്രഥനം ചെയ്തിരിക്കുന്നതു്.

ഹെറോദോത്താസ്സ് പറയുന്നതു്, ഒരു യുഗത്തിൽ നിന്നും, മറെറാരു യുഗത്തിലേക്കു് കടക്കുമ്പോൾ സൂര്യൻ പടിഞ്ഞാറു് ഉദിച്ചു് കിഴക്കു് അസ്തമിക്കും എന്നാണു്. പക്ഷെ അതിനു് ശാസ്ത്രീയമായ സാധ്യതയില്ല. പഴയതു് എല്ലാം ഓർമ്മയിൽ നിന്നു് മാഞ്ഞു പോകുന്നതുകൊണ്ടു് പുതിയ യുഗത്തിൽ അങ്ങനെയൊരു തോന്നൽ ഉണ്ടാകുന്നതേയുള്ളു. എന്നാൽ സാധ്യതയുള്ളതു്, ഭൂമിയുടെ പുറംതോടിനു് (soild crust) ഉണ്ടാകുന്ന തിരിവുകൊണ്ടു് ഭൂമദ്ധ്യരേഖ ഇപ്പോഴത്തേതിൽ നിന്നു് മറെറാരു രേഖയായി മാറുക, ഉത്തരദക്ഷിണ ധ്രുവങ്ങൾക്കു് സ്ഥാനമാററം ഉണ്ടാകുക എന്നുള്ളതാണു്. അങ്ങനെ സംഭവിച്ചാൽ ലോകത്തിനു് ഒന്നാകെ ഉണ്ടാകുന്ന മാററങ്ങൾ എന്തൊക്കെയാണെന്നു് മനസ്സിലാക്കാവുന്നതേയുള്ളു. ഇന്നു് കാണുന്ന ഭൂഖണ്ഡങ്ങൾ (Continento) സമുദ്രം കയ്യേറും, പുതിയ ഭൂഖണ്ഡങ്ങൾക്കു് സമുദ്രം വഴി മാറി കൊടുക്കും. ഇങ്ങനെ ലോകത്തിനുണ്ടാകുന്ന കൊടും മാററത്തെപ്പററിയും, അതിനുള്ള കാരണവും, അനന്തര ഫലങ്ങളും യെശയ്യാ പ്രവാചകൻ, തന്റെ പ്രവചനത്തിൽകൂടെ വെളിവാക്കീട്ടുണ്ടു്. ആ പ്രവചനം, പുതിയ ഇംഗ്ലീഷ് ബൈബിളിൽ നിന്നും (യെശയ്യ 24:1—6) താഴെ ഉദ്ധരിക്കുന്നു.

"Beware, the Lord will empty the earth,
spilit it open and turn it upside down,
and scatter its inhabitants

Then it will be the same for the priest and people,
the same for master and slave, mistress and slave-girl,
seller and buyer,
borrower and lender, debtor and creditor.

www.malankaralibrary.com

www.knanayology.org

The earth is emptied clear away
and stripped clean bare.
For this is the word that the Lord has spoken.

The earth dries up and withers,
the whole world withers and grows sick;
the earth's high places sicken,
and earth itself is descrated by the feet of those who live in it,
because they have broken the laws, disobeyed the statues
and violated the eternal covenant.

For this a curse has devoured the earth
and its inhabitants stand aghast.

For this those who inhabit the earth dwindle
and only a few men are left.'

ഇങ്ങനെ ലോകത്തിനുണ്ടാകുന്ന കൊടും മാററവും, അതിനെ തുടന്നു് ഉണ്ടാകുന്ന കഷ്ടപ്പാടു് (Greate Tribulation) എന്നു് സുവിശേഷങ്ങളിൽ പറയുന്നതു്. ഈ വലിയ കഷ്ടപ്പാടു് കഴിഞ്ഞ ശേഷം മാത്രമേ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവു് ഉണ്ടാകയുള്ളു, എന്നു സുവിശേഷങ്ങൾ തന്നെ സാക്ഷ്യം പറയുന്നുണ്ടു്.

ആ വലിയ കഷ്ടപ്പാടിനു് ശേഷം ഒരു പുതിയ ലോകം ഉണ്ടാകുന്നു. എന്നാൽ യെരുശലേമിനു് യാതൊരു കോട്ടവും സംഭവിക്കുന്നില്ല. ഏതു് യുഗത്തിലായാലും സാംസ്കാരിക ലോകത്തിന്റെ കേന്ദ്രമായി യെരുശലേം പ്രശോഭിക്കുന്നു. (ഈജീപ്തും അതിനോടു് ചേർന്ന ദേശങ്ങൾക്കും യാതൊരു മാററവും സംഭവിക്കുന്നില്ല. എന്നാണു് ഹൊറൊദൊത്തോസ്സ് പറയുന്നതു്.) ശാസ്ത്രജ്ഞന്മാരും, വേദ പണ്ഡിതന്മാരും ഭൂമിയുടെ കേന്ദ്രമായി യെരുശലേമിനെ കരുതിയിരുന്നതിന്റെയും കാരണവും ഇതാണു്. ഈ സെഹിയോനിൽ (യെരുശലേം) വെച്ചാണു്. ജീവന്റെ പുസ്തകങ്ങൾ ഇറക്കപ്പെടും എന്നു പറയുന്നതു്. മറെറവിടെയാണു് അതിനു് സാദ്ധ്യതയുള്ളതു്.?

വരുവാനുള്ള പുതിയ യുഗവും 12,000 വർഷം കഴിയുമ്പോൾ, മറെറാരു യുഗത്തിനു് വഴിമാറി കൊടുക്കുന്നു. അങ്ങനെ യുഗായുഗങ്ങൾ കഴിയുന്തോറും മനുഷ്യന്റെ ശരീരഘടനയ്ക്കു് പരിവർത്തനം ഉ

www.malankaralibrary.com

ണ്ടാകുന്നു. ഡാർവിൻ സിദ്ധാന്തം (Darvin Theory) ശരിയാകുന്നു. പക്ഷെ ഏതു് യുഗത്തിലായാലും ശരീരം മണ്ണോടു് മണ്ണായി തീരുന്നു. എന്നാൽ ആത്മാവു് ഒരിക്കലും നാശപ്പെടുന്നില്ല. പുതിയ യുഗത്തിൽ ഈ ആത്മാക്കൾ പുതിയ ജഡം സ്വീകരിക്കുന്നു. പക്ഷെ വരുവാനുള്ള ലോകത്തിൽ നിനക്കു് നല്ല ജനനം (ഇതാണു് രക്ഷ എന്നു് പറയുന്നതു്) ഉണ്ടാകാൻ നീ നന്മ ചെയ്യുക, തിന്മ ചെയ്യാതിരിക്കുക. ഇതാണു് വി. വേദപുസ്തകം പറയുന്നതും, ഉപമകൾ മുതലായ പല പ്രതിപാദനരീതികളിൽ കൂടി ഉപദേശിക്കുന്നതും.

പൗലോസ്സു് അപ്പോസ്തോലൻ "ഈ വചനങ്ങളെ കൊണ്ടു് അന്യോന്യം ആശ്വസിപ്പിച്ചു കൊള്ളുവിൻ" (1 തെസ്സലോന്യ 4:18) എന്നു് പറയുന്നതുപോലെ ആശ്വാസ വചനങ്ങൾ ലോകത്തിൽ പലരും പറയും. എന്നാൽ 'നിന്റെ ദൈവമായ കർത്താവിനെ, നീ പൂർണ്ണ ആത്മാവോടും, പൂർണ്ണശക്തിയോടും, പൂർണ്ണ മനസ്സോടും കൂടി സ്നേഹിക്കുക; നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക' എന്ന ക്രിസ്തുവചനം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നവൻ രക്ഷിക്കപ്പെടും—വരുവാനുള്ള ലോകത്തിൽ നല്ല ജനനം ഉണ്ടാകും-ഇതു് ക്രിസ്തുവിന്റെ വാഗ്ദത്തം ആണു്, ഈ രണ്ടാമത്തെ കല്പനയുടെ ഒരു വ്യാഖ്യാനം യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ (58:4-12) പറയുന്നതു് ശ്രദ്ധിക്കുക.

"അന്യായ ബന്ധനങ്ങളെ അഴിക്കുക,
നുകത്തിന്റെ അമിനികയറുകളെ അഴിക്കുക,
പീഡിതരെ സ്വതന്ത്രരായി വിടുക,
എല്ലാനുകത്തെയും തകർക്കുക;
ഇതല്ലയോ എനിക്കു് (യഹോവയ്ക്കു്) ഇഷ്ടമുള്ള ഉപവാസം."
"വിശപ്പുള്ളവനു് നിന്റെ അപ്പം നുറുക്കി കൊടുക്കുന്നതും,
അലഞ്ഞു് നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തു കൊള്ളുന്നതും,
നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും,
നിന്റെ മാംസ രക്തങ്ങളായിരിക്കുന്നവർക്കു് നിന്നെ തന്നെ മറക്കാതിരിക്കുന്നതും;

അല്ലയോ! എനിക്കു് ഇഷ്ടമുള്ള ഉപവാസം."

www.malankaralibrary.com

www.knanayology.org

വിശപ്പുള്ളവനോട് നീ താല്പര്യം കാണിക്കുകയും,
കഷ്ടത്തിൽ ഇരിക്കുന്നവന് തൃപ്തിവരുത്തുകയും ചെയ്യുമെങ്കിൽ,
നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും, നിന്റെ അന്ധകാരം
മദ്ധ്യാഹ്നം പോലെയാകും."

ഈ രണ്ടാമത്തെ കല്പനയുടെ മറ്റൊരു വ്യാഖ്യാനം ആണ്, ചിലപ്പതികാരകാവ്യത്തിലെ ഇളങ്കോവടികളുടെ സാന്മാർഗ്ഗിക നിർദ്ദേശങ്ങൾ. മൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന അരചനും കേരളത്തിന്റെ അഭിമാനഭാജനവും, ഒരു ജൈനമതമുനിയും ആയിരുന്ന ഇളങ്കോയുടെ സന്മാർഗ്ഗിക നിർദ്ദേശങ്ങൾ (29-ാം ഗാഥ, 186-202 വരികൾ) ശ്രദ്ധിക്കുക:

"സമൃദ്ധി ചേർന്ന ഈ വലിയ ലോകത്ത് വാഴുന്ന മാലോകരേ
മററുള്ളവർക്ക് ഭീതിയും ദുഃഖവും ഉളവാക്കുന്ന സമ്പ്രദായത്തെ ഉപേക്ഷിക്കുവിൻ. ഈശ്വരൻ ഉണ്ടെന്ന് വിശ്വസിക്കുവിൻ. അങ്ങനെ ഈശ്വര സാക്ഷാല്ക്കാരം സിദ്ധിച്ചവരെ ആദരിക്കുവിൻ കളവ് പറയാൻ പേടിക്കുവിൻ. അന്യരെ പഴിക്കാതിരിക്കുവിൻ. മാംസാഹാരത്തെ ഉപേക്ഷിക്കുക. പ്രാണികളെ കൊല ചെയ്യാതിരിക്കുവിൻ. ശ്രദ്ധയോടുകൂടി ദാനം ചെയ്യുവിൻ. വ്രതങ്ങൾ പലതും അനുഷ്ഠിക്കുവിൻ. അന്യന്മാർ നമുക്ക് ചെയ്ത ഉപകാരത്തെ മറക്കാതിരിക്കുവിൻ. ദുർജ്ജനങ്ങളുടെ മൈത്രിയെ നിന്ദിച്ചുതള്ളുവിൻ. കള്ളസാക്ഷി പറയുന്ന വഴിക്കേ പോകാതിരിപ്പിൻ. സത്യവാക്യത്തെവിട്ട് നീങ്ങാതിരിപ്പിൻ. ധർമ്മമാർഗ്ഗത്തിൽ ചരിക്കുന്ന മഹാന്മാരുടെ സദസ്സിൽ മുടങ്ങാതെ ചെന്നു ചേരുവിൻ. ദുർമ്മാർഗ്ഗത്തിൽ ചരിക്കുന്ന പാപികളുടെ സംഘത്തിൽ നിന്നു് ഒഴിഞ്ഞു് നിൽക്കുവിൻ. പരസ്ത്രീയിൽ ആശയാകുന്ന പാതകത്തെ ഭയപ്പെടുവിൻ. സങ്കടത്തിൽപ്പെട്ട പ്രാണികളെ കാക്കുവിൻ. ഗൃഹസ്ഥാശ്രമത്തെ പോററുവിൻ. പാപകർമ്മങ്ങളെ ഒഴിക്കുവിൻ. കള്ളും, കളവും, കാമവും വ്യാജവും വെറും വാക്കു പറയുന്ന സംഘവും ത്യജിക്കുവാനുള്ള ഉപായത്താൽ ഉപേക്ഷിക്കുവിൻ. യൗവനവും, ധനവും, ശരീരവും നിൽക്കയില്ല. ആയുസ്സിന്റെ അന്തം കുറിക്കുന്ന ദിവസത്തിന് നീക്കംപോക്ക് വരികയില്ല. നമുക്ക് വിധിച്ചത് വരാതെ ഒഴിയുകയില്ല. (അതുകൊണ്ട്) മരണാനന്തരം ചെല്ലേണ്ടതായ പരലോകത്തിലേക്ക് ഉററതുണയായ പുണ്യത്തെ തേടിക്കൊൾവിൻ' എന്നീ പ്രകാരമാണ് ഇളങ്കോവടികൾ ഉപദേശിക്കുന്നതു്.

www.malankaralibrary.com

www.knanayology.org

അടുത്തതായി ബർദേസ്സാന്റെ '6000 വർഷം' എന്ന പ്രവചനത്തിലേക്ക് ഒന്നു് കണ്ണോടിക്കാം. ഒരു യുഗത്തിലെ 12,000 വർഷങ്ങളിൽ ആദ്യത്തെ ആറായിരം വർഷമാണു് ഉല്പത്തിയിൽ പറയുന്ന ആറു് ദിവസങ്ങൾ വേദപുസ്തകത്തിൽ തന്നെ ഒരു ദിവസം, ആയിരം വർഷത്തെ കുറിക്കുന്നു. വെളിപ്പാടു് പുസ്തകം (ഒരു പഠനം) എന്ന ഗ്രന്ഥത്തിൽ (58-ാം പേജ്) ഇതപ്പററിയുള്ള വിവരണം, താഴെ കൊടുക്കുന്നു.

'ആദ്യപുസ്തകം 2:3-ൽ യഹോവ ആറു് ദിവസത്തെ വേല പൂർത്തിയാക്കിയ ശേഷം സകല പ്രവൃത്തികളിൽ നിന്നും വിമുക്തനായി സ്വസ്ഥനായിരുന്നു എന്നു് കാണുന്നു. ഇതായിരിക്കാം സഹസ്രാബ്ദവാഴ്ചയ്ക്കു് അടിസ്ഥാനം. സങ്കീർത്തനം 90:4-ൽ യഹോവയുടെ സന്നിധിയിൽ ഒരു ദിവസം ആയിരം വർഷം പോലെ എന്നുണ്ടു്. അതായിരിക്കാം സഹസ്രാബ്ദവാഴ്ചയ്ക്കു് ആയിരം വർഷമെന്നു് കണക്കാക്കാനുള്ള അടിസ്ഥാനം.'

ഈ ആദ്യത്തെ ആറായിരം വർഷം (ആറു് ദിവസം) കഴിയുമ്പോഴേക്കും പഴയയുഗത്തിന്റെ സകലതും മായിക്കപ്പെടുന്നു. ഇതു് ഹിമകാലം ആയിരിക്കും. ഏഴാം ദിവസം ആണു് ദൈവത്തിന്റെ വിശ്രമകാലം, അടുത്ത ആറായിരം വർഷം വരെ ഇതു് നിലനിൽക്കുന്നു. ഇതു് വസന്തകാലം ആണു് അങ്ങനെ 12,000 വർഷം തികയുമ്പോൾ മറെറാരു യുഗം പിറക്കുന്നു. കഴിഞ്ഞുപോയ യുഗത്തിലെ ആത്മാക്കൾ അവനവന്റെ പ്രവൃത്തികളുടെ ഫലം പോലെ, പുതിയ യുഗത്തിൽ ജഡം ധരിച്ചു് പിന്നെയും ജനിക്കുന്നു. ഈ ജഡം ദാനം ചെയ്യുന്നതിനുവേണ്ടി, പുതിയയുഗത്തിലെ കുറച്ചുപേർ ജീവനോടെ ശേഷിക്കുന്നുണ്ടു്. ഇതു് യെശയ്യാപ്രവാചകൻ (24:1-6) വ്യക്തമാക്കുന്നുണ്ടു്. ആറാം വാക്യത്തിൽ പറയുന്നതു്'' 'അതുകൊണ്ടു് ഭൂമി ശാപഗ്രസ്തമായിരുന്നതിൽ പാർക്കുന്നവർ ശിക്ഷ അനുഭവിക്കുന്നു. അതുകൊണ്ടു് ഭൂവാസികൾ ദഹിച്ചുപോയി, ചുരുക്കം പേർ മാത്രം ശേഷിച്ചിരിക്കുന്നു.'

അങ്ങനെ പുതിയൊരു ലോകം സാംസ്കാരികമായും ശാസ്ത്രീയമായും വളർന്നു് വരുന്നു (ആദാം പൂർണ്ണജന്മത്തോടുകൂടിയ ഒരു മനുഷ്യനായിരുന്നു). പക്ഷെ ഭൂമിയുടെ പുറം തോടിനു്- ഭൂഖണ്ഡങ്ങൾക്കു്- Continental plates- യുഗായുഗങ്ങളായി ഉണ്ടാകുന്ന പരിവർത്തനത്തിൽ ഒക്കെയും, സൂര്യനും, ഭൂമിയും, (THE EARTH)

www.malankaralibrary.com

www.knanayology.org

ചന്ദ്രനും ലക്ഷോപലക്ഷം വർഷങ്ങൾ ചക്രവാളത്തിൽ നിലനില്ക്കുന്നു.

യെശയ്യാ പ്രവാചകൻ (65: 17)'' ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും, സൃഷ്ടിക്കുന്നു; മുമ്പിലത്തവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയില്ല '' എന്നു ചൂണ്ടിക്കാണിക്കുന്നു. എന്നാൽ വെളിപാടുകാരൻ(21:5)'' 'ഒന്നാമത്തതു്' കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ ഇതാ ഞാൻ സകലതും പുതുതാക്കുന്നു എന്നു്' അരുളിച്ചെയ്തു.'' സമാധാനവും, സന്തോഷവും, സമൃദ്ധിയും, സാഹോദര്യവും നഷ്ടപ്പെട്ട സാത്താന്റെ യുഗമായി മാറിയ ഈ നടപ്പു് യുഗമേ മാറി, ഒരു പുതിയ യുഗം ആവിർഭവിക്കുമെന്നാണ്' വെളിപ്പാടുകാരൻ തന്റെ ദർശനത്തിൽ കാണുന്നതു്.

പുതിയ ലോകമായാലും, പുതിയ യുഗമായാലും, അവിടെ നല്ല ജനനം ഉണ്ടാകാനും, സിംഹകുട്ടികളോടുകൂടി ആട്ടിൻകുട്ടി വസിക്കുന്ന ഒരു ജീവിതം സംവിധാനം ചെയ്യുവാനും നീ നന്മ പ്രവൃത്തിക്കുക ഇതാണ്' മതങ്ങളുടെ തത്വം. എന്നാൽ മനുഷ്യൻ പാപത്തിൽ ഉരുവായി, പാപത്തിനു്' അടിമയായി ജീവിക്കുന്നു. നന്മചെയ്തുകൊണ്ടു് മാത്രം അവൻ മോക്ഷത്തിനു്' അർഹനാകുകയില്ല നീ ജീവനുള്ള ദൈവത്തിന്റെ മുൻപിൽ എന്നും കുറവുള്ളവനാണ്'. ഇതു്' ക്രിസ്തുമതത്തിന്റെ കാതലായ വിശ്വാസം ആണു്'. ഈ കുറവിന്റെ പാപപരിഹാരത്തിനു്–പാപമോചനത്തിനു്–മാമോദീസ്സായും, വിശുദ്ധ കർബാനാനുഭവവും ആണ്' പോംവഴികൾ. അഹറോന്റെയും മോശയുടെയും ഗണത്തിൽപ്പെട്ട വൈദികർക്കു്' മാത്രമേ ഈ കർമ്മങ്ങൾ നടത്താൻ അവകാശമുള്ളു. അല്ലാതെ ഞാൻ ദൈവീകവരം കിട്ടിയവനാണ്', പരിശുദ്ധാത്മാവിളിയുള്ളവനാണ്' എന്നൊക്കെപറഞ്ഞു് ആരെങ്കിലും ഈ കർമ്മങ്ങൾ നടത്തുന്നു എങ്കിൽ അവർ കള്ളപ്രവാചകരുടെ ഗണത്തിൽപ്പെട്ടവരാണ്'. ഒരു ക്രിസ്ത്യാനി തന്റെ ജന്മപാപങ്ങൾക്കു്' പരിഹാരമായി മാമോദീസ്സാ സ്വീകരിക്കുന്നെങ്കിൽ, കർമ്മപാപങ്ങൾക്കു്', നന്മകൾ പ്രവർത്തിക്കുന്നതോടൊപ്പം സത്യകുമ്പസാരത്തിനുശേഷം വി. കർബാന കൈക്കൊള്ളുകയും ചെയ്യുന്നു വരുവാനുള്ള ലോകത്തിൽ രക്ഷ, ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദന്മാർ' മാത്രമല്ല, സകല ജാതികൾക്കും അവകാശമായി തീരുവാൻ വേണ്ടിയാണു്' ക്രിസ്തു സ്വയം ബലി അർപ്പിക്കപ്പെ

www.malankaralibrary.com

www.knanayology.org

ട്ടതു്. ആ ബലിയുടെ ആവർത്തനമാണു് വി. കുർബാനയിൽ നടക്കുന്നതു്. അതിൽ പങ്കാളി ആകുന്നതോടുകൂടി ഒരു ക്രിസ്ത്യാനി പുതുക്കപ്പെടുന്നു. ഇതു് ക്രിസ്തുമതത്തിന്റെ കാതലായ തത്വം ആണു്

എന്നാൽ മലങ്കരയിലെ ക്രിസ്തീയ സഭകളോടു് ഒരു വാക്കു് ഞാൻ ചോദിച്ചുകൊള്ളട്ടെ! യെരുശലേം ദേവാലയത്തിൽ വെച്ചു് വിധവയുടെ രണ്ടു് കാശിനെ വിലമതിച്ച ക്രിസ്തു! നമ്മൾ വിയർത്തുണ്ടാക്കാത്തതും വിദേശങ്ങളിൽ നിന്നും കോരിച്ചൊരിയുന്നതുമായ പണംകൊണ്ടു് നിർമ്മിച്ചിട്ടുള്ളതും, നിർമ്മിക്കുന്നതുമായ അംബര ചുംബികളായ ദേവാലയങ്ങളിൽ വസിക്കുമോ? രണ്ടു പൈസ്സയ്ക്കു് വേണ്ടി കരഞ്ഞതു് ഒരു രൂപായുടെ ജോലിയെങ്കിലും (നഷ്ടപ്പെട്ടുപോയ രണ്ടു് കാശു് തേടിയെടുക്കുവാൻ വേണ്ടി) ആ വിധവ ചെയ്തിട്ടുണ്ടു്. ഈ പൈസ അല്ലയോ ദൈവത്തിനു് പ്രിയങ്കരമായതു്? അങ്ങനെയുണ്ടാക്കിയ കാശുകൊണ്ടു് പണിയുന്ന ദേവാലയമല്ലേ ദൈവത്തിനു് വാസയോഗ്യമായതു്? ഈ വകയിലെങ്കിലും, മലങ്കരയിൽ ഓർത്തഡോക്സ്-യാക്കോബായ-മാർത്തോമ്മാ സഭകൾക്കു് അഭിമാനിക്കാമെന്നു് തോന്നുന്നു. എന്നാൽ ഓർത്തഡോക്സ്, മാർത്തോമ്മാ സഭകൾ വിദേശസഭകളെ ആശ്രയിക്കാത്തതിന്റെ കാരണം ''അന്യന്റെ സ്വർണ്ണ മാളികയെക്കാളും, എന്റെ ചെറ്റക്കുടിൽ നല്ലതു്'' എന്നു് അഭിമാനിക്കുന്നതുകൊണ്ടാണു്, അതേ സമയം വിദേശ സഭകളുടെ മേധാവിത്വം ഇഷ്ടപ്പെടാത്തതിന്റെ കാരണം ''ബുദ്ധിയുള്ള കന്യകമാരെപ്പോലെ തനിക്കുള്ളതു് അന്യർക്കു് വിഭജിച്ചു കൊടുത്താൽ രണ്ടുകൂട്ടർക്കും തികയുകയില്ല'' എന്നു് ബോധ്യം ഉള്ളതുകൊണ്ടും ആണു്.

ക്രിസ്തുമതത്തിന്റെ കാതലായ തത്വം മുൻവിവരിച്ചതെങ്കിൽ, ബുദ്ധമതം ഇനിയൊരു ജന്മം ഈ ലോകത്തിൽ തന്നെ ഉണ്ടാകാതിരിക്കുവാൻ നന്മ ചെയ്യുക എന്നാണു് ഉപദേശിക്കുന്നതു്. അതുപോലെ മണിക്കേയമതം, നിനക്കു് മോക്ഷം കിട്ടുവാൻ സൽപ്രവൃത്തികളാൽ കരുപിറപ്പിൽ നിന്നും ഏഴാമത്തെ പിറപ്പായ വെൺപിറപ്പിൽ പ്രവേശിക്കാം എന്നാണു് പറയുന്നതു്. സാരതുസ്ത്രമതം രണ്ടു് ലോകങ്ങളെപ്പററിയാണു് പറയുന്നതു്. ഒന്നു് പ്രകാശത്തിന്റെ ദൈവമായ ഓർമസ്ദിന്റെ ലോകം, മറേറതു് അന്ധകാരത്തിന്റെ ദൈവമായ അഹിരിമാന്റെ ലോകം. ഈ രണ്ടു് ലോകങ്ങളെപ്പററി മണി

www.malankaralibrary.com

മേഖലയിൽ 16-ാം ഗാഥയിലെ 85-91 വരികൾ, പറയുന്നത് താഴെ കുറിക്കുന്നു.

ലോകത്ത് പിറന്നവൻ ഉണരുന്നതും
മരിച്ചവർ ജനിക്കുന്നതും,
ഉറങ്ങുന്നതും, ഉറങ്ങി ഉണരുന്നതും,
പോലെ സത്യം ആയതുകൊണ്ട്
നല്ല ധർമ്മങ്ങൾ ചെയ്യുന്നവർ,
ആനന്ദപ്രാപ്തിയ്ക്ക് പററിയ ഉയന്ന
ലോകങ്ങളിലെത്തുന്നതും
ദുഷ്ക്കർമ്മങ്ങൾ ചെയ്യുന്നവർ
അസഹ്യമായ വേദനയുളവാക്കുന്ന
നരകം പ്രാപിക്കുന്നതും
സത്യം എന്നറിഞ്ഞതിനാൽ''—എന്നാണ്.

രണ്ട് ലോകങ്ങളെപ്പററി മേല്പറഞ്ഞ വരികളിൽ പറയുന്നെങ്കിൽ അതേ ഗാഥയിൽ 92-94 വരികളിൽ, ബുദ്ധമത തത്വത്തെയാണ് കാണിക്കുന്നത്.

''ഉടൽ വിട്ടു പോകുന്ന ഉയിർ
വേറെ രൂപം കൈക്കൊണ്ട്
മററൊരു സ്ഥലത്ത് പ്രവേശിക്കും''

ഇങ്ങനെ ഉയിർ വേറെ രൂപം കൈക്കൊണ്ട്, ഏഴാമത്തെ പിറപ്പായ വെൺപിറപ്പിൽ പ്പിറന്ന് മോക്ഷം കിട്ടുന്നു എന്നാണ് മണിമേഖല 27ാം ഗാഥ, 150—155 വരികളിൽ പറയുന്നത്.

എന്നാൽ ഹിന്ദുമതം, രണ്ട് ലോകമായാലും, പുനർ ജന്മമായാലും, വരുവാനുള്ള ലോകമോ യുഗമോ ആയാലും, അവിടെ നീ മനുഷ്യനായി തന്നെ വീണ്ടും ജനിക്കുന്നതിനു് ദൈവാശ്രയം ഉള്ളവനായി തീരുക എന്ന തത്വം ആണ് സ്വീകരിച്ചിട്ടുള്ളത്. നീ മനുഷ്യനായി തന്നെ, വരുവാനുള്ള ലോകത്തിലൊ പുനർജന്മത്തിലൊ ജനിക്കമെന്ന് എന്ത് ഉറപ്പാണ് ഉള്ളത്? ഈ തത്വത്തെപ്പററി ഇന്നേദിവസം (ഒക്ടോബർ 15, 1976) ഹിന്ദു പത്രത്തിൽ "Devotion to God will Pay" എന്ന ശീർഷകത്തിൽ ഇട്ടിരുന്ന ഭാഗം താഴെ കുറിക്കുന്നു.

www.malankaralibrary.com
www.knanayology.org

'When a calamity strikes a person or when he is suddenly eclipsed by excessive and unbearable grief, the natural tendency for him will be to think of ending his life. Committing suicide is not only a sin, but the punishment for it may be extremely severe. Moreover, no individual has a right to get rid of the human form that has been gifted to him by God for a specific purpose. There is no guarantee that in his re-birth, he may assume the same form; in all probability, he may be made to manifest as an insect oreven as an inanimate being. On the other hand, when agony stares at him it will be wise for him to hold on to the feet of God, pray to Him to give him the necessary strength to bear the troubles in thislife itself. His devotion and sincere appeal are bound to fetch favourable response.

മതങ്ങളുടെ തത്വങ്ങൾ എന്തായാലും ഒരു ജ്യോതിശാസ്ത്രജ്ഞനായ ബർദസ്സാൻ ഈ ലോകത്തിന്റെ നിലനിൽപ്പ് ആദാം മുതൽ ആറായിരം വർഷമെന്ന് തിട്ടപ്പെടുത്തുകയുണ്ടായി. വേദപുസ്തകത്തിലെ പ്രവചനങ്ങളിൽ 99 ശതമാനവും നടപ്പായിരിക്കുന്നതിനാലും, 6000 വർഷം തികയാൻ അധിക കാലം ഇല്ലാത്തതിനാലും (ഹിബ്രു കലണ്ടർ പ്രകാരം 5736 വർഷം ഇപ്പോൾ തികഞ്ഞു); ആധുനിക ശാസ്ത്രജ്ഞന്മാർ, ഈ വസന്തയുഗം അവസാനിച്ച് ഹിമയുഗം തുടങ്ങാൻ കാലമായിരിക്കുന്നു എന്ന് പ്രവചിച്ചിരിക്കുന്നതിനാലും; ഭൂമിയുടെ പുറംതോടിനെ ഖണ്ഡങ്ങളായി തിരിച്ചിരിക്കുന്ന വിടവുകൾക്ക് 1976-ൽ പ്രകടമായ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നതിനാലും (Continental plates movement); അദ്ദേഹത്തിന്റെ കണക്ക് കൂടുതൽ ശരിയാകാനാണ് സാധ്യത.

വെളിപ്പാട് പുസ്തകത്തിലെ മറ്റൊരു പ്രവചനം കൂടി എഴുതികൊള്ളുന്നു. മാർത്തോമ്മാ ഈ മലങ്കരയിൽ വന്ന് നഫ്താലിഗോത്രത്തിൽപ്പെട്ട നമ്പൂതിരികളെ മാത്രമേ ക്രിസ്ത്യാനികളായി മാമ്മോദീസ്സാ മുക്കിയിട്ടുള്ളു എന്ന് ഒന്നാം അദ്ധ്യായത്തിൽ വ്യക്തമാക്കിയിരുന്നല്ലോ ആ നഫ്താലി ഗോത്രത്തിൽപെട്ട നസ്രാണികൾ ആണോ വെളിപാടുകാരൻ പറയുന്ന പ്രകാരം (7: 2—4); നെറ്റിയിൽ മുദ്രയിടപ്പെടേണ്ടിയ പന്തീരായിരം പേർ എന്ന് തോന്നിപ്പോകുന്നു. മലങ്കര സഭയ്ക്ക് 16ാം നൂറ്റാണ്ടു മുതൽ ഇന്നേയോളം ഉണ്ടായിട്ടുള്ള പ്രയാ

www.malankaralibrary.com

സങ്ങളും കഷ്ടതകളും എല്ലാം തന്നെയും നെററിയിൽ മുദ്രയിടപ്പെടേണ്ടിയവരെ വേർതിരിച്ചെടുക്കുവാനുള്ള ശുദ്ധീകരണം അല്ലായിരുന്നോ?. പ്രവചനങ്ങൾ നിവൃത്തിക്കപ്പെടണമല്ലോ.

## Notes

1. Deatails from 'Bardaissan of Edessa' by J. W. Drijvers.

2. Malankara Nazranikel, Vol. I Page 236.

3. 'The Acts of Thomas were in use among Manichaeans and certain terms are definitely Manichaean.' Ref: 'Bardaissan of Edessa' by Drijvers Page 211.

4. 'The report of Moses of Chorene that Bardaissan resided in Armenia, doing historical research and working for for the propagation of Christianity.'

   Ref: Bardaissan of Edessa, page 218.

5. 'Bardaissan the eminent Edessan known as the founder of the Syriac literature.' Ref; 'Nestorians and their Muslim neighbours' by Dr. John Joseph, Page 19.

6. 'The author has no interest in Chronogrephy, or geography. He gave no date what ever. All that the author was interested in was the single fact that Thomas went to India.' Ref; Apostle Thomas in North India' by J. N. Farquhar.

7. (a) 'The Epistles might be received and read in the churches, what James has written from Jerusalem. Simon from Rome, John from Ephesus, Mark from Alexandria, Andrew from Phyrgia, Luke from Maccdonia, Judas Thomas from Ihdia'

   Ref: 'Ancient Syriac Documents' by Cureton page 32.

   (b) There is very definite statement in early Syriac liter-

DR. JACOB KOLLAPARAMBIL EDUCATIONAL TRUST LIBRARY & ARCHIVES KADUTHURUTHY

www.malankaralibrary.com

ature to the effect that he send letters from India and there is abundancc of indirect evidence that such a letter as we have described lay, in Edessa uutil the close of the second century atleast.'

Ref: The Apostle Thomas in North India' by J. N. Farquhar.

8. See: Kerala History vol, I, by Kerala History Association page 5.

9. Ibid—115

10. See: The Ante-Nicene Fathers, chapter Bandaisium, page 734.

11. Ref: Persian Wars, Book III, by Herodotus.

12. Ref: Ante-Nicene Fathers (American Edition) vol; viii page 374.

13. Ref: Herodotus. Persian Wars, Book II Edited by Rawlinson' page 188.

14. Ref: As published in THE INDIAN EXPRESS dated 12-6-76.

★

ധർമ്മം അനുഷ്ഠിക്കുന്നതു് നാളെ ആവാം എന്നു് കരുതുകയാണെങ്കിൽ ഈ പറയുന്ന നേരം കൊണ്ടു തന്നെ നല്ല ജീവൻ അകന്നു് പോയെന്നു് വരും. തങ്ങൾക്കു് ഇത്രവരെ ആയുസ്സുണ്ടു് എന്നു് തിട്ടമായി അറിഞ്ഞിട്ടുള്ളവർ സാഗര മേഖലയായ ഭൂമിയിൽ ആരും തന്നെയില്ല.

—ഇളങ്കോവടികൾ.

www.malankaralibrary.com

## അദ്ധ്യായം 4

# ശിഷ്യന്മാരുടെ യാത്രയ്ക്കുള്ള ഒരുക്കം

ആഴ്ചയുടെ ഒന്നാംനാൾ പെന്തിക്കൊസ്തി ദിവസം രാവിലെ ശിഷ്യന്മാർ പതിനൊന്നുപേർ നസ്രേത്തിൽനിന്നും ബദ്സയിദാ മലയിൽ ഒരുമിച്ചു വന്നുകൂടി. ക്രിസ്തുവും അവരുടെകൂടെ ഉണ്ടായിരുന്നു. ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യേണ്ട സമയമായപ്പോൾ അവരുടെ തലമേൽ തന്റെ കൈകളെ വെച്ച് 'പൌരോഹിത്യ'മെന്ന ദാനം അവർക്കു കൊടുത്തു. ഉടൻതന്നെ ഒരു മേഘം വന്നു മൂടി ക്രിസ്തു സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ട് ദൈവത്തിന്റെ വലതുഭാഗത്തു ഇരുന്നു. ഇതേസമയം ശിഷ്യന്മാർ ദൈവത്തെ സ്തുതിക്കുകയും, പൌരോഹിത്യത്തിന്റെ വലതുകൈ തങ്ങൾക്ക് ലഭിക്കുകയും, മോശയുടേയും, അഹറോന്റേയും ഗണത്തിൽ അവരെ ഉൾപ്പെടുത്തുകയും ചെയ്തതിൽ സന്തോഷിക്കുകയും ചെയ്തു.[1]

ബദ്സയിദായിൽ നിന്നും അവർ പെസഹാ ആഘോഷിച്ച മന്ദിരത്തിൽ, മുകളിലത്തെ നിലയിൽകൂടി, അന്യഭാഷകൾ അറിയാത്ത തങ്ങൾ എങ്ങനെ സുവിശേഷം അറിയിക്കുമെന്നുള്ള ചിന്തയോടുകൂടി പല ആലോചനകളും, വിവാദങ്ങളും നടത്തി. ഈ സമയം ശീമോൻകേഫ എഴുന്നേററുനിന്ന് 'നമ്മൾ എങ്ങനെ സുവിശേഷം അറിയിക്കുമെന്ന് തമ്മിൽ തമ്മിൽ വിവാദപ്പെടേണ്ട കാര്യമില്ല. ക്രിസ്തുവിന് നമ്മൾ എങ്ങനെ സുവിശേഷം അറിയിക്കണമെന്ന് അറിയാം, ഇതു നമ്മുടെ കാര്യമല്ല വാഗ്ദത്തമായ 'പാറ്ക്ലീത്തായ്ക്കു വേണ്ടി കാത്തിരിക്കുക മാത്രമാണ് ചെയ്യേണ്ടി'യതെന്നു മററു ശിഷ്യന്മാരെ ഇത് ബോധിപ്പിച്ചു. ഇതു കഴിഞ്ഞയുടൻ ഒരു അസാധാരണ ശബ്ദം കേൾക്കുകയും, സുഗന്ധപരിമളം അവരുടെയിടയിൽ പരക്കുകയും ചെയ്തു. കൂടാതെ തീനാവുകൾ[2] അവരുടെ തലമേൽ വന്നിറങ്ങി. ആ തീനാവുകൾ അവരോട് ആജ്ഞാപിക്കുകയും മനസിലാക്കികൊടുക്കുകയും ചെയ്തു, സ്ഥലങ്ങളിലേക്ക് പോകാൻ അവർ ഒരുക്കമുള്ളവരായിത്തീരുകയും ചെയ്തു. ഇതു സംഭവിച്ചതു് ഗ്രീക്കുവർഷം

www.malankaralibrary.com
www.knanayology.org

350 ലാണെന്നു (എ. സി. 38–39) രേഖപ്പെടുത്തിയിട്ടുണ്ടു്.

തോമായുടെ നടപടികൾ എഴുതിയ ബർദേസ്സാൻ എഴുതിയിരിക്കുന്നതു്, പതിനൊന്നു് അപ്പോസ്തലന്മാർ ഒരുമിച്ചു് കൂടിയിരുന്നു് താന്താങ്ങൾക്കു് പോകേണ്ടിയ സ്ഥലം തിരഞ്ഞെടുക്കുവാൻ ചീട്ടിട്ടു എന്നാണു്. ഇതു ബർദേസ്സാന്റെ തന്നെ സങ്കൽപ്പമായിരിക്കാം.

പന്ത്രണ്ടു ശിഷ്യന്മാരും, 72 അറിയിപ്പുകാരിൽ ചിലരും എവിടെയെല്ലാം പോയിയെന്നു് ഇവിടെ ചുരുക്കമായി പ്രസ്താവിക്കുന്നതു അസ്ഥാനത്താകുകയില്ലെന്നു വിചാരിക്കുന്നു. താഴെപറയുന്ന വിവരങ്ങൾ 'അപ്പോസ്തോലന്മാരുടെ ഉപദേശങ്ങളിൽനിന്നും' എടുത്തതാണു്.

യെരുശലേം, പലസ്തീൻ, ഫിലിസ്ത്യ യാക്കോബിൽനിന്നും; അലക്സാണ്ട്റിയ, ഈജിപ്തു് മുതലായ സ്ഥലങ്ങൾ മാർക്കോസിൽനിന്നും; ഇൻഡ്യയും അതിലുൾപ്പെട്ട രാജ്യങ്ങളും അതിർകടൽ വരെയും തോമസ്സിൽനിന്നും; അന്തോഖ്യാ, സിറിയ സിലീഷ്യ മുതലായ രാജ്യങ്ങൾ മാത്രമല്ല റോം, ഇററലി, സ്പെയിൻ, ഇംഗ്ലണ്ടു്, ഗോൾ ഈ രാജ്യങ്ങൾ ശിമോൻകേഫായിൽ നിന്നും; എഫേസ്സസ്സ്, തെസലോനീക്യാ, നിക്കോമിദ്യാ, ബിഥിന്യാ, ഗോഗു മുതലായ രാജ്യങ്ങൾ അന്ത്രയോസ്സിൽനിന്നും; ബൈസന്റിയം, ത്രേസ് മുതലായ രാജ്യങ്ങൾ ലൂക്കോസ്സിൽനിന്നും അപ്പോസ്തോലിക കൈവെപ്പ് കൈവരിച്ചു. എദേസ്സാ, സോബാ, അറേബ്യാ, മെസ്സപ്പൊത്തോമ്യ അതിരുകൾ വരെ ആദായിൽ നിന്നും; പേർഷ്യാ, അസിറിയ, അർമീനിയ, മെഥ്യ, ഗോഗ്ഗ് മാഗോഗ്ഗ് തുടങ്ങിയ സ്ഥലങ്ങൾ ആദായിയുടെ ശിഷ്യനും സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്നവനുമായ ആഗ്ഗായിൽനിന്നും അപ്പോസ്തോലിക കൈവെപ്പ് ലഭ്യമായി

അപ്പോസ്തോലന്മാരുടെ ഉപദേശങ്ങൾ എന്ന ഗ്രന്ഥപ്രകാരവും, തോമായുടെ നടപടികൾ പ്രകാരവും മാർത്തോമാ ഇൻഡ്യയിലേക്കു് പോകാൻ തിരഞ്ഞെടുക്കപ്പെട്ട അപ്പോസ്തോലൻ ആണെന്നു് വ്യക്തമാകുന്നുണ്ടു്. അപ്പോസ്തോലന്മാർ താന്താങ്ങൾക്കു് പോകേണ്ടിയ സ്ഥലം തിരഞ്ഞെടുക്കുവാൻ ചീട്ടിട്ടപ്പോൾ തോമാശ്ലീഹാ ഇൻഡ്യയാണു കിട്ടിയതു്. അപ്പോസ്തോലന്മാരുടെ ഉപദേശ (Doctrine) ത്തിൽ

www.malankaralibrary.com
www.knanayology.org

പ്പറയുന്നതുപോലെ ക്രിസ്തുതന്നെ പരിശുദ്ധ റൂഹാ മുഖാന്തിരം ആണ് അവർക്ക പോകേണ്ടിയ സ്ഥലം അറിയിച്ചു കൊടുത്തത്. ക്രിസ്തു റൂഹാ മുഖാന്തിരം അറിയിക്കുക മാത്രമല്ല അതു നടപ്പാക്കുകകൂടി ചെയ്തു. അതായതു് ഇൻഡ്യയിലേക്കു പോകാൻ മടിച്ചു് അന്യനാട്ടിൽ അലഞ്ഞു്തിരിഞ്ഞുനടന്ന തോമായെ ക്രിസ്തു 20 വെള്ളിതാലത്തിനു് ഹാബ്ബാൻ എന്ന കച്ചവടക്കാരനു്, അടിമയായി വിൽക്കുകകൂടി ചെയ്തു. അങ്ങനെ നിർബന്ധപൂർവ്വം മാർത്തോമ്മായെ ഇൻഡ്യയിലേക്കു് അയക്കുകയാണു് ചെയ്തതു്.

മാർത്തോമ്മ 4 രണ്ടു യാത്രകൾ യെരുശലേമിൽനിന്നു ചെയ്തിരുന്നു എന്നുള്ളതിനു് പ്രധാനമായ തെളിവു് 'ഇൻഡ്യയും അതിലുൾപ്പെട്ട രാജ്യങ്ങളും അറുതികടൽവരെയും' തോമസ്സ് സുവിശേഷം അറിയിച്ചു എന്നു അപ്പോസ്തോലന്മാരുടെ ഉപദേശത്തിൽ പറയുന്ന വാക്കുകളാണു്. ഒന്നാം നൂററാണ്ടിൽ അന്നറിയപ്പെടുന്ന ഇൻഡ്യാ, പാർത്ഥ്യയിൽനിന്നും വിഘടിച്ചു നിന്നിരുന്ന 'ശകാൻ' രാജവംശം ഭരിച്ചിരുന്ന ഇൻഡോ-സീത്യാ രാജ്യമാണു്. ഈ ഇൻഡ്യയും ഇതിനോടു ചേർന്നു കിടക്കുന്ന മററുചെറുരാജ്യങ്ങളിലും (അതായതു) ബെലൂചിസ്ഥാൻ, സൊഗതിയാൻ, ബാക്ടറിയാ മുതലായവ) ആണു് മാർത്തോമ്മാ ആദ്യം സുവിശേഷം അറിയിച്ചതു്. എ. ഡി. 48-ൽ (ഗ്രീക്കുകാലം 350-ൽ) കന്യകമറിയാമിന്റെ മരണം 5 ആസന്നമായപ്പോൾ മാർത്തോമ്മാ മററു്ശിഷ്യന്മാരെപ്പോലെ വി. റൂഹായുടെ അരുളപ്പാടാൽ യെരുശലേമിൽ ചെന്നിരുന്നതായി വി. യോഹന്നാൻ ശ്ലീഹായുടെ സാക്ഷ്യം തന്നെയുണ്ടു്. യെരുശലേമിൽനിന്നു് രണ്ടാമതു നടത്തിയ യാത്രയാണു് അറുതി കടൽവരേയും, എന്നു് അപ്പോസ്തോലന്മാരുടെ ഉപദേശത്തിൽ കൊടുത്തിരിക്കുന്നതു്. ഇൻഡ്യാ മഹാസമുദ്രമാണു് ലോകത്തിന്റെ തെക്കെ അതിരി എന്നൊരു സങ്കല്പം അക്കാലത്തു് ഉണ്ടായിരുന്നു. ഭൂലോകം തന്നെ പരന്നതും 6 മഹാസമുദ്രങ്ങൾ അതിന്റെ അതിരുകളും ആണെന്ന സങ്കൽപ്പത്തിൽ ഇരിക്കുന്ന കാലഘട്ടത്തിലാണു് മാർത്തോമ്മാ തന്റെ യാത്രകൾ നടത്തിയതു്.

അലക്സാണ്ടർ വടക്കേ ഇൻഡ്യ പിടിച്ചെടുത്തു് 'സമർഖന്ധ' (Samarqund) കടന്നു്, അന്നറിയപ്പെടുന്ന ലോകത്തിന്റെ വടക്കേ അററം വരെ പോയി എന്നാണു പറയുന്നതു്. പക്ഷേ 'അറാൽ' കായലിനു തൊട്ടടുത്തു് വരെ മാത്രമേ പോയിട്ടുള്ളു. ആ സ്ഥലത്തിനു്

www.malankaralibrary.com
www.knanayology.org

അലക്സാണ്ട്റിയാ എന്ന പേരും കൊടുത്തു. മാർത്തോമ്മാ സുവിശേഷം അറിയിച്ച അവതി കടൽതീരം, ആണ്, മലങ്കര അഥവാ കേരളം എന്ന് ഇവിടെ വ്യക്തമാണ്. 'മാർത്തോമ്മായുടെ നടപടികൾ, എന്ന ഗ്രന്ഥമാണ് ഈ യാത്രകളെപ്പററി ആദ്യമായി (218—222 എ. ഡി.) വേണ്ട വിശദീകരണം തരുന്നത്. തോമായുടെ നടപടികൾ വിശദമായി ഇവിടെ കൊടുക്കുന്നില്ല. കാരണം ഇംഗ്ലീഷിൽ എഴുതി 1962—ൽ നെതർലാൻഡിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥം പൂർണ്ണമായ വിവരണം കൊടുക്കുന്നുണ്ട്. കൂടാതെ മലയാള പരിഭാഷ ഇസഡ്. എം. പാറേട്ടിന്റെ 'മലങ്കര നസ്രാണികൾ' എന്ന ഗ്രന്ഥത്തിലും ഉണ്ട്.

## മാർത്തോമ്മായുടെ യാത്ര

മാർത്തോമ്മാ യരുശലേമിൽ നിന്നും, ഗൊണ്ടഫോറസ്സ് രാജാവിന്റെ (വടക്കുപടിഞ്ഞാറെ ഇന്ത്യാ) അടുക്കലേക്കു പോയവഴിയും, സന്ദർശിച്ച സ്ഥലങ്ങളെപ്പററിയും ആണ് കൂടുതലായി താഴെ വിവരിക്കുന്നത്. അതിൽ നടപടികളിൽ പറയുന്ന ഭാഗങ്ങളും കുറെയൊക്കെ ഉൾപ്പെടുകയും ചെയ്യും.

മാർത്തോമ്മാ കടൽ മാർഗ്ഗമാണ് സിന്ധു നദീതടത്തേയ്ക്കു് പോയതെന്ന് പേർഷ്യൻ ഉൾക്കടലിലെ സുഗമമായ യാത്രയെപ്പററി ഓർത്തുകൊണ്ട് പല ചരിത്രകാരന്മാരും എഴുതിപ്പോകുന്നുണ്ട് എന്നാൽ ഒന്നാം നൂററാണ്ടിൽ പാർത്ഥ്യ സാമ്രാജ്യത്തിന്റെയും പേർഷ്യയുടെയും ഇടയിൽ തെക്കായി സ്ഥിതിചെയ്തിരുന്ന മെസ്സീൻ[6] എന്ന ചെറുരാജ്യമാണ്, (a buffer state in the south just as Edesa in the north) പേർഷ്യൻ ഉൾക്കടലിലെ കപ്പൽ യാത്രയും കച്ചവടവും പരിപൂർണ്ണമായി നിയന്ത്രിച്ചിരുന്നത്. ഇവർ മൂലാന്തിരം പാർത്ഥ്യയ്ക്കു് ഒരു നാവിക ശക്തിയായി ഉയരാൻ ഒരിക്കലും സാധിച്ചിരുന്നില്ല. മെസ്സീൻ രാജ്യത്തിന്റെ തുറമുഖമായ ചാറക്സ് സ്പാസിനി (modern Basrah) മെസ്സപ്പൊത്തോമ്യായിലേയ്ക്കുള്ള കവാടവും ആയിരുന്നു. ഇന്ത്യയിൽ നിന്നും ഉള്ള കച്ചവട സാധനങ്ങൾ മെസ്സപ്പൊത്തോമ്യയിലേക്ക് കൊണ്ടുപോയിരുന്നത് പ്രധാനമായും ഒമാൻ[7] ബഹറിൻ തുടങ്ങിയ സ്ഥലങ്ങളിൽ കൂടി അറേബ്യാ തീരം വഴിയായിരുന്നു. പേർ

www.malankaralibrary.com
www.knanayology.org

ഷ്യാ ഇറാക്കടലിലെ കടൽകൊള്ളക്കാരുടെ ഉദ്രവം മൂലം കപ്പൽയാത്ര അവിടെ സുഗമമല്ലായിരുന്നു. അതിനാൽ മാർത്തോമ്മാ കടൽ മാർഗ്ഗം യാത്ര ചെയ്തല്ല വടക്ക പടിഞ്ഞാറെ ഇൻഡ്യയിലേയ്ക്കു് പോയതു്. പ്രത്യുത, എദേസ്സാ ഉറമിയ (മെദിയാ) സാന്തറുക്ക് (പാർത്ഥ്യാ) സുഗതപുരം (സൊഗദിയാന) എന്നീ പ്രവിശ്യകൾ കടന്നു് തക്ഷശിലയിലേക്ക് (ഗാന്ധഹാർ) കരമാർഗ്ഗമാണു് പോയതു്. ഈ മാർഗ്ഗത്തിനു പ്രതിബന്ധമായി നിൽക്കുന്ന മസാന്തരൻ മലകൾ ഒഴിഞ്ഞു മാറാൻ വേണ്ടി മാത്രമേ കാസ്പിയൻ കടലിൽ കപ്പൽ യാത്ര നടത്തേണ്ടി വരുന്നുള്ളു. പല ചരിത്രകാരന്മാരും ഊഹാപോഹങ്ങളിൽ കൂടി ചെങ്കടൽ വഴി അറേബ്യൻ കടലിൽ സൊക്കൊട്ടായിൽ മാർത്തോമ്മാ എത്തി, അവിടെ നിന്നും സിന്ധു നദീതടത്തിലേയ്ക്കു് കപ്പൽ യാത്ര ചെയ്താണു് തക്ഷശിലയിൽ എത്തിയതെന്നു് എഴുതിയിട്ടുണ്ടു്. എന്നാൽ പേർഷ്യം സാമ്രാജ്യത്തിന്റെ 20 പ്രവിശ്യകളിൽപ്പെട്ട മെഡ്യാ, പാർത്ഥ്യാ[8] സൊഗദിയ എന്നിവിടങ്ങളിൽ മാർത്തോമ്മാ സുവിശേഷം അറിയിച്ചിട്ടുണ്ടെന്നു ചരിത്രകാരന്മാർ പറയുന്ന ഒരു സംഗതിയാണു്. അങ്ങനെയെങ്കിൽ അറേബ്യാ സമുദ്രം വഴിയുള്ള യാത്രാമുഖാന്തിരം ഇതു സാധിക്കുമോ എന്നു് ചിന്തിച്ചു കാണുന്നില്ല. കരിങ്കടലിനും, കാസ്പിയൻ കടലിനും മദ്ധ്യേയായും ഈ കടലുകൾക്കു് തെക്കുമായി സ്ഥിതിചെയ്യുന്ന പ്രവിശ്യകളിൽ പോകണമെങ്കിൽ പാർത്ഥ്യാ സാമ്രാജ്യത്തിന്റെ ഏററവും വടക്കു് ഭാഗത്തു്കൂടി പോകുന്നവഴി ഉപയോഗിച്ചാലേ, സാധിക്കുകയുള്ളു. മെഡ്യാ പ്രവിശ്യ മുഴുവനായി ചേർന്നു കിടക്കുന്ന മസാന്തരൻ പർവത നിരകളിൽ കാസ്പിയൻ കടലിനു തെക്കായി സ്ഥിതിചെയ്യുന്ന അരസുര[9] (Arezura) മലകളാണു്, ഈ വഴിയിൽ കൂടെയുള്ള സുഗമമായ യാത്രയ്ക്കു് ഒരു വലിയ പ്രതിബന്ധം. അലക്സാണ്ടർ ചക്രവർത്തി എദേസ്സാ പിടിച്ച ശേഷം പേർഷ്യയിൽ അരബില്ല നഗരത്തിൽ എത്തി അവിടെ നിന്നും സമർഖണ്ഡിലേക്കുള്ള വഴിയിൽ സ്ഥിതിചെയ്യുന്ന പതിനൊന്നായിരം അടി ഉയരമുള്ള മസാന്തരൻ മലകൾ കാരണം,[10] (ഭൂതപ്രേതാദികളുടെ കേന്ദ്രമാണിവിടം) അദ്ദേഹം നേരെ കിഴക്കോട്ടു് പോകാതെ തെക്കോട്ടു തിരിഞ്ഞു് ബാബിലോണും, സൂസായും പിടിച്ചശേഷം വടക്കു കിഴക്കോട്ടു് തിരിഞ്ഞു് പേർഷ്യയുടെ ഒരു തലസ്ഥാനമായിരുന്ന പസർഗദിൽ എത്തി. അവിടെ നിന്നും നേരെ വടക്കു കിഴക്കോട്ടു തിരിഞ്ഞു ആണു് സമർഖണ്ഡിൽ എത്തിയതു്.

DR. JACOB KOLLAPARAMBIL EDUCATIONAL
KADUTHURUTHY
www.malankaralibrary.com

എന്നാൽ ഒരു കച്ചവടക്കാരനായ ഹാബ്ബാന് എളുപ്പവഴി നിശ്ചയമുണ്ടായിരുന്നതുകൊണ്ട് മാർത്തോമ്മായോടു കൂടി എദേസ്സായിൽ നിന്നും ഉറമി 11 യായിൽ എത്തി അവിടെ നിന്ന് മസാന്തരൻ മലയിടുക്കവഴി (Similar to Palaghat gap in south India) 12 കാസ്പിയൻ കടലിന്റെ തെക്ക പടിഞ്ഞാറെ തീരത്ത് എത്തുന്നു. അവിടെ നിന്നും അവർ കപ്പൽകയറി കാസ്പിയൻ കടൽ കറകെ യാത്രചെയ്ത കിഴക്കെ തീരത്തെ കവാടമായ സാന്തകത്ര (സാന്തറക്ക്) എന്ന തുറമുഖത്തു രണ്ടുപേരും ഇറങ്ങി അവിടത്തെ രാജാവിന്റെ വിരുന്നിൽ പങ്കുകൊള്ളുന്നു. ഈ തുറമുഖത്തിനു സാന്തറക്ക് മഹോദശ എന്നാണ് സുറിയാനിയിൽ പറയുന്നതു. മഹോദശ എന്നുവെച്ചാൽ കവാടം 13 (Gateway) എന്നർത്ഥമാണുള്ളതു. ഈകവാടം കൊള്ളക്കാരുടേയും, കൊള്ളിവെപ്പുകാരുടെയും കേന്ദ്രമായിരുന്ന മസാന്തരൻ മലകളിലേക്കുള്ള 14 (നരകത്തിലേക്കുള്ള) താണ്. സാന്തറക്കിൽ നിന്നും തക്ഷശിലയിലേക്കുള്ള രാജപാതയിൽകൂടി (അലക്സാണ്ടർ നിർമ്മിച്ചതു) യാത്രചെയ്ത് ഹാബ്ബാനും മാർത്തോമ്മായും ഗോണ്ടഫോറസ്സ് രാജാവിന്റെ കൊട്ടാരത്തിൽ എത്തുന്നു. മസാന്തരൻ പർവ്വത നിരകൾ ഉറമിയാ തടാകം മുതൽ കാസ്പിയൻ കടലിന്റെ തെക്കെ തീരം മുഴുവനായി ചുററിക്കിടക്കുന്നു. കാസ്പിയൻ കടലിന്റെ തെക്ക പടിഞ്ഞാറെ തീരത്തുനിന്നും കിഴക്കേ തീരത്തേയ്ക്കുള്ള കപ്പൽ യാത്ര എട്ടു 15 ദിവസം കൊണ്ടു നടത്താവുന്നതും അതുമൂലം കറഞ്ഞതു 500 മൈൽ 16 എദേസ്സായിൽ നിന്നും തക്ഷശിലയിലേക്കുള്ള യാത്രയിൽ അവർക്ക് ലഭിക്കുവാൻ സാധിച്ചു.

പാർത്ഥ്യാ സാമ്രാജ്യത്തിന്റെ ഏററവും വടക്ക ഭാഗത്തുകൂടി പോകുന്ന കരമാർഗ്ഗമാണ്, മാർത്തോമ്മാ ആദ്യത്തെ യാത്ര നടത്തിയെന്നുള്ളതും, ആ യാത്രയിൽ കപ്പൽ യാത്ര നടത്തിയതു കാസ്പിയൻ കടലിലും ആണെന്നും ഉള്ള എന്റെ നിഗമനത്തിന് വേണ്ട തെളിവുകളാണ് താഴെ കൊടുക്കുന്നതു.

മാർത്തോമാ തന്റെ ആദ്യത്തെ യാത്രയിൽ സുവിശേഷം പ്രസംഗിക്കുകയും പുരോഹിതന്മാരെ വാഴിക്കുകയും ചെയ്തതായി, അപ്പോസ്തോലന്മാരുടെ ഉപദേശത്തിൽ പറയുന്ന ഏക സ്ഥലം ഇൻഡ്യമാത്രമാണ്. എന്നാൽ 72 അറിയിപ്പുകാരിൽപ്പെട്ട ആദായി, എദേസ്സാ സോദി, അഥറബ്യാ, മെസ്സപ്പൊത്തോമ്യാ എന്നീ സ്ഥലങ്ങളിലും

ആഗ്ഗായി, പേർഷ്യാ, അർമിനായ, മെഥ്യാ, ബാബിലോൺ, ഗോഗ്, മാഗോഗ് എന്നിവിടങ്ങളിലും സുവിശേഷം അറിയിക്കുകയും പൗരോഹിത്യം കൊടുക്കുകയും ചെയ്തു എന്നാണ് അതേ ഗ്രന്ഥത്തിൽ പറയുന്നത്. എന്നാൽ തോമായുടെ നടപടികളിൽ പറയുന്നതുപോലെ, മാർത്തോമാ വടക്കേ ഇന്ത്യയിൽ (ഗോണ്ടഫോറസിന്റെ രാജ്യത്ത്) സന്തിപ്പാസിനെ സഭാ ചുമതലകൾ ഏല്പിച്ചിട്ടുള്ളതുപോലെ ആദായിയേയും, അഗ്ഗായിയേയും അതാതു സ്ഥലങ്ങളിൽ മാർത്തോമ്മാ ഏർപ്പെടുത്തിയിട്ടു പോകുകയാണ് ചെയ്തത്. വടക്കേ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ച് ജനങ്ങളെ ക്രിസ്തുവിൽ മാനസാന്തരപ്പെടുത്തിയതുപോലെ ഇവിടങ്ങളിൽ മാർത്തോമ്മാ ചെയ്തിട്ടില്ല. അതിന് ഉദാഹരണമാണ് എദേസ്സായിലെ അക്ബാർ രാജാവിന്റെ കഥ.

എദേസ്സായിലെ രാജാവായിരുന്ന[17] അക്ബാർ തീരവ്യാധിയാൽ കഷ്ടപ്പെട്ടപ്പോൾ, ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളെപ്പറ്റി കേൾക്കാനിടയായി. രാജാവ് അനന്യാസ് എന്ന സേനാനായകൻ മുഖാന്തിരം ഒരു കത്ത് ക്രിസ്തുവിനു കൊടുത്തയച്ചു. അതിൽ രാജാവിന്റെ അടുക്കൽ വന്ന് ദീനം സൗഖ്യമാക്കിത്തരണമെന്ന് ക്രിസ്തുവിനോടു അഭ്യർത്ഥിച്ചിരുന്നു. അതിനു മറുപടിയായി ക്രിസ്തു 'ഞാൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുകഴിഞ്ഞു'' ഒരു ശിഷ്യനെ ദീനം സൗഖ്യമാക്കുന്നതിന് അയച്ചു തരും എന്നെഴുതി. ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത ശേഷം, തോമസ്സ് ആദായിയെ അക്ബാർ രാജാവിന്റെ അടുക്കൽ അയച്ച്, അദ്ദേഹത്തിന്റെ ദീനം സൗഖ്യം ആക്കി അവിടെ സുവിശേഷം അറിയിച്ചു. എന്നാൽ ആദായി ഈ ലോകം വെടിയാനുള്ള കാലം ആയപ്പോൾ മെഥിയായിലും പാർത്ഥ്യയിലും സുവിശേഷം അറിയിക്കാൻ പോയിരുന്ന തഥായിയെ (ആഗ്ഗായി) വിളിച്ചു വരുത്തി എദേസ്സായിലെ സഭയുടെ നേതാവും ആദായിയുടെ പിൻഗാമിയും ആയി പട്ടം കൊടുത്തു. മേൽപ്പറഞ്ഞ ചരിത്രത്തിൽ നിന്നും മനസിലാകുന്നത് അക്ബാർ രാജാവിന്റെ അടുക്കലേക്ക് ആദായിയെ അയച്ചശേഷം, മാർത്തോമ്മാ തഥായിയേയും, സന്തിപ്പാസിനേയും കൂട്ടി എദേസ്സായിൽ നിന്നും മെഥ്യയിലേക്ക് പോയി എന്നാണ്.

ആദായിയുടെ മാർഗ്ഗദർശിനി[18] യായിരുന്ന മാർത്തോമ്മായുടെ

www.malankaralibrary.com
www.knanayology.org

നാമത്തിലാണ്, അക്ബാർ രാജാവിന്റെ അനുവാദത്തോടുകൂടി ആദാ ഏദേസ്സയിൽ [19] പള്ളി പണിതത്. കൈസ്സേറിയായിലെ എവുസ്സെബിയസ്സിന്റെ ചരിത്രം പറയുന്നത് [24] ആദായിയെ അക്ബാർ രാജാവിന്റെ അടുക്കലേക്ക് അയച്ചത് മാർത്തോമ്മാതന്നെ ആണെന്നാണ്. മാർത്തോമ്മായുടെ പിൻഗാമികളായി എദേസ്സായിൽ മാർത്തോമ്മായുടെ സിംഹാസനത്തിൽ വാണിരുന്ന മെത്രാന്മാരാണ് ആദായി (എ. ഡി. 72–120) യും, ആഗ്ഗായി (120–152) യും. ഇപ്രകാരം എദേസ്സായിലെയും, പിന്നീട് സെലൂഷ്യാ—സ്റ്റെസിഫോണിലേക്കും, തിഗ്രിസ്സിലേക്കും മാററപ്പെട്ട സിംഹാസനത്തിൽ വാണിരുന്ന മെത്രാന്മാരുടെ (എ. ഡി. 231–ലെ യെരുശലേം സുന്നഹദോസ്സിന് ശേഷം കാതോലിക്കാമാർ) ആത്മീക നേതൃത്വത്തിലാണ്, മലങ്കരയിലെ അർക്കദിയാക്കോന്മാർ (Arch Deacons) പൂർണ്ണലൗകികാധികാരത്തോടുകൂടി മലങ്കരസഭയെ എ. ഡി. 72 മുതൽ 1599വരെ ഭരിച്ചിരുന്നത്.

ഇനിയും തോമായുടെ നടപടികളിലേക്ക് തിരിയാം ഇതിൽ 'അപ്പോസ്തോലന്മാരുടെ ഉപദേശ'ങ്ങളിൽ പറയുന്നതിൽനിന്നും വിഭിന്നമായ ഒരു ചരിത്രം ആണ് പറയുന്നത്. ഇൻഡ്യയിലേക്ക പോകാൻ മാർത്തോമ്മാസ്സ് ചീട്ടു വീണപ്പോഴും അവിടേയ്ക്കു പോകാൻ ഇഷ്ടമില്ലാതെ പല ഒഴിവുകളും പറഞ്ഞ് അദ്ദേഹം പിറുപിറുത്തു. എന്നാൽ ക്രിസ്തു രാത്രിയിൽ തോമാസ്സിന് പ്രത്യക്ഷപ്പെട്ട് 'ഭയപ്പെടേണ്ട എന്റെ അനുഗ്രഹം നിന്റെ കൂടെയുണ്ട്'' എന്നു പറഞ്ഞു എന്നാൽ തോമാ ഞാൻ എവിടെ വേണമെങ്കിലും പോകാം. പക്ഷെ ഇൻഡ്യയിലേക്ക് എന്നെ അയക്കരുതേ എന്ന് അപേക്ഷിച്ചു.

പിന്നെ തോമായെ കാണുന്നത് ഒരു തെരുവിൽ [29] അലഞ്ഞു നടക്കുന്നതായിട്ടാണ്. ഈ സമയത്ത് ഗുഢനാഫർ (ഗോണ്ടഫോറസ്സ്) രാജാവിന്റെ കച്ചവടക്കാരനായ ഹാബാൻ ഒരു വിദഗ്ദ്ധനായ ആശാരിയെ തിരഞ്ഞു നടക്കുകയായിരുന്നു. ഹാബാൻ ഈ തെക്ക ദേശത്ത് വന്നതായി അറിഞ്ഞ ക്രിസ്തു 'ഒരു ആശാരിയെ വാങ്ങാൻ ആഗ്രഹിക്കുന്നുവോ' എന്നു ഹാബാനോട് ചോദിച്ചു ആവശ്യമുണ്ടെന്ന് പറഞ്ഞ ഹാബാന്, ക്രിസ്തു തോമായെ 20 വെള്ളിക്ക് ഒരു അടിമയായി വിററു അതിനു ചീട്ടും കൊടുത്തു. അങ്ങനെ തോമാ ഹാബാന്റെ കൂടെ ഗുഢനാഫർ രാജാവിന്റെ രാജധാനിയിലേക്ക പോകുന്നതാണ് ആദ്യത്തെ നടപടി.

www.malankaralibrary.com

www.knanayology.org

തോമാ അലഞ്ഞു തിരിഞ്ഞു് നടന്ന തെക്കുദേശം എവിടെയാണെന്നുള്ളതിനെപ്പററി പല അഭിപ്രായങ്ങളും ചരിത്രകാരന്മാരുടെ ഇടയിൽ വന്നിട്ടുണ്ടു്. എഡേസ്സാ ആകാൻ ന്യായമില്ല. കാരണം ആ നഗരത്തിനു അടുത്തു് സമുദ്രമോ, മററു ജലാശയങ്ങളോ ഇല്ല. തെക്കൻ ദേശത്തുനിന്നും കപ്പൽ കയറി സാന്തറുക്കു് പട്ടണത്തിൽ അവർ എത്തിയെന്നാണു് നടപടികൾ പറയുന്നതു്.

ഈജിപ്തു് വഴിയാണു് മാർത്തോമ്മാ ഇൻഡ്യയിലേക്കു വന്നതു് എന്നു ചിലർ സമർത്ഥിക്കുന്നുണ്ടു് മാർത്തോമ്മായെ ക്രിസ്തു വിററതു് ഈജിപ്തിലെ പ്രധാന തുറമുഖമായ അലക്സാണ്ടറിയയിൽ വെച്ചാണെന്നു് ഒരു സങ്കൽപ്പമുണ്ടു്. പക്ഷെ കപ്പൽ അടുത്ത സാന്തറുക്കു് എവിടെയാണെന്നു് ഈ വഴിക്കു പോയാൽ കണ്ടുപിടിക്കാൻ പ്രയാസമായിട്ടാണു് ഇരിക്കുന്നതു്. അറബിക്കടലിലെ സൊക്കോട്രാ ദ്വീപാണു് സാന്തറുക്കു് എന്നും അനുമാനമുണ്ടു്. പക്ഷെ ചെങ്കടൽ കടന്നു് അറബിക്കടൽ വഴി, വടക്കേ ഇൻഡ്യയിൽ സിന്ധു നദീമുഖത്തെ തുറമുഖമായ പട്ടാലയിൽ എത്തി, അവിടെനിന്നും 1500 മൈൽ നദിയിൽ കൂടെ ഒഴുക്കിനെതിരേ, കാററിന്റെ സഹായത്താൽ കപ്പൽ ശാന്തമായി ഓടിച്ചു , സമുദ്രനിരപ്പിൽനിന്നും 1780 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന തക്ഷശിലയിൽ ചെന്നു് എത്തിയെന്നുള്ളതു് സംശയകരമായിട്ടുള്ള ഒരു സംഗതിയാണു്. അവർ കാററിന്റെ സഹായത്താൽ കപ്പൽ 22 ശാന്തമായി ഓടിച്ചു് സാന്തറുക്കിൽ എത്തിയതെന്നു് നടപടിയിൽ പറയുന്നുണ്ടു്. മാർത്തോമ്മായും ഹാബാനും കൂടി കപ്പലിൽനിന്നും ഇറങ്ങിയ സാന്തറുക്കു് എവിടെയാണെന്നു് കണ്ടുപിടിച്ചു് കഴിഞ്ഞാൽ എവിടെനിന്നും അവർ യാത്ര തുടർന്നെന്നും തക്ഷശിലയിൽ ഏതു വഴിക്കു് എത്തിയെന്നും മനസ്സിലാക്കാൻ പ്രയാസസമില്ല. മുൻപേജുകളിൽ ഇതിനെപ്പററി കുറെയൊക്കെ വിശദീകരിച്ചിട്ടുണ്ടു്.

മാർത്തോമ്മാ, പാർത്ഥ്യസാമ്രാജ്യത്തിലെ മെഥിയാ പ്രവിശ്യയിൽ ഉറുമിയാ തടാകതീരത്തുള്ള 23 ഉറുമിയാ നഗരത്തിൽ വന്നു് ക്രിസ്തുമതം സ്ഥാപിച്ചു എന്നു. അവിടെയുള്ള നെസ്തോറിയർ വിശ്വസിക്കുന്ന ഒരു സംഗതിയാണു്. ഈ ഉറുമിയാ നഗരത്തിന്റെ പ്രാധാന്യം എന്താണെന്നു ആദ്യം നോക്കാം.

In ancient times the lake Urumiyah was known as Kai-

www.malankaralibrary.com

www.knanayology.org

Khusroi having idol temples in great numbers, later it came to be known as kai-Karta[24] an Avesta name (Zoroastrian). This lake is lying at a height about 5000 ft. from sea level in the Atro-Patkin or Azerbaejan district of Iran. The water is warm and saltish so no creatures are living in it. Its source is connected with a wide formed ocean (Caspian sea) by a river flowing through the gap of the mountain ranges Erzurum in turkey and Elburz in the Mazendaran province of Iran. The location of Caspian sea (in Zend Avesta it is called Kammud) is north of Taparistan, a province including part of Mazendran. The Caspian sea was navigable[25] even during avesta period i. e. 300 B. C. The name of the river which connects Lake Urumiyah and Caspian sea was known as Darga during Avesta period and considered as the chief exalted river [26] because Zarathuts the father of Zoroastrain religion born on the bank of the river in 660 B. C.

During Parthian period, the place where Zarathust was born was known as Urumiyah and the lake also was known as Urumiyah instead of Kae-Karta This Urumiyah was the Prosperous town in the province of Media north of the Parthian Empire and south of Samarkhand or Sugadapuram [27]. Zoroaster who was born in the seventh century B. C. was from the tribe of Magi in Media. The priests of the religion of Zoroastrianism (or Mazadaism) were generally known as Magis[28]. The ancient Persian Kingdom of Cyrues the Great and his successors adopted Zorastranism as the national religion. In an inscription of Darius I, it was given: says Darius [29] the King 'By the grace of Ormazd (good God) I am king. Ormazd has granted me the empire'.

But during Alexander's Invasion of Persia, the sacred books [30] were destoroyed. Zorastrain faith was in chaotic condition But after the over throwing of Seleucid dominion by Parthians by about 250 B. C. Zoroastrianism showed signs of revival because Parthians adhered to the Iranian faith. During this period Pahlavi language was developed in Persia. In the first half of first century Mar Thoma came to the shores of Urumiyah the birth place of Zoroaster (Zarathusthra), which was a piligrim centre to the Persians as a whole.

www.malankaralibrary.com

ഉമഥിയായിൽ സുവിശേഷം അറിയിച്ച അപ്പോസ്തോലൻ ആഗ്ഗായി (തഥായി) ആണെന്ന് '[31] അപ്പോസ്തോലന്മാരുടെ ഉപദേശത്തിൽ' പറയുന്നുണ്ട്. ആഗ്ഗായിയെ ഉറമിയായിൽ ക്രിസ്തുസഭയുടെ വേലക്കാരായി നിർത്തിയിട്ട്, മാർത്തോമ്മാ നഗരത്തിൽ അലഞ്ഞു നടക്കുമ്പോഴാണ് ഹാബാൻ കച്ചവടത്തിനായി ഉറമിയായിൽ വരുന്നതും, ക്രിസ്തു ഒരു അടിമയായി മാർത്തോമ്മായെ ഹാബാന് വിൽക്കുന്നതും. ഇൻഡ്യയിലേക്കു പോകാൻ മടിച്ച് നട്ടംതിരിയുമ്പോഴാണ് ക്രിസ്തു നിർബന്ധപൂർവ്വം തോമായെ വിൽക്കുകയാണ് ചെയ്യുന്നത്. ഇവിടെ ക്രിസ്തു ഉപദേശിക്കുക മാത്രമല്ല ചെയ്യുന്നത്. അതു നടപ്പാക്കുകകൂടി ചെയ്യുന്നുണ്ട്. ഉറമിയാ തടാകത്തിൽനിന്നും കാസ്പിയൻ കടലിലേക്കൊഴുകുന്ന 'ധഗ്ഗാ' നദീതീരത്തുകൂടി അവർ കാസ്പിയൻ കടൽതീരത്തേക്ക് നടക്കുകയാണോ ചെയ്യുന്നത്, അതോ ധഗ്ഗാ നദിയിൽകൂടി കപ്പലിൽ കാസ്പിയൻ കടലിൽ ചെല്ലുകയാണോ ചെയ്യുന്നത് എന്നു വ്യക്തമാക്കാൻ പ്രയാസമാണ്. എന്നാൽ നടപടിയിൽ പറയുന്ന പ്രകാരമാണെങ്കിൽ ഉറമിയായിൽനിന്നു അവർ കപ്പൽ കയറിയിരിക്കുമെന്നാണു വ്യക്തമാകുന്നത്. കാസ്പിയൻ കടലിന്റെ പടിഞ്ഞാറെ തീരത്തുനിന്നും കിഴക്കോട്ട് കപ്പൽ യാത്ര ചെയ്ത് സാന്തറുക്ക് (ഗ്രീക്കിൽ, സാർത്താ കർത്താ) മഹോശയിൽ അവർ എത്തുന്നു. കാസ്പിയൻ കടലിലെ ഈ കപ്പൽയാത്രമൂലം കരമാർഗ്ഗമുള്ള 500 മൈൽ യാത്ര ലാഭിക്കുക മാത്രമല്ല ചെയ്യുന്നത്, യമലോകമായ (മെർഹന്തരൻ) മസാന്തരവനങ്ങളിലെ സന്താക്കുകളിൽനിന്നും രക്ഷപ്പെടുകയും കൂടിയാണു ചെയ്യുന്നത്. ഈ സന്താക്കുകൾ രാക്ഷസന്മാരായ മാംസഭുക്കുകളാണ്. ഇതേ കാരണത്താലാണ് 'സാന്തറുക്ക് മഹോശാ' എന്ന പേര് കപ്പൽ അടുത്ത തുറമുഖത്തിന് കിട്ടിയത്. അതായത് [32] നരകത്തിലേക്കുള്ള വാതിൽ, (Gate way to Hell). ഇ. എം. ഫിലിപ്പിന്റെ സഭാചരിത്രത്തിൽ മഹോശ[33] എന്ന വാക്ക് സുറിയാനി പദം ആണെന്നും ആ വാക്കിന്റെ അർത്ഥം 'മറ്റൊന്നിലേക്കുള്ള കവാടം' എന്നും പറഞ്ഞിട്ടുണ്ട്. ഈ കവാടത്തിൽ ഇരിക്കുന്ന രാക്ഷസനെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്.

'Forth comes the demon Vizaresa, who struggles with the souls of the wicked, three days and nights after their death binds them, and drags them away to torment and then sits at the gates of the hell·'

www.malankaralibrary.com

that the Persiasn ascended to the hill top when they offered sacrifices. Something similar might have cited from thə Avestan Yashts in the case of Haoma and of Yima Khsheta. The invocation of the divine beings, the use of myrtle leaves, which might correspond to the Avesta, the Singing of an incantation all this gives a picture of the external from of atleast one part of the divine service. The use of the barson twigs was already noted by Strabo, he mentions similarly the covering over the mouth which the priest must wear in the presence of the fire.'

മേൽപറഞ്ഞ ചടങ്ങുകളാണ് മാർത്തോമ്മായും ഹാബാനും, സാന്തരുക്കിൽ സംബന്ധിച്ചിരുന്ന കല്യാണവിരുന്നിലും ഏർപ്പെടുത്തിയിരുന്നത്.

And a garland of myrtle was placed on his head and he took a read-branch in his hand. The flute girl who was in the midst of the party was going round to them all.'

Ref: Acts of Thomas, by Klijn. page 67.

മാർത്തോമ്മായുടെ സാന്തരുക്കിലെ അനുഭവങ്ങൾ കൂടുതലായി ഇവിടെ വിവരിക്കുന്നില്ല. മാർത്തോമ്മായെ അടിച്ച സേവകന്റെ കൈ ആ വിരുന്നു ശാലയിൽ തന്നെ ഒരു കറുത്ത പട്ടി കടിച്ചു കൊണ്ടുവരുമെന്ന് മാർത്തോമ്മാ പ്രവചിച്ചിരുന്നു. അതുപോലെ തന്നെ സേവകൻ വെള്ളം കോരുവാൻ അടുത്ത അരുവിയിൽ ചെന്നപ്പോൾ സിംഹം അയാളെ കടിച്ചുകൊല്ലുകയും അയാളുടെ വലതു കൈ ഒരു കറുത്ത പട്ടികടിച്ചു പന്തലിൽ കൊണ്ടുവരികയും ചെയ്തു. രാക്ഷസന്മാരും ഹിംസ്ര ജന്തുക്കളും കുടികൊണ്ടിരുന്ന മസാന്തരൻ മലകളുടെ താഴ്‌വരയിൽ സ്ഥിതി ചെയ്തിരുന്ന[33] ഒരു നഗരമായിരുന്നു സാന്തരുക്ക്, അതിനാൽ അവിടങ്ങളിൽ നടത്തുന്ന വിരുന്നുകളിൽ ഹിംസ്ര ജന്തുക്കൾ പാത്തും പതുങ്ങിയും വരിക സാധാരണമായിരിക്കും. ഈ സംഭവത്തിനുശേഷം മാർത്തോമ്മായെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു വരുത്തി. മാർത്തോമ്മായുടെ ഉപദേശങ്ങൾ കേട്ട് രാജാവിന്റെ മകളും ഭർത്താവും ക്രിസ്തുവിൽ വിശ്വസിച്ചു ഇതിൽ കുപിതനായ രാജാവ് മാർത്തോമ്മായേയും ഹാബാനേയും പിടിച്ചു കൊണ്ടുവരാൻ സേവകരെ നാലുവശത്തേക്കും അയച്ചു. പക്ഷെ സേ

www.malankaralibrary.com

വകർ, മാർത്തോമ്മായും ഹാബാനും താമസിച്ചിരുന്ന വഴിയമ്പലത്തിൽ എത്തിയപ്പോഴേക്കും, അവർ അവിടെനിന്നും രക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. രാജാവ്, ദുഃഖിതനായി വസ്ത്രം തന്നെത്താൻ വലിച്ചു കീറി.

സാന്തറുക്കിൽനിന്നും മാർത്തോമ്മാ വടക്കേ ഇന്ത്യയിൽ ചെന്നതായി അറിവു കിട്ടിയതോടുകൂടി അദ്ദേഹത്തിന്റെ അനുയായികൾ സാന്തറുക്കിൽ നിന്നും ഗാന്ധഹാറിൽ എത്തി. ഇൻഡോ-സീത്യാ സാമ്രാജ്യത്തിലെ ഒരു പ്രവിശ്യയായ ഗാന്ധഹാറിലെ[34] രാജാവായിരുന്ന ഗുദ്നാഫറിന് കൊട്ടാരം പണിയാൻ കൊടുത്ത ധനം മുഴുവൻ മാർത്തോമ്മാ സുവിശേഷം പ്രചരിപ്പിക്കുവാൻ ചെലവാക്കി. ഇതിനെ തുടർന്നു രാജാവ് മാർത്തോമ്മായെ തടവിലാക്കി. രാജാവിന്റെ സഹോദരനായ ഗാദിന്റെ മരണവും, സ്വർഗ്ഗത്തിൽ പണിത കൊട്ടാരവും, ഗാദിന്റെ ആത്മാവ് തിരിച്ചു വന്നു അയാൾ ജീവിക്കുന്നതും നടപടികളിൽ പറയുന്നുണ്ട്.

ഗാദിന്റെ പുനർജീവനോടുകൂടി മാർത്തോമ്മാ സ്വതന്ത്രനായി. പിന്നീട് രാജാവും കുടുംബാംഗങ്ങളും ക്രിസ്തുവിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിച്ചു.

## Notes

1. The dctails are from the book. Anoient Syriac Document by Cureton Chapter: The Doctrine of the Apostles: Original written in Aramia, about 200-250 A. D,

2. Ref: 'Ancient Syriac Document' by Cureton Page 25.

3. :They divided the countries among them. In order that each one of them might preach in the region which fell to him and in the place to which the Lord sent him. Ref: The Acts of Thomas' by A. F. J. Klijn page 65

4. 'This (statement in the Doctrine of the Apostles regarding Apostle Thomas) clearly fits in with the west coast and east coast of south India. and not any interior place

www.malankaralibrary.com

in Nort hIndia. Ref : 'A history of Christianity in Kerala by Dr. C. V. Cherian Page 43.

5. See: Legends of our Lady Mary, by E A W. Buldge. Page 156.

6. 'Paradise is some where in the Far East. Jerusalem is the centre of all nations and countries and the world itself is a flat disc surrounded by oceans of water. So the monks. mapmakers of the middle ages saw the world they lived in'

   Ref : Great World Atlas, by Readers Digest.

6. (a) Though at times they (Parthians) held the whole country to the Parsian Gulf, the foundation by Antiochus. Theos of the town of Spasini-Kharax in B C. 140 as it dep— rived them of a direct trade with India, so it prevented them from becoming a naval as well as military power.

   Ref : Ancient History of Persia, by Vaux, page 121.

   (b) 'It was obvious policy of the petty kings of Mesene to be neutral as possible in the wars between Rome and Parthia, seeing that they had in their hands, so large a portion of the commerce of the Persian Gulf'

   Ref : Ibid 152.

7. (a) 'Regular merchant fleet brought copper and diorite from the Oman and gold and ivory from India to Bahrain, where they were traded for woollen goods from Mesopotomia.

   Ref : Welcome to Bahrain, by James H. D. Belgrave, page 64.

   (b) 'It would appear that Bahrain was at this period (Parthian period) under the domination of Arab tribes from the mainland of Arabia atleast untill the fourth century A. D-, when Shapur II, the Sassanian King of Persia,

www.malankaralibrary.com

www.knanayology.org

annexed Bahrain.'
Ref : Ibid 65.

8. (a) 'St. Isodore of Seville in spain (689) says: Thomas preached the gospel of Christ to the Parthians. Medes the Persians and to the Indians of the oriental origin.'

Ref : Thej Orthodox Church of India, by David Danial page 16.

(b) 'The Creek Historians reveal that Thomas brought the Gospel to Parthia after which Sophornius and other inform us that he preached the gospel to the Medess Persians. Hyrcani, Bactrians and the neighbour nations'

Ref : Where did the twelve Apostles go? published by Plain Truth, Ambassador college, England.

9. 'The sorcerer (Zandak) who is full of death, fouuded the city of Amui, located south of the Caspian sea in the Province of Mazendaran. The allusion to sorcer (Zanduk) would harmonize with the noted ill repute of Mazandran'.

Ref : Zoroastrian studies by A. V.W. Jackson. page 276.

10. 'The mountainous country south of the caspain sea said to be full of demons These demons where no doubt merely idolators.'

Ref : Pahlavi texts, Vol XVIII by E. W. West page 99.

11. 'On his way to India they say, that St. Thomas stopped by the lake of Urumiyah and converted the people there.'

Ref : 'The Nestorians and their Muslim Neighbours' by Dr. John Joseph, page 24.

12. 'Towards the southern end of India. at Palghat and Coimbatore. rivers flowing east and west actually combine to lower a pass through the upland thus providing

www.malankaralibrary.com

an easy cross country route of considerable interest in the pre-historic period.'

Ref : Early India & Pakistan. by Sir. Mortimer Wheeler, page 19.

13. ഇ. എം. ഫിലിപ്പ് പറയുന്നത് 'വി. അപ്പോസ്തോലനും, ഹാബാനും കൂടി ആദ്യമായി എത്തിയത് ആന്ധ്രാപ്പോലീസിൽ അല്ല സാന്ത്രോക്ക് മഹോശയിൽ ആയിരുന്നു എന്നാണ്.

Ref; മലങ്കര നസ്രാണികൾ, വാല്യം ഒന്ന്, പേജ് 306.

14. The gate way of hell they assemble is especially mount Arezura: (Eruzuras)

Ref : Zoroastrian Studies, by Jackson, page 82.

(2) മഹോശ എന്നതിനെ രാജകൊട്ടാരമുള്ള തലസ്ഥാന പട്ടണം എന്ന് വിവക്ഷിക്കുന്നത് വളരെ ശരിയാണോ എന്ന് സംശയം തോന്നുന്നു.

അതുപോലെ എവിടെയ്ക്കോ, പോകുന്നതിനുള്ള ഒരു മഹോശയാണ് സാന്ത്രോക്ക് എന്നാണ് ആ വിശേഷണം കാണിക്കുന്നത്.

Ref: മലങ്കര നസ്രാണികൾ വാല്യം ഒന്ന്, പേജ് 324-325

15. 'But the Caspian is a distinct sea. lying by itself, in length, fifteen days voyage, in breadth at the broadest eight days voyage.'

Ref : Herodotus. Persian wars Book I Translation of Rawlinson Page 109.

16. 'It was written at or near Edessa. which by road is almost 2000 miles from Taxila'

Ref : The Apostle Thomas in North India, by J. N. Farquhar, (Edited by vellian) page 30.

17. Ref : Ancient syriac Documents, by Cureton Page 2

www.malankaralibrary.com

18. 'And according to the ordinances and laws which were appointed by the Disciples in Jerusalem and even the Apostles, my fellows, were guided by them'.
Ibid 18.

19. There was a Church dedicated-to Thomas at Edessa and his body is said to have been translated to there'.
Ibid 141.

20. Ref : Acts of Thomas, by Klijn Page 30

21. 'And our Lord saw him walking in the street'.
Ibid Page 6.

22 'And they began to sail because the breeze was steady and they were sailing along gently until they put in at the town of Sandruk'

Ref : Acts of Thomas by Klijn Page 66.

23. The people themselves claim a traditional lineage running back to Thomas. On his way to India they say St. Thomas stopped by the lake of Urumiyah and converted people there.'

Ref: Nestorians and their Muslim nighbours, by Dr. John Joseph, page 24.

24. Rəf: Pahlavi text, Vol. XXIV, by W. West page 15.

25. Ibid Vol. V page 85,

26. 'The Darga river is the chief exalted river, for the dwelling of the father of Zarathust was on its banks and Zarathust was born there
Ibid 89.

27. 'Sughdha (Zend name), Suguda (Old Persian) Samarkhand (modern name)'

Ref : Zend Avesta, Vol. IV. by James Darmesteter,

www.malankaralibrary.com

page 2.

28. The Magi seem originally to have been a Median 'tribe '

Ref : Ancient Hirtory of Persia, by Vaux. page 119.

29. Ref : Ancient History of persia, by Vaux. page 89.

30. Ref : Zoroastriun Studies, by Jacksou, Page 16g.

31. Ref : Ancient Syriac document, by Cureton page 34,

32. The Gate of Aell at which they assemble is especially mount Elburz chain (of Mazandaran range

Ref ; Zoroastrian Studies, by Jackson page 82.

33. മഹോശ എന്നതിനെ രാജകൊട്ടാരമുള്ള തലസ്ഥാനപട്ടണം എന്ന് വിവക്ഷിക്കുന്നത് വളരെ ശരിയാണോ എന്ന് സംശയം തോന്നുന്നു. അതുപോലെ എവിടെക്കോ പോകുന്നതിനുള്ള ഒരു മഹോശയാണ് ഈ സാന്തരക്ക് എന്നാണ് ആ വിശേഷണം കാണിക്കുന്നത്.

മലങ്കര നസ്രാണികൾ:- by Z. M. Paret, Vol. 1

34. (a) 'Akmano, Aesham. Zarman Bushap, Vareus and Vizarash and the origiaal inumerable demons and fiends of Mazendaıan.'

Ref : Zeud Avesta. Vol. XIII. page 93.

(b) The domon Vizaresh is he who struggles with the souls of men which have departed those days and nights when they remain in the world, he carries them on terror stricken and sits at the gate of hell.'

Rei: Pahlavi Texts, Vol. V. by West, page 109.

35. 'Myrtle is a strong ever grecn shrub of the myrtle family highly prized since ancient times as an ornamental. It is a native of Western Asia and Meditranean,'

www.malankaralibrary.com

Ref : National Encyclopaedia, U. S. A.

36. 'During the Parthain rule of the Arsacid dynasty the Zoroastrian religion still lived on despite the blow of Alexander's invasion which has severly shaken it, Parhtians adhered to the Iranian faith and were Zoroastrians from the earliest trmes.'

Ref : 'Zoroastrian Studies, by Jackson page 170.

37. 'Beside the demons, we may make up still another group of evil beings; fiends. enchantresses, sorcerers, monsters and similar evil creatures that belong to the host Hell (Mazandaran Hills)'.

Ref : Zoroastrian Studies, by Jackson page 99.

38. 'The first Shaka (Scythia) king in India was Manes or Moga (80 B. C:) who estabished Shaka power in Gandhahara. His successor Azes, successfully attacked the last of the Greek Kings in North India, Hypastratos. A later king, Gondophorous, achieved fam through the association of his name with that of St. Thomas, is being held by tradition that St. Thomas travelled from Israel to the court of Gondophornes. This would place Gondophornes iu first century, A. D '

Ref : 'A History of India, Vol I, by Romila Tapor, page 96,

★

We want scientific thinking to destroy superstition which has darkened our lives.

– Mrs. Indira Gandhi.

www.malankaralibrary.com

## അദ്ധ്യായം 5

# ആദ്യ യാത്രകഴിഞ്ഞ് മടങ്ങിപ്പോക്ക്

മാർത്തോമ്മാ വടക്കേ ഇൻഡ്യയിൽ സുവിശേഷം പ്രചരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, ദൈവത്തിന്റെ അരുളപ്പാട്[1] ഇപ്രകാരം ഉണ്ടായി. 'തോമായെ രാവിലെ എഴുന്നേററ് അവരെ എല്ലാവരേയും അനുഗ്രഹിക്കുകയും, പ്രാർത്ഥനയും കർമ്മങ്ങളും കഴിക്കുകയും ചെയ്തിട്ട് കിഴക്കോട്ടുള്ള വഴിയേ രണ്ടുനാഴിക പോകുക, അപ്പോൾ ഞാൻ ദിവ്യമഹത്വത്തോടുകൂടി നിനക്ക് പ്രത്യക്ഷപ്പെടും. നീ ഇവിടം വിട്ട് പോകുന്നതുകൊണ്ട് പലർ അഭയത്തിനായി എന്റെ അടുക്കലേക്ക് ഓടി എത്തും. നീ ശത്രുവിന്റെ പ്രകൃതിയേയും ശക്തിയേയും ശാസിക്കും' ഇതു സംഭവിക്കുന്നത് ഒരു ഞായറാഴ്ച രാത്രിയാണ്. മേൽപ്പറഞ്ഞ അരുളപ്പാട് ദൈവമാതാവിന്റെ മരണസമയം അടുത്തിരിക്കുന്നതിനാൽ യെരുശലേമിലേക്ക് പോകാനുള്ള പരിശുദ്ധ റൂഹായുടെ ആജ്ഞയായിരുന്നു. കന്യകമാതാവിന്റെ മരണം ഞായറാഴ്ച[2] പകൽ ആയിരുന്നു. അതിനാൽ മാർത്തോമ്മായ്ക്കു മാതാവിന്റെ മരണസമയത്ത് യരുശലേമിൽ എത്താൻ സാധിക്കാതെ പോയി. എന്നാൽ ഇന്ത്യയിൽ നിന്നും മേഘത്തിൽ[3] ആരൂഢനായി യെരുശലേമിലേക്ക് മാർത്തോമ്മാ വരുമ്പോൾ, മാലാഖമാർ കന്യകമറിയാമിന്റെ ശരീരം പറുദീസായിലേക്ക് കൊണ്ടുപോകുന്നതായി കണ്ടു എന്ന് മാർത്തോമ്മാ തന്നെ സാക്ഷ്യം ചെയ്യുന്നുണ്ട്. കൂടാതെ പരിശുദ്ധ റൂഹാ മുഖാന്തിരം ഇന്ത്യയിൽ വച്ചുണ്ടായ അരുളപ്പാട് മററ ശിഷ്യന്മാരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നും ഉണ്ട്. ഞാൻ ക്രിസ്തുവിന്റെ[4] നാമത്തിൽ സുവിശേഷം അറിയിക്കുകയും ഫെലദ്യോസ് എന്ന രാജകുമാരനെ (രാജാവിന്റെ സഹോദരിയുടെ മകൻ) ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് 'വേഗം ഉണർന്നു എഴുന്നേൽക്കുക' വിശുദ്ധ മാ

www.malankaralibrary.com

www.knanayology.org

താവിൻെറ ശരീരത്തെ വണങ്ങുക, എന്നു' ആജ്ഞാപിച്ചു. കൂടാതെ ഒരു മേഘം എന്നെ അവിടെനിന്നും എടുത്തു ഇവിടെ എത്തിച്ചു, എന്നു പറയുകഉണ്ടായി എന്നാൽ മറ്റൊരു രേഖപ്രകാരം പരിശുദ്ധ റൂഹായുടെ അരുളപ്പാട് ഉണ്ടായപ്പോൾ മാർത്തോമ്മാ പള്ളിയിൽ പോയി [5] സ്വർഗ്ഗം പുകച്ച് മാതാവിനോടു വണങ്ങി പ്രാർത്ഥിച്ചു എന്നു പറയുന്നുണ്ട്. തോമായുടെ നടപടികളിൽ കൊടുത്തിരിക്കുന്ന പ്രകാരം കർമ്മങ്ങളും പ്രാർത്ഥനയും നടത്തിയശേഷം കിഴക്കേ റോഡിൽ കൂടി പോകാനാണ് ദൈവം ആജ്ഞാപിച്ചത്. ഇതു [6] ഞായറാഴ്ച രാത്രിയിലാണ് സംഭവിച്ചത്.

ഇവിടെ ഒരു സംഗതി വ്യക്തമാക്കാനുണ്ട്. അതായത്, ചില ചരിത്രകാരന്മാർ പറയുന്നതുപോലെ സാന്തൂക്കിൽ നിന്നും അല്ല മാർത്തോമ്മാ യെരുശലേമിലേക്ക പോയത്. സാന്തൂക്കിൽ ഒരു പള്ളി പണിയാനുള്ള സമയം തോമാസ്സു് കിട്ടിയിട്ടില്ല. ഗോണ്ടഫോറസ്സിൻെറ രാജ്യത്തുവെച്ചു ഒരു പള്ളിപണിയാനുള്ള സമയവും സൌകര്യവും തോമാസ്സു് കിട്ടിയിട്ടും ഉണ്ട്. മാതാവിൻെറ മരണസമയം അടുത്തു എന്നു് പരിശുദ്ധ റൂഹാദ്ഖാന്തിരം അറിവു കിട്ടിയപ്പോൾ മാർത്തോമ്മാ പള്ളിയിൽപോയി സ്വർഗ്ഗം പുകച്ച് പ്രാർത്ഥിച്ചു എന്നു് രണ്ടു ചരിത്രകാരന്മാർ പറയുന്നുണ്ട്. മേൽപ്പറഞ്ഞ തെളിവുകൾ വെച്ചു നോക്കുമ്പോൾ യെരുശലേമിലേക്ക് മാർത്തോമ്മാ തിരികെ പോകുന്നതു് വടക്കെ ഇന്ത്യയിൽ ഗോണ്ടഫോറസ്സിൻ്റെ രാജധാനിയിൽ നിന്നും ആണു് അങ്ങനെ മാർത്തോമ്മാ ആദ്യത്തെ യാത്ര അവസാനിപ്പിച്ചു് എ. ഡി. 49-ൽ യെരുശലേമിലേക്ക് പോയി. ഗോണ്ടഫോറസ്സിൻെറ രാജധാനിയിൽ നിന്നും മടങ്ങുമ്പോൾ സാന്തിപ്പാസിനെ സുവിശേഷ വേലകൾ തുടർന്നു നടത്താൻ ഏല്പിച്ചിട്ടാണ് മാർത്തോമ്മാ പോകുന്നതു്. മാർത്തോമ്മാസ്സുണ്ടായ ദൈവത്തിൻെറ അരുളപ്പാടിൽ 'നീ ഇവിടം വിട്ടു് പോകുന്നതുകൊണ്ടു്'' എന്നു് പറയുന്നുണ്ട്. അതുപോലെ സാന്തിപ്പാസിനെ ഗാന്ധഹാറിലെ സുവിശേഷവേലകൾ നടത്തിക്കൊണ്ടു പോകാൻ ഏല്പിച്ചിട്ടു് അവിടെയുള്ളവരോടു് മാർത്തോമ്മാ വിടവാങ്ങിപ്പറഞ്ഞതു് "[7] ഞാൻ നിങ്ങളെ വിട്ടുപോകുകയാണ്. ദേഹിയോടു കൂടി ഞാൻ നിങ്ങളെ ഇനിയും കാണുമോ എന്നു തോന്നുന്നില്ല. യിസ്രായേല്യരെപ്പോലെ നിങ്ങൾ ആകരുതു്. അവരുടെ ഇടയനായ മോശ കുറെക്കാലം അവരെ വിട്ടു പിരിഞ്ഞപ്പോൾ അവർ തെറ്റിപോയി.

www.malankaralibrary.com

എന്നാൽ ഞാൻ ശെമ്മാശ്ശനായ സാന്തിപ്പാസിനെ എനിക്കു പകരം ഇവിടെ നിർത്തുന്നു. ശെമ്മാശൻ എന്നെപ്പോലെ രക്ഷകനായ യേശുക്രിസ്തുവിനെപ്പററി നിങ്ങളോട് ഉപദേശിക്കുന്നതാണ്." കൂടാതെ മാർത്തോമ്മാ സാന്തിപ്പാസിനും മററു വിശ്വാസികൾക്കു വേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്തു. മാർത്തോമ്മാ വടക്കേ ഇന്ത്യയിൽ നിന്നും ഒരു പരിപൂർണ്ണ വിടവാങ്ങലാണ് നടത്തിയതു്. ഈ സംഗതികൾ എല്ലാം ഏഴാം നടപടിയുടെ അവസാന ഭാഗത്താണ്. ചേർത്തിരിക്കുന്നതു്. എട്ടാം നടപടിയിൽ മാർത്തോമ്മാ ഒരു സേനാനായകന്റെ കൂടെ രഥത്തിൽ പോകുന്ന കഥയാണ് പറയുന്നതു്. അതും നാൽക്കാലികളെ കെട്ടിയ രഥം. ഇവിടെ നടപടിയിൽ എഴുതുവാൻ ബർദേസ്സാൻ പലതും വിട്ടുപോകയോ ഓർക്കാതിരിക്കുകയോ, ചെയ്തിട്ടുണ്ട്. [8]കാലികളെ കെട്ടിയ വണ്ടികളിൽ യാത്രചെയ്യുന്നതു് തെക്കേ ഇൻഡ്യയിലെ പ്രത്യേകതയാണ്. ഇതു മാർത്തോമ്മായുടെ രണ്ടാം യാത്രയിൽ മലങ്കരയിൽ എത്തിയതിനെയാണ് സൂചിപ്പിക്കുന്നതു്.

മാർത്തോമ്മായുടെ വിടവാങ്ങലിനു ശേഷം അധികനാൾ കഴിയുന്നതിനു മുമ്പ് ഗോണ്ടഫോറസ്സിന്റെ രാജ്യം (ഇൻഡോ-സീത്യാ സാമ്രാജ്യം) കുഷാൻ[9] വംശജർ ആക്രമിച്ചു (എ. ഡി. 78-ൽ) നശിപ്പിക്കുകയും അതോടു കൂടി മാർത്തോമ്മാ സ്ഥാപിച്ച സഭയും[10] വടക്കേ ഇന്ത്യയിൽ ഇല്ലാതെയായിത്തീന്നു.

എന്നാൽ സിന്ധ് ദേശത്തു് 'തട്ട' എന്ന സ്ഥലത്തു് ബർതോമ എന്നു് സ്വയം പറയുന്ന [11] ഫക്കീർ സമുദായത്തിൽപ്പെട്ട കുറെ പേർ ഉണ്ടെന്നു് Rev. R, A. Totter അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവരുമായി സമ്പർക്കം പുലത്തുന്നുള്ള, (ഇന്ത്യക്കാരുടെയും, യൂറോപ്യന്മാരുടെയും) ശ്രമം പരാജയപ്പെടുകയാണുണ്ടായതു്. പാത്ഥ്യാ സാമ്രാജ്യത്തിലെ ഒരു സംസ്ഥാനമായിരുന്ന പേർഷ്യയിലേക്കു് ബർത്തലോമ്യ അപ്പോസ്തോലനാണ് പോയതു് എന്നൊരു വിശ്വാസമുണ്ട്. പേർഷ്യാ സംസ്ഥാനത്തിന്റെ തലസ്ഥാനമായ പസർഗദിൽനിന്നും കുറഞ്ഞതു് 500 മൈലെങ്കിലും വടക്കു് സ്ഥിതി ചെയ്യുന്ന കാസ്പിയൻ കടലിൽകൂടി മാർത്തോമ്മാ വടക്കേ ഇന്ത്യയിലേക്കു് പോയപ്പോൾ പേർഷ്യൻ ഉൾക്കടൽ തീരപ്രദേശങ്ങളിലേക്കു് ബർത്തലോമ്യയും സുവിശേഷം പ്രസംഗിക്കാൻ

www.malankaralibrary.com

പോയിരിക്കാം. 12 മാർ ബർത്തലോമ്യായും, മാർത്തോമ്മായും മാർ തഥായിയും കൂടെ സുവിശേഷവേലക്കായി ഒരുമിച്ച് ഇറങ്ങി തിരിച്ചു എന്നുള്ള ചരിത്രം ശരിയാകാൻ ന്യായമുണ്ട്. കാരണം മാർത്തോമ്മാ തഥായിയെ (ആദ്ദായി) ഉറമിയായിൽ നിർത്തിയിട്ട് ആണ് കാസ്പിയൻ കടൽ വഴി ഹറാബാന്റെ കൂടെ സാന്തറുക്കിലേക്ക പോയത്. മസ്സാന്തരൻ മലകളുടെ തെക്കായി സ്ഥിതിചെയ്യുന്ന പെഴ്സിസ് (പേർഷ്യാ) പ്രവിശ്യയിൽ ബർത്തലോമ്യാ സുവിശേഷം പ്രസംഗിച്ചു. അവിടെനിന്നും പിന്നീട് അർമീനിയായിലേക്കും ഏഷ്യയുടെ വടക്കുപടിഞ്ഞാറ 13 ദേശങ്ങളിലും (upper Asiaminor) സുവിശേഷം അറിയിക്കുകയും ചെയ്തു. ബർത്തലോമ്യാ അർമീനിയായുടെ ഇറാനും മദ്ധ്യേ സ്ഥിതിചെയ്യുന്ന 14 തബ്രീസ്ഥാനിൽ വെച്ച് മരണം അടയുകയും അവിടെ അടക്കപ്പെടുകയും ചെയ്തു. പന്തേനിയോസ്സ് ഇൻഡ്യയിൽ വന്നപ്പോൾ (എ. ഡി. 190) എബ്രായഭാഷയിൽ എഴുതിയതും ബർത്തലോമ്യാ കൊടുത്തതുമായ മത്തായിയുടെ 15 സുവിശേഷം കാണുകയുണ്ടായി എന്നു യൗസേബിയസ്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വടക്കേ ഇൻഡ്യയെ ആണോ സൂചിപ്പിക്കുന്നത് എന്നു് സംശയം ഉണ്ട്. ഇംഗ്ലണ്ടിലെ ആൽഫ്രട്ട് രാജാവ്, ഇൻഡ്യയിൽ മാർത്തോമ്മായുടെയും ബർത്തലോമ്യായുടെയും കബറിടങ്ങളിൽ നേർച്ച 16 കാഴ്ചകൾ എ. ഡി. 833-ൽ കൊടുത്തയക്കുന്നുണ്ട്. ഈ കബറിടങ്ങൾ, തമ്മിൽ അധികം ദൂരം ഇല്ലാത്ത സ്ഥലങ്ങളിലാണ് സ്ഥിതിചെയ്യുന്നത് എന്നാണ് ഇതു് സൂചിപ്പിക്കുന്നത്. പുരാണകാലങ്ങളിൽ മൂന്നു് രാജ്യങ്ങൾ ഇൻഡ്യ എന്നു് അറിയപ്പെട്ടിരുന്നു എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. മെഥ്യാ (Outer India), തക്ഷശില തലസ്ഥാനമായ ഗാന്ധഹാർ, കൂടാതെ വൻകടലിനു് സമീപം സ്ഥിതിചെയ്യുന്നതും ഒരുവശം ഇരുൾ അടഞ്ഞതുമായ വലിയ ഇൻഡ്യാ അഥവാ, കിഴക്കേ എത്യോപ്യാ എന്നിവയാണ് ആ മൂന്നു രാജ്യങ്ങൾ. Sir William Hunter എന്ന ചരിത്രകാരൻ 'ഇൻഡ്യാസാമ്രാജ്യം, എന്ന ഗ്രന്ഥത്തിൽ, ആൽഫ്രെട്ട് രാജാവിന്റെ സേവകർ നേർച്ചകൾ അർപ്പിച്ചതു് മൈലാപ്പൂരിലല്ല പ്രത്യുത എദേസ്സായിലുള്ള മാർത്തോമ്മായുടെ കബറിടത്തിൽ ആയിരുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പന്തേനിയോസ്സ് പറയുന്ന ഇൻഡ്യാ, പുറത്തെ ഇൻഡ്യാ (Outer India) എന്നറിയപ്പെടുന്ന മെഥ്യാ ആകാനാണ് കൂടുതൽ സാധ്യത എദേസ്സാ ഇതിനടുത്തുള്ള രാജ്യമായിരുന്നു.

www.malankaralibrary.com

Notes

1. (a) Ref : Malankara Nazranikel. Vol. I, by Z. M. Part, Page 257.

(b) 'However De Transita Marie of the most ancient, Christian writings tells us that from Takshasile (Taxila) St. Thomas was summoned to be present at the bed side of the blessed Virgin in her last momments.'

Ref: A history of Christianity in Kerala, by Dr. C. V. Cherian, page 26.

2. 'And on the first day of the week He shall come at the going forth of the soul of Saint Mary from this world And it came to pass on the first day of the week, Mary said unto the disciples, throw incense into the censors.' for my Lord Jesus Christ is comming to me with all his angels.'

Ref : Legend of our Lady Mary,by Budge, Page 162

3. Ibid 165-165.

4. Ibid

5. 'And then Thomas rose up and went into the chureh and put incense into the censor, and prayed for her.' Ibid 177.

6. Ref : Acts of Thomas, by Klijn, page 78.

7. Ref : Acts of Thomas, by Klijn, Page 100.

8. 'കാളവണ്ടി ദക്ഷിണേന്ത്യയുടെ ഒരു പ്രത്യേകതയാണ് ഉത്തരേന്ത്യയിൽ കാളയെ ഈ വിധം ഉപയോഗിക്കാറില്ല. കുതിരയെയാണവിടെ ഉപയോഗപ്പെടുത്തുന്നത്.

Ref മലങ്കരനസ്രാണികൾ' Vol. I, by Z. M. Paret Page 335

www.malankaralibrary.com

9. The Shakas were destined once more to be driven out by the Ycuhchi (or Kushanas)'

Yeuh-chi chief, Khadphises, united the five tribes of the Yeuh-chi and led them over the northern mountains into the Indian sub-continent.'
Ref: A history of India, Vol. I by Romila Tapor page 97

10. 'The destruction may have come shortly after the arrival of Thomas, before a church of any size could be formed. The utter destruction of Scytho-Parthian (Shaka dynasty) supplies sufficient explanatiou of the fact that no trace of his work remains in [early Indian records.'

Ref : A History of Christianity in Kerala by Dr, C. V. Cherian page 24.

11. To support the contention that the Abostle Thomas came to Sind there is a Fakir community living in Tatta. which has occasionally revealed itself. The Fakir group, to all appearances, Hindu, calls it small commuuity by an Aramic name 'Barthomai' the sons of Thomas and claims that it is descended from Christains baptized by St. Thomas .itself'.

Ibid.

12. 'Other tradition credit the introduction of Christianity in Persia and Mesopotomia to Thaddeaus. Bartholomew and Addeaus of the seventy'

Ref : Nestorians and their Mulism neighbours. by Dr, John Joseph, page 24

13. Bartholomew shared with Thomas the same vast plains according to Nesephorous. Bartholomew also spent part of his time in neighbouring Armenia, Upper Asia Minor (modern turkey). This was the same district Andrew carried the gospel.

www.malankaralibrary.com

www.knanayology.org

Ref : Plain Truth's article, Where did the twelve Apostles go? Published from Passedena, U, S. A,

14. 'According to Chaldeo-Malabar (Nestorians) tradition: The Apostle Thomas was seut by order of Christ to the parts of india, He was accompanied by two other Apostles, St. Bartholomew and Judas Thadeaus, went first to Babylon, and passing Bacora went over to Qualex Quad Aqua where Thadeaus settled himself. St. Bartholomew passed over to Persia and lay in Tarao in a Monastry in Tabris.'

Ref : Tradstions of St. Thomas Christian by A. M. Mundadan page 42-43.

(Quadlex Quad Aqua may be the lake Urumiyah, where Thaddeaus settled Tarao is Dara in Tabaristau of Azerpaijan district of Iran)

15. Eusebius writes that: Panteanus went to India where he found some Christians possessing Gospel of St. Mathew in Hebrew given to them by Bartholomew.'

Ref : Acts of Thomas by Klijn page 27

16: 'In the Anglo Saxon chronicle it is given that in the year 833, Sighlen and Athelstan conveyed to Rome the alms which King Alfred had vowed to sent Tither to India to St Thomas aud St. Baratholomew, when when the English were encampcd against the enemy army (Danes) in London.

Ref : Anglo Saxon Chronicle, Vol. II. Translation of prof. Dorothy Whitelock. page 50.

★

www.malankaralibrary.com

## അദ്ധ്യായം 6

# മാർത്തോമ്മായുടെ മലങ്കരയിലേക്കുള്ള യാത്ര

യെരുശലേമിൽനിന്നും മാർത്തോമ്മാ തെക്കേ പടിഞ്ഞാറെ (കേരളത്തിൽ) ഇൻഡ്യയിൽ, തന്റെ രണ്ടാമത്തെ യാത്രയിലാണ് വരുന്നത്. കേരളത്തിലെ നമ്പൂതിരികൾ നഷ്ടപ്പെട്ടുപോയ നപ്താലി ഗോത്രത്തിൽപ്പെട്ടവരായിരുന്നു എന്ന് ഒന്നാം അദ്ധ്യായത്തിൽ വിശദമാക്കിട്ടുണ്ടല്ലോ. വടക്കേ ഇൻഡ്യയിൽ തക്ഷശിലയിൽ, ഗോണ്ടഫോറസ്സ് രാജധാനിയിൽ മാർത്തോമ്മാ സുവിശേഷം പ്രചരിപ്പിക്കുമ്പോൾ അവിടെനിന്നും ഇൻഡ്യയുടെ പടിഞ്ഞാറെ തീരം വഴി കച്ചവടസംബന്ധമായി കേരളത്തിലേക്ക് കുടിയേറിയ ബ്രാഹ്മണരെ,പ്പറ്റി അറിയാൻ ഇടയായിരിക്കും. ക്രിസ്തുവിന്റെ ആജ്ഞ ശിരസാവഹിച്ച് അത് നടപ്പാക്കാൻ തീരുമാനിച്ച് ഹാബാന്റെ കൂടെ വടക്കേ ഇൻഡ്യയിലേക്ക് പോയ മാർത്തോമ്മാ ഇവരെ തേടിയാണ് തെക്കെ ഇൻഡ്യയിലേക്ക് വന്നത്. മലങ്കരയിൽ അദ്ദേഹം നമ്പൂതിരി കുടുംബാംഗങ്ങളെ മാത്രമേ മാമ്മോദീസ മുക്കിയിട്ടുള്ളു എന്ന ചരിത്രസത്യം ഇതിന് തെളിവാണ്.

എ ഡി. 48-ൽ കന്യകമാതാവിന്റെ മരണശേഷം യെരുശലേമിൽ നിന്ന് മാർത്തോമ്മാ ഏതു വഴിക്കാണ് കപ്പലിൽ മലങ്കരയിൽ വന്നിറങ്ങിയത് എന്നുള്ളതിന് അഭിപ്രായവ്യത്യാസം ഉണ്ട്. ഒരു കൂട്ടർ അദ്ദേഹം പെഹറത്ത് മെയ്സാനിൽനിന്നും (ബസ്രാ) പേർഷ്യൻ ഉൾക്കടലിൽ കൂടി അറബ്യാതീരം വഴി ഒമാൻ ഉൾക്കടൽ കടന്ന് സൊക്കോട്രായിൽ വന്ന് അവിടെനിന്നും നേരെ കിഴക്കോട്ട് യാത്ര ചെയ്ത് കേരളത്തിൽ വന്നു എന്ന് പറയുന്നു. മറ്റൊരു കൂട്ടർ അദ്ദേഹം ഈജിപ്തിൽ കൂടി ചെങ്കടലിൽ വന്നിട്ട് അവിടെനിന്നും എത്യോപ്യാതീരം വഴി സൊക്കോട്രാ ദ്വീപിൽ വന്നു നേരെ കേരള

www.malankaralibrary.com

ത്തിലേക്ക് വന്നുവെന്ന് പറയുന്നു. സൊക്കോട്ര ദ്വീപിൽനിന്നും തെക്കുപടിഞ്ഞാറൻ കാററിന്റെ സഹായത്തിൽ കേരളത്തിൽ 40 ദിവസം കൊണ്ട് എത്തി ചേരാമെന്ന്,[3] ഹിപ്പാലോസ്സ് എന്ന റോമാക്കാരനായ നാവികൻ, ബി. സി. ഒന്നാം നൂററാണ്ടിൽ കണ്ടുപിടിച്ചതോടുകൂടി അറബിക്കടലിൽ കൂടി കേരളത്തിലേക്കുള്ള യാത്ര സുഗമവും എളുപ്പവുമായിത്തീർന്നു ജെ. എൻ. ഫാർക്കർ എന്ന ചരിത്രകാരൻ പറയുന്നതു് മാർത്തോമ്മാ [4]വടക്കേ ഇൻഡ്യയിൽ നിന്നും നേരെ സൊക്കോട്രായിൽ എത്തിയിട്ട് അവിടെനിന്നും കേരളത്തിലേക്ക് വന്നു എന്നാണ്. ഇതു് ശരിയാണോ എന്നു് സംശയമുണ്ട് കാരണം കന്യകമാതാവിന്റെ മരണത്തോടുകൂടി മാർത്തോമ്മാ യെരുശലേമിൽ ചെന്നിരുന്നു എന്നു് യെരുശലേമിന്റെ ആദ്യത്തെ മെത്രാനും ക്രിസ്തുവിന്റെ സഹോദരനുമായ യാക്കോബി[5] ന്റെ സാക്ഷ്യം ഉണ്ട്.

ഡോ. എ. മിൻഗാനായുടെ അഭിപ്രായപ്രകാരം പേഷ്യൻ[6] ഉൾക്കടലിൽ, യൂഫ്രട്ടീസ്‌തീഗ്രീസ്സ് നദികളുടെ പതനസ്ഥലത്തു് സ്ഥിതിചെയ്യുന്ന മെയിസ്സാൻ രാജ്യത്തെ കാറക്സ് റസ്പാസിനി എന്ന തുറമുഖത്തു നിന്നുമാണ് മാർത്തോമ്മാ തന്റെ രണ്ടാമത്തെ യാത്ര തുടങ്ങിയതു് എന്നു് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഹെഹററ്റ് മെയിസ്സാൻ മുതൽ സൊക്കോട്രാ ദ്വീപുവരെ അറേബ്യ ഉപദ്വീപിന്റെ തീരത്തു് ധാരാളം ക്രിസ്തീയ സഭകളും ആരാധന ദേവാലയങ്ങളും അടുത്തടുത്തായി രണ്ടാം നൂററാണ്ടിനു് മുൻപ് മുതൽ സ്ഥിതിചെയ്തിരുന്നു എന്നുള്ളതാണ് മിൻഗാനാ തന്റെ നിഗമനത്തിനു് തെളിവായി കാണിച്ചിരിക്കുന്നതു്.

എന്നാൽ മാർത്തോമ്മാ തന്റെ രണ്ടാമത്തെ യാത്രയിൽ യെരുശലേമിൽനിന്നും ബാബിലോണിൽ വന്നിട്ട്, അവിടെനിന്നും ജോർദ്ദാനിലെ പ്രധാന വാണിജ്യകേന്ദ്രമായ പെത്ര'റായിൽ വന്നു് അവിടെനിന്നും 'ആഗ്ബാ തുറമുഖത്തു് എത്തി കപ്പലിൽ ആഗ്ബാ ഉൾക്കടലും ചെങ്കടലും കടന്നു് സൊക്കോട്രായിൽ എത്തുന്നു. അവിടെനിന്നും 'ഹിപ്പാലോസ്സ്'' കാററിന്റെ സഹായത്താൽ കേരളത്തിൽ എ. ഡി. 52-ൽ വരികയാണ് ഉണ്ടായതു് എന്നുള്ളതാണ് എന്റെ നിഗമനം. മേൽ പറഞ്ഞ എന്റെ അഭിപ്രായത്തിനു് പ്രധാന തെളിവുകൾ താഴെ പറയും പ്രകാരമാണ്. പത്രോസ് അപ്പോസ്തോല മെസപ്പൊത്തോമ്യായിൽ ബാബിലോണിൽ നിന്നുമാണ് മററു ശിഷ്യ

www.malankaralibrary.com

ന്മാരെ സുവിശേഷപ്രചരണത്തിനായി നയിച്ചിരുന്നതു്, അപ്പോസ്തോലന്മാരുടെ സുവിശേഷ പ്രസ്ഥാനത്തിന്റെ കേന്ദ്രസ്ഥാനവും ബാബിലോണായിരുന്നു. വി. പത്രോസ് ലേഖനങ്ങൾ എഴുതി ബാബിലോണിൽ[7] നിന്നുമാണു് ഏഷ്യാ മൈനറിലെ മററു സഭകൾക്കു് അയച്ചുകൊടുത്തിരുന്നതു്. കുറഞ്ഞതു് 12 വർഷക്കാലം പത്രോസ്[8] ബാബിലോണിൽ ഉണ്ടായിരുന്നുവെന്നാണു് ചരിത്രകാരന്മാർ പറയുന്നതു്. അരാമ്യഭാഷ ശിഷ്യന്മാർ ആദ്യകാലങ്ങളിൽ ഉപയോഗിക്കുവാനുണ്ടായ പ്രധാന കാരണം ബാബിലോണുമായിട്ടുള്ള ബന്ധം കൊണ്ടാണു്. മദ്ധ്യധരണ്യാഴി കടലിന്റെ തീരപ്രദേശങ്ങളിൽ ഗ്രീക്കു ഭാഷയും ഉൾപ്രദേശങ്ങളിൽ[9] അരാമ്യഭാഷയും ആയിരുന്നു സംസാരഭാഷകളായി നിലവിലുണ്ടായിരുന്നതു് ഈ കേന്ദ്രത്തിൽ (ബാബിലോണിൽ) മാർത്തോമ്മാ ന്യായമായും വന്നിരിക്കും എന്നു് പ്രതീക്ഷിക്കാം. ബാബിലോണിൽനിന്നും ജോർദ്ദാനിലെ പ്രധാന കച്ചവട കേന്ദ്രമായ പെത്ത്റായിലേക്കു് മാർത്തോമ്മാ പോകുകയുണ്ടായി. ക്രിസ്തുവിനു് പിൻപു് ആദ്യത്തെ രണ്ടു നൂററാണ്ടുകാലം ഇൻഡ്യയുമായുള്ള പ്രധാന കച്ചവടം മെസ്സൊപ്പൊത്തോമ്യാക്കാർ നടത്തിയിരുന്നതു്[10] പെത്ത്റായിൽ കൂടിയായിരുന്നു. അതിനുള്ള പ്രധാനകാരണം മെസ്സീൻ, ബി. സി. 140 മുതൽ ഒരു സ്വതന്ത്ര രാജ്യമായി പേർഷ്യൻ ഉൾക്കടലിലെ കപ്പൽ ഗതാഗതം കൈയടക്കി വെച്ചിരുന്നതു് കൊണ്ടാണു്. ഇതു മൂലം പാർത്ഥ്യാസാമ്രാജ്യത്തിന്റെ കച്ചവടക്കപ്പലുകളെ സംരക്ഷിക്കത്തക്കവിധം[11] പാർത്ഥ്യാ ഒരു നാവിക ശക്തിയായി ഉയരാൻ ഒരിക്കലും സാധിച്ചിരുന്നില്ല എ. ഡി 216-ൽ (സസ്സാനിദ്) പേർഷ്യാ മെസ്സീൻ പിടിച്ചെടുക്കുന്നതുവരെ ഈ നില തുടർന്നിരുന്നു. ഈ കാലമത്രയും ഇൻഡ്യയുമായി കപ്പൽ വാണിജ്യം ആഗ്ബാ ഉൾക്കടൽ വഴി ജോർദ്ദാനിലെ നഗരമായ പെത്ത്റായുമായിട്ടാണു് നടത്തിയിരുന്നതു്. പേർഷ്യ ഉൾക്കടലിലെ ഒരു ദ്വീപായിരുന്ന ബഹറിന്റെ ചരിത്രത്തിലും പാർത്ഥ്യാസാമ്രാജ്യ കാലത്തു് പേർഷ്യൻ ഉൾക്കടലിൽ കൂടിയുള്ള[12] കപ്പൽ ഗതാഗതവും വാണിജ്യവും വളരെയധികം കുറയുകയുണ്ടായിട്ടുണ്ടെന്നു് രേഖപ്പെടുത്തിയിട്ടുണ്ടു്.

മേൽപ്പറഞ്ഞ രേഖകളിൽനിന്നെല്ലാം മനസ്സിലാകുന്നതു് മാർത്തോമ്മാ കേരളത്തിലേക്കു വന്നതു് പെത്ത്റായിൽ നിന്നും, ആഗ്ബാ ഉൾക്കടൽ തുറമുഖമായ ഏലാത്തിൽ എത്തി അവിടെനിന്നും കപ്പൽ കയറി ചെങ്കടൽ വഴി, സൊക്കോട്ടായിൽ ഇറങ്ങി എന്നാണു്.

www.malankaralibrary.com

(സൊക്കോട്രയിലെ സഭ മാർത്തോമ്മാ സ്ഥാപിച്ചതാണെന്നുള്ള അവകാശവാദം ശരിയായിരിക്കാം.) അവിടെനിന്നും തെക്കുപടിഞ്ഞാറൻ കാററിന്റെ സഹായത്താൽ നേരെ കിഴക്കോട്ട് യാത്രചെയ്ത് കേരളത്തിലെ പ്രധാന തുറമുഖമായിരുന്ന മുസ്സിരിസ്സിൽ എ. ഡി. 52-ൽ മാർത്തോമ്മാ വന്നു ചേർന്നു.

മാർത്തോമ്മാ മലയാളക്കരയിൽ വന്നിറങ്ങിയ[13] മച്ചിറി എന്ന തുറമുഖം വിദേശികൾക്ക് മുസ്സിരീസ്സ് എന്നാണ് അറിയപ്പെടുന്നത്. അറബികൾ മർഹാഷി[14] എന്നു പറയാറുണ്ട്. ഒന്നാം നൂററാണ്ടിൽ തെക്കേ ഇൻഡ്യയിലെ പ്രധാന രാജ്യവിഭാഗങ്ങൾ ചേര, ചോള, പാണ്ഡ്യദേശങ്ങളായിരുന്നു. ചേരനാടിന്റെ തലസ്ഥാനം[15] വഞ്ചിയു, പ്രധാന തുറമുഖം മുസ്സിരിസ്സും ആയിരുന്നു. മററു പ്രധാന സ്ഥലങ്ങൾ കാരൂർ, മരന്തായ്, ബാക്കരെ (വൈക്കം) മുതലായ സ്ഥലങ്ങളായിരുന്നു. ചോളനാടിന്റെ തലസ്ഥാനം തൃശ്ശിനാപ്പള്ളിക്ക് അടുത്ത് ഉരയൂരും പ്രധാന തുറമുഖം കാവേരി പട്ടണവും; പാണ്ഡ്യനാടിന്റെ തലസ്ഥാനം മധുരയും പ്രധാന തുറമുഖം താമ്രവർണ്ണി നദീമുഖമായ കോർകൈയും സാലിയൂരും ആയിരുന്നു. വിദേശനാടുകളിലേക്ക്[16] സ്വർണ്ണവും പവിഴവും ഇൻഡ്യയിൽ നിന്ന് പുരാണകാലങ്ങളിൽ കയററി അയച്ചിരുന്നത് താമ്രവർണ്ണി അഥവാ തബ്രോബിനി[17] നദിയിലെ തുറമുഖമായ കോർകൈയിൽ നിന്നുമായിരുന്നു. എ. ഡി. 522-ൽ ഇൻഡ്യയിൽവന്ന കോസ്സ് മോസ്സ്[18]. തബ്രോബിനിയെപ്പററിയും മലബാറിനെപ്പററിയും അദ്ദേഹത്തിന്റെ യാത്രക്കുറിപ്പിൽ പ്രതിപാദിക്കുന്നുണ്ട്.

'In the island of Tabrobane in the inner India, where the Indian sea is, there is a Church of Christians with clergy and a congregation of believers though I know not if there be any Christians further in that direction. And also is the case in the land called Mali (Malabar) where the pepper grows

(As cited in: A History of Christanity in Kerala, by Dr C. V. Cherian. page 93)'

അൻപ്-മരുന്' എന്ന പേരാണ് സംഘം കാലത്ത് താമ്രവർണ്ണി നദിക്ക് ഉണ്ടായിരുന്നത്. കോസ്സ്മോസ്സ് പറയുന്ന താബ്രോബിനി സിലോൺ ആണെന്നു സമർത്ഥിക്കാൻ ചില ചരിത്രകാരന്മാർ

www.malankaralibrary.com

ശ്രമിക്കുന്നുണ്ട്. എന്നാൽ താമ്പ്രോബനിയിലെ ക്രിസ്ത്യാനികൾ മണിക്കയെൻ[19] ക്രിസ്ത്യാനികളായിരുന്നു എന്നുള്ളതു് ആ ചരിത്രകാരന്മാർ മനസ്സിലാക്കാൻ ശ്രമിച്ചിട്ടില്ല. കൊല്ലത്തെ പ്രധാന വ്യാപാരികൾ 'മണിഗ്രാമക്കാരാ'യിരുന്നു അവർ ഒൻപതാം നൂററാണ്ടുവരെ തെക്കൻ കേരളത്തിൽ പ്രബലമായ ഒരു സമൂഹമായിരുന്നു എന്നു് കേരളചരിത്രം നോക്കിയാൽ കാണാവുന്നതാണ്. കൊല്ലം നഗരം മുതൽ തെക്കോട്ടുള്ള പള്ളികളെല്ലാം മണിക്കയ ക്രിസ്ത്യാനികളുടെ പള്ളികളായിരുന്നു. വേണാട്ടുവാഴിയായ അയ്യനടികൾ തിരുവടികൾ [20] എ. ഡി 349 ൽ സാപ്പോർ ഈശോയുടെ നാമത്തിൽ പേർഷ്യാക്കാരായ കുടിയേററക്കാരാൽ പണിത തരിസ്സാപ്പള്ളിക്കു് ചെപ്പേടു കൊടുക്കുമ്പോൾ മണിഗ്രാമക്കാരായ വാണിജ്യമണ്ഡലക്കാരോടു് (Merchant guild) ആലോചിച്ചതായി അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും മനസ്സിലാകുന്നതു് മണിക്കയെൻ മതം തെക്കൻ തിരുവിതാംകൂറിൽ ഒരു പ്രബല സമൂഹം ആയിരുന്നു എന്നുള്ളതാണ്.

സംഘം കാലത്തെ കവികൾ[21] മുസ്സിരിസ്സിനെ പുകഴ്ത്തി പറയുന്നതു് 'സമുദ്ധിയിലേക്കു കുതിച്ചു കയറുന്ന മുച്ചിറി അവിടെ വിദേശിയർ സ്വർണ്ണം കൊണ്ടുവരുന്നു, തിരികെ കറുത്ത സ്വർണ്ണം (കുരുമുളകു്) കയററി കൊണ്ടുപോകുന്നു എന്നാണ്'.

തായൻ കണ്ണനാർ[22] എന്ന കവി ആറാം നൂററാണ്ടിൽ മുസ്സിരിസ്സിനെ പുകഴ്ത്തി എഴുതിയിട്ടുണ്ട്. പെരിപ്ലസ്[23] എന്ന ചരിത്രത്തിൽ ഒന്നാം നൂററാണ്ടിൽ കേരളത്തിൽ നടന്നു വന്നിരുന്ന കച്ചവടത്തെപ്പററി പറയുന്നതു് താഴെ കൊടുക്കുന്ന പ്രകാരമാണ്.

റോമിലേക്കു് കേരളം കുരുമുളകു്, പവിഴം, ആനക്കൊമ്പ്. പട്ടുതുണികൾ, സുഗന്ധ ദ്രവ്യങ്ങൾ, വസ്ത്രം, മുതലായവ അയച്ചുകൊണ്ടിരുന്നു. അതേസമയം വിദേശത്തു നിന്നും കേരളം റോമൻ നാണയങ്ങൾ, ഉന്നൽപണികൾ നടത്തിയ ഉടുപ്പുകൾ വെള്ളക്കണ്ണാടികൾ, ചെമ്പു്, ഈയം മുതലായ ധാതുക്കളും ഇറക്കുമതി ചെയ്തിരുന്നു.'

മുസ്സിരിസ്സിന്റെ പ്രാധാന്യത്തെപ്പററി വളരെയധികം ഗ്രന്ഥ

www.malankaralibrary.com

www.knanayology.org

ങ്ങൾ രചിച്ചിട്ടുണ്ട്. എല്ലാം ഇവിടെ എഴുതുന്നത് അസ്ഥാനത്തായിപ്പോകുമെന്നുള്ളതിനാൽ അതിലേക്ക് ഒരുമ്പെടുന്നില്ല.

## മാർത്തോമ്മ ചേരനാട്ടിൽ

ചേരനാട് പടുത്തുയർത്തിയവനും, കുട്ടനാടിന്റെ അധിപനുമായിരുന്ന ഉതിയൻ ചേരലാതന്റെ ഭരണകാലത്താണ് മർത്തോമ്മാ ചേരനാടിന്റെ പ്രധാന തുറമുഖമായ മുച്ചിറി[1] (മുസ്സിരീസ്സിൽ)യിൽ എ. ഡി. 52-ൽ വന്നിറങ്ങിയത്. അന്ന് ചേരനാട് എന്നറിയപ്പെടുന്നത്, പുഴിനാട്, കുടനാട്[2], കുട്ടനാട്, ആയിനാട്, കൽനാട് എന്നീനാടുകൾ ചേർന്നവയും; നദികളാലും തോടുകളാലും തിങ്ങിനിറഞ്ഞിരുന്ന അറബിക്കടൽ ദേശമായിരുന്നു. ഉതിയൻ ചേരലാതന്റെ ഒരു പിൻഗാമിയായ കടൽ പുറകോട്ട് ഒഴുക്കിയ വേൽക്കെഴുകുട്ടുവന്റെ കാലത്താണ് പടിഞ്ഞാറെ തീരത്ത് കായലുകളും (പ്രത്യേകിച്ച് വേമ്പനാട്ടു കായലും, അഷ്ടമുടിക്കായലും) അതിനെ കടലുമായി വേർതിരിക്കുന്ന മണൽ തിട്ടയും ഉണ്ടായത്. നിരണം, ചങ്ങനാശ്ശേരി, കോട്ടയം, തലയോലപറമ്പ്, ഇടപ്പള്ളി, ആലുവാ, അങ്കമാലി, കുന്നംകുളം തുടങ്ങിയ സ്ഥലങ്ങൾ ഒന്നാം നൂററാണ്ടിൽ ചേരനാടിന്റെ കടൽ തീരപ്രദേശങ്ങളും; കുഴമൂറം വഞ്ചിയും പ്രധാന പട്ടണങ്ങളും ആയിരുന്നു. ചേരചക്രവർത്തിമാർക്ക് 'കുട്ടുവൻ' എന്ന സ്ഥാനഃപതു് ലഭിക്കാനുണ്ടായ പ്രധാന കാരണം ഇവർ കുട്ടനാട്ടിലെ അരചന്മാർ ആയതിനാലാണ്. ചേരനാടിന്റെ ആദ്യത്തെ തലസ്ഥാനം കുടനാട്ടിൽ പെരിയാർ തീരത്തെ വഞ്ചി[3] നഗരം ആയിരുന്നു.

ചേരനാടിനോട് പാണ്ഡിനാടിനെ യോജിപ്പിച്ച് ചേരസാമ്രാജ്യത്തിനു് അടിസ്ഥാനം ഉറപ്പിച്ചവനും, കുട്ടനാട്ടിലെ ഉതിയനു ചേരലാതൻ തന്നെയാണ്. പതിററിപ്പത്തു് എന്ന കൃതി, ഒന്നാം ചേരസാമ്രാജ്യത്തെ ഭരിച്ചിരുന്ന ചക്രവർത്തിമാരെ പ്രകീർത്തിക്കുന്ന ഒരു പ്രാചീന തമിഴ് കൃതിയാണ് ഈ പതിററിപ്പത്തിൽ ഒന്നാമത്തെ പത്തു് നഷ്ടപ്പെട്ട് പോയതിനാൽ ഉതിയൻ ചേരതാലന്റെ വ്യക്തിമാഹാത്മ്യത്തെപ്പററി അറിയാൻ കഴിയാതെ പോയി. ഇദ്ദേഹം ചേരനാടിന്റെ അധിപനായിരുന്ന കാലത്താണ് മാർത്തോമ്മാ മുസ്സീരിസ്സിൽ വന്നിറങ്ങിയത്. ഈ നാട്ടിൽ മാത്രം മാർത്തോമ്മാ സുവിശേ

www.malankaralibrary.com

www.knanayology.org

ഷം അറിയിക്കുവാനുള്ള പ്രധാന കാരണവും ഇതാണ്. അതേസമയം കുട്ടനാടിന്റെ രാജാവ്, ചേരസാമ്രാജ്യത്തിന്റെ ചക്രവർത്തിയായപ്പോൾ കുട്ടനാട്ടിലെ നസ്രാണികൾക്ക് ചേര സാമ്രാജ്യത്തിൽ 'മഹാപിള്ളമാർ' എന്ന സമുന്നതമായ സ്ഥാനത്തിന് അർഹരാകുകയും ചെയ്തു.

ചിലപ്പതികാരം എന്ന മഹാകാവ്യത്തിൽ കൂടിയാണ് ഉതിയൻ ചേരലാതന്റെ മഹാത്മ്യത്തെപ്പററി അല്പമെങ്കിലും അറിയുവാൻ സാധിക്കുന്നത്. എ. ഡി. 230—ൽ എഴുതിയ 'ഇരവികോത്തൻ ചെപ്പേടിൽ പറയുന്ന വീരകേരള ചക്രവർത്തി ഇദ്ദേഹമാണ്. 'ഉതിയൻ ചേരലാതൻ, ശത്രുവിന്റെ വെട്ട് പുറത്തേൽക്കുകയാൽ അപമാനിതനായി, മൂർച്ചയുള്ള വേൽ കയ്യിലുയർത്തി പിടിച്ച്, വടക്കോട്ട് ദർശനമായി ഇരുന്ന് (വടക്കിരുത്തി) നിരാഹാരവ്രതം അനുഷ്ഠിച്ച്, വീരമൃത്യു[4] പ്രാപിക്കുകയാണ് ഉണ്ടായത്.

ചിലപ്പതികാര കാവ്യത്തിൽ മതുരൈ കാണ്ഡത്തിൽ ഇദ്ദേഹത്തെപ്പററി പറയുന്നത്.

> ''പെരുഞ്ചോററ് നൽകിയതും, മൂർച്ചയേറിയ വേൽ ധരിച്ചതും, ആയ തടകൈയ്യോടുകൂടി നാളൊക്കെ മാളികയിൽ വാണിരുന്ന ഉതിയൻ ചേരലാതന്റെ ദാന ശൗണ്ഡതയെപ്പററി പലരും ചൊല്ലികേൾക്കയാൽ''[5] എന്നിപ്രകാരമാണ്.

ഈ പെരുഞ്ചോററ് സദ്യയെപ്പററി വഞ്ചികാണ്ഡത്തിൽ പറയുന്നത്.

> "അഞ്ചുപേരും നൂററവരും തമ്മിലുണ്ടായ പോരിൽ പെരുഞ്ചോററ് സദ്യ ലോഭമില്ലാതെ നടത്തി, നടുനില പാലിച്ച ചേരന്റെ മഹിമയെ വാഴ്ത്തി...... ഉഞ്ഞാലംടാം'' എന്നിപ്രകാരമാണ്.

കുട്ടനാട് അധിപനായിരുന്ന ഉതിയൻ ചേരലാതന്റെ, അയൽ നാടുകളുമായിട്ടുള്ള പോരാട്ടത്തെ, മാമൂലനാർ കവി, മഹാഭാരതയുദ്ധവുമായി താരതമ്യപ്പെടുത്തുന്നുണ്ട്. മൂന്നാം നൂററാണ്ടിൽ (ചിലപ്പതികാര കഥ നടന്ന കാലം) ചേര ചക്രവർത്തിയായിരുന്ന,

www.malankaralibrary.com

ചേരൻ ചെങ്കവൻ ഹിമാലയത്തിൽ പോയി കണ്ണകിയുടെ പ്രതിമക്കായി ഒരു കല്ല് കൊണ്ടുവരുവാൻ പുറപ്പെട്ടപ്പോൾ പറ കൊട്ടുകാർ വിളിച്ചു പറഞ്ഞതു്.

"വടക്കൻ നാട്ടിലെ രാജക്കന്മാരെ നിങ്ങളെല്ലാവരും സമുചിതമായ തിറകൾ കാഴ്ചവെച്ചിട്ട്, തിരുമേനിയുടെ മേൽകോയ്മ സ്വീകരിച്ചു കൊള്ളുവിൻ അങ്ങനെ ചെയ്യാത്തപക്ഷം, ചേരൻ കടലിൽ ചെന്നു് കടമ്പു് മുറിച്ച കഥയും ഹിമവാനിൽ വില്ലെഴുതിയ കഥയും നന്നായി ഓർത്തുകൊള്ളുവിൻ"$_7$ എന്നു് പ്രകാരമാണു്.

ചിലപ്പതികാര കാവ്യത്തിലെ ഈ ചരിത്രരേഖകൾ തെളിയിക്കുന്നതു്, ഉതിയൻ ചേരലാതൻ ഹിമവാനിൽ പോയി ചേരനാടിന്റെ കൊടി അടയാളമായ വില്ല് വരക്കുകയും, ഈ ജൈത്രയാത്രയിൽ കുരുക്ഷേത്രയുദ്ധത്തിനു് ദൃക്‌സാക്ഷി ആകുകയും ചെയ്തിരുന്നു എന്നാണു്. ധർമ്മിഷ്ഠനായ ഇദ്ദേഹം വേൽ കൈയ്യിലേന്തി വീര മൃത്യു അടഞ്ഞ ഇടം ആണോ? ശബരിമല ധർമ്മശാസ്താക്ഷേത്രം. ശബരിമല ശാസ്താവിന്റെ പ്രതിഷ്ഠ വേൽകയ്യിലേന്തി തപസ്സ് ഇരിക്കുന്ന പ്രതീതിയാണു് ഉളവാക്കുന്നതു്. ചേരനാട്ടിൽ വർണ്ണാശ്രമം ശക്തിപ്രാപിക്കുന്നതിനു് മുൻപു്, (ഏകദേശം ആയിരം വർഷങ്ങൾക്കു് മുൻപു്) പുരാണ ശബരിമല ക്ഷേത്രം തീകത്തുകയോ, പ്രകൃതിക്ഷോഭം കൊണ്ടു് നശിച്ചു് പോകുകയോ ചെയ്തു. അന്നു് ശബരിമലക്ഷേത്രത്തിൽ ഉണ്ടായിരുന്ന സ്വർണ്ണവാൾ$_8$ ഇപ്പോൾ അച്ചൻ കോവിൽ ശാസ്താക്ഷേത്രത്തിൽ സൂക്ഷിച്ചിരിക്കുകയാണു്.

ചോളനാടിന്റെ കാവേരിയെപ്പോലെയും, പാണ്ഢിനാടിന്റെ വേഗവതി (വൈഗ)യെപ്പോലെയും, ആയി നാടിന്റെ മകോതൈയർ (താമ്രവർണ്ണി) പോലെയും ബഹുമാനിക്കപ്പെടുന്ന കുട്ടനാടിന്റെ പമ്പയാറിനോടു് ബന്ധപ്പെട്ടാണു് ശബരിമല ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. മാതങ്ക ആശ്രമവും (കണ്ണകിക്ഷേത്രം) ശബരിപീഠവും പമ്പയാറിനോടു് ബന്ധപ്പെടുത്തി വാല്മീകി രാമായണത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. (Ref : ശ്രീ അയ്യപ്പൻ, ജനുവരി 1970) ശരണം വിളികൾ ബുദ്ധജൈനമതങ്ങളുടെ സൃഷ്ടമാണു്. ഇളങ്കോ വടികൾ തന്നെ ഒരു ജൈനമുനിയായിരുന്നു. ചിലപ്പതി

www.malankaralibrary.com

www.knanayology.org

കാർ കഥയിലെ നായകിയായ കണ്ണകിയുടെ നാമത്തിലുള്ളതാണ്, പൊന്നമ്പലമേട്ടിലെ മാതങ്ക ആശ്രമം. ശബരിമല ശാസ്താ വിഗ്രഹത്തിൽ തിരുവാഭരണം ചാർത്തി, മകര വിളക്ക് തെളിയിച്ച് ദീപാരാധനയ്ക്ക് കവാടം തുറക്കുമ്പോൾ, ഈ മാതാങ്കാശ്രമ (കണ്ണകീക്ഷേത്രം) പരിസരമാണ് മകരജ്യോതിയാൽ പ്രകാശിക്കുന്നത്. ശബരിമലശാസ്താക്ഷേത്രവും പൊന്നമ്പലമേട്ടിലെ കണ്ണകീക്ഷേത്രവുമായി ഏതോ അജ്ഞാതബന്ധം ഉണ്ടെന്നുള്ളത് ഇവിടെ വ്യക്തമാണ്.

ചേരൻ ചെങ്കുട്ടവൻ, ഹിമാലയത്തിൽ നിന്നും കൊണ്ടുവന്ന, മാർബിൾ ശില കൊണ്ട് നിർമ്മിച്ച, കണ്ണകിയുടെ പ്രതിമ വേഗവതി തീരത്ത് മലയുടെ ഉച്ചിയിൽ സ്ഥാപിക്കുകയുണ്ടായി. ഈ പ്രതിമയെ കണ്ട് വണങ്ങിയശേഷം ചേരൻ ചെങ്കുട്ടവനെ ദർശിച്ച് തങ്ങളുടെ കഥ പറഞ്ഞ് കേൾപ്പിക്കുന്ന സമയത്ത്, കണ്ണകിയുടെ തോഴിമാരായിരുന്ന ദേവന്തിയും അയ്യയും (പശുപാലകമാതിരിയുടെ മകൾ); കണ്ണകി ഒരു ദേവിയെപ്പോലെ ആകാശത്ത് പ്രത്യക്ഷപ്പെടുന്നത് കാണുകയുണ്ടായി, ഈ അത്ഭുതകരമായ കാഴ്ച കണ്ട് ചേരൻ ചെങ്കുട്ടവൻ ആശ്ചര്യപ്പെട്ട് വിളിച്ചു പറഞ്ഞത്;

> "ഇതെന്ത്, ഇതെന്ത്, ഇതൊന്തൊരത്ഭുതം! ചന്തമുള്ള സ്വർണ്ണച്ചിലമ്പും അലങ്കാരത്തോടുകൂടിയ കാഞ്ചീ ഗുണവും വളയണിഞ്ഞ കയ്യും, നിർദ്ദോഷകമായ വൈരം പതിച്ച സ്വർണ്ണകർണ്ണാഭരണവും, ജാംബൂനാദം കൊണ്ടുണ്ടാക്കിയ മററ് സർവ്വാലങ്കാരങ്ങളും ഉള്ള ഒരു മിന്നൽക്കൊടി ഉയർന്ന് ആകാശത്തിൽ കാണപ്പെടുന്നുവല്ലോ"9 എന്നിപ്രകാരം ആണ്.

ശബരിമല ശാസ്താ സന്നിധിയിൽ പോകുന്ന ഭക്ത ജനങ്ങളും 'മകരജ്യോതി' അങ്ങു ദൂരെ കാണുമ്പോൾ ഇതെന്ത്? ഇതെന്ത്? എന്ന് ചെങ്കുട്ടവനെപ്പോലെ ആശ്ചര്യപ്പെടുകയല്ലേ ചെയ്യുന്നത്.

മാപതിയായ കണ്ണകീദേവി ചെങ്കുട്ടവന്, ദർശനം നൽകി പറഞ്ഞത് "വിജയപ്രദമായ വേലണിഞ്ഞ മുരുകന്റെ മലയിൽ ഞാൻ വിളയാടാതിരിക്കില്ല. വരുവിൻ, എല്ലാവരും വരുവിൻ"10 എന്നിപ്രകാരമാണ്. വിജയപ്രദമായ വേലണിഞ്ഞ മുരുകൻ, കുട്ടനാട്ട് അരചൻ ഉതിയൻ ചേരാതലനല്ലേ? ധർമ്മശാ

www.malankaralibrary.com

www.knanayology.org

സ്ഥാവു് ഇദ്ദോറമല്ലേ? ശബരിമല അയ്യപ്പനാണ് മധുരൈ ദേവി[11] പ്രതിമ പ്രതിഷ്ഠിച്ചതു് എന്നൊരു വിശ്വാസം ഉണ്ട്. ചിലപ്പതികാര കഥ നടന്ന കാലത്തിനു് മുൻപുതന്നെയുള്ള ഈ ദേവി പ്രതിമ ഉതിയൻ ചേരലാതൻ പ്രതിഷ്ഠിച്ചതാകാനാണ് സാധ്യത. എ. ഡി. 349–ലെ ക്നായി തൊമ്മൻ ചെപ്പേടിൽ 'വലിയ പ്രതിമയായിരിക്കുന്ന വലിയ നഗരത്തെപ്പറ്റി'' പറയുന്നുണ്ട്. കണ്ണകി തൻെറ ഇടത്തെസ്തനം പറിച്ചെറിഞ്ഞു് മധുര നഗരിയെ കോപാഗ്നിക്കു് ഇരയാക്കി തൻെറ ശംഖുവളകൾ ഈ ക്ഷേത്രത്തിലാണ് ഉടച്ച് കളഞ്ഞതു്.

ചേരൻ ചെങ്കുട്ടവൻ പാതിവ്രത്യത്തിൻെറ പ്രതീകമായ കണ്ണകിയുടെ പ്രതിമ കൊടുങ്ങല്ലൂരിലാണ് പ്രതിഷ്ഠിച്ചതു് എന്നൊരു ധാരണ ചരിത്രകാരന്മാരുടെ ഇടയിൽ ഉണ്ട്. പക്ഷെ ചിലപ്പതികാര കാവ്യത്തിൽ, മധുരൈകാണ്ഡത്തിൽ 'കൊററവ' ദേവിയെപ്പററി വിവരിക്കുന്ന ദുർഗ്ഗാദേവി[12] (ചതുക്കപ്പൂതം) യുടെ ക്ഷേത്രമാണ് കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം. മേല്പറഞ്ഞ ഒരു ധാരണ ചരിത്രകാരന്മാർക്കു ഉണ്ടാകാനുള്ള പ്രധാന കാരണം, ചേരനാടിൻെറ മറെറാരു തലസ്ഥാനമായിരുന്ന മാന്തകോതൈയപുരം,[13] കൊടുങ്ങല്ലൂരിനു് അടുത്താണ് സ്ഥിതിചെയ്തിരുന്നതു് എന്നു് അനുമാനിക്കുന്നതുകൊണ്ടാണ്. പക്ഷെ മാന്തകോതൈയപുരം, ആയി നാട്ടിൽ, കോതൈയാർ (താമ്രവണ്ണി) തീരത്തു് സ്ഥിതിചെയ്തിരുന്ന ഒരു പട്ടണമാണ്. (കൂടുതൽ വിവരങ്ങൾ രണ്ടാം ഭാഗം ഏഴാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്).

മാപത്നിയായ കണ്ണകിയുടെ പ്രതിമ സ്ഥാപിച്ച് പൂജയും പാട്ടും നടത്തിയ എല്ലാ രാജ്യങ്ങളിലും, പ്രത്യേകിച്ച് ശ്രീലങ്കയിലും, ചോളനാട്ടിലും മഴ ധാരാളമായും അതുവഴി ഫലപുഷ്ടിയും ഉണ്ടായി എന്നു് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീലങ്കയിൽ, കണ്ണകീ ക്ഷേത്രങ്ങളിൽ ചിലമ്പാണ് പൂജിക്കപ്പെട്ടിരുന്നതു്. ചേരനാട്ടിൽ, വഞ്ചി നഗരത്തിലും കണ്ണകിയുടെ പ്രതിമ ചേരൻ ചെങ്കുട്ടവൻ സ്ഥാപിച്ചിരുന്നു. ചിലപ്പതികാരം, മണിമേഖല എന്നീ മഹാകാവ്യങ്ങളിൽ മലങ്കരനസ്രാണികളെ സംബന്ധിക്കുന്ന ചില രേഖകൾ ഉള്ളതിനാൽ അവയെപ്പററി കൂടുതലായി ഇവിടെ വിവരിക്കേണ്ടിയിരിക്കുന്നു.

ചിലപ്പതികാരകാവ്യം, പുകാർ, മധുരൈ' വഞ്ചി എന്നിങ്ങ

www.malankaralibrary.com

www.knanayology.org

നൊ മൂന്നു് കാണ്ഡങ്ങളായി ആണു് രചിച്ചിട്ടുള്ളതു്. ഇവയിൽ ഒന്നിലും നസ്രാണികളെപ്പറ്റി വ്യക്തമായി സൂചിപ്പിച്ചിട്ടില്ല. എന്നാൽ തൊഴിൽ പരമായി ധാന്യങ്ങൾ സംഭരിക്കുന്ന വെള്ളാളചെട്ടികളെപ്പറ്റി പറയുന്നുണ്ടു് ഈ വെള്ളാളച്ചെട്ടികൾ ആണു് മണിയുടെ അത്ഭുതസിദ്ധിയിൽ വിശ്വസിച്ചു് മണിക്കയമതക്കാരായി തീരുന്നതു്. ഇവരുടെ കേന്ദ്രം തൊണ്ടി നാടിന്റെ തലസ്ഥാനമായിരുന്ന കാഞ്ചിയും, (കാഞ്ചിപുരം), ആ നാടിന്റെ തുറമുഖപട്ടണമായിരുന്ന മൈലാപ്പൂരും ആയിരുന്നു. കൊണ്ടി നാട്ടിൽ നിന്നും പാണ്ഡിനാട്ടിലെ കൂടൽ തുറമുഖത്തു് (വേഗവതി നദിയുടെ പതന സ്ഥലം) എത്തിക്കുന്ന സാധനങ്ങളുടെ ഒരു പട്ടിക തന്നെ മധുരൈ കാണ്ഡത്തിൽ കൊടുക്കുന്നുണ്ടു്. മാർത്തോമ്മാ മൈലാപ്പൂരിൽ ആണു് കബറടങ്ങിയതെങ്കിൽ നസ്രാണികൾ അവിടെ നിശ്ചയമായും കാണും. പക്ഷെ അങ്ങനെ ഒരു സൂചനപോലും ഈ കാവ്യത്തിൽ കാണുന്നില്ല. മധുരൈ കാണ്ഡത്തിൽ അന്തണർ, അരചർ, വണിക്കുകൾ, വെള്ളാളർ എന്നീ നാലു ജാതികാരെപ്പറ്റി പറയുന്നുണ്ടു് കൂടാതെ തൂക്കാനുള്ള തുലാദണ്ഡങ്ങളും, അളക്കാനുള്ള മരക്കാൽ മുതലായവയും ഒക്കെ വെച്ചുകൊണ്ടുള്ള തരകന്മാരുടെ കുലവാണിഭത്തെരുവുകളും എന്നു് ഈ കാണ്ഡത്തിൽ പറയുന്നുണ്ടു്. ഈ തരകന്മാർ നസ്രാണികൾ എങ്കിൽ അവർ മധുരൈ പട്ടണത്തിൽ അക്കാലത്തു് ഉണ്ടായിരുന്നു എന്നു് മാത്രം അനുമാനിക്കാം.

എന്നാൽ 'മണിമേഖലാ' കാവ്യത്തിൽ, അതിലെ കഥാനായികയായ മണിമേഖലയെ മണി പല്ലവ ദ്വീപിൽ നിന്നും, വഞ്ചിനഗരത്തിൽ ആകാശത്തിൽ കൂടെ സഞ്ചരിപ്പിച്ചു് കൊണ്ടുവരുന്നുണ്ടു്. വഞ്ചി നഗരത്തിൽ പുരുഷവേഷത്തിൽ വരുന്ന മണിമേഖല അവിടെയുണ്ടായിരുന്ന മതപണ്ഡിതന്മാരിൽ നിന്നും അവരുടെ തത്വസംഹിതകൾ ഗ്രഹിക്കുകയുണ്ടായി. അതിൽ ശൈവവാദികളിൽ നിന്നും ഗ്രഹിക്കുന്ന വസ്തുതയിൽ, നസ്രാണികൾ അക്കാലത്തു് (മൂന്നാം നൂററാണ്ടിൽ) കുട്ടനാടിന്റെ തലസ്ഥാനമായ വഞ്ചിനഗരത്തിൽ ഉണ്ടായിരുന്നു എന്നു് വ്യക്തമാകുന്നുണ്ടു്.

മണിമേഖല വഞ്ചിനഗരത്തിൽ വന്നു്, കോവലനും കണ്ണകിക്കും വേണ്ടി നിർമ്മിച്ച ക്ഷേത്രത്തിൽ ചെന്നു് തൊഴുതു അപ്പോൾ കണ്ണകി പ്രത്യക്ഷപ്പെട്ടു്:

www.malankaralibrary.com

www.knanayology.org

"നീ ഈ വഞ്ചിമാ നഗരത്തിൽ അതാതു് ധർമ്മത്തിലുള്ളവർ പറയുന്ന തത്വങ്ങൾ കേൾക്കുക. അതിനുശേഷം ബുദ്ധധർമ്മോപദേശം കേൾക്കുമ്പോൾ ജ്ഞാനോദയം ഉണ്ടാകും. ഈ രൂപത്തിൽ ചെന്നാൽ യൗവ്വനയുക്തയായ സ്ത്രീയാക കൊണ്ടു് ആരും നിന്നോടു് സംസാരിക്കയില്ല. അതിനാൽ രൂപം മാറി പോകുക എന്നു് ഉപദേശിച്ചു."

അതിൻ പ്രകാരം മന്ത്രശക്തിയാൽ പുരുഷരൂപം സ്വീകരിച്ചു് പ്രമാണവാദികൾ മുതൽ ഭൂതവാദിവരെയുള്ള എല്ലാത്തരം വിശ്വാസികളിൽ നിന്നും മണിമേഖല മതതത്വങ്ങൾ കേട്ടറിഞ്ഞു. ഈ മതപ്രണേതാക്കളിൽ ശൈവവാദികളെ അഭിമുഖീകരിക്കുന്ന ഭാഗമാണു് താഴെ കൊടുക്കുന്നതു്.

"ഇറൈവൻ ഈശൻ എന്ന
നിൻറ ചൈവ വാതിനേർപടുതലും
'പരചും നിൻ തെയ്‌വം എപ്പടത്തു'' എന്ന''

ഞങ്ങളുടെ നാഥൻ ഈശനാണെന്നു് പറയുന്ന ശൈവവാദി അഭിമുഖമായി വന്നപ്പോൾ അയാളെ കണ്ടു് നിങ്ങൾ ആരാധിക്കുന്ന ദൈവം ഏതു് മാതിരിക്കാരനാണെന്നു് മണിമേഖല ചോദിച്ചപ്പോൾ;

"തന്നിൽ വേറുതാൻൻററിലോനും
അന്നോൻ-ഇറൈവനാകും എൻറ ഉരൈത്തനൻ"

തന്നിൽ നിന്നും വിഭിന്നമായി തനിക്കു് തുല്യവും, തന്നേക്കാൾ ഉയർന്നതുമായ മററൊന്നില്ലാത്തവനും ആയ സ്വഭാവമുള്ള ആദിപുരുഷൻ തന്നെയാണു് ഞങ്ങളുടെ ദൈവം എന്നു് പറഞ്ഞു.

(മണിമേഖലാ 27-ാംഗാഥ 86–95 വരികൾ)

മേൽപറഞ്ഞ ശൈവവാദികളുടെ ഉത്തരം സീനായ് പർവ്വതത്തിൽ വെച്ചു് യഹോവ മോശയ്ക്കു് നൽകിയ പത്തു് കല്പനകളിൽ ഒന്നാമത്തേതായ "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു് ഉണ്ടാകരുതു്" എന്ന കല്പനയോടും ക്രിസ്തുമത വിശ്വാസത്തോടും സാദൃശ്യപ്പെട്ടതാണു്.

www.malankaralibrary.com

ഈ ഗാഥയിൽ പറയുന്ന ശൈവവാദികൾ കേരളത്തിൽ കുടിയേറിയ ആര്യദേശക്കാരിൽ മേധ്യ വംശജരാണ്. മഗ്ഗുശയന്മാർ (വിദ്വാന്മാർ), മാഗ്ഗികൾ എന്നീ വംശത്തിൽപ്പെടുന്ന ഇവർ, സാരതുസ്ത്ര മത പുരോഹിതന്മാരും, മസ്ദായികൾ എന്ന് പൊതുവെ അറിയപ്പെടുന്നവരും ആണ്. സാരതുസ്ത്ര മതാചാരപ്രകാരം യമലോകമായ മസാന്തരൻ മലകളിൽ ഹോമങ്ങൾ അർപ്പിച്ചിരുന്നതു് ഇവരാണ്. വിദേശികളെ മ്ലേച്ഛരായി കരുതിയിരുന്ന ഇവർ, ഗ്രീക്ക് ആധിപത്യം മേധ്യയിലും, പേർഷ്യയിലും ബി. സി നാലാം നൂറ്റാണ്ടിൽ വന്നതോടുകൂടി, സിന്ധുനദീതടത്തിലേക്കും, അവിടെ നിന്നും ഇൻഡ്യയുടെ തെക്കു പടിഞ്ഞാറെ തീരത്തും കുടിയേറുവാൻ തുടങ്ങി. അങ്ങനെ മേധ്യയിൽ നിന്നും കുടിയേറിയ ഈ ആര്യന്മാരെയാണ് ശൈവവാദികളായി, മണിമേഖല, വഞ്ചിമാനഗരത്തിൽ കണ്ടുമുട്ടുന്നതു്. എന്നാൽ ഇതേ കാലഘട്ടത്തിൽ പെർസ്സിസ്സിലെ (പേർഷ്യാ) ആര്യന്മാർ വടക്കേ ഇൻഡ്യയിൽ ഗംഗാതടത്തിലേക്കാണ് കുടിയേറിയതു്. ഇവർ വൈഷ്ണവവാദികളാണ്. കേരളത്തിൽ പരദേശ ബ്രാഹ്മണർ അഥവാ പട്ടന്മാർ എന്ന് ഇവർ അറിയപ്പെടുന്നു. സിന്ധുനദീ തടത്തിലെ സാംസ്ക്കാരിക കേന്ദ്രമായിരുന്ന തക്ഷശിലയിൽ (ഗുഡ്നാഫറിന്റെ രാജധാനി) വെച്ച് മാർത്തോമ്മാ കണ്ടുമുട്ടുന്ന മേധ്യരെ അവിടെ നഫ്ത്താലി ഹൂണന്മാർ എന്നാണ് അറിയപ്പെട്ടിരുന്നതു്. അവിടെ നിന്നും കേരളത്തിലേക്ക് കുടിയേറിയ ഇവർ നമ്പൂതിരി (നഫ്ത്താതിരി)മാർ എന്ന് ഇവിടെ അറിയപ്പെടുന്നു. ഇൻഡ്യയിൽ ശൈവരും വൈഷ്ണവരും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ, ആര്യാനാ ദേശത്തെ മേധ്യരും പേർഷ്യരും തമ്മിലുണ്ടായിരുന്ന വൈരുദ്ധ്യത്തോളം ദൈർഘ്യമുള്ളതാണ്.

വൈദീക സംസ്ക്കാരരായ ഈ നമ്പൂതിരിമാരിൽ, മാർത്തോമ്മായിൽ നിന്നും സുവിശേഷമാർഗ്ഗം സ്വീകരിച്ച് തങ്ങളുടെ നാഥൻ ഈശോയാണെന്ന് അഭിമാനിക്കുന്ന നസ്രാണി മത പണ്ഡിതന്മാരെയാണ്, മണിമേഖല വഞ്ചിമാ നഗരത്തിൽ വെച്ച് കണ്ടുമുട്ടുന്നതു്. മണിമേഖലയിലെ കഥാനായികയെ പിന്നീട് കഥാകൃത്ത് വഞ്ചി നഗരത്തിൽ നിന്നും, തൊണ്ടിനാട്ടിൽ കാഞ്ചീപുര (കാഞ്ചീപുരം) ത്തേക്കാണ് കൊണ്ടുപോകുന്നതു്. പക്ഷെ അവിടെ മൈലാപ്പൂരിൽ, നസ്രാണികളോ, (ഈശാനുവാദികൾ) അവരുടേതായ ഒരു പുണ്യസ്ഥലമോ ഉള്ളതായി ഒരു സൂചന പോലും ഈ കാര്യത്തിൽ

www.malankaralibrary.com

www.knanayology.org

ഇല്ലാ എന്നുള്ളതു് എടുത്തു് പറയാതിരിക്കാൻ നിവൃത്തിയില്ല. പൊതുവെ പറഞ്ഞാൽ ഒൻപതാം നൂററാണ്ടുവരെ നസ്രാണികൾ ചേരനാട്ടിൽ മാത്രം (പ്രത്യേകിച്ച് കുട്ടനാട്ടിലും, കുടനാട്ടിലും) ഒതുങ്ങി കഴിഞ്ഞിരുന്ന ഒരു സമൂഹം ആയിരുന്നു,

ഒന്നാം നൂററാണ്ടിൽ അതിപ്രഭാവവാനായിരുന്ന ഉതിയൻ ചേരലാതന്റെ ചേരനാട്ടിൽ വന്ന മാർത്തോമ്മാ ആ രാജ്യത്തു് മാത്രമേ തന്റെ മതം പ്രചരിപ്പിക്കുവാനുള്ള സാഹചര്യം ഉണ്ടായിരുന്നുള്ളു. അയൽ നാടുകളെ (പ്രത്യേകിച്ച് പാണ്ഡിനാടും ചോളനാടും) പിടിച്ചടക്കുവാൻ വേണ്ടതായ തയാറെടുപ്പുകൾ ചെയ്തുകൊണ്ടിരുന്ന ഉതിയൻ ചേരലാതനെ ഭയന്നു് അയൽ രാജ്യക്കാർ തങ്ങളുടെ രാജ്യാതിർത്തികൾ വേണ്ട പോലെ ഭദ്രമാക്കിയിരിക്കും. ചിലപ്പോൾ അതിർത്തികളിൽ യുദ്ധം തന്നെ നടന്നു് കൊണ്ടിരിക്കുകയും ആകാം ഈ സാഹചര്യത്തിൽ മാർത്തോമ്മാ ചേരനാട്ടിൽ നിന്നും, പാണ്ഡിനാടും, ചോളനാടും കടന്നു്, ഇവിടെ എങ്ങും സുവിശേഷ പ്രവർത്തനം നടത്താതെ തൊണ്ടിനാട്ടിലെ തുറമുഖപട്ടണമായിരുന്ന മൈലാപ്പൂരാൽ എത്തി ചേർന്നു എന്നു് പറഞ്ഞാൽ അതു് വെറും അതിശോക്തി പരം മാത്രമായിരിക്കും. എന്നാൽ ഇവിടെ നിന്നും, മരുഭൂമിയിൽ മസ്ദായിയുടെ രാജ്യത്തേക്കാണു് അദ്ദേഹം പിന്നീടു് പോയതെന്നു് നടപടികളിൽ പറയുന്നു.

തന്റെ കർത്തവ്യന്നിനിടയിൽ പല രാജ്യങ്ങളിൽ മാർത്തോമ്മാ പോകേണ്ടിവന്നെങ്കിലും, തന്റെ ദൌത്യം പൂർത്തികരിച്ചശേഷം, മസ്ദായിയുടെ രാജ്യത്തു് വെച്ചു് രക്തസാക്ഷിത്വം വരിക്കുകയാണു് ഉണ്ടായതു്. ചേരനാട്ടിലെ നസ്രാണികൾ, ഉതിയൻ ചേരലാതൻ പടുത്തുയർത്തിയ ചേരസാമ്രാജ്യത്തിൽ ഒരു ഉന്നതസമൂഹവും; കുട്ടനാട്ടിൽ പമ്പാനദീതീരത്തു് മാർത്തോമ്മാ സ്ഥാപിച്ച പള്ളി അവരുടെ തലപ്പള്ളിയും ആയിത്തീർന്നു.

Notes

1. In Kerala in the fifth and sixth centurles there were two classes of Brahmins. One class had been established here for trade and the other came in the mean-

www.malankaralibrary.com

time for spreading their religion.'

Ref : Studies in Kerala History, by Elamkulam Kunjan Pillay page 102

2. 'മാർത്തോമ്മ രണ്ടാമത്തെ പര്യടനത്തിൽ പേർഷ്യൻ ഉൾക്കടൽ വഴിയാണ് ഇന്ത്യയിൽ വന്നിറങ്ങിയതെന്ന് സംശയിക്കാനേ ഇല്ല. വി. തോമാ സൊക്കോട്രാ ദ്വീപിൽ നിന്നാണ് ഇന്ത്യയിൽ വന്നിറങ്ങിയത്. (മെഡ്ലിക്കോട്ടിന്റെ അഭിപ്രായമാണ് മേൽ ഉദ്ധരിച്ചിരിക്കുന്നത്.)

Ref : മലങ്കര നസ്രാണികൾ, വാല്യം ഒന്ന്, പേജ് 310.

3. The Roman historian, Pliny (77 B. C.) remarks that the discovery of Hippalous and the safe route to India emboldened the navigators from the Persian and Arabain Gulfs to spring forward to Muzirls (Cranganor) or Kodungaloor of Kerala, and the voyage from Babel-Mendep to Muziris could be made in 40 days. Needless to say that the Indian seamen also followed the route.

Ref : 'From the ports of Kerala, by K. L. Bernard.

4. Thus the statement in the Travancore Tradition that Thomas came to Muziris from Socotra, fits perfectly into our theory that he had come from the Indus and is also in full agreement with later facts.'

Ref ; 'The Apostle Thomas in Sounth India' by J. N. Farquahr (Edited by Vellian) page 48

5. St. James testment: And the prophets came, and the twelve Apsotles came and the blessed martyrs. There came also the people both living and dead to salute Mary the mother of the Lord.'

Ref : Legends of our Lody Mary by E. A, W. Budge, page 145.

6. 'The quickest way to Indian from Persia and Mesopo-

www.malankaralibrary.com

tomia lay through the Persian Gulf and the Arabian Sea.'

Ref : Early Spread of Christianity in India, by Dr. A. Mingana. page 5.

7. 'The Church that is at Babylon elected together with you saluteth you and so doth Marcus my son."

Ref: New Testment, 1st Peter 5:13.

8. 'Universal Greek tradition declares that the Apostles did not leave the Syro palestinian region untill the end of twelve years ministry.' Babylon was the major city from which the Apostles in the east worked.'

Ref : Plain Truth's 'Where did the twelve Apostles go? Ambassador College. St. Albans England,

9. The Christianity of the coastal areas was Hellenized it used the Greek scripture and a Greek version of the liturgy. In the hinterland the Scripture was read and the divine worship was performed in the vernacular syriac an Aramic dialect from the region of Edessa.'

Ref : Aristotle and the Arabs, F. E. Peters page 35

10. (a) The hinterland of Ethiopia provide African ivory and gold and was also a market for Indian muslin. The inland Twon Petra in what is now Jordan linked Red Sea routes with Asian routes–Discordes was the island of Socotra an important port of Exehange where Indian Vessels brought thier merchandise.'

Ref : A history of India, by Romila Tapor. page 114.

(b) Owing to position of Mesene (for many years under its own kings) the Parthians were never able for long to keep a navy afloat on the Persian Gulf. Owing this circumstance a considerable commerce had sprang up with India on one side and Petra on the other

www.malankaralibrary.com

www.knanayology.org

during first two centuries of our era'

Ref : Ancient History of Persia by Vaux Page 152.

11. Though at times they (Parthians) held the whole country to the Persian Gulf, the foundation of Antiocheus Theos of the town of Spaslni-Kharax in B. C. 140 as it deprived them (Parthians) of a direct trade with India, so it prevented them from becoming a naval as well as military power.'

Ref : Ancient History of Persia, by vaux page 121

12. (1) Yakut (4th century) informs us that for some unknown reason the Bahrain island was soon depopulated and completely forgotten inspite of the fact that it had many villages and springs.'

Ref : Early spread of Christianity in India by Mingana, page 20

(2) The diminution of the importance of Bahrain as a whole during the centuries (Parthian and Sassanid periods) perhaps been seen in relation to the rise of the Roman Empire in the west, The discovery of monsoon winds and the consequent transfer of the greater part of the Indian trade from the Persian Gulf to the Red Sea'

Ref : Welcome to Bahrain by James Belgrave page 65

13. 'The first name that occurs to our mind, among the ancient cities of Kerala is of course, Kodungallor. Yet that name is to be founded only by about A. D. 800 Before that it was known as Muziris, This is Muziris referred to by the author of Periplus, Ptolemy and others'.

Ref : Studies in Kerala History, Elamkulam, page 56.

14. Ref : Archaeological Museum Maps of Bahrain Island Arabian Gulf.

www.malankaralibrary.com

Acc No: 2709



15. Ref : Sangam Age, pages 5-6; and the Pandyan Kingdom, page 16, by K, A. Nilakan;a Sastri,

16. (1) The mouth of the Tambrabarni is famous for the pcarl fisheries of the Gulf of Mannar, often described at lengh by travellers from other lands.'

Ref : The Sangam age, by K, A. Nilkanta Sastri, page 5.

(2) 'Korkai is referred to as the centre of pearl fishing in Silappdikarm.'

Ref : The Pandyan Kingdom, by Sastri, page 31.

(3) O blessed Joachim. my memorial is greater than the glory of the world yer it is more to be desired than the Sardonyx stone and it is more beautiful than the go!d of Taprobane.'

Ref : Legends of Our Lady Mary, by Budge, page 53,

17. 'The important sea porɿ of the Pandya Kingdom was Korkal. It lies on the mouth of the river Tambrabarni, It owes its fame to the pearl trade carried on there. (obtained from Gulf of Mannar)

Ref : Studies in Kerala History by Elamkulam. page 12,

18, 'Korkai or Kayal on the Tinnelvelly coast were one after the other the flourshing ports between 1st and 13th centuries A. D.'

Ref : The Sangam Age, by K. A. N. Sastri, page 5,

19. 'Manichaeans never kissed any one of the other sex. Instead thəy kissed a New Testament and passed it across the table to be kissed'

Ref : Eros Denied, by Wayland Young page 155.

20. 'Ayyanadi Tiruvadi, ruler of Venad, in consulation with his officers ministers, the representatives of the Anju–

www.malankaralibrary.com

vanam and Manigrammam and Chief of Punnathala granted the Viduperu to the Tarisapally built by Eso da Tapir at Kurakkoni Kollam.'

Ref : Studies in Kerala History, by Elamkulam, page 372.

21. The Sangam poets sing the glory of Kodungaloor.
The thriving town of Muchiri
Where the beautiful ships of the Yavanas
Bring gold and return with black gold (pepper)

Ref . From the ports of Kerala, by K. L. Bernad.

22. Tayankannar of the sixth century writes in Akam 149,
'Besieging with battle din-the flourishing Musiri,
Where the well built ships of the Yavanas
Bring gold and return laden with pepper''

23. Ref : The Statement in 'The Periplus of the Erytheran sea' taken from: From the ports, of Kerala' by K. L. Barnard as published in the Hindu, Dated Nov. 28, 1971.

## മാർത്തോമ്മ ചേരനാട്ടിൽ

1. Ref: കേരള ചരിത്രം, വാല്യം 1, പേജ് 35

2. 'കുടനാടായിരുന്ന മൂലസ്ഥാനം' Ibid 57

3 "മുചിരി, മുശിരി, വഞ്ചി എന്നീ പേരുകളോടുകൂടിയ കൊടുങ്ങല്ലൂർ ആയിരുന്നു ചേരരാജ്യത്തിന്റെ തലസ്ഥാനം" Ibid 57

4. Ibid 112

5. Ref: ചിലപ്പതികാരം, മതുരൈ കാണ്ഡം, ആദപ്പാപദേശം (പേജ് 631)

6 a) Ref : Ibid, വഞ്ചികാണ്ഡം, 28-ാം ഗാഥ (പേജ് 869)

b) 'പെരുഞ്ചോററ്' സദ്യയെപ്പററി പുറനാനൂറ് (2) ലും,

www.malankaralibrary.com

www.knanayology.org

അകനാനൂറ് (223)ലും സൂചിതമായിരിക്കുന്നു.'

Ref: കേരള ചരിത്രം, വാല്യം 1, 113.

7. ചിലപ്പതികാരം, ശിലാവരണം 25-ാം ഗാഥ, 181-185 വരികൾ

8. Ref; Sabarimala and its Sastha, by Rev. P. T. Thomas, Page 18.

9. Ref: ചിലപ്പതികാരം, ആശിർവാദം, 29-ാം ഗാഥ, ചെങ്കുട്ടുവൻ കൂറ് (പേജ് 856)

10. Ibid 857

11. Ref: 'Sabarimala and its Sastha by P. T. Thomas. Page 16

12. "പുകാർ നഗരത്തിൽനിന്ന് 'ചതുക്കപ്പൂതത്തി'ന്റെ ബിംബം കൊണ്ടുവന്ന് കൊടുങ്ങല്ലൂരിൽ പ്രതിഷ്ഠിച്ചതു് ഇളം ചേരലാണെന്ന് പറയപ്പെടുന്നു."

Ref: കേരള ചരിത്രം, വാല്യം 1 പേജ് 122.

13. a) 'തെൻവഞ്ചി എന്നറിയപ്പെട്ടിരുന്ന മകോതൈയാർ പട്ടണത്തിന്റെ യഥാർത്ഥ സ്ഥാനം, താമ്രവണ്ണി നദീ തീരമാണ്. ചിലപ്പതികാരം, വാഴ്ത്തുഗാഥയിൽ (9-13 വരികൾ) പറയുന്നതു് "സലിലത്തോടുകൂടിയ താമ്രവണ്ണി നദിചൂഴുന്ന വഞ്ചിയിൽ" എന്നാണ്.

b) പെരിയാർ തീരത്തുള്ള വഞ്ചിയും (കാരൂർപടന), പൊരുനൈ (താമ്രവണ്ണി) നദീതീരത്തുള്ള കരവൂർ വഞ്ചിയും (തെൻവഞ്ചി) മാകൈന്തയും, തൊണ്ടിയും ചേരന്മാരുടെ തലസ്ഥാനങ്ങളായി വർത്തിച്ചിരുന്നു.

Ref: കേരള ചരിത്രം, വാല്യം 1 പേജ് 116

www.malankaralibrary.com

## അദ്ധ്യായം 7

# മാർത്തോമ്മായുടെ കേരളത്തിലെ പ്രവർത്തനം

മാർത്തോമ്മാ കേരളത്തിൽ വന്നിരുന്നുവെന്നുള്ളതിനു് എഴുതപ്പെടാത്ത ഒരു രേഖയുള്ളതു് പകലോമററം തറവാട്ടിലെ പരമ്പരാഗതമായി കിട്ടിയിട്ടുള്ള മലങ്കരസഭാതലവൻ സ്ഥാനമാണു്. എ. ഡി. 1599ലെ ഉദയംപേരൂർ സുന്നഹദോസ്സു് മുതൽ എ. ഡി. 1653 വരെ റോമൻകത്തോലിക്കാമേധാവിത്വത്തിനു് മലങ്കര സഭ അടിമയായപ്പോൾ മാത്രമേ ഇതിനു് ഒരു വ്യതിയാനമുണ്ടായിട്ടുള്ളു. എ. ഡി. 1653ൽ മട്ടാഞ്ചേരിയിലെ കൂനൻകുരിശു് 'സത്യത്തിനു് ശേഷവും ഈ പാരമ്പര്യം മലങ്കരനസ്രാണികളിൽ –പുത്തൻകൂററുകാർ –പകലോമററം തറവാടിനെതന്നെ സഭാനേതൃത്വത്തിനുവേണ്ടി ആശ്രയിക്കുകയാണുണ്ടായതു്. എ. ഡി 1816വരെ പകലോമററം തറവാട്ടിൽ നിന്നു മാത്രമേ മെത്രാന്മാരെ വാഴിക്കുകയുണ്ടായിട്ടുള്ളു. മാർത്തോമ്മായ്ക്കു ശേഷം 18 നൂററാണ്ടോളം മലങ്കരനസ്രാണികൾ സഭാനേതൃത്വത്തിനുവേണ്ടി ഈ തറവാടിനെ തന്നെ ആശ്രയിച്ചതു്, മാർത്തോമ്മാ പകലോമററം തറവാടിനു് കല്പിച്ചുനിയമിച്ചുകൊടുത്ത സഭാഭരണാനേതൃത്വം ഒന്നുമാത്രമാണു്. ഈ പാരമ്പര്യത്തിൽ നിന്നും മലങ്കര സഭ വ്യതിചലിച്ചതു മുതൽ സഭയുടെ ദുർദശ തുടങ്ങുകയും അതു് ഇന്നേയോളം തുടരുകയും ചെയ്യുന്നു.

എന്നാൽ എഴുതപ്പെട്ട തെളിവുള്ളതു് പാലയൂരിലാണു്. മാർത്തോമ്മാ പാലയൂരിൽ നമ്പൂതിരികളുടെ ഇടയിൽ സുവിശേഷം അറിയിച്ചു കുറെ പേരെ സ്നാനപ്പെടുത്തി. എന്നാൽ മാർത്തോമ്മായിൽ വിശ്വാസമില്ലാതിരുന്ന ഒരു നമ്പൂതിരി കുടുംബമായ 'കുളത്തുവന, മനയിലെ അംഗങ്ങൾ അവിടെ നിന്നും മറെറാരുസ്ഥലത്തേക്കുപോയി ഈ മനയിൽ സൂക്ഷിച്ചിരുന്ന താളിയോലയിൽ, എഴുതിയിരിക്കുന്നതു് "കലിവർഷം 3153 (അതായതു് എ. ഡി. 52ൽ) വിദേശി

www.malankaralibrary.com

www.knanayology.org

യനായ തോമാസന്യാസി ഞങ്ങളുടെ ഗ്രാമത്തിൽവന്ന് സുവിശേഷം അറിയിച്ച് ഗ്രാമം അശുദ്ധമാക്കിയതിനാൽ ഞങ്ങാം നാടുവിട്ടുപോന്നു എന്നാണ്. മുൻ ഒരു അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു പോലെ ആര്യന്മാരായ ബ്രാഹ്മണർക്കും, നമ്പൂതിരികാംക്കും വിദേശിയർ മ്ലേഛകളായിരുന്നു.

മറെറാരു തെളിവുള്ളത് 'തോമാപർവ്വം' എന്ന റമ്പാൻ പാട്ടാണ്. ഈ പാട്ട് എ. ഡി 1601-ൽ നിരണത്തു് മാളിയേക്കൽ എന്ന തറവാട്ടിലെ തോമാ റമ്പാൻ എഴുതിയതാണ്. മാർത്തോമ്മാ കേരളത്തിൽ വന്നതു്.

'അറിവിൽ പാറവെൻ മിശിഹാകാലം
അമ്പതു ധനുവാം രാശിയിൽ'

എന്നാണ് റമ്പാൻ പാട്ടിൽ കൊടുത്തിരിക്കുന്നതു്. കേരളത്തിൽ ഒന്നാം നൂററാണ്ടിൽ ഇങ്ങനെയൊരു കാലഗണനം ഇല്ലായിരുന്നു. പേർഷ്യയിലും യെരുശലേമിലും ഗ്രീക്കവർഷവും ആയിരുന്നു. അമ്പതു ധനുവാം എന്നതു് പോർത്തുഗീസുകാരുടെ (എ. ഡി. 1498) വരവിനുശേഷം മലങ്കരസഭയിൽ നടപ്പായ റോമൻ കാലഗണനം ആണ് അതിനാൽ ഈ റമ്പാൻപാട്ട് ഒന്നാംനൂററാണ്ടിൽ രചിച്ചതാണെന്ന് ഗണിക്കാൻ പ്രയാസമുണ്ട്. മാർത്തോമ്മാ ഇൻഡ്യയിൽ വന്നിരുന്നു എന്നുള്ളതിനു് മറെറാരു തെളിവ് ഉള്ളതു് പേർഷ്യാക്കാരനായ മാനിയുടെ രേഖയാണ്. (ചരിത്രം പിന്നാലെ)

മാർത്തോമ്മാ ഏകദേശം ഇരുപതു വർഷകാലം കേരളത്തിൽ ചിലവഴിച്ചശേഷം മസ്ദായിയുടെ രാജ്യത്തേയ്ക്കു് പോകുകയും അവിടെ രക്തസാക്ഷി ആകുകയും ചെയ്തു എന്നാണ് മലങ്കരനസ്രാണികളുടെ വിശ്വാസം. തെക്കേ ഇൻഡ്യയിൽ മാർത്തോമ്മാ എന്തു കൊണ്ടുപോയി?₂ എന്നൊരു ചോദ്യം ചില ചരിത്രകാരന്മാർ ചോദിച്ചിട്ടുണ്ട്. നഷ്ടപ്പെട്ടുപോയ നപ്താലി ഗോത്രത്തിൻെറ സന്തതി പരമ്പരകളെ തേടിയാണ് മാർത്തോമ്മാ തൻെറ രണ്ടാമത്തെ യാത്രയിൽ മുസ്സിരിസ്സിൽ വന്നിറങ്ങിയതു്. കേരളത്തിൽ മാർത്തോമ്മാ സവർണ്ണഹിന്തുക്കളായ നമ്പൂതിരികളെ, മാത്രമേ മാമോദീസ്സാ മുക്കിയിട്ടുള്ള അവർക്കു മാത്രമേ 'പൌരോഹിത്യം' എന്ന ദാനം കൊടുത്തിട്ടുള്ളു. മേൽപറഞ്ഞ പരാമർശനത്തിനു് ഇതുമാത്രമാണ്

www.malankaralibrary.com

ഒരു മറുപടി. മാര്‍ത്തോമ്മാ കേരളത്തില്‍ വന്നു്, നമ്പൂതിരിമാരില്‍, ആഢ്യഉപജാതിക്കാരെയാണ് നസ്റാണികളായി മാമോദീസ്സാ മുക്കിയതെന്നു്, മലങ്കരനസ്റാണികളുടെ ചില ആചാരങ്ങളില്‍ നിന്നും മനസ്സിലാക്കാന്‍ സാധിക്കും. ആഢ്യഅന്തര്‍ജ്ജനങ്ങള്‍ വസ്ത്രങ്ങള്‍ ഞെറിഞ്ഞു് ഉടുത്തു് (ഒക്കം കൊളുത്തും) പൃഷ്ഠ ഭാഗത്തു് വെക്കുന്ന രീതിയിലാണ്, മലങ്കര നസ്റാണിസ്ത്രീകളും വസ്ത്രങ്ങള്‍ ഉടുക്കുന്നതു് മററു് ഉപജാതിയില്‍പ്പെട്ട അന്തര്‍ജ്ജനങ്ങള്‍ പാപ്പാവെച്ചുടുക്കുന്നതു് മുന്‍ഭാഗത്താണ്. പൊതുവെ മലങ്കരനസ്റാണിസ്ത്രീകളുടെ ഞെറിഞ്ഞുടക്കല്‍ തന്നെ നമ്പൂതിരി ആചാരത്തെയാണ് കാണിക്കുന്നതു്. മലങ്കരനസ്റാണികളുടെ ആഢ്യത്തെ വിളിച്ചറിയിച്ചിരുന്ന മറെറാരു സംഗതി, ഒരു ക്ഷേത്രത്തിലെ ഉപയോഗത്തിലേക്കുള്ള നെയ്യ്, എണ്ണ മുതലായവയെ ഒരു അധഃകൃത ജാതിക്കാരന്‍ തീണ്ടി അശുദ്ധപ്പെടുത്തിയാല്‍ ഒരു സുറിയാനി ക്രിസ്ത്യാനിയെ കൊണ്ടു് തൊടുവിച്ചു് ശുദ്ധമാക്കുന്ന ഒരു ഏര്‍പ്പാടു് പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനം വരെ നടപ്പുണ്ടായിരുന്നു, (Ref : മാര്‍ത്തോമ്മായുടെ ഇന്‍ഡ്യന്‍സഭ, ഇ. എം. ഫിലിപ്പ്, പേജ് 382). മലങ്കര നസ്റാണികളില്‍, പ്രത്യേകിച്ചു് തിരുവിതാംകൂറിലെ നസ്റാണികളും, നമ്പൂതിരിമാര്‍ പൊതുവേയും ഒരു ആചാരത്തില്‍ വളരെ നിഷ്ഠ ഇന്നും പാലിക്കുന്നുണ്ടു്. അതായതു് "തമ്മില്‍ തമ്മില്‍ ആശീര്‍വദിക്കുകയോ, നമസ്കരിക്കുകയോ ചെയ്യുകയില്ല" എന്നുള്ളതാണ് ആ ആചാരം ഒരു ആഢ്യ നസ്റാണി, മറെറാരു ആഢ്യ നസ്റാണിയെ കാണുകയോ, ഭവനങ്ങളില്‍ പോയി സന്ദര്‍ശിക്കുമ്പോഴോ, ഇന്നും ആശീര്‍വാദം പറയുകയില്ല. ഒരു മന്ദസ്മിതം കൊണ്ടു് ആദരവു് വെളിപ്പെടുത്തുക മാത്രമേ ചെയ്യുകയുള്ളു.

സ്ത്രീധനസമ്പ്രദായം, ഹോമം നടത്തി വിവാഹ കര്‍മ്മം നടത്തുക, അന്തര്‍ജ്ജനങ്ങളുടെ വെള്ളവസ്ത്രധാരണരീതി; ഒരു ദേവനു് നിവേദിച്ചതു് മറെറാരു ദേവനു് നിവേദിക്കാതിരിക്കുക; എന്നിങ്ങനെയുള്ള ആചാരങ്ങള്‍പോലെ മലങ്കര നസ്റാണികളും പണം വാങ്ങി കന്യകളെ കൊടുക്കുകയില്ല, കര്‍ബാന അണച്ചശേഷമേ വിവാഹകര്‍മ്മം നടത്തുകയുള്ളു; നസ്റാണിസ്ത്രീകളുടെ വെളുത്തകച്ചമുറിയും; ചട്ടയും; ഒരു മലങ്കര നസ്റാണി പട്ടക്കാരന്‍ ഒരു ദിവസം ഒരു പ്രാവശ്യം മാത്രമേ കര്‍ബാന അണക്കുകയുള്ളു.

www.malankaralibrary.com

തൊഴിൽ പരമായി വൈദീകരായ നമ്പൂതിരിമാർ; പേർഷ്യാ സാമ്രാജ്യത്തിൽ, മെഥ്യാരാജ്യത്തു് നിന്നും ഇവിടേക്കു് കുടിയേറിയവർ ആണെന്നു് ഒന്നാം അദ്ധ്യായത്തിൽ വിവരിച്ചിരുന്നല്ലോ. ഈ നമ്പൂതിരിമാർ എട്ടു് ഉപജാതികളായി ആഭിജാത്യവഴക്കുകൾ മൂലം ഈ നാട്ടിൽ വെച്ചു് തിരിയുന്നുണ്ടു്, അവ: തമ്പുരാക്കൾ, ആഢ്യൻ, വസിഷ്ഠബ്രാഹ്മണൻ, സാമാന്യബ്രാഹ്മണൻ, ജാതിമാത്രേയൻ, സങ്കേതികൻ, ശാപഗ്രസ്തൻ, പാപിഷ്ഠൻ എന്നിവയാണു്. എന്നാൽ രണ്ടാമത്തെ ഉപജാതിയായ ആഢ്യന്മാരിൽ എട്ടു് കുടുംബക്കാർ (ഇല്ലക്കാർ) പ്രത്യേകമായി ഉണ്ടു്. കലങ്കണ്ടത്തു്, കഴക്കല്ലൂർ, ചേഴാമ്പ്രത്താൾ, മത്തൂർ, മൂരിങ്ങോത്തു്, ചെമങ്ങാടു്, പാഴൂർ, വെള്ളാങ്ങല്ലൂർ എന്നിവരാണു് ആ അഷ്ടഗൃഹത്തിലാഢ്യന്മാർ മേൽ കൊടുത്തിരിക്കുന്ന അഷ്ടഗൃഹനാമങ്ങളും; പേർഷ്യാ സാമ്രാജ്യത്തിൽ അമീനിയായിൽ നിന്നും ഇവിടെ കുടിയേറിയവരും, തൊഴിൽപരമായി കച്ചവടക്കാരും (കാനാവംശജർ), ക്നാനായ നസ്രാണികൾ എന്നു് ഇപ്പോൾ ഇവിടെ അറിയപ്പെടുന്നവരുടെ ഏഴു് ഇല്ല പേരുകളുമായി; വളരെയധികം സാമ്യം ഉണ്ടു്. ക്നാനായക്കാരുടെ ഏഴു് ഇല്ല പേരുകൾ: കുജാലിക്കു്, കോജ, ബാജി, ഹാദായി, തെജുമത്തു്, മജുമാത്തു് ബെൽകോത്തു് എന്നിവയാണു്. ഇവരെപ്പോലെ പേർഷ്യയിൽ ഏലാം (റിവാദ്ഷിർ) രാജ്യത്തു് നിന്നും, കുരക്കേണി കൊല്ലത്തു് കുടിയേറിയ ഹക്കിം (വൈദ്യന്മാർ) വംശജർക്കും അവരുടേതായ ഇല്ല പേരുകൾ ഉണ്ടായിരുന്നിരിക്കണം. തൊഴിൽ പരമായി വംശപേരും, ഓരോ വംശത്തിലും പല കുടുംബ (ഇല്ലം) പേരുകളും ഉണ്ടായിരിക്കുക പേർഷ്യയിൽ സർവ്വസാധാരണമാണു്.

ബർദെസ്സാൻ എഴുതിയ 'നടപടി'യിൽ, തെക്കേ ഇന്ത്യയിൽ മാർത്തോമ്മാ വന്നിരുന്നു എന്നു് സൂചിപ്പിക്കുന്ന വിവരങ്ങൾ ആണു് താഴെ വിശദീകരിക്കുന്നതു്:

ഒന്നാമതായി ഏഴാം നടപടിയിൽ പറയുന്നതു്, ഇൻഡ്യാ മുഴുവനും യൂദാസ് തോമാസ്സ് സുവിശേഷം പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ' എന്നാണു്. ഈ പ്രസ്താവനയിൽ തെക്കേ ഇൻഡ്യയും ഉൾപ്പെട്ടിട്ടുണ്ടു്. ക്നാനായകന്റെ കൂടെ കാളവണ്ടിയിൽ മാർത്തോമ്മാ യാത്ര ചെയ്യുന്നതാണു് മറ്റൊരു തെളിവു്. കാളവണ്ടിയിൽ സവാരി

www.malankaralibrary.com

ചെയ്യുന്നതു് തെക്കേ ഇൻഡ്യയിൽ മാത്രമാണു്. വടക്കേ ഇൻഡ്യയിൽ കുതിര, ഒട്ടകം, കഴുത മുതലായ മൃഗങ്ങളെയാണു് വണ്ടിക്കു് ഉപയോഗിക്കുന്നതു്. 3 പല്ലക്കിൽ യാത്ര ചെയ്യുക, ദണ്ഡനമസ്കാരം ചെയ്യുക മുതലായ ആചാരങ്ങളെപ്പററിയും പറയുന്നുണ്ടു്. ഇതെല്ലാം മാർത്തോമ്മാ വന്ന കേരളത്തിലെ ആചാരങ്ങളും ചടങ്ങുകളുമാണു്. മറെറാരു പ്രധാന തെളിവു് ഏഴാം നടപടിയിൽ പറയുന്ന സംഭവം തന്നെയാണു്. ഈ സംഭവം കേരളത്തിൽ 17-ാം നൂററാണ്ടുവരെ നിലവിലിരുന്ന ഒരു ആചാരത്തെയാണു് കാണിക്കുന്നതു്. അതായതു് 'പുലപ്പേടി, മണ്ണാപ്പേടി, പറപ്പേടി'4 എന്ന ആചാരത്തെപ്പററി പോർത്തുഗീസു് ചരിത്രകാരനായ ദുവാത്തേ ബർബോസായും (16th century) ഡോക്ടർ ഗുണ്ടർട്ടും (19th century) അവരുടെ ചരിത്രങ്ങളിൽ വിവരിച്ചിട്ടുണ്ടു്. കറുത്തവർഗ്ഗത്തിൽപ്പെട്ട (ദ്രാവിഡൻ) ഒരു പുരുഷൻ, വെളുത്ത ഒരു (ആര്യ) സ്ത്രീയെ സന്ധ്യകഴിഞ്ഞു് കണ്ടാൽ ആ സ്ത്രീ ആ ദ്രാവിഡന്റെ ഭാര്യയാകും, കൂടാതെ ആ സ്ത്രീക്കു് ജാതിഭ്രഷ്ടു് കല്പിക്കപ്പെടുകയും ചെയ്യും. ആ സ്ത്രീയെ സ്വന്തം വീട്ടിൽ തിരികെ കയറിയാൽ ആ കുടുംബം മുഴുവനായി ജാതിഭ്രഷ്ടരാകും.

ചേരനാട്ടിൽ ഒന്നാം നൂററാണ്ടിനു് മുൻപു് കുടിയേറിയ ആര്യന്മാർ മോക്ഷം കിട്ടിയവർ എന്നൊരു അഹന്ത (Superiority Complex) അക്കാലത്തു് മുതൽ ഈ നാട്ടിൽ കുടികൊണ്ടിരുന്നു. അതപ്പററി, ഒരു ആര്യനായ മണി മണിമേഖലയിൽ രചിച്ചിട്ടുള്ളതു് ഇപ്രകാരമാണു്. (27ാം ഗാഥ, 150—156 വരികൾ).

"കരും പിറപ്പെന്നും, കരുനീലപിറപ്പെന്നും, പച്ചനിറപ്പിറപ്പെന്നും, ചെന്നിറപ്പിറപ്പെന്നും, പൊൻപിറപ്പെന്നും, വെൺപിറപ്പെന്നും, ഈ ആറുവക പിറപ്പുകളിലും പിറന്നു് ഒടുവിൽ എത്രയും വെളുത്ത പിറപ്പിൽ പിറന്നു് മോക്ഷം പ്രാപിക്കും. ജനങ്ങൾ ദുഃഖം ആഗ്രഹിക്കാത്തവർ ആ മോക്ഷത്തിനുള്ള വെൺപിറപ്പിനു് അർഹരായിത്തീരും."

പേർഷ്യക്കാരനായ മണിയുടെ സ്വഭാവത്തെ വിളിച്ചു് ഓതുന്ന ഒരു കാവ്യമാണു് മണിമേഖല. മണിയെപ്പോലുള്ള ഒരു വ്യക്തിക്കല്ലാതെ "തന്റെ മതം മററു മതങ്ങളെക്കാൾ ഉന്നതവും, (തന്നെപ്പോലെ) വെൺപിറന്നവർ മോക്ഷം കിട്ടിയവർ" എന്നും എഴുതാൻ സാ

www.malankaralibrary.com

ധിക്കയുള്ളൂ.

ഈ വെളുത്ത ആര്യന്മാരുടെയും, കറുത്ത ദ്രാവിഡരും തമ്മിലുള്ള അന്തരം ഇല്ലാതാക്കാനോ, ആര്യന്മാരുടെ അഹന്ത ഇല്ലായ്മ ചെയ്യാനോ, രാജകീയാനുമതിയോടുകൂടിയ ഒരു ആചാരം മാർത്തോമ്മായുടെ കാലത്തു്തന്നെ ചേരനാട്ടിൽ നിലവിലുണ്ടായിരുന്നു എന്നാണു് "മാർത്തോമ്മായുടെ നടപടി" കളിൽ ഏഴാം കാണ്ഡത്തിലെ കഥ വ്യക്തമാക്കുന്നതു്. ചിലപ്പതികാര കാവ്യത്തിൽ പറയുന്നതുപോലെ "ഹിമവാൻവരെ ദ്രാവിഡ നാടാക്കാൻ ഒരുമ്പെട്ട ചേരലാതന്മാർ" ദ്രാവിഡആര്യ സങ്കലനത്തിനു്വേണ്ടിയും കൂടെ ഈ ആചാരം നാട്ടിൽ നടപ്പാക്കിയിരിക്കും. അതു് പിൽക്കാലത്തു് 'പുലപ്പേടി, പറപ്പേടി, മണ്ണാപ്പേടി' എന്ന ദുരാചാരമായി മാറുകയും ഉണ്ടായി.

വെൺപിറന്നവർക്കു് ഉണ്ടായ അഹന്തപോലെ (Superiority Complex) കരുപിറന്നവർക്കു് ഒരു അധമബോധവും (Inferiority Complax) ഈ നാട്ടിൽ ഉണ്ടായിട്ടുണ്ടു്. ഇങ്ങനെ നൂററാണ്ടുകളായി വളർന്നു വന്ന അധമബോധത്തിൽ നിന്നും ഉളവായ ഒരു സംഘടനം ആണു് മലങ്കരസഭയിൽ ഓർത്തഡോക്സ്, യാക്കോബായ വിഭാഗക്കാർ തമ്മിൽ ഇപ്പോഴും നടക്കുന്ന വിവാദത്തിനു് ഒരു കാരണം. വെൺപിറന്ന ഒരു വിദേശിയൻ, സഭയുടെ മേൽ കോയ്മസ്ഥാനത്തു് ഉണ്ടായാലേ പററുകയുള്ളു എന്നു് ഈ ഇരുപതാം നൂററാണ്ടിലും, ഈ നാട്ടിലെ ഒരു കൂട്ടർ ചിന്തിച്ചാൽ അതു് മലങ്കര സഭയുടെ നിർഭാഗ്യമെന്നേ പറയാനൊക്കുകയുള്ളു.

തോമായുടെ നടപടികൾ എഴുതിയ ബർദസ്സാൻ ചേരനാട്ടിൽ ഊടാടി നടന്ന ഒരു വ്യക്തിയാണെന്നുള്ളതിനു് സംശയം ഇല്ല. ചിലപ്പതികാര കാവ്യത്തിലെ മധുരൈക്കൂല വാണികൻ കത്തനാർ ഇദ്ദേഹം ആണെന്നുള്ളതിനു് ഒരു തെളിവു കൂടിയാണു് നടപടിയിൽ ഏഴാം കാണ്ഡത്തിൽ താൻ എഴുതിയിരിക്കുന്ന കഥ. അദ്ദേഹം ഊടാടി നടന്നിരുന്ന കാലത്തു് ഈ നാട്ടിലെ ആചാരാനുഷ്ഠാനങ്ങളെ ശരിയായവിധം മനസ്സിലാക്കിയിരിക്കും എന്നുള്ളതിനു് സംശയമില്ല. കേട്ടുകേൾവിയിൽ നിന്നോ എദേസ്സായിൽ സൂക്ഷിച്ചിരുന്ന മാർത്തോമ്മായുടെ കത്തുകളിൽ നിന്നോ കാവ്യങ്ങൾ ഗ്രഹിച്ചു് ഇത്ര സവിസ്താരമായി ഈ കഥ നടപടിയിൽ എഴുതുവാൻ വിദേശിയനായ അദ്ദേഹത്തിനു് സാധിക്കുമായിരുന്നോ? എന്നു് സംശയിക്കുന്നു.

www.malankaralibrary.com

മേല്പറഞ്ഞ ആചാരത്തിന് ഇരയായ സ്ത്രീയുടെ ഭർത്താവായ സൈന്യാധിപൻ മാർത്തോമ്മായുടെ അടുക്കൽ ചെന്ന് പറയുന്ന കഥ[5] ഇപ്രകാരമാണ്. 'എന്റെ ഒരു ആത്മ സ്നേഹിതൻ തയ്യാറാക്കിയ വിരുന്നിൽ സംബന്ധിക്കണമെന്ന് അദ്ദേഹം നിർബന്ധമായി ആവശ്യപ്പെട്ടതിനാൽ എന്റെ ഭാര്യയേയും പുത്രിയേയും അവരുടെ ഇംഗിതത്തിന് എതിരായി അങ്ങോട്ട് അയച്ചു. രാത്രിയായപ്പോൾ മടങ്ങി വരുന്നതിന് വിളക്കുകൾ വേലക്കാരുടെ കൈയ്യിൽ കൊടുത്തയച്ചു. ഞാനും വഴിയിൽ കാത്തുനിൽക്കുകയായിരുന്നു. അപ്പോൾ ഒരു വേലക്കാരൻ ഓടിവന്ന്, "വഴിമദ്ധ്യേ ഒരു മനുഷ്യനും, ഒരു ബാലനും ഞങ്ങളെ എതിരിട്ടു. കൊച്ചമ്മയെയും മകളേയും അവർ കയറി പിടിച്ചു. ഞങ്ങൾ അക്രമികളെ വെട്ടി.. പക്ഷേ വെട്ട നിലത്താണ് കൊണ്ടത്. അതോടൊപ്പം കൊച്ചമ്മയും മകളും ബോധരഹിതരായി നിലംപതിച്ചു എന്നു പറഞ്ഞു. അതിനുശേഷം മൂന്നു വർഷമായി അപമാനിതരായ അവർ മുറിയിൽ തന്നെ കിടക്കുകയാണ്. അവരുടെ മാനസീകരോഗത്തിൽനിന്നും അവരെ വിമുക്തരാക്കണമെന്ന് സൈന്യാധിപൻ മാർത്തോമ്മായോട് അഭ്യർത്ഥിച്ചു."

ഭർത്താവിന്റെ നിർബന്ധംകൊണ്ടാണ് അമ്മയും മകളും വിരുന്നിനു പോയത്. ഈ ദുരന്തം കഴിഞ്ഞ് ഭാര്യ വീട്ടിൽവന്ന് സുബോധമായപ്പോൾ ഭർത്താവിനോട് പറയുന്നത്[6] 'ഞങ്ങൾ രണ്ടു പേരും പോകുന്നവഴിയിൽ വെള്ളം കോരുന്ന സ്ഥലത്തു ചെന്നപ്പോൾ ഒരു കറുത്ത മനുഷ്യൻ എതിരേനിന്ന് തലകൊണ്ട് ആംഗ്യം കാണിക്കുന്നതു് കണ്ടു. ഒരു പയ്യനും അയാളുടെ കൂടെ ഉണ്ടായിരുന്നു. ഞാൻ മകളോട്, എന്തു വൃത്തികെട്ടവരാണ് ഇവർ എന്ന് ചോദിച്ചതിന് മകൾ 'ഞാൻ ഒരു പയ്യനെ കണ്ടു അവന്റെ ചുണ്ടുകൾ കരിപോലെ കറുത്തതും പല്ലുകൾ പാലുപോലെ വെളുത്തതാണെന്നും പറഞ്ഞു.' ഞങ്ങൾ അവിടെനിന്നും വിരുന്നിന് പോയി. സന്ധ്യയായപ്പോൾ വിരുന്നിൽനിന്നും തിടുക്കത്തിൽ തിരികെ വരുമ്പോൾ മകൾ അവരെ വെള്ളം കോരുന്ന സ്ഥലത്തുവെച്ച് പിന്നെയും കണ്ടു. അവൾ പേടിച്ച് എന്നോടു പററി ചേർന്നുനിന്നു. എന്നാൽ അവർ രണ്ടു പേരും ഞങ്ങളുടെ അടുത്തുവന്നു. ഇതുകണ്ട് വേലക്കാർ ഓടിപ്പോയി. പിന്നീടു ആ കറുത്തവർ രണ്ടുപേരും ഞങ്ങളെ പിടിക്കുകയുണ്ടായി' എന്നു പറഞ്ഞു.

www.malankaralibrary.com

ഈ ആചാരമാകുന്ന 'പേടികം' രാത്രി കാലങ്ങളിൽ നടന്നാലെ അതിന് സാധ്യതയുള്ളു. ഏഴാം നടപടിയിൽ പറയുന്ന മേൽപ്പറഞ്ഞ സംഭവം സന്ധ്യകഴിഞ്ഞ് വിരുന്നിനുശേഷം അമ്മയും മകളും തിരികെ വരുമ്പോഴാണ് നടക്കുന്നത്. അവർ തിരികെ വരുമ്പോൾ വഴി കാണുന്നതിന് വിളക്കും, സംരക്ഷകരേയും സൈന്യാധിപർ അയച്ചു കൊടുക്കുന്നുണ്ട്. പകൽ വിരുന്നിനായി പോകുമ്പോൾ കറുത്ത മനുഷ്യൻ തല ചലിപ്പിച്ച് ആംഗ്യം കാണിക്കുന്നതേയുള്ളു. എന്നാൽ സന്ധ്യ കഴിഞ്ഞ് തിരികെ വരുമ്പോൾ മാത്രമാണ് അന്ന് നടപ്പുള്ള ആചാരപ്രകാരം അവരെ അവകാശപ്പെടുന്നതിനുവേണ്ടി ആ കറുത്ത മനുഷ്യർ അവരെ പിടിക്കുന്നത്.

കറുത്തമനുഷ്യനും, പയ്യനും, അമ്മയേയും മകളേയും കടന്നുപിടിക്കുമ്പോൾ വേലക്കാർ എതിർക്കാതെ ഓടിപ്പോകുകയാണ് ചെയ്യുന്നത്. അക്കാലത്തെ ഈ ആചാരത്തെ മറികടക്കുവാൻ ആർക്കും സാധിക്കുകയില്ല എന്നുള്ളത് ആ അംഗരക്ഷകർക്ക് അറിയാമായിരുന്നിരിക്കും. അവർക്കും ജാതിഭ്രഷ്ട് ഉണ്ടാകാതിരിക്കാൻ അവർ രംഗത്തുനിന്നും ഓടി രക്ഷപെടുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ അവർ സൈന്യാധിപന്റെ കോപത്തിൽനിന്നും രക്ഷപെടുവാൻ വേണ്ടി ഞങ്ങൾ വെട്ടിയപ്പോൾ വാൾ നിലത്താണ് കൊണ്ടതെന്ന് പെഞ്ഞു കൈയ്യൊഴിയുകയും ചെയ്യുന്നുണ്ട്.

ഭാര്യ സൈന്യാധിപനോട് മേൽപറഞ്ഞ കഥ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ആ കറുത്ത മനുഷ്യർ പിന്നെയും വന്ന് (സൈന്യാധിപന്റെ വീട്ടിൽ)[7] അവരെ പിടിക്കുകയുണ്ടായി. ഇവിടെ ആ ദ്രാവിഡർക്ക് അവകാശപ്പെട്ട സ്ത്രീകൾ ആണെന്നുള്ള ഉത്തമ ബോധ്യത്തോടു കൂടിയാണ് സൈന്യാധിപൻ നിൽക്കാതന്നെ അവർ പിന്നേയും വന്ന് സ്ത്രീകളെ പിടിക്കുന്നത്. ഇതോടുകൂടി 'ജാതിഭ്രഷ്ട്' ആകുന്ന മാനഹാനി സൈന്യാധിപന് സംഭവിക്കുന്നുണ്ട്. എന്നാൽ ജീവന് തുല്യമായി സ്നേഹിക്കുന്ന ഭാര്യയേയും മകളേയും അദ്ദേഹം അകത്തെ മുറിയിൽ പൂട്ടിയിടുകയാണ് ചെയ്യുന്നത്.

മാനഹാനിയും, ജാതിഭ്രഷ്ട്ടും സംഭവിക്കുന്ന സൈന്യാധിപനും കുടുംബത്തിനും തെരുവിലോ, കുളക്കടവിലോ, വിരുന്നുകൾക്കോ, മരണവീട്ടിലൊ പോകാൻ സാധിക്കാതെയായി. സൈന്യാധിപൻ മററുള്ളവരുടെ മുൻപിൽ അപമാനിതനായിത്തീർന്നു. കൂടാതെ

www.malankaralibrary.com

www.knanayology.org

ഭാര്യയും മകളും വെളിയിൽ പോയാൽ കവത്തവർ വന്ന് അവരെ ഉപദ്രവിക്കുക ഒരു നിരന്തര സംഭവമായതുകൊണ്ട് അവരെ വീട്ടിൽ തന്നെ ഒരു മുറിയിൽ അടച്ചിടുകയാണ് ചെയ്യുന്നത്. ഇതു മൂലം സ്ത്രീകൾക്ക് മാനസിക വിഭ്രാന്തികൂടി ഉണ്ടാകുന്നു. മൂന്നു വർഷമായി സൈന്യാധിപൻ സഹിക്കുന്ന മനോവ്യഥയിൽനിന്നും, തനിക്കും കുടുംബത്തിനും കിട്ടിയിരിക്കുന്ന ഭ്രഷ്ടിൽനിന്നും, അമ്മയ്ക്കും മകൾക്കും ഉണ്ടായ മാനസിക വിഭ്രാന്തിയിൽനിന്നും രക്ഷനേടാൻ വേണ്ടിയാണ് സൈന്യാധിപൻ മാർത്തോമായുടെ അടുത്ത് വന്ന് തന്റെ കഥകൾ പറയുന്നത്. അവസാനം മാർത്തോമായുടെ ഉപദേശത്തിൽ വിശ്വസിച്ച് മാമ്മോദീസാ മുങ്ങുകയും താനും തന്റെ കുടുംബവും ക്രിസ്തുവിൽ വിശ്വസിച്ച് ഈ ദുരന്തത്തിൽനിന്നും അവർ മുക്തി നേടുകയും ചെയ്യുന്നു

കേരളത്തിൽവെച്ച് നടന്ന മേൽപ്പറഞ്ഞ സംഭവം 'നടപടി'യിൽ വിവരിച്ചശേഷം, സ്ഥാന്തിപ്പാസിനെ ഭരണച്ചുമതല ഏൽപിക്കുന്ന കാര്യമാണ് അടുത്തതായി പറയുന്നത്. ഇത് വടക്കേ ഇൻഡ്യയിൽ വെച്ചാണ് നടക്കുന്നത്. ബർദേസ്സാൻ, വാലൻറയിൽ എന്ന പാഷണ്ഡരോട് ചേർന്ന് കാലം കഴിച്ചശേഷം പിന്നെയും ക്രിസ്ത്യാനിയായി, 'നടപടികൾ' ഓർമ്മയിൽനിന്നും മാത്രം അർമീനിയായിൽ 'ആനി' എന്ന സ്ഥലത്തുവെച്ച് എഴുതിയതാണെന്നു നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതിനാൽ നടപടിയിലെ സംഭവങ്ങൾ എല്ലാം പലയിടത്തു നടന്നതും മാററിമറിച്ചാണ് എഴുതിയിരിക്കുന്നത്.

എട്ടാം നടപടിയിൽ സൈന്യാധിപന്റെ കൂടെ മാർത്തോമാ ഒരു കാളവണ്ടിയിൽ യാത്ര തുടരുന്ന വഴിയിൽവെച്ച് കാളകൾക്ക് ക്ഷീണം വർദ്ധിച്ചപ്പോൾ അവിടെ തീററിതിന്നുകൊണ്ടിരുന്ന കഴുതകളെ വരുത്തി വണ്ടി വലിപ്പിക്കുന്നുണ്ട്. നാലു കഴുതകളെ വണ്ടി വലിപ്പിക്കാൻ ഉപയോഗിച്ചിട്ട് മററുള്ള കഴുതകളോട് മാർത്തോമാ പറയുന്നത് "മരുഭൂമിയിൽ വസിക്കുന്നവയായവയുള്ളോവേ നിങ്ങളോട് ഞാൻ പറയുന്നു നിങ്ങളുടെ തീററി സ്ഥലത്തേക്ക് പോകുക" എന്നാണ്. മേൽപറഞ്ഞ സംഗതി തെളിയിക്കുന്നത് മാർത്തോമാ തെക്കെ ഇൻഡ്യയിൽനിന്നും (കാളകളെക്കൊണ്ട് വണ്ടി വലിപ്പിക്കുന്ന നാട്ടിൽനിന്നും) കഴുതകളെക്കൊണ്ട് വണ്ടി വലിപ്പിക്കുന്ന നാടായ മരുഭൂമിയിലേക്ക് പോയി എന്നാണ്. അതായത് 'നടപടി'കൾ

www.malankaralibrary.com

പ്രകാരം മസ്ദായി രാജാവിന്റെ രാജ്യത്തേക്ക്. മസ്ദായി രാജാവിന്റെ ബന്ധുവായ കാരിഷിന്റെ ഭാര്യ മിഗ്ദോനിയ മാർത്തോമ്മായുടെ മുൻപിൽ സാഷ്ടാംഗം വീണിട്ട സംബോധന ചെയ്യുന്നത് "പുതിയ ദൈവത്തിന്റെ അപ്പോസ്തോലനും, മനുഷ്യർ തിങ്ങിവസിക്കുന്ന നാട്ടിൽനിന്നും മരുഭൂമിയിലേക്ക് വന്നവനുമായ അങ്ങയോട് അഭ്യർത്ഥിക്കുന്നത്"'[10] എന്നാണ്. മേൽപറഞ്ഞ സംബോധന തെളിയിക്കുന്നത് മാർത്തോമ്മാ മരുഭൂമിയിലേക്ക് പോയി എന്നാണ്. ഒരു മരുഭൂമി പ്രദേശമായ മസ്ദായി രാജാവിന്റെ രാജ്യത്ത് എന്തിനുവേണ്ടി ചെന്നു എന്ന് മാർത്തോമ്മാ തന്നെ ഉത്തരം പറയുന്നുണ്ട്. രാജാവ് മാർത്തോമ്മായോട് ചോദിക്കുന്നു '[11] നീ എവിടെ നിന്നാണ് ഒളിച്ചോടിയത്. എന്റെ രാജ്യത്ത് എന്തിന് വന്നു!' അതിന് മാർത്തോമ്മാ "അനേകരെ രക്ഷിക്കുന്നതിനും, നിങ്ങളുടെ കയ്യാൽ ഈ ജഡത്തിൽനിന്നും വിമുക്തനാകുന്നതിനും" എന്നാണ് മറുപടി പറഞ്ഞത്.

ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് മാർത്തോമ്മാ തന്റെ മൂന്നാമത്തെ യാത്ര കേരളത്തിൽനിന്നും മരുഭൂമിപ്രദേശമായ മസ്ദായിയുടെ രാജ്യത്തേക്ക് രക്തസാക്ഷിയായി മരണമടയുവാൻ വേണ്ടി പോയി എന്നുള്ളതാണ്.

ഇൻഡ്യയിലെ ഇതിഹാസപ്രകാരം, ഒന്നാം നൂററാണ്ടിൽ സാംസ്കാരികമായി അത്യുന്നതി പ്രാപിച്ച ഇൻഡ്യയുടെ തെക്കുകിഴക്കേ തീരമായ ചോളമണ്ഡലദേശത്തേക്കല്ല മാർത്തോമ്മാ മലങ്കരയിൽ നിന്നും പോയത്, പ്രത്യുത ഒരു മാഗ്ഗിഭരണാധിപൻ (മസ്ദായി) ഭരിക്കുന്ന മരുഭൂമിയിലേക്കായിരുന്നു ഈ മരുഭൂമിയിലെ രാജ്യം പേർഷ്യൻ ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന 'ബഹറിൻ' ആണെന്നുള്ളതാണ് എന്റെ നിഗമനം. ബർദൈസാൻ ഏഴും, എട്ടും നടപടികൾ എഴുതുമ്പോൾ തെക്കേ ഇന്ത്യയിലെ ചില [12] ആചാര മര്യാദകളും പേർഷ്യാ ഗ്രീക്ക [13]നാമങ്ങളോടുകൂടിയ കഥാപാത്രങ്ങളുമായി കൂടി കലർന്ന വിധത്തിലാണ് എഴുതിയിരിക്കുന്നത്. അതുകൊണ്ട് ഏഴും എട്ടും നടപടിയിൽ പറയുന്ന സംഭവങ്ങൾ തെക്കേ ഇൻഡ്യയിൽ വെച്ച് നടന്നുവോ മററുസ്ഥലങ്ങളിൽവച്ച് നടന്നുവോ എന്ന[14] സംശയം മാർത്തോമ്മായുടെ നടപടികൾ വായിക്കുന്നവർക്ക് ഉണ്ടാകുക സ്വാഭാവികമാണ്. മാർത്തോമ്മായുടെ രണ്ടാമത്തെ യാത്ര കേരളത്തിലേക്കായിരുന്നു എന്നുള്ളതിന് സംശയമില്ല. [15]പേർഷ്യയിലെ

www.malankaralibrary.com

www.knanayology.org

ക്രിസ്ത്യാനികൾ എപ്രകാരം തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നുവോ അതേ ഗൌരവത്തിൽതന്നെ [16] മലങ്കര നസ്രാണികളും മാർത്തോമ്മാതന്നെയാണ് മലങ്കരസഭ സ്ഥാപിച്ചതെന്ന വിശ്വാസം ഇന്നേയോളം കാത്തു സൂക്ഷിക്കുന്നു. ഇത് നവീന ആശയം അല്ല. ക്രിസ്തുമതത്തോളംതന്നെ പുരാതനമായ വിശ്വാസമാണ്.

## Notes

1. Ref : The Orthodox Church of India, by David, Daniel page 9

2 Ref : Acts of Thomas, by Klijn, page 28.

3. 'Bishop Medleycott who has institutad a critical stndy of the Acts refers to many south Indian manners and customs in the narrative such as taking a bath before meals, the palki or Palanquin. a cart drawn by cattle or oxen, the mention of the turban and the prostration before a religious leader as a sign of reverance. This eveut must have been during the second dispersion of the Apostles in A. D. 52 following the Assumption of St. Mary.'

   Ref : A history of Christianity in Kerala, by Dr. C. V, Cherian, page 27

4. (a) " A peculiar custom that was in existence through out Kerala till the end of the 17th century was called by different names like Mannapedi or Pulapeddi or Parapeddi in different parts of country. According to the custom if a slave like Pulaya, Paraya or Mannan happened to see a high caste woman alone after dusk she would have to go with him. It was enough if the mannan or pulaya threw a stone or a stick at her or callcd out that he had seen her. Such woman were never allowed to enter their houses and their

www.malankaralibrary.com

only way of living was to go with the mannan or pulaya however old or sick he may be. If the woman returned to her house all the members of her family would lose their caste.

Ref; Studies in Kerala History, by Elamkulam page 411.

(b) Duarte Barbosa was the first person who recorded this social practice. Hence it is clear that it was in existence in Malabar before the 16th century. Accordsng to Dr. Gundert this custom was practised in the month of Karkittakam (July-August) only. In south Kerala any how this practice existed only in March-April.

Ref : Ibid

5. Ref: Acts of Thomas, by Klijn, page 98.

6. Ibid 98-99

7. Ibid 99.

8. Eusebius write that Bardaissan was influenced by Valentine, but that at a later stage he turned to the church. Ibid 41

9. 'To you I speak. ye inhabitants of the desert, remain behind and go to your pasture, for if I had had occassion you would all have come' Ibid 102

10. 'Karish's wife's words: I beg of thee, thou Apostle of the new God who hast come to a desert place from the habitation of men......etc,'

Ref; Ibid 110.

11. Ref: Malankara Nazranikel Vol. I by Paret page 276.

12. Ref ; A history of Christianity in Kerala, By Dr. C. V. Cherian, page 27.

13. The proper names in this section of the Acts do not

www.malankaralibrary.com

belong to India at all, they are Greek. Roman, Iranian. Semitic, Not one of them is Tamil or Sanskrit. Tertia is Latin. Narkia. Charisus and Mygodonia are Greek Mazdai, Vizan, Manashar and Sifur are Iranian or Semitic.

Ref : The Apsotle Thomas in South India, by J. N. Farquahr, (Edited by Vellian) page 56

14. ആയിരത്തി എഴുനൂറോളം വർഷങ്ങൾക്കു മുമ്പ് രചിച്ച വി. തോമാസിന്റെ നടപടിയിൽ ഇൻഡ്യയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഒട്ടെല്ലാം ഊഹാപോഹങ്ങളേയും ഒട്ടെല്ലാം കേട്ടിടത്തു കേട്ട വിവരങ്ങളേയും ആശ്രയമാക്കിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. കഥാകാരന് നേരിട്ട് അറിവില്ലാത്ത സ്ഥലങ്ങളെയും പാത്രങ്ങളെയും സംഭവ പരമ്പരങ്ങളെയും കോർത്താണ് നടപടികൾ എഴുതിയിരിക്കുന്നത്.

Ref : മലങ്കരനസ്രാണികൾ Vol, I. page 200.

15. Eastern Christians flourished uuder the Sassanians (Persian Empire) The people themselves claim a traditioal lineage running back to St, Thomas.'

Ref : Nestorians and their Musiim Neighbours' by Dr. John Joseph, page 24.

16. 'It seems that the Acts of Thomas in their present form tend to show that the Apostle visited South India.'

Ref : 'Acts of Thomas' by Dr. Klijn, page 28.

"ഈശ്വരൻ ആവശ്യപ്പെടുന്നെങ്കിൽ ഒരു പരാജയത്തെ സ്വയം വരിക്കുവാൻ നിങ്ങൾക്ക് സമ്മതമാണോ"

—ഡോ, യൂഹാനോൻ മാർത്തോമ്മാ
മെത്രാപ്പോലീത്താ.

www.malankaralibrary.com

അദ്ധ്യായം 8

# മാർത്തോമ്മാ നടത്തിയ മൂന്നാമത്തെ യാത്ര

ഈ അദ്ധ്യായത്തിൽ രണ്ടു കാര്യങ്ങളാണ് വിവരിക്കണമെന്നു ഉദ്ദേശിക്കുന്നത്. (1) മാർത്തോമ്മാ നടത്തിയ മൂന്നാമത്തെ യാത്രയിൽ ചെന്നെത്തിയ മസ്ദായി രാജ്യം. (2) മാർത്തോമ്മായുടെ രക്തസാക്ഷി മരണം, ഈ രണ്ടു സംഗതികളും നടപടിയിൽ കൊടുത്തിരിക്കുന്ന വിധത്തിലാണ് താഴെ വിവരിക്കുന്നത്.

മാർത്തോമ്മായുടെ മസ്ദായി രാജ്യത്തിലേയ്ക്കുള്ള യാത്രയും രക്തസാക്ഷി മരണവും ബെർദാസ്സാൻ 9 മുതൽ 14 വരെയുള്ള നടപടികളിൽ ആണ് എഴുതിയിരിക്കുന്നത്. മാർത്തോമ്മാ മസ്ദായിയുടെ രാജ്യത്തേയ്ക്കു് കഴുതയെ കെട്ടിയ രഥത്തിൽ ഒരു സൈന്യാധിപന്റെ കൂടെയാണ് യാത്രചെയ്യുന്നത് മസ്ദായിയുടെ രാജ്യത്തു് അപ്പോസ്തോലൻ സുവിശേഷം അറിയിക്കുമ്പോൾ മിഗ്ദോനിയാ എന്നു പേരുള്ള ഒരു സ്ത്രീ മാർത്തോമ്മായെ കാണാൻ പല്ലക്കിൽ എഴുന്നെള്ളിവന്നു. മാർത്തോമ്മായുടെ പ്രസംഗം കേട്ടുകഴിഞ്ഞു പല്ലക്കിൽ നിന്നും അവർ ഇറങ്ങി അദ്ദേഹത്തിന്റെ കാൽക്കൽ വീണു പറയുന്നതു് ഇപ്രകാരമാണ്. [1]"പുതിയ ദൈവത്തിന്റെ അപ്പോസ്തോലനായ അങ്ങയോടു് വിനീതമായി പറയുന്നു അവിടുന്നു് മനുഷ്യർ തിങ്ങിപ്പാർക്കുന്ന സ്ഥലത്തു നിന്നും ഈ മരുഭൂമിയിൽ വന്നു് മൃഗങ്ങളെപ്പോലെ ജീവിക്കുന്ന ഞങ്ങളെ മെരുക്കിയെടുക്കുകയാണു് ചെയ്തതു്."

മിഗ്ദോനിയാ, മസ്ദായി രാജാവിന്റെ ബന്ധുവായ കരീഷിന്റെ ഭാര്യയായിരുന്നു. ഒരു രാജകുടുംബാംഗം തന്നെയാണ് പറയുന്നതു് (മസ്ദായിയുടെ രാജ്യം) 'മരുഭൂമി'യാണെന്നു്. ഈ മരുഭൂമിയിലേക്കു് എന്തിനുവേണ്ടി വന്നു എന്നുള്ളതു് മാർത്തോമ്മാ തന്റെ വാക്കുകൾകൊണ്ടു് [2] വ്യക്തമാക്കുന്നുണ്ടു്. ന്യായാസനത്തിന്റെ മുൻപിൽ മാർത്തോമ്മായെ കാവൽക്കാർകൊണ്ടുവന്നു് രാജ

JACOB KOLLAPARAMBIL ... KADUTHURUTHY
www.malankaralibrary.com
www.knanayology.org

രാക്കിയനന്തരം രാജാവ് അപ്പോസ്തലനോട് ചോദിക്കുന്ന വിവരങ്ങളും അതിനു മാർത്തോമ്മയുടെ മറുപടിയുമാണ് 'മസ്ദായി രാജ്യത്തിലേയ്ക്കുള്ള തൻെറ ദൌത്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുന്നത്.

രാജാവ്:— നീ ഒരു അടിമയോ, സ്വതന്ത്രനോ?

മാർത്തോമ്മാ:— 'ഞാൻ അടിമയല്ല, നിങ്ങൾക്ക് എൻെറമേൽ യാതൊരു അധികാരവുമില്ല '

രാജാവ്:— 'നീ എവിടെ നിന്നാണ് ഒളിച്ചോടിയത്, എൻെറ രാജ്യത്ത് എന്തിനു വന്നു?

മാർത്തോമ്മാ:— അനേകരെ വചനംകൊണ്ട് രക്ഷിക്കുന്നതിനും, നിങ്ങളുടെ കയ്യാൽ ഈ ലോകത്ത് നിന്ന് വിമുക്തനാകുന്നതിനും.

മൂന്നാമത്തെ യാത്രോദ്ദേശം മസ്ദായിയുടെ രാജ്യത്ത് സുവിശേഷം അറിയിക്കുന്നതിനും അവിടെ വെച്ച് മസ്ദായിയാൽ രക്തസാക്ഷിമരണം വരിക്കാനും വേണ്ടിയായിരുന്നു എന്ന് മേൽപ്പറഞ്ഞ സംഭാഷണം വ്യക്തമാക്കുന്നുണ്ട്. ഇതുപോലെ മാർത്തോമ്മാ തൻെറ വാക്കുകളിൽ മൂന്ന് യാത്ര നടത്തിയതിൻെറ സൂചന, 12—ാം നടപടയിലെ പ്രാർത്ഥനയിൽ വിവരിച്ചിട്ടുണ്ട്.

'എൻെറ അരക്കെട്ട് സത്യംകൊണ്ട് മുറുക്കികെട്ടിയതും, ചെരുപ്പിൻെറ ആണികൾ ഇളകിപ്പോകാതിരിക്കാൻ കാലിൽ ബന്ധിച്ചിട്ടുള്ളതും ആകുന്നു, എൻെറ കലപ്പയിന്മേൽ ഞാൻ കൈവെച്ചിട്ടുള്ളതും, ഉഴവുചാലുകൾ വളഞ്ഞ് പോകാതിരിക്കാൻവേണ്ടി ഞാൻ പുറകോട്ട നോക്കിയിട്ടില്ലാത്തതും ആകുന്നു. എൻെറ വയൽ ഉണങ്ങി വെളുത്തതായതും, ഫലമെടുക്കാൻ കാലമായതുമാകുന്നു. എൻെറ കൂലി എനിക്ക തരണമേ. ഞാൻ ഒന്നാമത്തെ പാറാവും, രണ്ടാമത്തേതും മൂന്നാമത്തേതും കാത്തു അവിടത്തെ മുഖം എന്നെ കാണിക്കേണമേ. അവിടത്തെ സൌന്ദര്യത്തെ ഞാൻ ആസ്വാദിക്കട്ടെ' എന്നിപ്രകാരമാണ് മർത്തോമ്മാ പ്രാർത്ഥിച്ചത്.[3]

ഒന്നാമത്തേതും (വടക്ക പടിഞ്ഞാറെ ഇൻഡ്യ) രണ്ടാമത്തേതും (തെക്കേ ഇൻഡ്യ) മൂന്നാമത്തേയും (മസ്ദായി രാജ്യം) യാത്ര അവസാനിച്ചു, വയലുകൾ കൊയ്യാൻ തയ്യാറായികിടക്കുന്നു, എൻെറ പ്രതി

www.malankaralibrary.com

ഫലം (രക്തസാക്ഷി മരണം) തരണമേ എന്നു് ക്രിസ്തുവിനോടുള്ള അഭ്യർത്ഥനയാണു് മേൽ ഉദ്ധരിച്ച പ്രാർത്ഥന. 'നിങ്ങളുടെ കയ്യാൽ ഈ ലോകത്തിൽനിന്നു് വിമുക്തനാകാനും' എന്ന അപ്പോസ്തോലന്റെ ഉത്തരം എന്തു് പ്രതിഫലമാണു് മാർത്തോമ്മാ ക്രിസ്തുവിൽനിന്നു് ആഗ്രഹിക്കുന്നതു് എന്നു് വ്യക്തമാക്കുന്നുണ്ടു്.

നടപടികളിൽ പ്രകാരം മസ്ദായി രാജ്യത്തു മാർത്തോമ്മാ എത്തിയതിനു് ശേഷമുള്ള വിവരങ്ങൾ ചുരുക്കമായി ഇവിടെ എഴുതുന്നു.

ഒൻപതാം നടപടിയിൽ മിഗ്ദോനിയായുടെ മാനസാന്തരമാണു് പറയുന്നതു്. മിഗ്ദോനിയായുടെ ഭർത്താവു് കാരീഷു്, തന്റെ ഭാര്യ ഒരു വൈദേശികന്റെ മന്ത്രവാദത്താൽ മയങ്ങിപ്പോയിയെന്നു് മസ്ദായി രാജാവിന്റെ അടുക്കൽ പരാതിപ്പെട്ടു. പരാതി പ്രകാരം രാജാവു് കാവൽക്കാരെ അയച്ചു് മാർത്തോമ്മായെ ബന്ധനസ്ഥനാക്കി, നൂററി അൻപതു് അടി ശിക്ഷകൊടുത്തിട്ടു് കരാഗ്രഹത്തിൽ അടപ്പിച്ചു. കാരിഷു്, ഭാര്യയായ മിഗ്ദോനിയായിൽ ഇനിയെങ്കിലും മാററങ്ങൾ ഉണ്ടാകുമെന്നു വിചാരിച്ചു. എന്നാൽ അന്നു രാത്രിയിൽ തന്നെ മിഗ്ദോനിയാ മാർത്തോമ്മായെ കാണാൻ കരാഗ്രഹത്തിലേയ്ക്കു പോയി. അവിടെ നിന്നും മാർത്തോമ്മായെ കൂട്ടിക്കൊണ്ടു് അവളുടെ ഗൃഹത്തിൽ വന്നു് അവളും തർത്തിയാ എന്നു പേരായ ദാസിയും ജ്ഞാനസ്നാനം ഏററു. പിറേറദിവസവും കാരീഷു്, മിഗ്ദോനിയായിൽ തന്റെ നേർക്കുള്ള മനോഭാവത്തിൽ മാററങ്ങളൊന്നും കാണാഞ്ഞതിനാൽ, മാർത്തോമ്മായെ നശിപ്പിക്കാൻ തന്നെ തീരുമാനിച്ചു. മാർത്തോമ്മായെ ജനങ്ങൾ ആരാധിക്കുന്നതുകൊണ്ടു് കൊല്ലുക തന്നെ വേണമെന്നു് മസ്ദായി രാജാവും നിശ്ചയിച്ചു.

രാജാവിന്റെ ആജ്ഞാനുസരണം പടയാളികൾ കാരാഗ്രഹത്തിൽ നിന്നും അപ്പോസ്തോലനെ രാജസന്നിധിയിൽ ഹാജരാക്കി, രാജാവു് മാർത്തോമ്മായെ താക്കീതു നൽകി വിടുകയാണു് അപ്പോൾ ചെയ്തതു്. അപ്പോസ്തോലൻ സിഫൂർ എന്ന സേനാനായകന്റെ അപേക്ഷപ്രകാരം അദ്ദേഹത്തെയും, ഭാര്യയേയും, പുത്രിയേയും ജ്ഞാനസ്ഥാനപ്പെടുത്തി: രാജാവിന്റെ ഭാര്യ തേർഷ്യ, മസ്ദായി രാജാവിൽ നിന്നും, മിഗ്ദോനിയായിൽ വന്ന മാററങ്ങൾ അറിഞ്ഞു

www.malankaralibrary.com

അവരെ ഉപദേശിക്കാൻ പോയി. എന്നാൽ തേർഷ്യായും, മിഗ്ദോനിയായുടെ വാക്കുകൾ കേട്ട് സേനാനായകന്റെ വീട്ടിൽ ചെന്ന് മാർത്തോമ്മായെ നേരിട്ടു കണ്ടു. "അങ്ങയുടെ ദൈവം വാഗ്ദത്തം ചെയ്യുന്ന നിത്യജീവൻ അനുഭവമാക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു" എന്ന് മാർത്തോമ്മായോടു പറഞ്ഞു. അവരും ക്രിസ്തുവിൽ വിശ്വസിച്ച് മാർത്തോമ്മായിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു. രാജ്ഞി തേർഷ്യായിൽ കണ്ടമാററം രാജാവിനെ കുപിതനാക്കി. സേനാനായകന്റെ വീട്ടിൽ ചെന്ന് മാർത്തോമ്മായെ രാജാവ് ദേഹോപദ്രവം ഏൽപ്പിക്കുന്നു. അവിടെ നിന്നും പടയാളികൾ മാർത്തോമ്മായെ വലിച്ചിഴച്ച് ന്യായവിസ്താര സ്ഥലത്തേയ്ക്ക് കൊണ്ടുപോയി ന്യായവിസ്താര സ്ഥലത്ത് രാജാവ് വരുന്നതിനു മുൻപ് രാജാവിന്റെ മകൻ 'വിസാൻ' മാർത്തോമ്മായുടെ ഉപദേശം കേട്ട് ക്രിസ്തുവിങ്കലേയ്ക്ക് തിരിഞ്ഞു. ന്യായവിസ്താര സമയത്ത് രാജാവിനോട് അപ്പോസ്തോലൻ "അങ്ങേയ്ക്ക് എന്റെ മേൽ യാതൊരധികാരവുമില്ല എന്നെ പീഡിപ്പിക്കാൻ കഴിയുകയുമില്ല" എന്നു പറഞ്ഞു. ഇതുകേട്ട് കുപിതനായ രാജാവ് രണ്ടു ഇരുമ്പുതകിട് പഴുപ്പിച്ച് കൊണ്ടുവന്ന് അതിന്മേൽ അപ്പോസ്തോലനെ നിറുത്തി. പക്ഷെ മാർത്തോമ്മായുടെ കാലുകൾ തകിടിന്മേൽ തൊട്ടസമയത്ത് തകിടിന്റെ അടിയിൽ നിന്നും നീരുറവകൾ ഉയർന്ന് തകിടിനെ തണുപ്പിച്ചു. ആ നീരുറവകൊണ്ടുണ്ടായ ജലപ്രളയത്തിൽ നിന്നും രക്ഷനേടാൻ രാജാവിനു മാർത്തോമ്മായെ ആശ്രയിക്കേണ്ടിവന്നു. അപ്പോസ്തോലൻ പ്രാർത്ഥിച്ചതോടുകൂടി നീരുറവ അപ്രത്യക്ഷമായി. പക്ഷേ ഭാര്യമൂലം നിരാശനായ രാജാവ് കഠിനഹൃദയനായി മാർത്തോമ്മായെ പിന്നെയും കാരാഗ്രഹത്തിലടച്ചു. ഈ കാരാഗ്രഹവാസത്തിനിടയിൽ മാർത്തോമ്മാ വിസാൻ രാജകുമാരനെയും ജ്ഞാനസ്നാനപ്പെടുത്തി. രാജാവ് മാർത്തോമ്മായെ കൊല്ലാൻ തന്നെ തീരുമാനിച്ച് നാലു പടയാളികളെ അതിനുവേണ്ടി ഏർപ്പെടുത്തി അവർ ഏകദേശം അരമൈൽ ദൂരമുള്ള കുന്നിൽ മാർത്തോമ്മായെ കൂട്ടിക്കൊണ്ടുപോയി. അപ്പോസ്തോലൻ രക്ത സാക്ഷിയായി മരിക്കുന്നതിനുമുൻപ് സിഫൂറിനും, വിസാനും പൌരോഹിത്യം കൊടുത്തു. പിന്നെ കുറെനേരം പ്രാർത്ഥിച്ചശേഷം പടയാളികളോട് തങ്ങളുടെ ജോലി നിറവേററാൻ മാർത്തോമ്മാ തന്നെ അവരോട് ആജ്ഞാപിച്ചു. അവർ നാലുപേരും ഒരുമിച്ച് പൈൻമരംകൊണ്ടുള്ള കുന്തങ്ങൾ ശരീരത്തിൽ കുത്തിയിറക്കി, മാർ

www.malankaralibrary.com

ർത്തോമ്മായെ കൊന്നു. വിശ്വാസികൾ അദ്ദേഹത്തിന്റെ ശരീരം രാജാക്കന്മാരെ അടക്കുന്ന പുരാണ കല്ലറയിൽ അടക്കുകയും ചെയ്തു.

മസ്ദായി രാജാവിന്റെ കാലത്ത് തന്നെ അദ്ദേഹത്തിന്റെ കല്പനയനുസരിച്ച് മാർത്തോമ്മായുടെ കല്ലറ തുറന്നു നോക്കി പക്ഷേ ഒരു ക്രിസ്തു സഹോദരൻ അസ്ഥികൾ രഹസ്യമായി പടിഞ്ഞാറൻ ദേശത്തേയ്ക്ക് കൊണ്ടുപോയതിനാൽ കല്ലറയിൽ ഒന്നും കാണാനില്ലായിരുന്നു. കല്ലറയിൽ അസ്ഥികൾ കാണാതായപ്പോൾ അവിടെ നിന്നും കുറെ പൊടിവാരി രോഗിയായ മകന്റെ മേൽ മസ്ദായി രാജാവ് വിതറി. അതിനാൽ മകന്റെ ദീനം സുഖമായി. ഈ സംഭവം മസ്ദായിയെ ഒരു വിശ്വാസിയാക്കിത്തീർക്കുകയും, സിഫൂർ പുരോഹിതന്റെ കൈ തലയിൽ വെച്ച് താൻ അനുഗ്രഹം പ്രാപിക്കുകയും ഉണ്ടായി.

മാർത്തോമ്മാ, മസ്ദായിയാൽ 'കാലമീന' എന്ന സ്ഥലത്തു വെച്ചാണ് രക്തസാക്ഷിയായി മരണമടഞ്ഞതെന്ന് വളരെയധികം ചരിത്രകാരന്മാർ എഴുതിയിട്ടുണ്ട്. ഈ 'കാലമീന' മൈലാപ്പൂർ തന്നെയാണോ? അതോ പേർഷ്യൻ ഉൾക്കടലിലെ ഒരു ദ്വീപാണോ എന്നു രണ്ടഭിപ്രായമുണ്ട്.

മാർത്തോമ്മായുടെ അസ്ഥികൾ എ. ഡി. 205 ലോ 223 ലോ ആണ് എദ്ദേസ്സായിലേക്കു കൊണ്ടുപോയതെന്ന് ചരിത്രകാരന്മാർ പറയുന്നുണ്ട്. എന്നാൽ മാർത്തോമ്മായുടെ നടപടികൾപ്രകാരം മാർത്തോമ്മായെ കൊല്ലിച്ച മസ്ദായിയുടെ കാലത്തും മാർത്തോമ്മാ പൗരോഹിത്യം കൊടുത്ത സിഫൂറിന്റെ കാലത്തുംതന്നെയാണ് ഈ സംഭവം നടന്നതെന്നു വ്യക്തമാണ്.

മാർത്തോമ്മാ മസ്ദായിയുടെ രാജ്യത്തു കാരാഗൃഹത്തിൽ കിടന്നുകൊണ്ട് ഒരു [4] കീർത്തനം പാടുന്നുണ്ട്. ആ കീർത്തനത്തിൽ, മാർത്തോമ്മാ തന്റെ മൂന്നു യാത്രകളിൽ പോയിരുന്നതും സഞ്ചരിച്ചിരുന്നതുമായ രാജ്യങ്ങളെപ്പററി സൂചിപ്പിക്കുന്നുണ്ട്.

കടലിലെ പവിഴം കൊണ്ടു വരുന്നതിനായി ഈജിപ്തിലേക്ക് മാതാപിതാക്കൾ തന്നെ അയക്കുന്നതായിട്ടാണ് കഥ തുടങ്ങുന്നതു. യാത്രയിൽ കൂടെ ബാന്ധവമായികൊണ്ടു പോയതു് 'എലായ' നാട്ടിലെ

www.malankaralibrary.com

www.knanayology.org

(Beith Ellaye) സ്വർണ്ണവും, ഗസ്സാക്കിലെ വെള്ളിയും, ഇൻഡ്യയിലെ രത്നവും കഷാൻ നാട്ടിലെ മരതകവും ആണ്.

ഒന്നാമത്തെ യാത്ര കഴിഞ്ഞു കഷാൻ നാട്ടിൽ നിന്നും (വടക്കേ ഇൻഡ്യ) തിരിച്ച് യരുശലേമിൽ വന്ന് അവിടെനിന്നും രണ്ടാമത്തെ യാത്രയിൽ ഏലാത്ത് തുറമുഖത്ത് എത്തി (ആഗ്ബാ ഉൾക്കടൽ) അവിടെനിന്നും ഗസ്സാക്കിൽ (എത്യോപ്യാ) എത്തി അവിടെ നിന്നുമാണ് രത്നത്തിന്റെ നാടായ തെക്കെ ഇൻഡ്യയിൽ വരുന്നത്. അടുത്തതായി കീർത്തനത്തിൽ പറയുന്നത് 'പവിഴം വിളയുന്ന, നാട്ടിൽ എത്തുന്നതായി ആണ്. ഈജിപ്റ്റ് എന്ന്. കീർത്തനത്തിൽ കൊടുത്തിട്ടുണ്ടെങ്കിലും മസ്ദായിയുടെ രാജ്യമായിരുന്നതും. പേർഷ്യൻ ഉൾക്കടലിലെ ഒരു ദ്വീപും, പവിഴം വിളയുന്ന നാടുമായ ബഹറിനിലേക്ക് മാർത്തോമ്മാ പോയി എന്നുള്ളതാണ് കീർത്തനത്തിൽ സൂചിപ്പിക്കുന്നത്.

## മസ്ദായി ആര്? കാലമീന എവിടെ?

ജോർജ്ജിയൻ[1] ഭാഷയിൽ എഴുതിയ നടപടിയിൽ മസ്ദായി എന്ന വാക്ക്, മസ്ദേവൂസ്സ് എന്നാണ് എഴുതിയിരിക്കുന്നത്. മസ്ദായി എന്ന പേർഷ്യൻ വാക്കിന്റെ ഗ്രീക്കുപദമാണ് മസ്ദേവൂസ്സ്. ഈ വാക്കിന്റെ അർത്ഥം ഭരണാധിപൻ എന്നുമാത്രമേയുള്ളു. എന്നാൽ ഇതിനുള്ള പ്രത്യേകത 'മാഗ്ഗി' ഗോത്രത്തിൽനിന്നും തെരഞ്ഞെടുത്ത കുടുംബഭരണാധിപൻ, ഗ്രാമത്തലവൻ, ഗോത്രത്തലവൻ, പ്രവിശ്യാ ഭരണാധിപൻ, സൌരാഷ്ട്രമതാധിപൻ എന്നീ അഞ്ചു ഭരണാധിപന്മാർ മാത്രമെ മസ്ദായി എന്ന പേരിൽ അറിയപ്പെട്ടിരുന്നുള്ളു. മസ്ദാ-അദ് മോയി[2] എന്ന പഹലവി വാക്കു ലോപിച്ചാണ് മസ്ദായി എന്ന് ആയത്. ഇതുപോലെ ബക്ററിയ വംശജരായ ഭരണാധിപന്മാരെ ബസ്സേവൂസ്സ് എന്നാണ് വിളിച്ചിരുന്നത്. അലക്സാണ്ടർ ചക്രവർത്തിയും, പേർഷ്യാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായിരുന്ന ദാരിയാവോസ്സ് മൂന്നാമനും തമ്മിലുള്ള ഗോഗ്ഗ മേല (330 ബി സി.) യുദ്ധത്തിൽ ദാരിയാവോസ്സിന്റെ വലതു ഭാഗത്തു[3] മസ്ദായിയും പടയും ഇടത്തുവശത്തു[4] ബസ്സേവൂസ്സും പടയും നിരന്നുനിന്നുകൊണ്ടാണ് യുദ്ധം ചെയ്തത്.

മസ്ദായിയുടെ രാജ്യം സൌരാഷ്ട്രമതാധിപത്യത്തിൽ കഴി

www.malankaralibrary.com

യുന്ന ഒരു രാജ്യമായിരുന്നു എന്നുള്ളതിനു് തെളിവു് $_5$ ലത്തീൻഭാഷയിൽ എഴുതിയ നടപടിയിൽ കൊടുത്തിട്ടുണ്ടു്. അതായതു് മസ്ദായി രാജാവു് മാർത്തോമ്മായെ ചുട്ടപഴുപ്പിച്ച തകിടിൽ നിർത്തി ഒരു പരീക്ഷണം നടത്തി. ആ പരീക്ഷണത്തിൽ തോൽവി സംഭവിച്ച മസ്ദായി രാജാവു് മറ്റൊരു പരീക്ഷണത്തിനു് മാർത്തോമ്മായെ വിധേയനാക്കി. അതായതു് അപ്പോസ്തോലൻ ക്രിസ്തുവിനെ ഉപേക്ഷിച്ചു് സൂര്യനെ വന്ദിക്കണമെന്നു് നിർബന്ധിക്കുന്നുണ്ടു്. ഇതിൽ പരാജയപ്പെട്ട രാജാവു് മാർത്തോമ്മായെ കൊല്ലുവാൻ പിന്നീടു് ഉത്തരവായി.

സൂര്യൻ സൌരാഷ്ട്രമതക്കാരുടെ ആരാധനാവസ്തുവാണെന്നുള്ളതിനു് (Symbol of Worship) വേണ്ട തെളിവു് സൌരാഷ്ട്രമതഗ്രന്ഥത്തിൽ നിന്നും താഴെ ഉദ്ധരിക്കുന്നു.

1. 'Allusion to worship and to the fire are comparativelp common.'

Ref : Zoroastrian Studies by Jackson page 159.

2.'The morning sun it is necessary to reverence till midday and that of midday it is necessary to reverence till afternoon and that of the aftermoon it is necessary to reverence till night.'

Ref : Zoroastrian Scripure Shayast-La-Shayast. Chapter VIII, verse 2.

Verse-3.

'As to the sun it is better when one reverence it every time at the proper period, when he does not reverence it for once it is a sin of thirty stirs;'

എ. ഡി. 72-ൽ മസ്ദായി രാജാവു് മാർത്തോമ്മായെ സൂര്യനെ വന്ദിക്കാൻ നിർബന്ധിക്കുന്നെങ്കിൽ എ. ഡി 620-ത് അതുപോലെ ഒരു സംഭവം പേർഷ്യയിൽ നടക്കുന്നുണ്ടു്. അതായതു റോമാചക്രവർത്തിയായ ഹെറർക്കലിസ്സിനെ ചങ്ങലയിൽ ബന്ധിച്ചുകൊണ്ടുവരാൻ പേർഷ്യരാജാവായ (സസ്സാനിദ് ഭരണകാലത്തു്) കൊസ്രൂസ്സ് ഉത്തരവിട്ടു് ആജ്ഞാപിച്ചതു്" ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ

www.malankaralibrary.com

ഉപേക്ഷിച്ച്, സൂര്യനെ വന്ദിക്കുന്ന മതം സ്വീകരിക്കാത്തിടത്തോളം കാലം, ഞാൻ റോമാചക്രവർത്തിക്ക് സമാധാനം കൊടുക്കുകയില്ല'' എന്നാണ്.

ഒന്നാം നൂററാണ്ടിലും ഏഴാം നൂററാണ്ടിലും പാർത്ഥ്യാ സാമ്രാജ്യത്തിന്റെയും പേർഷ്യാ സാമ്രാജ്യത്തിന്റെയും രാജകീയ മതം സൌരാഷ്ട്രമതം ആയിരുന്നെന്ന് ചരിത്രം പറയുന്നുണ്ട്. ആ മതത്തിന്റെ ആരാധനാവസ്തുവാണ് സൂര്യൻ എന്ന് മതഗ്രന്ഥങ്ങളിൽ നിന്നും സംഭവങ്ങളിൽ നിന്നും മുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് പാർത്ഥ്യാ സാമ്രാജ്യത്തിലൊ അല്ലെങ്കിൽ അതിനോട് ചേർന്നു കിടക്കുന്ന ചെറുകിടരാജ്യങ്ങളിലൊ, സൌരാഷ്ട്രമതം പ്രബലമായിരുന്ന പ്രദേശത്തോ വെച്ചായിരിക്കും മാർത്തോമ്മാ രക്തസാക്ഷിയായി മരിച്ചത് എന്നാണ്.

ഹിന്ദുമതവും സൂര്യനെ വന്ദിക്കുന്നു എന്നൊരു വാദം കൊണ്ടുവരാം പക്ഷേ ഒന്നാം നൂററാണ്ടിൽ തെക്കേ ഇൻഡ്യയിലെ ചരിത്രം നോക്കിയാൽ അന്ന് ചെന്തമിഴ്നാട് എന്നറിയപ്പെട്ടിരുന്ന ചേര ചോള, പാണ്ഡ്യദേശങ്ങളിൽ ഹിന്ദു[7] മതം പ്രബലമായിരുന്നില്ല. പതിനൊന്നാം നൂററാണ്ടിൽ മാത്രമാണ് വർണ്ണാശ്രമം തെക്കേ ഇന്ത്യയിൽ പ്രബലമായിത്തീർന്നത്. മാർത്തോമ്മാ തെക്കേ ഇന്ത്യയിൽവന്ന കാലത്ത് ജൈനമതവും ബുദ്ധമതവുമായിരുന്നു പ്രബലമതങ്ങൾ. പക്ഷേ മാർത്തോമ്മാ മാമോദീസ്സാ മുക്കിയ നമ്പൂതിരി കുടുംബങ്ങൾ (ശൈവവാദികൾ) ക്രിസ്തുവിനു മുൻപ് കേരളത്തിൽ വാണിജ്യപരമായി[8] കുടിയേറി പാർത്തവർ ആയിരുന്നു. 'സംഘം' കാലത്ത് രചിച്ച ചിലപ്പതികാരം[9] മണിമേഖലം എന്നീ കൃതികൾ മേൽപ്പറഞ്ഞ ജൈന ബുദ്ധ മതങ്ങളുടെ പ്രബലതയ്ക്കു് ഒരു മകുടോദാഹരണമാണ്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ഒരു ഹിന്ദു പുരോഹിതനാൽ മാർത്തോമ്മാ തെക്കേ ഇന്ത്യയിൽ വച്ച് രക്തസാക്ഷിയായി മരണം അടഞ്ഞു എന്നു പറയുന്നതു ശരിയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വിശ്വാസം മാത്രമേ ഈ ഇതിഹാസത്തിനു ആധാരമായി പറയാനുള്ളൂ. പാലായൂർ മുതൽ കൊല്ലം വരെ ഏകദേശം 190 കിലോമീററർ സഞ്ചരിച്ച് 7 പള്ളികൾ സ്ഥാപിച്ച മാർത്തോമ്മാ, കേരളത്തിൽ നിന്നും 600 കി. മീററരോളം ദൂരത്ത് സ്ഥിതി ചെയ്യുന്ന മൈലാപ്പൂർ വരെ സഞ്ചരിച്ചിട്ടും വഴി മദ്ധ്യ

www.malankaralibrary.com

www.knanayology.org

ഒരു പള്ളിയും സ്ഥാപിച്ചതായി രേഖയില്ല. തമിഴ് നാട്ടിൽ ആരും തന്നെ മാർത്തോമ്മായെപ്പററി അവകാശ വാദം ഉന്നയിക്കുന്നില്ല. മൈലാപ്പൂർ[10] അവകാശ വാദം തന്നെ കേരളത്തിലെ മലങ്കര നസ്രാണികളാണ് നടത്തുന്നത്. പോർച്ചുഗീസ്സുകാർ പതിനാറാം നൂററാണ്ടിന്റെ ആദ്യ പകുതിയിൽ മൈലാപ്പൂർ സന്ദർശിച്ചപ്പോൾ അവിടെ 'തോമായുടെ ഭവനം[11] എന്ന് പറയുന്ന ഇടിഞ്ഞു പൊളിഞ്ഞ കെട്ടിടം ഒരു വൃദ്ധനായ മുസ്ലിം ആണ് കാത്തു സൂക്ഷിച്ചുകൊണ്ടിരുന്നത്'. ഒരു നാട്ടു ക്രിസ്ത്യാനിയെപ്പോലും അവിടെ ആരും കണ്ടതായി രേഖപ്പെടുത്തിയിട്ടില്ല ഇതെല്ലാം സംഗ്രഹിച്ചെടുത്താൽ മാർത്തോമ്മാ തെക്കെ ഇൻന്ത്യയുടെ കിഴക്കെ കരയിലേക്ക് പോയി എന്നുള്ളത് ഒരു സങ്കല്പം മാത്രമാണ്. എന്നാൽ മിശിഹായുടെ പിൻഗാമിയെന്നും പാറ'ക്ലീത്താ എന്ന് സ്വയം വിശേഷിപ്പിച്ചു നടന്നവനും മണിക്കയെൻ സഭയുടെ സ്ഥാപകനും പേർഷ്യാക്കാരനുമായ മണിയുടെ ഒരു ശിഷ്യൻ ചോളനാട്ടിൽ മരണം അടഞ്ഞതിന്റെ ചരിത്രം ഉണ്ട്. ഈ മണിക്കയൻ അപ്പോസ്തോലനാണ് മൈലാപ്പൂരിൽ വെച്ച് മരണം അടഞ്ഞത്. മണിക്കയ മതാനുയായികൾക്ക്[12] (വെള്ളാള ചെട്ടികൾ) മൈലാപ്പൂരിൽ പീഡ ഉണ്ടായപ്പോൾ അവർ തെക്കെൻ കേരളത്തിലേയ്ക്കു കുടിയേറി. കൊല്ലത്ത് മണിഗ്രാമക്കാരെന്നപേരിൽ ഏഴ് നൂററാണ്ടുകാലം ഒരു പ്രബലസമൂഹമായി അവർ വർത്തിച്ചിരുന്നു. കൊല്ലത്തിനടുത്ത തുറമുഖവും നസ്രാണികളുടെ കേന്ദ്രവുമായിരുന്ന[13] നിരണവുമായി മണിക്കയമതക്കാർ കാലാന്തരത്തിൽ ബന്ധപ്പെടുകയുണ്ടായി. അങ്ങിനെ മണിക്കയ അപ്പോസ്തോലന്റെ മരണകഥ നസ്രാണികൾക്ക അവരിൽനിന്നും കിട്ടുകയുണ്ടായി. കേരളത്തിൽനിന്നും മണിക്കയ മതക്കാരുടെ തിരോധാനത്തോടുകൂടി മലങ്കര നസ്രാണികൾ തങ്ങളുടെ അപ്പോസ്തോലന്റെ മരണവുമായി മണിക്കയരുടെ മൈലാപ്പൂർ കഥ മാററി എടുക്കുകയാണുണ്ടായത്. അങ്ങനെ മാർത്തോമ്മാ രക്തസാക്ഷിയായ 'കാലമീന'[14] എന്ന സ്ഥലം ചോളമണ്ഡലം (കൊറോമണ്ഡൽ) ആയിത്തീന്നു പിന്നീട് പോർച്ചുഗീസുകാരുടെ ആഗമനത്തോടു കൂടി അതു മൈലാപ്പൂർ ആയി എന്നുള്ളതാണ് വാസ്തവം.

എന്നാൽ മാർത്തോമ്മാ രക്തസാക്ഷിയായി മരിച്ച 'കാലമീന' എന്ന സ്ഥലം ഭൂമിശാസ്ത്ര പരമായും ചരിത്രപരമായും നോക്കിയാൽ പേർഷ്യൻ ഉൾക്കടലിലെ ഒരു ദ്വീപായ ബഹറിൻ ആണെന്നു

www.malankaralibrary.com

മനസ്സിലാക്കാൻ പ്രയാസമില്ല. പുരാണ പേർഷ്യാ സാമ്രാജ്യത്തിലെ പതിനാലാമത്തെ പ്രവിശ്യയിൽപ്പെട്ടതാണ് ബഹറിൻ ദ്വീപ് തമാനിയാ അഥവാ ദിൽമൻ ഈ പ്രവിശ്യയിൽപ്പെട്ട നഗരമാണ്. പേർഷ്യാ സാമ്രാജ്യത്തിൽ നിന്നും നാടുകടത്തപ്പെട്ടുന്നവരുടെ രാജ്യമായിട്ടാണ് ബഹറിൻ ദ്വീപിനെ കരുതിയിരിക്കുന്നത്. ഇതു മൂലമാണ് അനേകം മൺകുടീരങ്ങൾ ബഹറിനിൽ പുരാണകാലം മുതൽ ഉണ്ടാകാൻ കാരണമായി തീർന്നത്. ഈ ദ്വീപിന്റെ ഭരണാധിപർ മാഗ്ഗി വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു അതിനാൽ അവിടുത്തെ രാജാക്കന്മാർക്ക് മസ്ദായി എന്ന പേരു് കിട്ടാൻ കാരണമായിത്തീർന്നു,

മാർത്തോമ്മായുടെ ദൌത്യം വടക്കെ ഇന്ത്യയിലല്ലും, തെക്കെ ഇന്ത്യയിലെല്ലും, മസ്ദായിയുടെ രാജ്യമായ 'കാലമീന' യിലേക്കും ആയിരുന്നെന്നു് വിദേശീയരും, സ്വദേശീയരുമായ എല്ലാ ചരിത്രകാരന്മാരും സമ്മതിക്കുന്നുണ്ട്. ഈ 'കാലമീന' എവിടെയാണെന്നുള്ളതിനു് ശരിയായ ചരിത്ര രേഖകൾ ഉണ്ട്. എന്നാൽ മാർത്തോമ്മാ ഇന്ത്യയുടെ അപ്പോസ്തലനാണ് അതുകൊണ്ടു് ഇന്ത്യയിലെ ഇതിഹാസ സ്ഥലമായ മൈലാപ്പൂരിൽ വെച്ചു തന്നെയാണു് (ആയിരിക്കണം) രക്തസാക്ഷിയായി മരിച്ചതു് എന്നു തീവ്രമായി വിശ്വസിക്കുന്നവർ ആ രേഖകൾ തള്ളിക്കളയുകയാണ് ചെയ്യുന്നതു്. അതുപോലെ തന്നെ മൈലാപ്പൂരിൽ വെച്ചു് മരിച്ച മണിക്കയൻ അപ്പോസ്തലന്റെ കഥയും ഈ തീവ്രവാദികൾ വിട്ടുകളയുകയും ചെയ്യുന്നുണ്ട്,

Notes

1. I beg of thee, thou Apostle of new God, who hast come to a desert place from the habitation of men for we dwell in a desert, because we like the beasts that have no speech, now low we are being tamed by thy hands.'

   Ref : Acts of Thomas, by Klijn page 110 (para 87)

2. Ibid 151

www.malankaralibrary.com

3. Ibid 144

4. Ibid 120-125

## മസ്ദായി എവിടെ? കാലമീന ആര്?

1. Ref . The Apostle Thomas in India, by J. N. Farquhar (Edited by Vellian) page 79

2. The four repetitions (Ahumavaiti Gatha) of Mazda-ad-moi are for the right coming on the share of the five Chieftain ships, the house ruler, the village ruler, tribe ruler, the province ruler and the supreme Zarat-hust.'

   Ref : Shehast La-Shayast, Chapt. XIII, Verse 11

3. 'Mazeaus (Mazdai), who commanded his right wing.'

   Ref : The Pelicans History ef Greece' by A. R. Burn, page 338.

4. Darius was left with no army in 330 except the forces of Eastern Iran dominated by Bessues, Satrap of Bactria.

   Ref : Ibid 339.

5. Ref : Malankara Nazranikel. Vol, I., by Paret. page 336

6. Ref; Ancient History of Persia, by Vaux, 104

7. In Kerala in the fifth and sixth centuries there were two classes of Brahmins. One class had been long esta-blished here for trade, and the other came in the mean time for spreading there religion.'

   Ref; Studies in Kerala History. by Elamkulam, page 105.

8. 'Thus with the advent of of fifth century, the Jain and Bnddhist religions had achieved greater popularity in the Kannad aud Tamil countries than the Vedic religion. It was then that thousands of missionaries entered South

www.malankaralibrary.com

India with the intention of spreading of varnasarama'

Ref: Studies in the Kerala History, Elamkulam, page 105.

9. Ref: Silappadikaram, by M. Varadarajan.

10. വി. തോമസ്സിനെ കുത്തിക്കൊന്നതു്, കാലമീനായാക്കു് സമീപത്തുള്ള ഇന്ത്യയിലെ കുന്നിൽ വെച്ചാണെന്നു് ബാർ എബ്രായ പറയുന്നു. ബാർ എബ്രായയുടെ സാക്ഷ്യം ഇല്ലെങ്കിൽ തന്നെയും മാർ തോമ്മാ മയിലാപ്പൂരിൽ വച്ചു് രക്തസാക്ഷിയായി മരിച്ചു എന്നതിനു് മലബാറിൽ നിന്നു് വേണ്ടത്ര തെളിവുണ്ടു"

Ref: 'Malankara Nazranikel' Vol. page 370.

11. (a) 'It was at that time (1516 A D.) in a deserted state and the church had collapsed.'

'There were no Christians in that locality.'

Ref: Traditions of St. Thomas Christians, by A. M. Mundadan, page 23

(b) 'The custodian was a poor muslim who begged alms for the home.'

Ref: Traditions of St. Thomas Christians, by Mundadan page 28.

12. Ref: The Orthodox Church of India, by David Daniel, page 11.

13. "നമ്മുടെ കർത്താവിന്റെ കാലം 293-ൽ നിരണത്തുള്ള വിശ്വാസകരും (നസ്രാണികൾ) കരക്കേണിയിൽ ഉള്ള വിശ്വാസകരും കൂടെ (വെള്ളാള ചെട്ടികളായ മാണിക്കയർ) ഈ വന്ന തമിഴരിലനുസരിച്ചു് തമിഴരുടെ മര്യാദയിൽ ചിലരും മലയാം മര്യാദയിൽ ചിലരും ഇങ്ങനെ നടന്നു വരുമ്പോൾ"

Ref: 'മലങ്കര നസ്രാണികൾ' (കേരളത്തിൽ മാഗർവഴിയുടെ അനാസ്ഥ) Vol. I, page 373

www.malankaralibrary.com

14. വി. തോമസ്സിനെ കുത്തിക്കൊന്നതു് കാലമീനാസ്സു് സമീപത്തുള്ള ഇൻഡ്യയിലെ കുന്നിൽ വെച്ചാണെന്നു ബാർ എബ്രായും പറയുന്നു'.

മലങ്കര നസ്രാണികൾ Vol. I, Page 370

15. Details from the book, Persian Wars by Herodotus Book VII.

★

"The search for God and the final revelation are the only meaning in life for men. with out this search and revealation men lives only as an animal without. comfort and wisdom, and his life is futile, no matter his station or power or birth."

—Janet Taylor Caldwell.

www.malankaralibrary.com

# കാലമീനയും തോമായുടെ ദയറായും

മാർത്തോമ്മാ രക്തസാക്ഷിയായി മരണമടഞ്ഞതു് 'കാലമീനാ' യിൽ വെച്ചായിരുന്നു എന്നു് ആദ്യം രേഖപ്പെടുത്തിയതു് പോർട്ടസ്സിലെ മെത്രാനായിരുന്ന ഹിപ്പാലിററസ് ആണു് റോമാചക്രവർത്തിയായിരുന്ന അലക്സാണ്ടർ സെവാറസ്സിന്റെ കാലത്തു് (എ. ഡി. 222–235) അദ്ദേഹം രക്തസാക്ഷിയായി മരിച്ചു. 12 അപ്പോസ്തോലന്മാരുടെ ദൌത്യത്തെപ്പററി വിവരിക്കുന്ന ഗ്രന്ഥത്തിൽ മാർത്തോമ്മായെപ്പററി ഇപ്രകാരമാണു് എഴുതിയിരിക്കുന്നതു്.

“തോമസ്സ് പാത്ഥ്യരോടും, മേദ്യരോടും, പേർഷ്യക്കാരോടും ഹിർക്കനിയരോടും ബാക്ററിയരോടും സുവിശേഷം പ്രസംഗിച്ചു. ഇൻഡ്യയിലെ കാലമിനാ നഗരത്തിൽ വച്ച് പയിൻ മരക്കുന്തം കൊണ്ടു് ഉടലിൽ കുത്തേററു മരിക്കുകയും അവിടെതന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു[1] അതുപോലെ[2] സൊഫേർന്നിയോസ്സ് (ഏഴാം നൂററാണ്ടു) എഴുതിയിരിക്കുന്നതു് 'കാലമീന'യിൽവെച്ച് മാർത്തോമ്മാ കൊല്ലപ്പെടുകയും അടക്കപ്പെടുകയും ചെയ്തു എന്നാണു്.

മലങ്കര നസ്രാണികളെ സംബന്ധിച്ചിടത്തോളം, ഏററവും പ്രധാനമായ പ്രസ്താവന പേർഷ്യയിൽ തിഗ്രിസ്സിൽ, മാർത്തോമ്മായുടെ സിംഹാസനത്തിൽ വാണരുളിയ കാതോലിക്കാ, ബാർ എബ്രായയുടേതാണു് (എ. ഡി. 1225–1286). ഇദ്ദേഹം പേർഷ്യയുടെയും ഇൻഡ്യയുടെയും കാതോലിക്കായായി[3] 22 വർഷത്തോളം തിഗ്രിസ്സിൽ വാണിരുന്നു. അദ്ദേഹം എഴുതിയ എക്ലിസിയാസ്റ്റിക്കാ എന്ന സുറിയാനി ഗ്രന്ഥമാണു് ഇതിനു് ആധാരം. അതിൽ പറയുന്നതു് 'മാർത്തോമ്മായെ കാലമീനായ്ക്കു് സമീപമുള്ള കുന്നിൻ വെച്ചാണു് കൊലപ്പെടുത്തിയതു്'' എന്നിപ്രകാരം ആണു്. കൂടാതെ മൃതശരീരം കാലമീനായിൽ അടക്കം ചെയ്തു എന്നും പറയുന്നുണ്ടു്. 'കാലാമീന' ഒരു പേർഷ്യൻ വാക്കാണു്. കാല എന്ന വാക്കിന്റെ

www.malankaralibrary.com

www.knanayology.org

അർത്ഥം കവന്നതു് എന്നാണു്. 'മീന' എന്ന വാക്കിന്റെ അർത്ഥം തുരുത്തു് (Pier) എന്നാണു്. അതായതു് കിരം തുരുത്തു് എന്നു പറയുന്നു. സുറിയാനിയിൽ 'ഗൽമോൻ' എന്നാണു് പറയുന്നതു്. അറബിയിൽ കൽമാൻ, (Kalmon) അല്ലെങ്കിൽ കൽമാൻ എന്നു പറയപ്പെടുന്നു. ഈ കാലമീന എ ഡി. 1652-ൽ പോലും നിലവിലുണ്ടായിരുന്നു എന്നുള്ളതിനു് തെളിവാണു്, സെലൂക്യായിലെ കാതോലിക്കോസ്സു് (നെസ്തോറിയൻ) 1652—ൽ മലങ്കരയിലേക്കു് അയച്ച 'അഹത്തുള്ളാ' എന്ന മെത്രാപ്പോലീത്തായുടെ കത്തു്, ഇദ്ദേഹത്തെ പോർച്ചുഗീസുകാർ കാലമിനായിൽ, 1652-ൽ തടവിൽ പാർപ്പിച്ചു. അവിടെ നിന്നും അഹത്തുള്ളാമെത്രാൻ മലങ്കരയിലേക്കു് കൊടുത്തയച്ച കത്തിൽ താഴെ പറയും പ്രകാരമാണു് എഴുതിയിരിക്കുന്നതു്.

"$_4$കാലമീനായിൽ, നീതിമാന്മാരെ ഉപദ്രവിക്കുന്നതു് തൊഴിലാക്കിയിരുന്നവർ എന്നെ തടവിൽ പാർപ്പിച്ചിരിക്കയാണു്. കൊച്ചിയിലേക്കും പിന്നെ ഗോവായിലേക്കും എന്നെ അവർ കൊണ്ടുപോകും. നിങ്ങൾ ആയുധങ്ങൾ എടുത്തു് എന്നെ രക്ഷിക്കാൻ ശ്രമിക്കുക."

ഇതേ എഴുത്തിൽതന്നെ അഹത്തുള്ളമെത്രാൻ പകലോമററം തറവാട്ടിലെ തോമാ അർക്കദെയാക്കോനെ, മലങ്കരമെത്രാപോലീത്തയായി നിയമിച്ചുകൊണ്ടുള്ള കല്പനയും എഴുതിയിരുന്നു. ആ കല്പനപ്രകാരം തോമാ അർക്കദെയാക്കോനെ മാർത്തോമ്മാ$_5$ (ഒന്നാമൻ) എന്നസ്ഥാന നാമത്തോടുകൂടി മലങ്കര സഭയുടെ തലവാനായും മെത്രാപ്പോലീത്തായായും ആയി പന്ത്രണ്ടു് പട്ടക്കാർ ചേർന്നു് ഏ. ഡി. 1653-ൽ വാഴിക്കയുണ്ടായി.

## കാലമീനയുടെ ഭൂമിശാസ്ത്രപരമായ കിടപ്പു്

കാലമീനായുടെ സ്ഥാനനിർണ്ണയത്തെപ്പററി ഏററവും വിശ്വാസനീയമായ, തെളിവു് നൽകുന്നതു്, 12-ാം നൂററാണ്ടിലെ ഒരു ഗ്രീക്കു് ചരിത്രകാരനായ 'യാക്കൂട്ടു്' ആണു് ബൈസ്സൻററായിൽ ഏ. ഡി. 1179-ൽ ക്രിസ്ത്യാനിയായി ജനിച്ച അദ്ദേഹത്തെ അടിമയായി ബാഗ്ദാദിൽവെച്ചു്, നിരക്ഷരകക്ഷിയായ ഒരു കച്ചവടക്കാരനു് വിൽക്കുകയുണ്ടായി. യജമാനൻ, സിറിയായിൽ നിന്നും

www.malankaralibrary.com

പേർഷ്യൻ ഉൾക്കടലിൽ കൂടിയുള്ള കച്ചവടയാത്രക്കായി യാക്കൂട്ടിനെ നിയോഗിക്കുകയുണ്ടായി. യജമാനന്റെ മരണശേഷം യാക്കൂട്ട് ഒരു ദേശസഞ്ചാരിയുടെ ജീവിതം തുടരുകയും പടിഞ്ഞാറ് സിറിയ മുതൽ കിഴക്ക് കാസ്പിയൻ കടലിന്റെ കിഴക്കെ തീരമായ കോറസ്സൻവരെയും, മെസ്‌കോസ്സിൽനിന്നും തെക്കോട്ട് കെയ്റോയിലേക്കും വളരെയധികം യാത്രകൾ നടത്തി. ഈ യാത്രകളിൽ ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും വേണ്ട അറിവുകൾ താൻ ശേഖരിക്കുകയുണ്ടായി. അദ്ദേഹം എ. ഡി. 1229–ൽ ആലപ്പോയിൽവെച്ച് മരണം അടഞ്ഞു[6].

ഇദ്ദേഹം കോറസ്സാനിൽനിന്നും മെസ്‌കോസ്സിലേക്കുള്ള യാത്രാമദ്ധ്യേ പേർഷ്യൻ ഉൾക്കടലിൽ അറേബ്യാതീരത്ത് സ്ഥിതിചെയ്തിരുന്ന മാർത്തോമ്മായുടെ ദയറാ സന്ദർശിക്കുകയുണ്ടായി. ആ ദയറായെപ്പററിയും: അവിടെയുണ്ടായിരുന്ന സന്യാസിമാരെപ്പററിയും ഒരു കവിത മാറാർ–അൽ–ഫക്കാസി[7] എന്ന പേരിൽ രചിക്കുകയുണ്ടായി. ഈ കവിതയെപ്പററി ഡോ. എ. മിൽഗാനാ, അഭിപ്രായപ്പെട്ടിരിക്കുന്നത് 12-ാം നൂററാണ്ടിലെ ഒരു അറബി കവിയ്ക്ക് സിലോണിലൊ, കൊറോമണ്ഡൽ തീരത്തോ, സ്ഥിതിചെയ്തിരുന്നു എന്ന് സങ്കല്പിക്കുന്ന മാർത്തോമ്മായുടെ ദയറായെപ്പററി പുകഴ്ത്തി എഴുതാൻ സാധ്യമാണോ? എന്ന് സംശയിക്കേണ്ടിയിരിക്കുന്നു എന്നാണ്.

അബ്ദീശോ എന്ന പേരോടുകൂടിയ ഒരു സന്യാസി മെസീനിൽനിന്നും പേർഷ്യൻ ഉൾക്കടലിൽ ബഹറിൻദ്വീപിൽ, എ. ഡി. 390നോട് അടുത്തു എത്തി. അവിടെ മാർത്തോമ്മായുടെ നാമത്തിൽ ഒരു [8]ദയറാ സ്ഥാപിച്ചു എന്ന് ആ ആശ്രമത്തിന്റെ ഭരണാധിപനായിരുന്ന സാദോയി എഴുതിയിട്ടുണ്ട്. കൂടാതെ ഈ മരുഭൂമിപ്രദേശം ഏകാന്തവാസികളായ സന്യാസിമാരെക്കൊണ്ട് (Monks) നിറഞ്ഞിരുന്നുവെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ബഹറിൻ ദ്വീപിന്റെ [6]ചരിത്രത്തിലും ഇതേപ്പററി പറഞ്ഞിട്ടുണ്ട്. അതായത് പാർത്ഥ്യ സാമ്രാജ്യകാലത്ത് .(എ. ഡി. 0–300) ബഹറിൻ ദ്വീപിലെ ഒരു ഗ്രാമമായ ബുധയായിലും പരിസരങ്ങളിലും അനേകം മൺകൂനകൾ (Tumulis) ഒരാൾക്ക് അതിൽ വസിക്കത്തക്കവിധം പ്രത്യക്ഷപ്പെട്ടു തുടങ്ങിയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സാദോയി എന്ന മഠാധിപതി മാർത്തോമ്മായുടെ ദയറായിലെ ഏകാ

www.malankaralibrary.com

ന്തവാസിയായ സന്യാസി യോനാനെപ്പററി ചരിത്രം എഴുതിയിട്ടുണ്ട്. കൂടാതെ ഈ ദയറാ സ്ഥിതിചെയ്യുന്ന ദ്വീപിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും അദ്ദേഹം വിവരിച്ചിട്ടുണ്ട്. അതായത് ദയറാ [10]ഖത്താരികളുടെ നാടിന്റെ (ബെയ്ത്ത് ഖത്തറായ്) തെക്കുവശത്തു സ്ഥിതിചെയ്യുന്ന കരിം തുരുത്ത് (കാലാമീന) എന്ന ദ്വീപാണ്. യോനാൻ നാലാം നൂററാണ്ടിൽ ഫിരുഷ്-ഷാപ്പൂർ നിന്നും കപ്പലിൽ ഖററാറിന്റെ തെക്കുഭാഗത്തു സ്ഥിതിചെയ്യുന്ന കരിം തുരുത്തിൽ വന്നു ചേർന്നു എന്നാണ് എഴുതിയിരിക്കുന്നത്. ഈ ദയറായ്ക്കു അടുത്തു യഹൂദന്മാരുടെ ഒരു സങ്കേതവുമുണ്ടായിരുന്നു [11]മുഹമ്മദിയർ 8-ാം നൂററാണ്ടിൽ ബഹറിൻ പിടിച്ചെടുത്തപ്പോൾ അവിടെ ക്രിസ്ത്യാനികൾ, യഹൂദന്മാർ, സൌരാഷ്ട്രമതക്കാർ കൂടാതെ അറബി ആട്ടിടയർ മുതലായവർ ഒത്തൊരുമിച്ച് താമസിക്കുന്നതായിട്ടാണ് കണ്ടത്. ബഹറിൻ ദ്വീപസമൂഹത്തിലെ കരിം തുരുത്തിൽ നാനൂറോളം സന്യാസിമാർ താമസിച്ചിരുന്നതായി രേഖയുണ്ട്. ഏകാന്തവാസികൾ ദയറായ്ക്കു ചുററുമുള്ള മൺ കുന്നുകൾക്കുള്ളിൽ പണിതുണ്ടാക്കിയ ചെറിയ ഗുഹകളിൽ താമസമാക്കിയിരുന്നു. ഓരോരുത്തരുടെ മരണശേഷം ആ ഗുഹകൾ മൂടുക മാത്രമേ ചെയ്തിട്ടുള്ളു. അതിനാൽ പിൽക്കാലങ്ങളിൽ [12]ഗവേഷണം നടത്തിയപ്പോൾ ചില മൺകുന്നുകളിൽ കുറെ അസ്ഥിപടികൾ ഇരിക്കുന്ന രൂപത്തിലാണ് കണ്ടുകിട്ടിയിട്ടുള്ളത്.

ബഡ്ജാൻ സുറിയാനിയിൽ എഴുതിയ ആക്ടാ മാർട്ടിറം എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ള (മിൻഗാന തർജ്ജമ ചെയ്തതുമായ) ഈ കരിം തുരുത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും ആ സ്ഥലത്തിന്റെ വിശേഷതകളും അടിയിൽ വിവരിക്കുന്നു.

(1)[13] ഈ ദ്വീപ് ഖററിറികളുടെ നാടിന്റെ തെക്കു സ്ഥിതി ചെയ്യുന്നു. (2) ഇത് മൈലോൺ എന്ന നഗരത്തിന്റെ സമീപമാണ്. (3) മറോണിൽനിന്നും ആറു ദിവസം വഴി ദൂരെയാണ് (4) അവിടെ മുന്തിരി വിളയുന്നില്ല. എന്നാൽ ഈന്തപ്പന ധാരാളം ഉണ്ട്. (5) വീഞ്ഞ് പേർഷ്യയിൽ നിന്നുമാണ് കൊണ്ടുവരുന്നത്. (6) വലിയ വലിപ്പമുള്ള ഞണ്ടുകൾ ഇതിനടുത്തുള്ള കടലിൽ ഉണ്ട്. (7) അത് ഒരു മെത്രാസനം ആയിരുന്നു ബഡ്ജാന്റെ ആക്ടാർമാർട്ടിറം എന്ന ഗ്രന്ഥത്തിൽ കരിം തുരുത്തിനെപ്പററി പറയുന്നത്, ബഹറിൻ എന്നറിയപ്പെടുന്ന ദ്വീപിനെപ്പററിയാണെന്ന് ഊന്ന് കിട്ടാ

www.malankaralibrary.com

വുന്ന ചരിത്രരേഖകൾവെച്ച് നോക്കിയാൽ മനസ്സിലാകുന്നതാണ്. അറേബ്യയിൽ ഖററാറികളുടെ നാടെന്ന് പറയുന്ന ഇന്നത്തെ ഖററാർ ഉപദ്വീപിന്, തൊട്ടുതെക്ക് കിടക്കുന്നതു്, ബഹറിൻ ദ്വീപസമൂഹമാണ്.

[14]ബി. സി. 2000 വർഷം മുതൽ ബഹറിൻ, മെസ്സപ്പൊട്ടാമ്യായും സിന്ധുനദീതട സംസ്കാരിക കേന്ദ്രങ്ങളുമായി വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. സ്വർണ്ണം, വെള്ളി, ചെമ്പ്, ആനക്കൊമ്പ്, വിശിഷ്ടരത്നങ്ങൾ, തേക്ക്, ഈട്ടി തുടങ്ങിയ വിലപിടിപ്പുള്ള തടികൾ മുതലായവ സിന്ധുനദീതടങ്ങളിൽനിന്നും ബഹറിനിൽ കൊണ്ടുവന്ന് മെസ്സപ്പൊട്ടോമ്യായിലേക്ക് കൊണ്ടുപോയിരുന്നു. മെസ്സപ്പൊട്ടോമ്യായിൽ നിന്നും കമ്പിളിവസ്ത്രങ്ങളും മററും വടക്കേ ഇൻഡ്യയിലേക്ക് കൊണ്ടുപോയിരുന്നതും ബഹറിൻ വഴിയാണ്. ബഹറിൻ വളരെ പുരാണകാലങ്ങളിൽ 'ഇങ്കാ' എന്ന ദേവന്റെ നാടായിട്ടാണ് അറിയപ്പെട്ടിരുന്നതു്. ഈ ദേവന്റെ നഗരമായ ദിൽമൺ ആണ് പിന്നീട് തൽമാൻ[15] (Telwan) [16]റൈറലോസ്സ്, ഇക്കേര, ആരട്ടുസ്സ് എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നതു്. നാലാം നൂററാണ്ടുമുതൽ [17](സസ്സാനിദ്ദ് പേർഷ്യാ, ബഹറിൻ പിടിച്ചെടുത്തതു മുതൽ) ആറാം നൂററാണ്ടുവരെ കിഴക്കേ അറേബ്യയുടെ തീരപ്രദേശങ്ങളായ കുവൈററ് മുതൽ ഖററാർവരെയും, ഖററാറിന് തെക്ക് പേർഷ്യൻ ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന 24 ദ്വീപുകൾ ഉൾപ്പെടെ [18]ബഹറിൻ എന്നാണ് അറിയപ്പെടുന്നതു്. പാർത്ഥ്യാ സാമ്രാജ്യകാലത്ത് ബഹറിൻ ഒരു സ്വതന്ത്രരാജ്യമായിരുന്നു. നാലാം നൂററാണ്ടിൽ ബഹറിനിൽ ഓരോ ഗ്രാമത്തിനും [19]മെത്രാസനങ്ങൾ ഉണ്ടായിരുന്നു. ആരട്ടുസ് (ആരത്), മാസ്മഹീജ് (സമഹീജ്), മുഹറക്, ഹക്സാർ (ഹക്സാർ), റൂഹാ (റിഫാ) ഇവയെല്ലാം ഇന്നും ബഹറിനിലെ ഗ്രാമപ്രദേശങ്ങളാണ്.

മിൻഗാനാ എന്ന ചരിത്രകാരൻ ബഹറിൻ ദ്വീപിൽ നിന്നും കിഴക്കോട്ടുള്ള മെത്രാസനങ്ങളുടെ[20] പേരുകൾ കൊടുത്തിട്ടുണ്ട്. അതായതു് ഖററാർ, ഒമാൻ, സൊക്കോട്ടാ മുതലായവ. എന്നാൽ ബഹറിൻ മുതൽ പടിഞ്ഞാറോട്ടുള്ള സ്ഥലങ്ങളായ അൽ-ഖത്തിഫ്, ഹസ്സാ, എന്നീ പ്രധാന സ്ഥലങ്ങളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായി ഒരു സൂചനയും കൊടുത്തിട്ടില്ല. ഇതിൽനിന്നും അനുമാനിക്കാവുന്ന

www.malankaralibrary.com

ത്, മാർത്തോമ്മാ തെക്കെ ഇൻഡ്യയിൽനിന്ന് മസ്ദായിയുടെ രാജ്യത്തേക്ക് (ബഹറിനിലേക്ക്) പോകുമ്പോഴുള്ള യാത്രാമദ്ധ്യേ ആണ് ബഹറിന് കിഴക്കുള്ള തീരദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ച് സഭകൾ സ്ഥാപിച്ചത് എന്നാണ്.

മിൻഗാനായുടെ അഭിപ്രായപ്രകാരം മാർത്തോമ്മാ തന്റെ തെക്കേ ഇൻഡ്യയിലേക്കുള്ള യാത്ര മെസ്സിനിൽനിന്നും, (ബസറ) തുടങ്ങി അറേബ്യാ തീരത്തെ മേൽപറഞ്ഞ സ്ഥലങ്ങളിൽ സഭകൾ സ്ഥാപിച്ചശേഷമാണ് മലങ്കര എത്തിയത് എന്നാണ്. എന്നാൽ അറേബ്യൻതീരത്തു, ബഹറിന് പടിഞ്ഞാറുള്ള സ്ഥലങ്ങളായ [21] അൽ-ഖത്തീഫ്, ഹസ്സാ, എന്നീ പ്രധാനസ്ഥലങ്ങളിൽ നെസ്തോറിയയുടെ പ്രവർത്തനത്തിനു മുൻപ് ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടില്ല. മെത്രാസനങ്ങളുടെ പട്ടികയിൽ മേൽപ്പറഞ്ഞ രണ്ടു സ്ഥലങ്ങൾ കാണുന്നുമില്ല. അതിനാൽ പേർഷ്യം ഉൾക്കടലിൽക്കൂടെ യാത്രചെയ്താണ് തെക്കെ ഇൻഡ്യയിൽ മാർത്തോമ്മാ വന്നതു് എന്ന മിൻഗാനായുടെ നിഗമനം ശരിയാണോ എന്നു തോന്നുന്നില്ല. എന്നാൽ തെക്കെ ഇൻഡ്യയിൽനിന്നും ബഹറിൻവരെയുള്ള അറേബ്യാതീരങ്ങളിൽ നെസ്തോറിയരുടെ ആഗമനത്തിനു മുൻപു തന്നെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായി രേഖയുണ്ടു്. ഈ സ്ഥലങ്ങളിലെ സഭകൾ, മാർത്തോമ്മാ, കേരള തീരത്തുനിന്നും മസ്ദായിയുടെ രാജ്യത്തേക്കുള്ള (ബഹറിൻ) യാത്രമദ്ധ്യേയാണ് സ്ഥാപിച്ചതു് എന്നുള്ളതിനു് സംശയമില്ല.

കരിംതുരുത്ത് മൈലോൺ എന്ന നഗരത്തിനു സമീപം ആണ് എന്നു ബഡ്ജാൻ പറയുന്നുണ്ട്. ഈ മൈലാൻ എന്ന പേരു ദിൽമൻ നഗരത്തിന്റെ സുറിയാനി പേരാണ്. അതുപോലെ മെനെമറോൺ അഥവാ മസോൺ എന്നാണ് സുറിയാനിയിൽ പറയുന്നതു് ദിൽമൻ നഗരം ബഹറിൻ ദ്വീപായിരുന്നു എന്നു പ്രസിദ്ധ ബ്രിട്ടീഷ് ഭൂഗർഭ ഗവേഷകനായ സർ മോർടിമർ വീലർ[22] രേഖപ്പെടുത്തിയിട്ടുണ്ടു്. ബഹറിന്റെ ചരിത്രം എഴുതിയ ജെയിംസ് ബെൽഗ്രേവും ദിൽമൺ[23] ബഹറിൻ ആയിരുന്നു എന്നു എഴുതിയിട്ടുണ്ട്. അമർ ബിൻ മട്ട[24] (14-ാം നൂറ്റാണ്ടിലെ ഒരു അറബിഗ്രന്ഥകാരൻ) യുടെ അഭിപ്രായം ഇവിടെ കുറിച്ചുകൊള്ളുന്നു. മാർത്തോമ്മായുടെ ശവകുടീരം മൈലാൻ (Meilan) ഉപദ്വീപിൽ അദ്ദേഹത്തിന്റെ പേരോ

www.malankaralibrary.com

ട്ടുകൂടിയ സന്യാസാശ്രമത്തിലെ അൽത്താരയുടെ വലത്തുഭാഗത്താണ്.

നിക്കളൊസ് ഡി കോൺറി[25] (1425 എ. ഡി) മാർത്തോമ്മായുടെ ദയറാ സ്ഥിതി ചെയ്യുന്ന സ്ഥലത്തെപ്പററി പറയുന്നതു്, സിന്ധുവിനപ്പുറത്തുള്ള രണ്ടാമത്തെ ഉൾക്കടലിൽ സ്ഥിതി ചെയ്യുന്ന ഒരു മനോഹരമായ ദേവാലയത്തിൽ മാർത്തോമ്മായുടെ ശരീരം മാന്യമായി സംസ്കരിച്ചിരിക്കുന്നു എന്നാണ്. സിന്ധു നദിക്ക് അപ്പുറത്തുള്ള രണ്ടു ഉൾക്കടലുകൾ ഒമാനും, പേർഷ്യയും ആണ്. പേർഷ്യൻ ഉൾക്കടലിൽ ഖററിന് തെക്കുവശത്തുള്ള ദ്വീപാണ് ബഹറിൻ. ഈ ദ്വീപിലാണ് മാർത്തോമ്മായുടെ ശവകുടീരം സ്ഥിതി ചെയ്തിരുന്നതു്.

പല ചരിത്രകാരന്മാരും ബഹറിൻ ദ്വീപിന്റെ മറെറാരു പേരായ (പൗരാണിക) മൈലാൻ അഥവാ തൽമൻ (ദിൽമൺ), മൈലാപ്പൂരായി കൂട്ടിയിണക്കി, മാർത്തോമ്മാ രക്തസാക്ഷിയായി മരിച്ച 'കാലമിന' മൈലാപ്പൂർ തന്നെയാണെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി 'ഇന്ത്യ' 'മൈലാപ്പൂർ എന്നീ വാക്കുകൾ എല്ലാരേഖകളിലും കൂട്ടിച്ചേർക്കുകയാണ് പതിവ്. ഇതിനൊരുദാഹരണം താഴെ കൊടുക്കുന്നു. എ. ഡി. 1672-ൽ സെലൂക്യായിൽ നിന്നും മലങ്കരയിലേക്ക് വരുന്നവഴി,[26] അഹത്തുള്ളാ മെത്രാനെ കാലമിനായിൽ പോർച്ചുഗീസ്സുകാർ തടങ്കലിൽ പാർപ്പിച്ചു. ഈ മെത്രാൻ മലങ്കരയിൽനിന്നു മാർത്തോമ്മായുടെ കബറിടത്തിൽ നേർച്ച കാഴ്ചകളുമായി വന്ന ശെമ്മാശന്മാരായ ചെങ്ങന്നൂര ഇട്ടി, കുറവിലങ്ങാട്ടു് കിഴക്കേടത്തു് കുര്യൻ എന്നിവർ മാർഗ്ഗം, തന്നെ കാലമിനയിൽ തടങ്കലിൽ പാർപ്പിച്ചിരിക്കുന്നു എന്നും മററുമുള്ള വിവരണത്തോടു കൂടി ഒരു കത്ത് മലങ്കരയിലേക്കു കൊടുത്തയച്ചു. എന്നാൽ 'കാലമീന, മൈലാപ്പൂർ ആണെന്നുള്ള നിഗമനത്തിൽ[27] മദ്രാസ്സിൽ നിന്നും മാർ അഹത്തുള്ളായെ പോർത്തുഗീസ്സുകാർ കപ്പലിൽ ഗോവയിലേക്ക് കൊണ്ടുപോയി എന്നാണ് ചില ചരിത്രകാരന്മാർ വിവരിച്ചിരിക്കുന്നതു്. പോർത്തുഗീസ്സുകാരെ സംബന്ധിച്ചിടത്തോളം മൈലാപ്പൂരോ, മദ്രാസ്സോ അവരുടെ ഒരു ശക്തികേന്ദ്രമല്ലായിരുന്നു. എ ഡി 1533 മൈലാപ്പൂർ കബറിടം പോർത്തുഗീസ്സുകാരുടെ[28] ഗവേഷണത്തിന് വിധേയമാകുമ്പോൾ ശൂന്യമായ ഒരു കെട്ടിടവും, അതിന് കാവലിനായി നിത്യവൃത്തിക്കു വേണ്ടി യാചിക്കുന്ന വൃദ്ധനായ ഒരു മുസ്ലീംകാവൽക്കാരനേയുമാണ് അന്ന് അവിടെ കണ്ടതു് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com

കമിഴ്ന്നു് വീണാൽ കാൽ പണം തപ്പിയെടുക്കുന്ന മലങ്കര നസ്രാണികൾ, മാർത്തോമ്മായുടെ തന്നെയാണു് മൈലാപ്പൂരിലെ ആ കബറിടം (പ്രത്യേകിച്ചു് നേർച്ചകൾ വീഴുന്ന) എന്നു് ബോധ്യമുണ്ടായിരുന്നെങ്കിൽ ആ കബറിടം അന്യാധീനപ്പെടുത്തുമോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. അടുത്ത കാലത്തു് വനത്തിൽ യാദൃച്ഛികമായി കണ്ടുകിട്ടിയ നിലയ്ക്കൽ (ചായൽ) പള്ളിയുടെ അവശിഷ്ടങ്ങളുടെ അവകാശം സ്ഥാപിക്കാൻവേണ്ടി (ഈ പള്ളി മാർത്തോമ്മാ കേരളത്തിൽ സ്ഥാപിച്ച പള്ളികളിൽ ഒന്നാണു്) എല്ലാ എതിർപ്പുകളേയും മറികടന്നു്, ആനകൾ വിഹരിക്കുന്ന ആ വനത്തിൽ മരത്തിന്റെ കൊമ്പുകളിൽ തണ്ടു് കെട്ടി താമസിച്ചു്, അങ്ങനെ അവകാശം സ്ഥാപിച്ച മലങ്കര നസ്രാണികൾ, മൈലാപ്പൂരിനെ ഇങ്ങനെ അന്യാധീനപ്പെടുത്തുമോ? എന്നു് ആലോചിക്കേണ്ടതാണു്.

എ. ഡി. 1521 മുതൽ 17 ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം വരെ പോർത്തുഗീസുകാർ, ബഹറിന്റെ മേൽ ആധിപത്യം നിലനിർത്തിയിരുന്നു. അവിടെ ദിൽമൺ നഗരത്തിന്റെ അവശിഷ്ടങ്ങളുടെ മുകളിൽ മനോഹരമായ ഒരു കോട്ട[29] അവർ പണിയുകയുണ്ടായി. ആ കോട്ടയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാവുന്നതാണു്. ഈ കോട്ടയ്ക്കടുത്തു് ഒരു പുരാണ പള്ളിയുണ്ടായിരുന്നതായും അവരുടെ രേഖയിൽ കൊടുത്തിട്ടുണ്ടു്. ഈ പള്ളിയിലോ[30] പോർത്തുഗീസും കോട്ടയിലോ ആണു് എ. ഡി. 1652 ൽ അഹത്തുള്ളാ മെത്രാനെ പോർത്തുഗീസുകാർ തടവിൽ പാർപ്പിച്ചതു്.

ബഡ്ജാൻ അടുത്തതായി പറയുന്നതു് 'കാലമീന, മറോണിൽ നിന്നും ആദിവാസത്തെ വഴിദൂരെയാണു് സ്ഥിതിചെയ്യുന്നതു്' എന്നാണു് ഈ ഒമാൻ ബി. സി. 2000 വർഷത്തിനോടടുത്തു് (മുതൽ) ഇൻഡ്യയുമായും, ദിൽമൻ (ബഹറിൻ) ആയും വ്യാപാരബന്ധം പുലർത്തിയിരുന്നു. മെസപ്പൊട്ടോമ്യായിൽ നിന്നും ഇൻഡ്യയിലേക്കു പോകുന്ന കച്ചവടക്കപ്പലുകൾ പേർഷ്യൻ ഉൾക്കടലിലെ പ്രധാന വാണിജ്യകേന്ദ്രങ്ങളായ, ബഹറിൻ, അവിടെനിന്നും ആദിവസത്തെ വഴിദൂരെ സ്ഥിതിചെയ്യുന്ന ഒമാൻ[31] എന്നീ സ്ഥലങ്ങളിൽ അടുക്കുക സാധാരണമാണു്.

ബഡ്ജാൻ പിന്നെയും പറയുന്നതു് 'കാലമീന'യിൽ മുന്തിരി

www.malankaralibrary.com

വിളയുന്നില്ല ഈന്തപ്പനകൾ ധാരാളം ഉണ്ട് എന്നാണ്. ഒരു മരുഭൂമിയായ ബഹറിനിൽ മുന്തിരി ഇല്ല എന്നുതന്നെ പറയാം. എന്നാൽ ഈന്തപ്പനകൃഷി ധാരാളമായി ഉണ്ട്. ഈന്തപ്പഴത്തിന്റെയും പവിഴങ്ങളുടേയും[32] കയററുമതിമൂലം ബഹററിൻ നാൾക്കുനാൾ സമ്പൽസമൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. കാലമീന ഒരു മെത്രാസനവും ആയിരുന്നുവെന്ന് ബഡ്ജാൻ എഴുതിയിട്ടുണ്ട്. എട്ടാം നൂററാണ്ടിൽ മുസ്ലീം ആധിപത്യം ബഹറിനിൽ വന്നപ്പോൾ അവിടെ അഞ്ചു നെസ്തോറിയൻ മെത്രാന്മാ[33]രുണ്ടായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബഹറിന്റെ ഭരണത്തലവൻ ഒരു അറബി ക്രിസ്ത്യാനിയും ആയിരുന്നു.

Notes


1. Ref : Ante Nicene, Vol 9 page 131 as cited in Malankara Nazranikal, Vol I, page 434
2. Ref : Traditions of the St. Thomas Christians, by A. M. Mundadan page 15
3. Ref : Aristotle and Arabs, by F. E. Peters, page 258
4. Ref ; The Indian Christans of St Thomas, by L P. Brown, as cited in the Orthodox Church of India, by David Daniel page 55
5. Ref : The Orthodox Church of india, by David Daniel page 55 & 56
6. Ref : Aristotle and the Arabs, by F. E. Peters page 293.
7. Ref; Early spread of Christianity in India. by Dr. A. Mingana page 20.
8. Ibid 16
9. Ref: Welcome to Baharin, by James Belgrave, page 65.


www.malankaralibrary.com

10. Ref: Early spread of Christianity in India, by Mingana, pages 18 & 19

11. Ref; Welcome to Bahrain, by James Belgrave, page 93

12. Ibid 55.

13. Ref: Ear!y Spread of Christianity in india, by Mingana, page 20.

14. Ref: Welcome to Bahrain, by James Belgrave page 62.

15. Ref; Early India and Pakistan by Mortimer Wheeler, page 109

16. Ref: Ancient Histoay of Persia, by Vaux, page 160

17. Ref; Welcome to Bahrain, page 92

18. Ref: Ibid 93

19. Ref: Early Spread of Christianity in india by Mingana, page 57

20. Ref; Ibid 58 and 61

21. 'He (Shapur II) completely securred Babylonia and crossing the sea by al-Cathif put to the sword many of the people of Bahrain and Hedjaz (Hasa coast of Arabia)

    Ref: Ancient History of Persia, Vaux, page 160

22. 'Sailors returning at that time from Telmum or Dilmum, that is with little doubt, the Island of Bahrain in the Persian Gulf, offered a share of their cargoes at the temple of the goddess, Ningal.'

    Ref: Early India and Pakistan by Sir Mortimer Wheeler, page 109.

23. 'It is belived that the names Nidukki and Dilmum (or

www.malankaralibrary.com

Tilwun) which appear in Babylon and Assyrian inscriptions found in Iraq were the ancient name of the Bahrain Islands.'

Ref: Welcome to Bahrian, by James Belgrave, page 92.

24. (a) കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, by Podipara, page 16.

 (b) Ref: Tradition, of St. Thomas Christians' by Mundadan. page 16.

25. Ref : കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ page 17

26. Ref : The Orthodox Church of India. By David Daniel page 55

27. Ibid 56

28. (a) As for the Mohamedan claims, we do not have any particulars except that we know about the muslim custodian and his ancestors who were all keepers of the house.

 Accoding to Correa the house was called by the natives, 'the house of the holy man.

 The documents call the house indifferently house or chruch. It was very big and lay in a ruinous state.'

 Ref : Traditions of St. Thomas Christians, by Mundadan page 30 & 31

 (b) Malankara Nazranikel, Vol. I, pages 441 & 412

29. Ref : Welcome to Bahrain, by James Belgrave, 69 & 70

30. Ibid

31. Ibid 63

32. 'The dates of Bahrain had long been famous and we assume that Bahrain retained a measure of prosperity through their export and from its pearl fisheries.'

 Ibid 63'

33 Ibid 93.

www.malankaralibrary.com

## അദ്ധ്യായം 10

# കാലമീന എന്ന ബഹറിൻ ദ്വീപും മാർത്തോമ്മായുടെ രക്തസാക്ഷിമരണവും

എ. ഡി. 410ൽ ബയത് ഖറാറിൽവെച്ച് സമ്മേളിച്ച നെസ്തോറിയരുടെ സുന്നഹദോസ്സിൽ ബഹറിനിലെ മെത്രാസനങ്ങളായിരുന്ന ദെയറിൻ, തൽമൻ, ഹാഗർ, സമഹീജ്, മസോൺ എന്നിവിടങ്ങളിലെ മെത്രാന്മാർ സംബന്ധിച്ചിരുന്നു. മുഹറക്ക് ദ്വീപിലെ ആരത്തൂസ്സ് എന്ന ഗ്രാമവും ഒരു മെത്രാസനം ആയിരുന്നു. ഈ ആരത്തൂസ്സ് ആണ് പഴയ കാലങ്ങളിൽ ബഹറിന്റെ പ്രധാന തുറമുഖം ആയിരുന്നത്. ഇപ്പോഴും ആരത് എന്നു വിളിക്കുന്ന ആ ഗ്രാമത്തിനു ആരത്തൂസ്സ്[1] എന്നാണ് ഈജിപ്തിലെ റ്റോളമിയുടെ ഭൂപടത്തിൽ പറഞ്ഞിരിക്കുന്ന പേര്. ഈ ആരത്തൂസ്സിൽ ഒരു അപ്പോസ്തോലൻ മരണമടഞ്ഞിരുന്നുവെന്ന് National Encyclopaedia[2] (U. S. A.) യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വി. യൂദാ (ഇസ്കാരിയോട്ട് യൂദാ അല്ല) അദ്ദീനിയാ അല്ലെങ്കിൽ ബരിറസ്സ് അല്ലെങ്കിൽ ആരത്തൂസ്സിൽ വെച്ച് എ. ഡി. 80ൽ രക്തസാക്ഷിയായി മരിച്ചു എന്നാണ് എഴുതിയിരിക്കുന്നത്. മാർത്തോമ്മാ, യൂദാ തോമ എന്ന പേരിലാണ് അപ്പോസ്തോലകാലങ്ങളിൽ അറിയപ്പെട്ടിരുന്നത്.

14-ാം നൂറ്റാണ്ടിലെ ഒരു ഗ്രീക്ക ചരിത്രകാരനായ യാക്കൂട്ട് കാലമിന അഥവാ കരിംതുരുത്ത് ഒമാനും ബഹറിനുംമദ്ധ്യേ സ്ഥിതിചെയ്യുന്ന ദ്വീപാണെന്ന് പറഞ്ഞിട്ടുണ്ട്. ഈ രണ്ടുവ്യാപാരകേന്ദ്രങ്ങൾക്കും മദ്ധ്യേയുള്ള ദ്വീപ് മുഹറക്കാണ്. ബഹറിനും (വ്യാപാര കേന്ദ്രദ്വീപ്) മുഹറക്കുംചേർന്ന ദ്വീപുകൾക്ക് പൊതുവേയുള്ള പേരാണ് ബഹറിൻ. മുഹറക്ക് ദ്വീപിന്റെ തുറമുഖം ആയിരുന്ന ആരത്തൂസ്സ് ആണ് 'കാലമീന, ആയി അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് ബഹറിൻ. മൊത്തത്തിൽ 'കാലമിന'ആയി അറിയപ്പെട്ടുവന്നു ബി. സി. 3000 വർഷം മുൻപ് സ്ഥിതിചെയ്തിരുന്ന ദിൽ

www.malankaralibrary.com

മൻ[3] നഗരം തൽമൻ, തൽവാൻ[4] എന്നീ പേരുകളായും ഒടുവിൽ ബഹറിനും ആയി അറിയപ്പെട്ടിരുന്ന ഈ 'തെൽമൻ, കൽമാൻ[5] എന്ന് നെസ്തോറിയർ പറയുന്നത്', 'കാലമീന, ആയി പേർഷ്യക്കാർ പറയുന്നതല്ല എന്ന് സംശയിക്കേണ്ടിയിരിക്കുന്നു കാലമീന പേർഷ്യൻ വാക്കാണ്'. മീന എന്ന വാക്കിന്റെ അർത്ഥം കപ്പൽ അടുക്കുന്ന സ്ഥലം (Pier) എന്നാണ്. ബഹറിനിലെ ഇപ്പോഴത്തെ തുറമുഖത്തിന്റെ പേര് 'മീന സൽമാൻ, എന്നാണ്".

എ. ഡി. 1320ലെ കുട്ടമ്പ്ദീന്റെ ആക്രമണത്തോടുകൂടി ബഹറിനിൽ എല്ലാം നശിപ്പിക്കപ്പെട്ട പോർത്തുഗീസുകാർ എ. ഡി. 1621ൽ ബഹറിനിൽ ദിൽമൻ നഗരത്തിന്റെ നഷ്ടാവശിഷ്ടങ്ങളുടെ മുകളിൽ പണിത കോട്ട, 17ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഒമാനികളുടെ ആക്രമണത്തോടുകൂടി നശിപ്പിക്കുകയുണ്ടായി. ഈ കോട്ടയുടെ തൊട്ടടുത്ത് 1956ൽ ഡാനിഷ് പുരാവസ്തുശാസ്ത്രജ്ഞനായ റ്റി. ജി. ബിബി നടത്തിയ ഗവേഷണഫലമായി ഒരു മന്ദിരത്തിന്റെ അടിസ്ഥാനം കാണുകയുണ്ടായി. ഈ മന്ദിരമായിരുന്ന 'ബയത്ഉമ, എന്ന് ഞാൻ അനുമാനിക്കുന്ന 'ബയത്ഉമ, മറ്റൊന്നിന്റെ നഷ്ടശിഷ്ടങ്ങളിലാണ് നിർമ്മിക്കപ്പെട്ടിരുന്നത്' എന്ന് Nuovo viaggio all interno delmond എന്ന കൃതിയിൽ കൊടുത്തിട്ടുണ്ട്.

Ref : കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, പൊടിപ്പാറ പേജ് 24

ഈ ദയറാ, ഒമ്പതാം നൂറ്റാണ്ടിൽ കർമ്മതിയർ എന്ന ഇസ്മായേല്യ തീവ്രവാദികൾ ബഹറിൻ പിടിച്ചെടുത്തപ്പോൾ നശിപ്പിക്കുകയുണ്ടായി. ഈ തീവ്രവാദികൾ മുഹമ്മദീയരുടെ പുണ്യഭൂമിയായ 'മെക്ക'പോലും അക്രമിച്ച് 'കബ'[6] എന്ന വലിയ കറുത്തകല്ല് ബഹറിനിൽ കൊണ്ടുവന്നവരാണ് 13-ാം നൂറ്റാണ്ടിൽ മംഗോളിയർ പിടിച്ചെടുക്കുന്നതുവരെ കർമ്മേദിയരുടെ ഭരണത്തിൽ കീഴിലായിരുന്ന ബഹറിൻ ദ്വീപ്.

'ദയർത്തുമ' കൂടാതെ മറ്റൊരു ദയറ വി. മാതാവിന്റെ പേരിൽ 'കൽമാനി'ൽ (കാലമീന) ഉണ്ടായിരുന്നു. ഈ ദയറാ ബഹറിനിൽ മൽച്ചിയാ ഗ്രാമത്തിലാണ് സ്ഥിതിചെയ്യുന്നത്. ഈ മന്ദിരത്തിലാ

www.malankaralibrary.com

www.knanayology.org

ണ്° തൂമായുടെ ഭവനത്തിൽനിന്നും മാർത്തോമ്മായുടെ വലതു കയ്യുടെ അസ്ഥികളും, ബഹറിനിലെ ഏററവും ഒടുവിലത്തെ, ക്രിസ്ത്യാനിയായ ഭരണാധിപൻ മുന്തീർ-ബിൻ-സാവായെയും അടക്കിയിരിക്കുന്നതു°. മരുവൻ (മോറാൻ) സാവാ, നെസ്തോറിയരുടെ പട്ടികയിൽ പെട്ട ഒരു രക്തസാക്ഷിയാകുന്നു°.

മാർത്തോമ്മായുടെ ഭൌതികാവശിഷ്ടങ്ങളിൽ ഒരു ഭാഗം കമ്പറിൽ തന്നെ വിട്ടിട്ട്° ബാക്കി അസ്ഥികളെ എദ്ദേസ്സായിലേക്ക്° കൊണ്ടു പോയിട്ടുള്ള എന്നു വിശുദ്ധ അപ്രേം (എ. ഡി. 373) പറയുന്നുണ്ട്°. എ. ഡി. 1351 ൽ ഒരു അറബി ചരിത്രകാരനായ മുഫാസിൽ ബിൻ അബിൽ ഫാസൽ എഴുതിയിരിക്കുന്നതു° 'അപ്പോസ്തോലന്റെ ഒരു കൈ മാർത്തോമ്മായുടെ ദയറായിൽ സൂക്ഷിച്ചിരിക്കുന്നു' എന്നാണ്°. മലച്ചിയാഗ്രാമത്തിലെ കന്യകാമറിയാമിൻെറ ദയറായിൽ വലതുവശത്തു° കാണുന്ന മുറി ദയർ തൂമാ' ആയിട്ടാണു സങ്കല്പിച്ചിരിക്കുന്നതു° എന്നു തോന്നുന്നു. പോർത്തുഗീസ്സുകോട്ടയുടെ അടുത്തുണ്ടായിരുന്ന മാർത്തോമ്മായുടെ ദയറാ, കർമ്മേദീയർ നശിപ്പിച്ചതോടുകൂടി വലതു°കൈയുടെ അസ്ഥികൾ മൽച്ചിയാഗ്രാമത്തിൽ കന്യകാമറിയാമിൻെറ ദയറായിൽ വലതുവശത്തെ മുറിയിൽ അന്നുണ്ടായിരുന്ന ക്രിസ്ത്യാനികൾ പുനർ അടക്കം ചെയ്തിരിക്കും. ആ മുറിക്കുള്ളിൽ ഒരു കൈയുടെ രൂപം വിശ്വാസികൾക്ക്° ചുംബിക്കുവാൻ വേണ്ടി, ലോഹം കൊണ്ടു° നിർമ്മിച്ചതു° ഇപ്പോഴും കാണാനുണ്ട്°. ഈ മന്ദിരം ഇപ്പോൾ പേർഷ്യക്കാരായ (ഷീയാ) മുസ്ലിം സ്ത്രീകളുടെ പ്രാർത്ഥനാലയമാണ്° ഈ മന്ദിരത്തിൻെറ സൂക്ഷിപ്പുകാരി പോലും ഒരു സ്ത്രീയാണ്°. അവർ വി. മറിയാമിൻെറ പേരിൽ നേർച്ച (പണമായി) വാങ്ങാറുണ്ട്°. ഈ മന്ദിരത്തിലെ ഒരു പ്രത്യേകത മെഴുകുതിരി നേർച്ചയായി കത്തിക്കുക എന്നുള്ളതാണ്°. ഇതു തന്നെ ആ മന്ദിരത്തിൻെറ ക്രിസ്തീയ സ്വഭാവമാണ്° കാണിക്കുന്നതു°. മഹമ്മദീയർക്കു പ്രാർത്ഥനാലയത്തിൽ യാതൊരു വിധ ആരാധനാവസ്തുക്കളും പാടില്ലാ എന്നുള്ളതാണ്° നിയമം. മേൽപ്പറഞ്ഞമന്ദിരം ഇസ്ലാം ബഹറിനിൽ വരുന്നതിനുമുമ്പേ ഉള്ളതാണ്° എന്നു° ഡാനിഷ്° പുരാവസ്തു ശാസ്ത്രജ്ഞനായ ബിബ്ബി അഭിപ്രായപ്പെട്ടിട്ടുണ്ട്°. ഈ മന്ദിരം പോർത്തുഗീസ്സുകാർ വരച്ച ബഹറിൻ ഭൂപടത്തിലും (എ. ഡി. 1635) രേഖപ്പെടുത്തിയിട്ടുണ്ട്°. മേൽപ്പറഞ്ഞ സംഗതികൾ എൻെറ നേരിട്ടുള്ള ഗവേഷണത്തിൽ നിന്നും കിട്ടിയ അറിവു വെച്ചു കൊണ്ട്°

www.malankaralibrary.com

എഴുതിയിട്ടുള്ളതാണ്.

കൽമോനിലെ മാതാവിനെ വിളിച്ച് പ്രാർത്ഥിച്ചതിനാൽ രണ്ടു നാവികർ ഈജിപ്തിൽ നീലനദി[10]യിൽവെച്ചുണ്ടായ കപ്പൽ അപകടത്തിൽ നിന്നും രക്ഷപ്പെട്ടതായ കഥയുണ്ട്. രക്ഷപ്പെട്ടവരിൽ ഒരാൾ ഒരു ഒട്ടകത്തിനേയും ഒട്ടകത്തിന്റെ പുറത്ത് കയററാവുന്നത്ര ഈന്തപ്പഴവും ദയറായിൽ നേർച്ച കൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവം മുസ്ലിം ആധിപത്യകാലത്താണ് നടന്നതെന്നു ചരിത്രം പറയുന്നു. അതു പോലെതന്നെ മററൊരു സംഭവം ഈ ദയറായിൽ നടക്കുന്നുണ്ട്. ഈ സംഭവം ആ ദയറായിലെ ഒരു സന്യാസിയായിരുന്ന ശാമുവേൽ[11] എന്നദ്ദേഹത്തെ സംബന്ധിക്കുന്ന കാര്യമാണ്. ഇദ്ദേഹം തീററക്കൊതിയനാണെന്നു ഒരു ശ്രുതി ദയറായിൽ മററ അംഗങ്ങൾക്കിടയിൽ പരക്കുകയുണ്ടായി. ഇതിൽ പരിക്ഷീണനായ അദ്ദേഹം ഒരു ദിവസം വി. മാതാവിനോട് പ്രാർത്ഥിച്ചശേഷം തന്റെ തൊപ്പി മതിലിന്മേൽ എടുത്തു എറിഞ്ഞു. അതോടുകൂടി മതിൽ പിളർന്നു ആ വിള്ളലിൽകൂടി ശാമുവേൽ സന്യാസി മരുഭൂമിയിലേക്ക് ഓടി അപ്രത്യക്ഷനായി പിന്നെ ആരും അദ്ദേഹത്തെ കണ്ടിട്ടില്ല. എന്നാൽ ഇതേപ്പററി ഒരു അന്വേഷണം നടത്താനും മററുമായി ഒരു പട്ടക്കാരനെ മെത്രാപ്പോലീത്ത ദയറായിലേക്കു അയച്ചു. ഈ പട്ടക്കാരൻ, ശാമുവേൽ സന്യാസി ഉപേക്ഷിച്ചുപോയ തൊപ്പി മെത്രാന്റെ അരമനയിലേക്കു കൊണ്ടുപോകാനുള്ള എല്ലാ ശ്രമങ്ങളും അത്ഭുതകരമാം വണ്ണം പരാജയപ്പെടുകയാണുണ്ടായത്. ഇതോടുകൂടി ശാമുവേൽ സന്യാസി ഒരു നീതിമാൻ ആയിരുന്നുവെന്ന് മററുള്ളവർ മനസ്സിലാക്കി. അങ്ങിനെ അദ്ദേഹത്തിന്റെ പ്രശസ്തി നാടെങ്ങും പരന്നു. ഇതു് ഇസാക്ക് എന്ന മഠാധിപന്റെ കാലത്താണ് സംഭവിച്ചത്.

മതസ്ഥാപകന്മാരുടെ ഭൗതികാവശിഷ്ടത്തിന്റെ ഏതെങ്കിലും ഒരു ഭാഗം (സാധാരണ വലതുകൈ) സൂക്ഷിച്ചുവയ്ക്കുക പേർഷ്യയിലെ ആചാരമാണ്. മണിക്കേയമത സ്ഥാപകനായ പേർഷ്യാക്കാരനായ മണിയുടെ വലതുകൈ[12] അദ്ദേഹത്തിന്റെ മരണശേഷം ശിഷ്യന്മാർ വെട്ടിയെടുത്തു പൂജ്യവസ്തുവായി സൂക്ഷിച്ചിരുന്നു. മാർത്തോമ്മായുടെ കാര്യത്തിലും വലതു കൈ ഒഴികെയുള്ള എല്ലുകൾ മാത്രമേ എദേസ്സായിലേക്ക് കബീർ എന്ന വ്യാപാരി കൊണ്ടുപോ

www.malankaralibrary.com

യിട്ടുള്ളു. മാർത്തോമ്മാ രക്തസാക്ഷിയായി മരിച്ച മസ്ദായിയുടെ രാജ്യം പേർഷ്യയിലോ, അതിനോടുചേർന്ന രാജ്യത്തോ ആണെന്നു ള്ളതിനു് മേല്പറഞ്ഞ ആധാരം ഒരു തെളിവാണു്. തെക്കേ ഇൻഡ്യയിൽ ഇങ്ങനെ ഒരു ആധാരം ഉള്ളതായി തോന്നുന്നില്ല. എന്നാൽ മണിയുടെ ഒരു അപ്പോസ്തോലനും പേർഷ്യക്കാരനുമായ 'മർ അമ്മോൻ' മൈലാപ്പൂരിൽവെച്ച മരിക്കുമ്പോൾ അദ്ദേഹത്തിൻെറ വലതുകൈ വെട്ടിഎടുക്കാൻ ചില ശ്രമങ്ങൾ നടത്തുന്നുണ്ടു്. ആ കഥയിൽ പറയുന്ന പ്രകാരം കൈയിൽ കൂടി എണ്ണ ഒഴുകുന്ന അത്ഭുതസിദ്ധിയുടെ കഥകൾ മലങ്കര നസ്രാണികൾക്കു് പുത്തിരി ആയതു കൊണ്ടു് ഇവിടെ വിവരിക്കുന്നില്ല. മാർ അമ്മോൻെറ മരണവും മാർത്തോമ്മായുടെ രക്തസാക്ഷി മരണവും അടങ്ങിയ കഥകൾ തമ്മിൽ സമ്മിശ്രമായ്കിടക്കുന്നതു കൊണ്ടു് സത്യം എന്താണെന്നു് തെളിയിക്കാൻ വളരെ വളരെ പ്രയാസമായിട്ടുണ്ടു് കാണുന്നതു്. എൻെറ പരമാവധി ശ്രമിക്കുന്നു.

## രക്തസാക്ഷി മരണം

മാർത്തോമ്മായുടെ രക്തസാക്ഷിമരണം ബഹറിനിൽ വെച്ചു് എപ്രകാരം സംഭവിച്ചിരിക്കും എന്നുള്ള എൻെറ നിഗമനം താഴെ കൊടുക്കുന്നു.

മാർത്തോമ്മാശ്ലീഹാ തൻെറ മൂന്നാമത്തെ യാത്ര തെക്കെ ഇൻഡ്യയിൽ കേരളത്തിൽനിന്നും തുടങ്ങി മസ്ദായിയുടെ രാജ്യത്തു് എത്തുന്നതോടുകൂടി അവസാനിക്കുന്നു. ഈ മസ്ദായിയുടെ രാജ്യം ബഹറിൻ ആണെന്നു നേരത്തെ തെളിയിച്ചിട്ടുണ്ടല്ലോ അറേബ്യായുടെ തീരദേശങ്ങളായ കുവൈററു മുതൽ ഖററാർ വരെയുള്ള കടൽത്തീര പ്രദേശം മുഴുവനും ബഹറിൻെറ ആധിപത്യത്തിലായിരുന്നു എ ഡി. 326-ൽ പേർഷ്യയുടെ ചക്രവർത്തിയായിരുന്ന ഷാപ്പേർ രണ്ടാമൻ,[13] 'ബഹററിൻ' എന്നു് അന്നു അറിയപ്പെടുന്ന ഭൂപ്രദേശം മുഴുവൻ പിടിച്ചെടുത്തു് (സസ്സാനിദ്) പേർഷ്യാ സാമ്രാജ്യത്തോടു ചേർക്കുന്നതു വരെയും ബഹററിൻ ഒരു സ്വാതന്ത്ര്യരാജ്യമായിരുന്നു.

ഒന്നാം നൂററാണ്ടിൽ ആരതൂസ് തുറമുഖം ബഹററിൻ ദ്വീപസമൂഹങ്ങളുടെ കവാടമായിരുന്നു. ഈ 'ആരതൂസ' തുറമുഖത്തെയാണു്

www.malankaralibrary.com

‘കൽമാൻ’ എന്നു് അറബികൾ വിളിച്ചിരുന്നതും, ‘കാലമീന’ എന്നു് പേർഷ്യക്കാർ പറഞ്ഞിരുന്നതും. വിദേശവ്യാപാരികൾ പഴയ കാലത്തു് ‘മുസ്സിരീസ്സ്’ എന്ന തുറമുഖത്തിന്റെ പേരു് മൊത്തമായി ചേരനാടിനെ ഉദ്ദേശിച്ചാണു് പറഞ്ഞിരുന്നതു്. അതുപോലെ ‘കാലമീനാ’ എന്ന പേരു് വിദേശവ്യാപാരികൾ ബഹറിനെ മൊത്തം ഉദ്ദേശിച്ചു് പറയുന്ന ഒന്നായി കാലാന്തരത്തിൽ തീർന്നു.

‘കാലമീന’ തുറമുഖത്തിന്റെ ശരിയായ സ്ഥാനം ഒമാനും, ബഹറിൻ ദ്വീപിനും മദ്ധ്യേ സ്ഥിതിചെയ്യുന്ന ഒരു ദ്വീപാണെന്നു് യാക്കൂട്ടു്[14] എന്ന ഗ്രീക്കു ചരിത്രക്കാരൻ എഴുതിയിട്ടുണ്ടു്. ഈ ദ്വീപു് മുഹറക്കു് ആണു്. ബഹറിൻ ദ്വീപുമായും പാലം കൊണ്ടും റോഡുകൊണ്ടും മുഹറാക്കു് ദ്വീപ് ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ ദ്വീപുകൾ തമ്മിൽ ഒന്നരമൈലോളം ദൂരമുണ്ടെന്നു് പെട്ടെന്നു മനസ്സിലാക്കിയെന്നു് വരികയില്ല. 300 ബി. സി യിൽ അലക്സാണ്ടർ ചക്രവർത്തിയുടെ കപ്പലുകൾ ബഹറിനിൽ വന്നപ്പോൾ ആരദുസ്സ്[15] തുറമുഖത്തു് അടുത്തു എന്നു് രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ ആരദുസ്സ് (ഇപ്പോഴത്തെ ആരദു്) തുറമുഖത്തിനു് മുഖാമുഖമായി ബഹറിൻ ദ്വീപിലാണു് മസ്ദായി രാജാവിന്റെ കൊട്ടാരം സ്ഥിതി ചെയ്തിരുന്നതും ഇപ്പോൾ ബിലാദ്-അൽ-കദീം[16] എന്നറിയപ്പെടുന്ന പുരാന നഗരത്തിന്റെ സ്ഥാനം. ഇവിടെയുള്ള സൂക്കു്-അൽ-കമ്മീസ് എന്നറിയപ്പെടുന്ന മുസ്ലീം പള്ളി സ്ഥാപിച്ചിരുന്നതു് നഗരത്തിന്റെ ‘ശവക്കോട്ട’ എന്നറിയപ്പെടുന്ന സ്ഥലത്താണു്. അവിടെയുള്ള ശവക്കല്ലറകൾ,[17] മുസ്ലീം മര്യാദപ്രകാരമുള്ള വിധത്തിലല്ലാ പണിതിരിക്കുന്നതു് എന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

‘കാലമീനായിൽ വന്നിറങ്ങിയ മാർത്തോമ്മായെ, മസ്ദായി രാജാവിന്റെ കൊട്ടാരം സ്ഥിതി ചെയ്തിരുന്ന ബിലാദ്-അൽ-കദീമിലേക്കു് രാജാവിന്റെ ആജ്ഞപ്രകാരം കൊണ്ടുവന്നിരിക്കാം. (നടപടികളിലെ കഥ ഇവിടെ വിവരിക്കുന്നില്ല) രാജാവിന്റെ നിർദ്ദേശപ്രകാരം നാലു പടയാളികൾ ഇദ്ദേഹത്തെ നഗരത്തിൽനിന്നും അരനാഴിക ദൂരെ കൊണ്ടുപോയി കൊല്ലുകയാണുണ്ടായതു്. സൂക്-അൽ-കമ്മീസ്സിൽനിന്നും ‘അവാലി’ ഗ്രാമത്തിലേക്കു പോകുന്ന റോഡിൽ ഏകദേശം അരനാഴികദൂരം ചെല്ലുമ്പോൾ ഒരു സന്ധിപ്പു് ഉണ്ടു്.

www.malankaralibrary.com

www.knanayology.org

ഈ സന്ധിപ്പിനു് ഒരു പ്രത്യേകതയുണ്ടു്. അതായതു് ഇവിടെയുണ്ടായിരുന്ന മൺകുന്ന നിരപ്പാക്കി വഴിയാക്കാൻ ചെയ്ത എല്ലാ ശ്രമങ്ങളും പരാജയപ്പെടുകയാണുണ്ടായതു്. ജനങ്ങളുടെ എതിർപ്പുകൊണ്ടല്ല, ഇതു് നിരപ്പാക്കാൻ ശ്രമിക്കുന്നവർക്കു് ഉണ്ടാകുന്ന അപകടങ്ങൾ കാരണമാണു്, പരാജയമുണ്ടായതു്. ഈ സന്ധിപ്പു് മുസ്ലീംങ്ങളുടെ ഒരു പ്രാർത്ഥനാ സ്ഥലമായിരുന്നു. അതു് ഇപ്പോഴും അങ്ങനെ തന്നെ തുടരുന്നു. ഇതുപോലെ പ്രാർത്ഥനാസ്ഥലങ്ങളായിരുന്ന വളരെയധികം കുന്നുകൾ ഈ സന്ധിപ്പിനു് അടുത്തുണ്ടായിരുന്നതു് നികത്തുകയുണ്ടായി. പക്ഷെ മേൽപ്പറഞ്ഞതുപോലെയുള്ള പരാജയങ്ങൾ ഉണ്ടായിട്ടില്ല. ഇതിനു് കാരണം എന്താണു്? എന്റെ വ്യക്തിപരമായ അഭിപ്രായം ഈ കുന്നിൽവെച്ചാണു് മാർത്തോമ്മാ രക്തസാക്ഷിയായി മരിച്ചതു് എന്നാണു്. മാർത്തോമ്മായുടെ മൃതശരീരം പുരാണ രാജാക്കന്മാരെ അടക്കുന്ന കല്ലറയിൽ(Sepulchre) അടക്കി എന്നാണു് നടപടിയിൽ പറയുന്നതു്.

ബഹറിൻ ദ്വീപിന്റെ ഒരു ഉപപ്രദേശമായ 'ആലി' എന്ന ഗ്രാമത്തിൽ രാജാക്കന്മാരെ അടക്കം ചെയ്തിരുന്ന കല്ലറകളോടുകൂടിയ (mounds) മൺകുടീരങ്ങൾ ഉണ്ടു്. ഇതിൽ ഏററവും വലിയതിനു് 80[18] അടി പൊക്കവും 100 അടി ചുററളവും ഉണ്ടു്. ബഹറിൻ ദ്വീപിൽ ഒരു ലക്ഷത്തിൽപരം മൺകുടീരങ്ങൾ[19] ഉണ്ടായിരുന്നു എന്നാണു് ചരിത്രകാരന്മാർ പറയുന്നതു്. ഓരോ മൺ കുടീരങ്ങളിലും കല്ലുകൊണ്ടുണ്ടാക്കിയ കമ്പാറിടങ്ങളും (chambers) ഉണ്ടു്. ഈ മൺകുന്നുകളെ 'ടുമിലി, എന്നാണു് അറബിയിൽ പറയുന്നതു്. The Sepulchral Tumuli of Bahrain എന്ന പേരിൽ 1908-ൽ Archaeological Survey of India ഒരു ഗ്രന്ഥം തന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നു. ബ്രിട്ടീഷുകാരുടെ ഭരണകാലത്തു് ബഹറിൻദ്വീപു് ബോംബേ ഗവർണ്ണറുടെ കീഴിലുള്ള ഒരു നാട്ടുരാജ്യമായിരുന്നു.

ഈ മൺ കുടീരങ്ങളിൽവെച്ചു് ഏററവും വലിയതിൽ (പടം കാണുക) രണ്ടു തട്ടുകളോടുകൂടിയ കമ്പാറിടങ്ങൾ ആണു് ഉണ്ടായിരുന്നതു്. അടിയിലത്തെ തട്ടിൽ രാത്രിയിൽ തീകത്തിച്ചതിന്റെ പുകയും തിരി ഇട്ടിരുന്ന കുഴിയും ഇപ്പോഴും കാണാം. ഈ കല്ലറയിലായിരിക്കും (മേൽതട്ടിൽ) മാർത്തോമ്മായുടെ ശരീരം വെച്ചിരുന്നതു് എന്നു് തോന്നുന്നു. നടപടിയിൽ പറയുന്നതു 'വിസാൻ' രാജകുമാരനും,

www.malankaralibrary.com

www.knanayology.org

സിഹ്രം പുരാണ രാജാക്കന്മാരെ അടക്കിയിരുന്ന കല്ലറയിൽ മാർത്തോമ്മായുടെ ശരീരം[20] അടക്കിയിട്ട്, അവിടെ കാവൽ ഇരുന്നു എന്നാണ്.

ഇങ്ങനെ രണ്ടുതട്ടുള്ള കല്ലറ ആലി ഗ്രാമത്തിൽ വേറെ ഇല്ല. T എന്ന ആകൃതിയിൽ മറ്റൊരു കല്ലറയെ വിശേഷവിധിയായി കാണുകയുണ്ടായിട്ടുള്ള ബാക്കിയെല്ലാംതന്നെ ഒററ അറയുള്ള കല്ലറകൾ ആയിരുന്നു. ഈ കല്ലറയിൽനിന്നും മാർത്തോമ്മായുടെ ഭൌതികാവശിഷ്ടങ്ങൾ എദേസ്സായിലേക്ക് മാററപ്പെടുകയും, എന്നാൽ വലതുകൈ ദിൽമൻ നഗരത്തിൻെറ നഷ്ടാവശിഷ്ടങ്ങൾക്കു മുകളിൽ പണിത 'മർത്തോമ്മായുടെ, ദയറായിൽ അടക്കം ചെയ്യുകയും ചെയ്തു 'ദയർതൂമ' എന്നറിയപ്പെട്ടിരുന്ന മന്ദിരത്തിന്റെ ഇപ്പോഴത്തെ ശൂന്യമായ നിലയിലുള്ള പടം ചേർത്തിട്ടുണ്ട്. അതു ഒരു ദേവാലയം ആണെന്നു തോന്നിപ്പിക്കുന്ന ഏക സംഗതി ജനങ്ങൾ ആരാധനയ്ക്കു നിൽക്കുന്ന സ്ഥലത്തു വലതുവശത്തായി കാണുന്ന മാമ്മോദീസാ തൊട്ടിയാണ്. ഇതിൽ ഒഴിക്കുന്നവെള്ളം കടലിലേക്ക് ഒഴുകിപ്പോകത്തക്കവണ്ണം പ്രത്യേക ഓവുചാൽ ഉണ്ടാക്കിയിട്ടുണ്ട്. ഈ മന്ദിരം മറെറാരു കെട്ടിടമായിരുന്നെങ്കിൽ, ഈ ഓവുചാൽ ഉണ്ടാക്കേണ്ട കാര്യമില്ല. ശുദ്ധതൈലം ചേർന്ന മാമ്മോദീസാ വെള്ളം ആരും ചവിട്ടരുതെന്നാണല്ലോ ക്രിസ്ത്യാനികളുടെ നിയമം. ഈ ദയറാ രണ്ടാം നൂററാണ്ടിലോ, മൂന്നാം നൂററാണ്ടിലോ മാർത്തോമ്മായുടെ ഭൌതികാവശിഷ്ടം എദേസ്സായിലേക്കു കൊണ്ടുപോയതിനുശേഷം പണിതതായിരിക്കും. ഈ ദയറാമന്ദിരത്തിൻെറ അവശിഷ്ടങ്ങളിൽ കിഴക്കു ഭാഗത്തുണ്ടായിരുന്ന മദ്ബഹായുടെ അടിത്തറ അർദ്ധവൃത്താകൃതിയിൽ ഇപ്പോഴും കാണാം. എ. ഡി. 1351 ൽ അറബി ചരിത്രകാരനായ മുഫാസിൽ–ബിൻ– അബിൽഫാസിൽ,[21] 'മാർത്തോമ്മായുടെ ദയറായിൽ, മിശിഹായുടെ ശിഷ്യന്മാരിൽ ഒരാളുടെ കൈ ഇരിക്കുന്നിടത്തു് വണങ്ങുന്നതിനായി തീർത്ഥാടകർ പോകുന്നു' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മന്ദിരമാണ്. 17—ാം നൂററാണ്ടിൽ പോർത്തുഗീസ്സുകാർ വരച്ച പടത്തിൽ കാണിച്ചിരിക്കുന്നതു്. ഈ മന്ദിരത്തിനു് ഒരു ഐതിഹ്യം ഉണ്ട്. അതായതു് ഈ മന്ദിരം നശിപ്പിക്കുന്നകാലത്തു് ബഹറിൻ, കടലിൽ താണുപോകും എന്നാണ് ആ ഐതിഹ്യം. അതിനാൽ ആ മന്ദിരം പതിനാറു് നൂററാണ്ട് കഴിഞ്ഞിട്ടും ഇപ്പോഴും നിലനിന്നു പോരുന്നു. ഇപ്പോൾ ആ മന്ദിരം ഗവണ്മെന്റി

www.malankaralibrary.com

www.knanayology.org

ന്റെ ചുമതലയിൽ പുരാവസ്തുവായി സംരക്ഷിച്ചു വരുന്നു.

'കർലമീന' (കരിംതുരുത്ത്) എന്നു് പേർഷ്യാക്കാർ ബഹറിനെ വിളിക്കാനുണ്ടായ പ്രധാന കാരണം കറുത്ത കീലു് ധാരളമുള്ള ദ്വീപായതുകൊണ്ടാണു്. ദിൽമൻ നഗരത്തിന്റെ അവശേഷിക്കുന്ന കൽകെട്ടുകളിൽ കറുത്ത കീലു് ധാരളമായി പൂശിയിരിക്കുന്നതു് ഇപ്പോഴും കാണാം. ഈ കറുത്ത കീലിന്റെ അംശം ധാരാളമായി മണ്ണിലും കല്ലുകളിലും കണ്ടതുകൊണ്ടാണു്, ബഹറിൻ ദ്വീപിൽ എണ്ണ കാണുമെന്നുള്ള നിഗമനത്തിൽ ന്യൂസ്‌ലാൻഡുകാരനായ മേജർ ഫ്രാങ്കു് ഹോംസ് (1925-ൽ) എത്തിയതു്. ഇദ്ദേഹം കുഴൽകിണർ കുഴിക്കുവാൻ (Artesian wells) 1925-ൽ ബഹറിനിൽ വരികയുണ്ടായി. അദ്ദേഹത്തിന്റെ നിഗമനത്തെത്തുടർന്നു് 1932-ൽ മദ്ധ്യപൂർവ്വേഷ്യയിലെ ആദ്യത്തെ എണ്ണക്കിണർ[22] ബഹറിനിൽ കുഴിക്കുകയുണ്ടായി.

ഈ 'കാലമീന' എന്ന വാക്കു് 'ഗൽദമാൻ' എന്നു് അരാമ്യഭാഷയിലുള്ള വാക്കാണെന്നു് സങ്കല്പിച്ചു് (ചെറിയ മല) ഇൻഡ്യയിലെ ചരിത്രകാരന്മാർ മൈലാപ്പൂർ കഥയെ പിൻതാങ്ങുന്നുണ്ടു്. എന്നാൽ മസ്ദായി ആരെന്നു് കണ്ടുപിടിക്കാൻ ശ്രമിച്ചിരുന്നെങ്കിൽ ഈ ബുദ്ധിമുട്ടുകൾ ഒന്നും തന്നെ വരികയില്ലായിരുന്നു. മാർത്തോമ്മാ ഇൻഡ്യയിൽ വന്നിരുന്നു. മാർത്തോമ്മാ ഇൻഡ്യയുടെ അപ്പോസ്തോലനാണു്. അതുകൊണ്ടു് മാർത്തോമ്മാ ഇൻഡ്യയിൽ തന്നെ രക്തസാക്ഷിയായി മരിക്കണം എന്നു് നിർബന്ധമുള്ളതുപോലെയാണു് അദ്ദേഹത്തിന്റെ ചരിത്രം പലരും എഴുതിയിരിക്കുന്നതു്.

കാലം ചെയ്ത പരിശുദ്ധ കാതോലിക്കാബാവാ മോറാൻ മാർ ബസ്സേലിയോസ്സ് ഔഗേൻ ഒന്നാമൻ തിരുമനസ്സുകൊണ്ടു് സെൻറ് തോമാസ്സ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയായുടെ ഉൽഘാടനം പ്രമാണിച്ചു് എറണാകുളത്തുവെച്ചു് 1973 ഏപ്രിൽ 7-ാംനു- ചെയ്ത പ്രസ്താവന വളരെ ശ്രദ്ധേയമായതിനാൽ ഇവിടെ കുറിച്ചുകൊള്ളുന്നു. ''ചരിത്രപഠനവിഷയത്തിൽ വിവിധ വിഭാഗങ്ങൾ തമ്മിൽ വേണ്ടത്ര അഭിപ്രായ ഐക്യം ഇതേവരെ ഉണ്ടായിട്ടില്ല. ഓരോ വിഭാഗവും ഓരോ തട്ടിൽ നിൽക്കുന്നു. തങ്ങളുടെ നിലപാടു് ശരിയാണെന്നു് സ്ഥാപിക്കാൻ ചരിത്രരേഖകൾ അവർ തപ്പിനടക്കുകയാണു്. ചരിത്രത്തിൽ

www.malankaralibrary.com

ഗവേഷണം നടത്തുകയും കണ്ടെത്തുന്ന സത്യമനുസരിച്ച് ചരിത്രം എഴുതുകയും ചെയ്യുകയാണാവശ്യം''[23] ചരിത്രത്തിൽ ഗവേഷണം നടത്തുകയും കണ്ടെത്തുന്ന സത്യമനുസരിച്ച് ചരിത്രം എഴുതുകയും ചെയ്യുകയാണാവശ്യം എന്ന പരിശുദ്ധ ബാവാ തിരുമേനിയുടെ ഉപദേശമാണ് ഈ പുസ്തകമെഴുതുവാൻ ഞാൻ സ്വീകരിച്ചിരിക്കുന്ന വ്യക്തമായ നയം. മൂന്നാം നൂറ്റാണ്ടുമുതൽ ക്രിസ്തുസഭയോടൊപ്പം, പേർഷ്യയിൽ പ്രബലമായിതീർന്ന മണിക്കേയസത്തെപ്പറ്റി കൂടുതലായി പഠിക്കാൻ മലങ്കരസഭാ ചരിത്രകാരന്മാർ ഒരുമ്പെടാഞ്ഞതുകൊണ്ട് മൈലാപ്പൂരിൽ മരണമടഞ്ഞത്, മലങ്കര നസ്രാണികളുടെ അപ്പോസ്തോലനായ മാർത്തോമ്മാ അല്ലാ പ്രത്യുത മണിക്കേയരുടെ അപ്പോസ്തോലനായ മാർ ആമ്മോൻ ആണെന്ന് മനസ്സിലാക്കാൻ ചരിത്രകാരന്മാർക്ക് സാധിക്കാതെ പോയി. മൈലാപ്പൂർ കബർ സൂചിപ്പിക്കുന്നതും മണിക്കേയസത്തെ ആണ്. മുഹമ്മദീയർ മെക്കയിലേക്ക് ദർശനമായിട്ടാണ് പ്രാർത്ഥിക്കുന്നത്. അതിനാൽ അവരുടെ മരിച്ചവരെ അടക്കുന്നതും 'മെക്ക ദർശനം'[24] ആയിട്ടാണ്. അതുപോലെ ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നത്, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്[25] കിഴക്കുനിന്നുമായിരിക്കും എന്നുള്ള അപ്പോസ്തോലന്മാരുടെ ഉപദേശപ്രകാരം കിഴക്കോട്ട് ദർശനമായിട്ടാണ് പ്രാർത്ഥിക്കുന്നതും, മരിച്ചവരെ അടക്കുന്നത് കിഴക്കുപടിഞ്ഞാറായിട്ടും ആണ്. എന്നാൽ മണിക്കേയമതക്കാർ വടക്കോട്ട്[26] ധ്രുവനക്ഷത്രത്തെ നോക്കിയാണ് പ്രാർത്ഥിക്കുന്നത്. അവരുടെ മരിച്ചവരെ വടക്കുതെക്കായിട്ടാണ് അടക്കുന്നത്. പുരോഹിതന്മാരെങ്കിൽ വടക്കോട്ട് ദർശനമായി ഇരുത്തിയിട്ടാണ് അടക്കുന്നത്. മൈലാപ്പൂരിലെ കബർ വടക്ക് തെക്കായിട്ടാണ്[27] കണ്ടതെന്ന് പരേതനായ ശ്രീമാൻ റ്റി. കെ. ജോസഫ് 'മാർത്തോമ്മാ ക്രിസ്ത്യാനികൾ (1927) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തൊണ്ടി, ചോളനാടുകളിലെ മതപീഡനം[28] മൂലം എ. ഡി. 293-ൽ മൈലാപ്പൂരിൽനിന്നും, ചേരനാട്ടിലേക്ക് കുടിയേറിപാർത്ത മണിക്കേയ (വെള്ളാള ചെട്ടികൾ)രുടെ ചരിത്രവും, മൈലാപ്പൂരിലെ കബറിന്റെ ചരിത്രവും, അവതമ്മിലുള്ള ബന്ധവും, മനസ്സിലാക്കാൻ ചരിത്രകാരന്മാർ ശ്രമിച്ചിരുന്നുവെങ്കിൽ, മാർത്തോമ്മായുടെ ഇൻഡ്യയിലെ ചരിത്രം ശരിയായവിധം എഴുതുവാൻ സാധിക്കുമായിരുന്നു.

www.malankaralibrary.com

## Notes

1. Ref : Welcome to Bahrain, by James Belgrave, page 93
2. Ref : National Encyclopaedia Vol. XI.
3. Early Indian & Pakistan, by Mortimer Wheeler, page 109
4. Ref: Early Spread of Christianity in India by Mingana, page 57
5. Ref: One hundred and ten miracles of our Lady Mary, by E. A. W. Budge, page 41 & 87
6. Ref: Anthology of Islamic Literature by James Kritzbeek. page 229
7. Ref: Welcome to Bahrain, by James Belgrave, page 93
8. (a) Ref: കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ by Podipara page 338 (A 33).
   (b) Ref: Traditions of St. Thomas Christians, by A, Mundadan. page 84
9. Ref; Welcome to Bahrain, by James Belgrave, page 59.
10. Ref; One hundred and ten miracles of our Lady Mary, by Budge, page 41
11. Ibid 87
12. 'Sisinnus the successor to Mani, received the mantle of Mani, two books (Manichaean bibles) and Mani's hand as a ceremony of succession. 'Ref; MANI, by L. J. R. Ort, page 154
13. Ref: Welcome to Bahrain, by James Belgrave page 93
14. Ref: Early Spread of Christianity in India, by A. Mingana

DR. JACOB KOLLAPARAMBIL EST. KADUTHURUTHY TRUST LIBRARY & ARCHIVES

www.malankaralibrary.com

page 57

15. Ref: Welcome to Bahrain by James Belgrave, page 128

16. Ibid 115.

17. Ibid 66.

18. Ibid 116

19. Bahraiu has been famous for almost a century as the site of the largest prc-historic cemetary in tha world. Something like 100,000 burial monnds lie scattered over the northern and western upland slopes of the island.

Ibid-54.

20. 'And buried Judas in the Sepulchre in which the ancient kings were buried. And Sifur and Vizan would not go down to the city, but were sitting there the whole day, and they passed the nlght there also.

Ref : 'Acts of Thomas' by Klijn, page 153

21. Ref:Tradition, St. Thomas Christians' Mun dadan. page 84

22. Ref: Welcome to Bahrian, by James Belgrave, page 85.

23. Ref; Malayala Manorama Daily of 8, 4. 1973

24. 'Muslim graves point towards Mecca'

Ref: Welcome to Bahrain, by James Belgrave, page 66

25, Ref : Ancient Syriac Documents by Cureton, page 25

26. 'Manichaeans turned in prayer towards the pole star as symboliznig the extreme point upward of the primordial Light Earth.'

Ref : Researches in Maniehaeism by Jackson page 60

www.malankaralibrary.com

www.knanayology.org

27. (a) Ref : 'മാർത്തോമ്മായുടെ കബറിടം' by എ. എം. മുണ്ടാടൻ പേജ് 20,

b. മൈലാപ്പൂരിലെ കബറ് വടക്ക്-തെക്കായിട്ടാണ് അതുകൊണ്ട് 'തുമ' എന്ന ജോനകൻെറ കബറാണെന്ന് തെളിഞ്ഞുപോയി എന്നാണ് ററി. കെ. ജോസഫ് സ്ഥാപിച്ചതു്.

Ref : മലങ്കര നസ്രാണികൾ വാല്യം ഒന്നു്, പേജ് 168.

28. (a) Ref : A History of Christianity, in Kerala, by Dr. C. V. Dherian, page 64.

(b) Ref : St. Thomas in India, by J. N. Farquhar, (Edited by Vellian) page 52 (note 4)

Christianization does'nt mean de-culturization.

— Most Rev. Geevarghese
Mar Osthathois.

www.malankaralibrary.com

ഭാഗം 2

അദ്ധ്യായം I

# മണിക്കയിസ്സം

ആദിമ ക്രിസ്തുസഭയിൽ അറിയോസ്സിന്റേയും നെസ്തോറിന്റേയും നേതൃത്വത്തിൽ രണ്ടു ശീശ്മകൾ കടന്നുകൂടിയതുപോലെ, സൌരാഷ്ട്രമതത്തിൽ കടന്നുകൂടിയ രണ്ടു ശീശ്മകളാണ് മണിക്കയിസ്സവും, മസ്ദകയിസ്സവും. മൂന്നാം നൂററാണ്ടിൽ പേർഷ്യാ ചക്രവർത്തിയായ ബഹറാം ഒന്നാമൻ (എ. ഡി. 273–276) മണിക്കയിസത്തെ പേർഷ്യയിൽനിന്നും ഉന്മൂലനം ചെയ്തു. അതുപോലെ ആറാം നൂററാണ്ടിൽ പേർഷ്യയിൽ വളർന്ന സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനായ 'മസ്ദക്കിനേയും അനുയായികളേയും കുസ്രോ ഒന്നാമൻ (എ. ഡി. 571–579) പാടെനശിപ്പിച്ചു.

ഇരുപതാം നൂററാണ്ടിന്റെ ആദ്യകാലത്ത് (1902–1907) കിഴക്ക് ചൈനയിലെ ടർക്കിസ്ഥാൻ—മരുഭൂമിയിൽനിന്ന്, ജർമ്മൻകാരായ ഗവേഷകർക്ക് മണിക്കയിസത്തെപ്പററിയും മണിയുടെയും ചരിത്രം ഉൾക്കൊള്ളുന്ന രേഖകളും ഗ്രന്ഥങ്ങളും കണ്ടുകിട്ടുകയുണ്ടായി അവിടെനിന്നും കിട്ടിയ ഗ്രന്ഥങ്ങളിൽ മണിക്കയിൻ ബൈബിളും, മണിയുടെ ജീവചരിത്രത്തിന്റെ ചില ഭാഗങ്ങളും ഉണ്ടായിരുന്നു.

'ആർക്കലേസ്സിന്റെ നടപടി'കൾ എന്ന ഗ്രന്ഥത്തിൽ, ഹെഗ്മോണിയസ്സ് മണിക്കയിസ്സത്തെപ്പററിയും' മണിയുടെ ജീവചരിത്രവും കൊടുത്തിട്ടുണ്ട്. ആർക്കലേസ്സ് മെസ്സപ്പൊത്തോമ്യയിലെ മെത്രാനായിരുന്നു. തിയഡോറസ്സ്-ബർ-കൊനായ്, അൽ-നദീം, അൽ-ബയ്റൂണി എന്നീ ചരിത്രകാരന്മാരും മണിയുടെ ജീവിചരിത്രം എഴുതിയിട്ടുണ്ട്. മണിയോ, മണിയുടെ പിൻഗാമികളോ എഴുതിയ 'കെഫലാലിയാ' എന്ന കോപ്ററിക്ഗ്രന്ഥം കൂടുതൽ ചരിത്ര

www.malankaralibrary.com

ങ്ങൾ കൊടുക്കുന്നുണ്ട്. മണിക്കേയിസ്സത്തെ എതിർത്ത്, എഫ്രേം, (എ. ഡി. 370) അന്ത്യോഖ്യയിലെ പാത്രിയർക്കീസ് മിഖായേലും (1190 എ.ഡി.) കൈസ്സേരിയായിലെ എസ്സേബിയസ്സും ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. മേല്പറഞ്ഞ ഗ്രന്ഥങ്ങളിൽ നിന്നും മണിക്കേയിസത്തെപ്പററി സവിസ്തരം ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്ത് എഴുതിയിട്ടുള്ള 'മണി' എന്ന ഗ്രന്ഥത്തിൽനിന്നും ആണ് താഴെ കൊടുക്കുന്ന വിവരങ്ങൾ എഴുതുന്നത്. ('MANI by L. J. R. Ort, Published by M/s. E. J. Brill, Leiden Netherlands)

ആദ്യം ക്രിസ്തുമതത്തിനും, പിന്നീട് സൌരാഷ്ട്രമതത്തിനും, മൂന്നാം നൂററാണ്ടിൽ ഒരു വെല്ലുവിളിയായിത്തീർന്ന മണിക്കേയിസം എന്ന മതത്തിന്റെ സ്ഥാപകനായ 'മണി' എ. ഡി. 216 ഏപ്രിൽ 14—ാം (ഗ്രീക്കവർഷം 527-ൽ) ബാബിലോണിന് അടുത്ത് മർദീനു എന്ന ഗ്രാമത്തിൽ പിതാവ് പത്താക്കിന്റെയും മാതാവു മറിയാമിന്റെയും മകനായി ജനിച്ചു. മണിയുടെ ജനനത്തിനു ഒരു അതിശയോക്തി കൊടുക്കുന്നതിനുവേണ്ടി ഗർഭിണിയായമാതാവ് മറിയാം ശുദ്ധമായ ജീവിതം നയിച്ചതു മൂലം നെഞ്ചു പിളന്നാണ മണി ജനിച്ചതെന്ന് ഒരു മണിക്കയ ചരിത്രമായ 'കെഫലാലയിൽ' പറയുന്നു. ഒരു ബിംബാരാധകനായിരുന്ന പത്താക്ക് പേർഷ്യയിൽ ഹംദാനിൽനിന്നും ബാബിലോണിലേക്ക് കുടിയേറിപ്പാർക്കുകയുണ്ടായി. ഈ കാലത്താണ് മറിയാം ഗർഭിണിയായത്. ബാബിലോണിൽ വെച്ച് മണി ജനിക്കുന്നതിനുമുമ്പ് പത്താക്കിനു ഒരു അശ്ശരീരി ഉണ്ടായി. അതായതു് മാംസം ഭക്ഷിക്കരുത്, വീഞ്ഞു കുടിക്കരുത്, സ്ത്രീസംഭോഗം വെടിയുക എന്നിങ്ങനെ തുടർച്ചായി മൂന്നു രാത്രിയിൽ ഈ അശ്ശരീരി ഉണ്ടായി. ഇതുമൂലം പത്താക്ക് ഭാര്യയെ ഉപേക്ഷിച്ച് അൽ-മുക്തസില എന്ന ശുദ്ധീകരണസഭയിൽ ചേരുകയുണ്ടായി. എപ്പോഴും കുളിച്ചു, ശുഭവസ്ത്രം ധരിക്കുന്ന ഒരു കൂട്ടരാണ് ഇവർ.

എന്നാൽ മറിയാം പ്രസവിച്ച് കുട്ടിയെ വളർത്തികൊണ്ടുവന്നു. മണിയുടെ ആദ്യത്തെ പേരു് കോർബിക്കസ് എന്നായിരുന്നു. മറിയാം മണിയെ പ്രസവിച്ചുകഴിഞ്ഞു് ചില അത്ഭുത കാഴ്ചകൾ കാണുകയുണ്ടായി അതായതു് കുട്ടിയെ ആരോ ആകാശത്തിലേക്ക് ഉയർത്തുന്നതായിട്ടും പിന്നീട് താഴെ വെയ്ക്കുന്നതുമായിട്ടാണ് കണ്ടതു്.

www.malankaralibrary.com

ഇതു പലദിവസങ്ങളിൽ തുടർന്നു. ചിലപ്പോൾ രണ്ടും മൂന്നും ദിവസം തുടർച്ചയായി സംഭവിക്കാറുണ്ടായിരുന്നു. കുട്ടി പ്രായമായപ്പോൾ അച്ഛൻ പത്താക്ക് മണിയെക്കൂട്ടികൊണ്ടുപോയി അൽ–മുക്താസില എന്നാസമൂഹത്തിൽ ചേർക്കുകയുണ്ടായി മണി ഒരു കുട്ടിയായിരുന്നെങ്കിലും, ഒരു ജ്ഞാനിയെപ്പോലെ സംസാരിക്കുന്നതു് പത്താക്കിനെ വളരെയധികം വിസ്മയിപ്പിച്ചു.

പിന്നീടു് മണിയെ കാണുന്നതു 'തെരിബെന്ഥസ്സ്' എന്ന ബാബിലോണിലെ ബുദ്ധൻെറ ഗൃഹത്തിലാണു്. ഈ തെരിബെന്ഥസ് സ്സൈത്തിയനാസ്സ് എന്ന തത്വജ്ഞാനിയുടെ പിൻഗാമിയായിരുന്നു. ജൂദിയായിൽ താമസമാക്കിയ ഇവർ രണ്ടുപേരിൽ, സ്സൈത്ത്യനസ്സ് അവിടെ വച്ചു് മരണം അടഞ്ഞു. അതിനു ശേഷം തെരിബെന്ഥസ്സ് ബാബിലോണിലേക്ക് കുടിയേറി പാർത്തു ബാബിലോണിൽ വെച്ചു് ഇദ്ദേഹം 'ബുദ്ധ' എന്ന പേരു് സ്വീകരിച്ചു. തെരിബെന്ഥസ്സ്, സ്സൈത്ത്യനാസ്സിൻെറ തത്വങ്ങൾ നാലു ഗ്രന്ഥങ്ങളിലായി എഴുതി വെച്ചിരുന്നു Mysteries, Chapters, Gospel and Treasure എന്നിവയാണു് ആ നാലുഗ്രന്ഥങ്ങൾ. ഒരു ദിവസം തെരിബെന്ഥസ്സ് ആകാശത്തിൽ പറക്കുന്നതിനു വേണ്ടി ശ്രമിക്കുമ്പോൾ താഴെ വീണു് മരിക്കുകയുണ്ടായി. തെരിബെന്ഥസ്സിൻെറമരണശേഷം അദ്ദേഹത്തിൻെറ ഭാര്യ ഏഴുവയസ്സുള്ള കൊർബിക്കസ്സ് എന്ന ബാലനെ വിലയ്ക്കു് വാങ്ങി കൂടെ താമസിപ്പിക്കുകയുണ്ടായി. പന്ത്രണ്ടു വയസ്സുവരെ കൊർബിക്കസ്സ് അൽ–മുക്താസില എന്ന 'ശുദ്ധമാന' മതത്തോടുകൂടി ചേർന്നു് നിൽക്കുകയുണ്ടായി. എന്നാൽ പന്ത്രണ്ടാമത്തെ വയസ്സിൽ ഇവരുടെ വെളുത്ത ളോഹ ധരിക്കുന്നതിൽ ഉണ്ടായ മണിയുടെ എതിർപ്പുമൂലം ആ സംഘത്തിൽ നിന്നും തള്ളപ്പെടുകയും കൊർബിക്കസ്സ്, മണി എന്ന പേരിൽ അറിയപ്പെടുകയും ഉണ്ടായി. മണി എന്ന വാക്കിൻെറ അർത്ഥം 'തിന്മയുടെ പാത്രം' (Vessel of evil) എന്നാണു്. മണി എന്നപേർ അൽ–മുക്താസ്സിലാക്കാർ കൊടുത്തതാണോ അതോ ക്രിസ്ത്യാനികൾ കൊടുത്തതാണോ എന്നു് വ്യക്തമാക്കിയിട്ടില്ല. തെരിബെന്ഥസ്സിൻെറ ഭാര്യയുടെ കാലശേഷം അവരുടെ സ്വത്തിനും തെരിബെന്ഥസ്സ് എഴുതിയ ഗ്രന്ഥങ്ങൾക്കും മണി അവകാശിയായിത്തീർന്നു. മണിക്കിയെസ്സത്തിലെ 'ഇരുസ്വഭാവം' എന്ന കാതലായ തത്വം സ്സൈത്ത്യാനസ്സിൻെറ തത്വങ്ങൾ ആയിരുന്നു. തെരിബെന്ഥസ്സ് എഴുതിയ ഗ്രന്ഥങ്ങ

www.malankaralibrary.com

ളിൽനിന്നും ആണ് മണിക്ക് ഈ തത്വങ്ങൾ കിട്ടിയത്.

എന്നാൽ മണി പറയുന്നത് തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ അൽതോം (The Twin) എന്ന ആത്മശക്തി തന്നിൽ പ്രവേശിച്ച് ഉപദേശിച്ചതാണ്. ഈ തത്വങ്ങൾ എന്നാണ്. അൽതോമിന്റെ ഉപദേശപ്രകാരം അൽ-മുക്താശില എന്ന സമൂഹത്തിൽനിന്നും വേർപ്പെട്ടു എന്നാൽ വീഞ്ഞും, മാംസവും വർജ്ജിച്ചും, സ്ത്രീസംഭോഗത്തിൽ നിന്നും ഒഴിഞ്ഞും നിൽക്കാനുള്ള അൽ-മുക്താസിലസമൂഹത്തിന്റെ തത്വം 'മണി' തന്റെ മതത്തിൽ നിലനിർത്തുകയും ചെയ്തു.

തെരീബന്ധസ്സ് എഴുതിയ ഗ്രന്ഥങ്ങൾ മണി തർജ്ജിമ ചെയ്യുകയും തന്റേതായ ആശയങ്ങൾ അതിൽ ചേർക്കുകയും ഉണ്ടായി, നന്മയുടേയും, തിന്മയുടെയും ദൈവങ്ങൾ ഉണ്ട് എന്ന ബൈസ്സന്ത്യാനസ്സിന്റെ ഇരുസ്വഭാവ ആശയങ്ങൾ ആണ് മണി തന്റെ മതമായ മണിക്കേയസ്സത്തിൽ കൊണ്ടുവന്നത്. അഞ്ചാം നൂറ്റാണ്ടിലെ നെസ്തോറിയൻ സഭ സ്വീകരിച്ച ക്രിസ്തുവിന്റെ ഇരുസ്വഭാവവാദം മണിക്കേയസ്സത്തിൽ നിന്നും ഉടലെടുത്തതാണ്. ആദ്യകാലങ്ങളിൽ ക്രിസ്തുസഭയ്ക്കു ഒരു വെല്ലുവിളിയായിത്തീർന്ന മാർക്കിയോണസ്സത്തിൽ നിന്നും ബർദേസ്സനത്തിൽനിന്നും പല തത്വങ്ങൾ മണി തന്റെ മതത്തിൽ കൂട്ടിച്ചേർത്ത് മണിക്കേയസ്സത്തിന് ഒരു ക്രിസ്തീയമായ ഛായ കൊടുക്കുകയുണ്ടായി. മണിയുടെ മുൻഗാമികളായിട്ടാണ് മാർക്കിയോനേയും, ബർദേസ്സാനേയും ചരിത്രം ചിത്രീകരിച്ചിരിക്കുന്നത്.

മണിയുടെ ഉപദേശങ്ങളും തത്വങ്ങളും ആദ്യം സ്വീകരിച്ചവർ പിതാവായ പത്താക്കും, അടുത്ത ബന്ധുക്കളും ആയിരുന്നു. ഇൻഡ്യയിൽ ജനിച്ച ബുദ്ധന്റെയും പേർഷ്യയിലെ സാരതുസ്ത്രായുടേയും, പടിഞ്ഞാറ് യെരുശലേമിൽ ജനിച്ച ക്രിസ്തുവിന്റേയും പിൻഗാമിയും നന്മയുടെ ദൈവത്തിന്റെ അവസാനത്തെ അപ്പോസ്തോലനായി ബാബിലോണിൽ ജനിച്ച മണി എന്നാണ് അദ്ദേഹത്തിന്റെ വയ്പ്. എല്ലാ പ്രകാരത്തിലും ക്രിസ്തുവിനെയാണ് മണി അനുകരിച്ചത്. എന്നാൽ ക്രിസ്തുമതം അദ്ദേഹത്തെ ഒരു രാക്ഷസനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്" സൌരാഷ്ട്രമതക്കാർ 'മുടന്തനായ സാത്താൻ, എന്നാണ് മണിയെ വിളിച്ചിരുന്നത്.

പന്ത്രണ്ടാം വയസ്സിൽ 'അൽതോം, എന്ന ആത്മാവു മണിയിൽ

www.malankaralibrary.com

പ്രവേശിച്ച് മണിക്കു ജ്ഞാനവും അറിവും ഉപദേശിച്ചു കൊടുത്തു എന്നാണ് ചരിത്രം പറയുന്നത്. കൂടാതെ എന്തു പ്രസംഗിക്കണമെന്നും, എങ്ങനെ പ്രസംഗിക്കണമെന്നും അൽ–തവാം മനസ്സിലാക്കി കൊടുത്തു. ഈ കാലത്ത് പേർഷ്യാ രാജാവായിരുന്ന (സസ്സാനിദ്) അർദ്ദേഷ്യറിന്റെ (Ardashir) കൊട്ടാരത്തിൽ ജനനാൽ 'ഭിഷക്', വംശജനായ (വൈദ്യഗോത്രം) മണി, രാജാവിന്റെ മകന്റെ ദീനം സുഖമാക്കാൻ വേണ്ടി എത്തി. പക്ഷേ രാജകുമാരൻ മണിയുടെ കയ്യിൽത്തന്നെ കിടന്ന് മരിക്കുകയാണുണ്ടായത്. ഇതിൽ കുപിതനായ രാജാവ് മണിയെ ജയിലിൽ അടച്ചു. ജയിലിൽവെച്ച് മതപ്രചരണാർത്ഥം ഈജിപ്തിലേക്കും സിത്യായിലേക്കും അയച്ചിരുന്ന തന്റെ ശിഷ്യന്മാരുടെ പരാജയ വാർത്ത അറിയുകയുണ്ടായി. മണി സമയം നഷ്ടപ്പെടുത്താതെ ജയിലിൽവെച്ചുതന്നെ ക്രിസ്ത്യാനികളുടെ ഗ്രന്ഥങ്ങൾ വായിച്ചു പഠിക്കാൻ തുടങ്ങി. അതിൽ നിന്നും ക്രിസ്തുവിന്റെ അവസാനത്തെ സന്ദേശമായ 'ഞാൻ പോയാലുടൻ പാറക്ലീത്തായെ നിങ്ങൾക്ക് അയച്ചുതരുമെന്നുള്ള ഭാഗം മനസ്സിലാക്കിയതു മുതൽ ക്രിസ്തു വാഗ്ദത്തം ചെയ്ത പാറക്ലീത്ത, താനാണെന്നുള്ള ഭാവത്തിൽ മണി 'പാറക്ലീത്ത എന്ന പേര് സ്വീകരിക്കുകയുണ്ടായി അതുമുതൽ മണിക്കയിസം ഒരു സഭയായി അറിയപ്പെടുന്നു. മണിക്കയൻ സഭ (Manichaen Church) പഴയ നിയമവും, പുതിയ നിയമവും ആരാധനയിൽ ഉപയോഗിച്ചുതുടങ്ങി. മണിയുടെ മുന്നോടിയായിരുന്ന ബർദൈസ്സാൻ എഴുതിയ 'തോമസ്സിന്റെ നടപടികൾ മണിക്കയൻ സഭയിൽ ഉപയോഗിച്ചിരുന്നു. എല്ലാപ്രകാരത്തിലും ക്രിസ്തുവിനെയാണ് മണി അനുകരിച്ചിരുന്നത്. ജയിലിൽ വെച്ച് പാറക്ലീത്താ എന്ന പേര് സ്വീകരിച്ചശേഷം ശിഷ്യന്മാരെ രണ്ടു പേരെയും പിന്നെയും സുവിശേഷമറിയിക്കാൻ പുതിയ ആശയത്തോടുകൂടി പറഞ്ഞയച്ചു. കൂടാതെ ജയിലിൽ നിന്നും കാവൽക്കാർക്ക് കൈക്കൂലി കൊടുത്തശേഷം ഇൻഡ്യയിലേക്ക് കപ്പൽ കയറി ഒളിച്ചോടുകയും ചെയ്തു. ഇൻഡ്യയിലേക്ക് മണി പുറപ്പെട്ടത് അർദേഷ്യർ രാജാവിന്റെ ഭരണകാലത്തിന്റെ അവസാനഘട്ടത്തിലാണ്. ഇൻഡ്യയിൽ നിന്നും തിരികെ പേർഷ്യയിലേക്ക് പോയത് അർദേഷ്യർ രാജാവിന്റെ കാലശേഷം മകൻ ശാപ്പോർ ഒന്നാമൻ രാജ്യഭാരം ഏറ്റസമയത്തും ആണെന്ന്, മണി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അർദേഷ്യർ ഭരണം തുടങ്ങിയത് എ. ഡി. 223ലും മരണം അടഞ്ഞത് എ. ഡി. 239ലും ആണ്. വളരെക്കുറച്ചു കാലം

www.malankaralibrary.com

മാത്രമെ മണി ഇൻഡ്യയിൽ താമസിച്ചിട്ടുള്ളു. എന്നാൽ ഏതു കാലത്തു് എന്നു് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ഇൻഡ്യയിൽനിന്നും തിരികെ പേർഷ്യയിൽ വന്ന മണി ശാപ്പോറിന്റെ കിരീടധാരണ (എ. ഡി 240 ഏപ്രിൽ 12-ാംനു) ത്തിൽ സംബന്ധിച്ചിരുന്നു

മണിയുടെ 24-ാമത്തെ വയസ്സിൽ (എ. ഡി. 240) അൽ-തോം എന്ന ആത്മാവു് രണ്ടാമതും മണിയിൽ പ്രവേശിച്ചു് തന്റെ തത്ത്വങ്ങൾ എല്ലാ രാജ്യങ്ങളിലും പ്രചരിപ്പിക്കുവാൻ ആഹ്വാനം ചെയ്തു് [2] കേംപ്റ്ററിക്കു് കേഫലായിയ എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു് അർദേഷ്യർ രാജാവിന്റെ മരണം കഴിഞ്ഞു് ശാപ്പോർ രാജാവായപ്പോൾ ഇൻഡ്യയിൽനിന്നും മണി പേർഷ്യയിൽ തിരികെ വന്നു. അവിടെനിന്നും ബാബിലോൺ, മെസീൻ, സൂസിയാന എന്നീ സ്ഥലങ്ങളിൽ മതപ്രചാരണാർത്ഥം പോയി എന്നാണു്. എന്നാൽ അൽ-യാക്കൂബി എന്ന അറബി ചരിത്രകാരൻ പറയുന്നതു് ശാപ്പോർ ഒന്നാമന്റെ ഭരണകാലത്താണു് മണി ഇന്ത്യയിലേക്കു പോയതു് എന്നാണു്. ശാപ്പോറിന്റെ [3] കിരീടധാരണത്തിനു ശേഷം, മണി രാജാവിനെ നേരിൽ കാണാൻ ചെന്നു. രാജാവിനോടു ഇന്ത്യയിലേക്കു് കപ്പലിൽ പോയതും തിരികെ വന്നകാര്യങ്ങളും പറയുന്നുണ്ടു്. ഇതിൽനിന്നും മനസ്സിലാകുന്നതു് ശാപ്പോറിന്റെ കാലത്തല്ല, മറിച്ചു് അതിനു മുൻപാണു് മണി ഇന്ത്യയിലേക്കു് പോകുന്നതു് എന്നാണു്. മേല്പറഞ്ഞ തെളിവുകൾ ഇവിടെ കൊടുക്കുന്നതിന്റെ പ്രധാന കാരണം, ഇന്ത്യയിൽ മണി വന്നതു് ശപ്പോർ രാജാവിന്റെ കാലത്താണെന്നു് ഇന്ത്യയിലെ ചില ചരിത്രകാരന്മാർ എഴുതിയിട്ടുള്ളതു ശരിയല്ല എന്നു വ്യക്തമാക്കാൻ വേണ്ടി മാത്രമാണു്.

മണിതന്നെ എഴുതിയ [4] 'മണിക്കൻ സങ്കീർത്തനത്തിൽ' മാർ തോമാശ്ലീഹാ ഇൻഡ്യയിൽവന്നു് സുവിശേഷം അറിയിച്ചിരുന്നു എന്നു് വ്യക്തമാക്കിയിട്ടുണ്ടു്. പക്ഷെ ഒരു മണിക്കയൻ [5] തോമാ ഇൻഡ്യയിൽ വന്നിരുന്നു എന്നു് ഒരു സങ്കല്പം ചില മലങ്കര സഭാചരിത്രകാരന്മാർ എഴുതിയിട്ടുണ്ടു്. പക്ഷേ ഇതു ശരിയായിട്ടുള്ള ഒരു വിവരണം അല്ല. കാരണം മണിയുടെ ശിഷ്യനായ തോമാ ഈജിപ്റ്റിലേക്കും മറ്റൊരു ശിഷ്യനായ ആദാസ്സ് ഷീത്യായിലേക്കും ആണു് പോയതു്. എന്നാൽ ആദ്ദ്മാൻ എന്ന ശിഷ്യൻ

www.malankaralibrary.com

www.knanayology.org

എ. ഡി. 276-നോട്ട് അടുത്തു് ദക്ഷിണ ഇൻഡ്യയിൽ വരികയുണ്ടായി സീത്യായിൽ മണിക്കയമത പ്രചരണാർത്ഥം പോയ മാർ ആദായിയുടെ കബറിടം ആണു് കാശ്മീരിൽ 'ബാരമുല്ല'യിൽ ഉള്ളതു് എന്നാൽ അഹമ്മദീയർ, ഈ കബറിനെ നസ്രാണികളുടെ ക്രിസ്തുവിൻെറതു് ആണെന്നു് സങ്കല്പിച്ച ഒരു കഥ പ്രചരിപ്പിച്ചിട്ടുണ്ടു്. (കൂടുതൽ വിവരങ്ങൾ, അഞ്ചാം അദ്ധ്യായത്തിൻെറ അവസാനഭാഗത്തു് കൊടുത്തിട്ടുണ്ടു്)

പേർഷ്യയിൽ തിരികെ എത്തിയ മണി തൻെറ മതം സ്ഥാപിക്കുന്നതിനുവേണ്ടി ഒരു തീവ്രയത്നം തന്നെ നടത്തി. ഈ യത്നത്തിൽ പേർഷ്യയുടെ രാജാവായിരുന്ന ശാപ്പോറിൻെറ സഹോദരൻ പീരുസ്സിനെ മണിക്കയെസത്തിലേക്കു ആകർഷിച്ചു. ഇതുമൂലം ശാപ്പോറിനെ കാണാൻ ഒരു അവസരം പീരുസ്സു്, മണിക്കു് സൗകര്യപ്പെടുത്തിക്കൊടുത്തു. സഹോദരനെ മണിക്കയിസത്തിൽ ചേർത്ത മണിയെ ദ്രോഹിക്കാൻ രാജാവു് ഒരു അവസരം നോക്കിക്കാത്തിരിക്കുകയായിരുന്നു. എന്നാൽ തോളുകളിൽ ജ്വലിക്കുന്ന വിളക്കുകളുടെ ശോഭയുമായി മുന്നോട്ടുവരുന്ന മണിയെ കണ്ട ശാപ്പോർ തൻെറ വൈരാഗ്യം പെട്ടെന്നു മറന്നു്, മണിയെ ഒരു പ്രധാന അതിഥിയായി സ്വീകരിക്കുകയാണു് ചെയ്തതു്. സാക്കു, സൈമൺ എന്നീ ശിഷ്യന്മാരും, പിതാവു് പത്താക്കും മണിയെ അനുഗമിച്ചിരുന്നു.

തോളുകളിലെ ശോഭയേറിയ വെളിച്ചം കണ്ട ശാപ്പോർ മണിയിൽ വിശ്വസിക്കുകയും, പേർഷ്യയിൽ തൻെറ മതം പ്രചരിപ്പിക്കുവാനുള്ള സർവ്വസ്വാതന്ത്ര്യം കൊടുക്കുകയും ചെയ്തു. പത്തു വർഷം സ്വതന്ത്രമായി പേർഷ്യയിൽ മണിക്കയിസം താൻ പ്രചരിപ്പിച്ചു. ഒരു സ്വതന്ത്രരാജ്യമായിരുന്ന മെസ്സീന എ. ഡി. 226-ൽ അർദേഷ്യർ രാജാവു് പിടിച്ചെടുത്തു് തൻെറ മകനായ മിർഹാഷിനെ അവിടത്തെ രാജ്യഭരണം ഏല്പിച്ചു. മണി മെസ്സീനിൽ മീർഹാഷിൻെറ കൊട്ടാരത്തിലും എത്തി മിർഹാഷു് ഭാര്യാസമേതം പ്രധാന പുരോഹിതനായ കെർദാറിനോടുകൂടി തൻെറ തോട്ടം നോക്കിനടന്നു് കണ്ടുകൊണ്ടിരിക്കുമ്പോഴാണു് മണി അവിടെ ചെല്ലുന്നതു്. രാജാവു് മണിയോടു് ഇതുപോലെ ഒരു പൂന്തോട്ടം താങ്കൾ പറയുന്ന സ്വർഗ്ഗത്തിൽ ഉണ്ടോ? എന്നു ചോദിച്ചു. അതിനു മണി മറുപടി പറയാതെ തൻെറ ദിവ്യശക്തികൊണ്ടു് സ്വർഗ്ഗത്തിലെ വെളിച്ചത്തെയും ദേവ

www.malankaralibrary.com

ന്മാരേയും ദേവലോകത്തിലെ പൂന്തോട്ടങ്ങളേയും കാണിച്ചു കൊടുത്തു. മീർഹാഷ് അത്ഭുതപ്പെട്ടു് അസ്തപ്രജ്ഞനായി താഴെ വീണു, പിന്നെയും ദേവലോകം മൂന്നു മണിക്കൂറുകളോളം കാണുകയുണ്ടായി. അതിനുശേഷം മണി തൻെറ കൈ മീർഹാഷിൻെറ തലയിൽ വച്ചു, അതോടുകൂടി ബോധം വീണ്ടുകിട്ടിയ രാജാവു് മണിയുടെ കാൽക്കൽ വീണു് അദ്ദേഹത്തിൻെറ വലതു് കൈയിൽ ബലമായി പിടിച്ചു് ക്ഷമായാചനം ചെയ്തു.

മിർഹാഷും മണിക്കായസത്തിൽ ചേർന്നതോടുകൂടി, കെർദാർ തുടങ്ങിയ മാഗ്ഗിപുരോഹിതന്മാർ മണിയുടെ ബദ്ധവിരോധികളായി അതിനാൽ അവർ മണിയെ രാജസന്നിധിയിൽവെച്ചു് ഒരു ശക്തി പരീക്ഷണത്തിനായി വെല്ലുവിളിച്ചു. ആ പരീക്ഷണത്തിൽ മണി തോൽക്കുകയുണ്ടായി. ഇതുമൂലം പത്തു വർഷത്തോളം മണിക്കായസത്തിൽ വിശ്വസിച്ചിരുന്ന ശാപ്പോർ മണിയുടെ ബദ്ധവൈരി ആയിത്തീർന്നു. മണിയെ പിടിച്ചു കൊല്ലുവാനായി രാജാവു് കല്പന കൊടുത്തു. പക്ഷേ അതിനകം മണി രക്ഷപ്പെട്ടു് ബാബിലോണിലേക്കു് കടന്നു കളഞ്ഞു. ബാബിലോണിലും മാഗ്ഗിയരുടെ എതിർപ്പുകൾ ഉണ്ടായപ്പോൾ മെദ്യാ, പാർത്ഥ്യാ, കൊറസ്സാൻ, ചൈന എന്നീ രാജ്യങ്ങളിലേക്കു് പോയി തൻെറ മതതത്വങ്ങൾ പ്രചരിപ്പിച്ചു്. ചൈനയിൻ മണിപോയതു് ശാപ്പോറിൻെറ കാലത്താണു്. 12 ശിഷ്യന്മാരെയും 72 ബിഷപ്പുമാരെയും 360 സുവിശേഷകരേയും മണി ചൈനയിലെ മണിക്കായ സഭയിൽ നിയമിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടു്.

എ. ഡി. 270-ൽ ശാപ്പോർ ഒന്നാമൻ ദിവംഗതനായി പകരം മകൻ ഹോർമസ്സ്ദ് രാജാവായി സ്ഥാനം ഏററു ഈ സമയം മണി തൻെറ അനുയായികളുടെ നിർദ്ദേശ പ്രകാരം പേർഷ്യയിൽ തിരികെ വന്നു. ഹോർമസ്സ്ദിനെ മുഖം കാണിച്ച മണിക്കു്, തൻെറ മതം പേർഷ്യയിൽ പ്രചരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം പിന്നെയും കിട്ടി. പക്ഷെ ഒരു വർഷം മാത്രം രാജ്യം ഭരിച്ചശേഷം ഹോർമസ്സ്ദ് എ. ഡി. 271-ൽ മരണമടഞ്ഞു. പിൻഗാമിയായി ബഹറാം ഒന്നാമൻ രാജ്യഭാരം ഏറെറടുത്തു ബഹറാം രാജ്യഭാരം ഏൽക്കുമ്പോൾ മണി ബാബിലോണിൽ ആയിരുന്നു ബാബിലോണിൽ നിന്നു, തിഗ്രീസ്സ് നദിയിൽകൂടി താഴോട്ടു് മെസ്സീനിലേക്കു വന്നു

www.malankaralibrary.com

മണിയെ ബഹറാം രാജാവിന്റെ ഉത്തരവിൻപ്രകാരം ഇടയ്ക്കു വെച്ച് തടഞ്ഞുനിർത്തുകയുണ്ടായി. സസ്സാനിദ് രാജവംശത്തിന്റെ ശത്രുക്കളായിരുന്ന പാർത്ഥ്യ രാജവംശത്തിലെ ഒരു രാജകുമാരനായ അർദ്ധബാനുവിനെ മണിക്കേയസത്തിലേക്കുള്ള പ്രവേശനം രാഷ്ട്രീയമായ ഏതോ ഗൂഢാലോചനയുടെ ഫലമാണെന്ന് രാജാവിനെ മാഗ്ഗി പുരോഹിതവർഗ്ഗം ഏഷണിപ്പെടുത്തിയതുകൊണ്ടാണ് മണിയുടെ പേർഷ്യയിലെ സഞ്ചാരസ്വാതന്ത്ര്യം വിലക്കപ്പെട്ടത്. തിഗ്രീസ്സ് നദിയിൽക്കൂടിയുള്ള യാത്ര തന്റെ അവസാനത്തെ യാത്രയായിട്ടാണ് മണി കണ്ടത്. അപ്രകാരം അദ്ദേഹം അനുയായികളോട് പറയുകയും ചെയ്തു. പേർഷ്യാ രാജാക്കന്മാരുടെ ഒരു സുഖവാസസ്ഥലമായ ബേലപ്പാട്ടിലേക്ക് (ബേയ്'ത്'ലാഫററിലേക്ക്) രണ്ടുപേരും ചെല്ലുവാൻ ബഹറാമിൽനിന്നും ആജ്ഞയുണ്ടായി. അതിൻപ്രകാരം മണി ടെസ്റ്റുസിഫോണിൽനിന്നും ബേലപ്പാട്ടിലേക്ക്, തന്റെ പ്രധാന ശിഷ്യനായ ആമ്മോനും, പാർത്ഥ്യ രാജകുമാരനായ അർദ്ധബാനും (ബാത്തും) ഒരുമിച്ച് യാത്രയായി. മണിക്ക് ഉൽഭയം ഉണ്ടായിരുന്നെങ്കിലും വളരെ മോടിയായിത്തന്നെ രാജസന്നിധിയിലേക്ക് തിരിയെപ്പോയി. പക്ഷെ കെർദാർ എന്ന മഹാപുരോഹിതന്റെ ഗൂഢാലോചനയുടെ ഫലമായി ബഹറാം വളരെ കോപിഷ്ഠനായിട്ടാണ് മണിയോടു പെരുമാറിയത്. മണിയെ നിഗ്രഹിക്കാൻതന്നെ രാജാവു നിശ്ചയിച്ചുറച്ചിരുന്നു. മണിക്ക് മരണശിക്ഷ കൊടുക്കാൻ മതിയായ കാരണങ്ങൾ ഇല്ലാതിരുന്നതുകൊണ്ട്, മറ്റു കാരണങ്ങൾ കണ്ടുപിടിച്ച് മണിയെ ജയിലിലിലടക്കുകയാണ് ചെയ്തത്.

ടെസ്റ്റുസിഫോണിൽനിന്നും ബേലപ്പാട്ടിലേക്ക പോകുന്ന വഴിയിൽവച്ച മണിയെ അനുഗമിച്ചിരുന്ന അർദ്ധബാനും ആമ്മോനും പിൻവാങ്ങുകയും അവർ ചോരസ്സാനിലേക്ക ഓടിപ്പോകുകയും ആണ് ചെയ്തത്. പാർത്ഥ്യരാജകുമാരന്റെ പേര് അർദ്ധബാനു എന്നാണെങ്കിലും, പാർത്ഥ്യഭാഷയിൽ, പ്രധാനി അല്ലെങ്കിൽ യുവരാജാവ് എന്നർത്ഥം വരുന്ന 'ബാത്ത്'' എന്നാണ് പൊതുവെ രാജകുമാരൻ അറിയപ്പെട്ടിരുന്നത് അർദ്ധബാനു ഒരു കലാകാരനും, എഴുത്തുകാരനും കൂടിയായിരുന്നു കുസ്സാനിലെ കാവൽക്കാരന്റെ അനുവാദത്തോടുകൂടി ചോരസ്സാനിൽ ഗോഖായ് തുറമുഖത്ത് അവർ ഇറങ്ങുന്നതായിട്ടാണ് പുരാണരേഖകളിൽ എഴുതിയിരിക്കുന്നത്. ഗോഖയിൽ എത്തിയ ആമ്മോനും ബാത്തിനും ചോരസാനിലെ ചക്രവർത്തിയായ

കണ്ടികന്റെ കസ്സാനിലെ കാവൽക്കാരൻ ബഗ്ദാദ് ആദ്യം അവക്ക് പ്രവേശനം നിഷേധിക്കുന്നുണ്ട്, (മാർ ആദ്മാന്റെ ചരിത്രം പിന്നാലെ കൊടുക്കുന്നതാണ്) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ബഹറാമിന്റെ മുന്നിൽ എത്തിയ മണിയോട് രാജാവ് ചോദിക്കുന്നത് 'ഞങ്ങളുടെ നിയമം വിട്ടിട്ട് നിന്റെ നിയമം സ്വീകരിക്കാൻ, നീ എന്തു നിയമമാണു ബാന്തിനെ ഉപദേശിക്കുന്നത്? എന്നാണ്. ഇതിനു മറുപടിയായി മണി തന്റെ മുൻകാല ചെയ്തികളെപ്പററിയും ശാപ്പൂർ, ഹോർമസ്സ്ദ് എന്നീ രാജാക്കന്മാർ തന്നെ സഹായിച്ച വിവരങ്ങളും പറഞ്ഞുകൊണ്ടു രാജാവിനോട് വിനീതനായി താൻ 'എന്തു തെററു ചെയ്തു' എന്നു ചോദിച്ചു. പക്ഷെ ബഹറാമിനു യാതൊരു മാററവും ഉണ്ടായില്ല. ഒരു ഭിഷഗ്വരനും, മാന്ത്രികനും എന്ന നിലയിൽ മണി മാഗ്ഗി പുരോഹിതന്മാരോട് തോൽക്കുകയാലും, മണി രാജാവിന്റെ മുമ്പിൽ എത്തുന്നതിനു കുറച്ചു മുൻപ് രാജാവിന്റെ സഹോദരി മരിച്ചതു ഒരു ദുഃശകുനമായി കണക്കാക്കിയും, മണിയെ ജയിലിലടക്കാൻ രാജാവു ഉത്തരവിട്ടു. മാന്ത്രിക ശക്തിയുള്ള മണി രക്ഷപ്പെട്ടുപോകുമോ എന്നു ഭയന്നു, മണിയുടെ കാലിൽ വളരെ ഭാരമുള്ള ഇരുമ്പു ചങ്ങല ഇട്ടു ബന്ധിച്ചിരുന്നു. ഒരു ഞായറാഴ്ചയാണു ബേലപ്പാട്ടിൽ മണി എത്തിയത്. തിങ്കളാഴ്ച കുററാരോപണം നടത്തി ജയിലിൽ അടച്ചു 26 ദിവസം ജയിലിൽ കിടന്ന് കഷ്ടത അനുഭവിച്ച് മണി എ. ഡി. 274, മാർച്ചുമാസം 2-ാം തീയതി 58-ാംമത്തെ വയസ്സിൽ മരണമടഞ്ഞു.

മണി ജയിലിൽവെച്ചു മരിച്ചെങ്കിലും, രാജാവിന് അയാളുടെ അത്ഭുതസിദ്ധിയിൽ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടു മരണം സുനിശ്ചിതമതമാക്കാൻവേണ്ടി കാവൽക്കാരെകൊണ്ടു മണിയുടെ ശിരസ്സു ശരീരത്തിൽ നിന്നും വെട്ടി വേർപെടുത്തുകയുണ്ടായി. കൂടാതെ ശരീരത്തിന്റെ തൊലി ഉരിഞ്ഞു അതിൽ വൈക്കോൽ നിറച്ച് കൊട്ടരത്തിന്റെ പ്രധാന കവാടത്തിൽ കെട്ടിത്തൂക്കി, ശരീരം അഴുകുന്നതുവരെ മറവുചെയ്യാതെ ഇടുകയും ചെയ്തു.

മണി മരിക്കുമ്പോൾ ഉസ്സി എന്ന ശിഷ്യനും മററു രണ്ടുപേരും കൂടെ ഉണ്ടായിരുന്നു. ജയിലിൽവെച്ചു സിസ്സനിസ്സിനെ തന്റെ പിൻഗാമിയായി പട്ടംകൊടുത്തു നിയമിക്കുകയും തന്റെ ഉടയാടയായ വെളുത്ത കുപ്പായം സിസ്സനിസ്സിനെ അണിയിക്കുകയും ചെയ്തു. മണി

www.malankaralibrary.com
www.knanayology.org

മരിച്ചു കഴിഞ്ഞു അദ്ദേഹത്തിന്റെ കൈ ഒരു പൂജ്യ വസ്തുവായി സൂക്ഷിക്കുവാൻ വേണ്ടി കൂടെയുണ്ടായിരുന്ന അനുയായികൾ വെട്ടിയെടുക്കുകയുണ്ടായി. മണിയുടെ മരണത്തെ തന്റെ അനുയായികൾ മണിയുടെ നിർവ്വാണം ആയിട്ടാണ് കരുതുന്നതു്. മണി ഇൻഡ്യയിൽ തങ്ങിയ കാലത്തു് കിട്ടിയ ബുദ്ധമത തത്വമാണ് ഇതു്. മണി നിർവ്വാണം സ്വീകരിച്ചു്, പരിനിർവ്വാണത്തിലേക്കു് പ്രവേശിച്ചിരിക്കുന്നു എന്നു് സങ്കല്പിക്കുന്ന കീർത്തനങ്ങൾ അനുയായികൾ പിന്നീടു് നിർമ്മിക്കുകയുണ്ടായി. മണിയുടെ മരണദിവസം എല്ലാ ആണ്ടിലും പെരുന്നാളായി, മാണിക്കായ വിശ്വാസികൾ കൊണ്ടാടിയിരുന്നു. ഈ പെരുന്നാളിനു് 'ബേമാ' പെരുന്നാൾ എന്നാണ് പറയുന്നതു്. മണിയുടെ പിൻഗാമിയായി തിരഞ്ഞെടുത്ത സിസ്സിനിസ്സിനു് മണിയുടെ സുവിശേഷം, ചരിത്രരചന കൂടാതെ വലത്തെ കൈയ്യും ഉപ്പിട്ടു് ഏല്പിച്ചു് കൊടുക്കുകയുണ്ടായി. മണിയുടെ സുവിശേഷങ്ങളിൽ 22 അദ്ധ്യായം ഉണ്ടായിരുന്നു ഇതിൽ മണിയുടെ തത്വങ്ങൾ അദ്ദേഹം തന്നെ കൈകൊണ്ടെഴുതിയതാണ്. ചിത്രരചനയിൽ കൂടെയും തന്റെ തത്വങ്ങൾ വിശദീകരിച്ചിരുന്ന ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു.

ചീന ഗ്രന്ഥങ്ങളിൽ കൊടുത്തിരിക്കുന്ന മണിയുടെ ജനന മരണ കാലഗണന പ്രകാരം ആണ് മണിയുടെ കാലം എ. ഡി. 216–274 വരെയാണെന്നു് ഇതിൽ കൊടുത്തിരിക്കുന്നതു്. ചില ചരിത്രകാരന്മാർ മണിയുടെ മരണം എ. ഡി. 275 ലൊ 277ലൊ ആയിരുന്നു എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ടു്. മണിയെ മരണത്തിനു വിധിച്ച ബഹറാം ഒന്നാമൻ എ. ഡി. 274 ജൂലായ് മാസം മരണമടയുകയുണ്ടായി. മണി മരണം അടഞ്ഞ ബെയ്ത്‌ലാഫറദ് അഥവാ 'അറിവിന്റെ നാടു്' എന്നറിയപ്പെടുന്ന സ്ഥലം പിൽക്കാലത്തു് ജൻഡിഷാപ്പൂർ എന്നു് അറിയപ്പെട്ടിരുന്നു.

## Prayers Addressed to Mani.

We worship ihee, the judge,
the Paracleie, we bless thy Bema
whereon thov art seated.
Thou didst come in peaces. o Spirit of
Truth, the Paraclete, whom Jesus sent;
thou didst come in peace, new sun
of the souls of men; thou didst bome

www.malankaralibrary.com

in peace, our Lord Mani. Weworship thy Bema and thy new covenant.

Ref : MANI by Ort, page 246.

## മണിയുടെ തത്വങ്ങൾ (Doctrines)

താഴെ പറയുന്ന സംഗതികൾ A. V. W Jackson എഴുതിയ 'Studies in Manichaeism' എന്ന ഗ്രന്ഥത്തിൽ നിന്നും സംഗ്രഹിച്ച് എടുത്തതാണ്.

സാരതുസ്ത്ര, ബുദ്ധൻ, ക്രിസ്തു എന്നീ അവതാരപുരുഷന്മാരുടെ പിൻഗാമിയായിട്ടാണ് മണി ലോകത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഇരുട്ടിന്റെയും, തിന്മയുടെയും, ശരീരത്തിന്റെയും ദൈവവും (അഹിർമാൻ); വെളിച്ചത്തിന്റെയും, നന്മയുടേയും, ആത്മാവിന്റേയും മറെറാരു ദൈവവും (ഓർമസ്ദ്) ഉണ്ടെന്നുള്ള സൌരാഷ്ട്രമത തത്വമാണ് മണി മണിക്കേയസ്സത്തിലും പ്രധാനമായി സ്വീകരിച്ച തത്വം. ക്രിസ്തുമതത്തിലെ ബാഹ്യചടങ്ങുകൾ മാത്രമേ മണി തന്റെ മതത്തിലേക്ക് സ്വീകരിച്ചിട്ടുള്ളു. അതായത് കുമ്പസാരം, കുരിശുവരണം, മാമ്മോദീസാ (കൈതലയിൽവെയ്ക്കുക എന്ന ചടങ്ങ്മാത്രം) വിശുദ്ധവേദങ്ങൾ പള്ളിയിൽ വായിക്കുക എന്നിപ്രകാരമുള്ള ചടങ്ങുകൾ. കുർബ്ബാനയ്ക്ക് മണിക്കേയസ്സത്തിൽ വലിയ സ്ഥാനമില്ല. അറിവിന്റേയും, ജ്ഞാനത്തിന്റേയും ഉപദേശങ്ങൾ കൊടുക്കുക, പ്രാർത്ഥിക്കുക, കീർത്തനങ്ങൾ ആലപിക്കുക, എന്നീ കർമ്മങ്ങളാണ് കുർബ്ബാനയ്ക്ക് പകരം ഏർപ്പെടുത്തിയ ചടങ്ങുകൾ. മണിക്കേയമതക്കാർ ക്രിസ്ത്യാനികളെപ്പോലെ നോയമ്പു നോൽക്കുകയും (ഒരു ചാന്ദ്രമാസം) അവസാന ദിവസം പെരുന്നാളായി ആഘോഷിക്കുകയും ചെയ്യുന്നു. ഈ പെരുന്നാൾ മണിയുടെ പരിനിർവ്വാണത്തിന്റെ ഓർമ്മയെ കൊണ്ടാടുന്ന 'ബെമ, പെരുന്നാൾ ആണ്.

ബുദ്ധമതത്തിൽ നിന്നും നിർവ്വാണം, പരിനിർവ്വാണം എന്നീ തത്വങ്ങളാണ് മണി തന്റെ മതത്തിലേക്ക് സ്വീകരിച്ചത് മനുഷ്യൻ ജനിച്ചാൽ വീണ്ടും ജനിക്കാൻ പാടില്ല. അതുകൊണ്ട് ജനന പ്രക്രിയ നടത്തുന്നതുതന്നെ പാപമാണെന്ന് മണി പഠിപ്പിച്ചു. ഇതിനായി ലൈംഗിക വേഴ്ചയിൽ നിന്നും ഒഴിഞ്ഞു നിൽക്കാൻ മണി തന്റെ അനുയായികളെ ഉപദേശിച്ചിരുന്നു. കൃഷി ചെയ്ത് പുതിയ

www.malankaralibrary.com

ചെടികൾ മുളപ്പിക്കുന്നതു് പോലും പാപമായി മണിക്കയമതക്കാർ കരുതുന്നു. മണി തന്റെ ശിഷ്യന്മാരെ ഉപദേശിച്ചതു് ഏതു ദേശത്തുപോയാലും ഒരു വ്യാപാരിയെപ്പോലെ ജീവിക്കുക എന്നാണു്. മേൽപ്പറഞ്ഞ തത്വങ്ങൾ ജൈനമത വേദങ്ങളിൽനിന്നും പകർത്തിയതാണു്. സാരതുസ്തൃയും, ക്രിസ്തുവും, ബുദ്ധനും ഇനിയൊരു ജന്മം ഈ ലോകത്തിൽ എടുക്കാതെ മരിച്ചുപോയ അവതാര പുരുഷന്മാർ ആയിരുന്നു എന്നാണു് മണിക്കയമതക്കാർ വിശ്വസിക്കുന്നതു്.

മണി തന്റെ അനുയായികളെ പിശാചുക്കളേയും, ദേവന്മാരെയും, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങിയവ ഒക്കെയും വന്ദിക്കാൻ നിർബന്ധിക്കുന്നുണ്ടു്. താൻ സൂര്യനാണെന്നും അനുയായികൾ അതിന്റെ കിരണങ്ങളാണെന്നും മണി പഠിപ്പിച്ചു. ജ്യോതിശാസ്ത്രപരമായി ഭൂമി വടക്കോട്ടു ചരിഞ്ഞ ഒരു പരന്ന പാത്രം പോലെയാണെന്നും, നന്മയുടെ ദൈവമായ ഓർമസ്ദ് വടക്കുനിന്നും വരുമെന്നാണു് മണി പഠിപ്പിക്കുന്നതു്. വടക്കോട്ടു് ധ്രുവനക്ഷത്രത്തെ ദർശനമായിട്ടാണു് മണിക്കയ മതക്കാർ പ്രാർത്ഥിക്കുന്നതു്.

അടുത്തായി മണിക്കയസഭയുടെ കെട്ടുറപ്പിന്റെ പ്രധാന സംഗതികൾ ഇവിടെ കുറിച്ചു കൊള്ളുന്നു.

ഒന്നാമത്തെ കാരണം മണി എഴുതിയ ഗ്രന്ഥങ്ങളാണു്. ആകെ ഒൻപതു ഗ്രന്ഥങ്ങൾ മണി എഴുതിയിട്ടുണ്ടു്. അതിൽ പ്രധാനമായവ മണിയുടെ സുവിശേഷം, ലേഖനങ്ങൾ, ചിത്രരചന മുതലായവയാണു് മണി തന്റെ മതം എവിടെയെല്ലാം പ്രചരിപ്പിച്ചുവോ അവിടെയെല്ലാം ഒരു അനുയായിയെ തന്റെ ഗ്രന്ഥങ്ങളുടെ പകർപ്പുകൾ സഹിതം നിർത്തിയിട്ടു മാത്രമേ ഇനിയൊരു സ്ഥലത്തേക്കു പോകുകയുള്ളു മണി എഴുതിയ ഗ്രന്ഥങ്ങൾ എല്ലാരാജ്യത്തും ഉണ്ടു്. അവ സഭകൾ പ്രത്യേകം സൂക്ഷിക്കണമെന്നു് അദ്ദേഹത്തിനു് നിർബന്ധമായിരുന്നു.

മറ്റൊരു പ്രധാന നിയമം എല്ലാ ദേശങ്ങളിലും 12 ശിഷ്യന്മാരേയും 72 ബിഷപ്പുമാരേയും 360 അറിയിപ്പുകാരേയം വാഴിച്ചു് നിയമിക്കുക എന്നുള്ളതാണു്. ഇന്ത്യയിലായാലും ചൈനയിലായാലും പേർഷ്യയിലായാലും ഈ എണ്ണം നിലനിർത്തിയിരുന്നു. മൂന്നാം

www.malankaralibrary.com

www.knanayology.org

നൂററാണ്ടിൽ സ്ഥാപിച്ച സഭയും, നാലാം നൂററാണ്ടിലെ സഭയും ഈ ക്രമം കൃത്യമായി പാലിച്ചിരുന്നു. ഇന്ത്യയിൽ ചോളമണ്ഡലത്തിൽ നിന്നും (എ. ഡി. 293ൽ) 72 പുരോഹിതന്മാരുടെ നേതൃത്വത്തിലാണ് വെള്ളാള ചെട്ടികൾ (മണിക്കയ മതക്കാർ) തെക്കൻകേരളത്തിലേക്ക് കുടിയേറിയത്. എ ഡി. 345-ൽ മലങ്കരയിൽ കുടിയേറിയ ക്നായി തൊമ്മനും കൂട്ടരും 72 പുരോഹിതന്മാർ അടങ്ങിയ 400 അംഗങ്ങൾ ഉണ്ടായിരുന്നു. (ചരിത്രം പിന്നാലെ)

സഭയിലെ നേതാക്കന്മാരെ അനുസരിക്കുകയും നിയമങ്ങൾ പാലിക്കുകയും ചെയ്യണമെന്ന് മണിക്കയർ സഭയിൽ നിർബന്ധം ഉണ്ടായിരുന്നു. നിയമം ലംഘിക്കുന്നവരെ കഠിനമായി ശിക്ഷിച്ചിരുന്നു മത്സ്യവും, മാംസവും, വീഞ്ഞും വർജ്ജിക്കണമെന്നും, ലൈംഗിക ബന്ധത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കണമെന്നുമായിരുന്നു അവരുടെ നിയമം പുരോഹിതന്മാർ അവിവാഹിതർ ആയിരിക്കണമെന്ന് മണി കർശനമായി കല്പിച്ചിരുന്നു. എന്നാൽ സാധാരണക്കാർ ഏക ഭാര്യത്വമുള്ളവർ ആയിരിക്കുവാൻ അനുവദിച്ചിരുന്നു.

ആദിമ ക്രിസ്തുസഭയിലെ ഒരു പുണ്യവാനായ, വി. അഗസ്റ്റിൻ (എ ഡി. 354-497) ഒമ്പതു വർഷം ഒരു മണിക്കയൻ ആയിരുന്നു. അദ്ദേഹം മണിക്കയിസ്സം ഉപേക്ഷിച്ച് ക്രിസ്തുമതത്തിലേക്ക വന്നപ്പോൾ, പുരോഹിതന്മാർ വിവാഹിതർ ആകരുതെന്ന നിയമവുംകൂടി കൊണ്ടുവരികയുണ്ടായി. മണിക്കയൻ സഭയിൽ സ്ത്രീകൾക്ക് പുരുഷന്മാരെപ്പോലെതന്നെ സ്ഥാനവും വിലയുമുണ്ടായിരുന്നു.

മണിക്ക പ്രത്യേകമായുണ്ടായിരുന്ന ശക്തിയാണ് 'വായുവിൽ പറക്കുക' എന്നുള്ളത്. തന്റെ ശിഷ്യന്മാരെ ഈ പറക്കുന്ന വിദ്യ പഠിപ്പിച്ചിരുന്നു. ആദാ എന്ന ശിഷ്യൻ മണിയെപ്പോലെ തന്നെ വായുവിൽ സഞ്ചരിച്ചിരുന്നു. കൂടാതെ മണി തന്റെ അത്ഭുതശക്തിയാൽ മരിച്ചവരെ ഉയർത്തുകയും; ഒരു ഭിഷഗ്വരൻ എന്ന നിലയിൽ എല്ലാ ദീനങ്ങളും മണി സൌഖ്യമാക്കിയിരുന്നു പശുവിൻ പാൽ തൈര്, വെണ്ണ, മൂത്രം, ചാണകം, എന്നീ പഞ്ചഗവ്യം സർവ്വരോഗത്തിനും ഉള്ള മണിയുടെ മരുന്ന് ആയിരുന്നു. സൌരാഷ്ട്രമതത്തിന് നാൽക്കാലികളിൽ 'പശു' ഒരു പുണ്യ ജീവിയാണ്. അതിന്റെ മൂത്രം എല്ലാ അശുദ്ധികളേയും മാറ്റാൻ പര്യാപ്തമായി ഗണിച്ചിരുന്നു.

www.malankaralibrary.com

മണി ധരിച്ചിരുന്ന പുറംകുപ്പായം ശുഭ്രമായ വെണ്മയേറിയ ളോഹയായിരുന്നു. കൂടാതെ വലതുകയ്യിൽ ഒരു വടിയും (എബണി) ഇടതുകയ്യിൽ ബാബിലോൺ ബൈബിളും എപ്പോഴും കാണാം. മണി തന്നെ വരച്ച അർഢാങ്ങ് എന്ന ചിത്രങ്ങൾ അടങ്ങിയ ഗ്രന്ഥത്തിന്റെ പകർപ്പുകൾ എല്ലാ ദേശങ്ങളിലും കൊടുത്തയച്ചിരുന്നു. ഒരു ഗുഹയിൽ ഒരു വർഷം മുഴുവനും ഏകാന്ത ജീവിതം നയിച്ചാണ് മണി ഈ ചിത്ര ഗ്രന്ഥം എഴുതിയുണ്ടാക്കിയത്. മണിക്കേയമതം പ്രചരിപ്പിക്കുന്നതിനുള്ള പ്രധാന ഉപാധികൾ മണിയുടെ ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുക, കൂടാതെ മണിക്കേയൻ സമൂഹത്തെ എല്ലാ സ്ഥലങ്ങളിലും സ്ഥാപിക്കുക എന്നുള്ളതും ആയിരുന്നു. ഇതിനുവേണ്ടി ഏതു രാജ്യത്തുപോയാലും ആ രാജ്യത്തെ ഭാഷ വശമാക്കണമെന്ന് മണി തന്റെ ശിഷ്യന്മാരോട് ഉപദേശിക്കുകയും, മണിക്കേയ ഗ്രന്ഥങ്ങൾ എല്ലാഭാഷകളിലേക്കും തർജ്ജിമ ചെയ്യുകയും ചെയ്തിരുന്നു. മററ മതങ്ങൾ അവരുടെ സ്ഥാപകരുടെ മരണത്തോടുകൂടി നശിച്ചുപോയതിന്റെ കാരണം അവരുടെ തത്വങ്ങൾ എഴുതിയ ഗ്രന്ഥങ്ങൾ ഇല്ലാതെ പോയതിനാലാണെന്ന് സങ്കല്പിച്ച് മണി തന്റെ തത്വങ്ങൾ എല്ലാ ഭാഷകളിലും പല പുസ്തകങ്ങളിലായി എഴുതി എല്ലാ സഭകളിലും സൂക്ഷിക്കുവാൻ നിർബന്ധിച്ചിരുന്നു. ലോകാവസാനത്തോളം തന്റെ സഭ നിലനിൽക്കണമെന്നുള്ള വിശ്വാസത്തിലാണ് ഇപ്രകാരം നിർബന്ധിച്ചിരുന്നത്. എന്നാൽ ഈ സങ്കല്പം അസ്ഥാനത്തായിപ്പോയി. എ ഡി 600-ാമാണ്ടോടുകൂടി മണിക്കെയിസം ഇല്ലായ്മ ആയി. സൌരാഷ്ട്രമതവും ക്രിസ്തുമതവും യഹൂദരും മണിക്കെയരെ നശിപ്പിക്കുവാൻ ഒരുപോലെ യത്നിച്ചു.

മററ മതങ്ങൾക്ക് മണിക്കേയമതത്തോട് വെറുപ്പുണ്ടാകാനുള്ള പ്രധാന കാരണം 'നരബലി' ഇവർ വളരെ രഹസ്യമായി നടത്തിയിരുന്നു എന്നതാണ്. അതിനാൽ മണിയുടെ കാലശേഷം അർമ്മീനിയായിൽ ഉണ്ടായിരുന്ന മണിക്കേയരുടെ നെററിയിൽ[2] ചെന്നായുടെ തലയുടെ രൂപം പച്ച കൊത്തിച്ചിരുന്നു. മറെറാരു കാരണം താൻ ക്രിസ്തുവിനുശേഷം ലോകത്തിൽ വന്ന അവസാനത്തെ പ്രവാചകനാണെന്നു പറഞ്ഞ് ലോകത്തെ തെററിദ്ധരിപ്പിച്ചു. കൂടാതെ ക്രിസ്തുവിന്റെ മരണത്തിനുമുൻപ് വാഗ്ദാനം ചെയ്തിരുന്ന പാറക്ളീത്താ താൻ ആണെന്നു സ്വയം പറഞ്ഞു കബളിപ്പിക്കുകയും ഉണ്ടായി. ഈ തത്വം തന്നെയാണ് അറേബ്യയിൽ 7-ാം നൂററാണ്ടിൽ പ്രവാചക

www.malankaralibrary.com

നായി വന്ന മഹമ്മദും സ്വീകരിച്ചതു്. താൻ അവസാനത്തെ നബി യാണു്. ഇനിയൊരു പ്രവാചകൻ ലോകത്തിൽ വരികയില്ലെന്നു മഹമ്മദുനബിയും പഠിപ്പിച്ചു.

Holy Quran. Surah 33.40
'Mohamed is not the father of any man
among you, but he is the messenger of Allah
of the seal of Prophets, and
Allah is aware of all things.'

മേൽപ്പറഞ്ഞതുപോലെ മണിയുടെ സുവിശേഷത്തിൽ പറയുന്നതു് ഇപ്രകാരമാണു്.

He is the Paraclete which the Messiah (i. a. Jesus) has preached before and that he is the seal of the Prophets.'

Ref : Mani, by Ort. page 14.

പക്ഷേ മണിക്കയിസ്സം ക്രിസ്തുമതത്തിനു് ചെയ്തഏററവും വലിയ ക്ഷതം, ക്രിസ്തുസഭയിലൂടലെടുത്ത (അഞ്ചാം നൂററാണ്ടിൽ) നെസ്തോറിയനിസ്സം ആണു് നെസ്തോർ പഠിപ്പിച്ചിരുന്നതു് ക്രിസ്തുവിനു് മനുഷ്യത്വവും ദൈവികത്വവും എന്ന രണ്ടുസ്വഭാവങ്ങൾ ഉണ്ടെന്നാണു്. ഈ ഇരു സ്വഭാവവാദം കൂടാതെ, കന്യകമറിയം ക്രിസ്തുവിൻെറ മാതാവാണു്, ദൈവമാതാവു് അല്ല എന്നും നെസ്തോർ വാദിച്ചിരുന്നു. കുസ്തന്തിനോസ്സു് പോലീസ്സിലെ പാത്രിയർക്കീസ്സായിരുന്ന നെസ്തോറിൻെറ നേതൃത്വത്തിൽ പേർഷ്യാസഭയിൽ നെസ്തോറിയനിസ്സം പടർന്നു പന്തലിച്ചു. അതു് മലങ്കരയിലും സ്വാധീനം ചെലുത്തിയിരുന്നു മണി ക്രിസ്തുവിനെ ഒരു മനുഷ്യനായിട്ടാണു് കാണുന്നതു്. ക്രിസ്തുവിൻെറ ക്രൂശുമരണം സാങ്കല്പികമാണെന്നു് മണി പഠിപ്പിച്ചിരുന്നു. മണിക്കയ സഭയിലെ പുരോഹിതന്മാർ മരിക്കുമ്പോൾ വടക്കോട്ടു് ദർശനമായി ഇരുത്തിയാണു് അടക്കുന്നതു്.

'സംഘം' കാലത്തു്, ചേരനാട്ടുവാഴികളിൽ ആർക്കെങ്കിലും പോർക്കളത്തിൽവെച്ചു്, ശത്രുവിൻെറ ആയുധം കൊണ്ടു്, ശരീരത്തിൻെറ പുറഭാഗത്തു് വെട്ടേൽക്കുകയാണെങ്കിൽ, അവർക്കു് അതിൽപരം അപമാനകരമായ മറ്റൊന്നില്ലായിരുന്നു. ഇതിനു് പ്രായശ്ചിത്തം എന്ന പോലെ ഉടവാൾ (വേൽ) കൈയ്യിലേന്തി വടക്കോട്ടു്

www.malankaralibrary.com

www.knanayology.org

ദർശനമായി ഇരുന്ന് (വടക്കിരുത്തി), നിരാഹാരവ്രതം അനുഷ്ഠിച്ച്, വീരമൃത്യുപ്രാപിക്ക എന്നൊരു ചടങ്ങ് അവർ കൈക്കൊണ്ടിരുന്നു ഈ ആചാരം ഇൻഡ്യയിൽ പൊതുവെ, ജൈന അരചന്മാർ പാലിച്ചിരുന്നു. വടക്കേ ഇൻഡ്യയിൽ ചന്ദ്രഗുപ്തമൗര്യയും, ചേരനാട്ടിൽ ഉതിയൻ ചേരലാതനും ഇപ്രകാരം വീരമൃത്യുപ്രാപിച്ച അരചന്മാരാണ്.

മണി, ചേരനാട്ടിലെ തന്റെ വാസകാലത്ത്, ജൈന അരചന്മാരുടെ 'വടക്കിരുത്തി' ആചാരം തന്റെ മതത്തിലേക്ക് പകർത്തിയെടുത്തതാകാനാണ് സാധ്യത. മണിക്കയമതത്തിന്റെ ഈററില്ലം തന്നെ, തൊണ്ടി നാട്ടിൽ കാഞ്ചിപുരം ആണ്. ഇപ്രകാരം മണിക്കയപുരോഹിതന്മാർ മരണം അടഞ്ഞശേഷം അവരുടെ ശരീരം വടക്കോട്ട് ദർശനമായി ഇരുത്തി അടക്കാൻ തുടങ്ങി.

ആദിമ ക്രിസ്തുസഭയിലും, സാരതുസ്ത്രമതത്തിലും, പുരോഹിതന്മാരുടെ ജഡം ഇരുത്തി അടക്കിയിരുന്നില്ല. എന്നാൽ മണിക്കയ മതത്തെ അനുകരിച്ച് നെസ്തോറിയ ക്രിസ്ത്യാനികൾ ഈ ആചാരം അനുവർത്തിച്ചു തുടങ്ങി. ഒരു കാലത്ത് നെസ്തോറിയരെ പൂർണ്ണമായി അനുകരിക്കേണ്ടിവന്ന മലങ്കര നസ്രാണികളിലും, ഈ ആചാരം കടന്നുകൂടി. അത് ഇപ്പോഴും അങ്ങനെതന്നെ തുടർന്ന് പോകുന്നു.

## Notes

1. Ref : MANI by Ort page 213,
2. Ibid-105
3. Ibid 165.
4. Ref ; Studies In The Coptic Manichaean Psalm-Book, by Trogny Save-Soder Bcrgh page 164,
5. Ref : Malankara Nazrauikel, Vol. I, by Z M Paret

www.malankaralibrary.com

page 470

6. Ref: Ancient History of Persia, by Vaux, page 151.

7. Ref: MANI, page 159.

8. Ibid 217.

9. (a) 'Mani died in Jundishapur, he was flayed and his skin hung on one of the city gates.'

Ref: Aristotle and the Arabs, by F. E. Peters, page 45.

(b) 'The Academy of Jundishapur was located in the city bearing the name in South Eastern Persia. It was refered to by Nestorians as Beit Lafat (House of Learning) The Arabs later called it Gundi-Shapur.'

Ref: Islamic Origins of Western Education, by Nakosteen, page 18.

## മണിയുടെ തത്വങ്ങൾ

1. Ref : Eros Denied, by Wayland Young, page 157.

2. Ibid 154.

3. Ref : Researehes in Manichalism by Jackson, page 12.

www.malankaralibrary.com

## അദ്ധ്യായം 2

# മണിക്കേയമതവും, പേർഷ്യൻ കുരിശുകളും

ക്രിസ്തുവിന്റെ ജ്ഞാന സ്നാന സമയത്ത് പരിശുദ്ധാത്മാവ് മേളിൽ നിന്നിറങ്ങി ക്രിസ്തുവിൽ ആവസിച്ചതുപോലെ, മണിയുടെ പന്ത്രണ്ടാമത്തെ വയസ്സിലും, ഇരുപത്തിനാലാമത്തെ വയസ്സിലും അൽ-തോം എന്ന ആത്മാവ് തന്നിൽ പ്രവേശിച്ചതായി മണി അവകാശപ്പെടുന്ന ഈ ആത്മാവിന്റെ ആവാസത്താൽ മണി പല അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ഒരേ സമയത്ത് പലയിടങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്തിട്ടുള്ളതായി മണിക്കേയമതാനുയായികൾ അവകാശപ്പെടുന്ന ഈ അൽ-തോം എന്ന ആത്മാവിന്റെ ആവാസത്താലാണ് മണി പാറക്ലീത്തായാണെന്നുള്ള അവകാശവാദം പുറപ്പെടുവിച്ചത്. ഈ പാറക്ലീത്താ അഥവാ ജീവന്റെ ആത്മാവും' ജീവന്റെ മാതാവും ചേർന്നാണ് ക്രിസ്തുവിനെ[1] പാതാളത്തിലേക്ക് ആദാമിനെ രക്ഷിക്കാൻ അയച്ചത് എന്നാണ് മണിയുടെ സങ്കല്പം. ഈ ജീവന്റെ ആത്മാവിനെ ശുദ്ധമായ ആത്മാവും, വായുവും വെളുത്ത പ്രാവും ആയി മണി ചിത്രീകരിച്ചു.

വെളുത്തപ്രാവിന്റെ രൂപം എന്തിന്റെ ചിഹ്നം എന്നതിനെപ്പറ്റി മണി ക്രിസ്ത്യാനികളുടെ മെത്രാനായിരുന്ന [2]അർക്കലേവൂസുമായി തർക്കിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാവിന്റെ ചിഹ്നം പരിശുദ്ധാത്മാവിന്റെ പ്രതീകമായി ക്രിസ്ത്യാനികൾ കരുതുമ്പോൾ പാറക്ലീത്തായുടെ ചിഹ്നമായി മണി വെളുത്ത പ്രാവിനെ ചിത്രീകരിക്കുകയും അത് താൻ തന്നെയാണെന്ന് വാദിക്കുകയും ചെയ്തിരുന്നു ഈ വെളുത്ത പ്രാവിന്റെ [3]ചിഹ്നം മണിക്കേയമതം ഉപയോഗിച്ചിരുന്ന കുരിശുകളിൽ വ്യക്തമായി കാണിക്കുന്നുണ്ട്. മണിക്കേയ മതക്കാർ ഉപയോഗിച്ചിരുന്ന കുരിശ് നാലു വശവും ഒരേനീളം ഉള്ള കുരിശാണ്, (Limbs of equal lengh). അറബികളുടെ ശക്തി പ്രഭാവത്തിനു ശേഷം പേർഷ്യയിൽ വളർന്നു പന്തലിച്ച നെസ്തോറിയ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്നത് പ്രാവിന്റെ രൂപം ഇല്ലാത്ത വെറും കുരി

www.malankaralibrary.com
www.knanayology.org

ശ്ശാണ്.

മേൽപ്പറഞ്ഞ മണിക്കയൻ കുരിശിൽ ഒന്ന് മൈലാപ്പൂരിൽ സെൻറ് തോമസ്സ് മൗണ്ടിലും, മററൊന്ന് കോട്ടയത്ത് വലിയ പള്ളിയിൽ വലത്തുവശത്തെ ത്രോണോസ്സിലും കാണാവുന്നതാണ്. എന്നാൽ നെസ്തോറിയൻ4 കുരിശുകളിൽ ഒന്ന് വലിയപള്ളിയിൽ ഇടത്തു വശത്തെ ത്രോണോസ്സിലും മററൊന്ന് മുട്ടചിറ കത്തോലിക്കാ പള്ളിയിലും, വേറൊന്ന് കടമററത്ത് യാക്കാബായ പള്ളിയിലും സൂക്ഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവയാണ് മലങ്കര നസ്രാണികൾ പേർഷ്യൻ കുരിശുകൾ എന്നു് പൊതുവെ പറയുന്നതു്.

മൈലാപ്പൂരിലെ കുരിശു് മണിയുടെ ശിഷ്യനായ മാർ ആമോൻ സ്ഥാപിച്ചതായിരിക്കുമെന്നുള്ളതിനു് സംശയം ഇല്ല. സെൻറ് തോമസ്സ് മൗണ്ടിൽ, ആ കുരിശ്ശിൽ കണ്ടിരുന്ന അത്ഭുതകരമായ നിറഭേദങ്ങളും മണിക്കയസത്തെയാണ് സൂചിപ്പിക്കുന്നതു്. മണിയും മണിയുടെ ശിഷ്യന്മാരും, മാന്ത്രിക ശക്തിയുള്ളവരും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിൽ പ്രവീണരും ആയിരുന്നു.

എന്നാൽ കോട്ടയത്തു് വലിയ പള്ളിയിലെ വലതു് ത്രോണോസ്സിൽ ഉള്ള കുരിശ് പേർഷ്യയിൽ നിന്നും എ. ഡി. 345 ൽ മലങ്കര കുടിയേറിയ കനാനയക്കാർ ഇവിടം കൊണ്ടുവന്നതാണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. 72 എന്ന സംഖ്യയും, ഇവരുടെ കൈവശമുള്ള പ്രാവിൻെറ ചിഹ്നത്തോടുകൂടിയ മണിക്കയൻ കുരിശും, ഇവർ പേർഷ്യയിൽ നിന്നും കുടിയേറിയ മണിക്കയമതക്കാർ ആണെന്നാണു് തെളിയിക്കുന്നതു്. പേർഷ്യാ ചക്രവർത്തിയായിരുന്ന സാപ്പോർ രണ്ടാമൻെറ (339-379 എ. ഡി ) കാലത്തെ മതപീഡനകാലത്താണ് ഇവർ മലങ്കരയിലേക്കു് കുടിയേറിയതു്. കുടിയേററക്കാലത്തു് പേർഷ്യയിൽ നിന്നും കലാശില്പങ്ങളായ കുരിശുകളും കൂടെ കൊണ്ടുവന്നു എന്നു് മാത്രമേ ധരിക്കാനുള്ളു. പേർഷ്യയിൽ ക്രിസ്ത്യാനികൾക്കു് ഉണ്ടായ മതപീഡപോലെ മണിക്കയമതക്കാർക്കും പീഡനം ഉണ്ടായി. റോമസാമ്രാജ്യത്തിൻെറ അധീനതയിൽ ആയിരുന്ന കനാൻ ദേശത്തു് നിന്നും ആണ് ഇവർ മലങ്കരയിലേക്കു് കുടിയേറിയതെന്നു് ഒരു അവകാശവാദം ഇവർ പുറപ്പെടുവിക്കുന്നുണ്ട്. പക്ഷെ റോമാസാമ്രാജ്യത്തിലെ ക്രിസ്തീയ സഭയുടെ അംഗീകരിക്കപ്പെട്ട ലത്തീൻ ക

www.malankaralibrary.com

രിശിന് പകരം പേർഷ്യയിലെ നെസ്തോറിയ ക്രിസ്ത്യാനികളുടെ കുരിശും, മണിക്കയെൻ കുരിശും ഇവരുടെ കൈവശം ഇരിക്കുന്നിടത്തോളം കാലം ഈ അവകാശവാദത്തിന് ഒരു കഴമ്പും ഇല്ല എ.ഡി. 325–ൽ കൂടിയ നിഖ്യാസുന്നഹദോസ്സിന് ശേഷം റോമാസാമ്രാജ്യത്തിൽ ക്രിസ്ത്യാനികൾക്ക് മതപീഡനം ഉണ്ടായിട്ടില്ല. തോമാ കാനിനിയോയുടെ നേതൃത്വത്തിൽ പേർഷ്യയിൽനിന്നും എ. ഡി. 345–ൽ മലങ്കരയിൽ കുടിയേറിയ 'കാന' വംശജരാണ് ഇവർ. ഇതുപോലെ ഒമ്പതാം നൂററാണ്ടിൽ കുടിയേറിയ 'ഹക്കിം' വംശജരാണ് (വൈദ്യന്മാർ) തരിസ്സാപള്ളി ചെപ്പേടുമായി ബന്ധപ്പെട്ടവർ തോമാ ക്നാനിയോ എന്നതിന്റെ അർത്ഥം കച്ചവടക്കാരനായ തോമാ (Thomas the Merchant) എന്നാണ് എന്ന് ആസ്ത്രേലിയായിൽ മെൽബോൺ സർവ്വകലാശാലയിലെ സെമററിക്ക് ഭാഷാ പ്രൊഫസ്സർ മി. ജോൺ ബോമൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. (Ref: മലങ്കര നസ്രാണികൾ, വാല്യം 2, പേജ് 63).

പേർഷ്യാക്കാർ കാന, ഭിഷക് (ഹക്കിം) കസ്സത്ത്, ഇറാനി, ഹൂണർ എന്നിങ്ങനെ പല വംശജരായി തൊഴിൽ കൊണ്ട് വേർതിരിഞ്ഞിട്ടുണ്ട്. ഈ വംശങ്ങൾ തമ്മിലുള്ള (മതം ഏതായിരുന്നാലും) വിവാഹബന്ധം ഈ അടുത്തകാലംവരെ നടത്തുകയില്ലായിരുന്നു. വംശപാരമ്പര്യം നിലനിർത്തുന്നതിൽ വളരെ അധികം തീവ്രമനോഭാവമാണ് പേർഷ്യാക്കാർ കാണിച്ചിരുന്നത്. ഈ പാരമ്പര്യം ക്നാനായക്കാർ എന്നു മലങ്കരയിൽ അറിയപ്പെടുന്നവർ ഇപ്പോഴും നിലനിർത്തുന്നുണ്ട്. ഇത് തന്നെ, ഇവർ പേർഷ്യയിൽനിന്നും ആണ് കുടിയേറിയതെന്ന് തെളിയിക്കുന്നുണ്ട്. മലങ്കരയിലേക്ക് കുടിയേറിയ വംശജരിൽ ഏഴില്ലം, എഴുപത്തിരണ്ട് കുടിക്കാർ ഉണ്ടായിരുന്നു. ഈ ഏഴ് ഇല്ലക്കാർ: ബാജി, ഹാദായി, കോജാ, ബെൽകോത്ത്, കുജാലിക്ക്, മജമാത്ത്, തെജമത്ത് എന്നിവരാണ്.

ലത്തീൻകുരിശിന്റെ കാല്, രണ്ടു വശവും ഉള്ളകൈകളേക്കാളും നീളം കൂടിയവയാണ്. നെസ്തോറിയ ക്രിസ്ത്യാനികൾ ലത്തീൻ കുരിശുപയോഗിക്കുന്ന പ്രശ്നമേ ഇല്ല. കാരണം റോമാസാമ്രാജ്യം എ.ഡി. 431–ൽ നെസ്തോറിയരെ നിഷ്കാസനം ചെയ്ത ശത്രുവിന്റെ ശത്രുവിനെ മിത്രമായി കരുതിയ പേർഷ്യാ ഭരണകൂടം നെസ്തോറിയരെ സ്വീകരിക്കുകയുണ്ടായി. നെസ്തോറിയർ പേർഷ്യയിൽ ഒരു

www.malankaralibrary.com

പ്രബലസമുദായം ആയിത്തീർന്നു, കൂടാതെ ഈ അവസരം ശരിയായി വിനിയോഗിച്ച പേർഷ്യയിലെ [5] പീറൂസ്സ് ചക്രവർത്തി സ്റ്റെസിഫോണിലെ പാത്രിയർക്കാ സിംഹാസനം കയ്യടക്കുകയുണ്ടായി. കൂടാതെ പേർഷ്യാ സാമ്രാജ്യത്തിൽ ഉണ്ടായിരുന്ന മററു പല മെത്രാസനങ്ങളും പീറൂസ്സ് ചക്രവർത്തിയുടെ അധീനതയിലായി അതോടുകൂടി പേർഷ്യയിലെ ക്രിസ്ത്യാനികൾ, രാജകീയാധികാരത്തിൻ കീഴിൽ നെസ്തോറിയ വിശ്വാസികൾ ആയിത്തീർന്നു. അങ്ങിനെ റോമാ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികളുമായിട്ടുള്ള ബന്ധം പരിഛേദം ഇല്ലാതാക്കിയതിനാൽ ലത്തീൻ കുരിശിനും പേർഷ്യയിൽ സ്ഥാനം ഇല്ലാതായിത്തീർന്നു.

മണിക്കയരെ ഉന്മൂലനാശം ചെയ്യിച്ച പേർഷ്യാഭരണകൂടം മണിക്കയൻ കുരിശ് അതേപടി നെസ്തോറിയൻ കുരിശായി സ്വീകരിച്ചെന്നും വരികയില്ല ഇപ്രകാരമാണ് പ്രാവില്ലാത്ത വെറുംകുരിശ് പേർഷ്യയിലെ നെസ്തോറിയരുടെ ഔദ്യോഗിക കുരിശായിത്തീർന്നത്. മുസ്ലിംമത പീഡനകാലത്ത് എ. ഡി. 823-ൽ മോറാൻ സാപ്പോർ ഈശോയുടെ കൂടെ കൊല്ലത്തു കുടിയേറിയ നെസ്തോറിയർ കൊണ്ടുവന്നതാണ് ഇപ്പോൾ കേരളത്തിൽ ഉള്ള മൂന്നു നെസ്തോറിയൻ കുരിശുകൾ (Plain crosses) ഇതിനു ഒരു തെളിവാണ്. കടമററത്തു പള്ളിയിലെ കുരിശിന്മേലുള്ള എഴുത്തു. "നിനവയിൽനിന്നു വന്ന നാം, മോറാൻ സാപ്പോർ, നമ്മെ മുള്ളിൽനിന്നും മിശിഹാ രക്ഷപ്പെടുത്തി"[6] എന്നാണ് ആ ലിഖിതം.

കോട്ടയത്തെ വലിയ പള്ളിയിലെയും, മൈലാപ്പൂരിലെയും മണിക്കയൻ കുരിശുകൾ ഒരേ മാതൃകയിലും, അതിൽ ഒരേ ലിഖിതങ്ങളുമാണുള്ളത്. വലിയ പള്ളിയിലെ കുരിശ് സസ്സാനിയൻ പഹലവി കുരിശ് (പേർഷ്യൻ) ആണെന്നു ഒരു പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. അതേ പുസ്തകത്തിൽ പറയുന്നു, മൈലാപ്പൂരിലെ കുരിശ് മാർത്തോമ്മാ കൊത്തിയുണ്ടാക്കിയതു് എന്നു്. സസ്സാനിയൻ ഭരണം പേർഷ്യയിൽ ശക്തിപ്രാപിച്ചതു് എ. ഡി. 226-നു് ശേഷം മാത്രമാണ്. ഇക്കാലത്തു് നിർമ്മിതമായ കുരിശ്, മാർത്തോമ്മാ കൊത്തിയുണ്ടാക്കിയതെന്നു് പറഞ്ഞാൽ അതിൽ എന്തു് വാസ്തവം ആണു് ഉള്ളതു്?

www.malankaralibrary.com

ഈ കുരിശിന്മേലുള്ള ലിഖിതങ്ങളിൽ സ്വരാക്ഷരങ്ങൾ ഇല്ലാത്തതിനാൽ തർജ്ജിമ പലരുടേയും പലപ്രകാരത്തിൽ ആയതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. ഈ ലിഖിതങ്ങൾ പാത്ഥ്യാഭാഷയിലോ, സൊഗതിയാൻ ഭാഷയിലോ ആയിരിക്കും എഴുതിയിരിക്കുന്നത്. മണിക്കേയരുടെ ഔദ്യോഗിക ഭാഷ ആദ്യം പാത്ഥ്യനും പിന്നീട് സൊഗ്‌തിയാനും ആയിരുന്നു. മേല്പറഞ്ഞ രണ്ടു കുരിശുകൾ മണിക്കേയ കുരിശുകൾ ആയിരുന്നു എന്നുള്ളതിനു കുരിശിന്റെ മുകളിൽ കൊത്തിയിരിക്കുന്ന പ്രാവിന്റെ രൂപങ്ങളും കൂടാതെ പീഠങ്ങളും മതിയായ തെളിവാണ്.

എ. ഡി. 1909-ൽ എഴുതിയ 'മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ' എന്ന ഗ്രന്ഥത്തിന്റെ കർത്താവും, കോട്ടയം വലിയപള്ളി ഇടവകക്കാരനും, പള്ളിക്കൈക്കാരനുമായിരുന്ന പരേതനായ ശ്രീമാൻ ഇ. എം. ഫിലിപ്പ്, മൈലാപ്പൂർ സെന്റ് തോമസ്സ് കുന്നിലെ കുരിശും, വലിയ പള്ളിയിലുള്ള രണ്ട് പേർഷ്യൻ കുരിശുകളും തമ്മിൽ ഒരു താരതമ്യപഠനം നടത്തിയിരിക്കുന്നു. അതേപ്പറ്റിയുള്ള വിവരണം (മലയാള തർജ്ജിമ, പേജ് 83) താഴെ കൊടുക്കുന്നു.

"പാലവിഭാഷാഭ്യാസം സിദ്ധിച്ചിട്ടില്ലെങ്കിലും എന്റെ താരതമ്യഫലമായി ഒരേ ലിഖിതം രണ്ടിലും പൂർണ്ണമായി ഉണ്ടെന്നും, അവ തമ്മിലുള്ള വ്യത്യാസം (വലിയ പള്ളിയിലെ) രണ്ടാമത്തെ കുരിശിൽ ഉള്ള ലിഖിതം, ദ്രുതഗതിയിൽ എഴുതപ്പെട്ടതുപോലെയിരിക്കുന്നതും അതിൽ സുറിയാനിയിൽ ഒരു വരികൂടുതലുണ്ടെന്നുള്ളതും മാത്രമാകുന്നുവെന്നും സൂക്ഷ്മമായി പ്രസ്താവിക്കാം. അതായത് ഒന്നിലെ പാലവിലിഖിതം മറേറതിലെ ഉത്തരാർദ്ധം മാത്രമല്ല പിന്നെയോ അധിക ചിഹ്നത്താൽ വേർതിരിക്കപ്പെട്ട ഭാഗങ്ങളോടുകൂടിയ ഒരു ശരിപകർപ്പുമാകുന്നു. കൂടാതെയും പ്രസ്തുതലിഖിതത്തെ ഞാൻ സെന്റ് തോമസ് കുന്നിലെ കുരിശിന്മേലുള്ള ലിഖിതവുമായി താരതമ്യപ്പെടുത്തിയതിലും പ്രസ്താവയോഗ്യമായ വ്യത്യാസം യാതൊന്നും കണ്ടില്ല. അതിനാൽ ഒരേ പാലവിലിഖിതം തന്നെ, മൂന്നു കുരിശുകളിലും പൂർണ്ണാവസ്ഥയിൽ കാണപ്പെടുന്നുവെന്നും, മൂന്നാമത്തേതിൽ; നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ എനിക്ക് പുകഴ്ച്ച ചെയ്‌വാൻ സംഗതി വരരുതെ; എന്നുള്ള വേദവാക്യം

www.malankaralibrary.com

സുറിയാനിയിൽ കൂടുതലായി ഉണ്ടെന്നും സംശയരഹിതം പ്രസ്താവിക്കാം.''

മേലുദ്ധരിച്ച താരതമ്യപഠനത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നതു്; വലിയ പള്ളിയിലെയും, സെൻതോമസ്സ് കുന്നിലെയും പ്രാവിന്റെ ചിഹ്നത്തോടുകൂടിയതും, പാലവി അഥവാ പാത്ഥ്യൻ ഭാഷാലിഖിതങ്ങൾ മാത്രം ഉള്ള കുരിശുകൾ മണിക്കയ മതക്കാരുടെയും; സുറിയാനി അഥവാ അരാമു ലിഖിതങ്ങൾ കൂടുതലായുള്ളതും; പ്രാവിന്റെ ചിഹ്നം ഇല്ലാത്തതുമായതുമായ പ്ലെയിൻ (Plain) കുരിശു്, നെസ്തോറിയ നസ്രാണികളുടെയും ആണെന്നാണ്.

പീഠത്തെപ്പററി പറഞ്ഞാൽ, മണിയുടെ സങ്കല്പത്തിൽ 8 എട്ടു് ലോകവും, പത്തു സ്വർഗ്ഗവും ഉണ്ടെന്നുള്ളതാണ്. പീഠത്തിൽ വൃത്താകൃതിയിൽ ഒന്നിനു് മുകളിൽ ഒന്നായി നാലു വൃത്തങ്ങൾ കാണിച്ചിരിക്കുന്നതു് നാലു് ഇരുണ്ടലോകത്തെയാണ്. ഈ നാലു ലോകത്തെ സുരക്ഷിതമായി കാക്കുന്ന ഭിത്തിയാണ് താഴോട്ടു് അർദ്ധവൃത്താകൃതിയിൽ കാണിച്ചിരിക്കുന്ന രേഖകൾ. മുകളിലോട്ടുള്ളവ നാലു് വെളിച്ച ലോകങ്ങളെ കാക്കുന്ന ഭിത്തി എന്ന സങ്കൽപ്പമാണ ഉള്ളതു്. ഈ വെളിച്ച ലോകങ്ങളുടെ സ്ഥാനത്താണ് കുരിശു് പണിതിരിക്കുന്നതു്.

മണിയുടെ മരണം ക്രിസ്തുവിന്റെ ക്രൂശിലെ മരണം പോലെയാണ് മണിക്കയമതക്കാർ സങ്കല്പിച്ചിരിക്കുന്നതു് ''നിങ്ങൾ എന്നിലേക്ക് മനോ ദൃഷ്ടി തിരിപ്പിച്ചുകൊള്ളുക, ഞാൻ നിങ്ങളിൽ നിന്നും എടുക്കപ്പെടും'' എന്നാണ് മണി മരിക്കുന്നതിനു മുൻപു് തന്റെ അനുയായികളോടു്, ക്രിസ്തുവിനെ അനുകരിച്ചു് പറഞ്ഞതു്. മണിക്കയരുടെ, അകം (Homilies) എന്ന ഗ്രന്ഥത്തിൽ ക്രൂശു മരണത്തിന്റെ കഥ എന്നൊരു അദ്ധ്യായം തന്നെയുണ്ടു്. എന്നാൽ മണി ക്രൂശിൽ കിടന്നല്ല മരിച്ചതെന്നു് ശരിയായ തെളിവുകൾ ഉണ്ടു്. പക്ഷേ മണിക്കയമതക്കാർ കുരിശു് അവരുടെ ആരാധനകളിൽ ഉപയോഗിച്ചിരുന്നു.

www.malankaralibrary.com

Notes

1. 'Jesus the Primal Man was born from the spirit of Happiness and Mother of Living. And when that Primat Man went went down to the world of Darkness Spiril of Life and Mother of life joined together in arranging to have Jesus sent to save Adam.'

   Ref : Researches in Manichaism by Jackson, page 290.

2. Ref : Researches in Manichaism by Jackson, page 299.

3. The living spirt which appears as pure wind (spirit) which is a white dove.'

   Ref ; Researches in Manichaism, page 294.

4. 'The only symbol in use among them (Nestorians) is the plain Greek cross. The Greek cross is an upright cross with limbs of equal length, the Latin cross is an upright cross having. the lower limp, longer than the others.'

   Ref : Nestorians and their Rituals, by Badger,

5. Ancient History of Persia by Vaux, page 150.

6. Ref ; A History of Christisnity in Kerala, by Dr. C. V. Cherian, page 121 & 122.

7. 'Mani's apostle of the East Mar Ammo. made Parthian the language of the Church. Replaced by Sogdian in the sixth century.'

   Ref : Arabs and the Aristotle, by F. E. Peters, page 51.

8. 'Earth I–IV (Nether most) the four deposits These four deposites laid one above the other as the lowest earth, consitute together the foundation upon which the four terrestrial super structure rest. A great securing wall

www.malankaralibrary.com

(one of the two most importaud walls) extends far below and around the deposits (other) running upwards to the light Earth, which is far above.'

Ref : Researches is Manichaism, page 72.

9. Mani, page 158.

www.malankaralibrary.com

## അദ്ധ്യായം 3

# മണിക്കയിസം ഇൻഡ്യയിൽ

തെക്കേ ഇൻഡ്യയിൽ ചോളനാട്ടിലും, ചേരനാട്ടിലും മണിക്കയ മതക്കാർ, മൂന്നാം നൂററാണ്ടു മുതൽ ഉണ്ടായിരുന്നു എന്നുള്ളതിനു് ഒരു തെളിവാണു് കേരളത്തിൽ 'മംഗ്ലവഴിയുടെ അവസ്ഥ,[1] എന്ന താളിയോല ഗ്രന്ഥം.

പക്ഷേ നാലാംശതകത്തിൽ തെക്കൻ കേരളത്തിലും ചോളപാണ്ഡിനാട്ടുകളുടെ കിഴക്കേതീരത്തും ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നു് തെളിയിക്കുന്ന രേഖയായിട്ടാണു് മലങ്കര സഭാചരിത്രകാരന്മാർ ഈ താളിയോലഗ്രന്ഥം[2] ഉദ്ധരിക്കാറുള്ളതു്. ഈ താളിയോലയിൽ ആദ്യഭാഗത്തു[3] കൊടുത്തിരിക്കുന്നതു് എ. ഡി 293ൽ തെക്കെ ഇൻഡ്യയിൽ കാവേരിപ്പൂപ്പട്ടണം കേന്ദ്രമാക്കിപാർത്തിരുന്ന വെള്ളാളച്ചെട്ടികൾ 72 കുടുംബക്കാർ അവിടത്തെ രാജാവിന്റെ ഉപദ്രവംമൂലം നാടുവിട്ടു് കൊല്ലത്തുവന്നുചേർന്നു എന്നാണു്.

രണ്ടാമത്തെ ഭാഗത്തു[4] കൊടുത്തിരിക്കുന്നതു് എ. ഡി. 315ൽ മാന്ത്രികനായ മണിക്കവാചകർ കൊല്ലത്തുവന്നു്, പൂവാററിൽ (ചോള) നിന്നു കുടിയേറിയ 72 കുടുംബത്തിൽപ്പെട്ട എട്ടു കുടുംബത്തിലെ 116 അംഗങ്ങളേയും കൂടാതെ 20 നസ്രാണികുടുംബങ്ങളേയും ഹിന്ദുമതത്തിലേക്കു് തിരികെ കൊണ്ടുപോയി എന്നാണു്.

മേൽപറഞ്ഞ താളിയോലയിലെ രേഖകളും മണിയുടെ ജീവചരിത്രത്തിൽ കൊടുത്തിരിക്കുന്ന രേഖകളുമായി പരസ്പരം ഒത്തുനോക്കിയാൽ മനസ്സിലാകുന്ന സംഗതികൾ താഴെ കൊടുക്കുന്നു. ആദ്യത്തെ രേഖയിൽ കൊടുത്തിരിക്കുന്നതു് മണി പേർഷ്യയിൽ നിന്നും ചോളനാട്ടിൽ വന്നു് മണിക്കയ മതത്തിലേക്കു് ചേർത്ത 72 കുടുംബക്കാർ (ഇതു് മണിക്കയ മതത്തിലെ 72 പുരോഹിതന്മാരെയാണു് സൂചിപ്പിക്കുന്നതു്.) അവിടത്തെ നാട്ടു രാജാവിന്റെ ഉപദ്രവം മൂലം

www.malankaralibrary.com

കൊല്ലത്ത് കുടിയേറി പാർസവരെപ്പറ്റിയാണ് പറയുന്നത്. മണി ഇൻഡ്യയിൽ എ. ഡി. 223–നും 240–നും മദ്ധ്യയാണ് വന്നത്. മണി തന്നെ രേഖപ്പെടുത്തിയിട്ടുള്ള വിവരമനുസരിച്ച്, അർദഷീർ രാജാവിന്റെ ഭരണകാലത്തിന്റെ അവസാനം ആണ് താൻ ഇൻഡ്യയിലേക്ക് കപ്പലിൽ പുറപ്പെട്ടത്. ഇൻഡ്യയിൽ നിന്നും പേർഷ്യയിലേക്ക് തിരികെ പോയത് അർദഷീറിന്റെ കാലശേഷം ശാപ്പൂർ ഒന്നാമൻ രാജാവായപ്പോഴാണ്. ശാപ്പൂർ എ. ഡി. 240ൽ ആണ് രാജ്യഭാരം ഏററത്.

ഇനിയും താളിയോലയിലെ രണ്ടാമത്തെ രേഖ നോക്കാം. എ. ഡി. 274 ൽ മണിയുടെ കൂടെ ടെസ്സിഫോണിൽനിന്നും ബേലപ്ലാട്ടിലേക്ക് (ബേയ്ത്ലാഫത്ത്) പോയ മാർ ആമ്മോനും ബാത്തും വഴിക്കുവച്ച് മണിയെ പിരിഞ്ഞ്, കപ്പലിൽ കോരൈയിൽ (കോർക്കൈ തുറമുഖം) എത്തിയ ശേഷമുള്ള അവരുടെ പ്രവർത്തനത്തെയാണ് സൂചിപ്പിക്കുന്നത്. ഇവർ രണ്ടുപേരും പാണ്ഡ്യദേശത്ത് താമ്രവർണ്ണി നദീമുഖത്ത് സ്ഥിതിചെയ്തിരുന്ന കോർക്കൈ തുറമുഖത്ത് എത്തിയതിന്റെ ചരിത്രരേഖ അന്യത്ര ചേർത്തിട്ടുണ്ട്.

മാർ ആമ്മോനും, ബാത്തും എ. ഡി. 274 ൽ പേർഷ്യയിൽ നിന്ന് തിരിച്ച് തമിഴ് നാടിന്റെ തെക്കേതീരത്ത് വരുന്നതിനു മുൻപ് തന്നെ ചോളനാട്ടിൽ നിന്നും വെള്ളാളചെട്ടികൾ (നേരത്തെ മണിക്കേയമതത്തിൽ ചേർന്നവർ) തെക്കൻ കേരളത്തിൽ കുടിയേറിയിരുന്നുവെന്ന് മേൽപ്പറഞ്ഞ രേഖ തെളിയിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ എ. ഡി. 293 എന്ന കാലഗണനത്തിനുപകരം എ. ഡി. 273 ആയിരിക്കും വെള്ളാള ചെട്ടികളുടെ കുടിയേററത്തിന്റെ ശരിയായ ആണ്ട് എന്ന് തോന്നുന്നു. എ. ഡി. 315 ൽ മാന്ത്രികനായ മണിക്കവാചകർ കേരളത്തിൽ കൊല്ലത്തുവന്നു എന്ന് താളിയോല ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നത് മാർ ആമ്മോനെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്. ഇവിടേയും ആണ്ടിന്റെ കണക്ക് ശരിയാകുന്നില്ല. അത് മിക്കവാറും എ. ഡി. 275-ൽ ആയിരിക്കും നടന്നത്.

കേരളത്തിലെ ചരിത്രകാരന്മാരുടെ ഇടയിൽ ആണ്ടുകളുടെ കാലഗണനത്തിൽ ഒരു യോജിപ്പും തിട്ടവും ഒരിടത്തും കാണുകയില്ല. അതിന് ഒരു ഉദാഹരണമാണ്, ഇരവികോർത്തൻ ചെപ്പേട് ഈ

www.malankaralibrary.com

ചെപ്പേടിന്റെ കാലം എ. ഡി. 315[6] എന്നും എ. ഡി. 1320 എന്നും ചിലർ പറയുന്നു. എ ഡി. 1225[7] എന്ന് മറ്റൊരു അഭിപ്രായമുണ്ട്. അതും അല്ല എ. ഡി. 774 എന്ന്[8] വേറൊരു അഭിപ്രായം ഉണ്ട്. ഈ ആണ്ട് കണക്കിന്റെ വൈരുദ്ധ്യം പോലെ മണിയുടെയും മണിയുടെ ശിഷ്യൻ ആദ്ദായിന്റെയും ഇൻഡ്യയിലെ പ്രേഷിത പ്രവൃത്തികൾ, മാർത്തോമ്മാ ആണ് നടത്തിയത് എന്നുള്ള സങ്കല്പത്തിൽ ചരിത്രകാരന്മാർ മാർത്തോമ്മായുടെയും, മലങ്കരസഭയുടെയും ചരിത്രങ്ങൾ പല പ്രകാരത്തിലും പല വിധത്തിലും എഴുതിയിട്ടുണ്ട്. മണിയുടെ ഒരു ശിഷ്യനായ മണിക്കയെൻ തോമാ ദക്ഷിണതിരുവിതാംകൂറിൽ മതപ്രചരണം നടത്തിയെന്ന് തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിന്റെ രചയിതാവായ ശ്രീമാൻ റ്റി. കെ വേലുപ്പിള്ള[9] അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായത്തിൽ നിന്നും വ്യക്തമാകുന്ന ഒരു സംഗതി മണിയുടെ ഒരു ശിഷ്യൻ കേരളത്തിൽ വന്നിരുന്നു എന്നുള്ളതാണ്. ആ ശിഷ്യൻ തോമാ അല്ലായിരുന്നു, മറിച്ച് ആദ്ദായി ആണ്. മണിക്കയെൻ തോമാ സിറിയായിൽ[10] ലേക്കാണ് പോയത് എന്നുള്ളതിന് രേഖയുണ്ട്. മറ്റൊരു ചരിത്രകാരനായ വൈററ് ഹൌസ്[11] എന്നദ്ദേഹം മണി (മണിക്കവാചകർ) എന്നൊരു ക്ഷുദ്രക്കാരൻ ചോളനാട്ടിൽ വന്നിരുന്നതായി അഭിപ്രായപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ രേഖകളും, അഭിപ്രായങ്ങളും വെച്ച് നോക്കുമ്പോൾ, കാലഗണനത്തിൽ അല്പസല്പ വ്യത്യാസം ഉണ്ടെങ്കിലും, മണിയും മണിയുടെ ശിഷ്യനായ ആദ്ദായിയും ആണ് തെക്കെ ഇൻഡ്യയിൽ മണിക്കയെമത പ്രചരണാർത്ഥം വന്നിരുന്നത് എന്ന് വ്യക്തമാകുന്നുണ്ട്. മാർ ആദ്ദായിയും ബാബ്ബായും (പാർത്ഥ്യരാജകുമാരൻ) തെക്കെ ഇൻഡ്യയിൽ വന്നിരുന്നു എന്നുള്ളതിനു തെളിവാണ് താഴെ കൊടുക്കുന്നത്.

മാർ ആദ്ദായിയും ബാബ്ബായും പാണ്ഡ്യദേശത്തെ ഒരു തുറമുഖമായ[12] കോർകൈയിൽ ഇറങ്ങിയപ്പോൾ അവിടത്തെ നാടുവാഴിയായ ബഗാദ്, അവരെ തടഞ്ഞു. ഈ ബഗാദ് ചെന്തമിഴ് നാട് വാണിരുന്ന ചക്രവർത്തിയുടെ, കിഴക്കേതീരത്തെ പ്രതിനിധിയായിരുന്നുവെന്ന്, ബഗാദും ആദ്ദായിയും തമ്മിലുള്ള സംഭാഷണത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. എ. ഡി. 274 -നോട് അടുത്ത് ആണ്, മാർ ആദ്ദായി കോർകൈയിൽ വന്നിറങ്ങിയത്. ആ കാലത്ത് ചേരനാട് ഭരിച്ചിരുന്നത് ചേരൻ ചെങ്കുട്ടുവനാണ്. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് പകാർ, കോർകൈ, പൂഴിനാട്, കൊല്ലിമല, കതിരമല തുടങ്ങിയ

www.malankaralibrary.com

നാടുകളുടെയും തുറമുഖങ്ങളുടെയും അധിപനായിരുന്ന യുവരാജാവ് പെരും ചേരൽ ഇരുമ്പൊറൈ ആണ്, കോർക്കൈയിൽ വന്നിറങ്ങിയ മാർ ആദ്ദോനും കൂട്ടർക്കും ചേരനാട്ടിൽ പ്രവേശിക്കുവാനുള്ള അനുമതി നൽകുന്നത് ഇദ്ദേഹത്തെയാണ് ബഗാദ് ആയി മണിക്കയൻ രേഖകളിൽ പറഞ്ഞിരിക്കുന്നത്. ഈ ബഗാദിനെ മാർത്തോമ്മായുമായി സംഘടിപ്പിച്ച്[12] മൈലാപ്പൂരിൽ മാർത്തോമ്മാ പണിത പള്ളിയുടെ പണിക്കായി ഉപയോഗിച്ച വലിയ മരത്തടിയായി ലൂസേന എന്ന ചരിത്രക്കാരൻ ചിത്രീകരിച്ചിട്ടുണ്ട് കൂടാതെ മനുഷ്യാവതാരവും (ക്രിസ്തുവിന്റെ) അപ്പോസ്തോലന്റെ ആഗമനവും സംഭവിച്ചത് മുപ്പതുകൊല്ലം നാടുവാണ[13] ബഗാദ് (സഗാദ്) രാജാവിന്റെ ഭരണകാലത്തായിരുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപറയുന്ന ലൂസേനയുടെ വിവരണം വിശ്വാസനീയം അല്ലെന്ന് എ. എം. മുണ്ടാടൻ 'മാർത്തോമ്മായുടെ കബറിടം'' എന്ന പുസ്തകത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട് മേൽപ്പറഞ്ഞ അഭിപ്രായം മണിയെപ്പററിയും, മണിയുടെ അപ്പോസ്തോലനായ ആദ്ദോനെപ്പററിയും, ആകാനെ തരമുള്ളു. കാരണം ഏകദേശം 35 വർഷത്തിനുള്ളിൽ ആണ് മണിയും ആദ്ദോനും ഇൻഡ്യയിൽ വന്നത്. എന്തായാലും ബഗാദ് (അല്ലെങ്കിൽ സഗാദ്') എന്നൊരു നാടുവാഴി തെക്കേ ഇൻഡ്യയിൽ വാണിരുന്നു എന്ന് ലൂസേന രേഖപ്പെടുത്തിയിരിക്കുന്നത് മണിക്കയൻ രേഖകളെ ഒന്നുകൂടി സ്ഥിരീകരിക്കുകയാണ് ചെയ്യുന്നത്.

ഇനിയും മണിക്കയൻ രേഖകളിലേക്കു[14] കടക്കാം. നിങ്ങൾ ആരാണ്? എന്ന് ബഗാദ് ആദ്ദോനോട് ചോദിച്ചതിന്, ആദ്ദോൻ 'ഞാൻ മണിയുടെ ശിഷ്യനായ ആദ്ദോൻ ആണ്', എന്ന് മറുപടി കൊടുത്തു. എന്നാൽ ആദ്ദോന് പ്രവേശനം ആദ്യം ബഗാദ് നിഷേധിച്ചു ആദ്ദോൻ രണ്ടു ദിവസം സൂര്യന്റെ മുമ്പിൽ പ്രാർത്ഥനയോടുകൂടി നിന്നു. രണ്ടാം ദിവസം മണി പ്രത്യക്ഷപ്പെട്ട് ധൈര്യമായിരിക്കാൻ ആദ്ദോനെ ഉപദേശിച്ചു. രണ്ടുദിവസം കഴിഞ്ഞു പിന്നെയും ആദ്ദോൻ ബഗാദിന്റെ മുൻപിൽവന്നു. ബഗാദ് നീ പോയില്ലയോ എന്ന് ആദ്ദോനോട് ചോദിച്ചു. ആദ്ദോൻ അതിന് ''ഞാൻ ദൂരെ ദേശത്തുനിന്നും മതകാര്യങ്ങൾക്കായി വന്നതാണ്", ഞങ്ങൾ മാംസവും വീഞ്ഞും കുടിക്കുകയില്ല. സ്ത്രീകളിൽനിന്നും ഒഴിഞ്ഞു നിൽക്കുന്ന കൂട്ടർ ആണെന്നു'' പറഞ്ഞു. അതിന് മറുപടിയായി നിങ്ങളെപ്പോലെ അനേകം പേർ എന്റെ രാജ്യത്തുണ്ട് എന്ന്

www.malankaralibrary.com

ബഗാദ്ദ് പറഞ്ഞു. ഇതു കഴിഞ്ഞു് ആദ്ദോന് പ്രവേശനാനുമതി അദ്ദേഹം നൽകി. ഇവിടെ ഒരു സംഗതി എടുത്തുപറഞ്ഞുകൊള്ളട്ടെ. അതായതു് മണിക്കയമതക്കാർ പാണ്ഡ്യനാട്ടിലും, ചേരനാട്ടിലും അക്കാലത്തു് ഉണ്ടായിരുന്നു എന്നുള്ളതിനു ഒരു തെളിവാണു് ബഗാദിന്റെ മറുപടി. ഇവർ തൊണ്ടിനാട്ടിൽനിന്നും ആദ്ദോന്റെ വരവിനു മുൻപുതന്നെ കുടിയേറിയ വെള്ളാളച്ചെട്ടികൾ ആണെന്നുള്ളതിനു് സംശയമില്ല. ആദ്ദോനു് പ്രവേശനാനുമതി കിട്ടിയശേഷം ബഗാദിനോടു്, കുശലം പറയുന്നമട്ടിൽ ആദ്ദോൻ പേരു ചോദിക്കുന്നുണ്ടു്. അതിനു മറുപടിയായി ബഗാദ് തന്റെ പേർ പറയുന്നതു കൂടാതെ ചക്രവർത്തി കണ്ടികന്റെ കിഴക്കേ ദേശത്തെ കവാടങ്ങളുടെ അധികാരി ആണെന്നും പറയുന്നുണ്ടു്. കൂടാതെ അഞ്ചു കവാടങ്ങളെപ്പറ്റിയും വിശദീകരിച്ചുകൊടുക്കുന്നുണ്ടു്. മേൽപ്പറഞ്ഞ സംഗതികൾ അടങ്ങിയ രേഖയിൽ (M-2) ഖൊരസ്സാനിലെ ചക്രവർത്തി[15] കണ്ടികന്റെ കുസ്സാനിലെ സൈന്യാധിപതി ബഗാദിന്റെ അനുവാദത്തോടുകൂടിയാണു് ആദ്ദോനും അർദ്ധബാനും ഖൊരസ്സാനിൽ കടന്നതു് എന്നാണു്. ജർമ്മൻ തർജ്ജിമയിൽ Zau'ierspruchder Kundigen' ഇംഗ്ലീഷു് തർജ്ജിമയിൽ In the form of a spirit guarding the frontier' എന്നാണു് പറഞ്ഞിരിക്കുന്നതു് എന്നാൽ എന്റെ അഭിപ്രായത്തിൽ മേൽപ്പറഞ്ഞ ജർമ്മൻ വാക്കുകൾ 'ചക്രവർത്തി കണ്ടികൻ എന്ന വാക്കുകൾ ആണെന്നുള്ളതാണു്. മണി തന്റെശിഷ്യനായ മാർ ആദ്ദോനെയും അർദ്ധബാനെയും ഖൊരസ്സാനിലെ പടിഞ്ഞാറെ തീരമായ അബർ ഷഹറിലേക്കും (Abar shar) കിഴക്കേ തീരമായ കുസ്സാനിലേക്കും[16] ആണു് അയക്കുന്നതു്, (പാണ്ഡ്യനാടിനു് കുസ്സാൻ ഡിയിഡ്[17] എന്നു് പറഞ്ഞിരുന്നതായി വിദേശീയ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്.)

ഞങ്ങൾ മാംസം ഭക്ഷിക്കുകയില്ല, വീഞ്ഞു കുടിക്കുകയില്ല, സ്ത്രീകളിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്നവരെന്നു് ആദ്ദോൻ പറയുമ്പോൾ ബഗാദ്ദ് മറുപടിയായി 'നിങ്ങളെപ്പോലെ അനേകർ എന്റെ നാട്ടിൽ ഉണ്ടു്''[18] എന്നാണു് പറയുന്നതു്. ഈ ഉത്തരമാണു് മാർ ആദ്ദോൻ തെക്കേ ഇൻഡ്യയിൽ കണ്ടികന്റെ (ചെങ്കുട്ടവന്റെ) സാമ്രാജ്യമായ ചേരസാമ്രാജ്യത്തിൽ ആണു് വന്നതു് എന്നു വ്യക്തമാക്കുന്നതു്. മണി തന്റെ ശിഷ്യന്മാരെ സുവിശേഷപ്രചരണാർത്ഥം ഓരോ സ്ഥലത്തേക്കു് അയക്കുന്നതിനു മുൻപുതന്നെ ലോകത്തിൽ എവിടെ

www.malankaralibrary.com
www.knanayology.org

യെങ്കിലും 'മണിക്കേയമതം' വേരുറച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അതു് തെക്കേ ഇൻഡ്യയിൽ മാത്രമാണു്. എ. ഡി. 230 നോടടുത്തു് മണി ഇന്ത്യയിൽ വന്നിരുന്നതായി മുൻപു് പറഞ്ഞിട്ടുണ്ടല്ലോ. മണി, തെക്കേ ഇന്ത്യയിൽ (തൊണ്ടിനാട്ടു്) നിന്നും തിരികെ പേർഷ്യയിൽ ചെന്നശേഷം ആണു്. മണിക്കേയ മതസ്ഥാപനാർത്ഥം ശിഷ്യന്മാരെ നിയമിച്ചു് ഊർജ്ജിത പ്രവർത്തനം നടത്തുന്നതു്. അദ്ദേഹം ഇന്ത്യയിൽ നിന്നും തിരികെ പോകുമ്പോൾ ബുദ്ധമതതത്വങ്ങളും സ്വീകരിക്കുകയുണ്ടായി. കൂടാതെ ഒന്നാം നൂററാണ്ടിൽ തെക്കേ ഇൻഡ്യയിൽ വന്നിരുന്ന മാർത്തോമ്മായുടെ പേരിനെ അനുകരിച്ചു് അൽ-തോം (The Twin) എന്ന പേരു് തന്നിൽ പ്രവേശിച്ച ആത്മശക്തിയ്ക്കു് കൊടുക്കുകയും ഉണ്ടായി.

'എന്റെ പിന്നാലെ വരുന്നവൻ കള്ളനും കവർച്ചക്കാരനും ആണു്' എന്നു് ക്രിസ്തു കാലേ കൂട്ടി ശിഷ്യന്മാരെ ഉദ്ബോധിപ്പിച്ചിരുന്നു. മണിയെ ഉദ്ദേശിച്ചാണു് ക്രിസ്തു ഇപ്രകാരം പറഞ്ഞതെന്നു്, 'പാറക്ളീത്താ' താനാണെന്നു് മണി സ്വയം പറഞ്ഞു് നടന്നതിൽ നിന്നും വ്യക്തമാണു്. കൂടാതെ ക്രിസ്തുവിനെ എല്ലാ പ്രകാരേണയും അനുകരിച്ച മണി, ഇൻഡ്യയിൽവന്ന മാർത്തോമ്മായെപ്പോലും അനുകരിക്കുകയാണു് ഉണ്ടായതു്. മണി തന്നെ എഴുതിയ തന്റെ സങ്കീർത്തനത്തിൽ ക്രിസ്തുവിന്റെ ശിഷ്യനായ മാർത്തോമ്മാ ഇൻഡ്യയിൽ വന്നിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടു്. അർദ്ധമ്പാൻ രാജകുമാരനും,[19] അനുയായികളും (പാർത്ഥ്യക്കാർ) ചിത്രരചനക്കാരും, ഗ്രന്ഥങ്ങൾ എഴുതുവാൻ കഴിവുള്ളവരുമായിരുന്നു. മണിയുടെ സങ്കല്പം അനുസരിച്ചു് മണിക്കേയ[20]മതപ്രചരണമെന്നുവെച്ചാൽ, പ്രധാനമായി, മണി രചിച്ച ഗ്രന്ഥങ്ങൾ (ചിത്രങ്ങൾ) പ്രസിദ്ധപ്പെടുത്തുക, അത്ഭുത പ്രവൃത്തികൾ നടത്തുക, മണിക്കേയമത സമൂഹങ്ങളെ എല്ലാ നാട്ടിലും പടുത്തുയർത്തുക എന്നാണു്.

ഇനിയും ഇൻഡ്യയിലെ തെളിവുകൾ നോക്കാം. മാർത്തോമ്മായുടെ എന്ന സങ്കല്പത്തിൽ, മൈലാപ്പൂരിലെ കബർ എ. ഡി. 1523[21]-ൽ പോർത്തുഗീസുകാർ ഗവേഷണം നടത്തിയപ്പോൾ ഒരു പൂർണ്ണ അസ്ഥികൂടം[22] കബറിൽനിന്നു് കിട്ടുകയുണ്ടായി. കൂടാതെ ഒരു രാജാവിന്റെ കബറിടവും കാണുകയുണ്ടായി. മാർത്തോമ്മായുടെ അസ്ഥികൂടം അദ്ദേഹത്തെ വധിച്ച മസ്ദായി രാജാവിന്റെ കാലത്തു

www.malankaralibrary.com

തന്നെ എദ്ദേസ്സായിലേക്ക കൊണ്ടുപോയിരുന്നു. മൈലാപ്പൂർ കബർ മാർത്തോമ്മായുടെ ആയിരുന്നെങ്കിൽ ആ അസ്ഥികൂടം അവിടെ കാണാൻ യാതൊരു ന്യായവുമില്ല. എന്റെ അഭിപ്രായത്തിൽ ഈ കബറിടം മണിയുടെ ശിഷ്യനായ ആദ്ദോന്റെ ആയിരിക്കും എന്നാണ്. ആദ്ദോനെ അനുഗമിച്ച പാത്ഥ്യ രാജകുമാരന്റെ ആണ് അതിനടുത്തുണ്ടായിരുന്ന കബറിടം. ഈ രാജകുമാരനെ അനുഗമിച്ച പാത്ഥ്യാക്കാർ കാഞ്ചിപുരം കേന്ദ്രമാക്കി അവരുടെതായ ഒരു രാജ്യം തന്നെ സ്ഥാപിക്കുകയുണ്ടായി. മണിക്കയ മതത്തിന്റെ ഈററില്ലം തന്നെ കാഞ്ചിപുരം ആയിരുന്നു. ഈ രാജ്യമാണ് ഒരു കാലത്തു ചോള നാടിനെ ജയിച്ചടക്കിയ പല്ലവരാജ്യം. പല്ലവന്മാർ പാത്ഥിയർ[23] ന്മാരെന്നും അതല്ല തമിഴർ തന്നെയാണെന്നുള്ള സിദ്ധാന്തങ്ങൾ നിസ്സംശമായി തെളിയിക്കപ്പെട്ടിട്ടില്ല എന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ചോളരേയും, പാണ്ഡ്യരേയും തമിഴർ[24] എന്ന സംബോധനചെയ്തു് വിളിച്ചവർ ഈ പല്ലവന്മാരാണെന്ന് രേഖയുണ്ട്. ഇതിൽ നിന്നും പല്ലവർ തമിഴർ അല്ലായിരുന്നു എന്ന് വ്യക്തമാണ്. മറെറാരഭിപ്രായം പല്ലവർ പഹലവർ[25] (പാത്ഥ്യർ) തന്നെയെങ്കിലും അവർ വടക്കേ ഇന്ത്യയിൽ നിന്നും രണ്ടാം നൂററാണ്ടിൽ, ശകരും, ശതവാഹനരും തമ്മിലുള്ള യുദ്ധത്തിൽ തെക്കേ ഇന്ത്യയിൽ കുടിയേറിയവർ എന്നാണ് ശകതം ശതവാഹനരും തമ്മിലുള്ള യുദ്ധത്തിൽ പാത്ഥ്യരായ സീത്യർ[26] സ്കാൻഡിനേവിയായിലേക്കും, സ്കോട്ട്ലണ്ടിലേക്കും കുടിയേറിയതായി രേഖയുണ്ട്. എന്നാൽ തെക്കേ ഇന്ത്യയിലേക്ക അവർ കുടിയേറിയതായി രേഖ ഇല്ല മേൽപ്പറഞ്ഞ രേഖകളിൽനിന്നും തെളിയുന്നതു് പല്ലവർ, പാത്ഥ്യർ തന്നെയാണെന്നുള്ളതാണ്. ഇവരെ ആറാം നൂററാണ്ടിനുമുൻപ് അരിയാർ അഥവാ ആര്യന്മാർ എന്നു വിളിച്ചിരുന്നു. ഇവർ ആര്യന്മാരാണെങ്കിലും, തമിഴ്ബ്രാഹ്മണർ ഇവരെ താണ ജാതിക്കാരായിട്ടാണ്[27] കരുതിയിരുന്നതു്.

മൈലാപ്പൂരിൽ, പെരിയ മലയിൽ നിന്നും കണ്ട കിട്ടിയ കുരിശ്ശിലെ ലിഖിതവും മററ് ലിഖിതങ്ങളും [29]വായിക്കാൻ കാഞ്ചിപുരത്തു നിന്നും ആണ് ഒരു ബ്രാഹ്മണനെ പോർത്തുഗീസ്സുകാർ കൊണ്ടുവന്നതു്. ഈ കുരിശ്ശിനു് കോട്ടയത്തു് വലിയപള്ളിയിലെ കുരിശുമായി സാമ്യം ഉണ്ടെന്നു് നേരത്തെ വ്യക്തമാക്കിയിരുന്നല്ലോ. അതിലെ എഴുത്തു് പഹലവി ഭാഷയിൽ ആണെന്നും വെളിപ്പെട്ടി

www.malankaralibrary.com

www.knanayology.org

ട്ടുണ്ട്. അതു് വായിക്കാൻ പാർത്ഥ്യരുടെ ഒരു പിൻ തലമുറക്കാരനെ തന്നെയാണു് കാഞ്ചിപുരത്തു നിന്നും പോർത്തുഗീസുകാർ തെരഞ്ഞെടുത്തതു്.

ഇന്ത്യയിൽ വന്ന മണിയെപ്പററി ഇന്ത്യയിലെ ചരിത്രകാരന്മാർ പലവിധത്തിലാണു് എഴുതിയിരിക്കുന്നതു്. ശരിയായവിവരണം എന്തെന്നുമനസ്സിലാക്കാൻ പ്രയാസമാണു്. ഇവിടെ വ്യക്തമാക്കാനുള്ളതു്, കേരളത്തിൽ 'മണിക്കേയമതക്കാർ എന്നൊരുകൂട്ടർ ഉണ്ടായിരുന്നു എന്നുപോലും കേരള ചരിത്രകാരന്മാരുടെ ചരിത്ര ഗ്രന്ഥങ്ങളിൽ കാണാൻ പ്രയാസമാണു്. ഉള്ള ചരിത്രം തന്നെ മാർത്തോമ്മായെ ചുററിപ്പററിയും, മണിക്കേയ മതക്കാരെ ഹിന്ദുക്കളായും ആണു് ചിത്രീകരിക്കുന്നതു്. കൊല്ലത്തു് മണിഗ്രാമക്കാർ എട്ടോ, ഒൻപതോ നൂററാണ്ടോളം പ്രബലമായ ഒരു സമൂഹമായിരുന്നെന്നു് ചരിത്രരേഖയുണ്ട്, അവരിൽ മണിഗ്രാമസംഘം സ്ഥാപിച്ച ഇരവികോർത്തൻ[28] ഒരു ക്രിസ്ത്യാനിയോ, ഹിന്ദുവോ ആയിരിക്കാം എന്നാണു് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഇരവികോർത്തൻ ചെപ്പേടാണു് ഇതിനു് ആധാരം.

'പറയാനും കേൾക്കാനും ആളില്ലെങ്കിൽ അകററിനിർത്തുക' എന്ന ദുർബ്ബല നയം കേരള ചരിത്രകാരന്മാർ വെടിഞ്ഞു്, 'ചരിത്രത്തിൽ ഗവേഷണം നടത്തുകയും, കണ്ടെത്തുന്ന സത്യമനുസരിച്ചു് ചരിത്രം എഴുതുകയും ചെയ്യുകയാണവശ്യം' എന്ന തത്വം സ്വീകരിക്കണമെന്നു് കേരളചരിത്രകാരന്മാരോടു് വിനീതമായി അഭ്യർത്ഥിക്കുന്നു. അണ്ണാൻ കുഞ്ഞും തന്നാലായതു് എന്ന പഴഞ്ചൊല്ലുപോലെ മണിയെപ്പററി എന്നാൽ കഴിയുന്നതു് (പരിമിതമായ സാഹചര്യത്തിൽ) മണി[30]യുടെ ആഗ്രഹംപോലെ ഇവിടെ രേഖപ്പെടുത്തുക മാത്രമാണു് ചെയ്യുന്നതു്.

മണി ഒരു സാത്താനോ, ചാത്തൻസേവകനോ കൂടോത്രക്കാരനോ, മന്ത്രവാദിയോ, ആയി ചരിത്രകാരന്മാർ എഴുതുമായിരിക്കുമെങ്കിലും, ക്രിസ്തുവിനെപോലെ ഒരു മതസ്ഥാപകൻ ആയിരുന്നു അദ്ദേഹം എന്നുള്ളതു് ലോകത്തിനു മറക്കാൻ സാധിക്കുകയില്ല മാർത്തോമ്മായെപ്പോലെ സാഹസിക യാത്ര നടത്തി തെക്കെ ഇൻഡ്യയിൽ മണിയും വന്നിരുന്നു മലങ്കര നസ്രാണികളെപ്പോലെ, മണിക്കേയ

www.malankaralibrary.com

മതക്കാരും കേരളത്തിൽ ഒരു പ്രബലസമൂഹമായിരുന്നു. 1972-ൽ മാർത്തോമ്മായുടെ പത്തൊൻപതാം ചരമ ശതാബ്ദി കൊണ്ടാടുമ്പോൾ ഒരു പ്രകാരത്തിൽ മണിയുടെ പതിനേഴാം ചരമ ശതാബ്ദി കൂടി മലങ്കര നസ്രാണികൾ കൊണ്ടാടുകയായിരുന്നു. ആഘോഷങ്ങളിൽ എഴുന്നെള്ളിച്ചുകൊണ്ടുപോയ മാർത്തോമ്മായുടെ ചിത്രം വാസ്തവത്തിൽ മണിയുടെ ചിത്രം ആയിരുന്നു. ആ ചിത്രത്തിലെ വസ്ത്രങ്ങളും മററു വസ്തുക്കളും മണിയുടെ വസ്ത്രധാരണത്തെപ്പററി വിവരിച്ചിട്ടുള്ളതുപോലെ തന്നെയായിരുന്നു

An Azure gown, a staff of ebony in his right hand, a Babylonian book under his left arm.

Ref : Mani. by L. J R. Ort, Page 176.

മാന്ത്രികനായ മണി ദീർഘദൃഷ്ടിയോടെ ചെയ്ത ഒരു പ്രവൃത്തിയുടെ ഫലമാണ് ഈ ചിത്രം കൊണ്ടുള്ള 1972 ലെ ആഘോഷം. അതായതു് മണി രചിച്ച ഗ്രന്ഥങ്ങളും, ചിത്രങ്ങളും എല്ലാ ദേശങ്ങളിലേക്കും ശിഷ്യന്മാർവഴി അദ്ദേഹം കൊടുത്തയച്ചിരുന്നു. ആ ചിത്രങ്ങളിൽ ചിലതു് ശൈലാപ്പൂരിൽ കണ്ടുകിട്ടിയതിൽ ഒന്നിനെ സാദൃശമാക്കി വരച്ച ചിത്രങ്ങളായിരിക്കും, 1972ൽ കേരളത്തിൽ ആഘോഷപൂർവ്വം 'മാർത്തോമ്മായുടെ എന്നു് സങ്കല്പിച്ചുകൊണ്ടു നടന്നതു്. അതുപോലെ 1972-ൽ ഇൻഡ്യാഗവൺമെൻറിൻെറ തപാൽ വിഭാഗം മാർത്തോമ്മായുടെ 19-ാം ചരമശതാബ്ദി സ്മാരകമായി പുറപ്പെടുവിച്ച സ്റ്റാമ്പിൽ കാണിച്ചിരിക്കുന്ന പടം ഒരു 'മണിക്കേയൻ' കരിസ്റ്റിൻേറതും ആണു്.

മാർത്തോമ്മാ ധരിച്ചിരുന്ന വസ്ത്രങ്ങളെപ്പററിയും ഉപയോഗിച്ചിരുന്ന മററ് ഉപകരണങ്ങളെപ്പററിയും യാതൊരു രേഖയും ഒരിടത്തും ഇല്ലാ എന്നുള്ളതു് ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ.

തെക്കെ ഇൻഡ്യയുടെ ചരിത്രത്തിൽ രണ്ടു് മണിക്കവാചകന്മാരുടെ ചരിത്രങ്ങൾ കൊടുത്തിട്ടുണ്ടു്. കെ. ജി ശേഷഅയ്യർ[31] അവർകളുടെ അഭിപ്രായം 'മണിക്കവാചകർ' (Preacher of Manichaeism) എന്നൊരു വ്യക്തി പേർഷ്യയിൽ നിന്നും കാവേരിപ്പൂപട്ടണത്തു വന്നു വെള്ളാളച്ചെട്ടികളെ മണിക്കേയസ്സത്തിൽ ചേർത്തു. ഈ മണിക്കവാചകർ 'സംഘമിത്ര' എന്ന പേരിൽ അറിയപ്പെടുന്ന ബുദ്ധമതാ

www.malankaralibrary.com

നുയായി ആയിരുന്നു, എന്നാണ്‌ രേഖപ്പെടുത്തിയിരിക്കുന്നത്‌. സംഘ മിത്ര, എന്ന പേരിനു ആര്യഭാഷയിൽ സംഘത്തിന്റെ മിത്രം (സ്നേ ഹിതൻ) എന്ന അർത്ഥം കൽപ്പിക്കാമെങ്കിലും മണി, ആ അർത്ഥ മാണോ, തന്റെ പേരിനു ഉദ്ദേശിച്ചിരുന്നത്‌ എന്നു സംശയമുണ്ട്‌. സൂര്യനു 'മിത്ര'[32] എന്നാണു പേർഷ്യാക്കാർ വിളിച്ചിരുന്നത്‌. കൂടാ തെ സൂര്യനെ വന്ദിക്കുകയും ചെയ്തിരുന്നു. മണി അനുയായികളോ ട്‌ ഉപദേശിച്ചിരുന്നത്‌ താൻ സൂര്യനാണെന്നും, മററുള്ളവർ തന്റെ കിരണങ്ങൾ ആണെന്നും ആണ്‌. അതായത്‌ മണിക്കയമതത്തിന്റെ തലവൻ താൻ ആണെന്ന്‌ വ്യക്തമാക്കുകയാണ്‌ ചെയ്തത്‌. അതു പോലെ സംഘത്തിന്റെ തലവനായ'മിത്ര' എന്നാണ്‌ ചോളനാട്ടിൽ മണി അറിയപ്പെട്ടിരുന്നത്‌. എന്നാൽ മറെറാരു മണിക്കവാചകർ 33 (Utterer of Pearls) എ. ഡി. 660–681 ൽ ശൈവമുനിയായി ജീവിച്ചിരുന്നു. ഇദ്ദേഹം തിരുവശകം എന്ന കാവ്യം രചിക്കുകയു ണ്ടായി. ഈ മണിക്കവാചകർ എഴാം നൂററാണ്ടിൽ പാണ്ഡ്യനാ ട്ടിലെ പ്രധാന മന്ത്രിയായിരുന്നു. തഞ്ചാവൂരിൽ പെരുംതുരെര എന്ന സ്ഥലത്തുള്ള ശിവക്ഷേത്രത്തിൽ തൊഴാൻ പോയ അദ്ദേഹം പെട്ടെന്നു ണ്ടായ ആത്മീക പ്രചോദനത്തിൽ നിന്നും 'തിരുവശകം' എന്ന കീർത്തനം ശിവനെ പ്രകീർത്തിച്ച്‌ ആലപിക്കാൻതുടങ്ങി. അതിനു ശേഷം പൊതുജീവിതം വിട്ടൊഴിഞ്ഞു്‌ ബാക്കി ജീവിതകാലം ഒരു ശിവഭക്തനായി കഴിഞ്ഞു.

നമ്മുടെ കഥാപുരുഷനായ മണിക്കവൊചകർ എ. ഡി. 302ലോ 315ലോ സിലോൺ ഭരിച്ചിരുന്ന ഗോഖബയ്യായുടെ കാലത്ത്‌ ഇൻ ഡ്യയിൽ വന്നിരുന്നു എന്ന്‌ ചരിത്രകാരന്മാർ പറയുന്നുണ്ട്‌. ബുദ്ധ ജൈനമതങ്ങളുടെ സാംസ്ക്കാരിക കേന്ദ്രവും ക്ഷേത്രനഗരവും ആയി രുന്ന കാവേരി പൂപ്പട്ടണം[34] (പുഹാർ) ആസ്ഥാനമാക്കി മണിക്കയി സം പ്രചരിപ്പിച്ച മണി, ജൈന–ബുദ്ധമതങ്ങളുമായി വളരെയധി കം ബന്ധപ്പെട്ടിരുന്നതിനാൽ ആ മതങ്ങളുടെ തത്വങ്ങൾ തന്റെ മതത്തിലേക്കു ലോപമില്ലാതെ പകർത്തിയെടുത്തിട്ടുണ്ട്‌. മണിയുടെ പേർഷ്യയിലെ ചരിത്രം നോക്കിയാൽ അദ്ദേഹം എ. ഡി. 223–നും 240–നും മദ്ധ്യേയാണ്‌ ചേരനാട്ടിൽ (ചോരസ്സാനിൽ) വന്നിരു ന്നത്‌.

www.malankaralibrary.com

## Notes

1. Ref : Malankara Nazranikel, Vol. I page 384

2. (I) Ref : Malankara Nazranikel. Vol. I page 374

   (2) Ref : Apostle Thomas in South India, by J. N. Farquhar, Edited by Vellian, page 52 (note 4)

3 & 4 Ref ; A history of Christianity in Kerala. by Dr. C. V. Cherian page 64

5. Ref : MANI, page 213

6. Ref; Malankara Nazranikal, Vol. I, page 469

7. Ref : Studies in Kerala History by Elamkulam, page 391

8. Ref : The Orthodox Church of India. by David Daniel page 27

9. Ref : Travancore State Manual, as cited in Malanakara Nazranikel, Vol. I, page 470

10. 'Thomas's final destination as missionary was, according to this text (Acta Archelai), Syria.'

    Reg : Studies in Coptic Manichaean Psalm book, page 164

11. Ref : History of Christianity in India, by White House, as cited in A history of Christianity in Kerala, by Dr. C. V. Cherian, page 66

11a. Ref : MANI, page 56

12&13. Ref : Traditions of St. Thomas Christians, by A. M. Mundadan, page 57

14. Ref : Mani, page 65 (M 2 Recto II)

www.malankaralibrary.com

15 Ibid—217

16. Ref : Mani, page 66

17. Rcf: മാർത്തോമ്മായുടെ കബറിടം, എ. എം. മുണ്ടാടൻ പേജ് 86

18. Mani, page 67

19. Ibid-217

20. Ibid-217

21. Ref : Traditions of St. Thomas Christians, by Mundadan page 71

22. 'Discovery of a big body'. Ibid 54

23. Ref: ദക്ഷിണേന്ത്യാ ചരിത്രം, by Dr. K. K. Pillai, pge 94

24. Ref ; Studies in Kerala History, by Elamkulam page 10

25. 'The Origin of Pallavas in S. India is under debate. Some writers have suggested that Pallavas is a variant of Pahlava (Parthian) and that the Pahlavas were originally Parthians who moved from Western India to the Eastern Coast of the Peninsula during the war between the Shakas and the Satavahanas in the 2nd century A. D.'

Ref ; A History of India, by Romila Tapar page 168-169

26 Ref : Plain Truth, Ambassador college, U. K.

27. Ref : Studies in Kerala History, by Elamkulam, page 186

28. Ref : മാർത്തോമായുടെ കബറിടം by Mundadan page 84.

29. 'It is possible that Ravi Govardhana (Ravi Kartan) was a Christian or a convert to Christanity. He might have been a Hindu at the time of the grant'.

Rcf: Studies in Kerala History, by Elamkulam. page 392.

www.malankaralibrary.com

30. 'Mani's words, "But you, to your ability and as far as you are able, remember and write a little bit of voluminous wisdom you heard from me."

Ref; Mani, by Ort, page 19.

31. Res: A History of Christianity in Kerala, by Dr. C. V. Cherian, page 65.

32. 'The Persians like the vedic bretheren worshipped the sun under the name of Mithra'

Ref: Herodotus, Persian wars, Book I

33. Ref An Anthology of Indian Literature' page 485.

34. Ref: Sangam Age, by K. A. Nilakanta Sastri page 76.

★

Prayers addressed to Mani:

Our Lord, the Paraclete, has come, he had sat down upon his Bena; let us all pray, my bretheen, that he may forgive us our sins.

Ref: MANI by Ort, page 249.

www.malankaralibrary.com

# അദ്ധ്യായം 4

# സംഘപ്പുലവരായ ചീത്തലൈ ചാത്തനാർ?

ചേരസാമ്രാജ്യത്തിൽ നിലവിൽ വന്ന ആദ്യത്തെ കടൈച്ചങ്കം (വാണിക് സംഘം–Merchant Guild) ആണ് മണിക്കിരായ (മണിഗ്രാമ[1]) സംഘം എന്നാൽ ആദിസംഘം, മദ്ധ്യമസംഘം, അന്തിമസംഘം (മുതൽച്ചങ്കം, ഇടൈച്ചങ്കം, കടൈച്ചങ്കം) എന്നിങ്ങനെ മൂന്ന് തമിഴ് സംഘങ്ങൾ ഉണ്ടായിരുന്നു എന്നൊരു പൗരാണിക വിശ്വാസം[2] ഉണ്ട്. പക്ഷെ പൗരാണിക വിശ്വാസത്തിലും ഉപരിയായി കടൈച്ചങ്കം, അന്തിമസംഘം എന്നല്ല മറിച്ച് വണിക്സംഘം എന്ന അർത്ഥമാണ് സൂചിപ്പിക്കുന്നത്. മണിഗ്രാമ സംഘത്തെപ്പോലെ നഗരം, അഞ്ചുവണ്ണം, വളഞ്ചിയർ, നാനാദേശി തുടങ്ങിയ വ്യാപാരസംഘങ്ങളും ഈ ചേരനാട്ടിൽ നിലവിലുണ്ടായിരുന്നു. എ. ഡി. 230–ൽ (കലിവർഷം 3331[3]-ൽ) കേരളചക്രവർത്തിയായിരുന്ന ശ്രീ വീര കേരളചക്രവർത്തി, മകോതൈയാർ പട്ടണത്ത് (തെൻവഞ്ചിയിൽ) ഇരവി കോർത്തന് കൊടുത്ത ചെപ്പേട് പ്രകാരമാണ് ആദ്യമായി ഒരു സംഘം ചേരനാട്ടിൽ നിലവിൽ വന്നത് (ചെപ്പേടുകളെപ്പറ്റി ഏഴാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.) എ. ഡി. 1000 ാം മാണ്ടിലെ ജൂതപട്ടയം ശ്രീ പാർക്കരൻ ഇരവിമന്നവർ ആണ് യമനി[4]ൽ നിന്നും കുടിയേറിയ ജൂതന്മാർക്ക് കൊടുക്കുന്നത്. മന്നവരുടെ തലവനായ ഇരവിമന്നവർ എന്നതുപോലെ കത്തനാരന്മാരുടെ തലവനായ ഇരവി കർത്തനാണ്, വീരരാഘവപട്ടയം എന്നും അറിയപ്പെടുന്ന ഈ ചെപ്പേട് കിട്ടുന്നത് പ്രസ്തുതപട്ടയപ്രകാരം ഇരവികർത്തന് ചേര സാമ്രാജ്യത്തിലെ കമ്പള ചെട്ടി[5]കളുടെ (വിദേശ കച്ചവടക്കാർ) എല്ലാം തലവനായി, ചേരമാൻ ലോക പെരുഞ്ചെട്ടി എന്ന സ്ഥാനവും കിട്ടുന്നുണ്ട്.

ഈ ഇരവി കർത്തനാണ്, ചേര സാമ്രാജ്യത്തിൽ കടൈച്ചങ്കം ആദ്യമായി സ്ഥാപിച്ചത്. ഇദ്ദേഹമാണ്, സംഘപ്പുലവരായ ചീത്തലൈ ചാത്തനാർ എന്നും സംഘം കൃതികളിൽ അറിയുന്നത്. ഈ

www.malankaralibrary.com

ചാത്തനാർ ആണ് 'മണിമേകലൈ[8] തുറവ്'' രചിച്ചത്. ഈ മഹാൻ പേർഷ്യാക്കാരനും, മണിക്കയെ മതസ്ഥാപകനുമായ മണിയാണെന്ന്; സംഘകാവ്യങ്ങളിലെയും, ബർദേസ്സാൻ രചിച്ച 'തോമായുടെ നടപടി'കൾ എന്ന കൃതിയിലെയും, കൂടാതെ മണിയുടെ ജീവചരിത്രത്തിൽ നിന്നും എടുത്ത തെളിവുകൾ മൂലം സമർത്ഥിക്കുകയാണ് ഈ അദ്ധ്യായം കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നത്''

സംഘം കൃതികളിൽ ആദ്യത്തേത് ചിലപ്പതികാരവും, രണ്ടാമത്തേത് മണിമേഖലയുമാണ്. ചിലപ്പതികാരകാവ്യത്തിന്റെ തുടർക്കഥയെന്നപോലെ എഴുതിയ മണിമേഖലാ കാവ്യത്തിന്റെ കർത്താവായ പേർഷ്യാക്കാരനായ മണിയെ ചേരനാട്ടിൽ, മുടത്തിരുമാറൻ[7a], സംഘമിത്ര എന്നീ പേരുകളിലും അറിയപ്പെട്ടിരുന്നു. പേർഷ്യയിൽ മുടന്തനായ സാത്താൻ[7b] എന്നറിയപ്പെട്ടിരുന്ന മണിയാണ്, മുടന്തനായ തിരുമാറൻ എന്ന് തമിഴകത്തിൽ അറിയപ്പെട്ടിരുന്നത്. എന്നാൽ ചിലപ്പതികാര കാവ്യവുമായി ബന്ധപ്പെടുന്ന മതുരൈ കൂലവണികൻ ചാത്തനാർ എദേസ്സായിലെ ബർദേസ്സാനാണെന്നുള്ള എന്റെ നിഗമനം ഒന്നാം ഭാഗം മൂന്നാം അദ്ധ്യായത്തിൽ വിവരിച്ചിരുന്നല്ലോ

മണിമേഖലാ കാവ്യത്തിന്റെ കർത്താവായ മണി' ബർദേസ്സാന്റെ കാൽപാടുകളെയാണ് പിൻതുടർന്നതെങ്കിലും, ആശയത്തിൽ രണ്ടുപേരും ഒരു നാണയത്തിന്റെ ഇരുവശങ്ങളെപ്പോലെ ഭിന്നവ്യക്തിത്വം നിലനിർത്തിയിരുന്നു. ബർദേസ്സാൻ വിവാഹം അഭികാമ്യമെന്ന് പറയുമ്പോൾ, മണി അത് നിഷിദ്ധമായി കരുതുന്നു. ബർദേസ്സാൻ ജൈനമതവുമായി കൂടുതൽ ബന്ധപ്പെട്ടു എന്നാൽ മണി ബുദ്ധമതവുമായി ആണ് ബന്ധപ്പെടുന്നത്. അതിനാൽ മണിക്കയമതം ബുദ്ധമതത്തിന്റെ ഒരു കൊച്ചുപകർപ്പായി അറിയപ്പെട്ടിരുന്നു. പക്ഷെ രണ്ടുപേരും പേർഷ്യയിൽ നിന്നും ചേരനാട്ടിലേക്ക് ഓടിപോന്നവരാണ് രണ്ടുപേരും അവരുടേതായ മതങ്ങൾ പടുത്തുയർത്തി. രണ്ടുപേരും ധരിച്ചിരുന്നത് കാൽപാദം വരെ എത്തുന്ന വെളുത്ത ളോഹ ആയതിനാൽ കത്തനാരന്മാരായി ചേര സാമ്രാജ്യത്തിൽ അറിയപ്പെട്ടിരുന്ന ബർദേസ്സാൻ എഴുതിയ തോമായുടെ നടപടിയുടെയും, മണി എഴുതിയ മണിമേഖലയുടെയും രചനാ രീതി ഒന്നു തന്നെയാണ്. കഥാപാത്രങ്ങളെ ഉപകഥകളിൽ കൂടി വിവരിച്ച്

www.malankaralibrary.com

ഓരോ നാട്ടിലേക്കും കൊണ്ടുപോകുന്ന രീതിയാണ് രണ്ടുപേരും അവലംബിച്ചതു് മണിമേഖലയെ പുകാറിൽ നിന്നു് വഞ്ചിനഗരത്തിലേക്കു് ആകാശത്തിൽ കൂടി മണി കൊണ്ടുവരുമ്പോൾ ബർദേസ്സാൻ മാർത്തോമ്മായെ ഗുന്ധ്നാഫറിന്റെ രാജധാനിയിൽ നിന്നും യെരുശലേമിലേക്കു് ആകാശത്തിൽ കൂടെയാണ് കൊണ്ടുപോകുന്നതു്.

സാരത്തുസ്ത്രമതസിദ്ധാന്തങ്ങളെ (നന്മയുടെയും തിന്മയുടെയും രണ്ടു് ദൈവങ്ങൾ) ബുദ്ധമത സിദ്ധാന്തങ്ങളോടു് (നിർവ്വാണം, പരിനിർവ്വാണം) സംയോജിപ്പിച്ചു് മണിക്കേയമതത്തിനു് അടിസ്ഥാനം ഇട്ട മണി, ചേരനാട്ടിൽ കഴിച്ചു് കൂട്ടിയകാലത്തു് ബുദ്ധമതതത്വങ്ങളെ അങ്ങേ അററം വാഴ്ത്തുകയും, ഇതര മതങ്ങളെ ഖണ്ഡിക്കുകയും ചെയ്തുകൊണ്ടു് രചിച്ച ഒരു കാവ്യമാണു് മണിമേഖല. ഇതേ തത്വം തന്നെയാണു് തന്റെ മതഗ്രന്ഥങ്ങളിലും ഉടനീളം പ്രകടിപ്പിച്ചിരിക്കുന്നതു് ഴുതേപ്പുററ് MANI എന്ന ചരിത്ര ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു് താഴെ പറയും പ്രകാരമാണു്.

'His books make the Manichaean religion superior to all other religions' (page 107)

'As we have seen Mani even stated that his religion was superior to other religions because of his holy books. (page 115)

മണി പേർഷ്യയിൽനിന്നും, ഇൻഡ്യയിൽ വന്നതിനുശേഷമാണു് ഇളങ്കോവടികൾ ചിലപ്പതികാര കാവ്യം രചിച്ചതു് എന്നു്, ആ കാവ്യത്തിൽ കൊടുത്തിരിക്കുന്ന, മധുരൈ അന്തപുരത്തിൽ സ്ത്രീവേഷത്തിൽ കടന്ന വീരന്റെ കഥയിൽനിന്നും മനസ്സിലാക്കാൻ സാധിക്കും. പാണ്ഡ്യരാജ്യത്തെ ഇളംമുറ തമ്പുരാന്റെ അന്തപുരത്തിൽ സ്ത്രീവേഷത്തിൽ കടന്നുകൂടി, തമ്പുരാൻ അണിഞ്ഞിരുന്ന വൈരമാല മിന്നൽ വേഗത്തിൽ കൈക്കലാക്കിയശേഷം, മാന്ത്രികശക്തിയാൽ മണിത്തൂണായി മാറിയ ആ വീരൻ, ഈ മണിതന്നെയാണു് എന്നുള്ളതിനു് സംശയമില്ല. എന്റെ ഈ അഭിപ്രായത്തിനുള്ള കാരണം ചേരനാട്ടിൽനിന്നും തിരികെ പേർഷ്യയിൽ ചെന്ന മണി, അവിടെ ശാപ്പോർ ഒന്നാമൻ ചക്രവർത്തിയെ നേരിട്ടു കാണാനായി, തോളുകളിൽ പ്രതിബിംബിക്കുന്ന ശോഭയുള്ള വെളിച്ചവു,ഠമായി ആണു് രാ

www.malankaralibrary.com

ജാവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്തതു്. ഈ ശോഭകണ്ടു്, രാജാവു് മണിയെ ഒരു പ്രധാന അതിഥിയായി സ്വീകരിക്കുകയും ചെയ്തു. ഈ തോളിലെ ശോഭ, താൻ പാണ്ഡിനാട്ടിലെ അന്തപുരത്തിൽനിന്നും കവർന്നെടുത്ത വൈരമാലയിലെ രത്നകല്ലുകളുടെ ശോഭ അല്ലേ? എന്നു് കരുതാൻ ന്യായമുണ്ടു്. മ ണി യു ടെ തോ ള ക ളി ൽ പ്ര ശോ ഭി ച്ച വെളിച്ചം, ആ വൈരമാല ധരിച്ചിരുന്നതുകൊണ്ടു് ഉണ്ടായതാണെന്നു സ്പഷ്ടമാണു്.

ചിലപ്പതികാര കഥ നടന്ന കാലത്തു്, ഇളങ്കോവടികളുടെ സന്തതസഹചാരിയായിരുന്ന മതുരൈ കുലവാണകൻ ചാത്തനാർ, കോവലന്റെയും കണ്ണകിയുടെയും കാലത്തു് ജീവിച്ചിരുന്ന ആളാണെന്നും, മധുരൈയുടെ അധിദേവത, കണ്ണകിയോടു് അവളുടെ മുൻജന്മകഥ പറഞ്ഞതു് നേരിട്ടു് കേട്ടയാളാണെന്നും, ചെങ്കുട്ടവന്റെ സമകാലീനനാണെന്നും ചിലപ്പതികാരപ്പതികം[11] കൊണ്ടറിയാം. ഇളങ്കോവടികൾ തന്നെ ചിലപ്പതികാരം എഴുതണമെന്നു് മതുരൈ കുലവാണികൻ ചാത്തനാർ അദ്ദേഹത്തോടു് അപേക്ഷിച്ചതായും കാണുന്നു. പക്ഷെ ചിലപ്പതികാരകാവ്യം രചിക്കുന്നതിനു് മുൻപായി തന്നെ ബർദേസ്സാൻ (മതുരൈ കുല വാണികൻ ചാത്തനാർ) ചേരനാട്ടിൽ നിന്നും അർമീനിയായിലേക്കു് പോയി കഴിഞ്ഞിരുന്നു. എന്നാൽ ആ കാവ്യം ഇളങ്കോവടികൾ ചീത്തലൈ ചാത്തനാരെ (മണി) വായിച്ചുകേൾപ്പിക്കുകയുണ്ടായി. അതിന്റെ തുടർക്കഥ എന്ന പോലെ ഇളങ്കോവടികൾ മണിമേഖല[12] രചിക്കുന്നതിനു് ആഗ്രഹിച്ചിരുന്നെങ്കിലും തനിക്കു് മുൻപായി തന്നെ ചീത്തലൈ ചാത്തനാർ ഈ കാവ്യം രചിച്ചു കഴിഞ്ഞിരുന്നു. ഇളങ്കോവടികളെ ഗ്രന്ഥകർത്താവു് തന്നെ ഈ മഹാകാവ്യം വായിച്ചു് കേൾപ്പിക്കുകയും ഉണ്ടായി.

മണി പേർഷ്യയിൽ നിന്നും 'പാറക്ലീത്താ'[13] എന്ന പേരും സ്വീകരിച്ചുകൊണ്ടു് ആണു് ചേരനാട്ടിൽ വരുന്നതു്. ക്രിസ്തു പ്രവചിച്ചിരുന്ന കള്ളപ്രവാചകനായി പ്രത്യക്ഷപ്പെട്ട മണിയെ കണ്ടതിനു് ശേഷം, മണിയുടെ പ്രവൃത്തികളോടു് യോജിക്കാൻ സാധിക്കാത്തതുകൊണ്ടും ക്രിസ്തുമതത്തോടു് താൻ ചെയ്ത തെറ്റിനെപ്പറ്റി പശ്ചാത്താപിച്ചും, ഒരു സത്യക്രിസ്ത്യാനിയായി ആണു് ബർദേസ്സാൻ ഇവിടെ നിന്നും അർമീനിയായിലേക്കു് പോകുന്നതു്. ഇതിനു് ശേഷ

www.malankaralibrary.com

www.knanayology.org

മാണ്‌ ഇളങ്കോവടികൾ ചിലപ്പതികാരവും; മണി മണിമേഖലയും രചിക്കുകയുണ്ടായതു്. അതേ സമയം ബർദ്ദേസ്സാൻ അസ്മീനിയായിൽ എത്തിയ ശേഷം അവിടെവച്ച്‌ 'തോമായുടെ നടപടി'കൾ രചിക്കുകയുണ്ടായി. ഇതു കൂടാതെ സംസ്ക്കാരത്തിൽ അത്യുന്നതയിൽ നിന്നിരുന്ന ഒരു സമൂഹത്തിന്റെ ചരിത്രം അദ്ദേഹം എഴുതിയിട്ടുണ്ടു്. അതു് ചേരനാടിന്റെ ചരിത്രം ആണോ? എന്നു് ചരിത്രകാരന്മാർ അന്വേഷിച്ചാൽ കൊള്ളാം.

മതുരൈക്കൂല വാണികൻ ചാത്തനാരും, സംഘപ്പുലവരായ ചീത്തലൈ ചാത്തനാരും ഒന്നല്ല രണ്ടാണു് എന്നു് സ്വാമി ചിദംബരനാർ[14] പറയുന്നുണ്ടു്.

"ഉരൈചാൽ അടികൾ അരുള മതുരൈ
കൂലവാണികൻ ചാത്തൻ കേട്ടനൻ"

എന്നു് ചിലപ്പതികാര കാവ്യത്തിൽ പറയുന്ന മതുരൈ കൂലവണികൻ ചാത്തൻ, എദ്ദേസ്സായിലെ ബർദ്ദേസ്സാനും; മണിമേഖലാ പതിക[15]ത്തിൽ പറയുന്ന

"ഇളംകോവേന്തൻ അരുളിക്കേട്ടപ
വളങ്കെഴുകൂലവാണികൻ ചാത്തൻ
മാവൻ തമിഴ്ത്തിറ മണിമേകലൈ
തുറവു ആറൈം പട്ടിനാൽ അറിയവൈത്തനൻ"

സമ്പന്നനും ധാന്യവ്യാപാരിയുമായ ചാത്തനാർ മണിയും ഒന്നാണെന്നുള്ളതാണു് എന്റെ അഭിപ്രായം. ഈ മണിമേഖലൈ തുറവു് അരങ്ങേറിയപ്പോൾ അഗ്രാസനാധിപത്യം വഹിച്ചിരുന്നതു് ചിലപ്പതികാരകർത്താവായ ഇളങ്കോവടികളാണു്, അതുപോലെ ചിലപ്പതികാരത്തിന്റെ അരങ്ങേററത്തിനു് ചീത്തലൈ ചാത്തനാർ ആയിരുന്നു അദ്ധ്യക്ഷ[16]ൻ. കൂടാതെ ഇളങ്കോവടികളെ ഗ്രന്ഥകർത്താവു് തന്നെ മണിമേകലൈ തുറവു് വായിച്ചു് കേൾപ്പിക്ക[17]കയും ചെയ്തിരുന്നു.

ചിലപ്പതികാര കാവ്യത്തിന്റെ തുടർക്കഥയെന്നപോലെ എഴുതിയ 'മണിമേഖലാ' കാവ്യം മൂലം മണിക്കു് ചേരനാട്ടിൽ സമുന്നതമായ ഒരു സ്ഥാനം കൈവരിക്കുവാൻ സാധിച്ചു. ഇതുമൂലമാണോ ചേരസാമ്രാജ്യത്തിലെ ആദ്യത്തെ ചെപ്പേടായ ഇരവി കോർത്തൻചെപ്പേടു് സമ്പാദിക്കുവാൻ മണിക്കു് സാധിച്ചതു് എന്നു് തോന്നി,

www.malankaralibrary.com

പ്പോകുന്നു.

ചിലപ്പതികാര കാവ്യം ഒരു തനിത്തമിഴ് കാവ്യമാണ്. എന്നാൽ മണിമേഖലയുടെ കർത്താവായ ചീത്തലൈ ചാത്തനാർ വലിയ സംസ്കൃതപണ്ഡിതനാണെന്നു് മണിമേഖലയിലുള്ള 'തലത്തിറം പൂണ്ട തരുവം കേട്ടകാതൈ'' തെളിയിക്കുന്നു. മണി, പാലി ഭാഷയിൽ എഴുതിയ മണിക്കയ ബൈബിളും സംസ്കൃതത്തിലും പാലിയിലും തനിക്കുള്ള പാണ്ഡിത്യത്തെയാണ് അറിയിക്കുന്നതു് സംസ്കൃതത്തിൻെറ സഹോദരീ ഭാഷകളാണ് കൊറോസ്തിയും, സൊഗതിയാനും അതിൽ സൊഗതിയാനാണ് മണിക്കയമതത്തിൻെറ അംഗീകൃത ഭാഷയായി തീർന്നതു്.

മണി മേഖലയുടെ, മലയാള വിവർത്തനത്തിൻെറ അവതാരികയിൽ ശ്രീ. വി. ആർ. പരമേശ്വരൻപിള്ള എഴുതിയിരിക്കുന്നതു് :

> ''ഒടുവിലത്തെ മൂന്നു് കാതൈകളിൽ പറഞ്ഞിട്ടുള്ള ഭൂരിഭാഗത്തിനും ഗ്രന്ഥകാരൻ പാലിയിലും സംസ്കൃതത്തിലും അനേകം പ്രാമാണിക ഗ്രന്ഥങ്ങളോടു് കടപ്പെട്ടിരിക്കുന്നു. മററു് തമിഴ് ഗ്രന്ഥങ്ങളിൽ സാധാരണമല്ലാത്ത അസംഖ്യം പാലി പദങ്ങളും സംസ്കൃത പദങ്ങളും ഇതിൽ പ്രയോഗിച്ചിരിക്കുന്നു '

ഇതിനാൽ, ഒരു തനിതമിഴ്കാവ്യമായ ചിലപ്പതികാരം, രചിച്ച ഇളങ്കോവടികളെപ്പോലെ തമിഴ് മാത്രം അറിയാവുന്ന ദ്രാവിഡനല്ല മണിമേഖല രചിച്ചതെന്നു് അനുമാനിക്കാവുന്നതേയുള്ള.

ചിലപ്പതികാരം മലയാള വ്യാഖ്യാനത്തിൻെറ, അവതാരികയിൽ ശ്രീ നെന്മാറ പി. വിശ്വനാഥൻ നായർ എഴുതിയിരിക്കുന്നതു് ഇപ്രകാരമാണ്.

> ''ചിലപ്പതികാരവും മണിമേഖലയും തനി തമിഴ് കാവ്യങ്ങളാണ്. ആദ്യത്തേതിൻെറ കർത്താവായ ഇളങ്കോവടികൾ തമിഴ് മാത്രമറിഞ്ഞു് മഹാ കവിയായതല്ല. സംസ്കൃതവും പാലിയും അദ്ദേഹത്തിനു നല്ലതുപോലെ അറിഞ്ഞിരുന്നുവെന്നു് വേണം വിചാരിക്കാൻ രണ്ടാമത്തേതിൻെറ കർത്താവായ കുലവാണികൻ ചാത്തനാരും വലിയ സംസ്കൃത പണ്ഡിതനാണെന്നു് മണിമേഖലയിലുള്ള 'തലത്തിറം പൂണ്ട തരുമംകേട്ടകാതൈ' തെളിയി

www.malankaralibrary.com
www.knanayology.org

ക്കുന്നു[21] ."

മേൽ കൊടുത്തിരിക്കുന്ന അഭിപ്രായത്തിൽ ഒരു ദ്രാവിഡനായ ഇളങ്കോവടികൾ ഒരു സംസ്കൃത പണ്ഡിതനാണെന്ന് സൂചിപ്പിക്കുന്നുണ്ടെങ്കിലും, മണിമേഖല രചിച്ച കൂലവാണികൻ ചാത്തനാർ ഒരു സംസ്കൃത പണ്ഡിതനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ അഭിപ്രായങ്ങളെല്ലാം, മണിമേഖല കാവ്യത്തിന്റെ രചയിതാവ് ഒരു ആര്യനാണെന്ന് സംശയലേശമന്യേ പറയാൻ സാധിക്കും. ആര്യൻ പേർഷ്യക്കാരനായ മണിയാണെന്നാണ് എന്റെ വ്യാഖ്യാനം.

മണിക്കയ മത തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി, തെളിവുകൾ എടുത്താൽ കൂടി, അവ ധാരാളമായി മണിമേഖലാ കാവ്യത്തിൽ കാണാവുന്നതാണ്. ഈ മതത്തിന്റെ, രക്ഷയുടെ മാർഗ്ഗങ്ങളായി പറയുന്നവയെപ്പററി 'MANI' എന്ന വിദേശ ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള വരികൾ (page 131) താഴെ കൊടുക്കുന്നു.

'When a man joins the Manichaean community, he takes the first step in the direction of his salvation. The strict observation of the Manichaean rules, eat no meat, drink no wine, refrain from the powers of Darkness.'
ഇവകൾ തന്നെയാണ്, മോക്ഷമാർഗ്ഗങ്ങളായി, മണിമേഖലാ കാവ്യത്തിലും എഴുതിയിരിക്കുന്നത്. മണിമേഖലാ, മലയാള വിവർത്തനത്തിൽ, 24ാം ഗാഥയിലെ വരികളെ സമാഹരിച്ച് വിദ്വാൻ പി. ജനാർദ്ദനൻ പിള്ള എഴുതിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

"കാമം, കൊല, മദ്യം, അസത്യം മോഷണം എന്നിവ അഞ്ചും വളരെ ദുഃഖകരമായിട്ടുള്ളതാണ്. ഇവയെ വിട്ടൊഴിഞ്ഞവരാണ് ശീലവന്മാർ. ക്രോധം അടക്കുന്നവരാണ് പൂർണ്ണജ്ഞാനികൾ. മറ്റുള്ളവർക്ക് ധർമ്മം ചെയ്യുന്നവരാണ് യഥാർത്ഥത്തിൽ ജീവിക്കുന്നവർ ദീനന്മാർക്ക് ആഹാരം നൽകുന്നവരാണ് മോക്ഷത്തെ അറിയുന്നവർ[22] ".

മേലുദ്ധരിച്ച, മണിയുടെ ജീവിതചരിത്രത്തിലെ രേഖകളും, മണി മേഖലയിലെ വരികളും മണിക്കയ മതതത്വങ്ങളെ ഒരുപോലെ കാണിക്കുന്നവയാണ്. ഇതിൽ നിന്നും അനുമാനിക്കാവുന്നത് മണിമേഖലാ കാവ്യത്തിന്റെ രചയിതാവായ ചക്കെപ്പുലവരായ ചീത്തലൈ ചാത്തനാർ പേർഷ്യാക്കാരനായ മണിയാണെന്നുള്ളതാണ്.

www.malankaralibrary.com

മണിമേഖലാ മഹാകാവ്യത്തിൽ, കഥ പറയുന്നതോടൊപ്പം ബുദ്ധമതമാണ് സമുന്നത മതമെന്ന് സ്ഥാപിക്കുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം.[23] അതുപോലെ, ബുദ്ധമതം നിഷേധിച്ചിട്ടുള്ള മാംസാഹാരം, മദ്യപാനം, വിഗ്രഹാരാധന, ബലി, മന്ത്രജപം ഇവയെല്ലാം തന്നെ മണിമേഖലയിലും നിഷേധിച്ചിട്ടുണ്ട്. മനുഷ്യരോട് സ്നേഹമുള്ളവരായിരിക്കുക, എല്ലാ മനുഷ്യരെയും സഹോദരരായി കരുതുക, ദുഃഖിതരെ ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുക സ്വാർത്ഥ ചിന്തവെടിഞ്ഞ് പരാർത്ഥമായി പ്രവൃത്തിക്കുക ഇവ ബുദ്ധമതത്തിന്റെ അടിസ്ഥാനതത്വങ്ങളാണ്. ഈ സിദ്ധാന്തങ്ങൾ[24] (ഹീനയാന ബൗദ്ധരുടെ) തന്നെയാണ് മണിമേഖലയിലും ആവിഷ്കരിച്ചിട്ടുള്ളത്. മണി തന്റെ മതമായ മണിക്കേയിസ്സത്തിന്, അടിത്തറ പാകിയത്, ഇൻഡ്യയിൽ തൊണ്ടിമണ്ഡലത്തിൽ, കാഞ്ചിപുരത്ത് വെച്ചായിരുന്നു എന്ന് ഇവിടെ എടുത്ത് പറഞ്ഞുകൊള്ളട്ടെ (വിവരണം പിന്നാലെ).

അദ്ദേഹം പ്രധാനമായി അഞ്ച് തിരുഗ്രന്ഥങ്ങൾ തന്റെ മതത്തിന്റേതായി രചിച്ചിരുന്നു. ഈ ഗ്രന്ഥങ്ങൾ, തന്റെ മതത്തെ മറ്റെല്ലാ മതങ്ങളിലും വെച്ച് ഉന്നതമായി തീർക്കുന്നു എന്ന് മണി വിശ്വസിച്ചിരുന്നു. ആ ഗ്രന്ഥങ്ങളെപ്പറ്റി തന്റെ തന്നെ അഭിപ്രായം[25] ഇപ്രകാരമാണ്.

> "ജ്ഞാനത്തിന്റെയും, അറിവിന്റെയും, വെളിപാടുകളായ എന്റെ ഈ ജീവിക്കുന്ന ഗ്രന്ഥങ്ങൾ, മുൻ മതങ്ങളുടെ ഗ്രന്ഥങ്ങളേക്കാളും മേന്മയേറിയതാണ്.' എന്നാണ്.

അദ്ദേഹം എഴുതിയ മതഗ്രന്ഥങ്ങളിൽ ബുദ്ധമത തത്വങ്ങൾക്ക് വളരെ അധികം പ്രാധാന്യം കൊടുത്തിരുന്നു. വാക്കുകൾ, വിചാരങ്ങൾ എന്നിവയെ നിയന്ത്രിക്കുന്ന സാന്മാർഗ്ഗിക ചിന്തകൾ[26] ജന്തുക്കളെ ഹിംസിക്കാതിരിക്കുക[27] എന്നിവയെല്ലാം ബുദ്ധമതത്തിൽ നിന്നും എടുത്തിട്ടുള്ളവയാണ്. മണിയുടെ ആശയങ്ങൾ ഇറാനിയൻ (സാരതുസ്ത്രമതാശയങ്ങൾ) ആണെങ്കിലും ബുദ്ധമതം അതിനെ ആശ്ലേഷിച്ചിരുന്നു. ക്രിസ്തുമത ചിന്തകൾ അതിൽ ഉൾക്കൊണ്ടിരുന്നു [28] നിർവ്വാണം, പരിനിർവ്വാണം[29] എന്നീ ബുദ്ധമത വിശ്വാസങ്ങളുമായി മണി ബന്ധപ്പെടുന്നത് അദ്ദേഹത്തിന്റെ ഇൻഡ്യയിലെ വാ

www.malankaralibrary.com

സക്കാലത്താണ്. ബുദ്ധമത തത്വങ്ങളുടെ സമാഹാരം മൂലം ചൈനക്കാർ[30] മണിക്കേയമതം ബുദ്ധമതം ആണോ എന്നുപോലും സംശയിച്ചിരുന്നു. മണിയെ, കോപ്റ്റിക് (ഈജിപ്ത്) ഭാഷയിലുള്ള മണിക്കേയ ഗ്രന്ഥങ്ങളിൽ 'പാറക്ലീത്താ'യായും, ചൈനയിലെ മണിക്കേയഗ്രന്ഥങ്ങളിൽ ബുദ്ധന്റെ ദീപം[31], (Light of Buddha) എന്നും ആണ് ചിത്രീകരിക്കുന്നത്. ഇവയെല്ലാം തെളിയിക്കുന്നത്, മണിക്ക് ബുദ്ധമതവുമായിട്ടുള്ള ബന്ധത്തെയാണ്. ഈ ബന്ധം, താൻ ചോരസ്സ്ഥാനി[32]ലേക്ക് (ചേരനാട്) ഓടിപ്പോന്ന കാലത്ത് സ്ഥാപിച്ചതാണ്.

ചങ്കപ്പുലവര് ചീത്തലൈ ചാത്തനാർ രചിച്ച മണിമേഖലാ കാവ്യവും, മണിരചിച്ച സുവിശേഷവും (The Gospel) തമ്മിൽ രചനയിൽ വളരെ അധികം സാമ്യം ഉണ്ട്. സുറിയാനിയിൽ (ആരാമ്യ) രചിച്ച തന്റെ സുവിശേഷത്തിന്, ആ ഭാഷയുടെ അക്ഷരങ്ങളുടെ എണ്ണമായ 22 എന്നപ്രകാരം, 22[33] അദ്ധ്യായങ്ങൾ ആണ് ഉള്ളത്. ഇതുപോലെ മണിമേഖലയും, തമിഴ് ഭാഷയിലെ 30 അക്ഷരങ്ങൾ (18 വ്യഞ്ജനവും 12 സ്വരങ്ങളും) എന്ന കണക്കിന് 30[34] കാതൈകളായി ആണ് രചിച്ചിട്ടുള്ളത്. അനുകരണപ്രിയനായ മണി, ചിലപ്പതികാരകാവ്യം ഇളങ്കോവടികൾ 30 കാതൈകളായി രചിച്ചതുപോലെ, മണിമേഖലയും 30 കാതൈയിൽ രചിച്ചതാകാൻ സാദ്ധ്യതയുണ്ട്.

മറ്റൊരു സാമ്യം, മണിയുടെ വിശിഷ്ട ഗ്രന്ഥങ്ങളിൽ മണിക്കേയമതത്തിന്റെ പുണ്യ (Sacred) അക്കമായ അഞ്ചിന്[35] വളരെ അധികം പ്രാധാന്യം ഉണ്ട് ഇതുതന്നെയാണ് മണിമേഖലയിലും കാണുന്നത്. ഏഴ്, പന്ത്രണ്ട് എഴുപത്തിരണ്ട്, മുന്നൂറ്റിഅറുപത് എന്നീ സംഖ്യകൾക്കും മണിക്കേയ മതത്തിൽ പ്രാധാന്യം ഉണ്ടെങ്കിലും അഞ്ചിനുള്ള സ്ഥാനം ഈ സംഖ്യകൾക്ക് ഇല്ല. മണിക്കേയ മതത്തിൽതന്നെ അഞ്ചു പ്രധാന വിഭാഗ[36]ങ്ങളും, അവയ്ക്ക് അഞ്ചു് വിശിഷ്ടഗ്രന്ഥ[37]ങ്ങളും ആണുള്ളത്. മണിക്കേയ മതത്തിന്റെ കാതലായ തത്വങ്ങളിൽ ഒന്നാണ് "ജീവനുള്ള ആത്മാവിന്റെ അഞ്ചു് സന്താനങ്ങൾ[38]".

ഇതുപോലെ മണിമേഖലാ കാവ്യത്തിൽ അഞ്ചു് എന്ന അക്കത്തിനുള്ള സ്ഥാനം താഴെ വിവരിക്കുന്നു. മലയാളവിവർത്തനത്തിൽ ക

www.malankaralibrary.com
www.knanayology.org

ഥയും, കഥാപാത്രങ്ങളും എന്ന അവതാരികയിൽ പറയുന്നത് ഇപ്രകാരമാണ്:

''മദ്യ, അസത്യം, കൊല, കളവ്, കാമം എന്നി അഞ്ച് മഹാപാതങ്ങൾ ബുദ്ധജനങ്ങൾ വർജ്ജിക്കേണ്ടതാണ്''.

(പേജ് XXXIV)

''കാമം, കൊല, മദ്യം, അസത്യം, മോഷണം എന്നിവ അഞ്ചും വളരെ ദുഃഖകരമായിട്ടുള്ളതാണ്.'' (പേജ് XXXIII)

കൂടാതെ, മണിമേഖലാകാവ്യം, 23ാം ഗാഥ 119-131 വരികളിൽ, കാമം മുതലായ അഞ്ചും ദുഃഖം തരുന്നവകയാകയാൽ, അവയെ കൈവിടേണ്ടിയതാണ് എന്ന് ഉപദേശിക്കുന്നുണ്ട്. ഇതേ കാവ്യത്തിൽ 22ാം ഗാഥയിൽ 169-172 വരികൾ' 'നിരോധിക്കപ്പെട്ടകാര്യങ്ങൾ അഞ്ചാണ് ഉള്ളത്'' എന്നും പറയുന്നുണ്ട്. മണിമേഖലയിൽ അഞ്ച് എന്ന അക്കത്തിനുള്ള പ്രാധാന്യവും, ഈ കാവ്യത്തെ മണിയുമായി ബന്ധപ്പെടുത്തുന്നുണ്ട്. പഞ്ച മഹാകാവ്യങ്ങളും, പഞ്ചഗവ്യവും മണിയുമായി ബന്ധപ്പെട്ടവയാണ്.

മണി പേർഷ്യയിൽ വെച്ച് നടത്തിയിട്ടുള്ള അത്ഭുത പ്രവൃത്തികളും, തന്റെ വിശിഷ്ട ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളവയുമായ അത്ഭുതകഥകളും, മണിമേഖലാ കാവ്യത്തിലും കൂടാളും കാണാവുന്നതാണ്.

ആകാശത്തിലൂടെ സഞ്ചരിക്കുക, മന്ത്രശക്തികൊണ്ട് രൂപം മാറുക, വിശപ്പുകൂടാതെ ജീവിക്കുക, ദൈവങ്ങളുമായി സംസാരിക്കുക, അമൃത സുരഭിയെന്ന പാത്രത്തിൽനിന്നും ഭക്ഷണം എടുക്കുംതോറും പിന്നെയും നിറയുക, പതിവ്രതന്മാരെ അഗ്നി പീഡിപ്പിക്കാതിരിക്കുക മുതലായ അത്ഭുതങ്ങൾ[39] മണിമേഖലയിൽ കാണാമെങ്കിൽ, ഇതുപോലെയുള്ള അത്ഭുതങ്ങൾ മണിയുടെ ജീവ ചരിത്രത്തിലും കൊടുത്തിട്ടുണ്ട്. അവയിൽ ചിലത് MANI എന്ന ഗ്രന്ഥത്തിൽനിന്നും, താഴെ കുറിക്കുന്നു.

Mani's extra ordinary miraculous powers has a strongly legendary character. Nevertheless it is striking to hear that Mani could lifit people up into the air!' (page 76)

·This brings us to the field of Mani's miraculous heal·

www.malankaralibrary.com

ings. He could not only heal purely bodily diseases, but he also mastered the evil spirits.' (page 99)

'Mani's divine wrc enabled him to fly like a swift lightening and a bright sight.' (page 99)

'Mani could be present at more than one place (page 111)

'The propogation of the Manichean religion was mainly a question of spreading Mani's books (and paintings) of performing miraculous deeds and of founding Manichaean communities in all countries of the world (page 218)

മണിമേഖലാ കാവ്യത്തിൽ 17ാം ഗാഥയിൽ ആകാശത്തൂടെ ചെല്ലാൻ സഹായിക്കുന്ന മന്ത്രം നഷ്ടപ്പെടുന്ന ഒരു കഥ വിവരിച്ചിട്ടുണ്ട് (43–46 വരികൾ). അതുപോലെ, ആകാശമാർഗ്ഗം പോകുമ്പോൾ നടന്ന ദുഃഖകരമായ സംഭവകഥ 20ാം ഗാഥയിൽ (114–222 വരികൾ) വിവരിച്ചിട്ടുണ്ട്.

മണിയുടെ ചെറുപ്പകാലത്തെ പ്രത്യേക കഴിവാണ്, ആകാശത്തിൽ കൂടെ പറക്കുകയെന്നുള്ളത്. തന്റെ ശിഷ്യന്മാരിൽ ചിലരെയും ഈ വിദ്യ മണി പഠിപ്പിച്ചിരുന്നു. ഇങ്ങനെ പറക്കാൻ കഴിവുള്ള തന്റെ ശിഷ്യനായ ആദ്മാനാണ്, മൈലാപ്പൂരിൽ വെച്ച് മയിലിനെപ്പോലെ രൂപം പൂണ്ട്, പറക്കാൻ ശ്രമിച്ചപ്പോൾ യാദൃച്ഛികമായി വേടന്റെ അമ്പുകൊണ്ട് മൃതിയടഞ്ഞത്. ഈ മരണകഥ, 12–ാം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യ "സന്ദർശിച്ച Marco Polo തന്റെ യാത്രാ വിവരണത്തിൽ കുറിച്ചിട്ടുള്ള വസ്തുതയാണ്. പക്ഷെ മാർത്തോമ്മായെ സങ്കല്പിച്ചാണ് ഈ കഥ ഇപ്രകാരം പറഞ്ഞുവരുന്നത്''

മണി, ഇന്ത്യയിൽ (ചേരനാട്ടിൽ) നിന്നും, തിരികെ പേർഷ്യയിൽ എത്തിയതിന് ശേഷം ഈ പറക്കുന്ന വിദ്യകൾ പ്രകടിപ്പിച്ചതായി തന്റെ ജീവിചരിത്രത്തിൽ കാണുന്നില്ല. മണിമേഖലയിൽ 17–ാം ഗാഥയിൽ പറയുന്നപ്രകാരം ഒരു മുനിയുടെ ശാപത്താൽ പറക്കാനുള്ള മന്ത്രം നഷ്ടപ്പെടുകയും, ആനതീ എന്ന വിശപ്പ് രോഗം പിടിപ്പെടുകയും ചെയ്യുന്നത് ഈ മണിക്ക് തന്നെയല്ലേ എന്ന കരുതാൻ ന്യായമുണ്ട്.

www.malankaralibrary.com

ഈ തെളിവുകൾ എല്ലാം വെച്ച് നോക്കുമ്പോൾ, മണിമേഖലയുടെ കർത്താവ്, ചങ്കൈപ്പുലവർ ചീത്തലൈ ചാത്തനാർ എന്ന് ചേരസാമ്രാജ്യത്ത് അറിയപ്പെട്ടിരുന്ന, വ്യക്തിപ്രാഭവ്യക്കാരനായ മണിയാണെന്ന് തെളിയുന്നുണ്ട്. ഈ ചാത്തനാർ മധുരൈ കൂലവാണികൻ ചാത്തനാർ അല്ല എന്നും വ്യക്തമാകുന്നുണ്ട്. ഇവർ രണ്ടു പേരും, രണ്ടു വ്യക്തികളാണെന്നും ഞാൻ സമർത്ഥിച്ചിട്ടുണ്ട്. പക്ഷെ എന്റെ ശ്രമം എത്ര മാത്രം വിജയിച്ചിട്ടുണ്ടെന്ന് മാന്യവായനക്കാർ തന്നെ വിധി എഴുതുകയാണ് ഉത്തമം. കാരണം നൂററാണ്ടുകളായി നില നിന്നുവരുന്ന ഒരു വിശ്വാസം ഒന്നടങ്കം തകിടം മറിക്കുന്ന വസ്തുതകളാണ് ഇവ. അതും തമിഴ് പഞ്ചമഹാകാവ്യങ്ങളെ സ്പർശിക്കുന്നതു്. പോരാഞ്ഞു് ചരിത്ര പണ്ഡിതന്മാരിൽ അഗ്രഗണ്യന്മാർ വ്യാഖ്യാനിച്ചിട്ടുള്ള കാവ്യങ്ങൾ. ഇവർ എങ്ങനെ ഇതു് സ്വീകരിക്കുമോ? 'ബുദ്ധൻ ശരണം ഗച്ഛാമി'.

## ബർദേസ്സാനും മണിയും ചേരനാട്ടിൽ

പതിനൊന്നാം നൂററാണ്ടിലെ ഒരു അറബി ചരിത്രകാരനായിരുന്ന അൽ-ബിറൂണി, മണിയും ബർദേസ്സാനും തമ്മിൽ കണ്ടുമുട്ടിയതായും, അവർ തമ്മിൽ ഒരു വാഗ്വാദം[40] നടന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കൂടിക്കാഴ്ച, ഈ പുസ്തകം എഴുതുന്ന സ്ഥലമായ എറണാകുളത്തിന് ഏററവും അടുത്ത ഗ്രാമമായ തൃക്കണാമതിലകം (കാറ്റപ്പടന അഥവാ വഞ്ചിപട്ടണം) ദേശത്തു് വെച്ചാണ് നടന്നതു്. ഒന്നാം ചേര സാമ്രാജ്യത്തിന്റെ തലസ്ഥാനം ഇവിടെയായിരുന്നല്ലോ. ഇവരുടെ കൂടിക്കാഴ്ച, ഇവിടെ വെച്ചാണ് നടന്നതു് എന്നുള്ളതിനു് തെളിവ്, വഴിയെ എഴുതുന്നതാണ്. അതിനു് മുൻപായി, ബർദേസ്സാൻ സ്ഥാപിച്ച ബർദേസ്സാനിസത്തിന്റെയും മണി സ്ഥാപിച്ച മണിക്കേയസത്തിന്റെയും തത്വങ്ങളും, ഇവ തമ്മിലുള്ള കാതലായ വ്യത്യാസങ്ങളും വിവരിക്കുന്നതാണ്. എന്നാൽ മണി രചിച്ച മണിമേഖലയിൽ കൂടിയും, ബർദേസ്സാൻ എഴുതിയ തോമായുടെ നടപടികളിൽ കൂടിയും, അന്യോന്യം അപലപിക്കുകയും വിമർശിക്കുകയും ചെയ്യുന്നതാണ് ഏററവും രസകരമായ ചരിത്രഭാഗം. ഇതു് മൂലമാണ്, ഈ രണ്ടു് ഗ്രന്ഥങ്ങളും ഒരേ കാലഘട്ടത്തിൽ രചിച്ചതും അന്യോന്യം ബന്ധപ്പെട്ടതും ആണെന്നു് നേരത്തെ തന്നെ സൂചിപ്പിച്ചിരുന്നതു്.

www.malankaralibrary.com

ബർദൈസ്സനിസ്സത്തിൻെറ തത്വങ്ങൾ "Bardaissan of Edessa" എന്ന ഗ്രന്ഥത്തിൽ നിന്നും താഴെ പകർത്തുന്നു (Page 80).

> 'It is mans natural constitution to be born, grow up, become adult, procrate childern and grow old, while eating and drinking, sleeping and walking and finally to die.'

ഇതേ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന, മണിക്കയിസ്സവും ബർദൈസ്സിനസ്സവും തമ്മിലുള്ള കാതലായ മനോഭാവ വ്യത്യാസങ്ങളാണ് താഴെ പകർത്തുന്നത്. (Page 226}

Mani looks upon sexual intercourse as an obstacle hindering the particles of light from returning to their source. Bardaissan thinks it may be a form of purification, and that the soul is purified in the body. (Bardaissan further says) sexual intercourse also dilutes the amount of darkness in the world, and so it is a form of purification. Mani on the other hand, regards the begetting of children as a dispersal of the particles of light where by their return is made more difficult.

മേൽ കൊടുത്തിരിക്കുന്ന മണിക്കയെസ്സത്തിൻെറ ആശയങ്ങൾ തന്നെയാണ് മണിമേഖലയിലും കാണുന്നത്.

> "ജനനം നീങ്ങിയാൽ അതോടുചേർന്ന് നിൽക്കുന്ന രോഗം, വാർദ്ധക്യം, മരണം, ദുഃഖം, കരച്ചിൽ, ചിന്ത, നിഷ്ക്രിയത്വം എന്നീ അവസാനമില്ലാത്ത ദുഃഖങ്ങൾ എല്ലാം നീങ്ങും."
>
> (30ാം ഗാഥ, 130–133 വരികൾ)

24ാം ഗാഥയിൽ ജ്ഞാനധാര$_4$,യായി വിവരിക്കുന്ന ഭാഗം, മണിക്കയ മതത്തിൻെറ കാതലായ തത്വങ്ങളെ ആണ് കാണിക്കുന്നത്. അവകൾ:

> "കാമം, കൊല, മദ്യം, അസത്യം, മോഷണം എന്നിവ അഞ്ചും വളരെ ദുഃഖകരമായിട്ടുള്ളതാണ്. ഇവയെ വിട്ടൊഴിഞ്ഞവരാണ് ശീലവാന്മാർ. ക്രോധം അടക്കുന്നവരാണ് പൂർണ്ണജ്ഞാനികൾ. ദരിദ്രർക്ക് ധർമ്മം ചെയ്യുന്നവരാണ് യഥാർത്ഥത്തിൽ ജീവിക്കുന്നവർ. ദീനന്മാർക്ക് ആഹാരം നൽകുന്നവരാണ് മോക്ഷത്തെ അറിയുന്നവർ."

www.malankaralibrary.com

മണിമേഖല (മലയാള തർജ്ജിമ) അവതാരികയിൽ, ധർമ്മവാണി$_{42}$കൾ എന്ന ഖണ്ഡികയിൽ നിന്നും മണിക്കയെ മത ആശയങ്ങൾ അടങ്ങിയവ കൂടി താഴെ വിവരിക്കുന്നു.

"ശരീരം നശിക്കും, യൗവനം പോകും, അഴക് അഴിയും, ആനന്ദം ക്ഷണഭംഗുരമാണ്, ധർമ്മം മാത്രമേ നിലനിൽക്കു, അതുകൊണ്ട് നല്ലപോലെ ധർമ്മങ്ങൾ ചെയ്ത് മരണാനന്തരം നല്ലജീവിതം ലഭിക്കുവാൻ വഴി തേടണം."

"എല്ലാ ദുഃഖങ്ങൾക്കും കാരണം ആശയാണ്, ആശയില്ലെങ്കിൽ ദുഃഖമില്ല, മരണവുമില്ല, ജനനവുമില്ല. ആശയററവനാണ് നല്ല ധർമ്മം ചെയ്യുന്നത്. അവർ ദുഃഖംകൂടാതെ വസിക്കുന്നതുമാണ്."

മണി മണിമേഖലാ കാവ്യത്തിൽ തന്റെ മതത്തിന്റെ ആശയങ്ങൾ വിവരിക്കുന്നതോടൊപ്പം തന്നെ, ബർദ്ദസ്സാൻ സ്ഥാപിച്ച ബർദ്ദസ്സിനസ്സം എന്ന മതത്തിന്റെ കാതലായ തത്വങ്ങളെ എതിർക്കുകയും ചെയ്യുന്നുണ്ട്. മണിമേഖലാ കാവ്യത്തിന്റെ അവതാരികയിൽ (മലയാള തർജ്ജമ, പേജ് VIII), ശ്രീമാൻ വി. ആർ. പരമേശ്വരൻ പിള്ള മണിമേഖല എതിർക്കുന്ന മനോഭാവങ്ങൾ സരസമായി വിവരിച്ചിട്ടുള്ളത് താഴെ കൊടുക്കുന്നു.

"പണ്ടത്തെ തമിഴർ ലോകസുഖത്തെ യഥാർത്ഥ സുഖമെന്നു കരുതി, വിഭവ സമൃദ്ധമായ ഭക്ഷണം കഴിച്ച് മാറിളമാരുമായി രമിക്കുന്നതാണ് പരമാനന്ദമെന്ന് അവർ വിചാരിച്ചു. അതുകൊണ്ട് അവർ മധുമാംസാദികളെ വെറുത്തില്ല. തൃതീയ പുരുഷാർത്ഥം വേണ്ടപോലെ ആസ്വാദിക്കുകയും ചെയ്തു. സംഘം സാഹിത്യം ഇതിനെല്ലാം സാക്ഷ്യം നിൽക്കുന്നു. മണിമേഖല ഈ മനോഭാവത്തെ എതിർക്കുന്നു."

"മറെറാരു ലോകമില്ലെന്നും അതു വിചാരിച്ച് ഈ ലോകസുഖം വെറുക്കേണ്ടതില്ലെന്നും തിന്നും, കളിച്ചും സന്തോഷമായി കഴിയുകയാണ് മനുഷ്യർ ചെയ്യേണ്ടതെന്നും പറയുന്നവരെ മണിമേഖല എതിർക്കുന്നു,"

മണിമേഖലയിൽ കൂടി മാനി ബർദ്ദസ്സാനിസ്സത്തെ എതിർപ്പുകാ

www.malankaralibrary.com

www.knanayology.org

രം ഖണ്ഡിക്കുന്നുവോ; അതേ ഗൗരവത്തിൽ തന്നെ മണിയെയും മണിയുടെ മതത്തേയും ബർദേസ്സാൻ താൻ രചിച്ച തോമായുടെ നടപടികളിൽ കൂടി അതിനിശിതമായി അപലപിക്കുന്നുണ്ട്. ഈ അപലപനം മണിയുടെ നേർക്ക് ആണെന്നുള്ളതിന് സംശയമില്ല. കാരണം ലോകത്തിൽ പാറക്ലീത്താ എന്നറിയപ്പെട്ടിരുന്ന ഏക വ്യക്തി മണിയാണ്.

> “ഉപദേശിക്കുന്നത് ഒന്നും പ്രവൃത്തിക്കാത്തവനും, ആടിന്റെ തോൽ ധരിച്ച ചെന്നായും (പാറക്ലീത്താ എന്ന് പറഞ്ഞു നടക്കുന്ന), കള്ളപ്രവാചകനിലും വിശ്വസിക്കരുത്[43] ”

എന്നാണ് ബർദേസ്സാൻ നടപടിയിൽ പറയുന്ന അപലപനത്തിന്റെ രത്ന ചുരുക്കം.

മണിക്കയെ മതാനുയായികൾ (നടപടിയിൽ കഴുതകളായിട്ടാണ് ഇവരെ സൂചിപ്പിക്കുന്നത്) മാർത്തോമ്മായോട് പാറക്ലീത്തായെപ്പററി സ്തുതിച്ച് പറയുമ്പോൾ, അതിനുള്ള മറുപടിയാണ്, അപലപനം ആയി എഴുതിയിരിക്കുന്നത്. അപ്പോസ്തോലിക കാലത്ത് പാഷാണ്ഡമതങ്ങൾ ക്രിസ്തുമതത്തിൽ തല പൊക്കിയിട്ടില്ലാത്തതിനാലും, പാറക്ലീത്താ, കള്ളപ്രവാചകൻ എന്നീ പദങ്ങൾ തോമായുടെ നടപടിയിൽ കൊടുത്തിരിക്കുന്നതിനാലും, നടപടിയിലെ ഈ അപലപനം, മാർത്തോമ്മായുമായി ബന്ധപ്പെടുന്ന സംഭവത്തെ ഉടന്ന് ഉള്ളതല്ല എന്ന് തീർത്ത് പറയാൻ സാധിക്കും.

പാറക്ലീത്താ എന്ന് അറിയപ്പെട്ടിരുന്ന വ്യക്തി പേർഷ്യക്കാരൻ മണിയായിരുന്നു എന്ന് വേണ്ടത്ര തെളിവുകൾ ലഭ്യമാണ്. അവയെപ്പററിയുള്ള ചില വിവരങ്ങൾ Mani എന്ന ഗ്രന്ഥത്തിൽ നിന്നും താഴെ കൊടുക്കുന്നു.

> 'The Arabic author al—Biruni states that Mani says in his Gospel "I am the Paraclete and seal of the prophets." (page 108)

> 'An-Nadim continues by stating that Mani pretended to be the Paraclete, ie. Holy Spirit.' (page 189)

> 'Then he (1. e. Mani) mentions in his Gospel which he composed according to the twenty two letters of the alphbet

www.malankaralibrary.com

that he is the Paraclete which the Messiah (i. e. Jesus) has preached before and that he is the seal of the prophet' (page 124)

'The great historian of the early Christian Church, Eusebius, bishop of Caesarea, also mentions the Manichaean religion: Mani the mad man was driven by the devil himself. He was a barbarian and tried to represent himself as Chirst by saying that he was the Paraelete.' (page 37)

തോമായുടെ നടപടികളിൽ എട്ടാം കാണ്ഡത്തിൽ കൊടുത്തിരിക്കുന്ന, മണിയുടെ നേർക്കുള്ള ബർദേസ്സാന്റെ അപലപനത്തിനു് മുൻപായി, മണിയുടെ മഹാത്മ്യത്തെപ്പററി തന്റെ അനുയായികൾ പറയുന്നതു് ഇപ്രകാരമാണു്.

'Why standest thou (there) and art idle, Apostle of the Most High? For lo, the Paraclete is standing beside thee and looking that thou shouldst ask him and he would give unto thee. Why delayest thou, good Disciple? For lo, thy Master wisheth to show great things through thee. Why standest thou [there], preacher of the Hidden? For lo, Thy Master wisheth to disclose His hidden nature through thee unto those who are worthy to Him that they may hear things. Why art thou still, worker of miracles in the name of Thy Lord? For lo, thy Lord is standing by and encouraging thee. Fear not; for he will not abandon thee, and His Godhead \ ill not suffer thy manhood to be grieved. ('Ref: Acts o; Thomas, by, Klijn, page 105-106)

എന്നീപ്രകാരമുള്ള, മണിയുടെ അനുയായികളുടെ പ്രലാപനം ബർദേസ്സാൻ കേട്ടശേഷം, അതിനു് മറുപടിയായി അദ്ദേഹം പറയുന്നതു്.

'But unto you I say, ye multitudes, who lo, are standing by and waiting to see these arise who. lo, are lying here; believe on the teacher of verity, and believe on the Revealer of secrets; believe on the Demonstrator

www.malankaralibrary.com

www.knanayology.org

of life; believe on the Apostle of the tried son, Jesus the Messiah, who was born, that the born might live by His birth,; and was reared; that the perfect rearing might be seen in Him.'

'This is the Apostle of Him; this is the Apsotle of the truth; this is the doer of the will of Him that sent him, But hthere shall be a time when false apostles shall come, and lying prophets whose end shall be like their works.' (Ref : Acts of Thomas, by Klijn, page 106)

മേൽ കൊടുത്തിരിക്കുന്ന പ്രകാരം മുഖവരയായി പറഞ്ഞശേഷമാണ്, ബർദേസ്സാൻ മണിക്കേയ മതത്തെ അപലപിക്കുന്നത്. അപലപനത്തിന്റെ പൂർണ്ണ രൂപം (മലയാള തർജ്ജമ താഴെ കൊടുക്കുന്നു.)

''കള്ളപ്രവാചകന്മാർ ലോകത്തിൽ പ്രത്യക്ഷപ്പെടും, അവരുടെ പ്രവൃത്തികൾപോലെ അവരുടെ അവസാനവും ഉണ്ടാകും. അവർ പാപത്തെപ്പററി ഉദ്ബോധിപ്പിക്കും, പക്ഷെ അവർ എപ്പോഴും പാപം ചെയ്തുകൊണ്ടിരിക്കും. അവർ ആടിന്റെ തോൽ ധരിച്ച ചെന്നായ്ക്കളാണ്. അവർ ഒരു ഭാര്യയെ നിയമപരമായി സ്വീകരിക്കുകയില്ല, പക്ഷെ അവരുടെ വചനംകൊണ്ടും പ്രവൃത്തികൊണ്ടും അനേകം സ്ത്രീകളെ വഞ്ചിതരാക്കും. അവർ സന്താനോല്പാദത്തിൽ നിന്നും വിമുഖത നടിക്കും പക്ഷെ ബാലന്മാരെ അതിനായി ഉപയോഗിക്കുന്നു. അവർ മററുള്ളവരുടെ സന്തോഷത്തിൽ ദുഃഖിക്കുകയും, ദുഃഖത്തിൽ സന്തോഷിക്കുകയും ചെയ്യുന്നു. അവർ ഉള്ളതു കൊണ്ട് തൃപ്തിപ്പെടാതെ എല്ലാം അവർക്ക് കിട്ടണമെന്ന് ആഗ്രഹിക്കുന്നു. അവർ മിശിഹായെയും രക്ഷകനായി കരുതുന്നു. പക്ഷെ വാ കൊണ്ട് പറയുന്നതല്ലാതെ ഹൃദയത്തിൽ മററൊന്നാണ്. നന്മ ചെയ്യണമെന്ന് പഠിപ്പിക്കുന്നു, പക്ഷെ ഒരു നന്മപോലും ചെയ്യുന്നില്ല. അവർക്ക് കാമം, വൈരാഗ്യം, മോഷണം, അടിമത്വം, അത്യാഗ്രഹം എന്നിവ വെറുക്കപ്പെട്ടവയാണ്. പക്ഷെ രഹസ്യമായി ഇവർ അതെല്ലാം ചെയ്യുകയും, അതേസമയം മനുഷ്യർ ഇതൊന്നും ചെയ്യരുതെന്ന് പ്രസംഗിക്കുകയും ചെയ്യുന്നു[44].')

www.malankaralibrary.com

ഒരു കാലത്ത് എദേസ്സായിലെ ക്രിസ്ത്യാനികളുടെ എപ്പിസ്കോപ്പാ ആയിരുന്ന ബർദേസ്സാൻ, വാലന്റയിൻ സമൂഹത്തിൽ ചേർന്ന് വിവാഹിതനായി, ബർദേസ്സനിസ്സം എന്ന സമൂഹത്തെ പടുത്തുയർത്തി. പിന്നീട് രാഷ്ട്രീയമായ പ്രതികൂല സാഹചര്യം മൂലം അദ്ദേഹം ചേരനാട്ടിലേക്ക് ഓടിപ്പോന്നു. ഇവിടെ വന്ന് എളകാബലൂസ്സ് എന്ന വ്യക്തിയുമായി ബന്ധപ്പെട്ടു എന്നാണ് വിദേശ ചരിത്രം പറയുന്നത്. ഈ എളകാബലൂസ്സ്, ഇളങ്കോവടികൾ ആയിരിക്കും എന്നാണ് എന്റെ അഭിപ്രായം. കാരണം മറ്റൊരു കുലവാണികൻ ചാത്തനാർ (ബർദേസ്സാൻ) ഇളങ്കോവടികളുടെ സന്തതസഹചാരിയും, കോവലന്റെയും കണ്ണകിയുടെയും ഉറന്ത കഥകളുടെ ദൃക്സാക്ഷിയും ആണ് ഇദ്ദേഹത്തിന്റെ നിർബന്ധത്താലാണ് ഇളങ്കോവടികൾ ചിലപ്പതികാര കാവ്യം രചിച്ചത്.

ബർദേസ്സാൻ തോമായുടെ നടപടികളിൽ കൂടി, മണിക്കേയമതത്തെ അപലപിച്ച് വിവരിക്കുന്ന സംഗതികൾ എല്ലാം തന്നെയും മണിക്കേയ മതക്കാരെ സംബന്ധിച്ചിടത്തോളം ശരിയാണെന്ന് ചരിത്രരേഖകൾ തെളിയിക്കുന്നുണ്ട്. മണിക്കേയ മതാചാര്യന്മാർ അവരുടെ തത്വങ്ങളെപ്പററി വീറോടെ പ്രസംഗിച്ചിരുന്നെങ്കിലും, പ്രവൃത്തിയിൽ ആടിന്റെ തോലിട്ട ചെന്നായ്ക്കൾ ആയിരുന്നു. ബർദേസ്സാനെറ വാക്കുകളെ ആസ്പദമാക്കി എന്നു തോന്നുമാറ്, അന്ത്യോനിയായിലെ മണിക്കേയ മതക്കാരുടെ നെററിയിൽ ചെന്നായ്ക്കളുടെ രൂപം പച്ച കുത്തിച്ചിരുന്നു. നരബലി ഇവർ വളരെ രഹസ്യമായി നടത്തിയിരുന്നു. മന്ത്രതന്ത്രാദികളിൽ പ്രാവീണ്യം നേടിയവർ ആയിരുന്ന ഇവർ ചാത്തൻ സേവ ഇവരുടെ കലയാണ്. പ്രസിദ്ധ മാന്ത്രികനായ കടമററത്ത് കത്തനാർ ഇവരിൽ നിന്നും ആണ് മന്ത്രതന്ത്രാദികൾ പഠിച്ചത്.

മണി, താൻ ക്രിസ്തു വാഗ്ദത്തം ചെയ്തിരുന്ന പാററ്ക്ളീത്താ ആണെന്നാണ് തന്റെ അനുയായികളെ ധരിപ്പിച്ചിരുന്നത്. അതിനാൽ ക്രിസ്തുവിനെയും രക്ഷകനായി ഇവർ കരുതിയിരുന്നു. കരിശ്ശിന്നും ഇവരുടെ പള്ളികളിൽ സ്ഥാനം ഉണ്ടായിരുന്നു.

മോഷണം ഇവർക്ക് വെറുക്കപ്പെട്ടതായിരുന്നു, പക്ഷെ അവസരം കിട്ടിയാൽ അത് അവർ ചെയ്തിരുന്നു എന്നുള്ളതിനു് തെളി

www.malankaralibrary.com

www.knanayology.org

റാണ്, ചിലപ്പതികാരകാവ്യത്തിൽ, പാണ്ഡിനാട്ടിലെ ഇളമുറ തമ്പുരാന്റെ വൈരമാല മോഷണം പോയ കഥ ബർദേസ്സാൻ അപലപിക്കുന്ന മറെറാരു സംഗതി, മണിക്കയെ (പുരോഹിതന്മാർ) മതക്കാർ നിയമപരമായി ഒരു ഭാര്യയെ സ്വീകരിച്ചിരുന്നില്ല. പക്ഷെ ബാലന്മാരുമായി സ്വവർഗ്ഗസംഭോഗം[45] ഇവർ നടത്തിയിരുന്നു. മലങ്കരയിലെ ഇവരുടെ ചരിത്രത്തിൽ വീരടിയന്മാർ[46] എന്ന പേരിൽ ബാലന്മാർ പുരോഹിതന്മാരുടെ സിൽബന്ധികളായി എപ്പോഴും ഉണ്ടായിരുന്നതായി ചരിത്രം പറയുന്നു.

മണിമേഖലയിൽ കൂടി മണിയും, തോമായുടെ നടപടികളിൽ കൂടി ബർദേസ്സാനും നടത്തുന്ന അന്യോന്യാപലപനത്തിൽ നിന്നും, ചാത്തനാരന്മാരായി ചേരനാട്ടിൽ അറിയപ്പെട്ടിരുന്ന ഇവർ, രണ്ട് ഭിന്നവ്യക്തികളാണെന്ന് തെളിയുന്നുണ്ട്. മണിക്കയമതം ചേരനാട്ടിനു് അപ്പുറം ഈ കാലഘട്ടത്തിൽ കടന്നിട്ടില്ലാത്തതിനാൽ, ബർദേസ്സാനും മണിയും തമ്മിലുണ്ടായ വാഗ്വാദം ഈ ചേരനാട്ടിൽ വെച്ചുതന്നെയാണ് സംഭവിച്ചത് എന്ന് അനുമാനിക്കാവുന്നതേയുള്ളു. തോമായുടെ നടപടിയിൽ ഏഴാം കാണ്ഡത്തിൽ വിവരിക്കുന്ന 'മണ്ണാപ്പേടി, പുലപ്പേടി, പറപ്പേടി' എന്ന ദുരാചാരമായി മാറിയ ആചാരത്തെ ആസ്പദമാക്കിയുള്ള കഥ, ബർദേസ്സാന്റെ സാന്നിധ്യം ഈ മലങ്കരയിൽ (കേരളത്തിൽ) ഉണ്ടായിരുന്നു എന്ന് വ്യക്തമാകുന്നുണ്ട്. ഇങ്ങനെയൊരു ആചാരം ചേരസാമ്രാജ്യത്തിൽ കേരള കരയിൽ മാത്രമേ നടപ്പായിരുന്നുള്ളു എന്ന് പണ്ഡിതന്മാരായ കേരള ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങൾ സ്ഥിരീകരിക്കുന്നുണ്ട് ഇങ്ങനെയൊരു ആചാരം ഇവിടെ ഉണ്ടാകാൻ തന്നെ ബർദേസ്സാൻ അല്ലേ കാരണം എന്നും തോന്നിപ്പോകുന്നു. ബർദേസ്സാൻ പറയുന്നത് "ലൈംഗീക സംഭോഗം കൊണ്ട് ഇരുളിന്റെ കട്ടപ്പത്തെ ഈ ലോകത്തിൽ കുറക്കാൻ സാധിക്കും[47]" എന്നാണ്. തന്റെ ഈ ആശയത്തെ രാജകീയാനുമതിയോടുകൂടി ഈ നാട്ടിൽ നടപ്പാക്കിയതിന്റെ ഫലമായിട്ടാണോ, പിൽക്കാലത്ത് അത് ഒരു ആചാരമായി പരിണമിച്ചത് എന്ന് കരുതാൻ ന്യായമുണ്ട്. എങ്ങനെയായാലും കേരളത്തിന്റെ (തുളുനാട്, കുടനാട്, കുട്ടനാട്) പുരാണതലസ്ഥാനമായിരുന്ന വഞ്ചിയിൽ നിന്നും ഉത്ഭവിച്ചതാണ് ഇത് എന്നുള്ളതിനു് സംശയമില്ല. അതുപോലെ മണിമേഖലയിൽ, വഞ്ചി നഗരത്തിലെ ഈശാനുവാദികളെപ്പററിയുള്ള പരാമർശം, മണിയുടെ സാന്നിദ്ധ്യ

www.malankaralibrary.com

www.knanayology.org

വും ഇവിടെ ഉണ്ടായിരുന്നു എന്നു് വ്യക്തമാകുന്നുണ്ടു്. സംഘം കാലത്തു് നസ്രാണികൾ കുടനാട്ടിലും കുട്ടനാട്ടിലും മാത്രമേ ഉണ്ടായിരുന്നുള്ളു, മററെങ്ങും ഉണ്ടായിരുന്നതായി ഒരു രേഖയും ഇല്ല എന്നുള്ളതു് ഒരു ചരിത്രസത്യമാണു്.

വഞ്ചി നഗരത്തിൽ വെച്ചു് മണിയും ബർദേസ്സാനും തമ്മിൽ നടന്ന വാഗ്വാദത്തിനു് ശേഷം, ബർദേസ്സാൻ ഒരു പുതിയ മനുഷ്യനായി തീരുകയാണു് ചെയ്യുന്നതു്. ബർദേസ്സാൻ സ്ഥാപിച്ച ബർദേസ്സനിസ്സം, മണിക്കേയിസ്സത്തിന്റെ മുന്നോടി$_{48}$ ആയിരുന്നു താൻ മുഖാന്തിരം ഒരു കള്ളപ്രവാചകൻ$_{49}$, ക്രിസ്തു പ്രവചിച്ചതുപോലെ, ലോകത്തിൽ ഉണ്ടാകാൻ ഇടയായല്ലോ എന്നുള്ള മനോവികാരമാണു് ബർദേസ്സാന്റെ മാനസാന്തരത്തിനു് വഴി തെളിച്ച പ്രധാന സംഗതി. ഇദ്ദേഹത്തിന്റെ ഈ മാനസാന്തരം അക്കാലത്തു് കുടനാട്ടിലും,കുട്ടനാട്ടിലുംഉണ്ടായിരുന്ന നസ്രാണികൾക്കു് ഒരു അനുഗ്രഹം ആയി തീർന്നിരിക്കാം എന്നുള്ളതിനു് സംശയമില്ല. കാരണം, മണിയുടെ പാഷാണ്ഡതയിൽ നസ്രാണികൾ വീഴാതിരിക്കുവാനും, അവരുടെ ഇടയിൽ മണിക്കു്, മതപ്രചാരണം നടത്താനുള്ള അവസരം പോലും കിട്ടുകയുണ്ടായില്ല. ബർദേസ്സാന്റെ ഉറച്ചനിലപാടുമൂലം കുടനാട്ടിലും, കുട്ടനാട്ടിലും മണിക്കേയമതം പ്രചരിപ്പിക്കുവാൻ ഇടയാകാതെപോയി. ഈ കാരണങ്ങളാൽ തന്നെ ബർദേസ്സാനെ മലങ്കര സഭയുടെ ഒരു വിശുദ്ധനായി പ്രഖ്യാപിക്കണമെന്നു് ഓർത്തഡോക്സ് സഭയുടെ മേലദ്ധ്യക്ഷന്മാരോടു് ഞാൻ ആവർത്തിച്ചു് അഭ്യർത്ഥിക്കുന്നു.

മണിമേഖല, എന്ന കഥാപാത്രത്തെ താൻ പോയനാട്ടിലെല്ലാം, മണി തന്റെ കാവ്യത്തിൽ കൂടി കൊണ്ടുപോകുന്നുണ്ടു്. വഞ്ചിനഗരത്തിൽ വന്ന മണി ശൈവവാദികളിൽ, ഈശാനുവാദികൾ (നമ്പൂതിരികളിൽനിന്നും നസ്രാണികൾ ആയവർ), ആയവരിൽനിന്നും അറിഞ്ഞ വിവരം വെച്ചുകൊണ്ടു്, മാർത്തോമ്മാ ചേരനാട്ടിൽ വന്നിരുന്നു എന്നു് അസന്നിഗ്ദ്ധമായി തന്റെ സങ്കീർത്തനത്തിൽ$_{50}$ രേഖപ്പെടുത്തുകയുണ്ടായി. ഈശാനുവാദികളെപ്പററിയുള്ള മണിമേഖലയിലെ പരാമർശം മലങ്കര നസ്രാണികളെ സംബന്ധിച്ചിടത്തോളം ഏററവും പുരാണമായ രേഖ ആണെന്നുള്ളതിനു് സംശയം ഇല്ല.

www.malankaralibrary.com
www.knanayology.org

അൽ-ബയറൂണി രേഖപ്പെടുത്തിയിട്ടുള്ളതും, വഞ്ചിനഗരത്തിൽ വെച്ച് മണിയും ബർദേസ്സാനും തമ്മിൽ നടന്ന വാഗ്വാദം 'ജനിപ്പിക്കാതിരിക്കുക, നശിപ്പിക്കുക' എന്നിങ്ങനെയുള്ള അവരുടെ ഭിന്ന ആശയങ്ങളെ മുൻനിർത്തിയുള്ളതായിരുന്നു. ഈ വാഗ്വാദത്തെപ്പററി, മണി തൻെറ തിരുഗ്രന്ഥങ്ങളിൽ ഒന്നായിരുന്ന "Book of Mysteries" -ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിൻെറ രചനാകാലം മൂന്നാം നൂററാണ്ടാണ്$_{5}$, എന്ന് വിദേശ ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടും ഉണ്ട് മണി തൻെറ ഗ്രന്ഥങ്ങൾ എല്ലാം തന്നെയും എ. ഡി. 276ന് മുൻപുതന്നെ രചിക്കുകയുണ്ടായി. മണി ചേരനാട്ടിൽ എ. ഡി. 228നും 240നും മദ്ധ്യേയും, ബർദേസ്സാൻ 227 നോട് അടുത്തും ആണ് ചേരനാട്ടിൽ വരുന്നത്. ഇരവികോർത്തൻ ചെപ്പേടിൻെറ കാലമായ (കലിവർഷം 3331)എ. ഡി. 230, മണിയുടെ ജീവചരിത്രത്തിൽ കൊടുത്തിട്ടുള്ള കാലഗണനത്തിനു എല്ലാം സ്ഥിരീകരണം നൽകുന്നുണ്ട്. മണിമേഖലാ കാവ്യം രചിച്ച്, തൻെറ പാടവത്തെ തെളിയിച്ച മണിക്ക്, വീരരാഘവ'ചക്രവർത്തി (ചെങ്കുട്ടവൻ) യിൽനിന്നും കിട്ടുന്ന പാരിതോഷികമാണ് ഇരവികോർത്തൻ ചെപ്പേട്. അതിനാൽ മണിമേഖലയുടെ രചനാകാലം എ. ഡി. 230ന് മുൻപായിരുന്നു എന്നുവേണം കരുതാൻ. ചിലപ്പതികാരം, മണിമേഖലയ്ക്കു മുൻപ് രചിച്ചതാണെന്നുള്ളതിനു സംശയമില്ല. തോമായുടെ നടപടികൾ, ഇവിടെനിന്നും അമ്മീനിയായിൽ ചെന്ന ശേഷം ബർദേസ്സാൻ രചിക്കുന്ന ഗ്രന്ഥം ആണ്. ഈ മൂന്നു ഗ്രന്ഥങ്ങളും മൂന്നാം നൂററാണ്ടിൽ രചിച്ചതാണെന്നുള്ളതിനു ഒട്ടുംതന്നെ സംശയിക്കേണ്ടിയ ആവശ്യം ഇല്ല എന്നാണ് എൻെറ നിഗമനം

മണിക്കേയ മതക്കാരുടെ ഒരു കീർത്തന പുസ്തകം ആണ് 'മഹർനമാഗ" (Mahrnamag). ഇത് മണിമേഖലാ കാവ്യത്തിൻെറ, സൊഗതിയാൻ തർജ്ജമയാണോ എന്നു സംശയിക്കുന്നു. കാരണം griv എന്നൊരു പദം മുപ്പതു$_{52}$ പ്രാവശ്യം അതിലുണ്ട് എന്നു Researches in Manichaeism എന്ന ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. ഈ griv എന്ന വാക്കിനു പല അർത്ഥങ്ങളും ആ ഗ്രന്ഥത്തിൻെറ രചിതാവു് വിഭാവനം ചെയ്യുകയുണ്ടായി. garev, griva, griva-pan, grivak. girivah ഇങ്ങനെ പല വിധത്തിലും എഴുതി എന്താണെന്നു പറയാൻ

www.malankaralibrary.com

സാധിക്കാതെ വിടുകയാണ് ചെയ്തതു്. ഈ griv-garev, 'കാതൈ' (ഗാഥ) എന്ന പദം അല്ലേ? എന്നു് ഞാൻ കരുതുന്നു. മണിമേഖല മുഴുവനും കാതൈ ആയിട്ടാണല്ലോ രചിച്ചതു്. Jivandag, Boxtag, seele ഇങ്ങനെയും വാക്കുകൾ ഈ കീർത്തനത്തിൽ ഉണ്ടു്. അവ 'ശൈവാദികൾ, ബൗദ്ധർ, ശീലവാന്മാർ' എന്നീ മണിമേഖലയിലെ പദങ്ങളോടു് സാമ്യമുള്ളവയാണു്.

Zindakarii എന്നു് മറ്റൊരു ഗ്രന്ഥം കൂടി മണിക്കയെ മതക്കാർക്കു് ഉണ്ടായിരുന്നു. ഈ പദത്തിനു് Alive-making, Quickening, Vivification എന്നെല്ലാം അർത്ഥം കൊടുത്തിട്ടുണ്ടു്. തമിഴ് പഞ്ചമഹാകാവ്യങ്ങളിൽ മൂന്നാമത്തേതായ 'ജീവക ചിന്താ മണി'യുടെ സൊഗതിയാൻ തർജ്ജമയാണോ Zindakarii (Zindakal- ചിന്തകൾ) എന്നു് തോന്നിപ്പോകുന്നു. തമിഴിലെ പഞ്ച മഹാകാവ്യങ്ങളെ അനുസ്മരിക്കുമാറാണു്, മണി തന്റെ അഞ്ചു് തിരുഗ്രന്ഥങ്ങൾ തിരഞ്ഞെടുത്തതു്. എങ്ങനെയായാലും, ഈ പഞ്ചമഹാകാവ്യങ്ങളും, മണിയുടെ പഞ്ച തിരുഗ്രന്ഥങ്ങളും തമ്മിൽ എന്തോ അജ്ഞാതബന്ധം ഉണ്ടെന്നുള്ളതിനു് സംശയമില്ല എദേസ്സായിലെ മാർത്തസ്സാൻ ഇവിടെനിന്നും അർമീനിയായിൽ എത്തിയശേഷം, തോമായുടെ നടപടികൾ കൂടാതെ, സാംസ്കാരികമായി അത്യുന്നതയിൽ എത്തിയ ഒരു സമൂഹത്തിന്റെ ചരിത്രവും എഴുതിയിട്ടുണ്ടായിരുന്നു. ഈ ഗ്രന്ഥം ചേരനാട്ടിനെ സംബന്ധിക്കുന്ന ഒന്നാണെന്നുള്ളതിനു് എനിക്കു് സംശയമില്ല. കേരള ചരിത്രകാരന്മാരുടെ ശ്രദ്ധ ഈ ഗ്രന്ഥങ്ങളിലേക്കു് തിരിഞ്ഞു് കൂടുതൽ ഗവേഷണം നടത്തിയാൽ അതു് നമ്മുടെ നാടിനു് ചെയ്യുന്ന വലിയ ഒരു സേവനമായിരിക്കും.

പേർഷ്യയിൽ നിലവിലിരുന്ന അലക്സാണ്ടറുടെ കാലഗണനത്തിനും, സെലൂക്കിയൻ കാലഗണനത്തിനും തമ്മിൽ 13 വർഷത്തെ വ്യത്യാസം ഉള്ളതിനാൽ, പേർഷ്യയിലെ പുരാണ ചരിത്രങ്ങളുടെ കാലം കണ്ടുപിടിക്കാൻ ഈ വ്യത്യാസം എപ്പോഴും ഒരു പ്രതിബന്ധമായിതീരാറുണ്ടു്. അതിനാൽ കൃത്യമായ ഒരു കാലം തിട്ടപ്പെടുത്തുവാൻ ആർക്കും സാധിച്ചിട്ടില്ല. എന്നാൽ ഏററവും കൃത്യമായി തിട്ടപ്പെടുത്തിയിട്ടുള്ള ഒരു കാലഗണനം ഇരവികോർത്തൻ ചെപ്പേടിന്റെ മാത്രമാണു്. അതു് കലികാല ഗണന പ്രകാരം തിട്ടപ്പെടുത്തിയതിനാൽ ശരിയായിരിക്കാൻ വളരെ ന്യായം ഉണ്ടു്.

www.malankaralibrary.com

## മണിക്കയമതത്തിന്റെ ഈററില്ലം, കാഞ്ചിപുരം.

മണിമേഖലാ കാവ്യത്തിൽ വിവരിക്കുന്നപ്രകാരം, മണിമേഖല വഞ്ചി നഗരത്തിൽ ധർമ്മതത്വങ്ങൾ ആരാഞ്ഞശേഷം കാഞ്ചിയിലേക്കാണ് പോകുന്നത്. തൊണ്ടിനാട്ടിൽ കാഞ്ചി നഗരത്തിൽ (കാഞ്ചിപുരം) വന്ന മണിമേഖല, അറവണ അടികളിൽ നിന്ന് ബുദ്ധധർമ്മോപദേശം ഗ്രഹിച്ച് അവിടെ തപസ്വിനിയായി കഴിയുകയാണ് ഉണ്ടായത്. മണിമേഖലാ കാവ്യത്തിലെ, കഥാപാത്രത്തെ, കഥാകൃത്ത് തൊണ്ടിനാട്ടിൽ കാഞ്ചിപുരത്ത് കൊണ്ടുപോയി സന്യസിപ്പിക്കുന്നു എങ്കിലും, ഈ ചരിത്രം മണിയുടെ തന്നെ ചരിത്രം ആണ്. അദ്ദേഹം പേർഷ്യയിലേക്ക് തിരികെ (എ. ഡി. 240-242) പോകുന്നതിന് മുൻപായി വഞ്ചിനഗരത്തിൽ നിന്നും കാഞ്ചിപുരത്ത്പോയി തന്റെ മതത്തിന്റെ രൂപരേഖ തയാറാക്കി അവിടെ ധാന്യവ്യാപാരികളും സമ്പന്നരുമായ ചെട്ടികളെ തന്റെ അനുയായികളാക്കിതീർത്തു. തൊണ്ടി നാട്ടിലെ നാടുവാഴിയെപ്പോലും മണിക്കയമതത്തിൽ ചേർത്തിരുന്നോ എന്ന് സംശയമുണ്ട്. ബുദ്ധമതക്കാരനായ ഒരു രാജാവിനെ തന്റെ മതത്തിൽ ചേർത്തതായി രേഖയുണ്ട്. മണിക്ക് ശേഷം, പേർഷ്യയിൽ നിന്നും വന്ന മാർ ആമ്മോനും കൂട്ടരും പാണ്ഡിനാട്ടിൽ കോർകൈയിൽ വന്നിറങ്ങിയെങ്കിലും, കാഞ്ചിപുരത്ത് തന്റെ കൂടെ വന്ന പാർത്ഥ്യരെ കുടിയിരുത്തിയ ശേഷം, അവിടെ നിന്നും വെള്ളാളരുടെ ഒരു കുടിയേററ സംഘവുമായി നാട്ടിലേക്ക് വരികയുണ്ടായിട്ടുണ്ട്. ഒരു കുടിയേററ സംഘമാണ് വേണാട് പടുത്തുയർത്തിയത്. അതുപോലെ മാർ ആമ്മോന്റെ കൂടെ തൊണ്ടി നാട്ടിൽ കുടിയേറിയ പാർത്ഥ്യരാണ് (പഹലവർ) പല്ലവരാജ്യം പടുത്തുയർത്തിയത്, മാർ ആമ്മോൻ, ആയി നാട്ടിൽ നിന്നും തിരികെ തൊണ്ടിനാട്ടിലേക്ക് പോകുകയും, അവിടെ മൈലപ്പൂരിൽ വെച്ച് മൃതിയടയുകയും ചെയ്തു

### മണിയുടെ പ്രവചനങ്ങൾ

ബർദേസ്സാന്റെ ജോതിശാസ്ത്രവും, ബഹിരാകാശഗണനതിവും (Cosmology) പഠിച്ച്, അതിനെ പരിപൂർണ്ണതയിലേക്ക് എത്തിച്ചത്, മണി ആണെന്നുള്ളത് ഒരു സ്ഥിരീകരിക്കപ്പെട്ട വസ്തുതയാണ്. അതേപ്പററിയുള്ള വിവരണം Bardaissan of Edesa[53] എന്ന ഗ്രന്ഥ

DR. JACOB KOLLAPARAMBIL EDUCATIONAL TRUST
KADUTHURUTHY
www.malankaralibrary.com
www.knanayology.org

ത്തിൽ നിന്നും താഴെ കൊടുക്കുന്നു.

> 'Mani did, however, make the acquaintenance of Bardaissan's cosmology and the dualistic germ it contained (Light and Darkness) he developed the full.'

> 'Ephrem calls Bardaissan the 'teacher of Mani' and says that the latter borrowed much from him, astrology in particular '

ബർദേസ്സാൻെറ പ്രവചനം ഒന്നാം ഭാഗം മൂന്നാംഅദ്ധ്യായത്തിൽ വിവരിച്ചിരുന്നല്ലോ മണിയുടെ പ്രവചനങ്ങളിൽ രണ്ടെണ്ണം അതിപ്രാധാന്യം അർഹിക്കുന്നതും സംഭവിച്ചതുമായ സംഗതികളും ആണ്. അവയെപ്പററി താഴെ വിവരിക്കുന്നു.

ഒന്നാമത്തേതു" ഒരു വലിയ യുദ്ധം പൊട്ടിപ്പുറപ്പെട്ടും അതിനു ശേഷം, ലോകം രണ്ടായി തിരിയും. ഏ. ഡി. 1939-ൽ വലിയ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ലോകം രണ്ട് ചേരിയായി തിരിഞ്ഞു. Socialists and Capitalists പക്ഷെ ഈ രണ്ട് ചേരിയിൽ ഏതു് വെളിച്ച ലോകം, ഏതു് ഇരുണ്ടലോകമെന്നു് മാന്യ വായനക്കാർ തന്നെ അവരവരുടെ മനോഗതിയനുസരിച്ച് വിധിയെഴുതുകയാണ് ഉത്തമം പക്ഷെ ഇനിയും ഒരു വലിയ യുദ്ധം പൊട്ടി പുറപ്പെടാൻ സാധ്യതയില്ല. അങ്ങനെയുണ്ടായാൽ തന്നെ ചേരി തിരിയാൻ ആരും അവശേഷിച്ചിരിക്കുകയില്ലല്ലോ!

രണ്ടാമത്തെ പ്രവചനം$_{54}$ 'മണിമേഖല'യിൽ പറഞ്ഞിട്ടുള്ളതാണ്. ആ പ്രവചനത്തിൻെറ മലയാള വിവർത്തനം താഴെ കൊടുക്കുന്നു.

> "ഇരുട്ടു പരന്നു കിടന്ന വിശാലമായ ഭൂമിയിൽ വിരിഞ്ഞ കിരണങ്ങളോടു കൂടിയ സൂര്യൻ ഉദിച്ചതുപോലെ ആയിരത്തി അറുനൂററി പതിനാറാം ആണ്ടിൽ ശ്രീ ബുദ്ധൻ അവതരിക്കും. അതിനു ശേഷം വലിയ കുളത്തിലുള്ള മടയാകുന്ന ചെറിയ വഴിയിൽ അത്യധികമായ വെള്ളം കടക്കുന്നതുപോലെ വലിയ അളവൊന്നുമില്ലാത്ത ചെറിയ ചെവികൾ വഴി നിസ്സീമമായ ധർമ്മങ്ങൾ, ഹൃദയം നിറഞ്ഞ സന്തോഷത്തോടെ ജീവികൾ കൈക്കൊള്ളത്തക്കവിധം പ്രവേശിക്കും."

www.malankaralibrary.com

അഹിംസയാകുന്ന ബുദ്ധധർമ്മോപദേശം ഉയർത്തിപ്പിടിച്ചുകൊണ്ടും നിരാഹാര സത്യാഗ്രഹം എന്ന ഉടവാളും ഏന്തി, ഇന്ത്യയിലെ ജന കോടികളെ സദ്ധർമ്മം അറിയിച്ച മഹാത്മാവായ മോഹൻ ദാസ് ഗാന്ധിയല്ലേ; മണിമേഖലയിൽ പറയുന്ന ശ്രീബുദ്ധാവതാരം. മണി മേഖലാകാവ്യം എ. ഡി. 228-നും 240-നും മദ്ധ്യേയുള്ള കാലത്താണ് രചിച്ചത്. അതിനുശേഷം ഏകദേശം 1616 വർഷത്തോളം കഴിഞ്ഞാണ് (എ. ഡി. 1869) ഗാന്ധി ജനിക്കുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തോടു കൂടി 30 ലക്ഷം ജനങ്ങളുടെ കൊലക്കളമായി തീരേണ്ട കൽക്കട്ടാ നഗരത്തെ നിരാഹാര സത്യാഗ്രഹത്തിൽ കൂടി സമാധാനത്തിലേക്ക് നയിച്ച ഈ മഹാത്മാവ് ശ്രീബുദ്ധൻെറ അവതാരമല്ലേ?

നിരാഹാര സത്യാഗ്രഹമാകുന്ന ഏക ആയുധത്തോടുകൂടി, തൻെറ ഏററവും വലിയ പോരാട്ടമായി തീർന്ന കൽക്കട്ടായിൽ, നടക്കാമായിരുന്ന ഹിന്ദു മുസ്ലീം സംഘടനം അഹിംസയാകുന്ന ധർമ്മോപദേശത്തിൽ കൂടി ഇല്ലാതാക്കിയ ആ സന്ദർഭത്തെപ്പററി "Feedom at Midnight"[55] എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഇപ്രകാരമാണ്.

> Calcutta 's Hindu, Sikh and Moslem leaders framed a joint declaration solemnly' promising Gandhi 'We shall never allow communal strife in the city again and shall strive unto death to prevent it.'
>
> 'Finally, at 9. 15 in the evening of September 4, 1947, seventy three hours after he had begun it, Gandhi ended his fast.'
>
> 'Calcutta he said, 'holds today the key to peace in India. The least incident here can produce incalculable repercussions else where. Even if the whole country side goes up in conflagration, you must see to it that Calcutta is kept out of the flames.'
>
> 'Gandhi has achived many things, his old friend Rajagopalachari noted: but there has been nothing not even independance, which is so truly wonderful as his victory over evil in Calcutta.'

മഹാത്മാഗാന്ധി, മണി പ്രവചിച്ച ശ്രീബുദ്ധൻെറ അവതാര

www.malankaralibrary.com

മാണെന്നുള്ളതിന്ന്, ഇതിൽ കൂടുതൽ ഒരു തെളിവ് വേണമോ എന്ന് തോന്നുന്നില്ല. അനേക വർഷങ്ങളിലായി, തന്റെ ധർമ്മോപദേശങ്ങൾ ചെറിയ മടയിൽ കൂടി കുളത്തിലേക്ക് വെള്ളം കയറുന്നതുപോലെ, ജനകോടികളുടെ ചെവിയിൽ കൂടി ഹൃദയത്തിൽ കയറി നിറഞ്ഞ്, കഷ്ടതയിലും, പ്രയാസത്തിലും, രാഷ്ട്രീയമായ ദൂഷണങ്ങളിൽ പോലും, സഹിഷ്ണുതാ ശീലന്മാരാക്കി ഇൻഡ്യയുടെ അഖണ്ഡതയ്ക്ക് ഭംഗം വരുത്താതെ നിലനിർത്തുന്നു എന്നുള്ളത് ഒരു വലിയ യാഥാർത്ഥ്യമല്ലേ.

ബുദ്ധം ശരണം ഗച്ഛാമി.
ധർമ്മം ശരണം ഗച്ഛാമി.
സംഘം ശരണം ഗച്ഛാമി.

## Notes

1. കേരളത്തിന് സുദീർഘമായ ഒരു വ്യാപാര ചരിത്രമുണ്ട് വ്യാപാരികളുടെ താല്പര്യം പരിരക്ഷിക്കുന്നതിൽ നാനാതരം വാണിജ്യ സംഘടനകൾ പ്രധാനപ്പെട്ട പങ്ക് വഹിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിച്ച സംഘടന "മണിഗ്രാമമാണ്."

   Ref: കേരള ചരിത്രം, വാല്യം 1, പേജ് 145

2. Ref: ചിലപ്പതികാരം, അവതാരിക, പേജ് xi

3. Ref: കേരള ചരിത്രം വാല്യം 1, പേജ് 1079

4. Ibid 1054

5. മണിമേഖല, 25-ാം ഗാഥ, 181-185 വരികൾ.

6. 'മണിമേഖലയെന്ന മഹാകാവ്യത്തെ ഇളങ്കോവടികളെ ചെല്ലി കേൾപ്പിച്ചുവെന്ന് മണിമേഖലയുടെ ഉപോദ്ഘാതത്തിലും പറഞ്ഞിരിക്കുന്നതിനാലും, കടൈച്ചങ്കത്തിലുണ്ടായിരു

www.malankaralibrary.com

ന്ന പണ്ഡിതവരേണ്യനായ ചീത്തലൈ ചാത്തനാർ തന്നെയാ ണ്° മണിമേഖലയുടെ കർത്താവ്° എന്ന° സർവ്വ സമ്മതമായി രിക്കയാലും ചേരൻ ചെങ്കുട്ടവനെ സംഘപ്പുലവരായ പരണ ൻ പതിററപ്പത്തിൽ പുകഴ്ത്തിപ്പാടിയിരിക്കുന്നതിനാലും ഇള ങ്കോവടികളുടെ കാലവും, കടൈച്ചങ്കപ്പുലവരുടെ കാലവും ഒന്നു തന്നെ എന്ന° വ്യക്തമാകുന്നു.'

Ref : ചിലപ്പതികാരം, വ്യാഖ്യാനം, അവാതരിക, പേജ° x

7. (a) 'കടൈച്ചങ്കത്തെ, മുടത്തിരുമാറൻ എന്ന പാണ്ഡ്യൻ മധുര യിൽ നിലനിർത്തിവന്നു. 1800 ആണ്ടുകളോളം ഇതിനു° ആയ സ്സുണ്ടായിരുന്നു.' Ibid-xi

7. (b) 'Zoroastrain priests called Mani 'fiend incarnate' or crippled devil, since he appears to have been lame.' Ref: Researches in Manichaeism by A. V. W: Jackson page 6

8. മണിമേഖല, അവതാരിക, പേജ° i

9. Ref: ചിലപ്പതികാരം, കൊലക്കളഗാഥ, 190-202 വരികൾ.

10. 'Mani appeared in the presence of Shapur, and on his shoulders radiated something like two candles.'

Ref : MANI, page 189

11. 'മണിമേഖല, അവതാരിക, പേജ° vii

12 ചിലപ്പതികാരം, അവതാരിക, പേജ° viii

13. 'After finding the name of Paraclete in the Christian Scriptures, Mani applied this title to himself.'

Ref : MANI, page 37

14. Ref : മണിമേഖല, അവതാരിക, പേജ° vii

15. Ref ; Ibid (പതികം, 94-98 വരികൾ) 12

16. Ibid 13

www.malankaralibrary.com

(17) Ibid (കഥയും കഥാപാത്രങ്ങളും) xix

18. Ref ; ചിലപ്പതികാരം, അവതാരിക, പേജ് xxviii

19 Ref : Researches in Manichaeism, by Jackson page 5

20. Ref : മണിമേഖല, അവതാരിക, xvii-xviii

21. Ref : ചിലപ്പതികാരം, അവതാരിക, xxvii-xxviii

22 Ref : മണിമേഖല, കഥയും കഥാപാത്രങ്ങളും, പേജ് xxxiii

23. Ref : മണിമേഖല, അവതാരിക, പേജ് vi

24. Ibid xii

25. Ref : MANI, page 106.

26. 'The origin of three fold seal in manichaeism appears to be Budhistic. They are moral seals of body, word and thought.' Ref : Researches in Manichaeism, page 111

27. Ibid - 199.

28. MANI, page 128.

29. The word parinirvana occurs in Pali, Buddhist texts in relation to the death of Budha himself. The death of Budha is called the complete Nirvana. In all, probability. Mani came across the doctrine of re-birth during his stay in India.' Ibid 151.

30. Ibid 155

31. Ibid 259

32. Ibid 189

33. Ibid 107

34. മണിമേഖല, പതികം, 94-98 വരികൾ.

www.malankaralibrary.com

www.knanayology.org

35, 'Through out the religion the numeral 5 runs as a Sacred Number, while 7 and 12 have also symbolic significance.'

Ref : Researches in Manichaeism, pagc 15.

36) 'The five orders beginning with the lowest were these. 1) Hearers, 2) Elect. 3) Elders. 4) Bishops 5) Masters or Teachers.

Ref; Ibid 15.

37) His five holy books are: 1) Great gospel. 2) The treasure of life. 3) The book of the Pragamateia. 4) The book of Mysteries. 5) The book of the letters (Epistles)

Ref: MANI page 113.

38) Researches in Manichaeism, page 312.

39) മണിമേഖലം, അവതാരിക, പേജ് vi

40) Ref: Bardaissan of Edessa, page 204.

41) Ref: മണിമേഖലം, അവതാരിക, പേജ് xxxii

42) Ibid viii`

43) Ref: Acts or Thomas, by klijn page 105-107

44] Ibid 106-107

45) 'Al-Biruni the Arabic author stated: Mani allowed his followers sexual intercourse with young boys, because every Manichaean was accompanied by such a young boy.'

Ref : MANI, page 193,

46) Ref : മലങ്കര നസ്രാണികൾ വാല്യം 1, പേജ് 478

47) 'Sexual intercourse also dilutes the amount of darkness

www.malankaralibrary.com

in the world, and so it is a form of purification.'

Ref: Bardaissan of Edessa page 226

48] 'Ephrem calls Bardaissan the 'teacher of Mani' and says that the latter borrowed much from him, astrology in particular

Ref: Ibid 225

49] 'Jesus warned His disciples that false christs and false prophetes would arose and that they would with great signs and wonders try to lead astray even the elect.' Ref ; Gospels, Mathew 24:5; Mark 13;6; Luke 21:8.

50] Ref : Studies in the Coptic Manichaen Psalm—book, page 164

51] 'Book of Mysteries is of third century and belongs to the Manichaean cannon.'

Ref : Bardaissan of Edesa, page 205.

52] 'griv. This a common word in the Turfan texts It is found some thirty times in the Manichean Hymn book Mahrnamag'

Ref: Researches in Manichaeism, page 88

53) Ref : Bardaissan of Edessa, page 225.

54) Ref : മണിമേഖല, 120-ാം ഗാഥ,75-94 വരികൾ

55) Ref : Freedom at Midnight page 310

www.malankaralibrary.com

## അദ്ധ്യായം 5

# മൈലാപ്പൂർ കഥ

മണിയുടെ പ്രധാന ശിഷ്യനായ മാർ ആമ്മോനും പാത്ഥ്യാ രാജകുമാരനായ ബാത്തും, കുറെ അനുയായികളും, മണിയുടെ നിർദ്ദേശപ്രകാരം എ ഡി 274-ൽ പേർഷ്യയിൽ നിന്നും കപ്പൽ കയറി കേർർകൈയിൽ വന്നിറങ്ങി, പാണ്ഡ്യനാട്, വേണാട് എന്നീ രാജ്യങ്ങളുടെ തെക്കൻ ദേശങ്ങളിൽ മതപ്രചരണം നടത്തുകയുണ്ടായി. മണിക്കയമതത്തിൽ ആമ്മോന് ഒരു അപ്പോസ്തോലന്റെ സ്ഥാനമാണുള്ളത്. അതിനാൽ മാർ ആമ്മോൻ എന്നാണ് തന്റെ മതാനുയായികൾ അദ്ദേഹത്തെ വിളിക്കുന്നത്. ചിലയിടത്ത് 'മാരി അമ്മ, എന്നും രേഖപ്പെടുത്തിയിട്ടുണ്ട്, മണി രണ്ട ശിഷ്യന്മാരെ ഇന്ത്യയിലേക്ക്[1] അയച്ചിരുന്നു, എന്ന്, അന്ത്യോഖ്യാസഭയുടെ നേതാവായിരുന്ന മൈക്കിൾ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രധാനമായും, തെക്കെ ഇന്ത്യയിൽ കാണുന്ന മാരി അമ്മൻ കോവിലുകളും, മയിലിനെ വാഹനമായി ഉപയോഗിക്കുന്ന സുബ്രമണിയുടെ (Pure Mani) പ്രതിഷ്ഠകളും, മേൽപ്പറഞ്ഞ 'മാരിഅമ്മ, ആയി എന്തെങ്കിലും ബന്ധമുണ്ടോ?

മണിക്കും മണിയുടെ ശിഷ്യന്മാർക്കും ആകാശത്തിൽ[2] പറക്കാനുള്ള മാന്ത്രികശക്തിയുള്ളവർ ആയിരുന്നു. മാർത്തോമ്മായുടെ മൈലാപ്പൂരിലെ മരണത്തെപ്പററിയുള്ള കഥയും മയിലിനെ ബന്ധപ്പെടുത്തിയുള്ളതാണ്. മൈലാപ്പൂരിൽ ഒരു വനാന്തരത്തിൽ മയിലുകളെ വേട്ടയാടിക്കൊണ്ടിരുന്ന ഒരു വേടൻ ഒരു ദിവസം ഏതാനും മയിലുകളെ കാണുന്നതിനിടയായി. അവരുടെ പ്രധാനി അവിടെയുള്ള ഒരു പരന്നകല്ലിൽ ഇരിക്കുന്നതായും കണ്ടു. വേടൻ ഒരു അമ്പ് എയ്തും അതു കൊണ്ട് മുറിവേററ തലവൻ മയിൽ പറന്നുപോയി. അന്തരീക്ഷത്തിൽ വെച്ച് അത് മനുഷ്യരൂപം ധരിക്കുകയും മരിച്ച് താഴെ വീഴുകയും ചെയ്തു. ഈ അത്ഭുതസംഭവമറിഞ്ഞ നഗരാധിപൻ സ്ഥലത്തെ

www.malankaralibrary.com
www.knanayology.org

ത്തി, അതു് വിശുദ്ധതോമാശ്ലീഹായുടെ മൃതദേഹമാണ് എന്നു് മന സ്സിലാക്കി.[3]

തോമായുടെ നടപടികളിൽ പറയുന്ന മാർത്തോമ്മായുടെ രക്ത സാക്ഷി മരണകഥയുമായി യാതൊരു വിധത്തിലും മേല്പറഞ്ഞ കഥ പൊരുത്തപ്പെടുന്നില്ല. എന്നാൽ അത്ഭുത സിദ്ധികൊണ്ടു് മയിലിനെ പ്പോലെ പറക്കാൻ കഴിവുള്ള, മണിക്കയെ അപ്പോസ്തോലനായ മാർ ആമ്മോന്റെ കഥയാണ് മേൽപ്പറഞ്ഞതു് എന്നാണ് എന്റെ അഭി പ്രായം. ഈ കഥ ഒരു പോർത്തുഗീസ്സ് ചരിത്രകാരനും ഗവേഷകനു മായ ഉവാദത്ത ബർബോസ്സാസ്സ് എ. ഡി. 1514-ൽ കൊല്ലത്തെ[4] ക്രിസ്ത്യാനികളിൽ നിന്നുമാണ് കിട്ടിയതു് എന്നാണ് രേഖപ്പെടുത്തി യിട്ടുള്ളതു്. കൊല്ലത്തും കൊല്ലത്തിനു തെക്കോട്ടും മലങ്കര നസ്രാണി കൾ അല്ല പ്രത്യുത മണിക്കയെ മതക്കാർ ആയിരുന്നു പ്രബലസമുദായ മെന്നു് ചെപ്പേടുകളും ചരിത്രങ്ങളും തെളിയിക്കുന്നുണ്ടു്. അവരിൽ നിന്നുമായിരിക്കും ബർബോസ്സാസ്സ് മേൽപറഞ്ഞ കഥ കിട്ടിയതു്.

എ. ഡി. 1837-ൽ കേണൽ മൺഡ്രോയുടെ[5] കാലംവരെ (തിരു വിതാംകൂർ ദിവാൻ) മണിക്കയെ മതക്കാർ കൊല്ലത്തു് ഉണ്ടായിരുന്ന തായി രേഖയുണ്ടു്. കൊല്ലത്തിനു് അടുത്തു ക്രിസ്ത്യാനികളുടെ പള്ളി യുണ്ടായിരുന്നതു് തേവലക്കര പള്ളിയാണ്. കൊല്ലത്തു് മാർത്തോമ്മാ സ്ഥാപിച്ച പള്ളി കടൽ കയറി മുങ്ങിപ്പോയി എന്നൊരു സങ്കല്പം ഉണ്ടു്. പക്ഷേ കേരളത്തിനു് തീരപ്രദേശങ്ങളായി കര ഉണ്ടാകുക യാണ് ചെയ്തിട്ടുള്ളതു്, മറിച്ചു് കടലിൽ തീരപ്രദേശങ്ങൾ പോകുക യല്ല ചെയ്തിട്ടുള്ളതു്. കടൽ പുറകോട്ടു് ഒഴുകിയ വേൽകഴ കുട്ടവന്റെ[6] (ചെങ്കുട്ടവന്റെ) കഥ ഇതിനു് ഉദാഹരണമാണ്. വേമ്പനാട്ടു് കായ ലിനു് പടിഞ്ഞാറു വശമുള്ള കര ഇടത്തറം നാടുവാണ (മൂന്നാം നൂററാ ണ്ടിൽ) കാലത്തു് കടൽ പുറകോട്ടു് മാറി തെളിഞ്ഞ സ്ഥലങ്ങളാണ് എന്നാണ് ചരിത്രം പറയുന്നതു്. അതുപോലെ കൊച്ചി അഴിക്കു് വടക്കുള്ള തീരദേശങ്ങളായ വൈപ്പും, പുതുവൈപ്പും ഇതുപോലെ കര തെളിഞ്ഞ സ്ഥലങ്ങളാണ്.

ചോള പാണ്ഡ്യനാടുകളുടെ തെക്കൻദേശങ്ങളിൽ മണിക്കയമതം പ്രചരിപ്പിക്കുന്നതിൽ മാർ ആമ്മോനും, അത്ഥനാസും ആദ്യം വ്യാപൃ തരായിരുന്നു. പിന്നീടു് അവർ, മണി തൊണ്ടിനാട്ടിൽ ആദ്യം സ്ഥാപിച്ച സഭയിലെ അംഗങ്ങളുമായി ബന്ധപ്പെടുവാൻ മൈലാപ്പൂ

www.malankaralibrary.com

രിലേക്ക് പോകുകയുണ്ടായി. മാർ ആന്തോൻ മൈലാപ്പൂരിൽ വരുന്നതു് സംഘം കാലത്താണ്. ഈ കാലത്തു് ചെന്തമിഴ് നാടിനെ അഞ്ചു പ്രാദേശിക ഖണ്ഡങ്ങൾ ആയി തരംതിരിച്ചിരുന്നു. കുറിഞ്ചി, പാലായ്, മുല്ലയ്, മരുതം, നെയ്തൽ എന്നാണ് ഈ അഞ്ചു ഖണ്ഡങ്ങൾ. മൈലാപ്പൂർ, കുറിഞ്ചി മേഖലയിൽ (Region) പെട്ടതാണ്. അവിടത്തെ ആളുകൾ അമ്പുകൊണ്ടു് എയ്തു് ഉപജീവനമാർഗ്ഗം തേടുന്നു. പക്ഷികൾ മൈലുകളും, തത്തയും ആണ് 'തിന' ഈ ഖണ്ഡത്തിലെ പ്രധാന ഭക്ഷ്യ ആഹാരമാണ്.

മൈലാപ്പൂരിൽ ഒരു മലയിൽ വിശ്രമിച്ചുകൊണ്ടിരുന്ന മാർ ആന്തോൻ യാദൃച്ഛികമായി, ഒരു വേടൻ മയിലിനെ ഉന്നംവെച്ചു് എയ്ത അമ്പുകൊണ്ടു് മരണം അടഞ്ഞു. മാർ ആന്തോന്റെ മരണശേഷം കൂടെയുണ്ടായിരുന്ന അർദ്ധബാൻ രാജകുമാരനും അനുയായികളും അട്ടറത്തെ മണിക്കയെപുരോഹിതന്മാരെ അടക്കുന്ന ആചാര പ്രകാരം വടക്കോട്ടു് ദർശനമായി ഇരുത്തി അടക്കുകയാണ് ചെയ്തതു്. പോർത്തുഗീസ്സുകാർ മൈലാപ്പൂർ കബർ പൊളിച്ചു് ഗവേഷണം നടത്തുമ്പോൾ കണ്ടു കിട്ടിയ അസ്ഥികളുടെ കൂടെ ഒന്നരഗുലൻ കൊള്ളുന്നതും, മണ്ണുകൊണ്ടു് നിറഞ്ഞതുമായ ഒരു മൺകലം കണ്ടുകിട്ടുകയുണ്ടായി. ഈ മൺകലത്തിന്മേലായിരിക്കും ആന്തോന്റെ ശിരസ്സു് നേരെ വടക്കോട്ടു് ധ്രുവനക്ഷത്രത്തെ ലക്ഷ്യമാക്കി ഇരിക്കത്തക്കവണ്ണം കെട്ടിയിരുന്നതു്. ഈ ആചാരം മദ്ധ്യതിരുവിതാംകൂറിൽ 'പണ്ടാരങ്ങൾ' എന്നറിയപ്പെടുന്ന ജാതിക്കാരുടെ ഇടയിൽ ഇപ്പോഴും നടപ്പുണ്ടു്. ഇവർ മരിച്ചയാളിനെ വീട്ടിൽ തന്നെ ഉരലിൽ കെട്ടിയാണ് ദർശനത്തിനു് ഇരുത്തുന്നതു'. ഇവർ കൊല്ലത്തു ഒരു പ്രബല സമൂഹമായിരുന്ന മണിഗ്രാമക്കാരുടെ അവശേഷിക്കുന്ന വിഭാഗം അല്ലേ, എന്നു് സംശയിക്കുന്നു. മണിക്കയെ പുരോഹിതന്മാരെ ഇരുത്തിയാണ് അടക്കുന്നതു് എന്നു് ചരിത്ര രേഖ തന്നെയുണ്ടു്.

വൈറ്റ്ഹൗസ്സ് എന്ന ചരിത്രകാരൻ, 'മൈലാപ്പൂർ കബറിടം' തുറന്നു് ഭൗതികാവശിഷ്ടം കണ്ടെത്തതിനെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നതു് താഴെ പറയും പ്രകാരം ആണ്.

''ഇൻഡ്യയിൽ നല്ലപരിചയമുള്ള ഒരു അർമേനിയൻ വ്യാപാരിയുമൊന്നിച്ചു് സാഹസികരായ ഏതാനും പറങ്കികൾ 1517-ൽ

www.malankaralibrary.com

കൊറോമണ്ടൽ' തീരത്തു് എത്തി. ആധുനിക മദ്രാസ് നഗരത്തിനു്, വടക്കു് പുളിക്കാട്ട് എന്നിടത്തു് അവർ കരയിറങ്ങി, മൈലാപ്പൂരിലേക്കു് പോയി. അവിടെ ഒട്ടധികം കെട്ടിടങ്ങളുടെ നഷ്ടശിഷ്ടങ്ങളും, വിവിധ വർണ്ണത്തിലുള്ള കല്ലുകളും മററും മറിഞ്ഞു വീണു കിടക്കുന്നതു് കണ്ടു. ഈ നാശനഷ്ടങ്ങളുടെ ഇടയിൽ നാശം ഒന്നും സംഭവിക്കാത്ത ഒരു ചെറു ദേവാലയവും അവർ കണ്ടു. ആ ചെറു പ്രാർത്ഥനാലയത്തിന്റെ അകത്തും പുറത്തും പ്രത്യേകരീതിയിലുള്ള കുരിശടയാളങ്ങൾ കൊത്തിയിട്ടുണ്ടായിരുന്നു. ആഗതർ പ്രാർത്ഥനാലയവും, കുരിശടയാളങ്ങളും മററും താൽപര്യപൂർവ്വം നോക്കുന്നതു കണ്ടിട്ടു് സമീപവാസിയായ ഒരു മൂർ (മുസ്ലീം) അവരുടെ അടുക്കലേക്കു് ചെന്നു്, പഴയ ഒരു പള്ളിയുടെ ഒരു ഭാഗം മാത്രമാണു് അവിടെ കാണുന്ന പ്രാർത്ഥനാലയം, മാർത്തോമ്മാ ശ്ലീഹായുടേയും അദ്ദേഹം ആദ്യം മാർഗ്ഗത്തിൽ ചേർത്തവരുടെയും മൃതദേഹങ്ങൾ അവിടെയാണ സംസ്കരിച്ചതെന്നു് പറയപ്പെടുന്നു എന്നും ധരിപ്പിച്ചു. അവിടെ ഒററ ക്രിസ്ത്യാനിപോലും ഇല്ലായിരുന്നു മെഴുകുതിരിക്കാലുപോലും ആരോ നീക്കം ചെയ്തിരുന്നു ഇതുകൊണ്ടൊന്നും പറങ്കികൾ ഭഗ്നാശരായില്ല അവർ പരിശുദ്ധന്റെ ഭൗതികാവശിഷ്ടങ്ങൾ കണ്ടെത്തുകതന്നെ ചെയ്തു. അദ്ദേഹത്തിന്റെ കുപ്പായത്തിന്റെ ഭാഗങ്ങളും ശ്ലീഹായെ കുത്തിക്കൊന്ന കൂർത്ത അഗ്രവും അവർക്കുകിട്ടി.[9]'

പി. ഇ. കേയ്, മിൽനിറേ എന്നീ പാശ്ചാത്യ ചരിത്രകാരന്മാരും മേല്പറഞ്ഞ കഥ രേഖപ്പെടുത്തിയിട്ടുണ്ടു്. മിൽനിറേ എഴുതിയിട്ടുള്ളതിന്റെ ചുരുക്കം താഴെ കൊടുക്കുന്നു:

'1517-ൽ രണ്ടുംകെട്ടിറങ്ങിയ ഏതാനും പറങ്കികൾ ഒരു അർമീനിയക്കാരനും ഒരുമിച്ചു് മൈലാപ്പൂരിൽ ചെന്നു. വി. തോമാസിന്റേതെന്നു് പറയപ്പെടുന്ന കബറിടം കണ്ടു. അപ്പോഴേക്കും മൈലാപ്പൂരിൽ ക്രിസ്ത്യാനികൾ ഇല്ലാതായിരുന്നു. ഇടിഞ്ഞുപൊളിഞ്ഞ ഒരു പള്ളിയുടെ ഏതോ ഒരു ഭാഗം വീഴാതെ നില്പുണ്ടായിരുന്നു. ഒരു മുസ്ലീം കബറിടം കാണിച്ചുകൊടുത്തു. പിന്നെ 1522 ൽ പോർത്തുഗലിലെ ജോൺ തൃതീയന്റെ ആജ്ഞപ്രകാരം ഒരു കമ്മീഷൻ മൈലാപ്പൂരിൽ എത്തി വിശുദ്ധ തോമസ്സിന്റെ ജഡം തേടി അവർ പഴയ പള്ളിയുടെ നഷ്ടശിഷ്ടങ്ങളിൻകീഴിൽനിന്നു് അപ്പോ

www.malankaralibrary.com

സ്തോലന്റേതും അദ്ദേഹം മാർഗ്ഗത്തിൽ ചേർത്ത രാജാവിന്റേതും എന്ന് അവർ പറയുന്ന അസ്ഥികളും അദ്ദേഹത്തെ വധിക്കുന്നതിനുപയോഗിച്ച കുന്തത്തിന്റെ തലയും കണ്ടെടുത്തു.'[10]

പോർത്തുഗീസ് രാജാവിന്റെ അനുവാദത്തോടു കൂടിയാണ്, ഇന്ത്യയിലെ പോർത്തുഗീസ് അധികാരികൾ മൈലാപ്പൂരിലുള്ള കബറിടം തുറന്നു ഗവേഷണം നടത്തുകയുണ്ടായത്. ദുവാത്തേ ബാർബോസ്സാ എന്ന ചരിത്രകാരനാണ് ഇതിന്റെ സൂത്രധാരൻ. ഈ ബാർബോസ്സായുടെ നിർദ്ദേശപ്രകാരമാണ് പവിഴമുത്തുകളുടെ നാടായ 'ബഹറിൻ' പിടിച്ചെടുക്കാൻ പോർത്തുഗീസുകാർ ഒരുമ്പെട്ടത്. കുത്തക മനോഭാവികളായ ഇവർ കന്യക മറിയാമിന്റെ രൂപത്തിൽ പതിക്കാൻ ആവശ്യമായ പവിഴമുത്തുകൾക്കു[11] വേണ്ടി മാത്രമാണ് ബഹറിൻ പിടിച്ചെടുത്തത്. പിന്നീട് അവർ ആ ദ്വീപിനെ പട്ടാളത്താവളമാക്കി.

ദുവാത്തേ ബാർബോസ്സായ്ക്കു കൊല്ലത്തെ ക്രിസ്ത്യാനികളിൽ നിന്നു കിട്ടിയതെന്നു പറയുന്ന വിവരങ്ങളാണ് താഴെ കൊടുക്കുന്നത്. 'അവിശ്വാസികളാൽ കൊല്ലത്തുവെച്ച് പീഡിപ്പിക്കപ്പെട്ടപ്പോൾ മാർ തോമാശ്ലീഹാ മൈലാപ്പൂരിലേക്കു പോയി. അവിടെയും അദ്ദേഹത്തിനു സ്വസ്ഥമായി വസിക്കാൻ കഴിയാതെയായി. അങ്ങനെ ഒരു വനാന്തരത്തിലേക്കു താമസം മാറേറണ്ടിവന്നു. മയിലുകളെ വേട്ടയാടിക്കൊണ്ടിരുന്ന ഒരു വേടൻ ഒരു ദിവസം ഏതാനും മയിലുകളെ കാണുന്നതിനിടയായി. അവയുടെ പ്രധാനി അവിടെയുള്ള ഒരു പരന്ന കല്ലിൽ ഇരിക്കുന്നതായും കണ്ടു. വേടൻ എയ്ത അമ്പ് ഏററ് മുറിവുപററിയ തലവൻ മയിൽ പറന്നുപോയി, അന്തരീക്ഷത്തിൽവെച്ച് അതു മനുഷ്യരൂപം ധരിക്കുകയും മരിച്ചു താഴെ വീഴുകയും ചെയ്തു. ഈ അത്ഭുത സംഭവമറിഞ്ഞ നഗരാധിപൻ സ്ഥലത്തെത്തി, അതു വിശുദ്ധ തോമാശ്ലീഹായുടെ മൃതദേഹമാണെന്നു മനസ്സിലാക്കി.'[12]

മൈലാപ്പൂർ കഥയുടെ ഭാഗമായി മറ്റുചില കഥകളും ഉണ്ട്. അമ്പുകൊണ്ടു മരണം അടഞ്ഞ അപ്പോസ്തോലന്റെ ശരീരം അടക്കുമ്പോൾ [13]വലതുകരം സംസ്കാരത്തിനു വഴിപ്പെടാതെ പുറത്തേക്ക് തള്ളിനിന്നു. അതു കല്ലറയിലേക്കു താഴ്ത്താൻ ചെയ്ത ശ്രമങ്ങളെല്ലാം പരാജയപ്പെട്ടു. വിശുദ്ധന്റെ കരം ഒരു പട്ടുതുണികൊണ്ടു പൊതിഞ്ഞിരുന്നുവെന്നും ജനങ്ങൾ വിശുദ്ധനോടുള്ള ഭക്തിയാൽ ആ കരം

www.malankaralibrary.com

ചുംബിച്ചുപോന്നിരുന്നു. മേൽപ്പറഞ്ഞ കഥ മണിക്കയരെ സംബന്ധിച്ചിടത്തോളം ശരിയാണ്. പേർഷ്യയിൽവെച്ചു മരണം അടഞ്ഞ മണിയുടെ വലതുകൈ തന്റെ ശിഷ്യന്മാർ വെട്ടിയെടുത്തു പൂജ്യവസ്തുവായി വണങ്ങിയിരുന്നപോലെ മൈലാപ്പൂരിൽ മരണമടഞ്ഞ ആമ്മോന്റെ കയ്യും തന്റെ അനുയായികൾ വെട്ടിയെടുത്ത് പട്ടുതുണി കൊണ്ടു മൂടി വണങ്ങിയിരിക്കാം. ഈ കഥ പോർത്തുഗീസുകാർ അറിഞ്ഞപ്പോൾ അതു മാർത്തോമ്മായുടെ കഥ ആക്കിത്തീർത്തു എന്നു മാത്രമേയുള്ളൂ.

മറ്റൊരു കഥ, അപ്പോസ്തോലന്റെ കബറിനു് അടുത്തു് ഒരു രാജാവിന്റെ കബറിടവും ഉണ്ടായിരുന്നു. അതു തുറന്നപ്പോൾ ശിലാലിഖിതത്തോടുകൂടിയ ഒരു ഫലകം കണ്ടു. അതിൽ '[14]തിനെയ് മുതലിയാർ ഇവിടെ ശയിക്കുന്നു' എന്നു് എഴുതിയിരുന്നു എന്നാണ് ചരിത്രം പറയുന്നതു്. ഈ രാജാവ് പാർത്ഥ്യ രാജകുമാരനാം, ആമ്മോനെ അനുഗമിച്ച അർദ്ധബാനു ആയിരുന്നു. അദ്ദേഹം മണിയുടെ ഉപദേശപ്രകാരം ഒരു [15]കച്ചവടക്കാരനായും, മാർ ആമ്മോന്റെ സഹചാരിയും മൈലാപ്പൂരിൽ കഴിയുകയായിരുന്നു 'താനെ' അഥവാ 'തിനെ മുതലിയാർ' എന്നതിന്റെ അർത്ഥം ആ പ്രദേശത്തെ പ്രധാന ഭക്ഷണമായ 'തിന (Millet) വില്ക്കുന്ന കച്ചവടക്കാരൻ' എന്നാണ്. 'സംഘം' കാലത്തു് ചോളനാട്ടിൽ [16]ബ്രാഹ്മണനും, രാജാക്കന്മാരും, കച്ചവടക്കാരും മേലോർ (മുതലിയാർ) എന്ന സ്ഥാനനാമത്തിനു് അർഹരായിരുന്നു അങ്ങനെകരുതിയും ഇരുന്നു. വെള്ളാളരിൽ കച്ചവടം തൊഴിലായി സ്വീകരിച്ചിരുന്നവരെയാണ് 'ചെട്ടികൾ' [17]എന്നു പറയുന്നതു്. ഈ വെള്ളാളചെട്ടികളാണ് ചോളദേശത്തുനിന്നു കൊല്ലത്തു കുടിയേറിയ മണിക്കയ മതക്കാർ. ഈ വെള്ളാളചെട്ടികളുടെ നേതാവായ (മുതലിയാർ) അർദ്ധബാനുവിന്റെ കബറിടം ആണ് മൈലാപ്പൂരിൽ പോർത്തുഗീസുകാർ കണ്ടെടുത്ത രണ്ടാമത്തെ കബറിടം ആ കബറിടത്തിന്റെ മുകളിലാണ് 'തിനെയ്' മുതലിയാർ എന്ന ഫലകം കണ്ടതു്. അവിടെനിന്നും കണ്ടെടുത്ത മറ്റൊരു ശിലാലിഖിതത്തിൽ കടലിൽനിന്നും, കരയിൽനിന്നും ലഭിക്കുന്ന എല്ലാ വരുമാനങ്ങളുടെയും ദശാംശം സത്യപ്രതിജ്ഞ[18]പൂർവ്വം ദാനം ചെയ്യുന്നു എന്നു് രേഖപ്പെടുത്തിയിട്ടുണ്ട്. 'തിനെയ് മുതലിയാർ' എന്ന വാക്കുകൾക്കു് മാർത്തോമ്മായെ സങ്കല്പിച്ചു്, പല വ്യാഖ്യാനങ്ങളും ചരിത്രകാരന്മാർ കൊടുക്കുന്നുണ്ട്. അതിൽ വലിയ കഴ

www.malankaralibrary.com

ന്നില്ല എന്നാണ് എൻെറ അഭിപ്രായം. എ. ഡി. 1547-ൽ മൈലാപ്പൂരിൽ പെരിയ മലയിൽ ഒരു കൽകുരിശ് കണ്ടു കിട്ടുകയുണ്ടായി. അതിന് കുറെ അത്ഭുത സിദ്ധികളുണ്ടെന്ന് പോർത്തുഗീസ്സുകാർ കണ്ടുപിടിച്ചു പക്ഷേ ഈ കുരിശു പോലെ തന്നെ ഒരു കുരിശ് കേരളത്തിൽ ഉണ്ടായിരുന്നു എന്നുള്ളതു് അവർ അറിഞ്ഞുകാണുകയില്ലായിരിക്കും. ഇതിൽ കൊത്തിയിരുന്ന ഭാഷ പഹലവി ആണെന്ന്, സ്വതന്ത്രമായി ചരിത്രം എഴുതാൻ കഴിയുന്ന ചരിത്രകാരന്മാർ എല്ലാം സമ്മതിക്കുന്നുണ്ട്. മാർത്തോമ്മായും ശിഷ്യന്മാരും ഉപയോഗിച്ചിരുന്ന ഭാഷ അര്യമ്യയാണ്. പഹലവിയും, പാർത്ഥ്യഭാഷയും മണിക്കയരുടെ ഔദ്യോഗിക ഭാഷയായിരുന്നു. പേർഷ്യയിൽ നെസ്തോറിയൻ സഭ (എ. ഡി. 431) പ്രബലമാകുന്നതിനു് ഒന്നര നൂററാണ്ടു മുമ്പ് മണിക്കയസഭ അവിടെ പ്രബലമായിരുന്നു മണിക്കയമതത്തിൻെറ കുരിശാണ് മാർ ആദോൻ പേർഷ്യയിൽനിന്നും കൊണ്ടുവന്ന് മൈലാപ്പൂരിൽ പെരിമലയിലെ ഗുഹയിൽ സ്ഥാപിച്ചതു്.

മണി ഒരു വർഷം മുഴുവനും ഒരു ഗുഹയിൽ ഏകാന്തവാസം നടത്തി വരച്ച ചിത്രങ്ങളാണ്, 'അർഥാങ്ങ്'' എന്ന ഗ്രന്ഥത്തിലുള്ളതു്. അതുപോലെ മൈലാപ്പൂരിലും, ആദോൻെറ കൂടെ വന്ന ചരിത്രകാരന്മാരും ചിത്രരചനക്കാരുമായ അനുയായികൾ ചിത്രങ്ങൾ വരക്കാനും, എഴുതാനും ഉപയോഗിച്ചിരുന്നതാണ് പെരിമലയിലെ ഗുഹ. മണിക്കയമതക്കാർ മണിയെ അനുകരിക്കുന്നതിൽ അണുപോലും വ്യത്യാസം വരുത്തിയിരുന്നില്ല. മേൽപറഞ്ഞ എല്ലാ തെളിവുകളും വെച്ച് നോക്കുമ്പോൾ മൈലാപ്പൂരിൽ മരണം അടഞ്ഞതും അവിടെ കബറടങ്ങിയതും മാർത്തോമ്മാ അല്ല, പ്രത്യുത മണിയുടെ പ്രധാന ശിഷ്യനായ മാർ ആമ്മോനാണ് എന്ന് മനസ്സിലാക്കാം.

മൈലാപ്പൂരിലെ കബറിടം തങ്ങളുടെ വകയാണെന്ന് മഹമ്മദീയർ അവകാശപ്പെട്ടിരുന്നു എന്ന് ചരിത്രകാരനായ റവ. കെ. ജോസഫ് എഴുതിയിട്ടുണ്ട്. പോർത്തുഗീസ്സുകാർ ഗവേഷണാർത്ഥം അവിടെ ആദ്യമായി ചെന്നപ്പോൾ ആ കബറിടം സംരക്ഷിച്ച്കൊണ്ടിരുന്നതു് ഒരു മഹമ്മദീയനായിരുന്നു. പേർഷ്യസാമ്രാജ്യം മുസ്ലീം ആധിപത്യത്തിൽ വന്നതോടുകൂടി കേരളത്തിലും അതിൻേറതായ മാററങ്ങൾ ഉണ്ടായി. മണിക്കയരുടെ പള്ളി ആയിരുന്ന തിരുവിതാംകോട്ട് പള്ളി മുസ്ലീം കൈവശമായി തിരുവനന്തപുരത്ത് 'ബൈമ പെരുന്നാൾ' ആഘോഷിക്കുന്ന ഒരു മുസ്ലീം പള്ളി ഇപ്പോഴും

www.malankaralibrary.com

ഉണ്ട്. മൈലാപ്പൂർ കബറിടത്തിനും ഇതുതന്നെയാണ് സംഭവിച്ചത്.

പോർത്തുഗ്ഗീസ്സുകാർ കെട്ടിച്ചമച്ച മൈലാപ്പൂർ കഥയ്ക്ക് ഒരു മറുപടി പറയാൻ, ബിഷപ്പ് ബ്രൌണിന്റെ അഭിപ്രായത്തോട് യോജിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. "പോർത്തുഗ്ഗീസ്സുകാർ എവിടെയും, വിശുദ്ധരോടും, വിശുദ്ധവസ്തുക്കളോടും കാണിക്കുന്ന അതിരുകടന്ന ബഹുമാന മനോഭാവം കുപ്രസിദ്ധമാണ്. അതിനാൽ മാർത്തോമ്മാശ്ലീഹായെ സംസ്കരിച്ച സ്ഥലമായി മൈലാപ്പൂർ കബറിടം നിർണ്ണയിച്ചതിലും, ആ പ്രദേശത്തെ പെരിയ മലയും, ചിന്നമലയും പ്രത്യേക പരിശുദ്ധി കല്പിച്ചതിലും ചരിത്രപരമായ വിശ്വാസ്യത വളരെ കമ്മിയായിരിക്കുന്നു" 19

പോർത്തുഗ്ഗീസ്സുകാർക്ക് കൊല്ലത്തെ മണിക്കയ മതക്കാരിൽനിന്നും ആണ് അവരുടെ അപ്പോസ്തോലനായ മാർ ആദോന്റെ മൈലാപ്പൂർ കഥ കിട്ടിയത്. ഉദയംപേരൂർ സൂനഹദോസ്സു മുതൽ കൂനൻ കുരിശ് സത്യംവരെ പോർത്തുഗ്ഗീസ്സുകാരുടെ അടിമകളായിരുന്ന മലങ്കര നസ്രാണികൾക്ക് പോർത്തുഗ്ഗീസ്സുകാർ കെട്ടിച്ചമച്ച് ദാനം ചെയ്തതാണ് 'മാർത്തോമ്മായുടെ മൈലാപ്പൂർ കഥ'. എ. ഡി. 1505-ൽ 'മൈലാപ്പൂർ കബർ' വാർത്ത അറിഞ്ഞ പോർത്തുഗ്ഗീസ്സുകാർ 1527ലാണ് അവിടം സന്ദർശിക്കുന്നത്. ഈ 22 വർഷകാലം അവർ എന്തുകൊണ്ട് മൈലാപ്പൂർ സന്ദർശനത്തിന് താല്പര്യം കാണിച്ചില്ല? എന്നൊരു 20 ചോദ്യം ഉദിക്കുന്നുണ്ട്. പോർത്തുഗ്ഗീസ്സുകാർക്ക് തന്നെ മാർത്തോമ്മായുടെ മൈലാപ്പൂർ കഥയിൽ സംശയം ഉണ്ടായിരുന്നു എന്നുള്ളത് ഇതുമൂലം വ്യക്തമാകുന്നുണ്ട്.

## യേശുവിന്റെ കബറിടം കാശ്മീരിലോ?

ഒരു മണിക്കയൻ അപ്പോസ്തോലനായ മാർ ആദോന്റെ മൈലാപ്പൂർ കബറിടം ഏതു പ്രകാരം മാർ തോമ്മായുടെ കബറായി മാറപ്പെട്ടുവോ, അതുപോലെ തന്നെ മറ്റൊരു മണിക്കയൻ അപ്പോസ്തോലനായ മാർ ആദാസ്സിന്റെ കാശ്മീരിലെ കബറിടത്തെയാണ് അഹമ്മദീയ മുസ്ലീം സമുദായം, ക്രിസ്തുവിന്റെ കബറിടം ആക്കിതീർത്തത്. മീർസാ- ഗുലാം- അഹമ്മദ് എഴുതിയ 'ജീസസ് ഇൻ ഡ്യാ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബുദ്ധമിശ്ഹാ' എന്നപേരു തന്നെ മണിക്കയ മതത്തെയാണ് സൂചിപ്പിക്കുന്നത്.

www.malankaralibrary.com

നസ്രാണികളെക്കാളും അതിബലമായ മററൊരു സമൂഹം പേർഷ്യയിലും, വടക്കേ ഇൻഡ്യയിലും മലങ്കരയിലും പത്താം നൂററാണ്ടുവരെയെങ്കിലും നിലനിന്നിരുന്നു എന്നുള്ള ചരിത്രസത്യം വിസ്മരിക്കപ്പെട്ടു കിടക്കുന്നതുകൊണ്ട്, അവരുടെ അവശേഷിക്കുന്ന ചരിത്രങ്ങൾ നസ്രാണികളുടെ ചരിത്രവുമായി കൂട്ടിക്കലർത്തിയതു മൂലമാണ് മൈലാപ്പൂരിൽ പോർട്ടുഗ്ഗീസ്സുകാർക്കും, കാശ്മീരിൽ അഹമ്മദീയർക്കും തെററ് പററിയിട്ടുള്ളത്.

ബുദ്ധവിഹാരങ്ങളുടെ കേന്ദ്രമായിരുന്ന കാവേരിപ്പട്ടണത്തിലെ വാസക്കാലത്ത് മണി ബുദ്ധമത തത്വങ്ങൾ പഠിക്കുകയും, നിർവ്വാഹണം, പരിനിർവ്വാണം എന്നീ വിശ്വാസങ്ങൾ തന്റെ മതത്തിലേക്ക് പകർത്തുകയും ചെയ്തു. മണിയുടെ മരണത്തെപ്പററി തന്റെ അനുയായികൾ പറയുന്നത്, മണി നിർവ്വാണം സ്വീകരിച്ച് പരിനിർവ്വാണത്തിലേക്ക് പ്രവേശിച്ചു എന്നാണ്. 'ജീസസ് ഇൻഡ്യ' എന്ന ഗ്രന്ഥത്തിൽ ക്രിസ്തുമതം ബുദ്ധമതത്തിന്റെ കൊച്ചു പകപ്പ് ആണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വാസ്തവത്തിൽ മണിക്കയ മതം ആണ് ബുദ്ധമതത്തിന്റെ കൊച്ചു പകപ്പ്.

ക്രിസ്തുവിനെപ്പോലെ തന്നെ മണി പന്ത്രണ്ട് അപ്പോസ്തോലന്മാരെ നിയമിച്ചിരുന്നു. ഇതിൽ മാർ ആമ്മോൻ ചേര രാജ്യത്തേക്ക് ഓടിപ്പോന്നു. ഈ അപ്പോസ്തോലന്റെ നേതൃത്വത്തിലാണ് കിഴക്കേ തീരത്ത് നിന്നും വെള്ളാളചെട്ടികൾ തെക്കൻ കേരളത്തിൽ എ. ഡി. 293-ൽ കുടിയേറുകയുണ്ടായത്. ഈ കുടിയേററം, മൈലാപ്പൂരിൽനിന്നുള്ള നസ്രാണികളുടെ കുടിയേററം ആയി ചില ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ വാസ്തവം അതല്ല.

മററൊരു മണിക്കയൻ അപ്പോസ്തോലനായ തോമാ, ഈജിപ്റ്റിലേക്കാണ് പോയത്. എന്നാൽ മാർ അദ്ദാസ്സ് സീത്യാ (Scythia) ദേശത്തേക്കാണ് പോയത്. ഈ ദേശത്തിൽ ഇപ്പോഴത്തെ താഴ്‌സ്കെൻറ്, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാന്റെ വടക്കു ഭാഗം, ലതാക്, കാശ്മീർ എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നു. കാശ്മീരിൽ ബാരമുല്ലാജില്ലയിൽ ഖന്യാർ എന്ന സ്ഥലത്ത് കാണുന്ന കബറിൽ പന്ത്രണ്ട് ശിഷ്യന്മാരും അവരുടെ മദ്ധ്യത്തിൽ ഒഴിഞ്ഞ ഒരു ഇരിപ്പിടത്തോടും കൂടിയ ഒരു ചിത്രം ഉണ്ട്. ഈ ചിത്രം ആണ് അഹമ്മദീയരെ തെററ് ധരിപ്പിച്ച വസ്തു. ബാരമുല്ല അഥവാ 'പന്ത്രണ്ട് മുല്ല

(സന്യാസിമാർ) എന്ന പേരു് ആ സ്ഥലത്തിനു് കിട്ടാൻ തന്നെ ഈ ചിത്രം ആണു് കാരണം.

അഹമ്മദീയർ ഈ ചിത്രത്തേയും, അവിടെ കബറടങ്ങിയ മണിക്കയെൻ അപ്പോസ്തോലൻ ആദാസ്സിന്റെയും ചരിത്രം ക്രിസ്ത്യാനികളുടെ ആക്കിമാററി, അവടത്തെ കബറിടം ക്രിസ്തുവിന്റെ ആണെന്നു് സങ്കല്പിക്കുകയും ചെയ്തു. തത്വത്തിൽ മണിക്കയെ മതമാണു് ബുദ്ധമതത്തിന്റെ ഒരു കൊച്ചു പകപ്പു്.

തോമായുടെ നടപടികളിൽ പ്രകാരം മാർത്തോമ്മാ മൈലാപ്പൂരിൽ രക്തസാക്ഷി ആകാൻ സാധ്യമല്ലാത്തതുപോലെ, വി. വേദപുസ്തക പ്രകാരം യേശുക്രിസ്തു കാശ്മീരിൽ പോകാൻ യാതൊരു ന്യായവും കാണുന്നില്ല.

## Notes

1. Ref : Mani, by Ort. page 33
2. Ibid 99 & 207
3. Ref ; Traditions of St. Thomas Christians, by A. M. Mundadan page 46
4. Ibid
5. Ref : Malankara Nazranikel, Vol I, by Z. M. Paret page 477-478
6. Ref ; Studies in Kerala History, by Elamkulam page 145
7. Ref :. Sangam Age, by K. A. Nilakanta Sastri page 29
8. Ref : മാർത്തോമ്മായുടെ കബറിടം by Mundadan, Page 94

8a Ref ; Malankara Nazranikel,. Vol I, Page 478

9. Ibid 411-413

www.malankaralibrary.com

10. Ibid

11. 'In 1485 Duarte Barbosa, a Portugese explorar says of Barem (Bahaain) 'Around it grows much seed pearl. also large pearls of good quality' It is probable that the subsequent seizure of Bahrain by the Portugese in 1522 was due to the wealth of pearl traders, for the Portugese were firm believers in monopolies and wanted to ensure their complete control over the pearl industry.'
Ref : Welcome to Bahraĩn, by James Belgrave page 43,

12. Ref : മാർത്തോമ്മായുടെ കബറിടം by A. Mundadan'
page 69-70

13. Ibid 72

14. Ibid-82

15. Ref : Mani sent his desciples to certain countries with the explicit instruction to act like a merchant, who opens a treasure,'

Ref : Mani by Ort page 112

16. Ref ; Studies in Kerala History, by Elamkulam page 106

17. Ref : ദക്ഷിണേന്ത്യാ ചരിത്രം, byDr. K. K. Pillai page 204

18. Ref : മാർത്തോമ്മായുടെ കബറിടം by Mundadan page 93

19. Ibid 22

20. Ibid 34

www.malankaralibrary.com

# അദ്ധ്യായം 6

# മണിഗ്രാമം

മണി തന്റെ പ്രധാന ശിഷ്യനായിരുന്ന മാർ ആമോനേയും, അർദ്ധബാൻ എന്ന രാജകുമാരനെയും, ചേരനാട്ടിലേക്കു അയച്ചിരുന്ന വിവരം മുൻ അദ്ധ്യായത്തിൽകൊടുത്തിട്ടുണ്ടല്ലോ. ഒരു മണിക്കയൻ (മണി അല്ല) തെക്കേ ഇൻഡ്യയിൽവന്ന്, കേരളത്തിന്റെ തെക്കേ അററത്ത് കൊല്ലം മുതൽ കോട്ടാർവരെയുള്ള സ്ഥലങ്ങളിൽ മണിക്കയിസ്സം പ്രചരിപ്പിച്ച് അവിടെ സഭ സ്ഥാപിച്ചു എന്ന്[1] വൈററ് ഹൌസ് എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ 96 കുടുംബക്കാർ ഉണ്ടായിരുന്നു എന്നും രേഖയുണ്ട്.

മണിക്കയമതത്തെപ്പററി 'കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ എന്ന പേരിൽ ഒരു ഗ്രന്ഥം താളിയോലയിൽ എഴുതിയിട്ടുണ്ടായിരുന്നു. ഈ രേഖയുടെ കാലഗണനം എങ്ങനെയായാലും ചോളനാട്ടിൽനിന്നും ചേരനാട്ടിൽ കുടിയേറിയ 72 പുരോഹിതന്മാരേയും കുടുംബങ്ങളെപ്പററിയും അവരിൽനിന്നുതന്നെ തരിസായികളും മണിഗ്രാമക്കാരും, എന്ന് രണ്ടു കൂട്ടർ ഉണ്ടാകുവാനുള്ള കാരണങ്ങളും അതിൽ കൊടുത്തിട്ടുണ്ട് ഈ രേഖ പൂർണ്ണമായി 'മലങ്കരനസ്രാണികൾ, (by Z. M. Paret) വാല്യം ഒന്നിൽ കൊടുത്തിട്ടുണ്ട്. അതു ചുരുക്കമായി താഴെ കൊടുക്കുന്നു.

“[2]കാവേരി പൂപട്ടണത്തിൽ വസിച്ചിരുന്ന വെള്ളാള ചെട്ടികളുടെ നേരെ രാജദ്രോഹം ഉണ്ടായതിനാൽ അവർ എ. ഡി. 293ൽ കപ്പലിൽ കയറി കൊരക്കേണിയിൽ വരികയുണ്ടായി. ഇവർ എഴുപത്തിരണ്ടു കുടുംബക്കാർ ഉണ്ടായിരുന്നു. കൊരക്കേണിയിൽ ഉണ്ടായിരുന്ന മണിക്കയരുമായി ബന്ധുക്കളായും നിരണത്തുള്ള (നസ്രാണികളുമായി) വിശ്വാസകരുമായി ഇടപഴകുകയും ചെയ്തു. ഇങ്ങനെ നടന്നു വരുമ്പോൾ എ. ഡി. 315ൽ മണിക്കവാചകരെന്ന ക്ഷുദ്രക്കാരൻ വന്ന് പല അത്ഭുതങ്ങളും മന്ത്രതന്ത്രങ്ങളും നടത്തി. കാവിവസ്ത്രധാരി

www.malankaralibrary.com

പുരോഹിതന്റെ ശവസംസ്കാരത്തെപ്പറ്റി തർക്കമുണ്ടായി 72 കളായ ചിലർ (ബുദ്ധമതക്കാർ) രഹസ്യത്തിൽ സ്നേഹിതരായി പല തന്ത്രമന്ത്രങ്ങൾ പഠിക്കുകയും രഹസ്യത്തിൽ നേർച്ചകാഴ്ച്ചകൾ മണിക്കയെൻ ക്ഷേത്രത്തിൽ കൊടുക്കുകയും ചെയ്തിരുന്നു. ഇങ്ങനെ കഴിഞ്ഞുവരവെ, 72 കുടുംബക്കാരിൽ തിരഞ്ഞെടുത്ത മൂപ്പൻ മരണമടഞ്ഞു. എന്നാൽ ഈ എഴുപത്തിരണ്ടു കുടുംബക്കാരിൽ എട്ടുകുടുംബവും ഇവിടെയുള്ളവരിൽ 20 കുടുംബവും പെരുകി 32ൽ നിന്ന് 116 പേർ ഈ മരിച്ച ആളിനെ കോടിത്തുണിയിൽ പൊതിഞ്ഞ് ദഹിപ്പിക്കണമെന്ന് ശഠിച്ചു, എന്നാൽ ബാക്കിയുള്ള 64 പുരോഹിതന്മാരും മലയാളദേശത്തുള്ള 356 കുടുംബക്കാരും മരിച്ച ആളിനെ മണിക്കയ ആചാരപ്രകാരം വെള്ളശീലയിൽ പൊതിഞ്ഞ് മരിച്ച ആളിന്റെ വീട്ടിൽതന്നെ അടക്കണമെന്നും പറഞ്ഞ്, അങ്ങനെ രണ്ടുചേരിയായി ഇവർ വിവാദപ്പെട്ടു. ആദ്യത്തെ എട്ടു കുടുംബത്തോടുചേർന്ന 116 പേർ ഞങ്ങൾ ഗുരുമന്ത്രപഞ്ചാക്ഷരവും കേട്ട് പശുവിന്റെ ചാണകവും മൂത്രവും, പാലും, മോരും, നെയ്യും കൂടിപഞ്ചകാവ്യമാക്കി സേവിച്ച് സാക്ഷിയായ ഞങ്ങളുടെ വാക്കുകൾ നിങ്ങൾ കേൾക്കുന്നില്ലെങ്കിൽ ഞങ്ങൾ മണിക്കയ മതത്തിൽനിന്നും വിട്ടുപോകും എന്നു പറഞ്ഞ് മണിക്കവാചകരുടെ സേവാമൂർത്തിയെ അവർ പനയന്നാറ് കാവിൽ കുടിയിരുത്തിയ ശേഷം ഭസ്മം ധരിച്ച് ഇതരമതത്തിൽ ചേരുകയുണ്ടായി. ആ കുടുംബക്കാർക്ക് മണിക്കു വാചകരുടെ നാമം ചൊല്ലി മണിഗ്രാമക്കാരെന്നും വിളിച്ചു വരുന്നു. ഭൂരിപക്ഷക്കാരായ 64 പുരോഹിതന്മാരോട് ചേർന്ന 336 പേർ മരിച്ചുപോയ മൂപ്പന്റെ ശവം വെള്ളത്തുണിയിൽ പൊതിഞ്ഞ് മരിച്ചയാളിന്റെ ഭവനത്തിൽ തന്നെ അടക്കി.'

ചോളദേശത്ത് 293ൽ ഉണ്ടായ മതപീഡനാൽ ആണ് വെള്ളാളചെട്ടികൾ എന്ന മണിക്കയമതക്കാർ കേരളത്തിൽ കുടിയേറിയത്. അവർ 72 കുടുംബക്കാർ ഉണ്ടായിരുന്നു എന്നാണ് താളിയോലയിൽ പറയുന്നത്. ഈ എഴുപത്തിരണ്ട് പേർ, മണിക്കയ മതത്തിലെപുരോഹിതന്മാരും അവരുടെ കുടുംബങ്ങളും ആയിരുന്നു. ഇവർ കൊരക്കേണിയിൽ വന്ന് അവിടെയുള്ള മണിക്കയമതക്കാരുടേയും, നിരണത്തുള്ള നസ്രാണികളുമായും സ്നേഹബന്ധത്തിൽ കഴിയുകയും ചെയ്തിരുന്നു. ഇങ്ങനെ കഴിഞ്ഞുവരവെ ഈ 72 പുരോഹിതന്മാരിൽ പ്രധാനിയായ പുരോഹിതൻ (കത്തനാർ) മരണമടഞ്ഞു. ഈ മൂപ്പനായ

DR. JACOB KOLLAPARAMBIL ... KADUTHURUTHY ... TRUST LIBRARY

www.malankaralibrary.com

പുരോഹിതന്മാർ രണ്ടുചേരിയായി മാറി. എട്ടു പുരോഹിതന്മാരും അവരെ പിൻതാങ്ങുന്ന 20 കുടുംബക്കാരും ഈ മരിച്ച ആളിനെ ദ്രാവിഡരീതിയനുസരിച്ച് കോടിത്തുണിയിൽ പൊതിഞ്ഞ് ദഹിപ്പിക്കണമെന്ന് വാദിച്ചു. എന്നാൽ ഭൂരിപക്ഷക്കാരായ 64 പുരോഹിതന്മാരും അവരെ പിന്താങ്ങുന്നവരും, മണിക്കയെ മതാചാരപ്രകാരം വെള്ളശീലയിൽ പൊതിഞ്ഞ് മരിച്ച ആളിന്റെ വീട്ടിൽ തന്നെ അടക്കണമെന്നും വാദിച്ചു. പക്ഷെ ന്യൂനപക്ഷക്കാർ, തങ്ങളുടെ വാദം നടപ്പാക്കാതെ പോയതിനാൽ മണിക്യ വാചകരുടെ ദേവമൂർത്തിയെ പറയന്നാർ കാവിൽ കുടിയിരുത്തി ഭസ്മം ധരിച്ച് ബുദ്ധമതം സ്വീകരിച്ച് അവിടെ സ്ഥിരതാമസമാക്കി. ഇവരെ മണിഗ്രാമക്കാർ എന്ന് വിളിക്കുന്നു. ഭൂരിപക്ഷക്കാരായ 64 പുരോഹിതന്മാരുടെ തീരുമാനം അനുസരിച്ച് മരിച്ച ആളിനെ വെള്ളത്തുണിയിൽ പൊതിഞ്ഞ്, മരിച്ച ആളിന്റെ ഭവനത്തിൽ തന്നെ അടക്കി എന്നാണ് താളിയോലയിൽ പറയുന്നത്. ഈ 64 പുരോഹിതന്മാർക്കും അവരെ പിൻതാങ്ങിയവർക്കും തരിയാസ്ക്കൾ എന്ന പേരു കിട്ടുകയുണ്ടായി. ഈ തരിയാക്കന്മാരാണ്, പാണ്ഡിനാട്ടിലെ ഒരു തുറമുഖമായിരുന്ന കോട്ട കായലിൽ എ. ഡി. 345 ൽ വന്നിറങ്ങിയ ക്നായി തോമ്മായേയും കൂട്ടരെയും സ്വീകരിച്ചത്.

തരിയാസ്ക്കളെപ്പററി, തിരുവിതാംകോട്ട് സുറിയാനിപ്പള്ളി വികാരിയായിരുന്ന പരേതനായ ദിവ്യ ശ്രീ കെ. വി. ഗീവറുഗ്ഗീസ് റമ്പാൻ 1948-ൽ എഴുതിയ പുസ്തകത്തിൽ നിന്നും, ചില വിവരങ്ങൾ താഴെ കൊടുക്കുന്നു.

'തരിസാസ്ക്കൾ അറുപത്തിനാല് വീട്ടുകാരും വേണാട്ടുതിട്ടയുടെ വടക്കുവശം തിരുവിതാംകോട്ട് പള്ളിക്ക് തെക്ക് ചെന്ന് രണ്ട് തെരുവുകളായി താമസിച്ചിരുന്നു. ഈ സ്ഥലം ഇന്നും 'തരിയാത്തെരുവ്'' എന്ന് വിളിക്കപ്പെട്ടുവരുന്നു. അവർ അന്നത്തെ വണിക്‌ശ്രേഷ്ഠന്മാരും, പള്ളിക്ക് കിഴക്കുവശമുള്ള പുരാതനറോഡിന്റെ ഇരുപാർശ്വങ്ങളും ഇവരുടെ വാണിജ്യ വീഥികളുമായിരുന്നു. സ്വർണ്ണം, വെള്ളി, രത്നം, പട്ടുതരങ്ങൾ, സുഗന്ധദ്രവ്യങ്ങൾ ഇവയായിരുന്നു ഇവരുടെ പ്രധാന വ്യാപാര സാധനങ്ങൾ. പ്രസ്തുത സാധനങ്ങൾ വേണാട്ട് കോവിലകത്തേക്ക് നൽകേണ്ട ചുമതലയും ഇവർക്കു തന്നെ. ധനസമ്പാദനത്തിൽ ഇവർ തൃഷ്ണാലുക്കളായിരുന്നു. തരിസാസ്ക്കൾ പ്രകൃത്യാ ദീർഘായുഷ്മാ

www.malankaralibrary.com
www.knanayology.org

ന്മാരായിരുന്നു. ഇവർ കാതിൽ രത്നഖചിതമായ കടുക്കനും മുൻ കുടുമയും ധരിച്ചിരുന്നു. അവരുടെ സ്ത്രീകൾ ഭൗതികമായ ആർഭാടങ്ങളിൽ വിമുഖതരായിരുന്നില്ല. മേൽകാതിൽ അനർഘരത്നങ്ങൾ പതിച്ച കമ്പ്, അടിക്കാതിൽ പാമ്പട, മേലെട്ട്, അരിതഴമ്പൻ, മുടിച്ചി, തങ്ങോട്ടി ഇവയും കഴുത്തിൽ കുടുമണി, വിവാഹിതർക്ക് ധരിയാതാലി (കമ്പളത്താലി), കൈകളിൽ പട്ടണകാപ്പ്, കോലിസകാപ്പ്, കാലിൽ മുത്തുക്കൊലിസ്, പാദസരം, തണ്ട് ഇവയുമായിരുന്നു അവരുടെ ആഭരണങ്ങൾ. അവർ ദേവാലയത്തിൽ മൂടുപടം കൂടാതെ പോവുക പതിവില്ലായിരുന്നു ”

“ഒരു കാലത്ത് ദക്ഷിണ തിരുവിതാംകൂറിൽ വിഷൂചിക ബാധയുണ്ടായി. ഈ സാംക്രമികമാറിയിൽപ്പെട്ട് അനേകർ ചത്തൊടുങ്ങി. ആ കൂട്ടത്തിൽ തരിസാസ്സ് കുടുംബങ്ങളിലെ അംഗങ്ങളും ഉൾപ്പെട്ടിരുന്നു. എങ്കിലും അക്കാലത്ത് കച്ചവടം പ്രമാണിച്ച് പാണ്ടിയിൽ കഴിഞ്ഞിരുന്ന തരിസാസ്സുകളിൽ പലരും ഈ ബാധയിൽനിന്ന് രക്ഷപെടുന്നതിന് ഇടയായി. ഈ മഹാ മാരിയിൽ ഭയവിഹ്വലരായി അവരിൽ പലരും തിരുവിതാംകോട്ട് നിന്നും കുടിപുറപ്പെട്ട് കണ്ടറ മുതലായ സ്ഥലങ്ങളിൽ താമസമുറപ്പിച്ചു. തിരുവനന്തപുരം, കണ്ടറ, കററാനം, മാവേലിക്കര (തഴക്കര), കൊട്ടാരക്കര, കല്ലട, തേവലക്കര, കായംകുളം, കാർത്തികപ്പള്ളി, പിറവം ഈ സ്ഥലങ്ങളിൽ താരസാസ്സുകളുടെ അനന്തരഗാമികൾ ഇപ്പോഴും ഉണ്ട്.

“തരിസാസ്സുചെട്ടികളെ അവരുടെ പേരിനോടുകൂടി ‘പിള്ള’ എന്നു ചേർത്ത് വിളിച്ചു വരുന്നു. അത് ഒരു കാലത്ത് നാഞ്ചനാട്ട് പിള്ളമാരിൽ ചിലർ ഇവരോട് ചേർന്നതിനാലാണെന്നു ഒരു വാദഗതിയും ഒരു വേണാട്ടു രാജാവ് അമൂല്യ നിധിയായി സൂക്ഷിച്ചിരുന്ന ഒരു രത്നക്കല്ലിന്റെ രഹസ്യം രാസ പ്രയോഗംകൊണ്ട് വ്യക്തമാക്കിയതിനാൽ വിസ്മയ ഭരിതനും സന്തുഷ്ടനുമായ രാജാവ് പിള്ള സ്ഥാനം കല്പിച്ച് കൊടുത്തതിനാലാണെന്ന് വേറൊരു വാദഗതിയുണ്ട്. ഇവർക്ക് തരിയാക്കൾ, ചേരിയാക്കൾ, തരിദാസ്സുകൾ, തരിസാസ്സുമാർ എന്നെല്ലാം പേരുകളുണ്ട്. ക്നായി തോമ്മായേയും അദ്ദേഹം കൊണ്ടുവന്ന ഏഴില്ലം എഴുപത്തിരണ്ട് കുടിക്കാരായ ഏകദേശം 400 പരദേശികളെയും പററി തരിതായക്കൾ എന്ന പദം പ്രയോഗിച്ചിട്ടുണ്ട്. മൈലാപ്പൂരിൽനിന്നും കുറെപേർ കടൽമാർഗ്ഗം കൊല്ലത്തിറങ്ങി വാസം

www.malankaralibrary.com

മറപ്പിച്ചു. അവരെയും തരുദായ്ക്കൾ എന്നു് സംബോധന ചെയ്തിരുന്നു അവരിൽ പലരും മണിക്കവാചകരുടെ ഉപദേശം സ്വീകരിച്ചു ഹിന്ദുക്കളും, മണിഗ്രാമക്കാരുമായി തീർന്നെന്നും അവരിൽ അനേകരും ക്രിസ്ത്യൻ-ഹിന്ദു ആചാരങ്ങൾ സ്വീകരിച്ചിരുന്നു എന്നും ഐതിഹ്യമുണ്ടു്. പ്രാബല്യത്തിലിരുന്ന തിരുവിതാംകോട്ടു് തരിസായ്ക്കൾ നാനാസ്ഥലങ്ങളിലേക്കു് ചിതറപ്പെട്ടു് പോയി. എങ്കിലും ഈ പള്ളിയുടെ മൂലത്തെ പ്രസ്പഷ്ടമാക്കുന്നതിനായിട്ടെന്നവണ്ണം അവരിൽ ഒരു കുടുംബം ഇവിടെ അവശേഷിച്ചിരിക്കുന്നതു് മനുഷ്യ ബുദ്ധിക്കു് അപ്രമേയമായ ദൈവനടത്തിപ്പിന്റെ രഹസ്യങ്ങളെ വെളിവാക്കുന്നു."

ദിവ്യശ്രീ കെ വി. ഗീവറുഗീസ്സ് റമ്പാൻ തന്റെ പുസ്തകത്തിൽ, തരിയാസ്സുകളെപ്പററി മററു് ചരിത്രകാരന്മാർ പറഞ്ഞിട്ടുള്ള വിവരങ്ങൾ കൊടുത്തിട്ടുണ്ടു്. അവയിൽ ചിലതു് താഴെ കൊടുക്കുന്നു.

'ബർബോസായുടെ (എ. ഡി 1516) പുസ്തകത്തിൽ തരിസാസ്സുകളെ കുറിച്ചു് പറഞ്ഞു കാണുന്നു '

'1599-ലെ ഉദയംപേരൂർ സുന്നഹദോസ്സിന്റെ ഏഴാം മൗതാ അഞ്ചാം കാനോനായിൽ ഇങ്ങനെ കാണുന്നു: തിരുവാങ്കോടു് എന്ന ദേശത്തു് മാമോദീസ്സായും ശേഷം മാർഗ്ഗത്തിനുവേണ്ടുന്ന ഏതും കൂടാതെ ചില നസ്രാണികൾ ഉണ്ടെന്നു് ശുദ്ധമാന സുന്നഹദോസ്സ് അറിഞ്ഞതാറെ ആ ആത്മാവുകൾക്കുവേണ്ടി മാർഗ്ഗത്തിനടുത്തതെല്ലാം പ്രവർത്തിപ്പാൻ അവിടെയും ഇടയനായി ഒരു പട്ടക്കാരൻ നിൽക്കണമെന്നും സുന്നഹദോസു് തീരുമാനിച്ചു.'

'ഉദയംപേരൂർ സുന്നഹദോസ് കാലത്തു് തിരുവാങ്കോട്ടു് പള്ളി ഇടിഞ്ഞു് പൊളിഞ്ഞു് കിടന്നിരുന്നുവെന്നും, അതിനു് 40-ൽ ചില്ലാനം സംവത്സരങ്ങൾക്കു് മുമ്പു് ആ പള്ളി ഇടവകക്കാരിൽ ഏറിയ കൂറും ഹിന്ദുക്കളായിപ്പോയി എന്നും, എങ്കിലും അവിടെ പല നല്ല ക്രിസ്ത്യാനികൾ (തരസാസ്സുമാർ) ഉണ്ടായിരുന്നുവെന്നും സുന്നഹദോസു് പുസ്തകം എട്ടാം മൗതാ ആറാം കാനോനായിൽ കാണുന്നു.'

'തിരുവിതാംകോട്ടെ തരിദാസ്സുമാർ അന്നു് (ഉദയംപേരൂർ സുന്നഹദോസ്സ് കാലത്തു്) റോമൻ കത്തോലിക്കരാകാതെ നിന്നു എന്നു് മോൺസ് എന്ന ലന്തഗവർണ്ണർ 1781-ൽ എഴുതിയിരിക്കുന്നു.'

'മാണിക്കവാചകരുടെ ക്ഷുദ്രപ്രവൃത്തികളിലും മററും വെറുപ്പു്

www.malankaralibrary.com

കാണിച്ച് മറഞ്ഞു നിന്ന തരീസാക്കളുടെ (ചൊവ്വുള്ളവരുടെ) സന്തതികൾ ഇപ്പോൾ തിരുവാങ്കോട്ട് വാസം ചെയ്തു വരുന്നു. ഇവരിൽ ചിലർക്ക് പൂർവ്വശിഖയും (മുൻകുടുമ) കാതിൽ കടുക്കനും ഉണ്ട്. ചുരുക്കം ചില ആളുകൾ മാത്രമേ ഉള്ളുവെങ്കിലും അവർക്ക് ഒരു പള്ളിയുണ്ട്. റവ. കുരുവിള പാദ്രിയുടെ ചരിത്രം. പേജ് 18.'

പക്ഷേ വിട്ടുപിരിഞ്ഞുപോയ എട്ടു കുടുംബക്കാരെ തിരികെ മണിക്കയമതത്തിലേക്കു ചേർത്തതായി രേഖയുണ്ട്. ചോളദേശത്തു നിന്നും വന്ന 72 കുടുംബക്കാർ നസ്രാണികൾ ആയിരുന്നു എന്നുള്ള സങ്കല്പത്തിൽ മാർത്തോമ്മായെ ചുററിപ്പററി ഒരു കഥ പറയുന്നുണ്ട്. അതായത് 'മാർത്തോമ്മാ[3] കേരളത്തിൽനിന്നും മൈലാപ്പൂരിലേക്കു പോയി സുവിശേഷം പ്രസംഗിച്ച് തന്റെ വേലയിൽ വ്യാപൃതനായിരിക്കുമ്പോൾ, ഈ 72 കുടുംബക്കാരെ അവിടത്തെ രാജാവിന്റെ മതപീഡനം മൂലം അദ്ദേഹം കരവഴിയായി കേരളത്തിൽ (ആരുവാമൊഴിപാതവഴി) കൊണ്ടുവന്നു എന്നാണ്. ഏതായാലും മാർത്തോമ്മാ എ. ഡി. 293 ൽ കേരളത്തിൽ വരാൻ സാദ്ധ്യതയില്ല. അതിനാൽ ആ ചരിത്രശകലത്തിൽ മാർത്തോമ്മാ എന്ന പേരിനു പകരം മാർ ആമ്മോന്റെ പേരു ചേർത്താൽ ചരിത്രം ശരിയാകും. മാർ ആമ്മോൻ എ ഡി. 275-നോട് അടുത്താണ് തെക്കേ ഇന്ത്യയിൽ വന്നത്. എങ്ങനെയായാലും[4] ക്രൈസ്തവമായിരുന്ന ചില ആചാരങ്ങൾ മണിക്കയമതക്കാർ കാത്തുപോന്നിരുന്നു. അതുമൂലം അവരുടെ തിരാരാധനത്തോടുകൂടി, ചരിത്രകാരന്മാർ മണിക്കയമതക്കാർ മലങ്കര നസ്രാണികളായിരുന്നുവെന്ന് സങ്കല്പിച്ച് അവരുടെ കഥകൾ എല്ലാം തന്നെ നസ്റാണിമയം ആക്കിത്തീർത്തു.

കേരളത്തിൽ പത്താം നൂററാണ്ടുവരെയെങ്കിലും ബുദ്ധമതവും ജൈനമതവും[5] ആയിരുന്നു പ്രബലമതങ്ങൾ. ഇവ തമ്മിൽ നോക്കിയാൽ ബുദ്ധമതമായിരുന്നു കുറെക്കൂടി പ്രബലമായിരുന്നത്. മദ്ധ്യതിരുവിതാംകൂറിൽ ഓടനാട്ട് (ഓണാട്ടുകര) തമ്പുരാക്കന്മാർ ഹിന്ദുമതം സ്വീകരിച്ച് പണിത ആദ്യത്തെ ക്ഷേത്രം 'കണ്ടിയൂർ ശിവക്ഷേത്രം[5] ആണ്. ഇതു കൊല്ലവർഷ ഗണനം ആരംഭിക്കുന്നതിന് (എ. ഡി. 825) രണ്ടരവർഷം മുൻപു മാത്രമാണ് പണിതതെന്ന് രേഖയുണ്ട്. പത്താം നൂററാണ്ടിനുശേഷം മാത്രമാണ് 'ചാതുർവർണ്ണ്യം' കേരളത്തിൽ ശക്തിപ്രാപിച്ചു തുടങ്ങിയത്, മണിഗ്രാമക്കാർ ബുദ്ധമതാനുയായികൾ ആയി എന്നുള്ള

www.malankaralibrary.com

തിനു തെളിവ്, ഇവർ സേവാമൂർത്തിയെ (മണിയുടെ പ്രതിമ) പനയന്നാർ കാവിൽ കുടിയിരുത്തി എന്നു് താളിയോലയിൽ പറയുന്നതു കൊണ്ടാണ്. ഈ പനയന്നാർ കാവ്, മദ്ധ്യതിരുവിതാംകൂറിൽ ബുദ്ധമതകേന്ദ്രമായ രുന്ന കരുനാഗപ്പള്ളിക്ക് സമീപം ഉള്ളതും ഭൂതപ്രേതാദികൾക്ക് പ്രശസ്തിയാർജ്ജിച്ചതും, മഹാമാന്ത്രികനായ കടമററത്തു് കത്തനാരും ആയി ബന്ധപ്പെട്ടതുമായ കാവാണ്. ഈ കാവ് 7 കാർത്തികപ്പിള്ളി, പള്ളിക്കൽ, മാവേലിക്കര, ഭരണിക്കാവ് തുടങ്ങിയ ബുദ്ധമതകേന്ദ്രങ്ങൾക്ക് മദ്ധ്യയാണ് സ്ഥിതിചെയ്തിരുന്നതു്. ഈ മണിഗ്രാമക്കാർ മൂർത്തിയെ കാവിൽ കുടിയിരുത്തിയിട്ട് ഭസ്മം ധരിച്ച് ബുദ്ധമതാനുയായികൾ ആയി എന്നുള്ളതാണ് വാസ്തവം എന്നു തോന്നുന്നു. ഇപ്രകാരം ഭസ്മം ധരിച്ച് ഇതര മതത്തിൽ ചേന്ന എട്ടു കുടുംബക്കാർ മണിഗ്രാമക്കാർ എന്നാണ് അറിയപ്പെട്ടിരുന്നതു്. എന്നാൽ ബാക്കിയുണ്ടായിരുന്ന 64 കുടുംബക്കാർ, ഭസ്മം ധരിക്കാത്തവർ ആയതുകൊണ്ട് 'തരിയാസ്സുറം' എന്നറിയപ്പെട്ടിരുന്നു. കാലാന്തരത്തിൽ ധരിയാസ്സുറം, തരിസാസ്സുറം എന്ന പേരുകളിലും അവർ വിളിക്കപ്പെട്ടിരുന്നു.

ജൈനർ, ചിറയിൻകീഴ് തുടങ്ങിയ അമ്പലപ്പുഴവരെയുള്ള പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരുന്നതു്. ജൈനരുടെ 8 പാനി (പത്മാവതി) ദേവീക്ഷേത്രങ്ങൾ കാലക്രമേണ ഹിന്ദുക്കളുടെ ഭഗവതി ക്ഷേത്രങ്ങൾ ആയി എന്നാണ് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ചെട്ടിക്കുളങ്ങര കുംഭഭരണി കെട്ടുകാഴ്ച, 9 ബുദ്ധ-ജൈനമതങ്ങളുടെ ഉത്സവ പ്രതീതിയാണ് ഉളവാക്കുന്നതു് എന്നും അഭിപ്രായമുണ്ട്.

മാർത്തോമ്മായാണ് മൈലാപ്പൂരിൽ കബറടങ്ങിയതു് എന്നുള്ള നിഗമനത്തിൽ, ചോളദേശത്തുനിന്നും കുടിയേറിയ 72 പുരോഹിതന്മാരും, കുടുംബങ്ങളും നസ്രാണികൾ ആയിരുന്നു എന്നു് മാർത്തോമ്മായുടെ ചരിത്രം ഇതേവരെ എഴുതിയിട്ടുള്ള ചരിത്രകാരന്മാരിൽ ബഹുഭൂരിപക്ഷവും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ 72 എന്ന സംഖ്യ നാണ് മൈലാപ്പൂരിൽ മണിക്കേയമതം ആയിരുന്നു പ്രാബല്യത്തിൽ ഇരുന്നതെന്ന് വ്യക്തമാകുന്നതു്. എവിടെല്ലാം രാജ്യത്തും എന്നെല്ലാംകാലത്തും മണിക്കേയമതം ആരെല്ലാം സ്ഥാപിച്ചാലും, അവിടെയെല്ലാം 72 പുരോഹിതന്മാരെയും 360 നിയമപാലകന്മാരെയും നിയമിക്കണമെന്ന് മണി നിഷ്ക്കർഷിച്ചിരുന്നു നാലാം നൂററാണ്ടിൽ സ്ഥാപിതമായ ചൈനയിലെ മണിക്കേയ മതവും ഒൻപതാം നൂററാണ്ടിൽ

www.malankaralibrary.com
www.knanayology.org

സ്ഥാപിതമായ തുർക്കിസ്ഥാനിലെ മണിക്കേയ സഭയുമായി യാതൊരു വ്യത്യാസവും വിശ്വാസത്തിലും, ചട്ടക്കൂട്ടിലും ഇല്ലായിരുന്നു. മണി പട്ടം കൊടുത്ത് നിയമിച്ച പന്ത്രണ്ട് അപ്പോസ്തോലന്മാർ ഒഴികെ ബാക്കി 72 പുരോഹിതന്മാരും, 360 നിയമപാലകന്മാരും മണി എഴുതിയ അഞ്ച് ഗ്രന്ഥങ്ങളുടെ പകർപ്പുകളും എല്ലാ സഭകളിലും ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ 72 പുരോഹിതന്മാരെപ്പററിയുള്ള തെളിവുകൾ 'മണി' എന്ന ഗ്രന്ഥത്തിൽനിന്നും താഴെ ഉദ്ധരിക്കുന്നു.

1. BEMA-Psalm CCXXII (Ref: MANI' page 233)
Glory and Vietory to the Paraclete-spirit the fruitful tree of life. Victory to our Apostle, our Lord Mani and the twelve, the 72 envoys

2. The fourth article of the chinese text contains very interesting survey of the five grades (of Manichaean believers)

1. The twelve great teachers (Apostles)
2. 72 Bishops or attendants of the Law
3. 360 Priests or Principals of the hall of Law
4. Elects All immaculately, (good men)
5. Hearers (All purely faithful listerners).

ഒൻപതുവർഷം ഒരു മണിക്കേയൻ ആയിരുന്ന 10വി. അഗസ്റ്റീൻ മാനസാന്തരപ്പെട്ട് ക്രിസ്ത്യാനികളുടെ ഒരു പരിശുദ്ധനായി മരണമടഞ്ഞു. ഇദ്ദേഹത്തിന് മണിക്കേയമതത്തിലെ ചിട്ടകൾ അറിയാമായിരുന്നു. അദ്ദേഹം പറയുന്നത് മണിക്കേയമതത്തിന്റെ മുൻപന്തിയിൽ 12 പ്രധാനികളും (Teachers) 72 ബിഷപ്പന്മാരും ആണ് ഉള്ളത് എന്നാണ്. ഏതു രാജ്യത്തെ മണിക്കേയമതം എടുത്താലും 72 പുരോഹിതന്മാരെ നിയമിച്ചിട്ടുള്ളതായി കാണാം. ഈ ചിട്ടതന്നെയാണ് മൈലാപ്പൂരിലും പാലിച്ചിരുന്നത്.

ക്രിസ്തുമതത്തിൽ 72 പുരോഹിതന്മാരെ ഓരോ രാജ്യത്തെ സഭയിലും നിയമിക്കണമെന്ന് കർശനമായ നിയമം ഇല്ലായിരുന്നു. ക്രിസ്തു 12 അപ്പോസ്തോലന്മാർക്കു പുറമെ 70 അറിയിപ്പുകാരെ വാഴിച്ച്, അപ്പോസ്തോലന്മാരെ അയച്ചതുപോലെ സുവിശേഷപ്രചാരണത്തിനായി അയക്കുക മാത്രമേ ചെയ്തിട്ടുള്ളു. സുവിശേഷ കർത്താ

www.malankaralibrary.com

ക്കളായ വി. മർക്കോസും, ലൂക്കോസും ഉൾപ്പെടെ 72 ആയി തീ ൎന്നു. മർത്തോമ്മായെ അനുഗമിച്ച ആദായി, ആഗ്ഗായി, സാന്തിപ്പാസ്സ് എന്നിവരും അറിയിപ്പുകാരിൽ പെട്ടവരാണ്.

ചോളനാട്ടിൽനിന്നും കുടിയേറിയ വെള്ളാളച്ചെട്ടികളായ 72 പുരോഹിതന്മാരും അനുയായികളും കൊല്ലം തുടങ്ങി തെക്കോട്ട് അവരുടേതായ വാസസ്ഥലങ്ങൾ സ്ഥാപിച്ച് 'മണിഗ്രാമക്കാർ' എന്ന പേരിൽ അറിയപ്പെടുകയുണ്ടായി. ഈ മണിഗ്രാമക്കാർ കൊല്ലത്ത് കച്ചവടസംബന്ധമായി സ്ഥാപിച്ച 'സംഘം' (Merchant guild) ആണ് മണിക്കയരുടെ 'മണിഗ്രാമസംഘം' ആയി പിൽക്കാലത്തു അറിയപ്പെടുന്നത്. കൊല്ലത്തു കച്ചവടസംബന്ധമായി പാൎത്തിരുന്ന ക്നാനായക്കാരുടെ സംഘം 'അഞ്ചുവണ്ണം എന്ന പേരിലാണ്' അറിയുന്നത്. നാനാദേശി, വളഞ്ചിയർ എന്നീ സംഘങ്ങളും നിലവിൽ ഉണ്ടായിരുന്നു. ഈ മണിഗ്രാമസംഘവും, അഞ്ചുവണ്ണസംഘവും ഒമ്പതാം നൂറ്റാണ്ടുവരെ പ്രാബല്യത്തിൽ ഉണ്ടായിരുന്നുവെന്നുള്ളതിനു തെളിവാണ് എ. ഡി. 849-ൽ ചേരനാട്ടിന്റെ ചക്രവൎത്തിയായ സ്ഥാണു രവിയുടെ കാലത്തു പേർഷ്യയിൽനിന്നും കൊല്ലത്തു കുടിയേറിയ മാർസാപ്പോറിനും, മാർ ആഫ്രോത്തിനും കൂടുക്കും കൊടുത്ത 'തരിസ്സാപള്ളി' ചെപ്പേട്. തരിസ്സാപള്ളിയും പള്ളിസ്വത്തുക്കളും മണിഗ്രാമക്കാരും അഞ്ചുവണ്ണക്കാരും സംരക്ഷിക്കേണ്ടതാണ് എന്നാണ് ചെപ്പേടിൽ രേഖപ്പെടുത്തിയിരിക്കുന്നതു" ഈ രണ്ടു സംഘങ്ങൾ ചെപ്പേടിലെ വ്യവസ്ഥകൾ പ്രകാരം തരിസ്സാപള്ളിയോട് പ്രവർത്തിക്കേണ്ടതാണെന്നു പ്രത്യേകം എടുത്തുപറയുകയും ചെയ്തിട്ടുണ്ട്. (കൂടുതൽ വിവരങ്ങൾ ഏഴാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.)

മണിക്കയെ സ്ഥാപകനായ മണിസ്സ് കേരളചക്രവൎത്തിയായിരുന്ന വീര രാഘവപെരുമാൾ കൊടുക്കുന്ന പട്ടയമാണ് ഇരവികോർത്തൻ ചെപ്പേട്. മണി സൂര്യനായും മറവുള്ളവർ കിരണങ്ങളായും അദ്ദേഹം സ്വയം സങ്കല്പിച്ചിരുന്നു അതുപോലെ പുരോഹിതന്മാരുടെ തലവനും മണിക്കയരുടെ നേതാവുമായ മാറാ പുരോഹിതൻ (കർത്തൻ) 'രവി' (സൂര്യൻ) എന്ന സാദൃശ്യപൂർവമായ പേരിൽ അറിയപ്പെട്ടിരിക്കും. അങ്ങനെ അദ്ദേഹത്തിനു കൊടുത്ത ചെപ്പേടിനു 'രവികോർത്തൻ' ചെപ്പേട് എന്ന പേരുണ്ടായി എന്നു അനുമാനിക്കുന്നതിൽ അപാകതയില്ല. ഈ ചെപ്പേടിൽ കൊടുത്തിരിക്കുന്ന തീയ

www.malankaralibrary.com

www.knanayology.org

തിപ്രകാരം,[11] എ.ഡി. 230, 680, 775, 1320 എന്നിങ്ങനെ നാലു ആണ്ടുകൾ വരുന്നുണ്ട്. ഏതു കാലത്ത് എന്നു ചരിത്ര പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുണ്ട് എങ്കിലും എ. ഡി. 230 എന്നതാണ് ഏകദേശം ശരിയായിട്ടുള്ളത്.

മണിഗ്രാമ അധിപനായി പട്ടം കൊടുക്കുന്നതോടുകൂടി സ്ഥാനമാനങ്ങളും പദവിയും രാജാവ് രവികോർത്തനു കൽപ്പിച്ചുകൊടുക്കുന്നുണ്ട്. ഇതുപോലെ സ്ഥാനങ്ങളും അവകാശങ്ങളും വേണാട് അധിപനായ അയ്യടികൾ തിരുവടികൾ തരിസ്സാപള്ളിക്കാർക്ക് കൊടുക്കുന്നതാണ് തരിസ്സാപള്ളി ചെപ്പേട്. മുൻകാലങ്ങളിൽ തിരുവിതാംകൂർ, കൊച്ചിരാജാക്കന്മാരുടെ അധികാരശാസനങ്ങൾ മലങ്കരനസ്രാണികളുടെ മഹാപുരോഹിതന്മാരായ മെത്രാപ്പോലീത്തന്മാർക്കും കിട്ടിയിട്ടുണ്ട്. പല്ലക്കിൽ കയറിപോകാനുള്ള അവകാശങ്ങളും 72 പദവികളും ഈ ശാസനങ്ങൾ മൂലം, അല്ലെങ്കിൽ വിളംബരം മൂലം ആണ് മെത്രാപ്പോലീത്താമാർക്ക് കിട്ടിയിരുന്നത് ഈ രാജകീയ ശാസനങ്ങൾ പിൻവലിച്ചാൽ മെത്രാപ്പോലീത്തന്മാരുടെ അവകാശങ്ങൾ നഷ്ടപ്പെടുകയും ചെയ്തിരുന്നതായി രേഖകൾ ഉണ്ട്.

മാർ പീലക്സീനോസ്സ് മലങ്കര മെത്രാപ്പോലീത്തായായി ഭരണം ഏറ്റപ്പോൾ കൊല്ലവർഷം 993, ധനു 26-ാം തീയതി തിരുവിതാംകൂർ ഗവർമെന്റിന്റെ രാജകീയ വിളംബരം ഉണ്ടായി അതുപോലെ പുന്നത്ര മാർ ദിവന്നാസ്സിയോസ് ഭരണം ഏറ്റപ്പോൾ കൊല്ലവർഷം 998 ധനു 18-ാം൹ മേൽപ്പറഞ്ഞതുപോലെ രാജകീയ വിളംബരമുണ്ടായി. ഇങ്ങനെ രാജകീയവിളംബരം മൂലം അധികാരം ലഭിച്ച മെത്രാന്റെ അധികാരത്തെ നിഷേധിച്ചതിന് തിരുവിതാംകൂർ ദിവാന്റെ ഉത്തരവു അനുസരിച്ച്,[12] നാലു പട്ടക്കാരെ അറസ്റ്റ് ചെയ്ത് തടവിലാക്കി ഭീമമായ സംഖ്യ പിഴയിടുകയും ചെയ്തതായി രേഖയുണ്ട്. കൊല്ലവർഷം 1027-മാണ്ട് കർക്കടകമാസം 15-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് പുറപ്പെടുവിച്ച രാജകീയ വിളംബരംമൂലം ചേപ്പാട്ട് മാർ ദീവന്നാസോസ്സിനു പകരം പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്സ്യോസ്സിനു മലങ്കര മെത്രാപ്പോലീത്തായ്ക്ക് ചേർന്ന അധികാരം കൊടുക്കുന്നുണ്ട്. പുരാണകാലങ്ങളിൽ ചെമ്പുതകിടിൽ എഴുതിയ ശാസനകൾ മുഖാന്തിരം അധികാരം സമുദായനേതാക്കന്മാർക്ക് കിട്ടുന്നു എങ്കിൽ ഇടക്കാലത്ത് രാജകീയ വിളംബരംമൂലം അധികാരം കിട്ടുന്നു എന്നാൽ ഇന്നത്തെ ജ

www.malankaralibrary.com

നകീയ കാലത്തു് കോടതി വിധിമൂലം അവർ അധികാരം ഉറപ്പിക്കുന്നു. മേൽപ്പറഞ്ഞ അധികാരപത്രങ്ങൾ, ഏതു സമൂഹത്തിലെ പ്രധാനിയായാലും വിദേശകുടിയേറ്റക്കാരായാലും, ഭരണാധികാരികളിൽനിന്നും വാങ്ങണമെന്നുള്ളതു് വളരെ പുരാണകാലം മുതലേ കേരളത്തിൽ നടപ്പായിരുന്ന ഒരു നിയമമായിരുന്നു എന്നു് കേരള ചരിത്രത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കും.

മൈലാപ്പൂരിൽനിന്നും കുടിയേറിയ വെള്ളാളച്ചെട്ടികൾ, നസ്രാണികൾ ആണെന്നുള്ള സങ്കല്പത്തിൽ പല കഥകളും പല ചരിത്രകാരന്മാരും 'രവി കോർത്തൻ' ചെപ്പേടിനെ ആശ്രയിച്ചു് എഴുതിയിട്ടുണ്ടു്. പക്ഷേ മണിക്കയരാണു് ഇങ്ങനെ കുടിയേറിയതെന്നു് 'കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ' എന്ന പുരാണരേഖ വ്യക്തമായി പറയുന്നുണ്ടു്. ഇതു സ്വീകരിക്കാനുള്ള മനസ്ഥിതിമാത്രം പണ്ഡിതന്മാരായ ചരിത്രകാരന്മാർക്കു് ഉണ്ടായാൽ, എല്ലാം നേരെയാകാൻ ഉള്ളതേയുള്ളൂ.

കുരക്കേണിയിൽ താമസമാക്കിയ ഈ മണിക്കയമതക്കാർ, നിരണത്തു് നസ്രാണികളുമായി ബന്ധപ്പെടുകയുണ്ടായി എന്നു് രേഖയിൽ കൊടുത്തിട്ടുണ്ടു്. "നിരണത്തുള്ള വിശ്വാസകരാരും കൊരക്കേണിയിൽ ഉള്ള വിശ്വാസകരാരും കൂടെ ഈ വന്ന തമിഴരിലനുസരിച്ചു് തമിഴരുടെ മര്യാദയിൽ ചിലതും മലയാം മര്യാദയിൽ ചിലതും ചെയ്തു്, ഇങ്ങനെ നടന്നു വരുമ്പോൾ' എന്നാണു് എഴുതിയിരിക്കുന്നതു്. ഇതിൽ നിന്നും മനസ്സിലാക്കാവുന്നതു് നിരണം ആയിരുന്നു നസ്രാണികളുടെ കേരളത്തിലെ പ്രധാന കേന്ദ്രം അതുപോലെ കൊല്ലം മണിക്കയരുടേയും, ഇവർ തമ്മിൽ സ്നേഹബന്ധത്തിൽ കഴിഞ്ഞിരുന്നു എന്നല്ലാതെ, കൊല്ലത്തു് നസ്രാണികൾ ഉണ്ടായിരുന്നു എന്നും, മണിക്കയമതക്കാർ നസ്രാണികൾ ആയിരുന്നു എന്നും സങ്കല്പിക്കുന്നതു് ശരിയാണോ എന്നു തോന്നുന്നില്ല. എന്നാൽ മണിക്കയ മതക്കാർ ക്രൈസ്തവമായ രീതി ആണു് അവലംബിച്ചിരുന്നതു്. ക്രിസ്ത്യാനികളുടേയും, മണിക്കയരുടേയും ദേവാലയങ്ങൾക്കു് പള്ളികൾ എന്നാണു് പറഞ്ഞിരുന്നതു് മണിക്കയമതക്കാർ കുരിശും [13] വേദപുസ്തകവും ആരാധനയിൽ ഉപയോഗിച്ചിരുന്നു. 'തോമായുടെ നടപടി, [14] കളും അവർ ആരാധനയിൽ ഉപയോഗിച്ചിരുന്നു. അതിനാൽ നസ്രാണികളുമായി വളരെയധികം ഇടപഴകുന്നതിന്‌ മണിക്കയമത

www.malankaralibrary.com

www.knanayology.org

ക്കാക്ക് അവസരം കിട്ടി. മണി സ്ഥാപിച്ച 'മണിക്കേയമതം' റോമാ സാമ്രാജ്യത്തിൽപോലും പ്രബലമായിരുന്നു. പക്ഷെ സൗരാഷ്ട്രമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും പേർഷ്യസാമ്രാജ്യത്തിന്റെയും കിരാതമായ പീഡനംമൂലം ഒമ്പതാം നൂറ്റാണ്ടോടുകൂടെ മണിക്കേയമതം ലോകത്തിൽ ഇല്ലാതെയായി കേരളത്തിലും ഈ സ്ഥിതി തന്നെയാണ് ഉണ്ടായതു് മണിഗ്രാമക്കാർക്ക് ലഭിച്ച പദവികൾ ഇല്ലാതായപ്പോൾ അവരുടെപേര് വിസ്മരിക്കപ്പെട്ടു. പതിനൊന്നാം നൂറ്റാണ്ടിൽ ചോളരാജ്യവുമായുള്ള യുദ്ധത്തിൽ[15] ചേര രാജ്യം പാടെ തകർന്നു. കേരളത്തിന്റെ അടിസ്ഥാന സ്തംഭങ്ങളായിരുന്ന പലതും നശിച്ചു. ആ കൂട്ടത്തിൽ[16] മണിഗ്രാമക്കാരും മറ്റു സംഘങ്ങളും ഇല്ലാതെയായി. പേർഷ്യയിൽ നിന്നും പുരോഹിതന്മാർ വന്നു് നസ്രാണികൾക്ക് ആത്മബലം നൽകിയതുപോലെ, മണിക്കേയർക്ക നൽകാൻ പേർഷ്യയിൽ മണിക്കേയ സഭ ഇല്ലാതായി. ഇപ്രകാരം നാഥനില്ലാകളരിയായ മണിക്കേയ മതക്കാർ കാലാന്തരത്തിൽ ഹിന്ദുമതം സ്വീകരിക്കുകയും അവർ മണിഗ്രാമനായന്മാർ എന്ന പേരിൽ പിൽക്കാലത്തു് അറിയപ്പെടുകയും ചെയ്തിരുന്നു.

കേരളത്തിലെ മണിക്കേയരുടെ പുരോഹിതന്മാർ പാദം വരെയുള്ള വെള്ളക്കുപ്പായം ആണു് അണിഞ്ഞിരുന്നതു്. ഇതു് മണി നിശ്ചയിച്ചിരുന്ന വസ്ത്രരീതിതന്നെയാണു്.[17] ഈ പുരോഹിതന്മാർ മരിച്ചാൽ സുറിയാനി മെത്രാന്മാരുടെ മൃതശരീരം സംസ്കരിക്കുന്ന രീതിയിൽ ഇരുത്തിയാണ് അടക്കിയിരുന്നതു്. ഇവർക്ക് സിൽബന്ധികളായി 'വിരടിയാൻ' എന്നൊരാൾ എപ്പോഴും ഉണ്ടായിരിക്കും.

1504-ൽ പറങ്കി വൈസ്രോയി ആയിരുന്ന അൽബുക്കർക്ക് കൊല്ലം സന്ദർശിച്ചപ്പോൾ 'ഒരു വ്യക്തി എന്തോ തെറ്റു' ചെയ്തു എന്നുള്ള കാരണത്താൽ തങ്ങളിൽ നിന്നു് കൊല്ലം രാജാവു് വിടത്തിന തൂക്കത്തെ സംബന്ധിച്ചുള്ള അധികാരങ്ങൾ മടക്കികൊടുക്കണമെന്ന് നസ്രാണികൾ അദ്ദേഹത്തോടു പറഞ്ഞതായി രേഖയുണ്ട്.' മണിഗ്രാമക്കാരെയാണ് ചെപ്പടിൻപടി തൂക്കത്തിന്റെയും അളവിന്റെയും ചുമതല ഏല്പിച്ചതു്. ആ ചുമതല നസ്രാണികളെ ഏല്പിച്ചതായി രേഖ ഒന്നും ഇല്ല. അതു് മണിക്കേയരുടെയും അന്യവണിക്കാരുടെയും കൈവശത്തിലായിരുന്നു എന്നുള്ളതിനുള്ള രേഖകൾ ഉണ്ടുതാനും. ഇതിൽ നിന്നും വ്യക്തമാകുന്നതു്, പോർത്തുഗീസ്സ് ഗവർ

www.malankaralibrary.com

ണ്ണരോട് അഭ്യർത്ഥിക്കുന്നത്, മണിക്കയെ മതത്തിൽനിന്നും, ക്രിസ്തുമതം സ്വീകരിച്ചിരുന്നവരോ, ആ മതക്കാരിൽ, അവശേഷിച്ചവരിൽ ആരെങ്കിലുമോ ആയിരിക്കും. പക്ഷെ ഇതിനെ ആസ്പദമാക്കി മണിഗ്രാമക്കാർ[18] നസ്രാണികൾ ആയിരുന്നു എന്നു്. സഭാ ചരിത്രകാരന്മാർ പറയുന്നതു്, ശരിയാണോഎന്നു് സംശയിക്കുന്നു.

[19]കർണൽ മൺറോ (എ. ഡി. 1811-15) തിരുവിതാംകൂറിൽ റസിഡൻറായിരിക്കുമ്പോൾ, ഇവരെ സുറിയാനി സഭയിലേക്ക് കൊണ്ടുവരുന്നതിനായി ശ്രമം നടത്തുകയുണ്ടായി. പക്ഷേ ക്രിസ്ത്യാനികളുമായി എല്ലാ പ്രകാരത്തിലും സാമ്യമുണ്ടായിരുന്ന ഇവർ പോർത്തുഗീസുകാരോടുള്ള വെറുപ്പും വിദേശീയരോടുള്ള ഭയവും മൂലം മണിഗ്രാമക്കാർ എന്ന പേരുപോലും മാറി നായന്മാർ എന്ന പേരു് സ്വീകരിച്ചു്, ഹിന്ദുമതം സ്വീകരിക്കുകയാണ് ഉണ്ടായതു്. ജാതിയിൽ താണവരായിട്ടാണ് നായന്മാർ ഇവരെ ഗണിക്കുന്നതു്. എന്നാൽ 'രവി കോർത്തൻ ചെപ്പേട്', മുഖാന്തിരം കിട്ടിയ അവകാശങ്ങളിൽ (വിവാഹാവസരങ്ങളിൽവരനെ ആനപ്പുറത്തും, വധുവിനെ പല്ലക്കിലും കൊണ്ടുപോകുക), ചിലതു് പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനം വരെ അവർ ആചരിച്ചിരുന്നു. ഇവരുടെ വിവാഹകർമ്മത്തിനു്,'ധരിയാതാലി 'അഥവാ കമ്പളത്താലിയാണു് ഉപയോഗിച്ചിരുന്നതു്.

കൊല്ലം , മണിക്കയമതക്കാരുടെ ശിരാകേന്ദ്രമായിരുന്നെങ്കിൽ, നിരണം മലങ്കര നസ്രാണികളുടെ കേന്ദ്രമായിരുന്നു. ഇവിടെയുള്ള സുറിയാനിപള്ളി മാർത്തോമ്മാ തന്നെ സ്ഥാപിച്ചതാണു്. പേർഷ്യയിൽ തിഗ്രീസ്സിൽ മംഗോളിയരുടെ ആക്രമണംമൂലം അന്യംനിന്നുപോയ കാതോലിക്ക സിംഹാസനം എ. ഡി. 1912-ൽ മലങ്കരയിൽ പുനർസ്ഥാപിച്ചതു് ഈ പള്ളിയിൽ വെച്ചാണു്. എന്നാൽ തെക്കുള്ള കൊല്ലത്തേയും തിരുവാങ്കോട്ടെയും പള്ളികൾ മാർത്തോമ്മാ സ്ഥാപിച്ചതാണോ എന്നു് സംശയമുണ്ട്. ഈ പള്ളികൾ മണിക്കയ സഭയുടെ പള്ളികൾ ആയിരുന്നു. അവ മണിയുടെ ശിഷ്യനായ മാർ ആമ്മോൻ സ്ഥാപിച്ചതാകാനാണു് കൂടുതൽ സാധ്യത.

അവസാനമായി, മാർത്തോമ്മാ സ്ഥാപിച്ച പേർഷ്യയിലെ സഭയിൽനിന്നും കേരളത്തിലേക്ക് ഒമ്പതാം നൂററാണ്ടിൽ കുടിയേറിയ ഭിഷക്‌വംശജരെ പററിയുള്ള ചരിത്രം ചുരുക്കമായി താഴെ കൊടുക്കുന്നതു് അസ്ഥാനത്ത് ആകുകയില്ല എന്നു വിചാരിക്കുന്നു. മുസ്ലീം

www.malankaralibrary.com

മതപീഡനം മൂലം എ. ഡി. 825ൽ മോറാൻ സാപ്പോർ (താപ്പോർ) ഈശോയുടെ നേതൃത്വത്തിൽ കുടിയേറിയ 'ഭിഷക്'' അല്ലെങ്കിൽ വൈദ്യന്മാർ എന്ന വംശത്തിൽ പെട്ടവരാണ് ഇവർ. ഇവർ കൊല്ലത്തുനിന്നും തേവലക്കരവന്ന് സ്ഥിരതാമസമാക്കി എന്നുവേണം അനുമാനിക്കാൻ. 'തേവലക്കര' എന്നതു് ദേവാലയക്കര എന്നായിരുന്നു എന്ന് അനുമാനമുണ്ട്. ഈ അനുമാനം ശരിയാണെങ്കിൽ ആ ദേവാലയം തരിസ്സാപ്പള്ളിയായിരുന്നു. ഈ പള്ളിക്കു കൊടുത്ത ശാസനങ്ങൾ അടങ്ങിയ ചെപ്പേടുകൾ ആണ് 'തരിസ്സാപ്പള്ളി'[20] ചെപ്പേട് എന്നു പറയുന്നതു്. ഈ ചെപ്പേട് സബരിശോ പണിയിച്ച തരിസ്സാപ്പള്ളിക്കു കൊടുത്തതാണെന്ന് അതിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തരിസ്സാപ്പള്ളി എന്ന വാക്കുതന്നെ 'താപ്പോർ ഈശാപ്പള്ളി' എന്നതിന്റെ ചുരുങ്ങിയ രൂപം ആണ്. പുരാണതമിഴിൽ സാപ്പോർ എന്നല്ല, താപ്പോർ എന്നാണ് മെത്രാന്റെ പേർ ഉച്ചരിച്ചിരുന്നതു്[21] പേർഷ്യക്കാർ, സ്വരാക്ഷരങ്ങളും ഉച്ചരിക്കാൻ വിഷമമുള്ള വ്യഞ്ജനാക്ഷരങ്ങളും സംസാരഭാഷയിൽ നിന്നും വിട്ടുകളയുക സാധാരണയാണ്. ഉദാഹരണമായി അദ്ഷീറിന്റെ ഭവനം എന്നറിയപ്പെട്ടിരുന്ന നഗരത്തിന്[22] റീവു-അദ്ഷീർ എന്നാണ് പറഞ്ഞിരുന്നതു്. അതു് 'റിസ്ഷാർ,(Rishahr) എന്നും അറിയപ്പെട്ടിരുന്നു. അതുപോലെ മസദ്-ആദ്-മോയി എന്ന വാക്ക് 'മസ്ദായി, എന്നും പറഞ്ഞിരുന്നു ഇപ്രകാരം താപ്പോരിസ്സാപ്പള്ളി എന്നവാക്കിലെ 'പ്പോ, എന്ന അക്ഷരം വിട്ടുകളഞ്ഞു' 'തരിസ്സാപ്പള്ളി, എന്നു വിളിച്ചുവരുന്നതാണ്.

ചരിത്രം എന്തായാലും, സാപ്പോർ ഈശോ പണിത പള്ളിയാണ് ദേവാലയക്കര പള്ളി. അവിടെ ക്നാനായക്കാരെപ്പോലെ പേർഷ്യയിൽ നിന്നും കുടിയേറിയ 'ഭിഷക്' അഥവാ ഹക്കിം വംശജരാണ് ഇപ്പോൾ വൈദ്യന്മാർ എന്ന പേരിൽ അറിയപ്പെടുന്നവർ ഈ പള്ളിക്ക് മണിക്കേയമതവുമായി ബന്ധം ഉണ്ടായിരുന്നു എന്ന് ആ പള്ളിയുടെ ചരിത്രം തന്നെ തെളിയിക്കുന്നുണ്ട്. തേവലക്കര മാർത്തമറിയം പള്ളിയിൽ കബറടങ്ങിയിരിക്കുന്ന ഒരു മാറബോന്റെ കഥയുണ്ട്. ഈ മാറബോന്റെ ശിഷ്യനായിരുന്ന പ്രസിദ്ധ മാന്ത്രികനായ കടമറ്റത്തു കത്തനാർ പനയന്നാർ കാവിൽ ഭൂതപ്രേതാദികളെ കുടിയിരുത്തിയതായി അദ്ദേഹത്തിന്റെ ചരിത്രത്തിൽ പറയുന്നുണ്ട്. അതുപോലെ തെററിപ്പിരിഞ്ഞ മണിക്കേയ മതക്കാർ തങ്ങളുടെ മൂർത്തി

www.malankaralibrary.com

യെ ഈ കാവിൽ തന്നെയാണ് കുടിയിരുത്തിയത്. അപ്രകാരം അന്യോന്യം ബന്ധപ്പെട്ടു കിടക്കുന്നതിൽ നിന്നും അനുമാനിക്കാവുന്നത് ഈ മാറാമ്പോൻ അഥവാ മാറാച്ചൻ (മണിക്കയെൻ അച്ചൻ) മണിക്കയെ മതക്കാരുടെ പേർഷ്യക്കാരനായ ഒരു പുരോഹിതൻ ആയിരുന്നിരിക്കണം. മന്ത്രതന്ത്രാദികൾ മണിക്കയെരുടെ വേദമാണ്. ഇവരെ അഞ്ചാം വേദക്കാർ എന്നാണ് മുൻകാലങ്ങളിൽ വിളിച്ചിരുന്നത്.

ഈ മാറാച്ചന്റെ മരണശേഷം ദർശനത്തിൽ അരുളിയതനുസരിച്ച്, കടമറ്റത്തച്ചൻ കബറിലെത്തി, മാറാച്ചന്റെ ഉയർത്തിയ[23] കൈ മുറിച്ച് ഒരു പൂജാർഹം കൊണ്ടുപോയി എന്നൊരു കഥയുണ്ട്. ഇവിടെയും മണിക്കയെ ആചാരമാണ് നടക്കുന്നത് ആ കൈ ഭിത്തിയിൽ പ്രതിഷ്ഠിച്ച്, പണിതതാണത്രേ കടമറ്റത്തുപള്ളി. തേവലക്കരയിൽ നിന്നും കടമറ്റത്ത് കൊണ്ടുപോയ കരിശാണ് അവിടെയുള്ള നെസ്തോറിയൻ കുരിശ്. ആ കരിശിൽ ഉള്ള ലിഖിതം തന്നെ താപ്പോർ ഈശോയെ അനുസ്മരിപ്പിക്കുന്നുണ്ട്.

“[24]നിനവയിൽ നിന്നും വന്ന നാം, മാർ ശാബോർ,
നമ്മെ മുള്ളിൽനിന്നും മിശിഹാ രക്ഷപെടുത്തി’

കൊല്ലവർഷഗണനം (മലയാള കണക്ക്) വൈദ്യന്മാരുടെ കുടിയേറ്റകാലം മുതൽ കണക്കുകൂട്ടി അവർ തുടങ്ങിയതാണ്. ഈ സമ്പ്രദായം ഏഷ്യയുടെ പടിഞ്ഞാറൻ ദേശങ്ങളിൽ ഉണ്ടായിരുന്നു എന്നുള്ളതിന് തെളിവാണ് മുസ്ലീം സമുദായത്തിന്റെ ‘ഹിജറാ’ വർഷം[25] ഇത് നബി മെക്കയിൽ നിന്നും, മെദീനായിലേക്ക് കുടിയേറിയപ്പോൾ മുതൽ കണക്കുകൂട്ടി തുടങ്ങിയതാണ്.

മലങ്കരയിൽ കുടിയേറിയ ഗ്രീക്ക് വംശജരെപ്പോലെ, മുസ്ലീം പീഡനംമൂലം 9-ാം നൂറ്റാണ്ടിൽ ‘ഗുജറാത്തിൽ കുടിയേറിയ പാഴ്സികൾ മാർച്ച് 21 ാം- (Vernial Equinox) നവവത്സര ദിനമായി കണക്കാക്കുന്നു. എന്നാൽ കേരളത്തിൽ കുടിയേറിയവർ ഗ്രീക്ക് കലണ്ടർ അനുസരിച്ച പന്ത്രണ്ടുമാസം (Zodiac signs) ഒരു വർഷമായി എടുക്കുന്നു എങ്കിലും നവവത്സരം അവർ കുടിയേറിയ ചിങ്ങമാസത്തിലാണ് (Leo) തുടങ്ങുന്നത്. അങ്ങനെ കേരളത്തിൽ ‘കൊല്ലം തോന്റി’ ഗണനത്തിന് തുടക്കം കുറിച്ചു.

www.malankaralibrary.com
www.knanayology.org

മണിക്കേയ മതക്കാർ ആഘോഷിക്കുന്ന 'ബൈമ' പെരുനാളിന്റെ തുടർച്ചയാണോ കേരളത്തിൽ ആഘോഷിക്കുന്ന ചിങ്ങമാസത്തിലെ തിരുവോണം എന്നു് കരുതാൻ ന്യായമുണ്ടു്. പരിപ്പു്, പർപ്പടകം, നെയ്യു്, തൈരു്, മോരു് എന്നിവയ്ക്കു് പ്രാധാന്യമുള്ള ഓണസദ്യ മണിക്കേയസ്സദ്യയാണു് സൂചിപ്പിക്കുന്നതു്. കേരളത്തിൽ കുടിയേറിയ സവർണ്ണഹിന്ദുക്കൾ ആദ്യകാലങ്ങളിൽ അത്ര കർശനമായ സസ്യാഹാരനിഷ്ഠയുള്ളവർ അല്ലായിരുന്നു.

മണിക്കേയമതക്കാരുടെ ഈ ബൈമ പെരുന്നാൾ ഒരു ചാന്ദ്രമാസം നോയമ്പു് എടുത്തശേഷം അവസാന ദിവസം ആചരിക്കുന്ന പെരുനാൾ ആണു്. മുഹമ്മദീയർ ആചരിക്കുന്ന റംസാൻ പെരുനാളും ഒരു ചാന്ദ്രമാസം നോയമ്പു് എടുത്തശേഷം ആണു് ആഘോഷിക്കുന്നതു്. ഈ പെരുനാൾ ദിവസം മണിക്കേയമതക്കാർ എല്ലാവരും കൂടിയിരുന്നു സദ്യ നടത്തുമ്പോൾ നടുവിലായി ഒരു ഒഴിഞ്ഞ ഇരിപ്പിടം പ്രതിഷ്ഠിക്കുന്നുണ്ടു്. ഈ ഇരിപ്പിടത്തിലാണു് 'ബൈമ' (ie: a throne or Seat) എന്നു് പറയുന്നതു്. ബൈമ പെരുന്നാൾ ദിവസം (വർഷത്തിലൊരിക്കൽ) മണിയുടെ സാന്നിദ്ധ്യം ഈ ഇരിപ്പിടത്തിൽ ഉണ്ടു് എന്നു് അദ്ദേഹത്തിന്റെ അനുയായികൾ വിശ്വസിക്കുന്നു. ഹിന്ദു വേദങ്ങൾ പ്രകാരം മഹാബലി വർഷത്തിൽ ഒരിക്കൽ തന്റെ ജനങ്ങളെ കാണാൻ പാതാളത്തിൽ നിന്നും ചിങ്ങത്തിലെ ഓണം നാളിൽ വരുന്നു എന്നാണല്ലോ സങ്കല്പം. ഈ ഹിന്ദുസങ്കല്പവും, ബൈമസങ്കല്പവും ആയി വളരെ അധികം സാമ്യം ഉണ്ടു്. ഓണാഘോഷം, മണിക്കേയരുടെ ബൈമ പെരുനാളിന്റെ[26] പിൻതുടർച്ചയാണോ എന്നു് സംശയാതീതമായി തെളിയിക്കുവാൻ പ്രയാസമാണു്. പക്ഷേ ഒന്നു് വ്യക്തമാണു്, അതായതു്, മണിക്കേയമതക്കാർ തിങ്ങിപ്പാർത്തിരുന്ന വേണാട്ടിലും, ഓണാട്ടുകരയും (തെക്കൻ കേരളം) ജാതിമതഭേദമന്യേ കൊണ്ടാടുന്ന ഒരു ദേശീയോത്സവമാണു്, ഓണം. ഈ അടുത്ത കാലത്തു് മാത്രമാണു് കേരളത്തിന്റെ ദേശീയോത്സവമായി തിരുവോണം ആയിത്തീർന്നതു്. ചിങ്ങത്തിലെ ഓണം നാളിനു് മാത്രം ഈ പ്രാധാന്യം എങ്ങനെ വന്നു? മഹാബലി എന്നൊരു രാജാവു് കേരളം ഭരിച്ചിരുന്നോ? എന്നിങ്ങനെയുള്ള വിശ്വാസങ്ങൾ ഇനിയും തെളിയിക്കപ്പെടേണ്ടതായിട്ടാണു് ഇരിക്കുന്നതു്.

www.malankaralibrary.com

## ചേരരാജ്യവും വേണാടും

മകോതൈപുരം തലസ്ഥാനമാക്കി വാണിരുന്ന കുലശേഖര വർമ്മന്മാരുടെ കാലത്തു് (രണ്ടാം ചേര സാമ്രാജ്യം), പന്ത്രണ്ടു് നാടുകൾ ഉൾക്കൊണ്ടിരുന്ന രാജ്യം ആണു് 'ചേര' എന്നു് അറിയപ്പെട്ടിരുന്നതു് അവ തെൻപാണ്ഡി, ആയിനാടു്, കുട്ടനാടു്, കുടനാടു്, പുഴിനാടു്, കാർക്കനാടു്, വേണാടു്, ചീതമലനാടു്, പന്നിനാടു്, പുന്നാടു്, മലയാടു്, അരുവാനാടു് എന്നിവയായിരുന്നു മേൽ പറഞ്ഞ നാടുകളോടു്, പാണ്ഡിനാടും, ചോളനാടും, തൊണ്ടിനാടും ചേർന്നാണു് ചെന്തമിഴ് 'നാടു്' എന്നു് ഒന്നാം ചേരസാമ്രാജ്യകാലത്തു് അറിയപ്പെട്ടിരുന്നതു്.

ചേര രാജ്യത്തു് പ്രത്യേകിച്ചു് വേണാടു് നാട്ടിൽ ശക്തി പ്രഭാവന്മാരായിരുന്ന മണിഗ്രാമക്കാരുടെ ചരിത്രം കുറിക്കുന്ന ഈ അദ്ധ്യായത്തിൽ, ഈ രാജ്യത്തിന്റെ ചരിത്രം ചുരുക്കമായി ചേർക്കുന്നതു് അസ്ഥാനത്തു് ആകുകയില്ലെന്നു് വിചാരിക്കുന്നു.

ഒന്നാം നൂററാണ്ടുമുതൽ നാലാം നൂററാണ്ടുവരെ ചേര, ചോള, പാണ്ഡിനാടുകൾ ഉൾക്കൊണ്ടിരുന്ന തമിഴകം (ചെന്തമിഴ് നാടു്) ആണു് ചേര സാമ്രാജ്യമെന്നു് അറിയപ്പെട്ടിരുന്നതു്. നാലാം നൂററാണ്ടിന്റെ ആദ്യപാദം വരെ ഈ സാമ്രാജ്യത്തിന്റെ അധിപന്മാർ കുട്ടനാടു് ചേരലാതന്മാരും, തലസ്ഥാന നഗരികൾ കാരൂർ, മാന്തൈ, മതൈരൈ, വഞ്ചി (കരൂപ്പടന്ന) എന്നിവയും ആയിരുന്നു. നാലാം നൂററാണ്ടോടുകൂടി കളഭ്രരുടെ ആക്രമണം തമിഴകത്തെ മുഴുവൻ ബാധിച്ചു. ആറാം നൂററാണ്ടുവരെ ചേര സാമ്രാജ്യഭരണ കർത്താക്കൾ ദുർബ്ബലരായിതീർന്നു ആറാം നൂററാണ്ടിന്റെ അവസാനമായപ്പോൾ സിംഹവിഷ്ണു എന്ന പല്ലവരാജാവു് കാഞ്ചിയിൽ പല്ലവരുടെ ശക്തി വർദ്ധിപ്പിച്ചു. ചോളരും ശക്തി പ്രാപിച്ചെങ്കിലും, 9 ാം നൂററാണ്ടിലെ അവർ ഒരു വൻശക്തിയായി തീർന്നുള്ളു. 6 ാം നൂററാണ്ടു മുതൽ 8 ാം നൂററാണ്ടുവരെ ചേര പെരുമാക്കൾ ചേരനാടു് ഭരിച്ചിരുന്നതായി ചരിത്രം പറയുന്നുണ്ടു്. ഈ പെരുമാക്കന്മാരെ തിരഞ്ഞെടുത്തിരുന്നവർ 64 ഗ്രാമങ്ങളിലെ ബ്രാഹ്മണരായിരുന്നു എന്നും ചരിത്രം പറയുന്നു. 14-ാം നൂററാണ്ടിലെ ശുക സന്ദേശത്തിലാണു് ഈ വസ്തുത രേഖപ്പെടുത്തിയിരിക്കുന്നതു്. ഈ ശുക സന്ദേശം ഒമ്പതാം

www.malankaralibrary.com

നൂററാണ്ടുമുതൽ ശക്തി പ്രാപിച്ച വർണ്ണാശ്രമകാലത്തു് എഴുതിയിട്ടുള്ളതാണു്. ഈ കാലത്താണു് ശങ്കരാചാര്യർ അദ്വൈതമതം പ്രചരിപ്പിക്കുകയുണ്ടായതും, ചേര നാട്ടിൽ നിന്നും ബുദ്ധമതവും ജൈനമതവും അപ്രത്യക്ഷമായതും. പക്ഷേ ശങ്കരാചാര്യരുടെ ഭക്തിപ്രസ്ഥാനത്തിനു് മുൻപു് തന്നെ, ചേരമാൻ പെരുമാക്കന്മാരെ വാഴിച്ചിരുന്ന 64 ഗ്രാമക്കാർ തിരുവഞ്ചിക്കുളത്താണു് തങ്ങളുടെ ശക്തി കേന്ദ്രീകരിച്ചിരുന്നതു്. ഈ തിരുവഞ്ചിക്കുളമാണു് മകോതൈയപുരം എന്ന പേരിൽ കുലശേഖരവർമ്മൻമാരുടെ കാലത്തു് അറിയപ്പെട്ടിരുന്നതു്. എൻെറ വ്യക്തിപരമായ നിഗമനം, ആ നഗരം താമ്രാവർണ്ണി നദീതീരത്തു് സ്ഥിതിചെയ്തിരുന്ന ഒരു പട്ടണം ആയിരുന്നു എന്നാണു്. (വിവരണം ഏഴാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ടു്.) അതുപോലെ തന്നെ 64 ഗ്രാമക്കാർ എന്നു പറയുന്നതു്, മാഗ്ഗ്രാഴികളുടെ അവസ്ഥ എന്ന പ്രാചീന രേഖയിൽ പറയുന്ന 64 കുടുംബക്കാരാണു്. ഇവരെ ധംബ് തരിയാസ്സും എന്നു് വിളിച്ചു വന്നതു്. മണി ഗ്രാമക്കാരായ എട്ടു് വീട്ടുകാരു (എട്ടു വീട്ടിൽ പിള്ളമാർ) മായി തെററിപ്പിരിഞ്ഞു്, അവരെപ്പോലെ ഭോഗം ധരിക്കാത്തതിലാണു് ഈ 64 കുടുംബക്കാരെ ധരിയാസ്സും എന്നു് വിളിക്കുന്നതു്. മണിക്കയെമതത്തിലെ രണ്ടു് വിഭാഗക്കാരായ ഈവർക്കു്; ഈ മതത്തിൻെറ ഈററില്ലവും, പല്ലവരുടെ ശക്തികേന്ദ്രവുമായിരുന്ന തൊണ്ടിനാടിൻെറ (കാഞ്ചീപുരം) പിൻബലം ലോഭമില്ലാതെ കിട്ടിയിരുന്നു എന്നു് വേണാടിൻെറ ചരിത്രം സ്ഥിരീകരിക്കുന്നുണ്ടു്. മണിമേഖലാ കാവ്യത്തിൽ വ്യക്തമാകുന്നപ്രകാരം ശൈവവാദികളും, ബ്രഹ്മവാദികളും, (നമ്പൂതിരികളും പരദേശബ്രാഹ്മണരും), ശൈവവാദികളിൽ ഈശാനവാദികളും (നസ്രാണികളും) കുട്ടനാട്ടിലും കടനാട്ടിലും മാത്രം ആണു് കേന്ദ്രീകരിച്ചിരുന്നതു്.

കളഭ്രരുടെ ആക്രമണകാലം മുതലുള്ള ചേരനാടിൻെറ ചരിത്രത്തെ സംബന്ധിക്കുന്ന ഒരു വസ്തുത, കേരള ചരിത്രകാരന്മാരുടെ സവിശേഷശ്രദ്ധയ്ക്കു് പാത്രീഭവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇവിടെ രേഖപ്പെടുത്തുന്നു.

ഈ കളഭ്രർ എന്നു് കേരളചരിത്രത്തിൽ പറയുന്നതു് വാസ്തവത്തിൽ കുറവളർ അല്ല എന്നു് കരുതേണ്ടിയിരിക്കുന്നു. തൊണ്ടിനാട്ടിലെ, മണിക്കയെ മതക്കാരയിരുന്ന വെള്ളാളചെട്ടികളും ചേർന്നു്

www.malankaralibrary.com

പേർഷ്യയിൽ നിന്നും മാർ ആന്തോന്റെ കൂടെ അവിടെ കുടിയേറിയ കമ്പള ചെട്ടികളുടെ (കമ്പളർ) തെൻ പാണ്ഡിയിലേക്കും, ആയിനാട്ടിലേക്കും ഉള്ള കുടിയേററത്തിനു് ശേഷമാണു് ഒന്നാം ചേരസാമ്രാജ്യം ശിഥിലമായതു് വാസ്തവത്തിൽ ഇതൊരു കുടിയേററമല്ലായിരുന്നു. മറിച്ച് ഒരു ആക്രമണമായിരുന്നു. ഇവരുടെ കുടിയേററത്തിനു ശേഷമാണു് വേണാട്ട് ഉടലെടുത്തതു്. കളഭ്രരുടെ ആക്രമണത്തെ തുടർന്നുണ്ടായ കുഴപ്പക്കാലത്തു് പന്തീരാണ്ടു കാലം വീതം 21 പെരുമാക്കന്മാർ, മകോതൈയപുരം തലസ്ഥാനമാക്കി ചേരനാട്ട് ഭരിച്ചിരുന്നു എന്നു് കേരളചരിത്രത്തിൽ കാണാം. ഈ പെരുമാക്കന്മാർ ആരു്? ചെട്ടികളുടെ തലവനു് പെരുഞ്ചെട്ടി, തട്ടാന്റെ തലവനു് പെരുന്തട്ടാൻ എന്നു് ചെപ്പേടുകളിൽ പറയുന്നതുപോലെ മനാക്കന്മാരുടെ അഥവാ മണിക്കയരുടെ തലവനായിരുന്ന പെരുമണിക്കയമാർ (പെരുമനാക്കന്മാർ) അല്ലേ, പെരുമാക്കന്മാർ എന്നു് കേരളചരിത്രത്തിൽ പറയുന്നതു്.

ഇങ്ങനെ തെരഞ്ഞെടുത്ത ഒരു പെരുമാക്കാന്റെ (മൂപ്പന്റെ) മരണത്തെ തുടർന്നാണു് മണിക്കയ മതക്കാർ രണ്ടു് വിഭാഗമായി തിരിയുന്നതു് തന്നെ. മനാഗ്രാമക്കാർ എന്നും അറിയപ്പെട്ടിരുന്ന ഇവർ തിങ്ങിപാർത്തിരുന്ന തെൻപാണ്ഡിനാടിന്റെ (തിരുനൽവേലിജില്ല) കടൽ ഭാഗത്തിനു് മന്നാർ ഉൾക്കടൽ എന്ന പേരു് കിട്ടാനുണ്ടായ കാരണവും ഇതാണു്. മണിക്കയ മതക്കാരുടെ ചേരി തിരിവു് എ. ഡി. 315നോടു് അടുത്താണു് സംഭവിക്കുന്നതു്. ഇതിൽ ഭൂരിപക്ഷക്കാരായ തരിയാസ്കൾ പെരുകി 64 ഗ്രാമക്കാരായിതീർന്നു. ഇവരുടെ സംഘമായിരുന്ന അറനൂററവർ ആണു് പിന്നീടു് പെരുമാക്കാന്മാരെ തിരഞ്ഞെടുത്തുകൊണ്ടിരുന്നതു്. ന്യൂനപക്ഷക്കാരായിരുന്ന എട്ടുഗ്രാമക്കാർ ആണു് എട്ടുവീട്ടിൽ പിള്ളമാരായി പതിനെട്ടാം നൂററാണ്ടിൽ വീരബാല മാർത്താണ്ഡവർമ്മയുടെ കാലത്തു് പ്രത്യക്ഷപ്പെടുന്നതു്. ഈ എട്ടുവീട്ടുകാരുടെ സംഘമായ 'മണിഗ്രാമസംഘം' ആണു്, ക്നാനായക്കാരുടെ അഞ്ചുവണ്ണ സംഘത്തോടും, 64 ഗ്രാമക്കാരായ തരിയാസ്കളുടെ അറനൂററവരോടും, തരിസ്സാപ്പള്ളി ചെപ്പേട (എ. ഡി. 849) കളിൽ പ്രത്യക്ഷപ്പെടുന്നതു്.

മനാക്കന്മാരുടെ- മാക്കാന്മാരുടെ- തലവന്മാരായി തെരഞ്ഞെടുത്തിരുന്ന 21 പെരുമാക്കന്മാർ 4ാം നൂററാണ്ടു മുതൽ 6ാം നൂററാണ്ടു വരെ ചേരനാടിനെ ഭരിച്ചിരുന്നു. പിന്നീടു് തിരുവൻ ചാണ്ടരുവരെ

www.malankaralibrary.com

www.knanayology.org

യും വ്യാപിച്ചിരുന്നു എന്നു് വേണാടിന്റെ ചരിത്രം സ്വീകരിക്കുന്നുണ്ടു്.

ഒരു മണിക്കയൻ അപ്പോസ്തോലനായിരുന്ന (മൈലാപ്പൂരിൽ കബറടങ്ങിയ അപ്പോസ്തോലൻ) മാർ ആദ്ദായിന്റെ നേതൃത്വത്തിൽ തൊണ്ടിനാട്ടിൽ നിന്നും വെള്ളാളചെട്ടികളുടെ കുടിയേററം എ.ഡി. 293 നോടു് അടുത്തു് തെൻപാണ്ഡിയിലേക്കും, ആയിനാട്ടിലേക്കും ഉണ്ടായിട്ടുണ്ടു്. ഇതു് സംഭവിക്കുന്നതു് കളഭ്രരുടെ ആക്രമണത്തിന്റെ തുടസ്സ കാലത്താണു്. ഈ കുടിയേററക്കാരായ വെള്ളാളചെട്ടികളാണു് ആയിനാട്ടിൽ നിന്നും വേണാടു് (വെൺ പിറന്നവരുടെ നാടു്) തിരിച്ചെടുത്തു് തങ്ങളുടെ സ്വന്തം നാടാക്കി തീർത്തു്. പക്ഷെ മലങ്കര നസ്രാണികൾ, മേല്പറഞ്ഞ കുടിയേററത്തെ, തങ്ങളുടെ കുടിയേററമായിട്ടാണു് കരുതിയിരുന്നതു്. മൈലാപ്പൂരിലെ കബറിടം മാർത്തോമ്മായുടെ ആണെന്നുള്ള സങ്കല്പത്തിലാണു് ഇങ്ങനെ കരുതാൻ ഇടയായതു്. കൂടാതെ മണിഗ്രാമക്കാരും, തരിയാസ്സുള്ളും നസ്രാണികളാണെന്നു് തെററുധരിച്ചു് ചരിത്രവും എഴുതാറുണ്ടു്. ഇതൊന്നും കൂടാതെ, കേരള ചരിത്രകാരന്മാർ ഈ കുടിയേററത്തെ 64 ബ്രാഹ്മണ ഗ്രാമക്കാരുടെ കുടിയേററമായിട്ടാണു് ചിത്രീകരിക്കുന്നതു്. ഇവ രണ്ടും ശരിയല്ല. നമ്പൂതിരികൾ തുളുനാടു്, കോലത്തുനാടു്, കുട്ടനാടു്, കുടനാടു് എന്നീ നാടുകളിലെ കാണുന്നുള്ളു. ഇവർ 32 ഇല്ലക്കാരായിരുന്നു. അതേസമയം മലങ്കരനസ്രാണികൾ കുട്ടനാട്ടിലും കുടനാട്ടിലും മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ മന്നാഗ്രാമക്കാർ (മണിക്കയ മതക്കാർ) തെൻപാണ്ഡിയിലും, വേണാടു് നാട്ടിലും ആധിപത്യം പുലർത്തിയിരുന്നു. അവർ ഇംഗ്ലീഷുകാരുടെ കാലത്തു് ക്രിസ്തുമതം സ്വീകരിച്ചു് ഇന്നും അവിടങ്ങളിൽ തിങ്ങിപ്പാർക്കുന്നു.

ചേരമാൻ പെരുമാക്കന്മാരിൽ, ഒടുവിലത്തെ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ചതായി പറയുന്നുണ്ടു്. വീരബാലമാർത്താണ്ഡവർമ്മ ഇസ്ലാം മതക്കാരോടു് കാണിച്ച മതസഹിഷ്ണുത ഈ വസ്തുതയ്ക്കു് സ്ഥിരീകരണം നൽകുന്നുണ്ടു് പെരുമാക്കന്മാരുടെ കാലം കഴിഞ്ഞു് പിന്നീടു് ശക്തി പ്രാപിച്ച കുലശേഖരവർമ്മന്മാരിൽ എ.ഡി. 844-885 വരെ ഭരിച്ച സ്ഥാണു രവിയുടെ കാലത്താണു് തരിസ്സാപ്പള്ളി ചെപ്പേടുകൾ ദാനം ചെയ്തതു്. ഇദ്ദേഹത്തിന്റെ കാലത്തു് മകോതൈയപുരത്തു് സ്ഥാപിതമായ 'രവി മന്ത്രാലയം' ആര്യഭടന്റെ ഗണിത

www.malankaralibrary.com

സമ്പ്രദായം ആണു് നടപ്പിലാക്കിയിരുന്നതു്. ജോതിശാസ്ത്രപരമായി കേരളം അക്കാലത്തു് വളരെ അധികം അഭിവൃദ്ധി പ്രാപിച്ചിരുന്നു. പക്ഷെ ഈ ആര്യ ഭടൻ (ഭടൻ) ആരു്? അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു ജോതി ശാസ്ത്രജ്ഞൻ എന്നേ ഇന്ത്യയുടെ ചരിത്രം വ്യക്തമാക്കുന്നുള്ളു. ചേരസാമ്രാജ്യത്തിൻെറ ചരിത്രം നോക്കിയാൽ ദ്രാവിഡമേധാവിത്വം ആണു് ഇവിടെ കാണുന്നതു്, വടക്കേ ഇന്ത്യയിൽ ആര്യന്മാരും. ചിലപ്പതികാരകാവ്യം ഈ വസ്തുതകളെ സ്ഥിരീകരിക്കുന്നുണ്ടു്. ഈ രണ്ടു് കൂട്ടരുടെ ഇടയിലും പ്രവർത്തിച്ചിരുന്ന ഒരു വ്യക്തിയാണു് ആര്യഭടൻ എന്നുള്ളതിനു് സംശയമില്ല. ഒരു വില്ലാളി വീരനും, ഗണിതശാസ്ത്രജ്ഞനും, ബഹിരാകാശശാസ്ത്രജ്ഞനും (Cosmology) ജോതി ശാസ്ത്രജ്ഞനും ആയിരുന്ന ബർദേസ്സാൻ ആണോ ഈ വ്യക്തി എന്നു് കരുതാൻ ന്യായമുണ്ടു്. ഒരു ആര്യനായ ഇദ്ദേഹം ശാസ്ത്രപരമായി ഗവേഷണം നടത്തുവാൻ വേണ്ടിയും കൂടിയാണു്, എദേസ്സായിലെ ക്രിസ്തുസഭയിൽ നിന്നും പൗരോഹിത്യം ഉപേക്ഷിച്ചതു്. ഇദ്ദേഹം വടക്കേ ഇന്ത്യയിൽ ഗംഗാ തീരത്തുള്ള ക്ഷേത്രങ്ങളിൽ വിഹരിച്ചിരുന്നതായും രേഖയുണ്ടു്. അതിനു് ശേഷമാണു് ചേരനാട്ടിൽ വന്നു് ഇളങ്കോവടികളുമായി ബന്ധപ്പെട്ടതു്. എന്നാൽ ഇദ്ദേഹത്തിൻെറ ശാസ്ത്രജ്ഞാനത്തെ കവർന്നെടുക്കുവാൻ വേണ്ടിയും കൂടിയാണു്, മണിക്കേയ മതസ്ഥാപകനും ഒരു ആര്യനും ആയ മണി, ചേരസ്ഥാനിലേക്കു് (ചേരനാട്ടിലേക്കു്) ഓടിപ്പോന്നതു്. ഇവിടെ വന്ന ശേഷം മണി അതു് സാധിക്കുന്നെങ്കിലും അവസാനം ഇവർ തമ്മിൽ തെററി പിരിയുന്നു. മണിക്കു്, ചേരചക്രവർത്തിയിൽ നിന്നും കിട്ടുന്ന ഇരവി കോർത്തന ചെപ്പേടിൽ, ഒരു ഗോപുരത്തെപ്പററി പറയുന്നുണ്ടു്. ഈ ഗോപുരം മണി, മകോതൈയ പുരത്തു് സ്ഥാപിച്ച വാനനിരീക്ഷണാലയം ആണെന്നാണു് എൻെറ അഭിപ്രായം. ആ ഗോപുരത്തിൻെറ യഥാർത്ഥ സ്ഥാനത്തെപ്പററി അടുത്ത അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്. ചേരനാട്ടിൽ നിന്നും തിരികെ പേർഷ്യയിലേക്കു് പോയ മണി, 40 വർഷത്തോളം തൻെറ മതപ്രചരണത്തിനായി ചില വഴിച്ചിരുന്നു ഈ കാലത്തു് വടക്കേ ഇന്ത്യ വഴി ചൈനാവരെയും മണി പോയിരുന്നു. ഇങ്ങനെ വടക്കേ ഇന്ത്യയിലും മതപ്രചരണം നടത്തിയ (കാശ്മീരിൽ ബാരമല്ലയിലുള്ള ക്രിസ്തുവിൻെറ എന്നു് സങ്കൽപ്പിക്കുന്ന കബറിടം മണിയുടെ മത ശിഷ്യൻെറ ആണു്.) മണിയാണോ ആര്യഭടൻ? എന്നും സംശയം ഇല്ലാതില്ല. എങ്ങനെയായാലും, ചേര സാമ്രാജ്യവും,

www.malankaralibrary.com

വടക്കേ ഇന്ത്യയിലെ സാമ്രാജ്യങ്ങളും സന്ദർശിച്ചിരുന്ന ഒരു വ്യക്തിയാണ് ആര്യഭടൻ എന്നുള്ളതിനു് സംശയമില്ല. ആ വ്യക്തി ആരെന്നു് തെളിയിക്കേണ്ടിയതു് ഇന്ത്യയിലെ ശാസ്ത്രജ്ഞന്മാരും, ചരിത്രകാരന്മാരും ആണ്. പക്ഷെ എട്ടാം നൂററാണ്ടിനു് മുൻപു് തന്നെ ചേര സാമ്രാജ്യത്തു് വന്നിരുന്ന ആര്യഭടൻ ബർദേസ്സനോ, അല്ലെങ്കിൽ മണിയോ ആയിരിക്കുമെന്നുള്ളതാണ് എന്റെ വ്യക്തിപരമായ നിഗമനം.

കുലശേഖര വർമ്മന്മാരിൽ പ്രതാപവാനായിരുന്ന മററൊരു രാജാവു് ഭാസ്ക്കര രവിവർമ്മയായിരുന്നു. (എ. ഡി. 964–1021 വരെ) ഇദ്ദേഹത്തിന്റെ കാലത്താണ്, രാജ രാജചോള മകോതയെ പുരം പിടിച്ചെടുത്തതു് അതോടുകൂടി ചേരസാമ്രാജ്യം ശിഥിലമായിത്തീർന്നു.

ചേര നാടിന്റെ രാജകീയ വൃക്ഷമായിരുന്ന 'കരിമ്പന'യുടെ പരിയായമാണോ 'ചേരം' എന്നു് തോന്നിപ്പോകുന്നു. കേരവൃക്ഷമാണല്ലോ 'കേരളം' എന്ന പേരു് സമ്പാദിച്ചു് തന്നതു്.

വേണാട്

വേണാട്ട് എന്ന പേരിനെപ്പററി പല ചരിത്രങ്ങളും, ചരിത്രകാരന്മാർ പറയുന്നുണ്ടെങ്കിലും, വെൺ പിറന്നവരുടെ നാട്, വേളാർ കുലത്തിൽ (വെള്ളാളർ കുലത്തിൽ) പിറന്നവരുടെ നാട്; അതായതു് മണിമേഖലാ കാവ്യപ്രകാരം മോക്ഷത്തിനു് അർഹരായ വെൺ പിറന്നവരുടെ നാടായ വേണാട് എന്നു് പറയുന്നതായിരിക്കും ശരിയെന്നു് തോന്നുന്നു. കാരണം മണിക്കേയ മതത്തിലെ രണ്ടു വിഭാഗക്കാരായിരുന്ന മണിഗ്രാമക്കാരും തരിയാക്കളും നൂററാണ്ടുകളായി തിങ്ങിപാർത്തിരുന്ന നാടാണ് വേണാട്. ഈ നാടിന്റെ വിസ്തൃതി, അഗസ്ത്യം കൂടം മലകളും ഉൾപ്പെടെ അതിനു് പടിഞ്ഞാറും, തെക്കും കിഴക്കും കടലുകളും അതിർത്തിയായുള്ള ചെമ്മണ്ണു് പ്രദേശങ്ങളും ആയിരുന്നു. താമ്രവർണ്ണി നദിയാണ് പ്രധാനമായും ഇതിനെ ഫലഭൂയിഷ്ഠമാക്കിത്തീർക്കുന്നതു്. 9ാം നൂററാണ്ടോടുകൂടി ഈ നാടിന്റെ വിസ്തൃതി തെൻ പാണ്ഡിയിൽ തിരുചെങ്ങൻകൂർ (തിരുചനൂർ) മുതൽ കേരളത്തിൽ കൊല്ലംവരെ വ്യാപിച്ചു് കിടന്നിരുന്നു. വേണാട് വേർതിരിഞ്ഞശേഷം, ആയിനാട് തെൻ മല (തെക്കൻ മല) നാടായി, പ

www.malankaralibrary.com

രിണമിച്ചു. ആര്യർ, അഞ്ചൽ, പുനലൂർ, ചെങ്കോട്ട തുടങ്ങിയ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന ആര്യങ്കാവ് പാത ആയി നാടിന്റെ നട്ടെല്ലായിരുന്നു. കല്ലടയാറ് പ്രധാന നദിയും.

വേണാട്, കാഞ്ചിപുരവുമായി വളരെ അധികം ബന്ധപ്പെട്ടിട്ടുണ്ടായിരുന്നു എന്ന് കേരളചരിത്രം സ്ഥിരീകരിക്കുന്നുണ്ട്. സംഗ്രാമധീര രവിവർമ്മയുടെ കാഞ്ചിപുരം ശിലാരേഖ[27] "സോമവംശത്തിൽ (ചന്ദ്രവംശത്തിൽ) പിറന്ന കേരളരാജാവായിരുന്ന, ജയസിംഹന്റെ പുത്രനായിരുന്ന രവിവർമ്മ" എന്ന് പ്രസ്താവിക്കുന്നു.

എ ഡി. മൂന്നാം നൂറ്റാണ്ടിൽ, മണിക്കയൻ അപ്പോസ്തോലനായ മാർ ആനന്ദന്റെ കൂടെ കാഞ്ചിപുരം കേന്ദ്രമാക്കി തൊണ്ടിനാട്ടിൽ കുടിയേറിയ പാർത്ഥ്യാരാജകുമാരനും അനുയായികളും (പഹലവർ) ആണ് പല്ലവരാജ്യം പടുത്തുയർത്തിയത്. ഇവർ 12 ചന്ദ്രമാസം ഒരു ആണ്ട് ആയി കണക്കാക്കി അതിൽ ഒരു ചന്ദ്രമാസം നോമ്പ് കാലം ആയി ആചരിച്ച് വന്നിരുന്നതിനാലാണ് ഇവരുടെവംശം സോമവംശം എന്ന് ചരിത്രത്തിൽ പറയുന്നത്. ഈ സോമവംശത്തിൽ പിറന്ന കേരള രാജാവായിരുന്ന ജയസിംഹന്റെ പുത്രനായിരുന്ന രവിവർമ്മ എന്ന് കാഞ്ചിപുരം ശിലാരേഖയിൽ പറയുന്നത്. എ. ഡി. 974-ൽ വേണാട് ഉടയവനായിരുന്ന ശ്രീ വല്ലഭൻ കോതയുടെ അധികാരം ചെങ്ങന്നൂരിലും, തിരുവൻ വണ്ടൂർ[28] വരെയും വ്യാപിച്ചിരുന്നു. മണിക്കയ മതക്കാരുടെ (പെരുഞ്ചെട്ടികളുടെ) തെരുവുകൾ ഇക്കാലങ്ങളിൽ മദ്ധ്യതിരുവിതാം കൂറിൽ ധാരാളമായി പൊന്തി വന്നു. തഴക്കര ചെട്ടി തെരുവ്, പുത്തൻകാവ് (ചെങ്ങന്നൂർ) തെരുവ്, കോഴഞ്ചേരി ചെട്ടിമുക്ക് തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

മദ്ധ്യതിരുവിതാംകൂറിൽ നസ്രാണികൾക്കു പെരുഞ്ചെട്ടികളിൽ നിന്നും ഉപദ്രവങ്ങളും ഉണ്ടായിട്ടുണ്ട്. ഏകദേശം 500 വർഷങ്ങൾക്കു മുൻപ് മാവേലിക്കര പുതിയകാവ് സുറിയാനിപ്പള്ളി ത്രികണ്ടിയൂർ ശിവക്ഷേത്രത്തിനടുത്തുള്ള പള്ളിപറമ്പിൽ നിന്നും, ഇപ്പോൾ സ്ഥിതിചെയ്യുന്ന, പുതിയകാവ് ക്ഷേത്രത്തിനടുത്തേക്ക് മാററി സ്ഥാപിക്കാനുണ്ടായ കാരണം, ചെട്ടികളുടെ കേന്ദ്രമാക്കിയിരുന്ന പെരുഞ്ചെട്ടികളുടെ ഉപദ്രവം മൂലം ആയിരുന്നു ഇവരുടെ ഉപദ്രവം മൂലം തിരുവിതാം കൂറിലെ നസ്രാണി പള്ളികൾക്ക് എല്ലാം തന്നെയും, ഇടപ്രഭുക്കന്മാരായിരുന്ന കർത്താക്കന്മാരുടെ സംരക്ഷണം അത്യന്താ

www.malankaralibrary.com

പേക്ഷിതമായിരുന്നു. മാവേലിക്കര പുതിയ കാവ്' സുറിയാനിപ്പള്ളി യുപ്പോഠം സ്ഥിതിചെയ്യുന്ന സ്ഥലം, ഗ്രാമത്തിൽ കൊട്ടാരത്തിലെ കർത്താക്കന്മാർ ദാനം ചെയ്തതാണ്. തിരുവിതാംകൂറിലെ പ്രഭുവർഗ്ഗമായ നായന്മാരും നസ്രാണികളും തമ്മിൽ മൈത്രിബന്ധം പുലർത്തിക്കൊണ്ട് പോയിരുന്നതിന്റെ പ്രധാന കാരണവും മേല്പറഞ്ഞപ്രകാരമുള്ള പെരുമ്പെട്ടികളുടെ ഉപദ്രവം മൂലം ആയിരുന്നു. തൃക്കണ്ടിയൂർ ശിവക്ഷേത്രത്തോളം തന്നെ (കൊല്ലവർഷം മൂന്നാം ആണ്ട്) പുരാതനതയുള്ള മാവേലിക്കര ഓർത്തഡോക്സ് സുറിയാനിപ്പള്ളി അംഗമാണ്, ഈ പുസ്തകം എഴുതുന്ന വ്യക്തി എന്ന് അഭിമാനപൂർവ്വം രേഖപ്പെടുത്തുന്നു. ശൈവവാദികളായ നമ്പൂതിരികളുടെ പുരാണശിവക്ഷേത്രങ്ങളും, അവരിൽ ഈശാനവാദികളായ നസ്രാണികളുടെ പള്ളികളും തമ്മിൽ മാർത്തോമ്മായുടെ കാലം മുതലേ ബന്ധപ്പെട്ടവയാണ്.

മന്നാക്കന്മാർ ശക്തിപ്രഭാവന്മാരായിരുന്ന കാലത്ത് വേണാട്ടുനാട്ടുവാഴികൾക്ക്, മണിക്കയ സംഘങ്ങളായിരുന്ന അറനൂററവർ, അഞ്ചുവണ്ണം, മണിഗ്രാമം എന്നിവരോട് ആലോചിക്കാതെ യാതൊന്നും ചെയ്യുവാൻ സാധിച്ചിരുന്നില്ല. ഒമ്പതാം നൂററാണ്ടിൽ കരകേണി കൊല്ലത്ത് കടിഃയറിയ വൈദ്യന്മാർക്ക്, അയ്യനടികൾ തിരുവടികൾ കൊടുത്ത തരിസ്സാപ്പള്ളി ചെപ്പേടുകൾ ഇതിന് ഉദാഹരണമാണ് (വിശദമായി അടുത്ത അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട് )

ഒമ്പതാം നൂററാണ്ടിൽ വേണാട്ട് നാട്ടിൽ മഹേന്ദ്രഗിരിയിൽ, വാനനിരീക്ഷണാലയത്തിന്റെ മേധാവിയായിരുന്ന ശങ്കരനാരായണൻ 'ലഘുഭാസ്ക്കരീയം' എന്ന തന്റെ കൃതിയിൽ വേണാടിനെ പൈക്ക്വ (പൈഘ്യ) രാഷ്ട്രമായി ആണു് ചിത്രീകരിച്ചിരിക്കുന്നതു്. അതായതു് പൈശാച്യരാഷ്ട്രം–ഭ്രാന്താലയം. 19 ാം നൂററാണ്ടിന്റെ അവസാനഘട്ടത്തിൽ തിരുവാങ്കോട്ട് സന്ദർശിച്ച സ്വാമിവിവേകാനന്ദനും, ഈ നാടിനെ ഒരു ഭ്രാന്താലയം എന്നാണ് വിശേഷിപ്പിച്ചതു്. വേണാടിന്റെ ചരിത്രം അതാണു് കാണിക്കുന്നതു്. ശത്രുക്കളെ നഷ്കരുണം വക വരുത്തുന്ന ഒരു ഏർപ്പാടാണ് ഈ നാട്ടിൽ ഉണ്ടായിരുന്നതു്. കൊല്ലവർഷം 441 (എ. ഡി. 1266) ൽ വേണാട്ട് ഭരിച്ചിരുന്ന രവിവർമ്മ കലിമ്പറധയെന്നതുപോലെയാണ് ശത്രുക്കളെ നശിപ്പിച്ചതു്.29 ഇദ്ദേഹത്തിന്റെ ഭരണകാല ചെയ്തികൾ കാഞ്ചി

www.malankaralibrary.com

പുരത്തു് അരുളാള പെരുമാൾ വിഷ്ണുക്ഷേത്രത്തിന്റെ ഭിത്തിയിൽ സംസ്കൃത ശ്ലോകത്തിൽ കൊത്തിവെച്ചിട്ടുള്ളതു്, ഈ നാടിനു് കാഞ്ചിപുരവുമായുള്ള ബന്ധത്തെയും കൂടിയാണു് കാണിക്കുന്നതു്. ഇതുപോലെ ക്നായി തൊമ്മൻ ചെപ്പേടിന്റെ ഒരു പകർപ്പു് മകോതൈയ പുരത്തിനു് അടുത്തുള്ള ഒരു ക്ഷേത്രത്തിന്റെ തൂണിൽ കൊത്തിവെച്ചിട്ടുണ്ടു്. പക്ഷേ മകോതൈയ പുരം എവിടെ? അടുത്ത അദ്ധ്യായത്തിൽ ഇതേപ്പററി വിവരിച്ചിട്ടുണ്ടു്.

പല്ലവരാജ്യവും. വേണാടും (തിരുവാങ്കോടു്)തമ്മിൽ സാംസ്കാരികമായി[30] വളരെ അധികം ബന്ധം പുലർത്തിയിരുന്നു. പല്ലവ രാജ്യം ഹിന്ദു ആധിപത്യത്തിൽ വന്നതോടുകൂടി വേണാടും അതനുസരിച്ചു് നീങ്ങേണ്ടിവന്നു. പക്ഷേ മണിഗ്രാമക്കാരായ എട്ടു വീട്ടിൽ പിള്ളമാർ (മാടമ്പിമാർ) അവരുടെ ശക്തി പ്രഭാവം വീര ബാലമാർത്താണ്ഡവർമ്മയുടെ കാലം വരെ (എ. ഡി. 1758) നിലനിർത്തിയിരുന്നു. ഇദ്ദേഹവും ശത്രുക്കളെ നിഷ്കാസനം ചെയ്യുന്നതിൽ ഒട്ടും പിന്നോക്കമല്ലായിരുന്നു. മാർത്താണ്ഡവർമ്മയുടെ കാലത്താണു് തിരുവാങ്കോട്ടു് തരിയാ തെരുവുകളിൽ നിന്നും മണിഗ്രാമക്കാരെ പരിപൂർണ്ണമായി ഉന്മൂലനം ചെയ്തിട്ടു്, അവിടെ മഹമ്മദീയരെ അധിപന്മാർ ആക്കിയതു്.

കാലം കടന്നതോടുകൂടി കന്യകുമാരിക്കു് അപ്പുറം തമിഴ് നാട്ടിലുള്ള മണിഗ്രാമക്കാരും തരിയാക്കളും, കർണ്ണൽ മൺറോ മദ്രാസ് ഗവർണ്ണർ ആയിരുന്ന കാലത്തു് അദ്ദേഹത്തിന്റെ പ്രേരണയാലും, David Rosen, J. L. Irion, A. E. Caemerer, Harry Hope (1829–1859) തുടങ്ങിയ ആംഗ്ലിക്കൻ മിഷനറിമാരുടെ പ്രവർത്തനത്താലും, C. M. S. സഭയിൽ ചേർന്നു് ക്രിസ്തുമതാനുയായികൾ ആകുകയാണു് ചെയ്തതു്. ഇവരുടെ പ്രധാന കേന്ദ്രം തിരുച്ചന്ദൂരിനു് അടുത്തു് മടലൂർ എന്ന ഗ്രാമമാണു്. ആ ഗ്രാമം നസ്രേത്തു് എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നു. ഇവരിൽ തെക്കൻ തിരുവിതാംകൂറിൽ ഉണ്ടായിരുന്നവർ ക്രിസ്തുമതം സ്വീകരിച്ചു് ചന്നാർ ക്രിസ്ത്യാനികൾ എന്ന പേരിലും അറിയപ്പെടുന്നു.

## Notes

1. Ref: As cited in: A history of Christianity in Kerala, by Dr. C. V. Cherian, page 66

www.malankaralibrary.com

2. Ref; Malankara Nazranikel, Vol. by Z. M. Paret page 373:

3. The Orthodox Church of India, by David Daniel page 11.

4. Ibid-26

5. 'It is clear from the paliyam grants (A. D: 925) and other records that Jainism and Budhism were living religions in Kerala.' Budhism appears to have been more popular in Kerala than Jainism.'

   Ref: Studies in Kerala History, by Elamkulam page 179

6. 'An inscription of Medom 8, 395 K. E. (1218 A. D.) in the Kandiyur temple, shows that when the temple originally built two and a half years before the commencement of the Kollam Era, was renovated in K. E. 393.

   Ibid 281.

7. Ibid 180.

8. 'The conversion of the Jain Goddess, Pattini to the Hindu goddess Baghavathi was rather easy.'

   Ibid-179

9. The festival with wooden horses, common even now in places from Chiryankil to Ambalapuzha is a relic of the ancient Budhist festivals.

   Ibid 180

10. Ref: Researches in Manichaeism, by Jackson, page 15.

11. Ref: Malankara Nazranikel, Vol. I, by Paret, page 462.

12. Malankara Nazranikel, Vol. III, by Paret, page 142 and 160.

13. Ref; Eros Denied by. Wayland young, page 155.

www.malankaralibrary.com

14. Ref: Bardaissan on Edessa, by Drijvers, page 211.

15. 'The Chera-Chola war which lasted for about a hundred years ended in the destruction of Kulasekhara dynasty and Mahodayapuram. The course of Kerala history under went a radical change.

    Ref ; Studies in Kerala History, by Elamkulam, page, 257

16. Ibid 389.

17. Malankara Nazranikel. Vol. I., by Paret, page 478.

18. Ibid 474

19; Ibid 478.

20. Ibid 479

21. Ref: Studies in Kerala History, by Elamkulam, page 372.

22. Ref; History of Islamic Origins of Western Education, by Mehdi Nakosteen. page 18.

23 Ref: As cited in Malayala Manorama Weekly of Aug. 5, '1972

24. Ref: A History of Christianity in Kerala, by Dr. C. V. Cherian page 121-122

25. 'That calendar begins with the first day 16th July 622 in which Hijrah, Mohammed's move from Mecca to Medina took placc. It is a Lunar Calender. The year of that Emigration was later chosen as the commencement of the Islamic Era.'

    Ref : Anthology of Islamic Literatnre, by James Kritzcek page 31 & 34

26. Bema-festivities' the feast in pious memory of Mani's death Mani's invisible presence at this feast found its expression in the Bema, the (empty) throne of the prophet

www.malankaralibrary.com

The name of this feast was derived from this throne (Bema)

Ref : MANI by L. J. R. ORT Page 26

27. കേരള ചരിത്രം, വാല്യം 1, പേജ് 178.

28. Ibid 191.

29. Ibid 204.

30. കേരള സംസ്ക്കാരത്തിലും ചരിത്രത്തിലും സുദീർഘമായ പല്ലവ ബന്ധത്തിനു് ഒരു പ്രാധാന്യമുണ്ടു്. പല്ലവക്കു് സംസ്കൃതത്തിൽ അതിയായ പ്രതിപത്തിയുണ്ടായിരുന്നു. സംസ്കൃതത്തിലും, സംസ്കൃത സംസ്ക്കാരത്തിലും കേരളീയർക്കു് അഭിരുചി വർദ്ധിച്ചു വന്നതു് പല്ലവ ബന്ധത്തെ തുടർന്നാണെന്നു് വേണം കരുതാൻ. പല്ലവന്മാരെപ്പോലെ കേരള ചരിത്രകാരന്മാരും, പൗരാണിക ദേവീദേവൻമാരുടെ പേരുകളെക്കൊണ്ടു്, അവരുടെ പേരോടുകൂടി വർമ്മൻ എന്ന പദം ചേർക്കുവാൻ തുടങ്ങി.'

Ibid 67.

www.malankaralibrary.com

# ചെപ്പേടുകളും വിദേശകുടിയേറ്റക്കാരും

മലങ്കര നസ്രാണികളുടെയും, മണിക്കയ മതക്കാരുടെയും പുരാണ ചരിത്രം പൂർണ്ണമാകണമെങ്കിൽ, ചേരസാമ്രാജ്യത്തിൽ കുടിയേറിയ വിവിധ മതസ്ഥരായ വിദേശിയരുടെ ചരിത്രവും, അവർക്ക് ചേര ചക്രവർത്തിമാർ കൊടുത്ത ചെമ്പ് പട്ടയങ്ങളും തുടങ്ങിയ അവകാശങ്ങളുടെ ചരിത്രങ്ങളും കൂടി അറിഞ്ഞിരിക്കേണ്ടിയതു് ആവശ്യമാണ്. ഈ പട്ടയങ്ങളിൽ ഭൂരിഭാഗവും ഇപ്പോൾ മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ കയ്യിൽ ഇരിക്കുന്നതുകൊണ്ടും, മാവോദാദാ കൊടുങ്ങല്ലൂരും ആയി ബന്ധപ്പെട്ടതിനാൽ കൊടുങ്ങല്ലൂർ എന്ന പദം ചെപ്പേടുകളുടെ തർജ്ജിമയിൽ ചേർത്തുകൊണ്ടും, ഈ പട്ടയങ്ങൾ എല്ലാം നസ്രാണികൾക്ക് അവകാശപ്പെട്ടതു് എന്നു് ആകണമെന്നില്ല.

ഈ പട്ടയങ്ങളും അതിന്റെ ചരിത്രവും, ശരിയായ വിധം (മുൻവിധി കൂടാതെ) പഠിച്ചാൽ പട്ടയങ്ങൾ ആർക്കെല്ലാമാണ് ചേരനാട്ട് ഭരണ കർത്താക്കൾ കൊടുത്തതെന്നു് മനസ്സിലാക്കാൻ സാധിക്കും. ചേരസാമ്രാജ്യത്തിൽ കുടിയേറിയ വിദേശിയർ ചക്രവർത്തിമാർക്കു് വിലപിടിപ്പുള്ള സമ്മാനങ്ങൾ കാഴ്ച്ചവെച്ചും അവരെ പ്രലോഭിപ്പിച്ചും നേടിയെടുത്ത പദവികളും സ്ഥാനമാനങ്ങളും അടങ്ങിയ ചെമ്പ് പട്ടയങ്ങൾ ആണ് ഇവയെല്ലാം തന്നെയും. നെടുംചേരലാതൻ ചക്രവർത്തിയും (രണ്ടാം നൂറ്റാണ്ട്) യവനരും തമ്മിൽ കണ്ണൂരിനടുത്തു് മാന്തൈ എന്ന സ്ഥലത്തു് വെച്ചുണ്ടായ ഏറ്റുമുട്ടൽ കാരണമാണ്, ഇങ്ങനെ ചെമ്പ് പട്ടയങ്ങൾ മൂലം ചേരസാമ്രാജ്യത്തു് വരുന്ന വിദേശിയരെയെല്ലാം നിയന്ത്രിക്കാൻ ഉണ്ടായ കാരണം. ഈ യുദ്ധത്തിൽ യവനരെ തോല്പിച്ചു് അവരുടെ നേതാവിന്റെ ഉച്ചിയിൽ നെയ്യ് ഒഴിച്ചു് വെയിലത്തു് നിർത്തി പരിഹസിച്ചതായി ചരിത്രം ഉണ്ട്.

മാർത്തോമ്മായും, തന്റെ കൂടെ വന്ന കുടിയേറ്റക്കാരും കൊടും

www.malankaralibrary.com

www.knanayology.org

ങ്ങല്ലൂരിൽ എ. ഡി 52-ൽ വന്നിറങ്ങി എന്നുള്ളതു് തർക്കമററ സംഗതിയാണു്. മാർത്തോമ്മാ ക്രിസ്തുവിൻെറ ദൌത്യ പ്രകാരം സുവിശേഷം പ്രചരിപ്പിക്കുവാൻ വേണ്ടി മാത്രമാണു് മലങ്കരയിൽ വന്നതു്. അക്കാലത്തു് തോടുകളാലും, പുഴകളാലും, കായലുകളാലും തിങ്ങിനിറഞ്ഞു് കിടന്നിരുന്ന കുട്ടനാട്ടിൽ താൻ മതപ്രചരണം നടത്തിയശേഷം ദൌത്യത്തിൻെറ പൂർത്തികരണത്തിനായി മസ്ദായിയുടെ രാജ്യത്തേക്കു് പോകുകയുമുണ്ടായി.

മലങ്കരയിൽ, മാർത്തോമ്മാ വന്നിറങ്ങിയ മുസ്സിരിസ്സ് തുറമുഖത്തിനു് പാണ്ഡിനാട്ടിലെ കോർക്കൈ പോലെയോ, ചോളനാട്ടിലെ പുഹാറിനുള്ളതുപോലെയോ ഒരു സ്ഥാനം പുരാണകാലങ്ങളിൽ ഇല്ലായിരുന്നു എന്നുള്ളതു് ചരിത്രം വ്യക്തമാക്കുന്നുണ്ടു്. കുരുമുളകു് കയററി അയക്കുന്ന തുറമുഖം എന്നതിൽ കവിഞ്ഞു് വലിയ പ്രാധാന്യം മുസ്സിരിസ്സിനു് പന്ത്രണ്ടാം നൂററാണ്ടുവരെ കിട്ടിയിരുന്നില്ല. കൊടുങ്ങല്ലൂർ എന്ന പേരു തന്നെ ഒമ്പതാം നൂററാണ്ടിലാണു് ആവിർഭവിക്കുന്നതു്.

ഒമ്പതാം നൂററാണ്ടിൽ വേണാട്ടിലെ കൊല്ലം പ്രധാന തുറമുഖമായതോടുകൂടി, മുസ്സിരിസ്സിൻെറ പ്രാധാന്യം അല്പം കൂടി അസ്തമിച്ചു. പത്താം നൂററാണ്ടിൽ ചേരചക്രവർത്തിമാരുടെ ആസ്ഥാനം വേണാടു് നാട്ടിൽനിന്നും വടക്കു് കാക്കനാട്ടിലേക്കു് മാററിയതിനു് ശേഷം കൊടുങ്ങല്ലൂരിൻെറ പ്രാധാന്യം കുറച്ചു് വർദ്ധിക്കുന്നുണ്ടു്. ഇക്കാലത്താണു് യമനിൽനിന്നും യഹൂദന്മാരുടേ കുടിയേററം ഉണ്ടായതു്.

എ. ഡി. 1341ൽ ഉണ്ടായ അതിഭയങ്കര വെള്ളപ്പൊക്കം മൂലം കൊച്ചി അഴിമുറിഞ്ഞു് കപ്പലുകൾ നിർബാധം കൊച്ചി കായലിലേക്കു് പ്രവേശിക്കാനുള്ള ചാൽ ഉണ്ടായതോടുകൂടി, കൊടുങ്ങല്ലൂർ ഒരു വാണിജ്യ പ്രാധാന്യമില്ലാത്ത തുറമുഖമായി കാലാന്തരത്തിൽ പരിണമിച്ചു. മട്ടാഞ്ചേരിയിലെ കൊച്ചങ്ങാടി ആണു് കൊച്ചി ആയി അറിയപ്പെടുന്നതു്. അങ്ങാടികൾ, കമ്പോളങ്ങൾ എന്നിവ നസ്രാണികൾ കയ്യടക്കിയെങ്കിൽ, തെരുവുകൾ മണിക്കയ മതക്കാരാണു് കയ്യടക്കിയിരുന്നതു്. എ. ഡി. 1653ൽ കൊച്ചങ്ങാടിയിൽ (മട്ടാഞ്ചേരി) വെച്ചു് മലങ്കര നസ്രാണികൾ, പോർത്തുഗീസ്സുകാരുടെ കൺമുൻപിൽ വെച്ചു തന്നെ, കൂനൻ കുരിശു് സത്യം നടത്തണമെങ്കിൽ, മലങ്കര നസ്രാണികളുടെ ആധിപത്യം അവിടെ എത്രമാത്രം ഉണ്ടായിരുന്നു എന്നുള്ളതിനു് മറെറാരു തെളിവു് ആവശ്യം ഇല്ല.

www.malankaralibrary.com

ചേരസാമ്രാജ്യത്തിൽ മലങ്കര നസ്രാണികൾക്ക് വാണിക്കുകളുടെ (മൂന്നാം സ്ഥാനം) സ്ഥാനമാണ് ഉണ്ടായിരുന്നത്. താണജാതിക്കാർ നസ്രാണികൾ ആകാൻ അനുവദിച്ചിരുന്നില്ല. മലങ്കര നസ്രാണികൾക്ക് ഉന്നതമായ സ്ഥാനമാനങ്ങളും അവകാശങ്ങളും ജന്മാവകാശമായി ഉണ്ടായിരുന്നെങ്കിൽ കുടിയേററക്കാർക്ക് ചെമ്പ് പട്ടങ്ങൾ മുഖേന മാത്രമേ ഈ അവകാശങ്ങൾ കിട്ടിയിരുന്നുള്ളൂ

മൂന്നാം നൂററാണ്ടിൽ എഴുതപ്പെട്ട ചിലപ്പതികാരം എന്ന മഹാകാവ്യത്തിൽ പ്രധാനമായി നാല് ജാതികളെ (തൊഴിൽ പരമായി തരം തിരിച്ച്) പ്പററി പറയുന്നുണ്ട്. അവ (1) അന്തണൻ (ഭിക്ഷുക്കൾ) അഥവാ ബൗദ്ധർ; (2) അരചർ (ഭരണകർത്താക്കൾ) അഥവാ ജൈനർ; (3) വാണിക്കുകൾ (4) വെള്ളാളർ എന്നിവരാണ്. വർണ്ണാശ്രമം എട്ടാം നൂററാണ്ടോടു കൂടി പ്രബലമായതിനുശേഷം മാത്രമാണ്, ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ നാലുജാതികൾ ഉണ്ടായത്. സംഘം കാലത്ത് മുകളിൽ ഒന്നാമതായി കൊടുത്തിരിക്കുന്ന നാല് ജാതികൾ കൂടാതെ കൈത്തൊഴിൽ കൊണ്ട് ഉപജീവനം കഴിക്കുന്നവരെ 'കമ്മാളന്മാർ' എന്ന് പൊതുവെ പറഞ്ഞിരുന്നു. ഇതിൽ തട്ടാന്മാർ, കൽപണിക്കാർ, ആശാരിമാർ, ചെത്തുകാർ, വാണിയന്മാർ എന്നിങ്ങിനെയുള്ളവർ ഉൾപ്പെടുന്നു. എന്നാൽ നാലാം നൂററാണ്ടിൽ ചേരനാട്ടിൽ കുടിയേറിയ ക്നായി തൊമ്മനും കൂട്ടർക്കും, അവർക്ക് കിട്ടിയ ചെമ്പ് പട്ടയ പ്രകാരം 'അഞ്ചാമത്തെ' മതക്കാർ (അഞ്ചുവണ്ണം) എന്ന സ്ഥാനം കിട്ടുകയുണ്ടായി.

ചേരനാട്ടിൽ കുടിയേറിയവരിൽ മാർത്തോമ്മായും കൂട്ടരും, പേർഷ്യാക്കാരൻ മണിയും കൂട്ടരും, മണിക്കയെൻ അപ്പോസ്തലനായ മാർ ആമ്മോനും കൂട്ടരും, ക്നായി തൊമ്മനും കൂട്ടരും, നെസ്തോറിയരായ മാർ ശാപ്പോറും മാർ ആഫ്രോത്തും വൈദ്യന്മാരും പിന്നീട് യഹൂദന്മാരും ഉൾപ്പെടുന്നു. ഇതിൽ മണിക്ക് കിട്ടുന്ന പട്ടയമാണ് ഇരവികോർത്തൻ ചെപ്പേട് (എ ഡി. 230); പിന്നീട് ക്നായി തൊമ്മൻ ചെപ്പേട്, അടുത്തതായി തരിസ്സാപ്പള്ളി ചെപ്പേടുകൾ, പിന്നെ യഹൂദന്മാർക്ക് കിട്ടിയ ചെപ്പേട് എന്നിവയുടെയും കുടിയേററക്കാരുടെയും ചരിത്രം ആണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

മാർത്തോമ്മാ മലങ്കരയിൽ മതപ്രചരണാർത്ഥം, ഒന്നാം നൂററാണ്ടിൽ വന്നെങ്കിലും അദ്ദേഹത്തിന് ഒരു പട്ടയമോ, ചെപ്പേടോ കി

www.malankaralibrary.com

ട്ടിയതായി അറിവില്ല. ഉതിയൻ ചേരലാതന്റെ ചേരസാമ്രാജ്യം, ഈ കാലഘട്ടത്തിൽ നിലവിൽ വന്നിട്ടും ഇല്ലായിരുന്നു. അതേ സമയം മാർത്തോമ്മായെ അനുഗമിച്ച് മലങ്കരയിൽ കുടിയേറിയവരെപ്പറ്റിയും യാതൊരു വിവരവുമില്ല. മാർത്തോമ്മാ, വടക്കേ ഇന്ത്യയിൽ, തന്നെ അനുഗമിച്ച സാന്തിപ്പാസ്സിനെയും അനുയായികളെയും ഗോണ്ടഫോറസിന്റെ രാജ്യത്ത് സുവിശേഷവേലകൾ തുടർന്ന് നടത്തുവാൻ നിർത്തിയിരുന്നതായി, നടപടികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇന്ന് കുന്നംകുളത്ത് സ്ഥിരതാമസമാക്കിയിരിക്കുന്ന നസ്രാണികൾ തന്റെ കൂടെ മലങ്കരയിലേക്ക് അനുഗമിച്ചവരുടെ സന്തതിപരമ്പരകൾ ആണോ എന്ന് ഞാൻ ന്യായമായി സംശയിക്കുന്നു. തേവലക്കര വൈദ്യന്മാർ, ക്നാനായക്കാർ എന്നിവരെപ്പോലെ നാട്ടുകാരായ മലങ്കര നസ്രാണികളുമായി ഇടകലരാതെ കുന്നംകുളം നസ്രാണികളും തങ്ങളുടെ വ്യക്തിത്വം നിലനിർത്താൻ ശ്രമിക്കുന്നു. ഇതിന് കാരണം എന്താണ്? ചെങ്കടൽ തീരത്ത് നിന്നും മാർത്തോമ്മായെ അനുഗമിച്ച എത്യോപ്യാക്കാരാണോ ഇവർ? ഇവരുടെ പേരുകളും ജീവിത ക്രമങ്ങളും മലങ്കര നസ്രാണികളിൽ നിന്നും വളരെ വിഭിന്നമാണ്. കുന്നംകുളത്തിനടുത്ത് പാലയൂരിലുള്ള പള്ളി മാർത്തോമ്മാ സ്ഥാപിച്ചതാണ്. മാർത്തോമ്മായെ അനുഗമിച്ച ഇവർ, അവിടെ കുടിയേറിയതാകാനാണ് സാധ്യത. ശരിയായ തെളിവുകൾ ഇല്ല. മാർത്തോമ്മായുടെ സിംഹാസനത്തിന് കളങ്കം വരുത്താതെ, തേവലക്കര വൈദ്യന്മാരെ പോലെ അടിയുറച്ച് നിൽക്കുന്ന കുന്നംകുളം നസ്രാണികളുടെ സ്ഥിരത, എന്റെ ഈ നിഗമനത്തിന് സ്ഥിരീകരണം നൽകുന്നുണ്ട്.

ചെപ്പേടുകൾ

(1) ഇരവികോർത്തൻ ചെപ്പേട് അഥവാ വീരരാഘവപട്ടയം

മാർത്തോമ്മായ്ക്ക് ശേഷം ചേരസാമ്രാജ്യത്തിൽ വന്ന പേർഷ്യാക്കാരൻ മണിയ്ക്ക് എ ഡി. 230-ൽ കേരള ചക്രവർത്തിയായിരുന്ന ശ്രീ വീരരാഘവചക്രവർത്തി, ഇരവി കോർത്തൻ അഥവാ കന്തനാരന്മാരുടെ തലവൻ എന്ന സ്ഥാനം കൊടുക്കുന്ന പട്ടയം ആണ് ഈ ചെപ്പേട്. പേർഷ്യക്കാരനായ മണി, എ. ഡി. 223-നും 240-നും മദ്ധ്യേ ഇന്ത്യയിൽ വന്നിരുന്നതായി 'തെളിവുകൾ ഉണ്ട്. അദ്ദേഹം പേർഷ്യാ രാജാവായിരുന്ന ശാപ്പോർ ഒന്നാമന്റെ കിരീട

www.malankaralibrary.com

www.knanayology.org

ധാരണത്തിൽ സംബന്ധിക്കത്തക്കവണ്ണം ഇന്ത്യയിൽ നിന്നും തിരികെ, പേർഷ്യയുടെ തലസ്ഥാനമായിരുന്ന ട്ടെസിഫോണിൽ എത്തിയെന്നാണ് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. കിരീടധാരണം നടന്നതിന്റെ കാലം കൊടുത്തിരിക്കുന്നതു സൂര്യൻ മകരം രാശിയിൽ നിൽക്കുമ്പോൾ എന്നാണ്. എന്നാൽ ഇവിടുത്തെ ചെപ്പേടു പ്രകാരം വ്യാഴം മകരം രാശിയിൽ നിൽക്കുമ്പോഴാണ് ഈ ചെപ്പേട് കൊടുത്തിട്ടുള്ളത്. മണിയുടെ പേർഷ്യയിലെ ചരിത്രഗ്രന്ഥങ്ങൾ കണ്ടെത്ത ജർമ്മൻകാർക്ക് വ്യാഴം എന്താണെന്ന് അറിയാതെ സൂര്യനാക്കി എഴുതിയതാകാനാണ് സാധ്യത. മണി തന്നെ രേഖപ്പെടുത്തിയിട്ടുള്ള ഒരു വസ്തുത ആയതുകൊണ്ട്, ചെപ്പേടിലെ രാശികാലം, ശാപ്പോറിന്റെ കിരീടധാരണ കാലമായും താൻ എഴുതിയിരിക്കും എന്നുള്ളതിന് സംശയമില്ല. വ്യാഴഗ്രഹം പന്ത്രണ്ട് വർഷക്കാലം ഒരു രാശിയിൽ തന്നെ നിൽക്കുന്നുണ്ട്. അതിനാൽ എ. ഡി 230-ലെ ചെപ്പേട് ദാനവും, 240-ലെ കിരീടധാരണവും മകരം രാശിയിൽ വ്യാഴം നിൽക്കുമ്പോൾ തന്നെ നടക്കുന്ന സംഭവങ്ങൾ ആണ്. ഒരു ജോതി ശാസ്ത്രജ്ഞനായിരുന്ന മണിക്ക് തെറ്റ് പറ്റുവാൻ കാരണമില്ല.

ഈ വീരരാഘവപട്ടയം മണിക്ക് തന്നെയാണ് കൊടുത്തത് എന്നുള്ളതിന് തെളിവ്, 'ലോകപെരുഞ്ചെട്ടി' എന്ന സ്ഥാനം ചെപ്പേടിൽ പറയുന്നതുകൊണ്ടാണ്. ചേര സാമ്രാജ്യത്തിലെ ഒരു ചെട്ടി മാത്രമായിരുന്നു എങ്കിൽ, പെരുഞ്ചെട്ടി എന്ന സ്ഥാനമേ കൊടുക്കുകയുള്ളൂ. ഈ രാജകീയ പട്ടയം എഴുതിയ നമ്പിചടയനു പെരുന്തട്ടാൻ എന്ന സ്ഥാനമേ ഉള്ളൂ. എന്നാൽ ചേര സാമ്രാജ്യത്ത് വന്നിട്ടുള്ള കമ്പള ചെട്ടികളുടെ (വിദേശ ചെട്ടികൾ) എല്ലാം നേതാവും മണിക്കയ മതസ്ഥാപകനുമായ മണി, ലോക പെരുഞ്ചെട്ടി എന്ന സ്ഥാനത്തിന് അർഹനാണെന്നുള്ളതിന് സംശയം ഇല്ല. ഈ ചെപ്പേടു പ്രകാരം ആണ് ചേരസാമ്രാജ്യത്തിലെ ആദ്യത്തെ സംഘമായ മണിക്കിരാമ സംഘം (മന്നാഗ്രാമ സംഘം) മകോതൈയപുരത്ത് നിലവിൽ വന്നത്. ഈ മകോതൈയപുരം തെൻ വഞ്ചിയെന്നാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. ഇപ്പോഴത്തെ തിരുനൽവേലി ജില്ല, തെൻ പാണ്ഡിനാട് എന്നാണ് പുരാണകാലങ്ങളിൽ അറിയപ്പെട്ടിരുന്നത്. ഈ വഞ്ചി തെൻ പാണ്ഡിനാട്ടിലെ താമ്രവണ്ണിനദീതീരത്ത് സ്ഥിതി ചെയ്തിരുന്ന പട്ടണമാണെന്ന് ചിലപ്പതികാരകാവ്യത്തിൽ ഇളങ്കോവടികൾ പറയുന്നുണ്ട്.

www.malankaralibrary.com

www.knanayology.org

29ാം കാതൈയിൽ (ആശിർവാദം) 14ാം വെണ്ഡികയിൽ പറയുന്ന വരികളുടെ മലയാള വിവർത്തനം താഴെ കൊടുക്കുന്നു. "നിരന്തരമായി ഒഴുകി കൊണ്ടിരിക്കുന്ന സലിലത്തോടു കൂടിയ താമ്രവർണ്ണി നദി (അൻപ്—ഒരുന്ന) ചൂഴുന്ന വഞ്ചിയിൽ വസിക്കുന്നവരുടെ തമ്പുരാൻ്റെ പുരാതന വംശം ഭൂമിയുള്ളിടത്തോളം കാലം വാണിരിക്കണമേ" എന്നിപ്രകാരമാണ് അതിൽ പറയുന്നതു്.

എന്നാൽ പെരിയാർ തീരത്തെ വഞ്ചി, പെരിയാറിൻ്റെ വടക്കും തെക്കും ആയി നീണ്ടു് കിടന്നിരുന്ന കടനാടിൻ്റെ തലസ്ഥാനവും, പിന്നീടു് കുട്ടനാടു് അരചന്മാർ പടുത്തുയർത്തിയ ചേരനാടിൻ്റെ തലസ്ഥാനവുമായിതീർന്നു. ഈ വഞ്ചി$_2$ മുച്ചിറി, മുരചി, മുശിരി, മുസ്സിരിസ്സ് എന്നി പേരുകളിലും അറിയപ്പെട്ടിരുന്നു. മേൽകൊടുത്തിരിക്കുന്ന വിവരണങ്ങളിൽനിന്നും കുട്ടനാട്ടിലെ, പെരിയാർ തീരത്തു് ഒരു വഞ്ചിയും, തെൻ പാണ്ഡിയിൽ താമ്രവർണ്ണി തീരത്തു് മറ്റൊരു വഞ്ചിയും ഉണ്ടായിരുന്നു എന്നു് മനസ്സിലാക്കാം. തെൻപാണ്ഡിയിൽ, മഹേന്ദ്രഗിരിയിൽ മുത്തുവയലിൽ നിന്നും ഉത്ഭവിക്കുന്ന രണ്ടു് താമ്രവർണ്ണി നദികൾ ഉണ്ടു്. ഒന്നു് പടിഞ്ഞാറോട്ടു് ഒഴുകി, ആയ് നാട്ടിൽ കൂടി (പിന്നീടു് വേണാടു്) കടന്നു് അറബി കടലിൽ വീഴുന്നു. ഇതിനെ കോതയാറെന്നും വിളിക്കുന്നു. എന്നാൽ തെൻ പാണ്ഡിയിൽ കൂടി ഒഴുകി മന്നാർ ഉൾക്കടലിൽ വീഴുന്ന നദിക്കു് മഹാകോതയാർ എന്നാണു് പറഞ്ഞിരുന്നതു്. കാരണം ഈ നദി വൈഡൂര്യങ്ങൾക്കു് പ്രശസ്തി ആർജ്ജിച്ചവയാണു് (വിവരണം പുറകാലെ). ഈ മഹാകോതയാർ തീരത്തെ പട്ടണത്തിലാണു്, മഹാകോതയാർ പട്ടിനം' എന്നു് ഇരവികോതൻ ചെപ്പേടിൽ പറയുന്നതു്. ഈ മഹാകോതയപുരം ആണു് ചേരമാൻ പെരുമാക്കന്മാരുടെ കാലം മുതൽ, ചേരനാടിൻ്റെ തലസ്ഥാനമായിരുന്നതും, തെൻവഞ്ചി$_3$യെന്നു് അറിയപ്പെട്ടിരുന്നതുമായ പട്ടണം.

മൂന്നാം നൂററാണ്ടിൽ ചേര സാമ്രാജ്യ ചക്രവർത്തിയായിരുന്ന (ശ്രീവീര രാഘവ ചക്രവർത്തിയെന്നു് ചെപ്പേടിൽ പറയുന്ന) ചേരൻ ചെങ്കുട്ടവനാണു്, പെരുംകോയിലിലകത്തിരുന്നരുളി ഈ പട്ടയം കൊടുക്കുന്നതു്. ശ്രീവീര കേരള ചക്രവർത്തിയെന്നു് ചെപ്പേടിൽ പറയുന്നതു്, കുട്ടനാടു് അരചനായ ഉതിയൻ ചേരലാതനാണു്. ഇദ്ദ

www.malankaralibrary.com

ഹമാണ്, പൂഴിനാട്, കടനാട് കട്ടനാട്, ആയിനാട്, കൽനാട്
എന്നീ കാട്ടകരം ചേർത്തു് ചേരനാട്4 (കേരളം) പടുത്തയർത്തിയതു്.

ഇരവികത്താനായ മണി, ശ്രീ വീരവ രാഘവചക്രവർത്തിക്ക് വിലപിടിപ്പുള്ള സമ്മാനങ്ങൾ തിരുമുൽകാഴ്ചയായി കൊടുത്തിരിക്കും എന്നുള്ളതിനു് സംശയം ഇല്ല. മണിയുടെ ഏറ്റവും വലിയ സമ്മാനം 'മണിമേഖലാ' കാവ്യമാണ്. ശ്രേഷ്ഠ്യാക്കാരനായ മണി രചിച്ച ഈ കാവ്യത്തിൽ, സാഹിത്യ ഭംഗികളും, ഇതിൽ സംസ്കൃതവും, പാലിയും വാക്കുകൾ കടന്നു് കൂടുകയും ചെയ്തിട്ടുണ്ട്. ഈ മണിയെ കത്തനാരന്മാരുടെ തലവനായി (മുരവികത്തനാർ) ആണ് ചെപ്പേടിൽ പറയുന്നതു്.

എന്നാൽ കൊടുങ്ങല്ലൂർ, നസ്രാണി, എന്നി പദങ്ങൾ ഈ പട്ടയത്തിന്റെ ചരിത്രത്തെ ആസ്പദമാക്കി ചരിത്രകാരന്മാർ എഴുതിവെച്ചിട്ടുള്ളതു് ചിന്താകുഴപ്പം സൃഷ്ടിക്കുന്നുണ്ട്. കൊടുങ്ങല്ലൂർ എന്ന പേരു തന്നെ, മുസ്സിരിസ്സിനു് എ. ഡി. 1000ാം മാണ്ടിനു് ശേഷമാണ് കിട്ടുന്നതു്, 999- 1000ാം മാണ്ടു് കൊടുത്ത ഈ പട്ടയത്തിൽ പോലും മുസ്സിരികോട് എന്നാണ് പറഞ്ഞിരിക്കുന്നതു്. നസ്രാണികളുടെ അപ്പോസ്തോലനായ മാർതോമാ മുസ്സിരിസ്സിൽ വന്നിറങ്ങിയതുകൊണ്ടു്, ഈ ചെപ്പേട് നസ്രാണികൾക്ക് അവകാശപ്പെട്ടതു് എന്നുള്ള സങ്കല്പത്തിൽ കൊടുങ്ങല്ലൂർ എന്ന പദം തർജ്ജിമയിൽ ചേർക്കുകയാണ് ചെയ്തിട്ടുള്ളതു്. കൂടാതെ ചേരസാമ്രാജ്യത്തിന്റെ രണ്ടാമത്തെ തലസ്ഥാനമായിരുന്ന മകോതൈയപുരം (മഹാദേവൻ പട്ടണം) അഥവാ തെൻ വഞ്ചി മുസ്സിരിസ്സിനു് സമീപം ആണു് സ്ഥിതിചെയ്തിരുന്നതെന്നുള്ള സങ്കല്പവും, കൊടുങ്ങല്ലൂർ എന്ന പദം തർജ്ജിമയിൽ ചേർക്കാൻ കൂടുതൽ പ്രേരണ നൽകി. എന്നാൽ ചെപ്പേടിനെപ്പററിയുള്ള ശരിയായ രൂപം കിട്ടണമെങ്കിൽ മകോതൈയപുരത്തിന്റെ യഥാർത്ഥ സ്ഥാനം നിർണ്ണയിക്കപ്പെടേണ്ടിയിരിക്കുന്നു. ചിലപ്പതികാര കാവ്യത്തിലെ രേഖകളുടെയും,കേരള ചരിത്രരേഖകളുടെയും അടിസ്ഥാനത്തിൽ,ഈമകോതൈയപുരത്തിന്റെസ്ഥാനം എവിടെയാണെന്നു്വിവരിച്ചിരുന്നെങ്കിലും,ചെപ്പേടുകളിലെ രേഖകളുടെ അടിസ്ഥാനത്തിലാണ്,ഇതിന്റെസ്ഥാനം എവിടെയിരുന്നു എന്നു്താഴെവിവരിക്കുന്നതു്.

ക്നായി തൊമ്മൻ ചെപ്പേടിന്റെ ഇംഗ്ലീഷ് തർജ്ജിമയിൽ

www.malankaralibrary.com

"IN THE GREAT CITY OF THE GREAT IDOL" (വലിയ പ്രതിമ സ്ഥിതിചെയ്യുന്ന വലിയ പട്ടണം) എന്നാണ് കൊടുത്തിട്ടുള്ളത്. ഇരവികോർത്തൻ ചെപ്പേടിൽ പറയുന്ന അഴിമുതൽ ഗോപുരം വരെയുള്ള സ്ഥലം ഇരവികോർത്തൻ നീർ മുതലായി കൊടുത്തു എന്ന്. ഈ വലിയ പ്രതിമയും, അഴിയും, ഗോപുരവും എവിടെയെല്ലാം ആയിരുന്നു എന്ന് അറിഞ്ഞു കഴിഞ്ഞാൽ മകോതൈയപുരത്തിന്റെ യഥാർത്ഥ സ്ഥാനം വ്യക്തമാക്കുന്നതാണ്.

ഇരവികോർത്തൻ ചെപ്പേട്, വലിയ പ്രതിമയിരിക്കുന്ന പെരുങ്കോയിലിൽ എഴുന്നള്ളിയിരുന്നാണ്, വീര രാഘവചക്രവർത്തി, മകോതൈയർ പട്ടണത്ത് ഇരവികർത്തന് ദാനം ചെയ്യുന്നത്. ഈ പെരുങ്കോയിലിരിക്കുന്ന നഗരമാണ് മതുരൈ (മധുര). ഇവിടെയാണ് കണ്ണകിയുടെ ചിലമ്പ്, ഭർത്താവ് കോവലൻ, വിൽക്കാൻ കൊണ്ടുപോയതും അവിടെ വെച്ച് ദുരന്തം ഉണ്ടായതും, ഈ പ്രതിമയുടെ മാഹാത്മ്യത്തെപ്പറ്റി 'ചിലപ്പതികാരം' കാവ്യത്തിൽ വിവരിക്കുന്നുണ്ട്. മതുരൈ കൂല വണികൻ കത്തനാർ രാജാവിനോട് കണ്ണകിയുടെ കഥ[5] വിവരിക്കുന്നത് ഇപ്രകാരമാണ്.

> "സ്വാമിൻ കേട്ടാലും, അപ്രതിഹതമായ ഐശ്വര്യത്തോടുകൂടിയ പ്രാചീന മധുരൈയിൽ വെച്ച്, അന്ന് മഹാദുഃഖത്തിലാണ്ട വീര പത്നിയുടെ (കണ്ണകിയുടെ) മുമ്പിൽ ആ നഗര സംരക്ഷകയായ മഹാദേവി പ്രത്യക്ഷപ്പെട്ട്, കോപാവേശത്താൽ കൊങ്കയിൽ കൊടുന്തീ വിളയിച്ചവളെ! നിങ്ങളുടെ പൂർവ്വ ജന്മാർജ്ജിതമായ സൽഫലങ്ങളെല്ലാം തീർന്നിരിക്കുന്നു എന്ന് അരുളുകയുണ്ടായി."

ഈ കാവ്യത്തിന്റെ 29ാം കാതൈയിൽ പറയുന്നത്.

'കാവൽപ്പെണ്ണും, അടിയത്തോഴിയും, ദേവന്തിയും ഒന്നിച്ച് ചെന്ന് കണ്ണകിയേ കണ്ടേക്കാമെന്ന് പറഞ്ഞ് മധുരയാകുന്ന വലിയ നഗരത്തിൽ പ്രവേശിച്ചു[6]' എന്നാണ്.

'മണിമേകലൈ' കാവ്യത്തിൽ പറയുന്നത്:

'മധുരാപതി എന്ന് പറയപ്പെടുന്ന മധുരയുടെ അധിദേവതയായ വലിയ ദൈവം പ്രത്യക്ഷയായി[7]' എന്നീ പ്രകാര

www.malankaralibrary.com

www.knanayology.org

മാണ്.

മേലുദ്ധരിച്ച വിവരണങ്ങളിലെ പ്രാചീന മതുരൈ നഗരസംരക്ഷകയായ മഹാദേവിയുടെ പ്രതിമയിരിക്കുന്ന പെരുങ്കോയിലിലാണ് ചേരചക്രവർത്തി എഴുന്നെള്ളിയിരുന്ന് ഇരവി കോർത്തൻ ചെപ്പേട് കൊടുക്കുന്നത്. ക്നായി തൊമ്മൻ ചെപ്പേടിൽ പറയുന്ന 'വലിയ പ്രതിമയിരിക്കുന്ന വലിയ നഗരം' ഈ മതുരൈ പട്ടണം ആണ്. നാലാം നൂററാണ്ടിൽ നടന്ന കളഭ്രരുടെ ആക്രമണകാലം വരെ ചേര സാമ്രാജ്യത്തിന്റെ തലസ്ഥാനങ്ങൾ, പെരിയാർ തീരത്തെ വഞ്ചിയും, മതുരൈയും ആയിരുന്നു. മകോതൈയപുരം ചേരനാടിന്റെ തലസ്ഥാനം ആയി വരുന്നത് പെരുമാക്കന്മാരുടെ കാലം മുതലാണ്.

എന്നാൽ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തെ പെരുങ്കോയിലെന്ന് സങ്കല്പിച്ചാണ്, ചെപ്പേടുകളുടെ തർജ്ജിമകളിൽ എല്ലാം തന്നെയും 'കൊടുങ്ങല്ലൂർ' എന്ന പദം കൂട്ടിച്ചേർക്കുവാനുണ്ടായ മറെറാരു കാരണം. ഇവിടെ പ്രതിഷ്ഠിച്ച, ചളുക്കെപ്പുത്തത്തിന്റെ പ്രതിമ ചേരൻ ചെങ്കുട്ടുവന്റെ പിൻഗാമിയായി വന്ന ഇളംചേരൽ ഇരുമ്പൊറൈയാണ് പുകാറിൽ നിന്ന് കൊണ്ടുവന്നത്. ചേരലതാൻ ചക്രവർത്തിമാർക്ക് ഏററവും പ്രധാനപ്പെട്ട ക്ഷേത്രം അവരുടെ കുലദൈവമായ 'കൊററവദേവിയുടെയാണ്'. ഇത് പെരിയാർ തീരത്ത് ആയിരമല (മലയാററൂർ) യിലാണ് സ്ഥിതിചെയ്തിരുന്നത്. കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിന്, മതുരൈ ദേവിയുടെയും, കൊററവദേവിയുടെയും കോയിലുകളോളം പ്രാധാന്യം ഉണ്ടാകാൻ ന്യായമില്ല. മതുരൈ നഗരത്തെയും, ആ നഗരത്തിന്റെ സംരക്ഷകയായ ദേവിയുടെ പ്രതിമയും ആണ് ക്നായി തൊമ്മൻ ചെപ്പേടിൽ പറയുന്ന വലിയ പ്രതിമയിരിക്കുന്ന വലിയ നഗരം.

ഇനിയും, അഴി എവിടെയാണെന്ന് നോക്കാം. അഗസ്ത്യകൂടം (പൊതിയ മല–അഗസ്ത്യർ പെരിയ പൊതികൈയ്) മലകളിൽ നിന്ന് രണ്ട് താമ്രപർണ്ണിനദികൾ ഉത്ഭവിക്കുന്നുണ്ട്. ഒമ്പതാം നൂററാണ്ടു മുതൽ മഹേന്ദ്രഗിരി എന്നറിയപ്പെടുന്ന ഈ മലയിൽ, മുത്തുക്കുളിവയലിൽ നിന്നും പുറപ്പെടുന്ന പ്രധാന താമ്രാവണ്ണി നദി 75 നാഴികയോളം കിഴക്കായി ഒഴുകി മന്നാർ ഉൾക്കടലിൽ കുമാരതീർത്ഥം എന്ന സ്ഥലത്ത് പതിക്കുന്നു. ഈ നദിയെപ്പററി മഹാഭാരതത്തി

www.malankaralibrary.com

www.knanayology.org

ൽ പ്രതിപാദിക്കുന്നുണ്ട്. കൗടില്യന്റെ അർത്ഥ ശാസ്ത്രത്തിലും[10]
(320 ബി. സി ) ഇതിനെപ്പററി പറയുന്നുണ്ട് ഈ താമ്രവർണ്ണിയാ
ണ് താമ്രാമ്പിനിയെന്ന് വിദേശിയക്ക് സുപരിചിതമായ ന
ദി താമ്രാമ്പനിയിലെ മരതകരത്നങ്ങളോട് കന്യകമറിയാമി[11]
നെ ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നുണ്ട് മുത്തുക്കുഴി വയൽ മല
കളിൽ നിന്നും കുഴിച്ചെടുത്തിരുന്ന രത്നങ്ങൾ. വിദേശങ്ങളിലേക്ക്
പുരാണ കാലങ്ങളിൽ കയററി അയച്ചിരുന്നത് ഈ താമ്റവർണ്ണിയു
ടെ പതനസ്ഥലത്തെ കോട്ട കായൽ തുറമുഖത്തുനിന്നും ആണ്. ഈ തു
റമുഖത്താണ് പേർഷ്യക്കാരനായ ക്നായി തൊമ്മനും കൂട്ടരും എ. ഡി.
345 നോട് അടുത്ത് വന്നിറങ്ങിയത്.

മഹേന്ദ്രഗിരിയുടെ തെക്കേ അരികിൽ നിന്നും ഉത്ഭവിക്കുന്ന ര
ണ്ടാമത്തെ താമ്റവർണ്ണിനദി, കൽകുളം' വിളവം കോട് എന്നീ
താലൂക്കുകളിൽ കൂടി പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പ
തിക്കുന്നു. ഈ നദിയെ കോതയാറെന്നാണ് പൊതുവെ വിളിക്കുന്ന
ത്. എന്നാൽ മന്നാർ ഉൾക്കടലിൽ പതിക്കുന്ന താമ്റവർണ്ണി
നദി മററൊരു കോതൈയാറാണ്. പക്ഷെ ചിലപ്പതികാരത്തിലെ
പാതിവ്രത്യത്തിന്റെ പ്രതീകമായ കണ്ണകിയെ, മാതങ്ക, മാപത്നി എ
ന്ന് ബഹുമാനപുരസരം സംബോധന ചെയ്യുന്നതുപോലെ; രത്ന
ങ്ങൾ വിളയുന്ന മലയിൽ നിന്ന് ഉത്ഭവിക്കുന്നതും, ഈ രത്നങ്ങൾ
ക്ക് വിദേശങ്ങളിൽ പ്രശസ്തി കൊടുത്തതുമായ, കിഴക്കോട്ട് ഒഴുകുന്ന
വലിയ താമ്റവർണ്ണിയെ' മാകോതൈയാർ' എന്ന് വിളിച്ചിരിക്കും
എന്നുള്ളതിന് സംശയമില്ല. രത്നങ്ങൾ അഗസ്ത്യകൂടം മലയിൽ
പുരാണകാലങ്ങളിൽ (ഇപ്പോഴും) വിളഞ്ഞിരുന്നു എന്നുള്ളത് സൂക്ഷ്മ
മായ ഒരു വസ്തുതയാണ് ചന്ദ്രഗുപ്തമൗര്യന്റെ (ബി. സി. 321-297)
മന്ത്രിയായിരുന്ന കൗടില്യൻ തന്റെ അർത്ഥശാസ്ത്ര[12]ത്തിൽ, ചൂർണ്ണ'
നദിയിൽ നിന്ന്, ചൗർണ്ണേയം (സുവർണ്ണം) എന്ന മുത്തും, മഹേന്ദ്ര
ഗിരിക്ക് അടുത്ത് നിന്ന് മാഹേന്ദ്രം എന്ന രത്നവും ലഭിച്ചിരുന്ന
തായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ മാകോതൈയാറിന്റെ പതന സ്ഥലമാണ് അഴിയായി ഇ
രവി കോർത്തൻ ചെപ്പേടിൽ പറയുന്നത്. മേല്പറഞ്ഞ അഴിക്കും,
ഗോപുരത്തിനും മദ്ധ്യേയുള്ള സ്ഥലമാണ് ചെപ്പേടും പടി ഇരവി
കോർത്തന് നീർ മുതലായി കിട്ടിയത്. ഈ ചെപ്പേട് കിട്ടുന്നതി

www.malankaralibrary.com

ന് മുൻപേ തന്നെ മാകോതൈയാർ തീരത്ത്, മാകോതൈയാർ പട്ടണം ഇരവികോർത്തൻ പട്ടത്തുയർത്തി കഴിഞ്ഞിരുന്നു. ചെപ്പേടിൽ

'മാകോതൈയാർ പട്ടണത്ത് ഇരവി കോർത്തനായ്.'

എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പട്ടണം ആണ്, മഹാദേവർ പട്ടണം, മഹോദയപുരം, തെൻവഞ്ചി, തിരുവഞ്ചിക്കുളം എന്നീ പേരുകളിൽ കേരള ചരിത്രത്തിൽ അറിയപ്പെടുന്നത്. ഈ താമ്റവർണ്ണി നദിയുടെ പതന സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന രണ്ട് തുറമുഖങ്ങളായിരുന്നു കോർക്കൈയും കോട്ടകായലും.

അടുത്തതായി ചെപ്പേടിൽ പറയുന്ന ഗോപുരം എവിടെയാണെന്ന് നോക്കാം. മകോതൈയപുരം, ചേരനാട്ടിൽ പണ്ടെപ്പുലവര് ചീത്തലൈ ചാത്തനാർ എന്നറിയപ്പെട്ടിരുന്ന, മണിയാണ് പട്ടത്തുയർത്തിയത്. ജ്യോതിശാസ്ത്രജ്ഞനായ മണി ഒരു വാനനിരീക്ഷണകേന്ദ്രം പട്ടത്തുയർത്തിട്ടുണ്ടായിരുന്നു എന്നുള്ളതിന് സംശയം ഇല്ല. മാകോതൈയപുരത്ത് ഒരു വാന നിരീക്ഷണ കേന്ദ്രം ഉണ്ടായിരുന്നതായി കേരള ചരിത്രം തന്നെ സാക്ഷിക്കുന്നുണ്ട്. ഈ വാന നിരീക്ഷണകേന്ദ്രത്തിലെ ഗോപുരം ആണ് ചെപ്പേടിൽ പറയുന്ന ഗോപുരം എന്നാണ് എന്റെ നിഗമനം. ഈ ഗോപുരത്തിന്റെ ശരിയായ സ്ഥാനം നിർണ്ണയിക്കുവാൻ തിരുച്ചന്ദൂർ ക്ഷേത്രത്തിന്റെ പുരാണചരിത്രത്തിലേക്ക് എത്തി നോക്കേണ്ടിയിരിക്കുന്നു. ഈ ക്ഷേത്രത്തിന്റെ പുരാണ ചരിത്രം തന്നെ ഒരു 'മയാവി' യുമായി ബന്ധപ്പെടുന്നുണ്ട്. ഈ മായാവി മണിതന്നെയല്ലേ എന്ന് ഞാൻ കരുതുന്നു. മണിക്ക് ഒരേ സമയത്ത് പലയിടങ്ങളിലും പ്രത്യക്ഷ[13]പ്പെടാനുള്ള കഴിവുണ്ടായിരുന്നു. ഈ 'മായ' എന്നറിയപ്പെടുന്ന മായാശില്പി (Celestial Architect) ഭൂനിരപ്പിനും താഴെ ചെങ്കല്ലിൽ നിന്നും വെട്ടിയെടുത്ത ഒരു ഗുഹാക്ഷേത്ര[14]മാണ് ഇവിടത്തെ മൂലക്ഷേത്രം. ഇവിടത്തെ മൂലവരും രണ്ട് അന്തനകളും അതേ കല്ലിൽ തന്നെ കൊത്തിയെടുത്തിട്ടുള്ളവയാണ്. സുബ്രഹ്മണിയാണ് മൂല പ്രതിഷ്ഠ ഇതിനടുത്തുള്ള ആറു കുന്നുകളിലെ ക്ഷേത്രത്തിൽ സുബ്രഹ്മണിയെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ഈ ആറ് കുന്നുകളിലും മായാവി വിളയാടിയിരുന്നു എന്നാണ് ചരിത്രം പറയുന്നത്. പക്ഷേ തിരുച്ചന്ദൂർ ക്ഷേത്രം മാത്രമേ കടൽ തീരത്ത് സ്ഥിതിചെയ്യുന്നുള്ളു. മായാവിയായ മണിക്ക് വാനനിരീക്ഷണത്തിന് ഏററവും അനുയോജ്യമായ

www.malankaralibrary.com

സ്ഥലം ഇതായിരുന്നു എന്നുള്ളതിന് സംശയം ഇല്ല. മണിയുടെ ജീവചരിത്രത്തിൽ താൻ ഒരു വർഷം മുഴവനും ഒരു ഗുഹയിൽ കഴിച്ചുകൂട്ടി ചിത്രങ്ങൾ രചിച്ചു എന്നു പറയുന്നുണ്ട്. ഈ ചിത്രങ്ങൾ തന്റെ നിരീക്ഷണത്തിന്റെ രേഖകൾ ആയിരുന്നു എന്ന് കരുതാൻ ന്യായമുണ്ട്. ക്രിസ്തുവിനു മുൻപു തന്നെ തിരുച്ചന്ദൂർ ക്ഷേത്രം ഉണ്ടായിരുന്നു എന്ന് ഇവിടത്തെ ചരിത്രം പറയുന്നുണ്ടെങ്കിലും, വർണ്ണാശ്രമം ശക്തിപ്രാപിക്കുന്നതിന് മുൻപുള്ള ഒരു ക്ഷേത്രം ആയിരുന്നു ഇത് എന്നുള്ളതിന് സംശയമില്ല.

വേണാട്ട് നാട്ടിൽ, സംസ്കൃതം സാംസ്ക്കാരികമായി ആധിപത്യം നേടിയതോടുകൂടി, സ്ഥലനാമങ്ങൾക്കും അതിന്റേതായ വ്യത്യാസം വന്നുകൂടിയിരുന്നു. 'ഊർ' എന്ന ആര്യവാക്കിന് 'കോട്' എന്ന ദ്രാവിഡ വാക്ക് വഴിമാറി കൊടുത്തു. അങ്ങനെ തിരുവാംകോട്, തിരുവിതാംകൂർ ആയി. അതുപോലെ തിരുച്ചകോട് (തിരുചങ്കെങ്കോട്) തിരുച്ചങ്ങൻദൂർ-തിരുച്ചന്ദൂർ-എന്നായി മാറി. ചിലപ്പതികാര വ്യഖ്യാതാവായ അടിയാർക്ക്നല്ലാർ 15 ഈ തിരുച്ചങ്കോടിന്റെയും കൊടുങ്കല്ലൂരിന്റെയും യഥാർത്ഥ സ്ഥാനത്തെപ്പററി വ്യക്തമാക്കുന്നുണ്ട്.

> ''ചെങ്കുന്നു എന്നുള്ളതു് കൊടുങ്കല്ലൂരിന് അടുത്തുള്ള മലയാണ്. തിരുച്ചങ്കോടാണെങ്കിൽ വഞ്ചിമാന നഗരത്തിന് വടക്ക് കിഴക്കായി അറുപതു് കാതം വഴി ദൂരത്തു് കിടക്കുന്നു.''

ഇവിടെ വഞ്ചിമാനഗരമെന്ന് പറയുന്നതു് തെൻ വഞ്ചിയാണ്; അതുപോലെ മുസ്സിരികോടാണ് കൊടുങ്കോളൂർ ആയി തീർന്നതു്.

കുട്ടനാട്, അരചനായിരുന്ന ഉതിയൻ ചേരലാതൻ, കുടനാട്ടും, പുഴിനാട്ടും, ആയിനാട്ടും, കൽനാട്ടും പിടിച്ചെടുത്തു് തന്റെ നാടിനോടു് ചേർത്തു് ചേരനാട് പടുത്തുയർത്തിയപ്പോൾ, ഈ നാടിന്റെ തലസ്ഥാനമായി കുടനാട്ടിലെ വഞ്ചിയാണ് തെരഞ്ഞെടുത്തതു്. തന്റെ പിൻഗാമികളായ ചേരലാതനാർ പാണ്ഡിനാട്ടും, ചോളനാട്ടും പിടിച്ചെടുത്തു് ചേരസാമ്രാജ്യം പടുത്തുയർത്തിയപ്പോൾ, വഞ്ചിയും, കരവൂരും, മധുരൈയും അതിന്റെ തലസ്ഥാനങ്ങളായി തീർന്നു ഉതിയൻ ചേരലാതന്റെ ശാഖ 201 കൊല്ലം ചേരസാമ്രാജ്യം ഭരിച്ചിരുന്നു, അതിനു് ശേഷം 58 കൊല്ലം ഇരുമ്പൊറൈ ശാഖ ഈ സാമ്റാജ്യം ഭരിച്ചിരുന്നു. പിന്നീ

www.malankaralibrary.com

ട്ട് കളഭ്രരുടെ ആക്രമണം ഉണ്ടായി. നാലാം നൂററാണ്ടു മുതൽ ആറാം നൂററാണ്ടുവരെ സാർവ്വത്രികയുദ്ധത്തിൻെറ കാലം ആയിരുന്നു അതിനു് ശേഷം രണ്ടാം ചേര സാമ്റാജ്യം പടുത്തുയർത്തിയ കുലശേഖരവർമ്മന്മാരുടെ തലസ്ഥാന നഗരിയായിട്ടാണു് മഹോദയപുരം തെൻവഞ്ചി-ചരിത്രത്തിൽ കാണുന്നതു്. എന്നാൽ ചേരമാൻ പെരുമാക്കന്മാരുടെ കാലത്തും മഹോദയപുരം തന്നെ ചേരനാടിൻെറ തലസ്ഥാനം ആയിരുന്നിരിക്കണം. കാരണം 64 ഗ്രാമക്കാർ ആയ 'തരിയാസ്ഥരാ' ആണു് ഇവരെ തെരഞ്ഞെടുത്തിരുന്നതു്. ഈ 64 ഗ്രാമക്കാർ ബ്രാഹ്മണർ ആയിരുന്നു എന്നു് കേരളചരിത്രത്തിൽ പറയുന്നുണ്ടെങ്കിലും അതു് ശരിയാകാൻ ന്യായമില്ല (ഇതേപ്പററി ക്നാനായി തൊമ്മൻ ചെപ്പേടിനെ അടിസ്ഥാനമാക്കി പിന്നാലെ വിവരിക്കുന്നതാണു്). ഈ മകോതൈയപുരത്തിനു്-വഞ്ചിമാ നഗരത്തിനു്-വടക്കു് കിഴക്കായി സ്ഥിതി ചെയ്യുന്ന തിരുചൈക്കോട്-തിരുച്ചന്ദ്രർ-ആണു് ഇരവി കോർത്തൻ ചെപ്പേടിൽ പറയുന്നഗോപുരത്തിൻെറ (വാന നിരീക്ഷണഗോപുരം) യഥാർത്ഥ സ്ഥാനം.

വർണ്ണാശ്രമം ശക്തിപ്രാപിച്ചു്, ഈ തിരുച്ചന്ദ്രരിൽനിന്നും അസ്വാതന്ത്ര്യത്ത (മണിക്കിയ മതക്കാർ) ഓടിച്ചു് ഇതിനു ജയന്തിപുരം എന്നു് നാമകരണം ചെയ്തു അങ്ങനെ ഇന്ദ്രൻെറ[16] നാടായി ഇവിടം പരിലസിക്കുന്നു. അതുപോലെ പൊതിയമല (അഗസ്ത്യകൂടം)കളം മഹേന്ദ്രഗിരി എന്നു് അറിയപ്പെടാനും തുടങ്ങി. ഒമ്പതാം നൂററാണ്ടിൽ ചേരചക്രവർത്തിയായിരുന്ന സ്ഥാണു രവിയുടെ കാലത്തു് (തരിസ്സാപ്പള്ളി ചെപ്പേടു് കൊടുത്ത കാലം) മകോതൈയപുരം ഒരു പ്രസിദ്ധമായ വിദ്യാകേന്ദ്രവും സാംസ്കാരിക നഗരിയും ആയിതീർന്നു. അദ്ദേഹത്തിൻെറ കാലത്തു് മഹോദയപുരത്തു് ഒരു വാന നിരീക്ഷണ ശാല പ്രവർത്തിച്ചിരുന്നു എന്നാണു് ചരിത്രം പറയുന്നതു്. ഈ നിരീക്ഷണ ശാല രവി 'മന്ത്രാലയം' എന്ന പേരിലാണു് അറിഞ്ഞിരുന്നതു്. ജ്യോതിശാസ്ത്രാലയത്തിൻ്റെ മേധാവിയായിരുന്ന ശങ്കരനാരായണൻ ഒരു ഇന്ദ്ര ഭക്തനായിരുന്നു. അദ്ദേഹത്തിൻെറ വ്യാഖ്യാനകൃതിയായ ശങ്കരനാരായണീയത്തിൽ നിന്നും ആര്യഭട്ട[17]ൻെറ (ഭടൻെറ) ഗണിത സമ്പ്രദായം ആണു് അക്കാലത്തു് കേരളത്തിൽ പ്രചാരത്തിലിരുന്നുവെന്നു് മനസ്സിലാക്കാം.

പതിനൊന്നാം നൂററാണ്ടിൻെറ അവസാനമായപ്പോഴേക്കും,

www.malankaralibrary.com

ചോളരുമായിട്ടുള്ള യുദ്ധത്തോടുകൂടി, കുലശേഖര വർമ്മന്മാരുടെ സാമ്രാജ്യം തകർന്നു. തലസ്ഥാനമായിരുന്ന മഹോദയപുരവും സൈനിക കേന്ദ്രങ്ങളായിരുന്ന കാന്തളൂർ വിഴിഞ്ഞം തുടങ്ങിയ സ്ഥലങ്ങളും നാമാവശേഷമായി. അവസാനത്തെ വർമ്മനായിരുന്ന രാമവർമ്മ കുലശേഖരൻ മഹോദയപുരത്തു് നിന്നും തലസ്ഥാനം കൊല്ലത്തേക്കു് മാററുകയുണ്ടായി. ഈ മഹോദയപുരത്തിന്റെ യഥാർത്ഥസ്ഥാനം ഇപ്പോൾ 'പാളയ കായൽ' എന്നറിയപ്പെടുന്ന ഗ്രാമം ആയിരിക്കാൻ സാദ്ധ്യതയുണ്ടു്. കോർകൈയും, കായലും മൂന്നാം നൂററാണ്ടിൽ തെൻപാണ്ഡി നാടിന്റെ പ്രധാന തുറമുഖങ്ങളായിരുന്നു. താമ്രവർണ്ണി നദിയിൽക്കൂടി ഒഴുകിവന്ന മണ്ണടിഞ്ഞു്, ഇന്നു് മേൽപറഞ്ഞ സ്ഥലങ്ങൾ ഗ്രാമങ്ങളായി തീർന്നിരിക്കുകയാണു്. ഇതിൽ 'പാളയ കായൽ' മാർക്കോപ്പോളോ എ. ഡി 1292-ൽ സന്ദർശിച്ചതായി രേഖയുണ്ടു്. ഇദ്ദേഹം മൈലാപ്പൂരും സന്ദർശിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ചരിത്ര രേഖയെ ആസ്പദമാക്കിയാണു് പോർട്ടുഗ്ഗീസ്സുകാർ മൈലാപ്പൂരിൽ ഗവേഷണം നടത്തിയതു്.

മൂന്നാം നൂററാണ്ടിൽ ചേരസാമ്രാജ്യത്തിൽ വന്ന രണ്ടു് ആര്യ ജ്യോതി ശാസ്ത്രജ്ഞന്മാരായ ബർദ്ദെസ്സാനും മണിയും തമ്മിലുള്ള ബന്ധം ഇവിടെ കുറിക്കുന്നതു് അസ്ഥാനത്തു് ആകുകയില്ലെന്നു് വിചാരിക്കുന്നു. മനുഷ്യനു് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഉള്ള സ്വാതന്ത്ര്യം അത്യന്താപേക്ഷിതമാണെന്നു് ദൃഢമായി വിശ്വസിച്ച ബർദ്ദെസ്സാൻ എദേസ്സായിലെ എപ്പിസ്കോപ്പാ[18] സ്ഥാനത്തുനിന്നും രാജിവെച്ചശേഷം വിവാഹിതനായി കുടുംബജീവിതം നയിക്കുകയും, അതേ സമയം ജ്യോതിശാസ്ത്രത്തിലും ബഹിരാകാശ ശാസ്ത്രത്തിലും കൂടുതൽ ഗവേഷണം നടത്തുന്നതിനായി ജീവിതം ഉഴിഞ്ഞു് വെക്കുകയും ഉണ്ടായി. രാഷ്ട്രീയമായ അസ്വാതന്ത്ര്യത്തിൽനിന്നും രക്ഷപ്പെടാൻ വേണ്ടി അദ്ദേഹം ഇൻഡ്യയിലേക്കു് (ചേരനാട്ടിലേക്കു്) ഓടിപ്പോന്നിരുന്നു. എന്നാൽ ഇതരശാസ്ത്രങ്ങളിൽ ബർദ്ദെസ്സായെ ആശ്രയിക്കേണ്ടിവന്ന മണിയും രാഷ്ട്രീയമായ പ്രതികൂല സാഹചര്യം മൂലം പേർഷ്യയിൽനിന്നും, ബർദ്ദെസ്സാനെ പിൻതുടർന്നു് ചേരനാട്ടിലേക്കു് വന്നു എന്നാണു് മണിയുടെ ചരിത്രം പറയുന്നതു്. അവർ രണ്ടുപേരും ഈ ചേരനാട്ടിൽ വെച്ചു് കണ്ടുമുട്ടിയിരുന്നു എന്നുള്ളതിനു് 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥം തെളിവു് തരുന്നുണ്ടു്.

www.malankaralibrary.com

www.knanayology.org

ക്രിസ്തു സഭയിലെ ആദ്യകാല ചരിത്രകാരന്മാരിൽ പ്രമുഖനായ എഫ്രേം സന്യാസി ബർദേസ്സാനും, മണിയും തമ്മിലുള്ള ബന്ധത്തെപ്പററി പറയുന്നതു് താഴെ വരും പ്രകാരമാണു്.

'Mani did however, make the acquaintenance of Bardaissan's cosmology and the dualistic germ it contained he developed to the full. Ephrem Syrus put it as follows. Because Mani was unable to find another way out; he entered through unwillingly, by the door which Bard-aissan opened. Therefore Ephrem calls Bardaissan the 'teacher of Mani' and says that the latter borrowed much from him, astrology in particular yet cosmology is the cardinal point.'[19]

മണി ചേരനാട്ടിൽ വന്നു്, ഇവിടത്തെ ഭാഷ പഠിക്കുവാനും, (ഏതു് നാട്ടിൽ ചെന്നാലും അവിടത്തെ ഭാഷ വശമാക്കണമെന്നു്, തന്റെ അനുയായികളെ മണി അനുശാസിച്ചിരുന്നു.) വാനനിരീക്ഷണത്തിനുമായി ആദ്യമേ തന്നെ കുറെ സമയം ചെലവാക്കിയിരിക്കും എന്നുള്ളതിനു് സംശയമില്ല. ഈ സമയത്തു് ചേരനാട്ടിൽ ഉണ്ടായിരുന്ന ബർദേസ്സാനും ആയി താൻ കണ്ടുമുട്ടിയിരിക്കും എന്നുള്ളതിനും സംശയമില്ല ഇങ്ങനെ ചെലവാക്കിയ സമയമാണു്, ഒരു ഗുഹയിൽ ഒരു വർഷത്തോളം ഏകാന്തവാസം നടത്തി, ദൈവം വെളിപ്പെടുത്തി തന്ന ചിത്രങ്ങൾ വരച്ചു എന്നു് മണി തന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. ഇങ്ങനെ ഏകാന്തവാസം നടത്തിയ ഗുഹയാണു്, തിരുച്ചന്ദൂരിലെ മൂലക്ഷേത്രം എന്നു് ഞാൻ കരുതുന്നു. ഈ മൂലക്ഷേത്രത്തിന്റെ ഗോപുരമായിരിക്കും, വാനനിരീക്ഷണത്തിനായി താൻ ഉപയോഗിച്ചിരുന്നതും, ഗോപുരം എന്നു് ചെപ്പേടിൽ പറയുന്നതുമായ വസ്തു.

ആകാശത്തു് മയിലിനെപ്പോലെ പറക്കുവാനും മായാവി ആകുവാനും അത്ഭുത സിദ്ധിയുള്ള മണിയായിരുന്നു ഈ തിരുച്ചന്ദൂർ മൂലക്ഷേത്രത്തിന്റെ ശില്പി. അവിടെ നിർമ്മിച്ച വാനനിരീക്ഷണ ഗോപുരത്തിലുണ്ടായിരുന്ന സാമഗ്രഹികൾ ഒമ്പതാം നൂററാണ്ടോടുകൂടി മകോതൈയാർ പട്ടണത്തിലേക്കു് മാററി, ഇന്ദ്രഭക്തനായിരുന്ന ശങ്കരനാരായണന്റെ മേധാവിത്വത്തിലാക്കി എന്നു് അനുമാനിക്കുന്നതിൽ അപാകതയുണ്ടോ എന്നു് തോന്നുന്നില്ല. അങ്ങനെ ചെപ്പേടിലെ മ

www.malankaralibrary.com

കോതൈയാർ പട്ടണം, മഹോദയപുരം — മഹാദേവർ പട്ടണം— എന്നായി തീർന്ന ഈ മകോതൈയാറിന്റെ പതന സ്ഥലമായ അഴിമുതൽ തിരുച്ചന്ദൂരിലെ വാനനിരീക്ഷണ ഗോപുരം വരെയുള്ള സ്ഥലങ്ങളാണ് വീരരാഘവ പട്ടയപ്രകാരം ഇരവികോർത്തന് നിർമൃതലയായി കിട്ടിയതു്. അങ്ങനെ ആദ്യത്തെ സംഘമായ 'മണിഗ്രാമ' സംഘം മകോതൈയപുരത്ത് വണി സ്ഥാപിച്ചു. മണി ചങ്കെപ്പലവരു് ചീത്തലൈ ചാത്തനാരായി സംഘം കൃതികളിൽ അറിയപ്പെടുകയും ചെയ്യുന്നു.

ഇരവികർത്തനായ മണി, എ. ഡി 240 ൽ (എ. ഡി. 242നു് മുൻപായി) പേർഷ്യയിലേക്ക് തിരികെപ്പോയി. എ. ഡി. 345-ൽ ചേരനാട്ടിൽ കുടിയേറിയ ക്നായിത്തൊമ്മനും കൂട്ടരും അന്യം നിന്നുപോയ, ഈ മകോതൈയർ പട്ടണം തന്നെയാണ് എ. ഡി. 349 ലെ ക്നായി തൊമ്മൻ ചെപ്പേട് പ്രകാരം ദാനം കിട്ടുന്നതു്. ഇരവികോർത്തൻ ചെപ്പേടുപ്രകാരം സ്ഥാപിതമായ മണിഗ്രാമ സംഘം എ. ഡി. 849 ലെ തരിസാപ്പള്ളി ചെപ്പേടിലും പ്രത്യക്ഷപ്പെടുന്നുണ്ടു്. 600 വർഷങ്ങൾ കഴിഞ്ഞിട്ടും മണിഗ്രാമ സംഘത്തിന്റെ പ്രതാപം അസ്തമിച്ചില്ലായിരുന്നു എന്നു് ഇതിൽനിന്നും വ്യക്തമാണു്.

ഇരവികോർത്തൻ ചെപ്പേടിൽ ഇപ്പോഴത്തെ സ്ഥിതിയിൽ, പുരാണ വട്ടെഴുത്ത് തമിഴിൽ എഴുതിയ ആദ്യത്തെ നാലുവരികൾ തിരുത്തി മൂന്നു് വരികളാക്കി മലയാള ലിപിയിൽ എഴുതിയ സംസ്കൃതമാണെന്നു് കാണാവുന്നതാണു്. ഒരു ജൈന അരചനായിരുന്ന, ചേരൻ ചെങ്കുട്ടുവൻ കൊടുത്ത ഈ ചെപ്പേടിൽ ആദ്യത്തെ വരിയിൽ കൊടുത്തിരിക്കുന്ന "ഹരിശ്രീ ഗണപതേ നമ" എന്നു് എഴുതുമോ എന്നു് സംശയിക്കുന്നു. ബാക്കിയുള്ള വരികൾ വട്ടെഴുത്ത് തമിഴ് തന്നെയാണു്. ചെല്ലറാത്ത തിരുത്തലോടുകൂടി തന്നെ ഒരു ശംഖിന്റെ രൂപവും ഇതിൽ കൊടുത്തിട്ടുണ്ടു്. ഇതു് വേണാടിന്റെ ആധിപത്യം ആണു് കാണിക്കുന്നതു്. മറെറാരു സംശയമുള്ളതു്, ഈ ചെപ്പേട് പ്രകാരം സ്ഥാപിതമായ ചങ്കം (സംഘം), ശംഖ് (ചക്) എന്നു് തെററു ധരിച്ചാണോ അതിന്റെ രൂപം അതിൽ കൊടുത്തിരിക്കുന്നതു്? എന്തായാലും ഇവയെല്ലാം പതിനാം നൂററാണ്ടിനു് ശേഷമുള്ള തിരുത്തലുകളാണു്

www.malankaralibrary.com

മണിയുടെ പ്രവർത്തന ഫലത്താൽ മകോതൈയപുരത്ത്, മണിക്കേയമതാനുയായികൾ കൂടുതലായി ഉണ്ടായിട്ടുണ്ട് എന്നുള്ളതിനു സംശയമില്ല. ഇങ്ങനെ വളർന്നു വന്ന മണിക്കേയരുടെ പിൻഗാമികളൊ എന്നു തോന്നുമാറു്, ശ്രീ വൈക്കം ക്ഷേത്രത്തിനടുത്ത് കോട്ട പിള്ളമാർ[20] എന്നൊരു കൂട്ടർ ബാഹ്യലോകവുമായി എല്ലാ ബന്ധങ്ങളും വിച്ഛേദിച്ച് മൺകോട്ടയ്ക്കുള്ളിൽ ഇന്നും കഴിഞ്ഞു കൂടുന്നുണ്ട്. ഇവരെപ്പറ്റി പുരാവസ്തു ഗവേഷകർ കൂടുതൽ അന്വേഷണം നടത്തിയാൽ മൺ മറഞ്ഞ മണിക്കേയമതത്തെപ്പറ്റി വളരെയധികം വിവരങ്ങൾ അറിയാൻ സാധിക്കും. അതുപോലെ ആര്യഭടനെപ്പറ്റിയും ചില ഗവേഷണങ്ങൾ നടത്തിയാൽ നല്ലതായിരിക്കും. ഒരു ആര്യനായ ബർദേസ്സാൻ ആണോ ആര്യവ്യക്തി എന്നു ബലമായി ഞാൻ സംശയിക്കുന്നു. മാനിയുടെ ആശാനായിരുന്ന ബർദേസ്സാന്റെ പേരു ലോപിച്ച് ആര്യഭടൻ എന്നു ആയതല്ലേ? പക്ഷേ ചരിത്രം ഒന്നു സ്ഥിരീകരിക്കുന്നുണ്ട്, അതായത് മകോതൈയപുരം വാനനിരീക്ഷണാലയത്തിലും, വടക്കേ ഇന്ത്യയിൽ ഗുപ്തസാമ്രാജ്യത്തിലും ഒരു പോലെ പ്രവർത്തിച്ചിരുന്ന ഒരു വ്യക്തിയാണ് ആര്യഭടൻ. ഈ ഭടൻ മണിയായിരിക്കുമോ എന്നും സംശയം ഇല്ലാതില്ല. പക്ഷേ മുൻതൂക്കം ബർദേസ്സാനു തന്നെയാണ്.

മണിക്കേയ മതക്കാരുടെ ചരിത്രം എഴുതാത്ത ഒരു ചേരനാട് ചരിത്രവും പൂർണ്ണമാണെന്നു പറയാൻ സാധിക്കുകയില്ല. മണിഗ്രാമത്തെ 'മന്നാഗ്രാമ'[21]മെന്നു ചില രേഖകളിൽ കൊടുത്തിട്ടുണ്ട്. ഈ മന്നാഗ്രാമത്തെ ആശ്രയിച്ചാണോ മന്നാർ ഉൾക്കടൽ എന്ന പേരു വന്നത് എന്നു തോന്നിപ്പോകുന്നു. അതുപോലെ മണിയെന്നല്ല 'മാനി' എന്നാണ് ശരിയായ ഉച്ചാരണമെന്നും അഭിപ്രായമുണ്ട്. 'മാന്യന്മാർ' എന്ന സംബോധന തന്നെ ഇവരെ ഉദ്ദേശിച്ചായിരുന്നോ എന്നു തോന്നിപ്പോകുന്നു. വളരെ അധികം വിവരങ്ങൾ ഈ മതത്തെപ്പറ്റിയും, വേണാട് നാടിനെപ്പറ്റിയും ഇനിയും അറിയേണ്ടതായിട്ടുണ്ട് എന്നു രേഖപ്പെടുത്തി കൊള്ളുന്നു.

## ഇരവികോർത്തൻ ശാസനം

ഹരി ശ്രീ മഹാഗണപതേ നമ

ശ്രീ...വീരരാഘവ ചക്രവർത്തിയുടെ ശ്രേഷ്ഠരാജത്വം നടക്ക

www.malankaralibrary.com
www.knanayology.org

ന്ന മകരവ്യാഴം, മീനമാസം ഇരുപത്തിയൊന്നാം തീയതി ശനിയാഴ്ച, രോഹിണിനാൾ പെരുങ്കോയിലകത്തിരുന്നരുളി മകോതൈയർ പട്ടണത്തു് ഇരവികോർത്തനായ ചേരമാൻ ലോകപ്പെരുഞ്ചെട്ടിക്കു് മണിഗ്രാമപട്ടം നാം കൊടുത്തിരിക്കുന്നു. വിളംബാടയും, പവാത്താങ്കം, മററവകാശങ്ങളും, കടുത്തു വാണിജ്യവും, വാണിഭത്തിന്നു് കുത്തകയും, മുൻചൊല്ലും, മുൻനടയും, പഞ്ചവാദ്യവും, ശംഖും, പകൽവിളക്കും, പാവാടയും, അന്ദോളവും, കൊററക്കുടയും, വടുകപ്പുറയും, ഇടുപടി, തോരണവും, നാലു ചേരിയിലെ കുത്തകയും നാം കൊടുത്തിരിക്കുന്നു. വാണിയരെയും ഐങ്കമ്മാളരെയും നാം അടിമകൊടുത്തിരിക്കുന്നു. പറകൊണ്ടളന്നു്, കട്ടികൊണ്ടു് തൂക്കി, നൂലുകൊണ്ടളന്നു്, എണ്ണുന്നതിലും, എടുക്കുന്നതിലും, ഉപ്പു് ശർക്കര വിളക്കെണ്ണതൊട്ടു് കസ്തൂരി വരെയുള്ള എല്ലാററിനും തരകും അതിനടുത്ത ചുങ്കവുംകൂടെ നഗരത്തിന്നു് കർത്താവായ ഇരവികോർത്തന്നു് നാം കൊടുത്തിരിക്കുന്നു. അഴി മുതൽ ഗോപുരം വരെയുള്ള സ്ഥലത്തു് —വിശേഷാൽ നാലുതളിക്കും (അമ്പലം) തളിക്കടുത്ത ഗ്രാമത്തിനും ഇടയിൽ — ഇവ രണ്ടും ചേരമാൻ ലോകപ്പെരുഞ്ചെട്ടിയായ ഇരവികോർത്തന്നു് നീർമുതലായി നാം ചെപ്പേടെഴുതിക്കൊടുത്തിരിക്കുന്നു. ഇവന്റെ മക്കൾക്കും അവരുടെ സന്തതികൾക്കും പാരമ്പര്യാവകാശമായി മേൽപ്പറഞ്ഞവയെല്ലാം കൊടുത്തിരിക്കുന്നു.

ഇതറിയുന്ന വന്നിയൂർ ഗ്രാമവും ചോവരഗ്രാമവും വേണാടും ഓടനാടും ഏറനാടും വള്ളുവനാടും അറികെ ചന്ദ്രാദിത്യന്മാരുള്ള നാളത്തേക്കു് കൊടുത്തിരിക്കുന്നു.

ചെപ്പേടെഴുതിയ ചേരമാൻ പെരുന്തട്ടാൻ നമ്പിചടയൻ (ഒപ്പു്)

## 2) ക്നായി തൊമ്മൻ ചെപ്പേടു്

ക്നായി തൊമ്മനും കൂട്ടരും, മന്നാർ ഉൾക്കടലിൽ പതിക്കുന്ന താമ്രപർണ്ണി നദിയുടെ പതനസ്ഥലമായ കോട്ടകായലിലാണു് ഏ. ഡി. 345 ൽ വന്നിറങ്ങിയതു്. ഇതിന്റെ തെളിവായി, ഏ. ഡി 1899 ലെ തിരുവിതാംകൂർ റോയൽ കോടതി ന്യൂനപക്ഷ വിധി എഴുതിയ Justice W. E. Ormsby യുടെ വിധിന്യായത്തിലെ ഒരു ചരിത്ര ശകലം താഴെ കൊടുക്കുന്നു.

www.malankaralibrary.com

'By the grace of the Almighty God all those arrived at Cranganore in Malayalam in the year 345 of our Lord, without experiencing any inconvenience or distress on the way. On this they were received by the people of Kottalayal dommunity and the Christians called Dhariakkel of the 64 families'.

പക്ഷെ ഇവിടെയും 'കൊടുങ്ങല്ലൂർ' എന്ന പദം കയറി സത്യാവസ്ഥയ്ക്ക് കളങ്കം വരുത്തുന്നുണ്ട്. എന്തായാലും, കോട്ടക്കായൽ കിഴക്കേ കടൽ തീരത്ത് താമ്രവർണ്ണി നദീ മുഖത്തുള്ള ഒരു തുറമുഖമായിരുന്നു എന്ന് നേരത്തെ വ്യക്തമാക്കിയിരുന്നല്ലോ. ഇവർ വന്നിറങ്ങിയ കോട്ട കായലിൽ വെച്ച് 'തരിയാസ്സൂറാ' എന്ന കൂട്ടരാണ് ഇവരെ സ്വീകരിച്ചത്. തിരുവിതാംകോട് സുറിയാനിപ്പള്ളി വികാരിയായിരുന്ന പരേതനായ ദിവ്യശ്രീ കെ. പി. ഗീവറുഗ്ഗീസ് റമ്പാൻ 1948 ൽ പ്രസിദ്ധീകരിച്ച "തിരുവാങ്കോട് പള്ളി ചരിത്രവും, തരിസ്സാശ്ശൂറായുടെ ഐതിഹ്യവും" എന്ന പുസ്തകത്തിൽനിന്നും ഈ തരിയാസ്സൂറാളും ക്നായിത്തൊമ്മനും കൂട്ടരുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന വിവരണം താഴെ കൊടുക്കുന്നു. (പേജ് 15 - 16).

"ക്നായി തോമായെയും, അദ്ദേഹം കൊണ്ടുവന്ന ഏഴില്ലം എഴുപത്തിരണ്ട് കുടികളായ ഏകദേശം 400 പരദേശി ബ്രാഹ്മണികളെയുംപറ്റി തരിയാസ്സൂറാ എന്ന പദം പ്രയോഗിച്ചിട്ടുണ്ട്. തരിസ്യാക്കൾ എന്ന പേര് ഇന്ന് തിരുവാങ്കോട്ടുള്ള വിഭൂതിധരിയാ ചെട്ടികൾക്ക് മാത്രമേ വിളിക്കുക പതിവുള്ളു. അവരിൽ പലരും ഒരു കാലത്ത് മണിക്കവാചകരുടെ ഉപദേശം സ്വീകരിച്ച് ഹിന്ദുക്കളും, മണിഗ്രാമക്കാരുമായി തീർന്നെന്നും അവരിൽ അനേകരും ക്രിസ്ത്യൻ- ഹിന്ദു ആചാരങ്ങൾ സ്വീകരിച്ചിരുന്നു എന്നും ഐതിഹ്യമുണ്ട്."

മണി ചേരസാമ്രാജ്യത്ത് സ്ഥാപിച്ചിട്ടുപോയ മണിക്കേയമതം തരിയാസ്സൂറാ, മണിഗ്രാമക്കാർ എന്നിങ്ങനെ രണ്ടായി തിരിയുന്നുണ്ട്' 'മാർഗ്ഗവഴികളുടെ അവസ്ഥ' എന്ന താളിയോല ഇത് സ്ഥിരീകരിക്കുന്നു ഇതിൽ മണിഗ്രാമക്കാർ ഭസ്മം ധരിച്ച് ഇതരമതത്തിൽ ചേർന്നശേഷം പിന്നെയും തിരിച്ച് വന്നവരാണ്. എന്നാൽ ഭസ്മം ധരിക്കാതെ മണിക്കേയമതത്തിൽ ഉറച്ച് നിന്ന

www.malankaralibrary.com

വരാണ് തരിയാസ്സാം. (ഭസ്മം ധരിക്കാത്തവർ എന്നർത്ഥം) എന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെട്ടിരുന്നത്. (ആറാം അദ്ധ്യായത്തിൽ ഇതേപ്പററി കൂടുതലായി വിവരിച്ചിട്ടുണ്ട്). ഈ തരിയാസ്സാം ക്രിസ്തീയമായ ചില ആചാരങ്ങൾ അനുസരിച്ച് നടന്നതിനാൽ, ക്രിസ്ത്യാനികൾ ആയിട്ടാണ് ചരിത്രകാരന്മാർ ഇവരെപ്പററി എഴുതിയിരിക്കുന്നത്. ഒരു നൂററാണ്ടിനു മുൻപ് പുകടിയിൽ ഇട്ടപ്പ് റൈട്ടർ ഇവരെപ്പററി എഴുതിയിരിക്കുന്ന വിവരണം താഴെ കൊടുക്കുന്നു.

> "ഇപ്പോൾ ധരിയാസ്സാം എന്ന് വിളിക്കുന്ന ക്രിസ്ത്യാനികൾ തുലോം ചുരുക്കം തന്നെ. ചില വീട്ടുകാരെ ഇപ്പോൾ തിരുവനന്തപുരത്തും അതിനടുത്തും കാണ്മാനുള്ളതല്ലാതെ മററ് എങ്ങും തന്നെ ഇല്ല. ഇവർ ക്രിസ്ത്യാനികൾ തന്നെ എങ്കിലും ശൂദ്രജാതിയെപ്പോലെ കുഡുംബി നീട്ടുകയും കാതിൽ കടുക്കൻ ഇടുകയും ചെയ്യുന്നത് ഇതുവരെ മാറിയിട്ടില്ല. ഇവർക്ക് തിരുവാങ്കോട്ട് ഒരു പള്ളിയുണ്ട്. തനതായി പട്ടക്കാർ ഇല്ല. കൊല്ലം മുതൽ വടക്കുള്ള എടവകയിൽ നിന്നും ചെല്ലുന്ന പട്ടക്കാർ ഇവരുടെ ദീപ്തികൾ നടത്തി വരുന്നു. തിരുവനന്തപുരത്തും അവരിൽ ഏതാനും പേർ പാർത്തുവരുന്നു [22]"

ക്നായി തൊമ്മാ രാജാവിനെ നല്ല നേരത്ത് ചെന്ന് കണ്ട് തിരുമുൽകാഴ്ച കൊടുത്തിട്ടാണ് ചെമ്പ് പട്ടയം വാങ്ങിയത്. ഈ രാജാവ്, ചേരമാൻ കോവിൽ പെരുമാളരചൻ എന്ന നാടുവാഴിയാണെന്ന് ഒരു ക്നാനായക്കാരനായ ശ്രീമാൻ ജോസഫ് ചാഴികാട്, തെക്കും ഭാഗം സമുദായ ചരിത്രത്തിൽ കൊടുത്തിട്ടുള്ളത്. ഇതിൽ നിന്ന് മനസ്സിലാകുന്നത്, കളഭ്രരുടെ ആക്രമണകാലത്ത് ചേരനാട് ഭരിച്ചിരുന്നത് പെരുമാക്കന്മാർ ആയിരുന്നു എന്നാണ്.

ഏതാണ്ട് നാലാം നൂററാണ്ടോട് അടുത്ത് കളഭ്രരുടെ ആക്രമണം തമിഴകത്തെ മുഴുവൻ ബാധിച്ചു. വടക്ക് തൊണ്ടി നാട്ടിൽ പല്ലവരും, തെക്ക് പാണ്ഡ്യരും പ്രബലരായി തീരുന്നതുവരെ രണ്ട് നൂററാണ്ടോളം ചേരസാമ്രാജ്യത്തെ സംബന്ധിച്ചടത്തോളം ഇരുണ്ട ദശയായിരുന്നു. ഈ കളഭ്രരുടെ ആക്രമണകാലത്താണ്, ക്നായി തോമ്മായും കൂട്ടരും കോട്ട കായലിൽ വന്നിറങ്ങിയത്. ഇവർ ധനാപരമാ

www.malankaralibrary.com

യം മററും വേണ്ട സഹായം ചെയ്തതിന്റെ ഫലമായി ആണ് കോച്ചേരകാൻ എന്നു് ചെപ്പേടിൽ പറയുന്ന പെരുമാൾ ക്നായി തൊമ്മന് ഈ പട്ടയം ദാനം ചെയ്തതു്. പത്താം നൂററാണ്ടിന്റെ അവസാനഘട്ടത്തിൽ മുസ്സിരി കോട്ടു് വന്നിറങ്ങിയ ജൂതന്മാർക്കു് പട്ടയം കിട്ടിയതും ഇതുപോലൊരു സന്ദർഭത്തിലാണ്. ഈ രണ്ടു് പട്ടയങ്ങൾ പ്രകാരവും 'അഞ്ചുവണ്ണ' സ്ഥാനം രണ്ടു് കൂട്ടർക്കും കിട്ടുന്നുണ്ടു്. പക്ഷെ ക്നാനായക്കാരിൽ നിന്നും വിട്ടൊഴിയ സ്ഥാനമാണ് ജൂതന്മാർക്ക് കിട്ടുന്നതു്.

ക്നായി തോമാ മഹോദയർ പട്ടണവും ആനകാലാൽ 264 ചതുർശ്രകോൽ വന്ന പ്രദേശവും ചെപ്പേടിലെ വ്യവസ്ഥ പ്രകാരം അളന്നു് തിരിച്ചു വാങ്ങി. കൂടാതെ കച്ചിൽ ഇരട്ട ഭസ്മക്കുറി ഇടുവാനുള്ള അവകാശവും വാങ്ങുകയുണ്ടായി. ഈ പദവികൾ മൂലം പാണ്ഡിനാട്ടിൽ അവരെ രാജവംശജരായി കരുതിയിരുന്നു. ഇതും കൂടാതെ അഞ്ചുവണ്ണം (അഞ്ചുമതത്തെമതം) എന്ന സ്ഥാനം കിട്ടുകയും ഉണ്ടായി. നെല്ലൂർ ജില്ലയിൽ കൃഷ്ണ[23]പട്ടം എന്ന സ്ഥലത്തു് അഞ്ചു വണ്ണത്താർ തെരുവ് എന്നൊന്നു് അവിടെയുണ്ടായിരുന്നു. ഇതു് ക്നാനായ തരിയാസ്സുകളുടെ ആയിരുന്നു എന്നുള്ളതിനു് സംശയമില്ല. ജൂതന്മാരോ, നസ്രാണികളോ അവിടെ ഉണ്ടായിരുന്നതായി യാതൊരു തെളിവും ഇല്ല.

ക്നായി തൊമ്മൻ ചെപ്പേടിനു് മൂന്നോ നാലോ തകിടുകൾ ഉണ്ടായിരുന്നതായി കരുതുന്നു. അവ ഓലയിൽ എഴുതിയ പട്ടയം ആയിരുന്നു എന്നു് ചരിത്രം ഉണ്ടു്. ഏതായാലും, ഈ പട്ടയം നഷ്ടപ്പെട്ടു് പോയതിനാൽ ശരിയായ ഉള്ളടക്കം അറിവായിട്ടില്ല. പോർട്ടുഗീസ്സുകാരുടെ കൈവശം ചെന്നുചേർന്ന ഈ പട്ടയം അവർ നശിപ്പിക്കുകയോ, പോർത്തുഗല്ലിലേക്കു കൊണ്ടുപോകുകയോ ചെയ്തിട്ടുണ്ടു്. അവർ കൊണ്ടുപോയിട്ടുണ്ടെങ്കിൽ ക്രി.പി. 1755നവംബർ ഒന്നാം തീയതിയിലെ ലിസ്ബൺ ഭൂകമ്പത്തിൽ[24] ഇവ നശിച്ചുപോകാനാണ് സാധ്യത. ഈ ഭൂകമ്പത്തിൽ ലിസ്ബണിൽ സൂക്ഷിക്കപ്പെട്ടിരുന്ന ഇരുനൂറോളം വിലമതിക്കപ്പെടാത്ത ചായപടങ്ങളും, 1800 കയ്യെഴുത്തു് ഗ്രന്ഥങ്ങളും അനേകം പ്രാചീന രേഖകളും (Manuscripts), ഭൂപടങ്ങളും നശിച്ചു് പോകുകയുണ്ടായി. എന്നാൽ ഈ ചെപ്പേടിന്റെ ഒരു പകർപ്പ് കരിങ്കല്ലിൽ കൊത്തിയതു് തിരുവഞ്ചിക്കുളം ക്ഷേത്രത്തിന്റെ വടക്കേ അരികിൽ സ്ഥാപിച്ചിരുന്നു. മകോ

www.malankaralibrary.com

തൈയപുരം, കൊടുങ്ങല്ലൂരിനടുത്ത് സ്ഥിതിചെയ്തിരുന്ന വഞ്ചി നഗരം ആണെന്നുള്ള സങ്കല്പത്തിൽ, കൊടുങ്ങല്ലൂർ ക്ഷേത്രത്തിനടുത്ത് വടക്കേ നടയിൽ ഡച്ചുകാരുടെ കാലത്ത് ഗവർണ്ണർ ആഡ്രിയാൻ മോയെൻസും, 1924 ൽ ഫാ. ഹെറാസ്സും ചില തിരച്ചിലുകൾ നടത്തി പരാജയപ്പെടുകയുമുണ്ടായി. 'തിരുവഞ്ചികുളം ക്ഷേത്രത്തിന്റെ വടക്കേ നടയിലുള്ള ശിലാലിഖിതത്തിൽ നിന്ന് അവരുടെ പൂർവ്വികന്മാരെപ്പറ്റി അറിയാം......എന്ന്'', ഡോക്ടർ ഗുണ്ടർട്ട്[25] മദ്രാസ് ജേർണ്ണൽ xiii, 122 ൽ എഴുതിയിരുന്നതായി, ഫാ. ഹെറാസ്സ് രേഖപ്പെടുത്തിയിട്ടുണ്ട്,

ഈ തിരുവഞ്ചിക്കുളം ക്ഷേത്രം തിരുനൽവേലി ജില്ലയിൽ പാളയംകായൽ എന്ന ഗ്രാമത്തിൽ 'പിള്ളയാർ കോവിൽ' എന്നറിയപ്പെടുന്ന ക്ഷേത്രമാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. കാരണം തരിയാസ്സളെയാണ് പിള്ളമാർ എന്ന സ്ഥാനപ്പേരോട് കൂടി വിളിക്കുന്നത്. ഈ സ്ഥാനം വേണാട് നാടുവാഴി അവർക്ക് നൽകിയതാണെന്ന് തിരുവാംകോട് പള്ളിയുടെ ചരിത്രം സ്ഥിരീകരിക്കുന്നുണ്ട്. (ആറാം അദ്ധ്യായത്തിൽ ഇതേപ്പറ്റി വിവരിച്ചിട്ടുണ്ട്) ഇവരുടെ കോവിലാണ്, ഇന്ന് ക്ഷേത്രമായി അറിയുന്നത്. ഈ പാളയംകായലും (കോട്ട കായൽ), കോർകൈ എന്ന ഗ്രാമവും, മൂന്നാം നൂറ്റാണ്ടിൽ താമ്രവർണ്ണി നദിയുടെ പതന സ്ഥലത്തെ തുറമുഖങ്ങളായിരുന്നു. ആർക്കിയോളജി വകുപ്പുകാരുടെ ശ്രമഫലമായി ആ ശില ഒരു കാലത്ത് കിട്ടുമെന്ന് പ്രതീക്ഷിക്കാം.

ഇപ്പോഴത്തെ തിരുനൽവേലി ജില്ലയുടെ ഉൾപ്രദേശങ്ങളിലെ ഗ്രാമങ്ങളായ വീരപാണ്ഡിയൻ പട്ടണം, അലന്തലയ്, മെഗനാപുരം, മുടലൂർ (നസറേത്ത്), അലങ്കുലം, കോർകൈ, പാളയംകായൽ തുടങ്ങിയ സ്ഥലങ്ങളിലെ മണിഗ്രാമക്കാരും, തരിയാസ്സളും എ. ഡി. 1802 മുതൽ C. M. S. മിഷനറിമാരുടെ പ്രാർത്ഥനാ ഫലമായി ക്രിസ്ത്യാനികൾ ആകുകയാണ് ഉണ്ടായത്. എന്നാൽ പാറശ്ശപുരം എന്ന ഗ്രാമത്തിൽ ഒരു ചെറിയ സമൂഹം ഇന്നും തരിയാസ്സളായി തന്നെ തുടന്ന് പോകുന്നുണ്ട്. ഇവർ ഹിന്ദു ക്രിസ്ത്യാനികളായി ആണ് ഇപ്പോഴും അറിയപ്പെടുന്നത്.

തേവലക്കര വൈദ്യന്മാരും, മാർശാപ്പോറും മാർ ആഫ്രോത്തും എ.

www.malankaralibrary.com

ഡി. 845–ൽ കുരക്കേണി കൊല്ലത്തു് കുടിയേറുന്നതിനു് മുൻപുതന്നെ, മകോതൈയപുരത്തു് നിന്നും ആരുവാമൊഴി കടന്നു് ക്നാനായക്കാർ കൊല്ലത്തു് ആധിപത്യം നടത്തിയിരുന്നു. അതുപോലെ മണിഗ്രാമക്കാരും കൊല്ലത്തു് വാണിജ്യപരമായി കുടിയേറിയിരുന്നു എന്നു് തരിസ്സാപ്പള്ളി ചെപ്പേടിൽ നിന്നും മനസ്സിലാക്കാം. തേവലക്കര കുടിയേറിയ വൈദ്യന്മാരെ (തരിസ്സാപ്പള്ളി സംഘക്കാരായ) സംരക്ഷിക്കണമെന്നു് അഞ്ചുവണ്ണസംഘത്തോടും (ക്നാനായക്കാരുടെ) മണിഗ്രാമസംഘത്തോടും വേണാടു് നാടുവാഴി ചെപ്പേടിൽ നിഷ്കർഷിക്കുന്നുണ്ടു്.

ഒരു നെസ്തോറിയൻ ചരിത്രകാരൻ എഴുതിയിരിക്കുന്നതു്:

'കൊല്ലത്തു് എട്ടാം ശതകത്തിന്റെ അവസാനത്തോടടുത്തു് പടിഞ്ഞാറു് നിന്നു് ഒരു ജനസംഘം വന്നു. അവർ വന്ന ദിക്കിൽ നിന്നു് തന്നെ വേറൊരു സംഘം കൂടെ അമ്പതു് വർഷത്തിനു് ശേഷം വന്നു് കുടിയേറി നസ്രാണി സമുദായത്തെ പുഷ്ടിപ്പെടുത്തി'[26] എന്നാണു്.

ഇവിടെ പറയുന്ന ആദ്യത്തെ കുടിയേററം മകോതൈയപുരത്തും നിന്നും ഉള്ള ക്നാനായക്കാരുടെയും, രണ്ടാമത്തേതു് പേർഷ്യയിൽ നിന്നുമുള്ള വൈദ്യന്മാരുടെയും ആണു്. പത്താം നൂററാണ്ടിൽ, ചോളരാജാവായിരുന്ന രാജരാജചോള, മധുരയും, മകോതൈയപുരവും പിടിച്ചെടുക്കുവാൻ ശ്രമിച്ചപ്പോൾ, അവകൾ സംരക്ഷിക്കുവാൻ അനവധി ചേരനാടു് നാടുവാഴികൾ തങ്ങളുടെ ജീവൻ ബലിയർപ്പിച്ചു എന്നാണു് ചരിത്രം പറയുന്നതു്. ഈ ആപൽ ഘട്ടത്തിൽ ക്നാനായക്കാരുടെ സഹായം ചേരരാജാക്കന്മാർക്കു് കിട്ടാഞ്ഞതുകൊണ്ടോ എന്തോ! അഞ്ചുവണ്ണസ്ഥാനം അവർക്കു് നഷ്ടപ്പെട്ടു. പിന്നീടു് ഈ കൂട്ടരെ നസ്രാണികളായി കടുനാട്ടിൽ ആണു് കാണുന്നതു് കാഞ്ചിപുരം തലസ്ഥാനമായിരുന്ന പല്ലവരാജ്യം പടുത്തുയർത്തിയ പാർത്ഥ്യരുടെ (പല്ലവരുടെ) ശത്രുക്കളായ ചോളർ വേണാടു് ആക്രമിക്കാൻ ഒരുമ്പെട്ടപ്പോൾ അവരെ ഭയന്നു് ആണു് പേർഷ്യാക്കാരായ ക്നാനായക്കാർ കൊല്ലത്തു് നിന്നും ഒന്നടങ്കം കടനാട്ടിലേക്കു് കുടിയേറുകയുണ്ടായതു്. പല്ലവരോടുള്ള വൈരാഗ്യം, ചോളർ ഇവരോടു് തീർക്കാൻ എല്ലാ ന്യായങ്ങളും ഉണ്ടു്. കടുനാട്ടിൽ കുടിയേറി

www.malankaralibrary.com

www.knanayology.org

യ ഇവർ മലങ്കര നസ്രാണികളുമായി ബന്ധപ്പെട്ട്, നസ്രാണികളായി തീരുകയാണ് ചെയ്തത്.

ഇവരുടെ പ്രധാന ദേവാലയവും, മണിമല ആറിന്റെ തീരത്ത് സ്ഥിതിചെയ്യുന്നതുമായ കോട്ടയം വലിയ പള്ളിയിലെ രണ്ട് പേർഷ്യൻ കുരിശുകൾ മേൽപ്പറഞ്ഞ വസ്തുതയെ സ്ഥിരീകരിക്കുന്നുണ്ട്. വെളുത്ത പ്രാവിന്റെ ചിഹ്നത്തോടുകൂടിയ വലിയ കുരിശ്, മഹോദയപുരത്ത് നിന്നും ഇവർ കൊണ്ടുവന്ന മണിക്കേയൻ കുരിശാണ്. അതിൽ കൊത്തപ്പെട്ടിരിക്കുന്ന പാലവി ഭാഷയിലുള്ള എഴുത്തുകളുടെ തർജ്ജമ ശ്രീമാൻ ഇ. എം. ഫിലിപ്പ് കൊടുത്തിരിക്കുന്നത് താഴെ കുറിക്കുന്നു. (Page 82):

'In punishment by the cross (was) the sufferiug of this one,
He who is true God, and God above and Guide ever pure.'

'Guide ever pure' എന്ന വാക്കുകൾ മണിയെ സംബോധന ചെയ്ത് തന്റെ അനുയായികൾ ഉപയോഗിക്കുന്ന ഒരു വിശേഷണനാമമാണ് PURE MANI ആണ് സുബ്രമണി എന്ന് അറിയപ്പെടുന്നത്. ഇതുപോലെ മണിയുടെ വിശേഷണ നാമങ്ങൾ കുറിക്കുന്ന തന്റെ സങ്കീർത്തനത്തിലെ ചില വരികൾ താഴെ കുറിക്കുന്നു (Ref : MANI by ORT, Pages 227 228 & 231

'And (we) invoke, the Trutn, the king of Righteousness, the warlike strong, new Jesus, the impetous, free Mani, the High one, with pure, light host '
'Lordship, noble Lord, Illuminator. Fine light, Holy, holy to thee Mari Mani.'
'Glory and Victory to the Spirit of the Truth, our (God, our Lord) Mani, and all his (holy perfect) Elect, and the soul of the blessed Mary '

ഇവിടെ മേരി എന്ന് പറയുന്നത് മണിയുടെ അമ്മയെ ഉദ്ദേശിച്ചാണ്.

കോട്ടയം വലിയ പള്ളിയിലുള്ള വെളുത്ത പ്രാവിന്റെ ചിഹ്നത്തോടുകൂടിയ, ഇതേ കുരിശിന്റെ തനിപകർപ്പും, രേഖകളും ഉള്ള ഒരു കുരിശാണ് മൈലാപ്പൂരിൽ സെന്റ് തോമസ്സ് മൗണ്ടിലെ അ

www.malankaralibrary.com

www.knanayology.org

ത്ഭുത സിദ്ധിയുള്ള കുരിശ്ശ് വലിയ പള്ളിയിലെ ചെറിയ കുരിശ്ശ് കുരക്കേണി കൊല്ലത്ത് കുടിയേറിയ നെസ്തോറിയ (തരിസ്സാപ്പള്ളിക്കാർ) നസ്രാണികളുടെയാണ്. അതിലെ രേഖകൾ, നസ്രാണികളുടെ കുരിശ്ശാണ് അതെന്ന് തെളിയിക്കുന്നുണ്ട്

'നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ എനിക്ക് പുകഴ്ച വരുവാൻ ഇടവരരുതെ' എന്നാണ് എഴുതിയിരിക്കുന്നത്.

മകോതെയപുരത്ത് നിന്നും കുട്ടനാട്ടിൽ കുടിയേറിയ ക്നാനായക്കാരെ മകോതെയപുരം നസ്രാണികൾ എന്നും, തെൻ പാണ്ഡിയിൽ നിന്ന് കുടിയേറിയവരായത് കൊണ്ട് തെക്കുംഭാഗക്കാരെന്നും മലങ്കരനസ്രാണികൾ വിളിക്കുകയുണ്ടായി ഒരു തെക്കുംഭാഗക്കാരനായിരുന്ന ശ്രീമാൻ ഇ. എം. ഫിലിപ്പ് തന്റെ സഭാ ചരിത്രത്തിൽ (പേജ് 85) പറയുന്നത്.

'1867-ൽ തിരുവിതാംകൂറിൽ രജിസ്ട്രേഷൻ നടപ്പിലാകുന്നതുവരെയുള്ള അവരുടെ ആധാരങ്ങളിൽ ഒക്കെയും, പേരുകളോട് കൂടെ മഹാദേവർ പട്ടണത്തിലെ (മകോതെയപുരം) അല്ലെങ്കിൽകുരക്കേണി കൊല്ലത്തെ (തരിസ്സാപ്പള്ളി) എന്നുള്ളത് കൂട്ടിച്ചേർത്ത് ഉപയോഗിച്ചിരുന്നു.' എന്നാണ്.

ക്നായി തോമായുടെ നേതൃത്വത്തിൽ കുടിയേറിയ ഇവരിൽ 72 പുരോഹിതന്മാർ ഉൾപ്പെടെ 400 പേർ ഉണ്ടായിരുന്നതായി ആണ് ചരിത്രം പറയുന്നത്. ഈ എഴുപത്തിരണ്ട് എന്ന സംഖ്യയും, ക്നാനായക്കാരുടെ കൈവശം ഇരിക്കുന്ന പാറക്ളീത്തായുടെ (വെളുത്ത പ്രാവ്) ചിഹ്നത്തോടുകൂടിയ പേർഷ്യൻ കുരിശും ആണ്, ഇവർ മണിക്കേയ സമുദായക്കാർ ആയിരുന്നു എന്ന് തെളിയിക്കുന്നത്. മണിക്കേയ മത സ്ഥാപകനായ മണി കഴിഞ്ഞാൽ അതിലെ പ്രധാനികൾ 12 അപ്പോസ്തോലന്മാരും 71 പുരോഹിതന്മാരും 360 വചനിപ്പുകാരും ആണ്. എ. ഡി. 293 ൽ തൊണ്ടിനാട്ടിൽ നിന്നും ആയനാട്ടിൽ കുടിയേറിയ 72 കുടുംബത്തിൽപ്പെട്ട 116 പേരുടെ ഒരു ചരിത്രം ഉണ്ട്. അതുപോലെ തെൻനാട്ടിലെ മണിക്കേയമതത്തിൽ 72 കുടുംബക്കാർ 64-ം 8-ം ആയി തെറ്റിപ്പിരിയുന്ന ചരിത്രവും ഉണ്ട്. ഈ എഴുപത്തിരണ്ട് എന്ന സംഖ്യ മണിക്കേയ മതത്തിലെ

www.malankaralibrary.com

www.knanayology.org

പുരോഹിതന്മാരുടെ സംഖ്യയാണ് കാണിക്കുന്നത്. ഇവരിൽ, ഓരോരുത്തരുടെയും, കീഴിലും ചുമതയിലുമുള്ള 72 കൂട്ടർ എന്നേ, 'കുടുംബക്കാർ' എന്ന പദത്തിന് അർത്ഥമുള്ളു. പുരോഹിതന്മാർ അവിവാഹിതരാണ്. ഇങ്ങനെ ഓരോ കൂട്ടരായി വളർന്നു വന്നവരിൽ 64 ഗ്രാമക്കാരാണ് കളഭ്രരുടെ ആക്രമണകാലത്ത് ചേരനാട് ഭരിച്ചിരുന്നത്. ബാക്കിയുണ്ടായിരുന്ന എട്ടു ഗ്രാമക്കാർ (എട്ടു വീട്ടിൽ പിള്ളമാർ) തിരുവാംകോട് ആധിപത്യം നടത്തിയിരുന്നു.

ക്നാനായക്കാർ പേർഷ്യയിൽനിന്നും ചേരനാട്ടിലേക്ക് എ. ഡി. 345 കുടിയേറാനുള്ള പ്രധാന കാരണം, അക്കാലത്ത് പേർഷ്യ ഭരിച്ചിരുന്ന സാപ്പോർ രണ്ടാമന്റെ മതപീഡനമാണ്. എന്നിരുന്നാലും ഇവർ ക്നാൻ നാട്ടിൽനിന്നും കുടിയേറിയ നസ്രാണികൾ ആയതുകൊണ്ടാണ് ക്നാനായക്കാർ എന്ന പേര് സിദ്ധിച്ചതെന്ന് ഒരു ധാരണ ഇവരുടെ ഇടയിൽ നിലവിലുണ്ട്. പക്ഷെ ആ ധാരണയിൽ യാതൊരു കഴമ്പും ഇല്ല. കാരണം എ. ഡി. 325 ൽ നിഖ്യയിൽ കൂടിയ സൂന്നഹദോസ്സിന് മുൻപുതന്നെ റോമാസാമ്രാജ്യം ക്രിസ്തുമതം രാജകീയ മതമായി അംഗീകരിച്ച് കഴിഞ്ഞിരുന്നു. ക്നാൻ നാട് ഉൾപ്പെടുന്ന റോമാസാമ്രാജ്യത്തിൽക്രിസ്ത്യാനികൾക്ക് മതപീഡനം പിന്നീട് ഉണ്ടായിട്ടില്ല. പക്ഷെ 'കമ്പളചെട്ടികൾ' (വിദേശ കച്ചവടക്കാർ) എന്ന് മണിമേഖലകാവ്യത്തിൽ (25ാം ഗാഥ 181– 182 വരികൾ) പറയുന്നവരിൽ ഒരു കൂട്ടരാണ് ഇവർ. തരിയാസ്സുകളുടെ കമ്പളത്താലി പ്രസിദ്ധിപ്പെട്ടതാണ്.

പേർഷ്യയിൽ നിന്നും കപ്പൽ കയറി തിഗ്രീസ്സ് നദിയിൽ കൂടി പേർഷ്യൻ ഉൾക്കടലും കടന്ന്, ചേര സാമ്രാജ്യത്തിന്റെ തെക്ക് ദേശത്തെ തുറമുഖമായ കോട്ട കായലിൽ ഇവർ വന്നിറങ്ങി. കൊടുങ്ങല്ലൂരിൽ വന്നിറങ്ങി എന്നു പറയുന്നത് വെറും സങ്കല്പമാണ്. ഇതിനെ തുടർന്ന് മകോതൈയപുരം കൊടുങ്ങല്ലൂരിന് സമീപം സ്ഥിതിചെയ്തിരുന്ന ഒരു പട്ടണം ആയിരുന്നു എന്ന നിഗമനത്തിൽ കേരള ചരിത്രകാരന്മാർ എല്ലാം തന്നെയും എത്തിചേർന്നിട്ടുണ്ട്. കോട്ടക്കായലിൽ വന്നിറങ്ങിയ ഇവരെ സ്വീകരിച്ചത്, ആയനാട്ടിലും പാണ്ഡിനാട്ടിലും അക്കാലത്ത് തിങ്ങിപാർത്തിരുന്ന മണിക്കയ മതക്കാരിൽ 64 കുടുംബക്കാർ

www.malankaralibrary.com

(ഗ്രാമക്കാർ) അടങ്ങിയ തരിയാപ്ല്ലാം ആണ് മലങ്കര നസ്രാണികൾക്ക് എന്നുള്ളത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു വസ്തുതയാണ്.

## ക്നായി തൊമ്മൻ ചെപ്പേട് (തർജ്ജമ)

ദേവന്മാരുടെ ദിവ്യ ദാസനും, ബലവാനും, സത്യവാനും, നീതിമാനും, സൽകർമ്മ പരിപൂർണ്ണനും, വിരോധിയും, ഭൂമി മുഴുവൻകര ബലം ശക്തിയുള്ളവനും, സൗഭാഗ്യവും വിജയവും മഹിമയും പൂണ്ടവനും, ദേവന്മാരുടെ സേവയിൽ നേരംവന്നും ഐശ്വര്യം ഉള്ളവനുമായ കോതപുരകോൻ മലമണ്ഡലത്ത് മഹാദേവർ (മകോതൈയർ പുരം) പട്ടണത്ത് വിജയിക്കുമാറാകുക. ദീർഘായുസ്സോടെ നൂറായിരത്താണ്ടിരിക്കുമാറാകുക.

മേല്പടി കോതപുരകോൻ പെരുമാൾ വാഴും കാലം, പൗരസ്ത്യദേശത്തിന്റെ അങ്ങേ അറ്റത്തെ ഭാഗങ്ങൾ കാണണമെന്നുറച്ച്, ക്നായി തൊമ്മൻ (തോമാ ക്നിനിയോ) കപ്പലേൽ വന്നിറങ്ങി അവർ വന്നപ്രകാരം ചിലർ കണ്ട് പെരുമാളോടുണർത്തിച്ചു. പെരുമാൾ തന്നെ എഴുന്നള്ളി കണ്ട് മേല്പടി തൊമ്മൻ മാപ്പിളയ്ക്ക് ആളയച്ചാറെ അവൻ കരിയിറങ്ങി പെരുമാൾ തിരുമുമ്പിൽ വന്ന്, പെരുമാൾ അവനോട് സംസാരിച്ചരുളുകയും ചെയ്തു. അവനെ ബഹുമാനിക്കുന്നതിന് കോതപുരകോൻ, ക്നാനായൻ എന്ന തന്റെ സ്വന്തം പേർ അദ്ദേഹം അവന് കൊടുത്തു. പെരുമാളിങ്കൽ നിന്ന് ഈ പദവി വാങ്ങി അവൻ തന്റെ ഇടത്ത് സ്വസ്ഥമായി ഇരിപ്പാൻ പോയി. പെരുമാൾ വന്ന് എന്നന്നേക്കുമായി മഹാദേവർ പട്ടണം എന്ന നഗരി കൊടുക്കുകയും ചെയ്തു. മേല്പടി പെരുമാൾ ഈ വലിയ ഐശ്വര്യത്തിൽ ഇരിക്കയിൽ ഒരു നാൾ വനത്തിൽ വേട്ടയാടാൻ പോയി മേല്പടി പെരുമാൾ കാടൊക്കെയും വളഞ്ഞു അവൻ തൊമ്മനെ ബദ്ധപ്പെട്ട് വിളിച്ച് നല്ലനേരത്ത് അവൻ പെരുമാളിന്റെ മുൻപിൽ വന്നു നിന്നു. പെരുമാൾ ജോത്സ്യനോട് ചോദിച്ചതിന്റെ ശേഷം ആ വനത്തിൽ അവൻ ഒരു പട്ടണം കെട്ടണമെന്ന് കല്പിക്കുകയും ചെയ്തു.

www.malankaralibrary.com

ഈ കാര്യങ്ങളുടെ ശേഷം തൊമ്മൻ തന്നെ പെരുമാളുടെ തൃപ്പാദത്തിങ്കൽ ചെന്നു് തിരുമുൽക്കാഴ്ചവെച്ചു തനിക്കും തന്റെ സന്തതികൾക്കുമായി ആ ഭൂമി കൊടുക്കണമെന്നു് പെരുമാളോടു് അപേക്ഷിച്ചു.

അദ്ദേഹം ആനക്കോലാൽ 264 കോൽ അളന്നുതിരിച്ചു്, അവിടെ ഉടൻ പണിത 62 വീടുകളോടും അയലുകളും അവയുടെ (പ്രാകാരം) വഴികളും അതിരുകളും അകമുററങ്ങളും അകപ്പെട്ട പറമ്പുകളോടും കൂടെ തൊമ്മനും അവന്റെ സന്തതികൾക്കുമായി എന്നെന്നേക്കും കൊടുത്തു.

ഏഴുവിധം വാദ്യങ്ങളും സകല പദവികളും പല്ലക്കിൽ യാത്രയും രാജാക്കന്മാരുടെ സ്ത്രീകളുടേതുപോലെ കല്യാണങ്ങൾക്കു് പെണ്ണുങ്ങളുടെ കരവായും അദ്ദേഹം അവനു കൊടുത്തു സ്ഥാനമാനവും (dignity) നിലത്തു പരവതാനികൾ വിരിക്കുന്നതിനും മെതിയടി ഇടുന്നതിനും (കയ്യിൽ ചന്ദനക്കുറി ഇരട്ടി ഇടുന്നതിനും) പന്തലിടുന്നതിനും ആനമേൽ കേറി പോകുന്നതിനുമുള്ള അവകാശവും കൂടെ അദ്ദേഹം ദാനം ചെയ്തു.

എന്നിയേ, തൊമ്മനും അവന്റെ സന്തതിക്കും അവന്റെ കൂട്ടുകാർ (Associates) ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും, അവന്റെ സകല ബന്ധുക്കൾക്കും, അവന്റെ മതക്കാർക്കും അഞ്ചു വകക്കാരും എന്നെന്നേക്കുമായി പെരുമാൾ കൊടുത്തു ''

പെരുമാൾ ഒപ്പു്.

## തരിസ്സാപ്പള്ളി ചെപ്പേടുകൾ

ഇപ്പോൾ മലങ്കര ഓർത്തഡോക്സ്, മാർത്തോമ്മാ എന്നീ സഭകളുടെ കൈവശം ഇരിക്കുന്ന ഈ ചെപ്പേടുകൾ മാത്രമേ നസ്രാണികളുടെ വകയെന്നു് പറയുവാൻ സാധിക്കുകയുള്ളു. ഇതിൽ ഒന്നാമത്തേതു് തരിസ്സാപ്പള്ളി സംഘത്തിനു് അവകാശപ്പെട്ടതും, രണ്ടാമത്തേതു് ഒരു സമൂഹ ചെപ്പേടും ആണു്. ഈ രണ്ടാം ചെപ്പേടിൽ തന്നെ മൂന്നു് ഭാഗങ്ങൾ ഉണ്ടു്, ആദ്യത്തെ രണ്ടു് ഭാഗങ്ങൾ തരിസ്സാപ്പ

www.malankaralibrary.com

ള്ളിക്കാരെയും, മൂന്നാമത്തെ ഭാഗം അഞ്ചുവണ്ണം, മണിഗ്രാമം എന്നീ സംഘക്കാരെയും ബാധിക്കുന്ന സംഗതികൾ അടങ്ങിയവയാണ്.

എ. ഡി. 825—ൽ മുസ്ലീം പീഢ മൂലം പേർഷ്യയിൽ നിന്നും കരക്കേണി കൊല്ലത്ത് കുടിയേറിയ നെസ്തോറിയ മെത്രാന്മാരായ മാർശാപ്പോറും മാർ ആഫ്രോത്തും ഭിഷക് വംശജരും (വൈദ്യന്മാർ) അടങ്ങിയ സംഘത്തിന് വേണാട്ട് അധിപനായിരുന്ന അയ്യനടികൾ തിരുവടികൾ ആണ് ഈ പട്ടയങ്ങൾ ദാനം ചെയ്തത്. തേവലക്കര ശാപ്പോർ ഈശോ പണിത മർത്തമറിയം പള്ളിയും, ഈ പള്ളിക്ക് കരം ഒഴിവായി കിട്ടിയ സ്ഥലങ്ങളും അടങ്ങിയ നഗരത്തിന്റെ ഭരണ കർത്താക്കളെയാണ് തരിസ്സാപ്പള്ളി സംഘക്കാർ എന്ന് പറഞ്ഞിരിക്കുന്നത്. ക്നായി തൊമ്മാ എഴുത്ത് പ്രകാരം ചെപ്പേട് തന്റെ കൂട്ടർക്കും താൻ പണിത പള്ളിക്കും സമ്പാദിച്ചു കൊടുത്തവ അതുപോലെ തന്നെയാണ് മരുവാൻ ശബരീശോയും, നാടുവാഴിക്ക് വിലപിടിപ്പുള്ള സമ്മാനങ്ങൾ കൊടുത്ത് ചെപ്പേട് സമ്പാദിക്കുന്നത്. ഒന്നാം ചെപ്പേടിന് സാക്ഷികൾ ക്നായി തോമ്മയുടെയും കൂട്ടരുടെയും സംഘമായ അഞ്ചുവണ്ണക്കാരും പുന്നത്തലപ്പതിയും ആണ്.

കുലശേഖരവർമ്മന്മാരുടെ വംശത്തിൽപെട്ട സ്ഥാണു രവിചേര സാമ്രാജ്യാധിപനായി വാഴുന്ന കാലത്ത് വേണാട്ട് നാടുവാഴിയായിരുന്ന അയ്യനടികൾ തിരുവടികൾ ആണ് ഈ ചെപ്പേട് കൊടുക്കുന്നതെങ്കിലും, അഞ്ചുവണ്ണക്കാരും, പുന്നത്തലപ്പതിയും പൂളക്കുടിപ്പതിയും ഇതിന്റെ സാക്ഷികളാണ്. ഈ പതികൾ ജൈന അരചന്മാർ, അല്ലേ? ഈ അരചന്മാർ വർണ്ണാശ്രമം ശക്തിപ്രാപിച്ചുവന്ന കാലത്ത് ക്ഷത്രിയരായി ഉടപ്പട്ടക്കന്മാരായി തീരുകയാണ് ചെയ്യുന്നത്. യോദ്ധാക്കളായ ഇവർ നായകന്മാർ—നായന്മാർ എന്ന് അറിയപ്പെടുകയല്ലേ ചെയ്യുന്നത്! എന്നാൽ ഇരവികോർത്തൻ ചെപ്പേടിലെ, തളികളും മേല്പറഞ്ഞ പതികളും ആയി നമ്പൂതിരികൾക്ക് ഒരു ബന്ധവും ഇല്ലെന്നാണ് എന്റെ അഭിപ്രായം കാരണം ജന്മികളായ ഇവരുടെ ഇല്ലങ്ങൾ, കേരളത്തിന്റെ പടിഞ്ഞാറെ തീരത്ത് കുട്ടനാട് മുതൽ തുളുനാട് വരെ മാത്രമേകാണുന്നുള്ളു. സംഘക്കാരും, ഗ്രാമക്കാരും ആണ് വേണാട് മുതൽ തെൻപാണ്ഡിനാടുവരെ ആധിപത്യം പുലർത്തിയിരുന്നത്. ഇവർ പ്രധാനമായും തരിയാസ്സുകൾ ആയിരുന്നു.

www.malankaralibrary.com

തരിസ്സാപ്പള്ളി രണ്ടാം ചെപ്പേട് ഒരു സമ്മത ചെപ്പേട് എന്ന് പറയുന്നതായിരിക്കും ശരി. ഇതിൽ ആദ്യ ഭാഗത്ത് ചേരചക്രവർത്തിയുടെ പ്രതിനിധിയായി കോയിലധികാരി വിജയ രാഘവതേവരും വേണാട്ട് നാട്ടുവാഴിയായ അയ്യനടികൾ തിരുവടികളും, അറുനൂറ്റവരും, പുന്നത്തലപ്പതിയും, പൂളക്കുടിപ്പതിയും കൂടിയിരിക്കെ മരുവൻ ശാപ്പോർ ഈശോ പണിത പള്ളിക്ക് ഒന്നാം ചെപ്പേട് പ്രകാരം കിട്ടിയ സ്ഥലത്തിന്റെ അതിര് നിശ്ചയിക്കുന്നതും അവിടെ കൃഷി ചെയ്യാൻ വേണ്ട ആളുകളെ നിശ്ചയിക്കുന്ന സംഗതികളും അടങ്ങിയവയാണ്.

തേവലക്കര എന്ന് അറിയപ്പെടുന്ന ദേശമാണ് ഈ ചെപ്പേടുപടി തരിസ്സാപ്പള്ളി സംഘത്തിന് കിട്ടിയത്. എന്നുള്ളതിന് അതിലെ അതിരുകൾ തെളിവ് നൽകുന്നുണ്ട്. കിഴക്ക് വയൽ കാടും കായലും (നെൽ വയലും, ശാസ്താംകോട്ട കായലും), പടിഞ്ഞാറ് കടലും ആണ് അതിരുകൾ. ഇപ്പോഴത്തെ കൊല്ലം ആണ് അതിൽ പറയുന്ന ദേശമെങ്കിൽ കൊല്ലത്തിന് കിഴക്ക് ഒരു കായൽ ഉണ്ടെന്ന് തോന്നുന്നില്ല. അഷ്ടമുടി കായൽ കൊല്ലത്തിന് വടക്കായിട്ടാണ് വരുന്നത്.

ഭൂഗർഭ ശാസ്ത്രജ്ഞന്മാരുടെ സവിശേഷ ശ്രദ്ധപതിയേണ്ട ഒരു കായലാണ് ശാസ്താംകോട്ട കായൽ. ഈ കായലും, നീണ്ടകര അഴിമുതൽ ചവറ വരെയുള്ള കടലോരങ്ങളിൽ കാണുന്ന അണു പ്രസര ധാതു മണലും (Ilmenite) ആയി അഭേദ്യമായ ബന്ധമുണ്ട്. മൂന്നാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ, ചേരനാട് ചക്രവർത്തിയായിരുന്ന യാനൈക്കാഴ്ചെ മാന്തരം ചേരൻ ഇരുമ്പൊറയുടെ മരണത്തിന്, ഏഴു ദിവസം മുൻപ് ഒരു കൊള്ളിമീൻ പതിക്കുകയുണ്ടായി. ഈ കൊള്ളിമീന്റെ പതനം ചേരനാട്ടിലെ ജനതയ്ക്ക് വരാനിരിക്കുന്ന വിപത്തിന്റെ സൂചനയായി കരുതപ്പെട്ടു (Ref: കേരളചരിത്രം, വാല്യം 1, പേജ് 123). ഇതേപ്പറ്റി പുറനാനൂറിലും പരാമർശിച്ചിട്ടുണ്ട്. ഇതിന് ശേഷം കളഭ്രരുടെ ആക്രമണം ചേരനാട്ടിന് അഭിമുഖീകരിക്കേണ്ടി വന്നു.

ഒരു കൊള്ളിമീനിന്റേയോ അല്ലെങ്കിൽ വാൽനക്ഷത്രത്തിന്റേയോ പതന സ്ഥലമാണോ ശാസ്താംകോട്ട കായൽ? അതിന്റെ പൂ

www.malankaralibrary.com

ളിയാണോ, കടൽതീരത്തു് വന്നടിയുന്ന ധാതു മണൽ? എന്നു് ഗവേഷകരുടെ അന്വേഷണത്തിനു് വിധേയമാകേണ്ടിയതാണു്. വാൽനക്ഷത്രങ്ങൾ (Comets) സംഹാരദൂതന്മാരാണു് എ. ഡി. 1910 ൽ പ്രത്യക്ഷപ്പെട്ട ഹാലിസ്സ് വാൽനക്ഷത്രം വന്നു കഴിഞ്ഞു, ജർമ്മൻ കൈസർ മുതൽ ഇതേവരെ സ്ഥാനം നഷ്ടപ്പെട്ട രാജാക്കന്മാരുടെയും സേച്ഛാധിപതികളുടെയും പട്ടികകൾ തന്നെ ഇതിനു് തെളിവാണു്. എ.ഡി. ,1986 ൽ 'ഹാലീസ്സ്'' ഇനിയും വരുന്നതാണു്. അതിനുശേഷം ആരെല്ലാം നിലം പതിക്കുമെന്നു് ആർക്കറിയാം! പക്ഷെ ലോകം ദൈവ വിശ്വാസത്തിലേക്കും, നീതിയിലേക്കും കൂടുതൽ കൂടുതൽ നീങ്ങുകയാണെന്നുള്ളതിനു് സംശയമില്ല.

തരിസ്സാപ്പള്ളി ചെപ്പേടുകളുടെ തകിടുകൾ, ഉദയംപേരൂർ സുന്നഹദോസ്സ് (എ. ഡി. 1653) വിളിച്ചു കൂട്ടിയ മെനസ്സിസ്സ് മെത്രാൻ തേവലക്കരവെച്ചു് കണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ വസ്തുതകൾ എല്ലാം ചെപ്പേടിനെ തേവലക്കരയുമായിട്ടാണു് ബന്ധിപ്പിക്കുന്നതു് ഈ ചെപ്പേടിന്റെ മലയാള തർജ്ജമയിൽ സബരീശോ പണിയിച്ച തരിസ്സാപ്പള്ളിയ്ക്കു് കൊടുത്ത ഭൂമിയാവിതു് എന്നാണു് കാണുന്നതു്. എന്നാൽ ഇംഗ്ലീഷ് തർജ്ജമയിൽ:

"This land was granted to the Tarissapally through Maruvan Sapir Easo who founded this merchant guild"

എന്നു് വ്യക്തമായി പറയുന്നുണ്ടു്. ഇതിൽനിന്നും മനസ്സിലാക്കാവുന്നതു്, കൊല്ലത്തു് അഞ്ചുവണ്ണം, മണിഗ്രാമം എന്നീ സംഘങ്ങൾ ആധിപത്യം നടത്തുന്നകാലത്തു്, പേർഷ്യയിൽനിന്നും കുടിയേറിയ വൈദ്യന്മാരുടെയും, അവരെ നയിച്ചിരുന്ന മരുവാൻ ശാപ്പോർ ഈശോ പടുത്തുയർത്തിയതുമായ തരിസ്സാപ്പള്ളി സംഘം തേവലക്കര ആധിപത്യം നടത്തിയിരുന്നു എന്നാണു്.

മേല്പറഞ്ഞ അതിരുകൾ നിശ്ചയിക്കുന്നതു് അറുനൂററവർ എന്ന സംഘത്തിനോടു് ആലോചിച്ചുകൊണ്ടാണു്. എന്നാൽ അഞ്ചുവണ്ണവും, മണിഗ്രാമവും, പള്ളിയെയും ഭൂമിയെയും സംരക്ഷിച്ചുകൊള്ളണമെന്നു് പ്രത്യേകം നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ടു്. ഈ ഭൂമിയിലെ കുടിയാന്മാർ ചെയ്യുന്ന കുററത്തിനു് പള്ളിക്കാർ തന്നെ കുററം

www.malankaralibrary.com

www.knanayology.org

തീക്കുന്നതിനും നമ്മുടെ ആളുകളും ആരും കുടിയാന്മാരോടു് ചോദ്യം ചെയ്തുകൂടാ എന്നും ചെപ്പേടിൽ പറയുന്നുണ്ടു്. ഇവിടെ നമ്മുടെ ആളുകൾ എന്നു് പറയുന്നതു് തരിയാക്കളുടെ 64 ഗ്രാമക്കാരുടെ സംഘമായ അറുനൂററവരാണു്. ചേരമാൻ പെരുമാക്കന്മാരെ ഇവരാണു് തെരഞ്ഞെടുത്തു് കൊണ്ടിരുന്നതു്.

രണ്ടാം ചെപ്പേടിന്റെ രണ്ടാം ഭാഗം കരവും ചുങ്കവും പിരിക്കാനുള്ള അവകാശം തരിസ്സാപ്പള്ളിക്കു് കൊടുക്കുന്ന പട്ടയം ആണു്. എന്നാൽ ഈ സംഘത്തിന്റെ മേൽ ഒരു ചെറിയ കോയ്മ അഞ്ചുവണ്ണത്തിനും മണിഗ്രാമത്തിനും ഈ ഭാഗം മൂലം കിട്ടുന്നും ഉണ്ടു്. അതിനു് പ്രതിഫലമായി രാജാവിനു് ചെല്ലാനുള്ള ദശാംശ ചുങ്കത്തിന്റെ പത്തിലൊന്നു് വീതം കൂടി പിരിക്കാൻ ഈ രണ്ടു് കൂട്ടരെയും അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ രാജകീയ ചുങ്കം പിരിച്ചു് സൂക്ഷിക്കുവാനുള്ള അവകാശവും ഇവർക്കു് കൊടുക്കുന്നുണ്ടു്. ഈ രണ്ടാം ഭാഗം ചേരനാടുവാഴിയുടെ പ്രതിനിധിയായ വിജയരാഘവദേവരും അയ്യനടികൾ തിരുവടിയും, ഇളമുറ തിരുവടിയും കൂടെ ഇരുന്നരുളി കൊടുത്തതാണു്.

എന്നാൽ മൂന്നാം ഭാഗം മേൽപറഞ്ഞ മൂന്നു് അധികാരികളും, അറുനൂററവരും, പുന്നത്തലപ്പതിയും, പൂളക്കുടിപ്പതിയും കൂടിയിരുന്നു് കൊടുക്കുന്ന പട്ടയം ആണു്. ഈ മൂന്നാം ഭാഗം തരിസ്സാപ്പള്ളിക്കാരെ ബാധിക്കുന്നതല്ല. അങ്ങനെ ബാധിക്കുന്നതായിരുന്നെങ്കിൽ, ഇവരുടെ കാരാണ്മക്കാരായി നിയമിക്കപ്പെട്ട അഞ്ചുവണ്ണവും, മണിഗ്രാമവും കൂടിയിരുന്നു് കൊടുക്കുന്ന പട്ടയം എന്നു് അതിൽ ചേർക്കേണ്ടതാണു്. അങ്ങനെ ഇല്ലാത്തതിനാൽ, ഈ മൂന്നാം ഭാഗം അഞ്ചുവണ്ണം മണിഗ്രാമം എന്നീ സംഘങ്ങളെ മാത്രം ബാധിക്കുന്ന ഒരു രേഖയാണു്.

ക്നാനായക്കാർക്കും, മണിഗ്രാമക്കാർക്കും 72 വീടുപേറു് കിട്ടുന്നതു് തരിസ്സാപ്പള്ളി രണ്ടാം ചെപ്പേടു് മൂലമാണു്. ക്നായി തൊമ്മൻ ചെപ്പേടുമൂലമോ, വീരരാഘവ പട്ടയം മൂലമോ അല്ല അവർക്കു് ഈ പദവികൾ കിട്ടുന്നതു് എന്നു് എടുത്തു് പറയേണ്ടിയിരിക്കുന്നു. കൂടാതെ ഈ രണ്ടു് കൂട്ടരെയും തരിസ്സാപ്പള്ളി നഗരത്തിനു് കാരാണ്മക്കാരായി നിയമിക്കപ്പെട്ടതിന്റെ ചാർത്തും കൊടുത്തിട്ടുണ്ടു് കാരാണ്മക്കാ

www.malankaralibrary.com

രാജ ഇവക്ക് അന്യായം നേരിട്ടാൽ രാജാവിനു് കൊടുക്കേണ്ടിയ കുറ്റക്കൂലി തടുത്തു് വെയ്ക്കാനും, അന്യായങ്ങൾ അവർ തന്നെ വിചാരിച്ചു ചെയ്യുവാനുമുള്ള അധികാരവും, ഭൂമിയും ചന്ദ്രാദിത്യന്മാരുമുള്ള കാലത്തോളം അട്ടിപ്പേറായി അഞ്ചുവണ്ണവും മണിഗ്രാമവും അനുഭവിപ്പാൻ എഴുതി കൊടുത്ത പട്ടയ ഭാഗം കൂടിയാണു് ഇതു്.

രണ്ടാം ചെപ്പേടിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ തരിസ്സാപ്പള്ളിക്കാരെയും, മൂന്നാം ഭാഗം അഞ്ചുവണ്ണം മണിഗ്രാമ സംഘങ്ങളെയും ബാധിക്കുന്നതിനാലാണു് ഈ ചെപ്പേട് ഒരു സമൂഹ ചെപ്പേടാണെന്നു് നേരത്തെ സൂചിപ്പിച്ചിരുന്നതു്. മൂന്നാം ഭാഗത്തിന്റെ അവസാനം തരിസ്സാപ്പള്ളിക്കാർ ഒന്നാം ചെപ്പേടിൽ പറയുന്ന കുറ്റക്കൂലിക്കു് മാത്രം അവകാശപ്പെട്ടവർ എന്നു് ഉറപ്പിച്ചു് എഴുതുകയും ചെയ്യുന്നുണ്ടു്. ചുരുക്കത്തിൽ, നസ്രാണികളായ തൊവലക്കരെ വൈദ്യന്മാരുടെ നാഗരമായിരുന്ന തരിസ്സാപ്പള്ളിയിൽ നിന്നും രാജാവിനുവേണ്ടി ചുങ്കം പിരിക്കുവാനുള്ള അവകാശം മണിക്കയമത സംഘങ്ങളായ അഞ്ചുവണ്ണവും മണിഗ്രാമവും കൈവശമാക്കി എടുത്തു എന്നു് പറയുന്നതാണു് ശരി. അങ്ങനെ തരിസ്സാപ്പള്ളി സംഘം വെറും കുറ്റക്കൂലിക്കു് മാത്രം അവകാശപ്പെട്ടവർ ആയിതീന്നു.

മണിക്കയ മതക്കാരായ അഞ്ചുവണ്ണക്കാർക്കും (തരിയാസ്സൾ) മണിഗ്രാമക്കാർക്കും 72 എന്ന സംഖ്യ വളരെ പ്രാധാന്യമുള്ളവയാണു്. ഈ സംഖ്യയാണു് പദവികളുടെ എണ്ണമായി ചെപ്പേടിലും എഴുതി ചേർത്തിട്ടുള്ളതു്. പക്ഷെ ചെപ്പേടുകൾ എല്ലാം പരിശോധിച്ചാലും ഈ 72 പദവികൾ എന്തെല്ലാമെന്നു് കണ്ടുപിടിക്കാൻ പ്രയാസമാണു്.

ഈ രണ്ടാം ചെപ്പേടിൽ അതിന്റെ ദാതാവു് അയ്യനടികൾ തിരുവടികളുടെ കൈയ്യൊപ്പു് ഇല്ല എന്നാൽ ഒന്നാം ചെപ്പേടിൽ ഉണ്ടു്. ചരിത്ര പണ്ഡിതനായ ഇളംകുളം കുഞ്ഞൻപിള്ള പറയുന്നതു് രണ്ടാം ചെപ്പേടിന്റെ ഭാഷയും അക്ഷരങ്ങളും ഒന്നാം ചെപ്പേടുമായി വളരെ വ്യത്യാസങ്ങൾ ഉണ്ടെന്നാണു്. ഏതു് കാലത്തു് കൊടുത്തു എന്നും അതിൽ പറയുന്നില്ല ഇതെല്ലാം തെളിയിക്കുന്നതു് ഏതോ പന്തികേടു് ഇതിൽ ഉണ്ടെന്നാണു് ഈ രണ്ടാം ചെപ്പേടു് മണിക്കയ മതക്കാരായ അഞ്ചുവണ്ണക്കാരും മണിഗ്രാമക്കാരും വിദേശ നസ്രാണി

www.malankaralibrary.com

കളായിരുന്ന തരീസ്സാപ്പള്ളിക്കാരെ താഴ്ത്തി കെട്ടുവാൻ വേണ്ടി കൃത്രിമമായി ചമച്ചതായിരിക്കും എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

## തരീസ്സാപ്പള്ളി ഒന്നാം ചെപ്പേട് തർജ്ജിമ.

(കാലം ഏറെക്കുറെ 820)

സ്വസ്തി, രാജാവായ സ്ഥാണുരവി ഭരിച്ചു വരുന്ന ആണ്ടുകളിൽ നടക്കുന്ന ആണ്ട് അഞ്ച്. വേണാടുവാഴുന്ന അയ്യനടികൾ തിരുവടിയും, അധികാരരും പ്രകൃതിയും, അഞ്ചുവണ്ണവും പുന്നത്തലപ്പതിയും കൂടിയിരിക്കെ, കുരക്കേണിക്കൊല്ലത്ത് സബരിശോ പണിയിച്ച തരിസ്സാപ്പള്ളിക്ക് അയ്യനടികൾ തിരുവടി കൊടുത്ത വിടുപേറാവിത്.

നാലുകുടി ഈഴവരും അക്കുടിയിൽ കേറും ഈഴക്കൈയർ (ചാന്നാന്മാർ) എട്ടുപേരും ഒരുവണ്ണാക്കുടിയും (അലക്കുകാരൻ) ഇവരിൽ നിന്നും തലക്കാണവും, ഏണിക്കാണവും വീടു മേയാൻ വാങ്ങിക്കുന്ന ഇറയും (കരം) ചന്നാദോട് മേനിപ്പൊന്നും, പൊലിപ്പൊന്നും, ഇരവു ചോറും, കുടനാഴിയും വാങ്ങിക്കൂടാ, ഭാ (പാ)രക്കോലും കപ്പാനും പഞ്ചകണ്ടിയും മററ് ലഭിച്ചിരുന്നവ വിടുപേറായി ഞാനും നീർ വീഴ്ത്തിക്കൊടുത്തിരിക്കുന്നു. ഈ നാലുകുടി ഈഴവരേയും ഒരു കുടിവണ്ണാനേയും എല്ലാവക ഇറയും തരിസാപ്പള്ളിക്കാർക്ക് വിടുപേറായി ചെമ്പുപത്രം എഴുതി നീർവീഴ്ത്തിക്കൊടുത്തിരിക്കുന്നു. ഈ ഈഴവൻ തങ്ങളുടെ വണ്ടികൊണ്ടുവന്ന് അങ്ങാടിയിലും കോട്ടയ്ക്കകത്തും ജോലി ചെയ്തു കൊള്ളാം വണ്ണാനും വന്ന് അങ്ങാടിയിലും കോട്ടയ്ക്കകത്തും തന്റെ ജോലിചെയ്തുകൊള്ളാം. ഈഴവരുടെ പ്രമാണിയും കോട്ടയുടെ നായകനും മററ് യാതൊരുത്തരും യാതൊരു കുററത്തിൻ പേരിലും ഇവരെ ഉപദ്രവിച്ചുകൂടാ. കുററം ചെയ്താലും ഇവരെ പള്ളിക്കാര തന്നെ വിചാരണ ചെയ്തുകൊള്ളട്ടെ.

ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള എല്ലാ നാളത്തേക്കും ചെമ്പുപത്രത്തിൽ ഉള്ളപ്രകാരം, വിടുപേറ്, അട്ടിപ്പേറായി അയ്യനടികൾ തിരുവടിയെക്കൊണ്ട് മരുവാൻ സബരീശോ തരിസാപ്പള്ളിക്ക് നീർവീഴ്ത്തിക്കൊടുപ്പിച്ചു.

ഇതു് കാത്തുരക്ഷിക്കുന്നവർക്ക് ദൈവം അനുഗ്രഹം ചെയ്യട്ടെ

www.malankaralibrary.com

www.knanayology.org

അയ്യന്റെ ഒപ്പ്. വേൾകുല സുന്ദരനും സമ്മതം വിജയ............
......(ബാക്കി നഷ്ടപ്പെട്ടു)

## രണ്ടാം ചേപ്പേട്

## [കാലം എ. ഡി. 820 നു ശേഷം]

ഒന്നാം ഭാഗം

രണ്ടു കുടി (വാണി) യരും ഒരു കുടി ആശാരിയും, പള്ളി ഭൂമിയുടെ കാരാണ്മക്കാരായി നാലുകുടി വെള്ളാളരും ഇവരെല്ലാം ദൈവത്തിനു (പള്ളിക്കു) നടണ്ടവാട്ട് ഇടടണവ ഇട്ട്, എണ്ണയും പള്ളിക്കുവേണ്ട മററാവശ്യങ്ങൾക്കും കുറവു വരുത്താതെ ഇരിക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്ത്, ഈ നഗരം നിർമ്മിച്ച നീർ വാങ്ങിയ മരുവാൻ സപീരീശോ പണിയിച്ച തരിസാ പള്ളിക്ക് കോയിലധികാരിയായ വിജയ രാഘവ ദേവൻകൂടെ ഇരുന്നരുളി പിടിനടത്തി നീറ്റുള്ളിയോട്ടു കൂടെ അയ്യനടികൾ തിരുവടിയും ഇളമുറവാഴുന്ന രാമതിരുവടിയും അധികാരരും പ്രകൃതിയും അറുനൂററവരും പുന്നത്തലപ്പതിയും പൂളക്കുടിപ്പതിയും കൂടിയിരിക്ക കൊടുത്ത ഭൂമിയാവിതു്.

ഈ ഭൂമിക്കതിരു്: കിഴക്ക്, വയല്ക്കാട് അതിരായു ; കായലും ഉൾപ്പെടെ തെക്കുകിഴക്ക് ചെറുവാതിൽക്കൽ അതിരായും; പടിഞ്ഞാറ് കടൽ അതിരായും: വടക്ക് തോരണത്തോട്ടം അതിരായും; വടക്കുകിഴക്ക് പുന്നത്തല അണ്ടിലൻതോട്ടം അതിരായും ഈ നാലതിരിലും ഉൾപ്പെട്ട ഭൂമി പടി നടത്തി ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള എല്ലാ നാളത്തേക്കും അയ്യടികൾ തിരുവടിയേയും രാമതിരുവടിയേയും കോയിലധികാരിയേയും യോഗമായി വെച്ചരുളി, ചെമ്പുപത്രമെഴുതി ഞാൻ കൊടുത്തിരിക്കുന്നു.

ഈ ഭൂമിയിലെ കുടിയാന്മാർ എന്തുകുററം ചെയ്താലും പള്ളിക്കാർതന്നെ ഈ കുററംതീർത്ത് തലവിലയും മുലവിലയും പള്ളിക്കാർതന്നെ പററിക്കൊള്ളട്ടെ. നമ്മുടെ ആളുകൾ ആരും ഒരു കുററത്തിനും ഈ ഭൂമിയിലെ കുടിയാന്മാരോട് ചോദ്യം ചെയ്തുകൂടാ.

അറുനൂററവരും അഞ്ചുവർണ്ണവും മണിഗ്രാമവും പള്ളിയേയും ഭൂമിയേയും രക്ഷിച്ചുകൊള്ളണം ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള

www.malankaralibrary.com

നാളെല്ലാം ചെമ്പുപത്രത്തിൽ ഉള്ളവണ്ണം അഞ്ചുവണ്ണവും മണിഗ്രാമവും ചെയ്തുകൊള്ളണം.

രണ്ടാം ഭാഗം

കോയലധികാരിയായ വിജയരാഘവദേവർ ഇരുന്നരുളി അയ്യനടികൾ തിരുവടിയും രാമതിരുവടിയുംകൂടെ ഇരുന്നരുളി ഇവർക്ക് കൊടുത്ത വിട്ടുപേറാവിതു്:-

കരവഴി വരുന്ന ചരക്കിന്ന് അറുപതിൽ ഒന്നു് ചുങ്കം ഉള്ളതു് ഇവർ കൊടുക്കേണ്ടാ അഴിച്ചുങ്കവും വേണ്ട. ഇവർ വിലയ്ക്കു് കൊള്ളുന്ന അടിയാർക്ക് ആൾക്കാശു നാം വാങ്ങിക്കൂടാ. വരുന്ന വാഹനത്തിന്ന് (വണ്ടിക്കു്) വരവിലും പോക്കിലും എട്ടുകാശു് ഇവർ വാങ്ങിക്കൊള്ളാം വള്ളത്തിനും പടകിനും പോക്കിലും വരത്തിലും നാലുകാശു് വാങ്ങിച്ചുകൊള്ളാം. ചുങ്കം തീരേണ്ട ചരക്കിന്ന് ഇവരെ കൂടെവച്ചു് ചുങ്കം തീർത്തുകൊള്ളണം. ചരക്കിനു് വിലയിടുന്നതും മറെറല്ലാരാജ്യകാര്യവും ഇവരെ കൂടെവെച്ചേ ചെയ്യാവൂ. അന്നന്നു്പിരിയുന്ന ചുങ്കം അഞ്ചുവണ്ണവും മണിഗ്രാമവും സൂക്ഷിച്ചുവെച്ചുകൊള്ളണം. നാലുവാതിലിനകത്തും ഭൂമി തീറെഴുതി കാരാണ്മയായികൊടുക്കുമ്പോൾ രാജാവിനുള്ള പതവാരം (ദശാംശം) രാജാവു് പറവം. എന്നാൽ പതിപ്പതവാരം അഞ്ചുവർണ്ണവും മണിഗ്രാമവും വാങ്ങിക്കൊള്ളട്ടെ.

മൂന്നാം ഭാഗം

കോയിലധികാരിയായ വിജയരാഘവദേവരിരുന്നരുളി അയ്യനടികൾ തിരുവടിയും, രാമതിരുവടിയും പ്രകൃതിയും അധികാരിയും അറുനൂററവരും പുന്നത്തലപ്പതിയും കൂടിയിരുന്നു ഇവർക്കു് കല്യാണത്തിനു് ആനമേൽ മണ്ണീർ മുതലായ എഴുപത്തി രണ്ടു് വിട്ടുംപേറും കല്പിച്ചുകൊടുത്തിരിക്കുന്നു. അഞ്ചുവണ്ണവും മണിഗ്രാമവും ചെമ്പുപാത്രത്തിൽ ഉള്ളവണ്ണം ചെയ്തു് ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള നാളെല്ലാം ഈ അട്ടിപ്പേറു മുഴുവനും അനുഭവിച്ചുകൊള്ളട്ടെ.

ഇവർക്കു് അന്യായം നേരിട്ടാൽ ചുങ്കവും പള്ളിക്കു് ചെല്ലേണ്ട തുലാക്കൂലിയും തടുത്തുവച്ചു് പിണഞ്ഞ അന്യായം ഇവർ തീർത്തുകൊ

www.malankaralibrary.com

www.knanayology.org

ഉള്ളതെ. തങ്ങൾ കുററം ചെയ്താൽ തങ്ങളെക്കൊണ്ടുതന്നെ വിചാരണ ചെയ്തു കൊള്ളത്തക്കവണ്ണം ഈ നഗരത്തിനു കാരണക്കാരായി അഞ്ചുവർണ്ണവും മണിഗ്രാമവും നിർവാങ്ങിച്ചിരിക്കുന്നു. ഇവരിൽത്തന്നെയും ഇരുപക്ഷക്കാരും യോജിച്ചു ചെയ്യുന്നതേ സാധുവായ കർമ്മമാവൂ.

ഈ നഗരം നിർമ്മിച്ചു നീർകൊണ്ട മരുവാൻ സപീർ ഈശോ, മുൻപ് പള്ളിക്കാർക്ക് ലഭിച്ച പാരമ്പര്യങ്ങളും പഞ്ചകണ്ടിയും കൊണ്ട് ഇക്കി ഇക്കൈലി പള്ളിക്കു കൊടുത്തുകൊള്ളണം. ഈ ഭൂലോകവും ചന്ദ്രനും ആദിത്യനും ഉള്ള കാലത്തോളം കൊടുത്തിരിക്കുന്നു.

4) <u>ജൂതപട്ടയം</u>

എ. ഡി. 349-ലെ ക്നായി തൊമ്മൻ ചെപ്പേട് പ്രകാരം ഇപ്പോൾ ക്നാനായക്കാരെന്ന് അറിയപ്പെടുന്ന കൂട്ടർക്ക് ആണ് രാജകീയമായ പദവികളും അഞ്ചുവർണ്ണസ്ഥാനവും ആദ്യമായി കിട്ടിയതെന്ന് നേരത്തെ വ്യക്തമായിരുന്നല്ലോ. ഈ അഞ്ചുവർണ്ണ സംഘത്തെപ്പററി എ. ഡി. 849 -ലെ തരിസ്സാപ്പള്ളി ചെപ്പേടിൽ പറയുന്നതുകൊണ്ട് ഈ സംഘം നേരത്തെ നിലവിലുണ്ടായിരുന്നു എന്നും വ്യക്തമാണ്. എന്നാൽ എ. ഡി. 230 ലെ വീരരാഘവ പട്ടയ പ്രകാരം സ്ഥാപിച്ച 'മണി ഗ്രാമ' സംഘം, നാട്ടുകാരായ മണിക്കര മതക്കാരുടെ ആയിരുന്നു. ഇവർ രണ്ടായി പിരിഞ്ഞപ്പോൾ നാട്ടുകാരായ തരിയാസ്സുകളുടെ അറുനൂററവസംഘം നിലവിൽവന്നു. ഇവരാണ് പെരുമാക്കന്മാരെ തെരഞ്ഞെടുത്ത് വാഴിച്ചിരുന്നത്. വീരരാഘവ പട്ടയത്തിന് അവകാശിയായിരുന്ന ഇരവികോർത്തൻ പട്ടത്തുയർത്തിയതും അദ്ദേഹം (മണി) തിരികെ പേർഷ്യയിലേക്ക് പോയപ്പോൾ അന്യം നിന്നുപോയതുമായ മകോതൈയാർ പട്ടണമാണ് ക്നായി തൊമ്മനും കൂട്ടർക്കും നീർ മുതലായി കിട്ടിയത്. ഈ പട്ടണം ആണ് പെരുമാക്കന്മാരുടെയും, വർമ്മൻമാരുടെയും കാലത്ത് ചേരനാടിന്റെ തലസ്ഥാനമായി പരിലസിച്ചത്.

പക്ഷെ തരിസ്സാപ്പള്ളി ചെപ്പേടിൽ പറയുന്ന അഞ്ചുവർണ്ണം യഹൂദന്മാരുടെ സംഘമാണ് അതുകൊണ്ട് ജൂതന്മാർ വളരെ കാലം മുൻപു തന്നെ കൊല്ലത്തും മററും വാണിജ്യപരമായി കുടിയേറിയിരുന്നു എന്ന് ഒരു സങ്കല്പം ഉണ്ട്, എന്നാൽ പകൽ, വിളക്കും കുടയും പിടിക്കു

www.malankaralibrary.com

ന്നതിന് പോലും ചെമ്പ് പട്ടയവും, ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള സാധനങ്ങൾക്ക് ചുങ്കവും പിരിക്കുന്ന നാട്ടിൽ ജൂതന്മാരായ വിദേശികൾ കൊല്ലത്ത് 9-ാം നൂററാണ്ടിന് മുൻപു കുടിയേറിയിരുന്നെങ്കിൽ അത് നാടുവാഴികൾ അറിഞ്ഞിരിക്കുകയില്ലേ? സമ്പത്തുകൊണ്ട് മികച്ച് നിന്നിരുന്ന ഇവർ ഇതിനകം പട്ടയം സമ്പാദിച്ചിരിക്കുകയില്ലേ? അങ്ങനെയൊരു മുൻരേഖ ഉള്ളതായി ഒരു ചരിത്രത്തിലും കാണുന്നില്ല.

ഭാസ്കര രവിവർമ്മ കൊടുത്ത ജൂതപട്ടയം പത്താം നൂററാണ്ടിൽ യമനിൽ നിന്നും മുസ്സിരികോട്ട് (കൊടുങ്ങല്ലൂർ) കുടിയേറിയ ജൂതന്മാർക്ക് അവകാശപ്പെട്ടതാണ്: ഈ പട്ടയപ്രകാരം അഞ്ചുവണ്ണസ്ഥാനവും 72 പദവികളും ജൂതന്മാർക്ക് കിട്ടുകയും, മററ് ചെപ്പേടുകളിൽ എഴുതപ്പെടാത്തതിൽ കൂടുതൽ പദവികൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ പ്രധാനമായത്.

> "നഗരത്തിലുള്ള മററ കുടികൾ രാജഭോഗമായി നൽകുന്നത് നൽകാതെ തന്നെ അവർക്കുള്ള ആനുകൂല്യങ്ങൾ ജൂതന്മാർക്ക് സ്വീകരിക്കാവുന്നതാണ്'' എന്നുള്ളതാണ്.

ജൂതന്മാർക്ക് കൊടുത്ത അഞ്ചുവണ്ണസ്ഥാനം ക്നായി തോമായ്ക്കും കൂട്ടർക്കും നേരത്തെ കൊടുത്തിരുന്നതാണെന്നുള്ള പ്പുന്റെ നിഗമനം ഒരു നൂതനാശയമായി ചരിത്രകാരന്മാർക്ക് തോന്നിയേക്കാം ചിലപ്പതികാരം എഴുതുന്ന കാലത്ത് (മൂന്നാം നൂററാണ്ട്) ചേരസാമ്രാജ്യത്ത് നാല് ജാതികളോ, വർണ്ണങ്ങളോ നിലവിൽ ഉണ്ടായിരുന്നുള്ളു. ഈ നാല് വർണ്ണങ്ങളിൽപ്പെടാത്ത, കൈതൊഴിൽക്കാരെ കമ്മാളന്മാർ എന്നാണ് പൊതുവായി പറഞ്ഞിരിക്കുന്നത്. സംഘകാലത്ത് കുടിയേറിയ ക്നായക്കാർക്ക് അഞ്ചുവണ്ണസ്ഥാനം കിട്ടിയിരിക്കുമെന്നുള്ളതിന് സംശയിക്കേണ്ടിയ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല. ചെപ്പേടിലെ രാജകീയമായ അവകാശങ്ങൾ അതാണ് തെളിയിക്കുന്നത്.

ചോളരാജാവായ രാജ രാജചോള (എ. ഡി. 999-1000 ാം മാണ്ട്) ചേരനാടിന്റെ പ്രധാന നഗരങ്ങളായിരുന്ന മകോതൈയപുരവും കൊല്ലവും ആക്രമിക്കാൻ ഒരുമ്പെട്ട ഈ യുദ്ധകാലത്ത് ചേര

www.malankaralibrary.com

നാട്ടുവാഴിയായിരുന്ന ഭാസ്കര രവിവർമ്മ ഒന്നാമൻ (എ. ഡി 926—1019) പ്രതീക്ഷിച്ചിരുന്ന ധനസഹായവും ആൾബലവും ക്നാനായക്കാരിൽ നിന്നും കിട്ടിയിരുന്നില്ല എന്നുള്ളത് വ്യക്തമാണ്. ഈ കാലഘട്ടത്തിൽ ക്നായി തോമായുടെ കൂട്ടരെ നസ്രാണികളായി കുട്ടനാട്ടിലാണെ് കാണുന്നത്. ചേര നാട്ടുവാഴിക്ക് സമയത്തിനു ഒത്തുള്ള പിൻതുണ അവരിൽ നിന്നും കിട്ടായ്കയാൽ, അവർക്ക് ക്നായി തൊമ്മൻ ചെപ്പേട്ട് പ്രകാരം സിദ്ധിച്ച അഞ്ചുവണ്ണ സ്ഥാനം, നാടുവാഴി അവരിൽ നിന്നും എടുത്തുകളയുകയോ, അല്ലെങ്കിൽ, ഇവർ നസ്രാണികൾ ആയതോടുകൂടി ആ സ്ഥാനം സ്വയം നഷ്ടപ്പെടുകയോ ചെയ്തിരിക്കാം.

പക്ഷെ ചേര, ചോളയുദ്ധത്തിൽ വളരെ അധികം ധനവും ആൾസഹായവും നൽകി ചേരനാട്ടുവാഴിയെ സഹായിച്ച ജൂതന്മാർക്ക്, ക്നാനായക്കാരിൽ നിന്നും വിടുർത്തിയ അഞ്ചുവണ്ണസ്ഥാനവും 72 പദവികളും ആണ് സ്ഥാണു രവിവർമ്മ മറെറാരു ചെമ്പു പട്ടയം മൂലം നൽകുന്നത്.

ജൂതപട്ടയം പൂർണ്ണ രേഖ

"സ്വസ്തി ശ്രീ. കോകേന്മെ കൊണ്ടാൻ കോശ്രീ പാർക്കൻ ഇരവി മന്വർ തിരുവടി പല നൂറായിരത്താണ്ടും ചെങ്കോൽ നടത്തിയ നാളാ നിൻറയാണ്ട് ഇരണ്ടാമാണ്ടെക്കെതിർ മുപ്പത്താറാമാണ്ട് മുയിരിക്കോട് ഇരുന്നരുളിയ നാറ് പിരസാതിച്ചരുളിയ പിരസാതമാവതും. ഈസ്സുപ്പ ഇറപ്പാനുക്ക അഞ്ചുവണ്ണവും, വെയാലും വഴയാത്താലും പാകടമും അഞ്ചുവണ്ണപ്പേറും പകൽ വിളക്കും പാവാടയും അന്തോളകയും, കടൈയും, വടുകപ്പറൈയും, കാകളവും, ഇട്ടുപിടിയും, തോരണവും, തോരണവിതാനവും പരവും മിക്കും എഴുപത്തിരണ്ട് വിട്ടുപേറും കുടക്കൊടുത്തോം. ഉലക്കുന്നു ലഃ കൂലിയും, വിട്ടോം. മററും നകരത്തിൽ കുടികൾ കോയിൽക്ക ഇറക്കുമതു ഇവൽ ഇറായ്മെയും പെറുപതുവെറവും ആകച്ചെയ്തപ്പാട്ടാട്ടും ചെയ്തു കൊടുത്തോം. അഞ്ചുവണ്ണ ഉടൈയ ഈസ്സുപ്പ് ഇറപ്പാനുക്കും, ഇവൻ സന്തതി ആൺമക്കൾക്കും, പെൺമക്കൾക്കും ഇവൻ മരുമക്കൾക്കും പെൺമക്കളെ കൊണ്ട് മരുമക്കൾക്കും സന്തതിപ്പിറകരാതി ഉലകും ചന്തിരനും ഉള്ളവും അഞ്ചുവണ്ണ അടിക്കടുത്തേൻ. ശ്രീ ഇപ്പരി അറി

www.malankaralibrary.com

റിവാൻ വേണാട്ടുടെയ കോവൻതന മാർത്താണ്ഡൻ. ഇപ്പരി അറിവോൻ വെണ്ണപലിനാട്ടുടെയ കോതൈ ചിരികണ്ടൻ. ഇപ്പരി അറിവോൻ ഏറാൾ നാട്ടുടെയ മാനവേപല മാനവിയൻ. ഇപ്പരി അറിവോൻ വള്ളുവനാട്ടുടെയ ഇരായരഞ്ചാത്തൻ. ഇപ്പരി അറിവോൻ നെടുംപുറൈയൂർ നാട്ടുടയ കോതൈ രവി. ഇപ്പരി അറിവോൻ കീഴ്പടൈ നായകം ചെയ്യിൻറ മൂർക്കഞ്ചാത്തൻ. വന്റലൈ ചേരി കണ്ടൻ കുൻറപ്പോഴനായ കീഴ്വായ്ക്കേൾപ്പാറെഴുത്ത്."

ഈ പട്ടയത്തിൽ 'നിൻറയാണ്ട്' ഇരണ്ടാമാണ്ടെക്ക് എതിർമുപ്പത്തിയാറാമാണ്ട്' എന്ന് കൊടുത്തിരിക്കുന്നതിന് പല വ്യാഖ്യാനങ്ങളും ചരിത്രകാരന്മാർ പറയുന്നുണ്ട്. പക്ഷെ ഏതു് കാലത്ത് എന്ന് വ്യക്തമായി എഴുതാത്ത ഈ പട്ടയം' ഇതർ കടിയേറിയ രണ്ടാമാണ്ടിന്, ഭാസ്ക്കര രവിവർമ്മ രാജ്യഭാരം ഏററകാലം 36-ാം മാണ്ട് കൊടുത്ത പട്ടയം' എന്ന് വ്യാഖ്യാനിക്കുന്നതിൽ എന്തെങ്കിലും അപാകതയുണ്ടെന്ന് തോന്നുന്നില്ല.

ഈ ചെമ്പ് പട്ടയത്തിൻെറ സാക്ഷികളായി പല നാടുവാഴികളും പ്രത്യക്ഷപ്പെടുന്നുണ്ട്. ഇത്രയും നാടുവാഴികൾ മുസ്സിരികോട്ട് കൂടുവാനുള്ള പ്രധാന കാരണം ചോളരുമായിട്ടുള്ള യുദ്ധത്തിൻെറ തയാറെടുപ്പും കൂടെയായിരിക്കാം. ഈ പട്ടയത്തിൽ പറയുന്ന നാടുവാഴികളിൽ ഭൂരിപക്ഷവും ഭാസ്ക്കര രവിവർമ്മയോടുകൂടി മകോതൈയപുരം പട്ടണം സംരക്ഷിക്കുവാൻ ജീവൻ ബലി അർപ്പിക്കുകയുണ്ടായി. പക്ഷെ ചോളർ വിജയിക്കുകയാണ് ഉണ്ടായത്.

Note

1. Ref: മണിമേഖലാ, 25-ാം ഗാഥ 181-183 വരികൾ

2) കേരളചരിത്രം, വാല്യം 1, പേജ് 57

3) പെരിയാർ തീരത്തുള്ള വഞ്ചിയും, പൊരുനൈ നദീ തീരത്തുള്ള കരുവൂർ വഞ്ചിയും, മാന്തൈയും, തൊണ്ടിയും, പൽയാനൈ തുടെ കാലം മുതൽ ചേരൻമാരുടെ തലസ്ഥാനങ്ങളായി വർത്തിച്ചിരുന്നു.

www.malankaralibrary.com

Ref: Ibid 116

4) "വടക്കും, തെക്കുമുള്ള കണ്ണാടക രാജ്യങ്ങൾ മലബാർ, കൊച്ചി തിരുവിതാംകൂർ, സേലം, കോയമ്പത്തൂർ മൈസൂറിന്റെ കുറെ ഭാഗങ്ങൾ ഇവയെല്ലാം കൂടിചേർന്നതായിരുന്നു അന്നത്തെ ചേരനാട്'

Ref: ചിലപ്പതികാരം, മലയാള വ്യാഖ്യാനം അവതാരിക, പേജ് xvii

5) Ref: ചിലപ്പതികാരം, പതികം, 12-22 വരികൾ

6) Ibid 29-ാംഗാഥ, ഉരൈപ്പാട്ട്മടൈ.

7) മണിമേഖല, 29-ാംഗാഥ, 9-16 വരികൾ

8) കേരളചരിത്രം, വാല്യം-1 പേജ് 122

9) Ref: Paradise for Tourist by Gopali & Co., page 215

10) Ibid 226

11) Legends of our Lady Mary, by E. A. W. Budge, page 53

12) Ref: കേരളചരിത്രം, വാല്യം 1, പേജ് 57

13) Ref: MANI by Ort page 258.

14) 'This temple is a centre of great antiquity and hoary traditions and the Sanctum and it; surrounding shrines are said to have been hollowed out of the red sandy rocks by the Celetstial Architect 'Maya'. It can still be seen that the main temple lies below the ground level likel an underground chamber with a portion of wall set up in natural sandy rock.'

Ref: Paradise for tourist, by Gopali & Co., page 226.

15) Ref; ചിലപ്പതികാരം, വ്യാഖ്യാനം, അവതാരിക, പേജ് xviii

www.malankaralibrary.com

16) 'Trichendur prounounced Jayanthipuram in Sanskrit because it is held that it is at this place that the demon race was over thrown and Indra was re-installed on his throne.'

Ref: Paradise for tourists, by Gopali and Co.page 226

17) കേരളചരിത്രം വാല്യം 1, പേജ് 904

18) Ref: Bardaissan of Edessa, pages 194 and 201

19) Ibid 225

20) 'Kotta Pillairs, constitute a distinct sect and can marry only among their own people. The women never go out side the fort and no male of any other caste may enter. It is surprising that a society existing like this should have survived to the present day.'

Ref: Paradise 'for tourists, by Gopali & Co., pagc 229.

21) Ref: Indian Antiquity by K. N. Daniel as given in 'ജാത്യാചാരങ്ങളും പദവികളും by Z. M. Paret, page 104.

22) Ref: പദവിയും ജാത്യചാരങ്ങളും 'by Z. M. Paret page 103

23) കേരളചരിത്രം, വാല്യം 1, പേജ് 147

24) Marvels & Mysteries by Readers, Digest page 72

25) പദവിയും, ജാത്യാചാരങ്ങളും by Z. M. Paret, page 41

26) പദവിയും, ജാത്യാചാരങ്ങളും by Z. M. Paret, page 30

www.malankaralibrary.com

## Histroical Books

Early India & Pakistan, by Sir Mortimer Wheeler, Published by Thames And Hudson, London-1959

Studies in Kerala History, by Elamkulam Kunjan Pillai Published by the Author-1970.

The Pandyan Kingdom
The Sangam Age
by K. A Nilakanta Sastri, Published by Swathi Publications, Madras.

Silapadikarm, by M. Varadarajan, Published by Sahitya Akademi, Calcutta.

A Short History of the World by H. G. Wells
A History of India, Vol. I, by Romila Tapor
The Pelican History of Greece, by A. R. Burns
Pubished by Penguin Books.

Palestine, Mesoptomia AND The Jews, by Sir Andrew Wingate, Published by Pickering and Ingris. London.

Ancient History of Persia, by W. S. W. Vaux, Published by University College, London

Aristotle and the Arabs, by F. E. Peters, Published by New York University Press.

Eros Denied, by Wayland Young, Published by Transworld Publications, London.

Welcome to Bahrain, by Sir James H, D, Bel-grave, Published by the Augustan Press, London-1968.

www.malankaralibrary.com

Freedom at Midnight, by Larry Collins & Dominique Lapierre, Published by Vikas Publishing House, New Delhi.'

Dead Sea Scrolls, by J, M. Allegro. Published by Pelican Books-1961

History of Eastern Arabia, by Abu Hakima, Published by Kayats, Beirut.

Herodotus. Persian Wars, Translated by Rawlinson, Published by the Modern Library, New York.

Israel, Past, Present and Future, by Homer Duncan.

History of Islamic Origins of Western Education, by Mehdi Nakosteen, Published by Uuiversityiof Colarado.

'ദക്ഷിണേന്ത്യാ ചരിത്രം' by K. K. Pıllai, Published by Current Books, Trichur.

'കേരള ചരിത്രം' Vol. I, by Kerala History Association, Ernakulam.

'ചിലപ്പതികാരം', വ്യാഖ്യാനം, നൊന്മാറ പി വിശ്വനാഥൻ നായർ

'മണിമേഖല', വിവർത്തകൻ, വിദ്വാൻ പി. ജനാർദ്ദനൻ പിള്ള അവതാരകൻ, പി. ആർ. പരമേശ്വരൻ പിള്ള. കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

Religious Books.

Pahlavi Texts, Vols. V, XVII & XXIV, by E. W. West

Zend Avesta Vol. IV by James Darmesteter

Published by Motilal Banarsidas, Delhi

Zorastrian Studies,

Researches in Manichaeism

by A. V. W. Jackson Published by Ams Press, New York.

MANI, by L. J. R. Ort

The Acts of Thomas, by Dr. A. F. J. Klijn,

Published by E. J. Brill Leiden, Netherlands.

Acta Iranica, by Mary Boyce

The Gospel According to Thomas.


www.malankaralibrary.com

| | |
|---|---|
| Studies in Coptic Manichaean Psalm Book | by Trogny Save- Soderbegh, Published at Uppsala, Sweden |
| Nestroians And Their Muslim Neighbours, | by Dr, John Joseph, Published by Princeton University, New Jersey. |
| Bardiassan Of Edessa, | by H. J. W. Drijvers, Pulbihsed by Van Gorcoum and Co. Netherlands. |
| Legends Of Our Lady Mary, | by E. A. W. Budge, Published by Martin Hopkinson & Co., London. |
| The Orthodox Church Of India, | by David Daniel, New Delhi |
| The Apostle Thomas in India, | By J. N. Farquhar, Edited by Jacob Vellian. |
| A History of Christanity In India | by Dr. C. V. Cherian, Published by Kerala Historical Society. |
| Traditions of St, Thomas Christians, | by A. M. Mundadan, C. M, I, Kalamasserry. |
| Early Spread of Christianity In India | by Dr. A. Mingana (Old Seminary Library, Kottayam) |
| Nestoriyan Missionary | by Dr. John Stewart |
| The New English Bible, | Oxford University Press |
| The New Compact Bible, Dictionary, | by Aiton Bryant Published by the Billy Graham Evangelistic Association, U. S. A |
| Anthology of Islamic Literature, | by James Kritzeck, Pubished by Penguin Books. |
| The Glorious Koran, | English Translation by Marmaduke Pickthall, Published by George Allen & Unwin Ltd. London. |
| St. Augustine's Confession, | by R. S. Pine-Coffine, Published by Penguin Books. |
| A History of the Christian Church, | By W. P. Hares Published by C. L. S., Madras-3. |


www.malankaralibrary.com


| | |
|---|---|
| Sabarimala Satha, | by Rev. P. T. Thomas |
| മാർത്തോമ്മായുടെ കബറിടം | by A. M. Mundadan, C. M. I., Kalamasserry. |
| മലങ്കര നസ്രാണികൾ Vols I to V, ജാത്യാചാരങ്ങളും പദവികളും | by Z. M .Paret, Puthuppali, Kottayam. |

General Books and Publications.

| | |
|---|---|
| National Encyclopaedia, U S.A. | |
| Great World Atlas. | |
| The Last two Million years, Marvels & Mysteries of the World Around us, | Published by Reader's Digest. |
| Earth, Moon and the Planets, | by Fred L. Whipple, Published by Penguin Books. |
| The Islander, of April 1970, | Published by the Bahrain Petroleum Co. Ltd., Bahrain. |
| Article 'Where Did the Twelve Apostles go' | by Plain Truth, Ambassador College. St. Albans, U. K. |
| The Ports of Kerala, | by K. L. Bernard, as Published in the Hindu, dated 28th Nov. 1972. |
| Article 'Nambudir's by Kattumadom Naryanan, | as Published in the Illustrated Weekly of India. dated Mar. 5, 1972. |
| Artice 'Iranian Zoroastrians' by Jal C. Engineer, | as Pubished in the Illustrated Weekly of India, dated Mar. 19, 1972. |
| 'പുരാതനമായ തേവലക്കര മാർത്ത മറിയം പള്ളി' | as Published in the Malayala Manorama Weekly, Aug. 5, 1972. |
| Malankara Sabha Special, | Published on the occasion of the 19th death centenary of St. Thomas. |

DR JACOB KOLLAPARAMBIL EDUCATIONAL TRUST
JET LIBRARY & ARCHIVES
KADUTHURUTHY

www.malankaralibrary.com



ഇരവികോർത്തൻ താമ്രപത്രം

www.malankaralibrary.com